കാതോലിക്കേറ്റ്

രത്നദീപം

CATHOLICATE RATNADEEPAM

സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ
പുത്തൻകാവ്, ചെങ്ങന്നൂർ

"മാർത്തോമ്മായുടെ സിംഹാസനവും പത്രോസിന്റെ സിംഹാസനവും"

മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതിയൻ കാതോലിക്ക ബാവാ കത്തോലിക്ക സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയെ റോമിൽ സന്ദർശിച്ചപ്പോൾ. മാർപാപ്പ സ്നേഹോഷ്മളമായ സ്വീകരണമാണ് പരിശുദ്ധ കാതോലിക്ക ബാവായ്ക്ക് നൽകിയത്. 2013 സെപ്റ്റംബർ 5-ന് ഇരുവരും പരസ്പരം ദീർഘനേരം കൂടികാഴ്ച നടത്തി. പരിശുദ്ധ കാതോലിക്കാബാവ 6-ാം തീയതി രാവിലെ 5 മണിയ്ക്ക് കേരളത്തിലേക്ക് മടങ്ങുമെന്ന് കാര്യം മാർപാപ്പയെ ധരിപ്പിച്ചു. മാർപാപ്പ താമസിക്കുന്ന അരമനയുടെ താഴത്തെ നിലയിലാണ് പരിശുദ്ധ കാതോലിക്കാബാവായ്ക്ക് താമസസൗകര്യമൊരുക്കിയിരുന്നത്. എല്ലാ പ്രോട്ടോകോളും ലംഘിച്ച് 6-ാം തീയതി രാവിലെ മാർപാപ്പ പരിശുദ്ധ കാതോലിക്കാബാവാ താമസിക്കുന്ന മുറിയിൽ വന്ന് പരിശുദ്ധ കാതോലിക്കാബാവായെ യാത്രയയച്ചു.

ഭാരതത്തിലെ ക്രൈസ്തവ സഭാ മേലദ്ധ്യക്ഷന്മാരിൽ His Holiness എന്ന പദം ഉപയോഗിക്കുവാൻ അർഹതയുള്ള ഏക സഭാ അധിപനാണ് മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായ "കാതോലിക്ക ബാവാ"

മാർപാപ്പായുടെ ഓഫീസ് പ്രസിദ്ധീകരിച്ച പ്രോഗ്രാം കാർഡ്

കാതോലിക്കേറ്റ് ശതാബ്ദി വൈദികസംഗമം പുത്തൻകാവ്-2012

വീണ്ടും പുത്തൻകാവിൽ ഒരു ചരിത്ര സമ്മേളനം കാതോലിക്കേറ്റ് ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് 2012 ഡിസംബർ 4-ാം തീയതി പുത്തൻകാവിൽ നടന്ന വൈദിക സംഗമത്തിൽ പങ്കെടുത്തവർ പരിശുദ്ധ കാതോലിക്കാ ബാവായോടൊപ്പം

ചരിത്രപ്രസിദ്ധമായ പുത്തൻകാവ് (ചെങ്ങന്നൂർ)
സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ

കാതോലിക്കേറ്റ് രത്നദീപം

അഭിവന്ദ്യ ഗീവർഗീസ് മാർ പീലക്സിനോസ്
മെത്രാപ്പോലീത്താ (1897-1951)

"നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ;
അവരുടെ ജീവിതാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ"

– എബ്രായർ 13:7

സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ
പുത്തൻകാവ്, ചെങ്ങന്നൂർ



കാതോലിക്കേറ്റ് രത്നദീപം
CATHOLICATE RATNADEEPAM

Published By :
St.Mary's Orthodox Cathedral,
Puthencavu
Ph: 0479 2452831

Design :
Linas Graphix,
Chengannur
9249888990

Printed at:
S.T.Reddiar & Sons (EKM)
Ph: 0484 2360373

Copies : 3000

എഡിറ്റോറിയൽ ബോർഡ്

ഫാ.ബിജു റ്റി മാത്യു
ചീഫ് എഡിറ്റർ

ഫാ.രാജൻ വർഗീസ്
വികാരി/ചെയർമാൻ

ഫാ.ജാൾസൺ.പി.ജോർജ്ജ്
സഹവികാരി

സുനിൽ.പി.ഉമ്മൻ
ജനറൽ.കൺവീനർ

കോശി ജോർജ്ജ്
ട്രസ്റ്റി

വർഗീസ് തോമസ്
സെക്രട്ടറി

ഡോ.ജിബിജോർജ്ജ്

ആൻസിൽ ഏബ്രഹാം

സ്റ്റീഫൻ ഐപ്പ്

മാത്യൂസ് ഏബ്രഹാം

ജിബു ജോർജ്ജ്

ഞാൻ തന്നെ പുനരുദ്ധാനവും ജീവനുമാകുന്നു.
എന്നിൽ വിശ്വസിക്കുന്നവൻ
ഒരു നാളും മരിക്കയില്ല

വിശുദ്ധ ദൈവമാതാവ്

ഭാരതത്തിന്റെ അപ്പോസ്തോലൻ
വിശുദ്ധ മാർതോമ്മാ ശ്ലീഹാ

വിശുദ്ധ ഗീവറുഗീസ് സഹദാ

പരിശുദ്ധ പരുമല തിരുമേനി

1848 ജൂൺ 15-ാം തീയതി മുളന്തുരുത്തി എന്ന സ്ഥലത്തുള്ള ചാത്തുരുത്തി ഭവനത്തിൽ കൊച്ചുമത്തായിയുടെയും മറിയത്തിന്റെയും ഇളയ മകനായി ജനിച്ചു. പത്രോസ് തൃതിയൻ പാത്രീയർക്കിസ് ബാവാ 1876 ഡിസംബർ 10-ാം തീയതി വടക്കൻ പറവൂർ പള്ളിയിൽ വെച്ച് മാർ ഗ്രീഗോറിയോസ് എന്ന നാമത്തിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. 29 വയസ്സ് മാത്രമുണ്ടായിരുന്ന തിരുമേനി മലങ്കരയുടെ "കൊച്ചുതിരുമേനി" എന്നറിയപ്പെട്ടു. 1902 നവംബർ 2-ാം തീയതി കാലം ചെയ്തു. ജീവിതകാലത്തും കാലം ചെയ്തതിനുശേഷവും നിരവധി അത്ഭുത പ്രവർത്തനങ്ങൾ തിരുമേനിയുടെ നാമധേയത്തിൽ നടക്കുന്നു. 1947 നവംബർ 2-ാം തീയതി പരുമല മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ പരിശുദ്ധനായി പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ അദ്ധ്യക്ഷനായ മലങ്കര സഭാ സുന്നഹദോസ് പ്രഖ്യാപിച്ചു. പരുമല തിരുമേനിയുടെ നാമത്തിൽ ലോകമെമ്പാടും നിരവധി പള്ളികൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

വിശുദ്ധ അന്ത്രയോസ് ബാവ

(പുത്തൻകാവിന്റെ കാവൽ പിതാവ്)

1678 – ൽ അന്ത്രയോസ് ബാവാ സിറിയായിൽ നിന്ന് കേരളത്തിലെത്തി.
കൊച്ചി, മുളന്തുരുത്തി, കുറവിലങ്ങാട്, മണർകാട് എന്നീ പള്ളികൾ സന്ദർശിച്ചശേഷം
പുത്തൻകാവിൽ എത്തിച്ചേർന്ന് സുവിശേഷ പ്രവർത്തനം നടത്തി.
പുത്തൻകാവിൽ നിന്ന് കൊല്ലം ജില്ലയിലെ കല്ലടയ്ക്ക് പോകുകയും
1692 മാർച്ച് 2 – ാം തീയതി കാലം ചെയ്യുകയും കല്ലട പള്ളിയിൽ കബറടക്കുകയും ചെയ്തു.
(വിശദമായ ചരിത്രം സുവിനീറിൽ ഉൾപ്പെടുത്തിട്ടുണ്ട്)

വലിയ മാർ ദിവന്നാസിയോസ് (6-ാം മാർത്തോമ്മ)
1765 - 1808

43 വർഷം പുത്തൻകാവ് കേന്ദ്രമാക്കി മലങ്കര സഭയെ ഭരിച്ചു.
മനോഹരമായ, ചരിത്രപ്രസിദ്ധമായ പുത്തൻകാവ് പള്ളി പണി കഴിപ്പിച്ചു.
1808 ഏപ്രിൽ 8-ാം തീയതി കാലം ചെയ്തു. പുത്തൻകാവ് പള്ളിയുടെ മദ്ബഹായിൽ കബറടക്കി.
(വിശദമായ ചരിത്രം സുവനീറിൽ ഉൾപ്പെടുത്തിട്ടുണ്ട്)

8-ാം മാർത്തോമ്മ

മലങ്കര സഭയിൽ നിരവധി പുരോഗമന പ്രവർത്തനങ്ങൾ നടത്തിയ 8–ാം മാർത്തോമ്മ
1816 മീനം 12–ാം തീയതി നിരണത്ത് വെച്ച് കാലം ചെയ്തു.
പുത്തൻകാവ് പള്ളിയുടെ മദ്ബഹായിൽ കബറടക്കി.
(വിശദമായ ചരിത്രം സുവനീറിൽ ഉൾപ്പെടുത്തിട്ടുണ്ട്)

പരിശുദ്ധ വട്ടശ്ശേരിൽ ദിവന്നാസിയോസ് മലങ്കര മെത്രാപ്പോലീത്ത

സഭാഭാസൂരൻ വട്ടശ്ശേരിൽ ദിവന്നാസിയോസ് തിരുമേനി 1858 ഒക്ടോബർ 31–ാം തീയതി ജനിച്ചു. പുത്തൻകാവിൽ കൊച്ചുതിരുമേനി എന്ന രത്നദീപത്തെ കണ്ടെത്തിയ ദീർഘദർശി. മലങ്കര സഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി അവസാനനിമിഷം വരെ പോരാടി. അധികാര ഉടമ്പടി അബ്ദുള്ള പാത്രിയർക്കിസ് തിരുമേനിയോട് ആവശ്യപ്പെട്ടു. ഉടമ്പടി വ്യവസ്ഥ നൽകാത്തതിന് 1911 ജൂൺ 8–ാം തീയതി അബ്ദുള്ള പാത്രിയർക്കിസ് വട്ടശ്ശേരി തിരുമേനിയെ മുടക്കി. പാത്രിയർക്കിസിനെ പിന്തുണക്കുന്നവർ ബാവാ കക്ഷിയായും മലങ്കര മെത്രാപ്പോലീത്തായെ പിന്തുണക്കുന്നവർ മെത്രാൻ കക്ഷിയായും മലങ്കര സഭയിൽ അങ്ങനെ കക്ഷി വഴക്ക് ആരംഭിച്ചു.

പാത്രിയർക്കിസിന്റെ മുടക്കിന് ഒരു വിലയും നൽകാതെ മലങ്കരയിൽ ഓർത്തഡോക്സ് സഭയെ നിലനിർത്തുവാൻ ധീരമായി പ്രവർത്തിച്ചു.

മലങ്കര സഭയുടെ രണ്ടാമത്തെ പ്രഖ്യാപിത പരിശുദ്ധനായ വട്ടശ്ശേരിൽ തിരുമേനി 1934 ഫെബ്രുവരി 23 ന് കാലം ചെയ്തു. കോട്ടയം പഴയ സെമിനാരി ചാപ്പലിൽ കബറടക്കി.

മലങ്കരയുടെ ഒന്നാം കാതോലിക്ക
പരിശുദ്ധ ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാബാവ

കോലഞ്ചേരി മുറിമറ്റം കുര്യന്റെയും മറിയാമ്മയുടെയും മകനായി 1836 ജനുവരി 19-ന് ജനിച്ചു. 1852-ൽ യുയാക്കിം മാർ കൂറിലോസ് വൈദീക പട്ടം നൽകി. 1877 മെയ് 17-ന് പരിശുദ്ധ പത്രോസ് പാത്രീയാർക്കീസ് ബാവാ പൗലോസ് മാർ ഈവാനിയോസ് എന്ന പേരിൽ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തയായി വാഴിച്ചു. 1912 സെപ്റ്റംബർ 15-ാം തീയതി പരിശുദ്ധ അബ്ദേദ് മ്ശിഹാ പാത്രീയർക്കിസ് ബാവാ വട്ടശ്ശേരി ഗീവറുഗീസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ സഹകരണത്തിൽ വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിൽ "കാതോലിക്ക'യായി വാഴിച്ചു. 1913 മെയ് 2-ന് കാലം ചെയ്തു. പമ്പാക്കുട ചെറിയപള്ളിയിൽ കബറടക്കി. ഓർമ്മപെരുന്നാൾ മെയ് 3-ാം തീയതി.

മലങ്കരയുടെ രണ്ടാം കാതോലിക്ക
പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാബാവ

1876 – ൽ ജനിച്ചു. 1896 ഓഗസ്റ്റ് 16 വൈദീകനായി ഓഗസ്റ്റ് 23 കടവിൽ പൗലോസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത റമ്പാൻ പട്ടം നൽകി. തൃക്കുന്നത്ത് സെമിനാരി മാനേജരായി സേവനമനുഷ്ഠിച്ചു. 1913 ഫെബ്രുവരിയിൽ ഗീവറുഗീസ് മാർ പീലക്സിനോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. കോട്ടയം, അങ്കമാലി ഭദ്രാസനങ്ങളുടെ നെത്രാപ്പോലീത്തയായി പ്രവർത്തിച്ചു. നിരണം പള്ളിയിൽ വെച്ച് 1925 ഏപ്രിൽ 30 – ന് 'കാതോലിക്ക'യായി പരിശുദ്ധ സുന്നഹദോസ് വാഴിച്ചു. പ്രാർത്ഥനയാലും ഉപവാസത്താലും ഉണ്ടായ വലിയ ആത്മീയ ശക്തിയുടെ പിൻബലത്തിൽ മലങ്കരസഭയെ നയിച്ചു. 1928 ഡിസംബർ 17 – ന് കാലം ചെയ്തു. വള്ളിക്കാട്ട് ദയറായിൽ കബറടക്കി. ഓർമ്മപ്പെരുന്നാൾ ഡിസംബർ 19.



മലങ്കരയുടെ മൂന്നാം കാതോലിക്ക
പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതിയൻ കാതോലിക്കാബാവ

1874 ജൂൺ 16–ന് ജനിച്ചു. 1898 നവംബർ 27–ന് പരിശുദ്ധ ഗ്രീഗോറിയോസ് തിരുമേനി വൈദീകനാക്കി 1912 സെപ്റ്റംബർ 8–ാം തീയതി പരിശുദ്ധ അബ്ദേശ് മ്ശിഹാ പാത്രീയർക്കിസ് ബാവാ പരുമലയിൽ വെച്ച് ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. തുമ്പമൺ, കൊല്ലം , നിരണം തുടങ്ങിയ ഭദ്രാസനങ്ങൾ ഭരിച്ചു. 1929 ഫെബ്രുവരി 15–ാം തീയതി മലങ്കര മെത്രാപ്പോലീത്ത വട്ടശ്ശേരി ഗീവറുഗീസ് മാർ ദിവന്നാസ്യോസ് 'കാതോലിക്ക'യായി വാഴിച്ചു. 1934 ഡിസംബർ 24–ാം തീയതി എം. ഡി. സെമിനാരിയിൽ കൂടിയ മലങ്കര അസ്സോസിയേഷൻ അദ്ദേഹത്തെ മലങ്കര മെത്രാപ്പോലീത്തയായി തെരഞ്ഞെടുത്തു. 1958–ൽ സഭാ സമാധാനം കൈവരിക്കുവാനും യോജിച്ച സഭയുടെ 'കാതോലിക്ക'യായി ഭരണം നടത്തുവാനും അവസരം ലഭിച്ചു. 1947 നവംബർ 2–ന് ഗീവറുഗീസ് മാർഗ്രീഗോറിയോസിനെയും യൽദോ മാർ ബസേലിയോസിനെയും പരിശുദ്ധന്മാരായി പ്രഖ്യാപിച്ചു. പരിശുദ്ധ പിതാവിന്റെ കാലം മുതൽക്കാണ് മലങ്കര മെത്രാപ്പോലീത്ത സ്ഥാനവും കാതോലിക്ക സ്ഥാനവും ഒരു വ്യക്തിയിൽ തന്നെ അധിഷ്ഠിതമായത്. 1964– ജനുവരി 3–ന് കാലം ചെയ്തു. ദേവലോകം അരമന ചാപ്പലിൽ കബറടക്കി ഓർമ്മപെരുന്നാൾ ജനുവരി 3.

മലങ്കരയുടെ നാലാം കാതോലിക്ക
പരിശുദ്ധ ബസേലിയോസ് ഔഗേൻപ്രഥമൻ കാതോലിക്കാബാവ

1884 ജൂൺ 26–ന് ജനിച്ചു. ജെറുശലേമിൽ വെച്ച് 1927 മെയ് 15–ന് മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. കണ്ടനാട് ഭദ്രാസനത്തിന്റെ നാലാമത്തെ മെത്രാപ്പോലീത്തയായി. ഓർത്തഡോക്സ് വൈദീക സെമിനാരിയുടെ പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചു. തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്തയായും പ്രവർത്തിച്ചു. 1962 മെയ് 17–ന് നിരണത്ത് കൂടിയ മലങ്കര അസ്സോസിയേഷൻ കാതോലിക്കയായി തെരഞ്ഞെടുക്കുകയും മെയ് 22–ന് കോട്ടയം എം.ഡി. സെമിനാരിയിൽ വെച്ച് കാതോലിക്കയായി വാഴിക്കുകയും ചെയ്തു. അനാരോഗ്യം മൂലം 1975 സെപ്റ്റംബർ 24–ന് സ്ഥാന ത്യാഗം ചെയ്തു. ഡിസംബർ 8–ാം തീയതി കാലം ചെയ്തു. ദേവലോകം അരമന ചാപ്പലിൽ കബറടക്കുകയും ചെയ്തു.

മലങ്കരയുടെ അഞ്ചാം കാതോലിക്ക
പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവ

1907 മാർച്ച് 27 – ാം തീയതി ജനിച്ചു. കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂളിൽ പുത്തൻകാവ് കൊച്ചുതിരുമേനിയുടെ ശിഷ്യനായിരുന്നു. വൈദീക പഠനത്തിന് കൽക്കട്ട സെറാപൂർ കോളേജിൽ പോകുവാൻ തന്നെ പ്രേരിപ്പിച്ചത് പുത്തൻകാവിൽ കൊച്ചുതിരുമേനിയായിരുന്നുവെന്ന് പരിശുദ്ധ ബാവ പലപ്പോഴും അനുസ്മരിക്കാറുണ്ടായിരുന്നു. 1946 ഒക്ടോബർ 27 – ന് വൈദീകനായി. 1959 ജൂലൈ 12 – ന് മാത്യൂസ് മാർ അത്തനാസ്യോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. ബാഹ്യകേരള ഭദ്രാസനത്തിന്റെ ചുമതല വഹിച്ചു. 1970 – ഡിസംബർ 31 – ന് കോട്ടയം എം.ഡി. സെമിനാരിയിൽ കൂടിയ അസോസിയേഷൻ കാതോലിക്കയുടെയും മലങ്കര മെത്രാപ്പോലീത്തയുടെയും പിൻഗാമിയായി തെരഞ്ഞെടുത്തു. 1975 ഒക്ടോബർ 27 – ന് കാതോലിക്ക സ്ഥാനത്ത് വാഴിക്കപ്പെട്ടു. അനാരോഗ്യം മൂലം 1991 ഏപ്രിൽ 27 – ന് സ്ഥാനത്യാഗം ചെയ്തു. പുത്തൻകാവ് പള്ളിയെ കത്തീഡ്രലായി ഉയർത്തിയത് പരിശുദ്ധ പിതാവാണ്. അനാരോഗ്യത്താൽ വിശ്രമിച്ചിരുന്ന കാലഘട്ടത്തിൽ പുത്തൻകാവ് പള്ളി സന്ദർശിക്കണമെന്ന ആഗ്രഹം പ്രകടിപ്പിക്കുകയും പുത്തൻകാവ് പള്ളി സന്ദർശിക്കുകയും ചെയ്തു. 1996 നവംബർ 8 – ന് കാലം ചെയ്തു. ദേവലോകം അരമന ചാപ്പലിൽ കബറടക്കി.

മലങ്കരയുടെ ആറാം കാതോലിക്ക
പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് ദ്വിതിയൻ കാതോലിക്കാബാവ



1915 ജനുവരി 30–ന് ജനിച്ചു. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അരുമശിഷ്യൻ. 1953–മെയ് 15–ന് മെത്രാപ്പോലീത്ത സ്ഥാനം ഏറ്റു. കൊല്ലം ഭദ്രാസന മെത്രാപ്പോലീത്തയായി പ്രവർത്തിച്ചു. 1991 ഏപ്രിൽ 29–ന് പരുമലയിൽ വെച്ച് ആറാം കാതോലിക്കയായി വാഴിക്കപ്പെട്ടു. മലങ്കര മെത്രാപ്പോലീത്തയായിരുന്ന വട്ടശ്ശേരിൽ മാർ ദിവന്നാസിയോസിനെ പരിശുദ്ധനായി പ്രഖ്യാപിച്ചത് പരിശുദ്ധ ബാവായുടെ ഭരണ കാലഘട്ടത്തിലായിരുന്നു. മലങ്കര സഭയുടെ കാതോലിക്കയായി വാഴിക്കപ്പെടുന്നതിന്റെ തലേദിവസം പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ കബറിടത്തിൽ നിറകണ്ണുകളോടെ പരിശുദ്ധ പിതാവ് അനുഗ്രഹം തേടിയിരുന്നു. അമേരിക്കയിൽ ഹൃദയശസ്ത്രക്രിയക്ക് ശേഷം നാട്ടിൽ തിരിച്ചെത്തി മണിക്കൂറുകൾക്കുള്ളിൽ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ കബറിടം സന്ദർശിച്ച് ധൂപപ്രാർത്ഥന നടത്തിയും ഗുരുശിഷ്യ ബന്ധത്തിന്റെ തീവ്രത തെളിയിക്കുന്നതാണ്. അനാരോഗ്യം മൂലം 2005 ഒക്ടോബർ 29–ന് സ്ഥാനത്യാഗം ചെയ്തു. 2006 ജനുവരി 26–ന് കാലം ചെയ്ത ബാവാതിരുമേനിയെ ശാസ്താംകോട്ട മാർ ഏലീയ ചാപ്പലിൽ 28–ാം തീയതി കബറടക്കി.

മലങ്കരയുടെ ഏഴാം കാതോലിക്ക
പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ ദിദിമോസ് പ്രഥമൻ കാതോലിക്കാബാവ

1921 ഒക്ടോബർ 29 – നു മാവേലിക്കരയിൽ ജനിച്ചു. 18 – ാം വയസ്സിൽ തോമ്മാ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ശിഷ്യനായി പത്തനാപുരം മൗണ്ട് താബോർ ദയറായിൽ ചേർന്നു. 1950 ജനുവരി 25 – ന് വൈദീകനായി. 1966 ഓഗസ്റ്റ് 24 – ന് പരിശുദ്ധ ഔഗേൻ ബാവാ തോമസ് മാർ തിമോത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്തു. മലബാർ ഭദ്രാസന സഹായ മെത്രാപ്പോലീത്തയായി. പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത 1968 ഫെബ്രുവരി 2 – ന് കാലം ചെയ്തതിനെ തുടർന്ന് മലബാർ ഭദ്രാസനാധിപനായി. പരുമല സെമിനാരിയിൽ 1992 സെപ്റ്റംബർ 10 – ന് കൂടിയ മലങ്കര അസോസ്സിയേഷൻ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തയുടെയും പിൻഗാമിയായി തെരഞ്ഞെടുത്തു. 2005 ഒക്ടോബർ 31 കാതോലിക്കയായി പരുമല സെമിനാരിയിൽ വെച്ച് അഭിഷേകം ചെയ്തു. അനാരോഗ്യം മൂലം 2010 ഒക്ടോബർ 31 – ാം തീയതി സ്ഥാനത്യാഗം ചെയ്തു. 2014 മെയ് 26 – ാം തീയതി കാലം ചെയ്തു 28 – ാം തീയതി പത്തനാപുരം മൗണ്ട് താബോർ ദയറായിൽ കബറടക്കി. പുത്തൻകാവ് കത്തീഡ്രലിനെ മലങ്കരസഭയുടെ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചത് പരിശുദ്ധ പിതാവാണ്.

മലങ്കരയുടെ എട്ടാം കാതോലിക്ക പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതിയൻ കാതോലിക്കാബാവ

1946 ഓഗസ്റ്റ് 30–ന് കുന്നംകുളത്തിന് സമീപം മാങ്ങാട് എന്ന ഗ്രാമത്തിൽ ജനിച്ചു. 1973 ജൂൺ 21–ാം തീയതി യൂഹാനോൻ മാർ സെവേറിയോസ് മെത്രാപ്പോലീത്ത വൈദീക പട്ടം നൽകി. 1982 ഡിസംബർ 28–ന് തിരുവല്ല എം.ജി.എം. സ്കൂളിൽ കൂടിയ മലങ്കര അസോസിയേഷൻ പോൾ അച്ചനെ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. 1985 മെയ് 15–ാം തീതയി മാവേലിക്കര പുതിയകാവ് പള്ളിയിൽ വെച്ച് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമൻ ബാവാ എപ്പിസ്കോപ്പയായി വാഴിച്ചു. കുന്നംകുളം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയായി 2006 സെപ്റ്റംബർ 27–ന് മലങ്കര മെത്രാപ്പോലീത്തായുടെയും കാതോലിക്കയുടെയും പിൻഗാമിയായി തെരഞ്ഞെടുക്കപ്പെട്ടു. 2010 നവംബർ 1–ന് പരുമല പള്ളിയിൽ വെച്ച് മാർത്തോമ്മ ശ്ലീഹായുടെ സിംഹാസനത്തിലെ കാതോലിക്കയായും മലങ്കര മെത്രാപ്പോലീത്തായായും വാഴിച്ചു. പരിശുദ്ധ പിതാവാണ് പുത്തൻകാവിൽ കൊച്ചുതിരുമേനിയെ 2013 ഏപ്രിൽ 17–ന് കാതോലിക്കേറ്റ് രത്നദീപമായി പ്രഖ്യാപിച്ചത്.

അഭിവന്ദ്യ തോമസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത

മലങ്കര ഓർത്തഡോക്സ് സഭയുടെ സീനിയർ മെത്രാപ്പോലീത്ത
പുത്തൻകാവ് കത്തീഡ്രൽ ഇടവകാംഗം, ചെങ്ങന്നൂർ ഭദ്രാസനാധിപൻ

മലങ്കര ഓർത്തഡോക്സ് സഭയുടെ പരിശുദ്ധ സുന്നഹദോസിലെ അഭിവന്ദ്യ തിരുമേനിമാർ



മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ
പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ്
ദ്വിതീയൻ കാതോലിക്കബാവാ

മലങ്കര ഓർത്തഡോക്സ് സഭയുടെ സീനിയർ
മെത്രാപ്പോലീത്ത തോമസ് മാർ
അത്തനാസിയോസ് (ചെങ്ങന്നൂർ ഭദ്രാസനം)

പരിശുദ്ധ സുന്നഹദോസ് സെക്രട്ടറി
ഡോ.മാത്യൂസ് മാർ സെവേറിയോസ്
മെത്രാപ്പോലീത്താ (കണ്ടനാട് വെസ്റ്റ് ഭദ്രാസനം)

കുര്യാക്കോസ് മാർ ക്ലിമ്മീസ്
മെത്രാപ്പോലീത്താ
(തുമ്പമൺ ഭദ്രാസനം)



ഗീവറുഗീസ് മാർ കൂറിലോസ്
മെത്രാപ്പോലീത്താ (ബോംബെ ഭദ്രാസനം)

ഡോ.തോമസ് മാർ അത്താനാസിയോസ്
മെത്രാപ്പോലീത്താ (കണ്ടനാട് ഈസ്റ്റ് ഭദ്രാസനം)

യൂഹാനോൻ മാർ മിലിത്തിയോസ്
മെത്രാപ്പോലീത്താ (തൃശൂർ ഭദ്രാസനം)

സഖറിയാസ് മാർ അന്തോനിയോസ്
മെത്രാപ്പോലീത്താ (കൊല്ലം ഭദ്രാസനം)

സഖറിയാസ് മാർ നിക്കോളാവസ്
മെത്രാപ്പോലീത്താ
(നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനം)

ഡോ.യാക്കൂബ് മാർ ഐറേനിയോസ്
മെത്രാപ്പോലീത്താ
(കൊച്ചി ഭദ്രാസനം)

ഡോ.ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്
മെത്രാപ്പോലീത്താ
(തിരുവനന്തപുരം ഭദ്രാസനം)

ഡോ.സഖറിയാസ് മാർ തെയോഫിലോസ്
മെത്രാപ്പോലീത്താ
(മലബാർ ഭദ്രാസനം)

ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്
മെത്രാപ്പോലീത്താ (നിരണം ഭദ്രാസനം)

യൂഹാനോൻ മാർ പോളികർപസ്
മെത്രാപ്പോലീത്താ (അങ്കമാലി ഭദ്രാസനം)

മാത്യൂസ് മാർ തേവോദോസ്യോസ്
മെത്രാപ്പോലീത്താ (ഇടുക്കി ഭദ്രാസനം)

ഡോ.ജോസഫ് മാർ ദിവന്നാസിയോസ്
മെത്രാപ്പോലീത്താ (കൽക്കട്ട ഭദ്രാസനം)

എബ്രഹാം മാർ എപ്പിഫാനിയോസ്
മെത്രാപ്പോലീത്താ
(സുൽത്താൻ ബത്തേരി ഭദ്രാസനം)

ഡോ. മാത്യൂസ് മാർ തിമോത്തിയോസ്
മെത്രാപ്പോലീത്താ
(യു.കെ. യൂറോപ്പ് ആഫ്രിക്കൻ ഭദ്രാസനം)

അലക്സിയോസ് മാർ യൗസേബിയോസ്
മെത്രാപ്പോലീത്താ
(സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനം)

യൂഹാനോൻ മാർ ദിയസ്കോറസ്
മെത്രാപ്പോലീത്താ
(മദ്രാസ് ഭദ്രാസനം)

ഡോ. യൂഹാനോൻ മാർ ദെമത്രിയോസ്
മെത്രാപ്പോലീത്താ
(ഡൽഹി ഭദ്രാസനം)

ഡോ. യൂഹാനോൻ മാർ തേവോദോറസ്
മെത്രാപ്പോലീത്താ
(കൊട്ടാരക്കര-പുനലൂർ ഭദ്രാസനം)

യാക്കോബ് മാർ ഏലിയാസ്
മെത്രാപ്പോലീത്താ
(ബ്രഹ്മവാർ ഭദ്രാസനം)

ഡോ. സഖറിയാസ് മാർ അപ്രേം
മെത്രാപ്പോലീത്താ
(അടൂർ കടമ്പനാട് ഭദ്രാസനം)

ഡോ. ജോഷ്വാ മാർ നിക്കോദിമോസ്
മെത്രാപ്പോലീത്താ
(നിലയ്ക്കൽ-മാവേലിക്കര ഭദ്രാസനം)

ഡോ. ഗീവറുഗീസ് മാർ യൂലിയോസ്
മെത്രാപ്പോലീത്താ
(അഹമ്മദ്ബാദ് ഭദ്രാസനം)

എബ്രഹാം മാർ സെറാഫിം
മെത്രാപ്പോലീത്താ
(ബാംഗ്ലൂർ ഭദ്രാസനം)

വൈദിക ട്രസ്റ്റി
ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്

അൽമായ ട്രസ്റ്റി
എം. ജി. ജോർജ്ജ് മുത്തൂറ്റ്

സഭാ സെക്രട്ടറി
ഡോ. ജോർജ്ജ് ജോസഫ്

സന്ദേശങ്ങൾ

◆ ശ്രീ. ചിത്തിരതിരുനാൾ മഹാരാജാവ് ◆ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവാ
◆ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ◆ മുൻ മുഖ്യമന്ത്രി സി. കേശവൻ ◆ ലോകസഭാ സ്പീക്കർ ജെ.വി. മാളവങ്കർ
◆ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പ്രസിഡന്റ് പുരുഷോത്തമദാസ് ടണ്ഡൻ ◆ ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത ◆ തുമ്പമൺ ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്ത
◆ അഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല ◆ മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ജസ്റ്റീസ് ബഞ്ചമിൻ കോശി
◆ മലയാള മനോരമ ചീഫ് എഡിറ്റർ മാമ്മൻ മാത്യു ◆ ബിഷപ്പ് ഹെർബട്ട് വാഷ് ◆ പാമ്പാടി തിരുമേനി
◆ കൊടിക്കുന്നിൽ സുരേഷ് എം.പി. ◆ പി. സി. വിഷ്ണുനാഥ് എം.എൽ.എ.

Website: www.mosc.in
E-mail: catholicos@mosc.in

Telephone: 0481-2574323, 2578500
Fax: 0481-2570569

The Malankara Orthodox Syrian Church
CATHOLICATE OF THE EAST

BASELIOS MARTHOMA PAULOSE II
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM-686 038
KERALA, INDIA

സന്ദേശം

MESSAGE

മാർച്ച് 14, 2014

അനുഗ്രഹാശംസ

സത്യവിശ്വാസത്തിന്റെ കാവൽഭടനായ പരിശുദ്ധ സഭയെ നയിച്ച 'മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഗാന കോകിലം' എന്നറിയപ്പെട്ടിരുന്ന പുത്തൻകാവിൽ അഭിവന്ദ്യ ഗീവർഗീസ് മാർ പീലക്സീനോസ് കൊച്ചുതിരുമേനിയെ മലങ്കര സഭാമക്കൾക്ക് ഒരുകാലത്തും വിസ്മരിക്കുവാൻ സാധ്യമല്ല. പ. സഭയോടും കാതോലിക്കാ സിംഹാസനത്തോടുമുള്ള ആഴമേറിയ വിധേയത്വം വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും പ്രകടിപ്പിക്കുന്നതിൽ ആ പുണ്യപിതാവ് എന്നും ബദ്ധശ്രദ്ധനായിരുന്നു. 1951 -ലെ കാതോലിക്കാദിനമായ ഏപ്രിൽ 15-ന് കുന്നംകുളത്തുവച്ച് അദ്ദേഹം അവസാനം നടത്തിയ കാതോലിക്കാദിന സന്ദേശം ഉൾപ്പെടെയുള്ള അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലും എഴുത്തുകളിലും നിറഞ്ഞുനിന്നത് അതുല്യമായ സഭാസ്നേഹവും ദൈവസ്നേഹവുമായിരുന്നു. പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലിലെ ആ പിതാവിന്റെ കബറിടത്തിങ്കലേക്ക് തീർത്ഥാടകരായി വരുന്ന വിശ്വാസികളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്നു എന്നു പറയുന്നതിൽ നമുക്ക് ഏറെ സന്തോഷമുണ്ട്. തികഞ്ഞ സഭാസ്നേഹി, ഉത്തമസന്യാസി, മികച്ച വാഗ്മി, വിദ്യാഭ്യാസ വിചക്ഷണൻ തുടങ്ങിയ നിലകളിലെല്ലാം ശോഭിച്ചിരുന്ന അഭിവന്ദ്യ തിരുമേനിയുടെ പ്രവർത്തനങ്ങളെയും സേവനങ്ങളെയും മാനിച്ച് പരിശുദ്ധ സഭ **'കാതോലിക്കേറ്റ് രത്നദീപം'** എന്ന നാമം നൽകി അദ്ദേഹത്തെ ആദരിക്കുകയുമുണ്ടായല്ലോ. ആ പിതാവിന്റെ സമസ്ത ജീവചരിത്രവും അപൂർവ്വ ചിത്രങ്ങളും ലേഖനങ്ങളും ഉൾപ്പെടുത്തി പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ പ്രസിദ്ധീകരിക്കുന്ന ***കാതോലിക്കേറ്റ് രത്നദീപം*** എന്ന സുവനീറിന് എല്ലാ ആശംസകളും നേരുന്നു. ആ പിതാവിന്റെ മദ്ധ്യസ്ഥത നമുക്കേവർക്കും കോട്ടയായിരിക്കട്ടെ. ദൈവം അനുഗ്രഹിക്കട്ടെ

ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

Malankara Orthodox Syrian Church

(CATHOLICATE OF THE EAST)

DIOCESE OF CHENGANNUR

Most Rev. Thomas Mar Athanasios

METROPOLITAN

Res: St. George Dayara
Othera - 689546
Kerala, India.
Phone: 0469-2656808

e-mail: marathanasios@gmail.com

Office: Bethel Aramana, P.B.No.38,
Chengannur - 689121
Kerala, India.
Phone: 0479 - 2451331
Fax: 0479 - 2453310
Mob: 94477 91896

No. CD/TMA/130/'14

20-05-2014



സന്ദേശം

MESSAGE

നമുക്കെത്രയും വാത്സല്യമുള്ള പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രൽ വികാരിക്കും സഹ പട്ടക്കാരനും, ദേശത്തു പട്ടക്കാർക്കും, മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്കും, സുവനീർ കമ്മറ്റി അംഗങ്ങൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്.

പ്രിയരെ,

പരിശുദ്ധ സഭയുടെ കാതോലിക്കേറ്റിനു വേണ്ടി അഹോരാത്രം യത്നിച്ച പുണ്യശ്ലോകനായ കാതോലിക്കേറ്റ് രത്നദീപം പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ജീവിതവും ദർശനവും തലമുറയ്ക്ക് പരിചയപ്പെടുത്തുവാൻ ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ നമുക്ക് അനൽപമായ സന്തോഷമുണ്ട്. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ സഭാജീവിതം അക്ഷരാർത്ഥത്തിൽ ഏവരെയും അമ്പരിപ്പിക്കുന്നതാണ്. സ്വതന്ത്രവും തദ്ദേശീയവുമായ സഭയെപ്പറ്റി നിരന്തരം സ്വപ്നം കാണുകയും ആ ലക്ഷ്യസാക്ഷാത്കാരത്തിനായി അവസാന നിമിഷം വരെ പോരാടുകയും ചെയ്ത തിരുമേനിയുടെ ജീവിതം പുതുതലമുറയ്ക്ക് സഭാ ജീവിതത്തിന് പ്രചോ ദനമേകുന്ന പാഠപുസ്തകമാണ്. പരിശുദ്ധ സഭയുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയ്ക്ക് നിരവധി സംഭാവനകൾ നൽകിയ കർമ്മയോഗിയായ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ജീവിതം പിതൃവിജ്ഞാനീയ ശാഖയിലെ പ്രഭാപൂരിതമായ അദ്ധ്യായമാണ്. ശ്വാസോച്ഛ്വാസത്തിൽ പോലും സഭയുണ്ടാകണം എന്ന വിശ്വാസത്തിൽ തനിക്കുള്ളതെല്ലാം പരിശുദ്ധ സഭയുടേ താണെന്ന് പ്രഖ്യാപിച്ച തിരുമേനി താൻ ജീവിച്ച കാലത്തേയും തുടർകാലഘട്ടങ്ങളേയും സ്വാധീനിക്കുന്ന നിലയ്ക്കാത്ത പ്രചോദന ഉറവിടമാണ്. തിരുമേനി അവസാനമായി കുന്നംകുളത്തേക്ക് യാത്ര തിരിക്കുമ്പോൾ അമ്മയോട് യാത്ര ചോദിക്കുവാനായി കിഴക്കേതലയ്ക്കൽ വീട്ടിൽ വന്നു. അപ്പോൾ പതിവുപോലെ അമ്മയുടെ നിർദ്ദേശപ്രകാരം വൈകിട്ട് അത്താഴം എവിടെയാണ് കൊണ്ടുവരേണ്ടതെന്ന് ഞാൻ ചോദിച്ചു. ഈ പ്രാവശ്യം ഭക്ഷണം കരുതേണ്ട എന്ന് തിരുമേനി മറുപടി നൽകി. തിരുമേനി യാത്ര തിരിച്ചു. പിന്നീടൊരിക്കലും ഭക്ഷണം കരുതേണ്ടി വന്നില്ല. തന്റെ മരണത്തെപ്പോലും മുൻകൂട്ടി കണ്ട ദീർഘദർശി ആയിരുന്നു കൊച്ചുതിരുമേനി.

തിരുമേനിക്ക് അസുഖം കൂടുതലാണെന്ന് കാണിച്ചുള്ള ടെലിഗ്രാം കുന്നംകുളത്തു നിന്ന് വന്നപ്പോൾ എന്റെ പിതൃസഹോദരനെ വിവരം അറിയിക്കാൻ പുത്തൻകാവിൽ നിന്ന് പിരളശ്ശേരി വരെ ഓടിയത് ഞാൻ ഓർക്കുന്നു. തിരികെ പുത്തൻകാവിലേക്ക് നടന്നപ്പോൾ ഇരുവശങ്ങളിലുമുള്ള ഭവനങ്ങളിൽ നിന്നും കരച്ചിൽ ഉയർന്നിരുന്നതും പുത്തൻകാവ് പള്ളിയിൽ നിന്നും ദുഃഖ മണിനാദം ഉയരുന്നതും ഇന്നും എന്റെ ഓർമ്മയിൽ ഉണ്ട്.

ആശയ ഗാംഭീര്യം കൊണ്ടും സ്വരമാധുര്യം കൊണ്ടും മലങ്കര സഭയെ സ്വാധീനിച്ച ഗാനകോകിലം പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ദീപ്തമായ ഓർമ്മകൾ തലമുറയ്ക്ക് പകുവയ്ക്കുവാൻ ഈ സ്മരണികയ്ക്ക് സാധിക്കട്ടെ മഹത്തായ അക്ഷര ദൗത്യത്തിന്റെ പിന്നിൽ പ്രയത്നിച്ച ഏവരെയും നാം അനുമോദിക്കുന്നു.

ശേഷം പിന്നാലം ദൈവം അനുഗ്രഹിക്കട്ടെ.

✝ Mar Athanasios

തോമസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്താ

MALANKARA ORTHODOX SYRIAN CHURCH
DIOCESE OF THUMPAMON
www.thumpamon.mosc.in

KURIAKOSE MAR CLEMIS METROPOLITAN
BASIL ARAMANA
Pathanamthitta, 689645
Kerala, India

0468 2325942
0468 2222243
hgmarclemis@gmail.com

MESSAGE

മലങ്കരയുടെ മഹാമുനി

പരിശുദ്ധ സഭയുടെ അനുഗ്രഹീത പ്രയാണത്തിൽ ഉത്തമരും, ആദരണീയരും, അതിശ്രേഷ്ഠരുമായ അനേകം പിതാക്കന്മാർ സഭാനേതൃത്വത്തിൽ എത്തിയിട്ടുണ്ട്. ദൈവം എഴുന്നേൽപ്പിച്ച പുരുഷന്മാരായ അവർ മോശയെയും, യോശുവയെയും പോലെ സഭാഗാത്രത്തിനായി സ്വജീവൻ സമർപ്പിച്ചവരാണ്. സഭാമക്കൾക്ക് ആത്മീക - ഭൗതിക പോഷണത്തിനായി ദൈവം എഴുന്നേൽപ്പിച്ച പിതാക്കന്മാരുടെ സ്മരണ അനുഗ്രഹീതമാണ്. കാതോലിക്കേറ്റ് രത്നദീപം പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസ് തിരുമേനിയുടെ ജീവിതവും സാക്ഷ്യവും ഇതിൽ പ്രത്യേകം പ്രസ്താവ്യമാണ്. മലങ്കരസഭയുടെ ഉന്നമനത്തിനായി സ്വജീവിതം ഹോമിച്ച ത്യാഗധനനായ പരികർമ്മിയായിരുന്നു അഭിവന്ദ്യ തിരുമേനി. ഘനഗംഭീരവും, ശ്രുതിമധുരവുമായ സ്വർഗ്ഗീയ ശബ്ദം ദൈവം അദ്ദേഹത്തിനു നൽകിയ ദാനമായിരുന്നു. അതിലളിതമായ പ്രഭാഷണശൈലി ആരെയും ആകർഷിയ്ക്കുമായിരുന്നു.

അഞ്ചു വയസ്സുള്ളപ്പോളായിരുന്നു ഞാൻ ആദ്യമായി തിരുമേനിയെ കണ്ടത്. മാതൃഇടവകയായ കൂർത്തമല സെന്റ് മേരീസ് ഇടവകയിലെ തിരുമേനിയുടെ സന്ദർശനം ഞങ്ങൾക്കൊക്കെ ഉത്സവ പ്രതീതി നൽകിയിരുന്നു. തിരുമേനിയെ ഒരു തവണ കണ്ടാൽ ശബ്ദം കേട്ടാൽ പിന്നീടതൊരു പ്രതിധ്വനിപോലെ പിന്തുടരുമായിരുന്നു. ദയറാ പ്രസ്ഥാനത്തെപ്പറ്റി തിരുമേനിയ്ക്കൊരു കാഴ്ചപ്പാടുണ്ടായിരുന്നു. പത്തനംതിട്ടയിലുള്ള ബേസിൽ ദയറാ തിരുമേനിയുടെ ജീവരക്തത്തിൽ പതിപ്പിച്ചുണ്ടാക്കിയ സ്ഥാപനമായിരുന്നു. ആർക്കെങ്കിലും വേണ്ടി അഥവാ എന്തിനെങ്കിലുമായി പ്രാർത്ഥിക്കണമെന്ന് തിരുമേനി പറഞ്ഞിട്ടുണ്ടെങ്കിൽ അത് പത്തനംതിട്ടയിലുള്ള ബേസിൽ ദയറായ്ക്കുവേണ്ടിയായിരുന്നെന്ന് വന്ദ്യ എം.സി. കുര്യാക്കോസ് റമ്പാൻ പറയുമായിരുന്നു. സഭ ഇന്ന് അഭിമാനത്തോടെ കാണുന്ന പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ്, ഹയർ സെക്കണ്ടറി സ്കൂൾ, കിഴവള്ളൂർ ഹൈസ്ക്കൂൾ, മെത്രാപ്പോലീത്തൻ എച്ച്.എസ്.എസ്. ആദിയായ വിദ്യാഭ്യാസ സ്ഥാപനങ്ങളും അനേകം ദേവാലയങ്ങളും, ബഥേൽ, ബേസിൽ ദയറ തുടങ്ങിയവയിലും തിരുമേനിയുടെ ഹൃദയരക്തത്തിന്റെ ഗന്ധമുണ്ട്.

അഭിഭക്ത തുമ്പമൺ ഭദ്രാസനത്തിനായി തിരുമേനിയൊഴുക്കിയ വിയർപ്പു തുള്ളികൾ പാഴായില്ല. വാഹനസൗകര്യമില്ലാതിരുന്ന കാലഘട്ടത്തിൽ കുന്നുകളിലും, മലകളിലും കയറിയിറങ്ങി തിരുമേനി തൂകിയ വിയർപ്പു മണികളാണ് ഇന്നിവിടെ സഭയുടെ ഉരുക്കുകോട്ടകളായി നിലകൊള്ളുന്നത്. മലങ്കരസഭ ആകമാനം അതുപ്രതിധ്വനിമുഴക്കി.

വിശ്വാസം, ആചാരങ്ങൾ ആദിയായവയെപ്പറ്റി ഓർത്തഡോക്സ് പാരമ്പര്യത്തിൽ നിന്നുകൊണ്ട് അദ്ദേഹം നൽകിയ വ്യാഖ്യാനങ്ങൾ, പഠനങ്ങൾ ആദിയായവയ്ക്ക് ഇന്നും തുല്യമായൊരു വ്യാഖ്യാനങ്ങളില്ല. ദൈവസ്നേഹത്തെ സഹജീവികളിൽ ദർശിച്ച് അതിനായി എരിഞ്ഞടങ്ങിയ മഹാമനീക്ഷിയും, തേജോഗോളവുമായിരുന്നു തിരുമേനി.

ആ നാമം എന്നും സ്മരിക്കപ്പെടണം നിത്യമായ സഭാദർശനം അദ്ദേഹം പുലർത്തി ആരോഗ്യസൗഭാഗ്യ മേച്ചിൽ പുറങ്ങളെ കല്ലേറു ദൂരം അകറ്റിമാറ്റി സ്വജീവിതം അർച്ചനനൽകിയ മഹാമുനിക്ക് പ്രണാമങ്ങൾ......

ഉമ്മൻ ചാണ്ടി
മുഖ്യമന്ത്രി
കേരളം

ഭരണഭാഷ
മാതൃഭാഷ

No. 537/Pre-Sec/CM/2014

21/04/2014



MESSAGE

സന്ദേശം

തുമ്പമൺ ഭദ്രാസനാധിപനായിരുന്ന പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ ജീവചരിത്രം ഉൾപ്പെടുത്തിക്കൊണ്ട് കാതോലിക്കേറ്റ് രത്നദീപം എന്ന പേരിൽ സ്മരണിക പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷം. കോട്ടയം എം.ഡി. ഹൈസ്കൂളിൽ എന്റെ പിതാവിന്റെ ഗുരുനാഥനായിരുന്നു പുത്തൻകാവിൽ കൊച്ചുതിരുമേനി. സമൂഹത്തിന് മാതൃകയായ പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ ഓർമകൾ ഏവർക്കും പ്രചോദനമേകുന്നതാണ്. കത്തീഡ്രൽ പ്രസിദ്ധീകരിക്കുന്ന സ്മരണിക മെത്രാപ്പോലീത്തായുടെ ഓർമകൾ പ്രദീപ്തമാക്കട്ടെ.

എല്ലാ ആശംസകളും

ഉമ്മൻ ചാണ്ടി.

ഓഫീസ് : സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001
ഫോൺ-ഓഫീസ് : 2333610, 2333812, 2333197, 2332148, 2333214, 2332682, 2332184
ഫാക്സ് : (0471) 2333489 വസതി : (0471) 2345600, 2342602 & (0481) 2351135

प्रो. पी. जे. कुरियन
Prof. P. J. Kurien

सत्यमेव जयते

उप सभापति, राज्य सभा
Deputy Chairman, Rajya Sabha

संसद भवन, नई दिल्ली
Parliament House, New Delhi
दूरभाष/Tel.: 23017371, 23034689
फैक्स/Fax : 23012559

21.3.2014

MESSAGE

സന്ദേശം

പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ജീവിത ചരിത്രവും, അപൂർവ്വ ചിത്രങ്ങളും, ലേഖനങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് “കാതോലിക്കേറ്റ് രത്നദീപം” എന്ന പേരിൽ ഒരു സുവനീർ പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്.

മറ്റുള്ളവരെ കേൾക്കുന്നതിനും, പരിഗണിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പ്രത്യേകം താൽപര്യം കാണിച്ച അവിസ്മരണീയ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു പുത്തൻകാവിൽ കൊച്ചുതിരുമേനി. ഉജ്ജ്വല വാഗ്മിയും, ഗായകനും, അധ്യാപകനുമൊക്കെയായിരുന്ന ഒരു മാതൃകാ മേൽപ്പട്ടക്കാരനായിരുന്നു തിരുമേനി. സഭകളുടെ ഐക്യത്തിനും സമൂഹത്തിന്റെ നന്മയ്ക്കും വേണ്ടി തിരുമേനി എടുത്ത നിലപാടുകൾ ശ്ലാഘനീയമാണ്. വാക്കിലും പ്രവർത്തിയിലും ലാളിത്യം പുലർത്തിയിരുന്ന തിരുമേനി എല്ലാവർക്കും മാതൃകയായിരുന്നു. തിരുമേനിയുടെ ജീവചരിത്രലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നത് പുതുതലമുറയ്ക്ക് പ്രചോദനമായിരിക്കും എന്നതിൽ സംശയമില്ല. പുത്തൻ കാവിൽ കൊച്ചുതിരുമേനിയുടെ വലിയ ഭക്തയായിരുന്നു എന്റെ മാതാവ്. പുത്തൻകാവിൽ കൊച്ചുതിരുമേനി കാലം ചെയ്തപ്പോൾ എന്റെ അമ്മയ്ക്കുണ്ടായ തീവ്രമായ ദുഃഖം ഇന്നും എനിക്ക് ഓർമ്മയുണ്ട്.

“കാതോലിക്കേറ്റ് രത്നദീപം” പ്രസിദ്ധീകരിക്കുന്നതിന് നേതൃത്വം വഹിക്കുന്ന എല്ലാവരെയും അനുമോദിക്കുന്നതോടൊപ്പം സുവനീറിന് എല്ലാ വിജയവും ആശംസിയ്ക്കുന്നു.

(പി. ജെ. കുര്യൻ)

Delhi Resi.: 14, Akbar Road, New Delhi-110 011 Ph. : 23015375, 23015377 Fax : 23015345
Kerala Resi.: Pallath, P.O. Paduthodu,Vennikkulam, Distt. Pathanamthitta, Kerala Ph.: 0469-2750588, 2651465
E-mail : prof_pjkurien@yahoo.com

രമേശ് ചെന്നിത്തല

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

03-6-2014

സന്ദേശം

MESSAGE

തുമ്പമൺ ഭദ്രാസനാധിപനായിരുന്ന പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ ജീവിതചരിത്രവും ലേഖനങ്ങളും അപൂർവ്വ ചിത്രങ്ങളും ഉൾപ്പെടുത്തി 'കാതോലിക്കേറ്റ് രത്നദീപം' എന്ന പേരിൽ ഒരു സുവനീർ പ്രസിദ്ധീകരിക്കുന്നുവെന്ന റിഞ്ഞതിൽ സന്തോഷം

1930 മുതൽ 1951 വരെ തുമ്പമൺ ഭദ്രാസനാധിപനായിരുന്ന പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ ജീവിതം തന്നെ അദ്ദേഹം സമൂഹത്തിന് നൽകുന്ന സന്ദേശമാണ്. അതുകൊണ്ട് തന്നെ അദ്ദേഹത്തിന്റെ ജീവചരിത്രം സമൂഹത്തിന് മാർഗ്ഗദർശനം നൽകുമെന്ന കാര്യത്തിൽ സംശയമില്ല. നിരവധി തവണ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ കബറിടം ഞാൻ സന്ദർശിച്ചിട്ടുണ്ട്.

സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ പ്രസ്തുത സംരംഭത്തിന് എന്റെ ആശംസകൾ.

രമേശ് ചെന്നിത്തല

Justice J.B. Koshy
Former Chief Justice, Patna High Court

Chairperson
Kerala State Human Rights Commission

Turboplus Tower, PMG Junction, Vikas Bhavan P.O.,
Thiruvananthapuram - 695 033
Tel: 0471 2301221, Fax: 0471 2307490

Res : T.C. No. 14/503, Pothujanam Lane,
Kumarapuram, Thiruvananthapuram-695 011.
Tel: 0471 255 2221.

'Thripthi', Thripthi Lane,
S.A. Road, Cochin - 682016.
Tel: 0484 2323611, 0484 2323688
Mobile: 94470 90105,
e-mail: koshyjb@yahoo.com

MESSAGE

സന്ദേശം

പുണ്യശ്ലോകനായ പുത്തൻകാവിൽ കൊച്ചുതിരുമേനി എന്നറിയപ്പെടുന്ന പീലക്സിനോസ് തിരുമേനിയെക്കുറിച്ചുള്ള സ്മരണിക പ്രസിദ്ധീകരിക്കുന്നതിൽ വളരെയേറെ സന്തോഷമുണ്ട്. അതിന്റെ പിന്നിൽ പ്രവർത്തിക്കുന്നവർക്കെല്ലാം ആദ്യമായി എന്റെ അഭിനന്ദനങ്ങൾ.

തിരുമേനി സ്ഥാപിച്ച പുത്തൻകാവ് മെത്രോപ്പോലീത്തൻ ഹൈസ്കൂളിൽ (ഇപ്പോൾ ഹയർ സെക്കണ്ടറി സ്കൂൾ) പഠിച്ച എനിക്ക് തിരുമേനിയോടുള്ള കടപ്പാട് വളരെയേറെയാണ്. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽ വികസന പ്രവർത്തനങ്ങൾക്ക് കാര്യമായ അടിസ്ഥാനമിട്ടത് അദ്ദേഹമാണ്. കാട് പിടിച്ചുകിടന്ന പത്തനംതിട്ടയിലെ മാക്കാംകുന്നിൽ സ്കൂളും കോളേജും മറ്റും ആരംഭിച്ച് ഇന്നൊരു ജില്ലയുടെ തലസ്ഥാനമാക്കിയതിന്റെ പിന്നിൽ അദ്ദേഹത്തിന്റെ ദീർഘവീഷണം ആണ്. ആറാട്ടുപുഴ, നീർവിളാകം, കോയിപ്രം, ഇടനാട് തുടങ്ങിയ സ്ഥലങ്ങളിലെല്ലാവർക്കും തിരുമേനി സ്ഥാപിച്ച പുത്തൻകാവ് ഹൈസ്കൂൾ വിദ്യാഭ്യാസം ലഭ്യമാക്കി. പല സ്കൂളുകളുടെയും സ്ഥാപനം കുട്ടികളുടെ ഭാവിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ചിന്ത പ്രതിഫലിക്കുന്നു. ദീർഘവീക്ഷണവും ജാതിമതഭേദമെന്യേ കുട്ടികളുടെ ഭാവിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ താൽപര്യവും വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടും പ്രസ്താവ്യമാണ്. തിരുമേനിയുടെ പ്രസംഗങ്ങൾ ആരെയും പ്രചോദിപ്പിക്കുന്നതായിരുന്നു. പ്രസംഗപാടവം അദ്ദേഹത്തിന്റെ ഒരു വലിയ മുതൽക്കൂട്ടായിരുന്നു. ഇന്നും ഏതെങ്കിലും പ്രധാന സ്ഥലത്ത് പ്രസംഗിക്കുവാൻ പോകുമ്പോൾ ഞാൻ അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത തേടാറുണ്ട്. തിരുമേനിയുടെ മാധുര്യമേറുന്ന ആരാധന സഭയെ മുഴുവൻ കോരിത്തരിപ്പിക്കുന്നതായിരുന്നു. സഭയോടുള്ള കൂറ് വളരെ അടിയുറച്ചതായിരുന്നു. കാതോലിക്കാ സിംഹാസനത്തിന്റെ ഏറ്റവും വലിയ കാവൽ ഭടനായിരുന്നു. അദ്ദേഹം രചിച്ച ആരാധനാ ഗീതങ്ങൾ അദ്ദേഹത്തിന്റെ കവിത്വത്തേയും വിശ്വാസസത്യങ്ങളിലുള്ള അഗാധപാണ്ഢിത്യത്തെയും സൂചിപ്പിക്കുന്നു. അന്നത്തെ ചെറുപ്പക്കാർക്ക് തിരുമേനി ഒരു വലിയ പ്രചോദനമായിരുന്നു. എന്റെ ജ്യേഷ്ഠസഹോദരൻ തെയോഫോറസ് റമ്പാച്ചൻ ഉൾപ്പെടെ ഉള്ളവരുടെ ഗുരുനാഥനായിരുന്നു. സ്വന്തം തലയിൽ ചുമടെടുത്ത്, ആഹാരം പോലും വെടിഞ്ഞ് വികസന കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിച്ചിരുന്ന അദ്ദേഹം ഒരു വലിയ അദ്ധ്വാനശീലൻ ആയിരുന്നു. ആരോഗ്യം വെടിഞ്ഞും സഭയെ സ്നേഹിച്ച ആത്മാർത്ഥത അദ്ദേഹത്തിന്റെ വാക്കിലും പ്രവർത്തിയിലും നിഴലിച്ചിരുന്നു. പ്രചോദനമേറുന്ന വാക്കുകൾ മാത്രമല്ല വാക്കുകൾ പ്രവർത്തിയിലൂടെ കാണിച്ച് സമൂഹത്തിന് മാതൃകയായിരുന്ന ഒരു മഹൽ വ്യക്തിയായിരുന്നു തിരുമേനി. വിശ്വാസകാര്യങ്ങളിലുള്ള തീഷ്ണതയും സഭയുടെ ചരിത്രവും വിശ്വാസവും മാത്രമല്ല. പൊതുവിജ്ഞാനവും അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലൂടെയും കൃതികളിലൂടെയും നമുക്ക് ദർശിക്കാവുന്നതാണ്. സമൂഹത്തിന് മാതൃകയായിരുന്ന അദ്ദേഹത്തിന്റെ പ്രാർത്ഥന ഏവർക്കും പ്രയോജനമാകട്ടെയെന്നും അദ്ദേഹത്തിനെക്കുറിച്ച് പ്രസിദ്ധീകരിക്കുന്ന ഈ സ്മരണിക പുതുതലമുറയ്ക്ക് പ്രചോദനമായി തീരട്ടെ എന്നും ആശംസിക്കുന്നു.

പ്രാർത്ഥനകളോടെ,

ജസ്റ്റിസ് ബെഞ്ചമിൻ കോശി

www.manoramaonline.com

Malayala Manorama

Mammen Mathew
Chief Editor

P B No. 26, Kottayam 686 001, Kerala India
Phone: +91-481-2563646, Fax: + 91-481-2565610
E-mail: mammenmathew@manorama.com

സന്ദേശം

MESSAGE

പുത്തൻകാവ് കൊച്ചുതിരുമേനിയെപ്പറ്റി പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ 'കാതോലിക്കേറ്റ് രത്നദീപം എന്ന പേരിൽ സുവനീർ പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ ഏറെ സന്തോഷിക്കുന്നു.

ഇടയ ദൗത്യത്തിന്റെ ലാളിത്യവും എളിമയും, മുഖമുദ്രയാക്കിയ ആത്മീയാചാര്യന്മാരിൽ അഗ്രിമ സ്ഥാനത്താണ് പുത്തൻകാവ് കൊച്ചുതിരുമേനി എന്നറിയപ്പെടുന്ന ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത. കർമവൈവിധ്യം കൊണ്ടും നേതൃഗുണം കൊണ്ടും ജീവിത വിശുദ്ധികൊണ്ടും സഭയ്ക്കും ഒപ്പം സമൂഹത്തിനും മാർഗ്ഗദീപമായിരുന്നു അദ്ദേഹം.

എന്റെ പിതാമഹൻ, മലയാള മനോരമയുടെ മുഖ്യ പത്രാധിപരായിരുന്ന കെ.സി. മാമ്മൻ മാപ്പിളയുമായി അദ്ദേഹത്തിനുണ്ടായിരുന്ന സൗഹൃദം കാലം മായ്ക്കാത്തതാണ്. സഭാ പ്രവർത്തനത്തിനും സാമൂഹിക സേവനത്തിനും വിദ്യാഭ്യാസസ്ഥാപനങ്ങൾ പടുത്തുയർത്തുന്നതിനും ഇരുവരും തോളോടു തോൾ ചേർന്നു നിന്ന കാര്യം സഭാ ചരിത്രത്തിന്റെ ഏടുകളിൽ ത്തന്നെയുണ്ട്.

കൊച്ചുതിരുമേനിയുടെ മാതൃകാ ജീവിതം പുതുതലമുറയ്ക്കു പ്രചോദനമേകാൻ ഈ സുവനീർ കാരണമാകട്ടെ എന്നു ഞാനാശംസിക്കുന്നു.

മാമ്മൻ മാത്യു
ചീഫ് എഡിറ്റർ, മലയാള മനോരമ

21-03-2014

कोडिकुन्नील सुरेष
KODIKUNNIL SURESH

श्रम एवं रोजगार राज्य मंत्री
भारत सरकार
नई दिल्ली
MINISTER OF STATE FOR
LABOUR & EMPLOYMENT
GOVERNMENT OF INDIA
NEW DELHI

सत्यमेव जयते

മാർച്ച് 04, 2014

M E S S A G E

സന്ദേശം

പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ ആഭിമുഖ്യത്തിൽ 1951 ഏപ്രിൽ 17 ന് കാലം ചെയ്ത തുമ്പമൺ ഭദ്രാസനാധിപനായിരുന്ന പുത്തൻകാവിൽ ഗീവർഗ്ഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തയുടെ സമസ്ത ജീവിത ചരിത്രവും അപൂർവ്വ ചിത്രങ്ങളും അനേക ലേഖനങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് കാതോലിക്കേറ്റ് രത്നദീപം എന്ന പേരിൽ ഒരു സുവനീർ പ്രസിദ്ധീകരിക്കുന്നുവെന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട് പല തവണ കൊച്ചുതിരുമേനിയുടെ പുത്തൻകാവിലെ കബറിടം ഞാൻ സന്ദർശിച്ച് അനുഗ്രഹം നേടിയിട്ടുണ്ട്.

പ്രസ്തുത സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

ആശംസകളോടെ

കൊടിക്കുന്നിൽ സുരേഷ്

"बाल श्रम रोकें" "STOP CHILD LABOUR"

104, Shram Shakti Bhawan, New Delhi-110119
Phone : 23325635, 23708179 TeleFax : 23766326

P. C. VISHNUNADH
(CHENGANNUR)
MEMBER
KERALA LEGISLATIVE ASSEMBLY

PAINUMMOOTTIL
PUTHENCAVU P.O.
CHENGANNUR
PIN-689 123

PHONE :
RES. : 0479-2145750
OFFICE : 0471-2512237
MOBILE : 9446836006

FLAT No. 702, CHANDRAGIRI BLOCK
M. L. A. HOSTEL
THIRUVANANTHAPURAM
E-mail : pcvishnunadh@gmail.com

CAMP ചെങ്ങന്നൂർ

DATE ....

സന്ദേശം

MESSAGE

പ്രിയപ്പെട്ട എഡിറ്റർ,

പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ജീവചരിത്രം ഉൾപ്പെടുത്തിക്കൊണ്ട് "കാതോലിക്കേറ്റ് രത്നദീപം" എന്ന പേരിൽ ഒരു സുവനീർ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു. ആദ്യമായി ചെങ്ങന്നൂരിൽ എത്തിയപ്പോൾ താമസിക്കാൻ നിയോഗം ലഭിച്ചത് പുത്തൻകാവിലായിരുന്നു. അന്നുമുതൽ പുത്തൻകാവിൽ കൊച്ചുതിരുമേനിയെക്കുറിച്ചുള്ള അത്ഭുതാദരങ്ങൾ നിറഞ്ഞ ഒട്ടേറെ സംഭവങ്ങൾ മനസ്സിലാക്കുവാൻ കഴിഞ്ഞു; അദ്ദേഹത്തിന്റെ ത്യാഗവും എളിമയും, പാവങ്ങളോടുള്ള പ്രതിബന്ധതയും മനസ്സിലാക്കുവാൻ കഴിഞ്ഞു. ആദ്യത്തെ തിരഞ്ഞെടുപ്പിൽ മത്സരിക്കുവാനൊരുങ്ങിയപ്പോൾ കൊച്ചുതിരുമേനിയുടെ കബറിങ്കൽ പോയി ഉള്ളുതുറന്നു പ്രാർത്ഥിച്ചിരുന്നു. വിജയത്തിനുശേഷം നന്ദി പറയുവാനും അവിടെയെത്തി. പിന്നീടു വീണ്ടും പലതവണ ജീവിതത്തിൽ പ്രയാസങ്ങളും സന്തോഷങ്ങളും ഉണ്ടായ അവസരങ്ങളിലെല്ലാം ആ സന്നിധിയിൽ എത്തുവാൻ കഴിഞ്ഞു. കൊച്ചുതിരുമേനിയുടെ ജീവിതം പുതിയ തലമുറയ്ക്ക് പ്രചോദനവും ആത്മവിശ്വാസവും നൽകുമെന്നതുകൊണ്ട് ഈ നന്മയ്ക്ക് എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ.

പി.സി.വിഷ്ണുനാഥ്

1951 -ൽ പ്രസിദ്ധീകരിച്ച 'മാർ പീലക്സിനോസ്' സുവിനീറിലെ ആശംസകൾ

ശ്രീ.ചിത്തിര തിരുനാൾ മഹാരാജാവിന്റെ സന്ദേശം

His Highness has been grieved to receive your telegram about the sad demise of Most Rev. Mar Philexinos Metropolitan of Thumpamon and I am commanded to convey to you and his family His Highness' sincere condolence.

Secretary
His Highness Raj Pramukh.

MESSAGE

Ootacamund
19-05- 1951

Governor of Bombay
Government House

I am very sorry to know of the premature demise of the Rt. Rev: Mar Philiexinos. His departure is a blow not only to the Orthodox Syrian Church but to the whole Christian Churches in India. Many also who are not Christians will mourn his decease. From what I have heard, the late Philexinos was a man of piety, learning and culture. I trust that his good example will be widely followed.

Maharaja Singh
Governor of Bombay



G.V. Mavlankar

G.V. Mavlankar
(Speaker)
Indian Dominion
Paliament

New Delhi
16-5-1951

I was very sorry to learn from your letter of the 14th instant the premature and unexpected worldly departure of His Holiness Mar Philexinos. I believe, I had the privilege and the pleasure of meeting His Holiness when I visited South India in January 1950. In him the Jacobite Syrian Christian Community of Kerala have lost a trusted friend and guide. May God give his soul peace.

Yours Sincerely

(Signed)

MESSAGE



All India Congress Committee
7, Jantar Mantar Road
New - Delhi

With reference to your letter No: T P 5647 dated the 21st ultimo. I offer my respectful Shraddhanjali to the memory of H.H. Mar Philexinos late Bishop of the Jacobite Syrian Christian Community of Kerala. I was in Kerala at the time of his demise and I was able to see how greatly he was respected by the Community.

Yours sincercly
Purushottamdas Tandon.
(President)

C. Kesavan
Chief Minister

Cliff House
Trivandrum
19th May 1951

I am glad to hear about the proposal to publish a souvenir in memory of Most Rev. Mar Philexinos, M.A., B.D. The idea to commemorate the services of an eminent ecclesiastic, is surely laudable. I wish the venture success and hope the publication would be really worthy of the departed.

Yours sincerely
(Signed)

MESSAGE

ദൈവകൃപയാൽ

ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

പ്രിയരെ,

കാലംചെയ്ത മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ സ്മാരകമായി ഒരു സുവനീർ നിങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നു എന്നറിയുന്നതിൽ നമുക്കും വളരെ സന്തോഷമുണ്ട്.

വിദേശിയരുടെ ആക്രമണംകൊണ്ടും, ബുദ്ധിശൂന്യമായ അഭ്യന്തരകലഹത്താലും കാതലായ വിശ്വാസമർമ്മങ്ങളെപ്പറ്റിയുള്ള അജ്ഞതമൂലവും, ഗഹനമായ വിശ്വാസസത്യങ്ങളെക്കുറിച്ചുള്ള സംശയം ഹേതുവായും, ക്രിസ്തീയജീവിതമാന്ദ്യതമൂലവും ഉണ്ടായിക്കൊണ്ടിരിക്കുന്ന കൊടുങ്കാറ്റുകൊണ്ട് നട്ടംതിരിയുന്ന മലങ്കര സുറിയാനിസഭയ്ക്ക് ഒരു തൂണായി നിന്നിരുന്ന പണ്ഡിതകേസരിയും, പ്രസിദ്ധ വാഗ്മിയും, ഏതൊരു ഹൃദയത്തേയും ശസ്ത്രക്രിയ ചെയ്യത്തക്ക വിശ്രുത പ്രസംഗിയും, ദീർഘദൃഷ്ടിയും, സംസ്ക്കാരസമ്പന്നനും, സഭാസമാധാനത്തിനുവേണ്ടി തീവ്രയത്നം ചെയ്തയാളും, സഭാംഗങ്ങൾ എല്ലാവരുടെയും പ്രതീക്ഷാവിഗ്രഹവും, തുമ്പമൺ മഹാഇടവകയുടെ മാതൃകായോഗ്യനായ ഭരണാധികാരിയും, പരിചിതന്മാർക്കെല്ലാം സുഹൃത്തുമായ നി.വ.ദി. ശ്രീ. മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ അപ്രതീക്ഷിത നിര്യാണംമൂലം മലങ്കരസഭയുടെ മഹാപിതാവായ പരിശുദ്ധ കാതോലിക്കാബാവാ തിരുമേനിക്കും പ്രത്യേകിച്ച്, തുമ്പമൺ ഇടവകയേയും, മലങ്കരസഭയിൽപ്പെട്ട എല്ലാവരെയും ഒരുപോലെ അപരിഹാര്യദുഃഖസാഗരത്തിൽ നിമഗ്നരാക്കിയതിനാൽ, ആബാലവൃദ്ധം എല്ലാവരുടെയും അകമലർ ചുട്ടു നീറിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ, ദിവംഗതനായ വന്ദ്യതിരുമേനിയോടുള്ള സ്നേഹാദരവിന്റെ ഫലമായി സമാശ്വാസം നൽകുന്നതിന് വാത്സല്യമക്കളായ നിങ്ങളെ പ്രേരിപ്പിച്ച സമുദായസ്നേഹത്തേയും, പിതൃഭക്തിയേയും, പ്രീതിവാത്സല്യത്തേയും ഔദാര്യചിത്തത്തേയും നാം ഏറ്റം ശ്ലാഘിക്കുന്നു.

സമാധിയടഞ്ഞ പിതാവിന്റെയും നിങ്ങളുടെ സ്നേഹാദരവുകൾക്ക് അർഹന്മാരായ പരേതരും, സജ്ജീവരുമായ എല്ലാ പിതാക്കന്മാരുടേയും പ്രാർത്ഥനയാൽ സർവ്വേശ്വരൻ നിങ്ങൾക്ക് ഉദ്ദിഷ്ടനിർവ്വാഹണത്തിനും, മറ്റെല്ലാ നന്മക്കും, എല്ലാവിധത്തിലും സഹായിച്ചനുഗ്രഹിക്കട്ടെ.

എന്ന്, 1951 മെയ് 25 – ൧ം തീയതി മൂവാറ്റുപുഴ

മെത്രാസന അരമനയിൽ നിന്നും

ഒപ്പ്

ഔഗേൻ മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത

പിന്നീട് മലങ്കരയയുടെ നാലാം കാതോലിക്കയായി

കുര്യാക്കോസ് മാർ ഗ്രീഗോറിയോസ് (പാമ്പാടി തിരുമേനി) മെത്രാപ്പോലീത്ത

ദൈപകൃപയാൽ

കോട്ടയം ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

പ്രിയരെ

നമ്മുടെ പ്രിയ സഹോദരനും, മലങ്കര സുറിയാനു സഭയിലെ ഒരു അഭിവന്ദ്യ നേതാവും, കർമ്മകുശലനും ആയിരുന്ന മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ അകാലികവും, ആകസ്മികവുമായ വേർപാടിൽ കുന്നംകുളം ഓർത്തഡോക്സ് സുറി യാനി സഭാംഗങ്ങളായ നമ്മുടെ ആത്മീയ മക്കൾക്കുള്ള സീമാതീതമായ സന്താപത്തേയും, അദ്ദേഹത്തോടുള്ള ഭക്ത്യാദരവുകളേയും പ്രകടിപ്പിക്കുമാറ്, നിങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന സ്മാരക ഗ്രന്ഥത്തിന് സകല ഭാവുകങ്ങളും നാം ആശംസിച്ചുകൊള്ളുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

എന്ന്, 1951 ജൂൺ 2

പാമ്പാടി മാർ കുറിയാക്കോസ്

ദയറായിൽ നിന്നും

ഒപ്പ്

MESSAGE

ബിഷപ്പ് സി.കെ. ജേക്കബ്

(1886 – 1957)

സി. എസ്. ഐ. ബിഷപ്പ് (1947–1957) സി.കെ. ജേക്കബ് പുത്തൻകാവിൽകൊച്ചുതിരുമേനിയുടെ ഉറ്റസ്നേഹിതനായിരുന്നു.

Rt. Rev. C.K. Jacob
Bishop

Bishop's House
Kottayam
19th May 1951

I am glad that the Orthodox Syrian Progressive Party is publishing a Souvenir as a mark of respect to the late Mar Philexinos, Metropolitan of Thumpamon, who was called home for higher service. The late Bishop was a man of liberal views generous outlook and able statesmanship. In him the Church has lost a profound scholar, a wise leader and a kind Father in God. The progressive party cannot do anything better to show their regard for the late Bishop than work for the establishment of peace in the Church, which the late Bishop longed for.

(Sd)
Bishop in Central Travancore

മാത്യൂസ് മാർ അത്തനാസിയോസ് എപ്പിസ്കോപ്പാ

1937–ൽ മാർത്തോമ്മ സഭയുടെ എപ്പിസ്കോപ്പയായി വാഴിക്കപ്പെട്ട തിരുമേനിപുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ ആത്മമിത്രമായിരുന്നു. ചെങ്ങന്നൂർ ഒലിവറ്റ് അരമന ഉൾപ്പെടെ നിരവധി സ്ഥാപനങ്ങളുടെ സ്ഥാപകനാണ്. 1973–ൽ കാലം ചെയ്തു.

മാത്യൂസ് മാർ അത്താനാസ്യോസ് തിരുമനസ്സിൽ നിന്നും

എന്റെ ഒരു ഉത്തമസ്നേഹിതനും, സതീർത്ഥ്യനുമായിരുന്ന മാർ പീലക്സിനോസ് മെത്രാപ്പോലീത്താ കാലം ചെയ്ത ദുഃഖവാർത്ത നിറഞ്ഞ കണ്ണുകളോടുകൂടെയത്രേ ഞാൻ വ്യാഴാഴ്ച സന്ധ്യയ്ക്ക് ഊട്ടിയിൽ വെച്ച് കേട്ടത്. മലയാളമനോരമയുടെ വജ്രജൂബിലി മഹോത്സവദിനത്തിൽ ഞങ്ങൾ ഒരു പ്ളാറ്റ്ഫോറത്തിൽ ദീർഘസമയം ഒരുമിച്ചിരുന്നു. ഒടുവിൽ യാത്രപറഞ്ഞ് ഞാൻ നീലഗിരിക്ക് പോരുമ്പോൾ, ഞാനോ അന്ന് ആ മഹാസദസ്സിൽ കൂടിയിരുന്ന ആയിരക്കണക്കിലുള്ള ജനങ്ങളോ ഈ വന്ദ്യതിരുമേനി നമ്മോടെല്ലാം ഇത്ര വേഗം യാത്രപറഞ്ഞ് പിരിയുമെന്ന് ആരു വിചാരിച്ചു. തിരുമനസ്സുകൊണ്ട് സെറാംപൂരിൽ പഠിക്കുന്ന കാലം മുതൽ ഞങ്ങൾ ആത്മസുഹൃത്തുക്കളത്രെ. ചെങ്ങന്നൂരിൽ ഞങ്ങളുടെ അടുത്തുള്ള താമസവും, കൂട്ടായ്മയും ഏറ്റവും സന്തോഷകരമായിരുന്നു.

ഒരു വിശാലഹൃദയനും, നിരന്തരപരിശ്രമശീലനും, സഭയുടെ ഉന്നമനത്തിനും, ഐക്യത്തിനുംവേണ്ടി അക്ഷീണപ്രയത്നം ചെയ്തുകൊണ്ടിരുന്ന ദേഹവുമായിരുന്ന തിരുമനസ്സിലെ ദേഹവിയോഗം മലങ്കരസുറിയാനി സഭയ്ക്ക് ഒരു അപരിഹാര്യമായ നഷ്ടമത്രെ. അദ്ദേഹത്തിന്റെ വേർപാട് എനിക്ക് വ്യക്തിപരമായിട്ടുതന്നെ ഒരു വലിയ നഷ്ടമാണ്.

MESSAGE

തോമ്മാ മാർ ദീവന്നാസ്യോസ്
മെത്രാപ്പോലീത്ത

ദൈവകൃപയാൽ

നിരണം മുതലായ ഇടവകകളുടെ തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

പ്രിയരെ,

കാലം ചെയ്ത നമ്മുടെ പിതാവായ മാർ പീലക്സിനോസ് മെത്രാപ്പോലീത്ത തിരുമനസ്സിലെ സ്മാരകാർത്ഥം ദൈവേഷ്ടത്താൽ ആ അഭിവന്ദ്യ തിരുമേനി ദേഹവിയോഗം ചെയ്യുന്നതിന് ഇടയായ കുന്നംകുളം ഇടവകയിൽ, അവിടുത്തെ ഓർത്തഡോക്സ് സിറിയൻ പ്രോഗ്രസ്സിവ് പാർട്ടിയുടെആഭിമുഖ്യത്തിൽ പട്ടക്കാരും ജനങ്ങളും ഏകകണ്ഠമായി അദ്ദേഹത്തിന്റെ നാമത്തെ വാഴ്ത്തിക്കൊണ്ട് പ്രസിദ്ധപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന "സുവനീർ" പ്രസ്ഥാനം വളരെ അഭിനന്ദനാർഹമായിരിക്കുന്നു. നിങ്ങളുടെ ഈ ഉദ്യമത്തെ നാം ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു. തിരുമനസ്സിലെ പ്രാർത്ഥന നിങ്ങളേവർക്കും കോട്ടയായിരിക്കട്ടെ. ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ.

എന്ന് 1951 ജൂൺ 7

തൃശ്ശിനാപ്പിള്ളി പൊന്നയ്യാ ഹൈസ്കൂളിൽ നിന്നും

ഒപ്പ്

ജോസഫ് മാർ സേവറിയോസ്
മെത്രാപ്പോലീത്ത

മാർ ഇവാനിയോസ് 1930 സെപ്റ്റംബർ 20 ന് ഓർത്തഡോക്സ് സഭ വിട്ടപ്പോൾ മലങ്കര സഭയിൽ നിരണം ഭദ്രാസനാധിപനായി പുത്തൻകാവിൽ കൊച്ചുതിരുമേനിയോടൊപ്പം സഭയിൽ ഉറച്ച് നിന്നു. 1937 നവംബർ 29-ന് മാർ ഇവാനിയോസിന്റെ സ്വാധീനത്തിൽ സഭ മാറി റീത്ത് പ്രസ്ഥാനത്തിൽ ചേർന്ന് തിരുവല്ല ബിഷപ്പായി. 1955-ൽ കാലം ചെയ്തു.

ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

കാലം ചെയ്ത നി.വ.ദി. ശ്രീ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ സ്മാരകാർത്ഥം ഒരു സുവനീർ പ്രസിദ്ധപ്പെടുത്തുന്നത് വളരെ ശ്ലാഘനീയം തന്നെ. അത് ആ തിരുമേനിയുടെ നാനഗുണങ്ങൾക്കനുയോജ്യമായിരിക്കട്ടെ. നിങ്ങളുടെ പരിശ്രമത്തിന് നാം സർവ്വവിധ വിജയങ്ങളും ആശംസിക്കുന്നു.

കാലം ചെയ്ത കൊച്ചുതിരുമേനിയും നാമും തമ്മിലുള്ള ബന്ധം ഒന്ന് പ്രത്യേകം തന്നെയായിരുന്നു. കോളേജ് വിദ്യാർത്ഥികളായി ഞങ്ങൾ ഒരുമിച്ച് താമസിച്ചിരുന്നു. മേൽപ്പട്ടക്കാരായി ഒരുമിച്ച് ജോലിചെയ്തിരുന്നു. കാര്യങ്ങൾ ചുഴിഞ്ഞറിയുന്നതിനും, ലഘുജീവിതം നയിക്കുന്നതിനും അദ്ദേഹത്തിനുള്ള കഴിവ് അനിതരസാധാരണമായിരുന്നു. അദ്ദേഹത്തിന്റെ അകാലവിയോഗം കേരളക്കരയിലെ ക്രൈസ്തവർക്ക് ഒരു തീരാനഷ്ടം തന്നെ.

"നാം ദൈവസുതന്മാരാവാ-
നായുഷ്കാലത്തിൽ ചൊല്ലി-
ത്തന്നത്താതരെയോർക്കണം
നയവാന്മാർ പുണ്യപ്പെട്ടോ-
രൊന്നിച്ചേകുമവർക്കാശ്വാ-
സംസ്വർഗ്ഗേ പുത്രൻ ദൈവം"

ഈ പ്രാർത്ഥനയിൽ അദ്ദേഹത്തിന്റെ പാവനസ്മരണകൾ ലയിക്കട്ടെ.

ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

തിരുവല്ല
23-05-51
ഒപ്പ്

മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ

ദൈപകൃപയാൽ

മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

പ്രിയരെ

നമ്മുടെ കൊച്ചുമെത്രാച്ചന്റെ അകാലവിയോഗം നമ്മുടെ സഭയ്ക്ക് എത്രയോ വലിയ ഒരു തീരാനഷ്ടമാണ് ! കൂടുതലൊന്നും ഇത്തരുണത്തിൽ പറയുവാൻ തോന്നുന്നില്ല സ്മാരകഗ്രന്ഥം സംബന്ധിച്ചുള്ള നിങ്ങളുടെ പരിശ്രമങ്ങൾക്ക് സകല ഭാവുകങ്ങളും ആശംസിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

എന്ന്, 1951 ജൂൺ 5

വടശ്ശേരിക്കര ബഥനി ആശ്രമത്തിൽ നിന്നും

ഒപ്പ്

ചങ്ങനാശ്ശേരി ബിഷപ്പ്
ഡോ. മാത്യു കാവുക്കാട്ട്

ചങ്ങനാശ്ശേരി ബിഷപ്പ് ഡോ. മാത്യു കാവുകാട്ട് തിരുമനസ്സിൽ നിന്നും

മാർ പീലക്സിനോസ് തിരുമേനി കാലംചെയ്തുവെന്ന വാർത്ത അത്യാഗാധമായ ഹൃദയഭാരത്തോടുകൂടിയാണ് നാം ശ്രവിച്ചത്. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാചരിത്രത്തിൽ പ്രത്യേകമാംവിധം ശോഭനമായ ഒരു സ്ഥാനം കരസ്ഥമാക്കുവാൻ കഴിഞ്ഞിട്ടുള്ള തിരുമേനിയുടെ ഈ വേർപ്പാടുമൂലം സഭയ്ക്ക് നേരിട്ടിരിക്കുന്ന തിരാനഷ്ടത്തിൽ സഭാംഗങ്ങളോടൊപ്പം നാം അനുശോചിക്കുകയും തിരുമേനിയുടെ ആത്മാവിനു നിത്യശാന്തി പ്രാർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

Government of Travancore - Cochin

I was grieved to hear the untimely demise of H. H. Mar Philexinos, M.A, B.D., The Rt: Rev: Bishop of the Jacobite Syriuan Christian Community of Kerala. I can well understand how the Jacobite Syrian Christian Community have been affected by this unfortunate occurrence, but I do hope that the example of his life would enable everyone to sustain this loss with fortitude.

Trivandrum
30-05-51

(Signed)
(K.G. Menon)
Chief Secretary to Government

ബിഷപ്പ് വാൽഷ് (1871–1959)

പുത്തൻകാവ് പള്ളി കൺവൻഷന് നിരവധി തവണ പ്രാസംഗികനായി വന്നിട്ടുണ്ട്. പുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ ആത്മസുഹൃത്തായിരുന്നു.

Bishop Herbert Pakenham Walsh
Christa Sishya Ashram
Tadagam P.O.
Coimbatore Dist,
June 16, 1951

The death at a comparatively early age of Bishop Mar Philexinos is a grievous loss to the Orthodox Syrian Church of Travancore. We who knew him intimately realised that he lived a life of worship and of prayer in very close accord with his beloved Lord and Master, Jesus Christ, and that he had great ambitions for his Church in Travancore, that it should increase in spirituality, and in usefulness not only to its own members but to the advancement of the Kingdom of God throughout India.
He was greatly interested in, and upheld by his constant prayers, our Christa Sishya Ashram at Tadagam (near Coimbatore) which was the first mission field of his Church, and his visits were an inspiration to us all. The more I met him and talked with him the more I loved and admired him. Surely he is still helping his beloved Church by his prayers in Paradise."

(Sd)
H. Pakenham - Walsh

MESSAGE

MESSAGE

മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ ഗീവർഗ്ഗീസ് മാർ കൂറീലോസ് മെത്രാപ്പോലീത്തായിൽ നിന്നും

മഹാശയന്മാരും, മഹാമനസ്കരുമായ സമുദായ സ്നേഹികൾ ആയുസ്സിന്റെ മദ്ധ്യത്തിൽ നമ്മെ വിട്ടുപിരിയുന്നത് ഇതു ആദ്യമായിട്ടല്ല. ഇതിനകത്ത് മറഞ്ഞുകിടക്കുന്ന ദൈവോദ്ദേശം എന്തുതന്നെയായിരുന്നാലും, ആ മഹത്വ്യക്തികൾ ഏതൊരു ഉൽകൃഷ്ടാദർശത്തിനുവേണ്ടി നിലകൊണ്ടുവോ, ആ ഉത്തമാദർശത്തിന്റെ വില ലോകത്തിന്നറിവാൻ ഇടയാക്കുന്നത് ഇത്തരത്തിലുള്ള മരണങ്ങളാണ്. മാർ പീലക്സിനോസ് മെത്രാപ്പോലീത്താ സഭയ്ക്കുവേണ്ടി എന്തെല്ലാം പ്രവർത്തിച്ചുവെന്നത്, അദ്ദേഹം ജീവനോടിരിക്കുമ്പോൾ അധികം പേരും അറിഞ്ഞിരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ മരണാനന്തരമാണ് അദ്ദേഹം സഹിച്ച ക്ലേശങ്ങളും, ത്യാഗങ്ങളും എന്തെല്ലാമാണെന്ന് അധികംപേർക്കും അറിവാനിടയായത്. അതുകൊണ്ട് ആ പുണ്യാത്മാവിന്റെ മരണം അദ്ദേഹം ആരംഭിച്ച വേലയെ പൂർത്തിയാക്കുവാൻ നിങ്ങളെ ഉൽബോധിപ്പിക്കയാണ് ചെയ്യുന്നത്. സുപ്രസിദ്ധ ശാസ്ത്രജ്ഞനായ തോമസ് ആൽവാ എഡിസൺ-ന്റെ ശിഷ്യന്മാരിലൊരുവൻ ആഫ്രിക്കയുടെ ഘോരവനങ്ങളിൽ ഗവേഷണം നടത്തിക്കൊണ്ടിരിക്കെ സാംക്രമികരോഗം പിടിപെട്ടു അകാലമൃത്യുവിനിരയായപ്പോൾ ആ സ്നേഹിതന്റെ ജോലി പൂർത്തിയാക്കുവാൻ 12 പേരാണ്. സധൈര്യം ഇറങ്ങിപുറപ്പെട്ടത്. ഇതുപോലെ മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ വിയോഗം കുന്നംകുളത്തും, പരിസരങ്ങളിലുമുള്ള ബിരുദധാരികളായ യുവാക്കന്മാരെ സമുദായസേവനാർത്ഥം ഇറങ്ങിപ്പുറപ്പെടുവാൻ ഇടയാക്കുമെന്ന് നാം വിശ്വസിക്കട്ടെ. അല്ലെങ്കിൽ അദ്ദേഹം ഇവിടെവെച്ചു മരിച്ചതെന്തിന്? അദ്ദേഹത്തിന്റെ മരണം നിങ്ങളോടുള്ള ഒരു ആഹ്വാനമാണ്. "കൊയ്ത്തു വളരെയുണ്ടു വേലക്കാരോ ചുരുക്കം"

സഭയ്ക്കുവേണ്ടി പ്രവർത്തിച്ച്, പ്രസംഗിച്ച് മരിച്ച ആ പുണ്യാത്മാവ് ശുദ്ധമുള്ള പൗലോസ്ശ്ലീഹാ നമ്മെ അറിയിച്ചതും, ബലിപീഠത്തിൽ മടഞ്ഞുവെച്ചതുമായ ആ വാടാത്ത കിരീടത്തിന് യോഗ്യനായിത്തീരട്ടെയെന്ന് നാം പ്രാർത്ഥിക്കുന്നു.

തൊഴിയൂർ
06-06-51

എന്ന് തൊഴിയൂർ ഭദ്രാസനപള്ളിയിൽ നിന്നും

ഒപ്പ്


നമ്പർ.

The Orthodox Syrian Church of The East

ശ്ലീഹായിക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ ...

ഗീവറുഗീസായ മോറാൻ മാർ ബസ്സേലിയോസ്സ് കാതോലിക്കാ

പുത്തൻകാവിൽ കൊച്ചുതിരുമേനിയെ പുത്തൻകാവ് പള്ളിയിൽ കബറടക്കണമെന്ന പരിശുദ്ധ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്ക ബാവായുടെ കൽപന

സുറിയാനിക്രിസ്ത്യാനികളുടെ
നമസ്കാരക്രമം
കാലിക്കോ കവർ
വില രൂപാ 1—12—0
മലയാളമനോരമ സെയിൽസ്
ഡിപ്പോ—കോട്ടയം

R. No. T. 52.M.4966 ലക്കം 4 അണ 1

മലയാള മനോരമ

The Malayala Manorama Established in 1888

Vol. LIV No. 91 18th April 1951 കോട്ടയം 1126 മേടം 5 ബുധൻ

ബംഗാൾ ബൾബുകൾ
ഉപയോഗിപ്പിൻ
Area Distributors for Travancore Cochin & Malabar
SOUTH INDIA CORPORATION LTD.,
Broadway, ERNAKULAM.
Inserted by M/s. Bengal Electricals Co., Bangalore 3.

ഇന്നലെ കാലംചെയ്തു

നി.വ.ദി.ശ്രീ.മാർ പീലക്സീനോസു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട്—കുന്നംകുളം വലിയപള്ളിയിൽവച്ച്— ഓർത്തഡോക്സ് സുറിയാനിസമുദായത്തിനു നേരിട്ട മഹാനഷ്ടം

[പ്രത്യേക ലേഖകൻ] കോട്ടയം, ഏപ്രിൽ 18

മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ തുമ്പമൺ ഇടവക മെത്രാപ്പോലീത്താ യായ നി. വ. ദി. ശ്രീ. മാർ പീലക്സീനോസ് തിരുമനസ്സുകൊണ്ട് ഇന്നലെ കാലത്തു പത്തേകാൽമണിക്കു ഹൃദയസ്തംഭനംമൂലം കുന്നംകുളം വലിയപള്ളിയിൽവച്ചു കാലംചെയ്ത വിവരം ഏത്രയുംവ്യസനസമേതം അറിയിച്ചുകൊള്ളുന്നു.

[ഇന്നലെ ഉച്ചകഴിഞ്ഞ് ഈ സന്താപവാർത്ത കമ്പി മൂലം പഴയസിമ്മനാരിയിൽ അറിവുകിട്ടിയ ഉടൻതന്നെ മലയാള മനോരമ ഒരു അവശേഷം അച്ചടിച്ചു ടൌണിൽപ്രസിദ്ധപ്പെടുത്തുകയുണ്ടായി.]

ഇന്നലെ രാവിലെ തിരുമേനി ആലസ്യ വിധേയനായിരിക്കുന്ന വിവരത്തിനു കമ്പി ലഭിച്ച ഉടനെ പഴയ സിമ്മനാരി മാനേജർ റവ. ഫാദർ ററി. സി. ജേക്കബും, റവ. ഫാദർ മണലിൽ ജേക്കബും കാറിൽ മൂവാററുപുഴയെത്തി നി. വ. ദി. ശ്രീ മാർ തീമോത്തിയോസ് തിരുമേനിയുമൊരുമിച്ചുകുന്നംകുളത്തിനു പുറപ്പെട്ടു. രണ്ടു മണിക്കൂർ കഴിഞ്ഞശേഷമാണു സന്താപകരമായ ഈ കമ്പിസന്ദേശം ലഭിച്ചതു്.

കബറടക്കശുശ്രൂഷ ഇന്ന് ഒരുമണിക്കു പുത്തൻകാവ് ഓർത്തഡോക്സ് സുറിയാനിപ്പള്ളിയിൽവച്ചു നടത്തപ്പെടുന്നു

അതിൽ എല്ലാവരും സംബന്ധിക്കണമെന്ന് നി. വ. ദി. മ. ശ്രീ കാതോലിക്കാ ബാവാ തിരുമനസ്സിലെ കല്പന

കോട്ടയം, ഏപ്രിൽ 17

നി. വ. ദി. മ. ശ്രീ ബസേലിയോസ് കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു പഴയസിമ്മനാരിയിൽനിന്നു താഴെ കാണുന്ന കല്പന പുറപ്പെടുവിച്ചിരിക്കുന്നു.—

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളിക്കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്,

പ്രിയരെ,

തുമ്പമൺ ഇടവകയുടെ മാർ പീലക്സീനോസ് മെത്രാപ്പോലീത്താ ഇന്നു രാവിലെ പത്തേകാൽമണിക്കു കുന്നംകുളം പള്ളിയിൽവച്ചു കർത്താവിൽ നിദ്ര പ്രാപിച്ച വിവരം വ്യസനസമേതം നിങ്ങളെ നാം അറിയിച്ചുകൊള്ളുന്നു. കബറടക്കശുശ്രൂഷ നാളെ ഒരു മണിക്കു പുത്തൻകാവ് ഓർത്തഡോക്സ് സുറിയാനിപ്പള്ളിയിൽ വച്ചു നിർവഹിക്കുന്നതിനു നിശ്ചയിച്ചിരിക്കയാൽ നിങ്ങളെല്ലാവരും അതിൽ വന്നു സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കയും മെത്രാച്ചന്റെ ആത്മശാന്തിക്കു വേണ്ടി പ്രാർത്ഥിക്കയും അദ്ദേഹത്തിന്റെ പ്രാർത്ഥനയിൽ അഭയം പ്രാപിക്കയും ചെയ്യണമെന്നു നിങ്ങളെ നാം ഓർപ്പിക്കുന്നു. ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ.

സഭയ്ക്കു് തിരുമേനി ഒരു കെടാവിളക്കായി ശോഭിച്ചിരുന്നു. സുവിശേഷ ഘോഷണനേതൃത്വം പ്രഥമമായി ഏറെറടുത്തുകൊണ്ട്, തിരുമേനി പല സന്ദർഭങ്ങളിലായി ചെയ്തിട്ടുള്ള ബഹുസഹസ്രം പ്രഭാഷണങ്ങൾ ക്രൈസ്തവസഭയ്ക്കു് എന്നെന്നും അഭിമാനകരമായ ഒരു അമൂല്യനിധിയായി വിലമതിക്കപ്പെടുമെന്നുള്ളതിനു സംശയമില്ല. വേദപുസ്തകഭാഗങ്ങളെയും, അവയിൽ അന്തർഭവിച്ചിരിക്കുന്ന അനർഘതത്വങ്ങളെയും അടിസ്ഥാനപ്പെടുത്തി സാമാന്യജനങ്ങൾക്കു മനസ്സിലാകത്തക്കവണ്ണം ലളിതസുന്ദരമായ വിശദീകരണങ്ങളും പ്രഭാഷണങ്ങളും നൽകിക്കൊണ്ടിരുന്ന ഒരു പണ്ഡിതാഗ്രേസരൻ ആധുനിക സുറിയാനിസഭയിൽ വേറെ അധികം ഉണ്ടായിട്ടില്ല. ഇന്നത്തെ സുറിയാനിസഭാ ഐക്യത്തിൽ അവസാനിച്ചിരിക്കുന്ന കാര്യത്തിൽ തിരുമനസ്സുകൊണ്ട് ആദ്യന്തം നടത്തിയിട്ടുള്ള നിസ്വാർത്ഥവും ഏററവും ആത്മാർത്ഥവുമായ തീവ്രശ്രമങ്ങൾ സുറിയാനിസഭയുടെ ചരിത്രത്തിൽ എന്നെന്നും അവിസ്മരണീയമായി നിലനിൽക്കുന്നതാണ്.

സിറിയൻക്രിസ്ത്യൻ കോൺഗ്രസ്സു സമ്മേളനംമാററിവച്ചു

ചെങ്ങന്നൂർ ഏപ്രിൽ 17

സിറിയൻ ക്രിസ്ത്യൻ കോൺഗ്രസ്സു പ്രസിഡണ്ടു ഡോ. സി. ററി. ഈപ്പൻ എഴുതുന്നതു്.—

പ്രസ്തുത കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 18–ാനു- ഇൻഡ്യൻ കോൺസ്ററിറ്റ്യുവൻറു അസംബ്ളി വൈസ് പ്രസിഡണ്ടായിരുന്ന ഡോ. എച്ച്. സി. മുക്കർജിയുടെ അദ്ധ്യക്ഷതയിലും കോൺഗ്രസ്സ് പ്രസിഡണ്ടു ടണ്ഡൻജിയുടെ സാന്നിദ്ധ്യത്തിലും നടത്താനിരുന്ന സർവ്വസമുദായ സൗഹാർദ്ദസമ്മേളനം നി. വ. ദി. ശ്രീ മാർ പീലക്സീനോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ കാലവിയോഗം നിമിത്തം മാററിവയ്ക്കേണ്ടി വന്നതിനാൽ

തിരുവല്ലായിലെ ദുഃഖാചരണം

തിരുവല്ലാ, ഏപ്രിൽ 17

നി.വ.ദി.ശ്രീ മാർ പീലക്സീനോസ് മെത്രാപ്പോലീത്താ തിരുമേനി കാലം ചെയ്തതായി ഇന്നു രണ്ടുമണിക്കു മനോരമാ ഓഫീസിൽ നിന്ന് അറിവു കിട്ടിയ ഉടൻ ഓർത്തഡോക്സ് സഭാ പള്ളികളിൽ കുട്ടമണി അടിക്കയും വിവരമറിഞ്ഞ ഭക്തജനങ്ങൾ കറുത്ത ബാഡ്ജു ധരിച്ചു ദുഃഖം പ്രകടിപ്പിക്കയും ചെയ്തു. (സ്വ. ലേ.)

ചെങ്ങന്നൂരെ ദുഃഖാചരണം

ചെങ്ങന്നൂർ ഏപ്രിൽ 17

നി. വ. ദി. ശ്രീ. മാർ പീലക്സീനോസ് തിരുമേനി കാലം ചെയ്തിരിക്കുന്നതായി ഇന്നു 12 മണിയോടുകൂടി കുന്നംകുളത്തുനിന്ന് ഇവിടെ കമ്പി കിട്ടിയതനുസരിച്ചു സ്ഥലത്തെ യാക്കോബായ–മാർത്തോമ്മാ സമുദായങ്ങളുടെ വക കടകൾ എല്ലാം അടച്ചു ദുഃഖം ആചരിച്ചിരിക്കുന്നു. ഇവിടെ നിന്നു പല പ്രമുഖ വ്യക്തികളും കുന്നംകുളത്തിനു പോയിട്ടുള്ളതായുമറിയുന്നു. (സ്വ. ലേ.)

വി.മൂറോൻകൂദാശ

കോട്ടയം, ഏപ്രിൽ 18

പഴയസിമ്മനാരിയിൽവച്ചു പരിശുദ്ധകാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു മറെറല്ലാ തിരുമേനിമാരുടെയും, റമ്പാന്മാരുടെയും, അനവധി പട്ടക്കാരുടെയും, ശെമ്മാശന്മാരുടെയും സാന്നിദ്ധ്യസഹകരണത്തിൽ നാല്പതാംവെള്ളിയാഴ്ച രാവിലെ വി. മൂറോൻകൂദാശ നടത്തുന്നതാണ്. ഏത്രയും ദീർഘമായ ഒരു ശുശ്രൂഷയായതുകൊണ്ടു രാവിലെ ഏഴുമണിക്ക് ആരംഭിക്കുന്ന മൂറോൻകൂദാശ പന്ത്രണ്ടുമണിക്കു മാത്രമേ അവസാനിക്കയുള്ളൂ. ഭക്തജനങ്ങൾക്കു നിൽക്കുന്നതിനായി ചാപ്പൽപരിസരങ്ങൾ പന്തൽ ഇട്ടുകൊണ്ടിരിക്കുന്നു. രണ്ടായിരം പേർക്കു നിൽക്കത്തക്കവണ്ണമാണു പന്തൽ സജ്ജീകരിക്കുന്നതു്. ശുശ്രൂഷ എല്ലാവർക്കും ശ്രദ്ധിക്കത്തക്ക

കാലംചെയ്തമെത്രാപ്പോലീത്താതിരുമനസ്സിലെ കബറടക്കപരിപാടി

[പ്രത്യേക ലേഖകൻ] പഴയസിമ്മനാരി,[കോട്ടയം] ഏപ്രിൽ 17

മെത്രാപ്പോലീത്താ തിരുമനസ്സിലെ മൃതശരീരത്തെ വഹിക്കുന്ന ആംബുലൻസ്കാർ ഇന്നു വൈകുന്നേരം ഏഴുമണിക്കു കുന്നംകുളത്തുനിന്നു യാത്രപുറപ്പെട്ടിട്ടുള്ളതായി കമ്പി കിട്ടിയിരിക്കുന്നു. ഇന്നു രാത്രി 12 മണിക്കും 2 മണിക്കും മദ്ധ്യേ കോട്ടയത്തു പഴയസിമ്മനാരിയിൽ വന്നു ചേരുമെന്നു പ്രതീക്ഷിക്കുന്നു. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു ക്ഷയരോഗ ശുശ്രൂഷ ഇന്നലെ മുതൽ ആരംഭിച്ചിട്ടുള്ളതിനാൽ ഈ ക്രമം പൂർത്തിയാകാതെ ബാവാ തിരുമേനിക്കു സ്ഥലം വിടാനോ ഇതര കൃത്യങ്ങളിൽ പ്രവേശിക്കാനോ നിവൃത്തിയുമില്ല. അതിനാൽ പുത്തൻകാവു പള്ളിയിൽ വെച്ചു നടക്കുന്ന സംസ്കാരകർമ്മങ്ങളിൽ ബാവാതിരുമനസ്സുകൊണ്ടു [illegible]. പഴയസിമ്മനാരി ചാപ്പലിൽ വെച്ചു ബാവാതിരുമേനിയുടെ കാർമ്മികത്വത്തിൽ ഒരു ചെറിയ ശുശ്രൂഷ നടത്തിയശേഷം എം.ഡി. സിമ്മനാരി ചാപ്പലിലേക്ക് ഉടനെ തന്നെ മൃതശരീരം കൊണ്ടുപോകുന്നതാണ്. അപ്പോൾ മുതൽ നാളെ രാവിലെ എട്ടുമണിവരെ അവിടെവച്ചു സംസ്കാര പ്രാർത്ഥനകളുടെയും പ്രാരംഭ ഭാഗങ്ങൾ നിർവഹിക്കപ്പെടുന്നതാണ്. നാളെ കാലത്തു എട്ടുമണിയോടുകൂടി പുത്തൻകാവു പള്ളിയിലേക്കുള്ള വിലാപയാത്ര എം.ഡി.സിമ്മനാരിയിൽനിന്നു ആരംഭിക്കുന്നതും യാത്രാമദ്ധ്യേ തിരുവല്ലായിൽ കുരിശുകവലവഴി തിരുവല്ലാപുരം പള്ളിയുടെ മുമ്പിലുള്ള കുരിശിന്റെ സമീപത്തും ഉമയാറ്റുകര പള്ളിയുടെ മുൻഭാഗത്തും ഭക്തജനങ്ങളുടെ സ്നേഹബഹുമാനപ്രകടനാർത്ഥം അൽപസമയം താമസിക്കുന്നതും 10 മണിയോടുകൂടി ചെങ്ങന്നൂർ വെച്ചതിൽ ഓമല്ലൂരിൽ എത്തിച്ചേരുന്നതുമാണ്. അവിടെനിന്നു പത്തുമണിക്കു കുരിശു കട മുതലായവയുടെ അകമ്പടിയോടുകൂടി പുത്തൻകാവുപള്ളിയിലേക്കുള്ള വിലാപയാത്ര ആരംഭിക്കുന്നതും 12 മണിക്കു പുത്തൻകാവു പള്ളിയിൽ വെച്ചു കബറടക്കശുശ്രൂഷയുടെ ബാക്കിഭാഗം നിർവഹിക്കപ്പെടുന്നതും മൂന്നുമണിയോടുകൂടി സംസ്കാരകർമ്മം പൂർത്തിയാകുന്നതുമാണ്. കോട്ടയത്തുനിന്നുള്ള വിലാപയാത്രയിൽ സംബന്ധിക്കുന്ന എല്ലാ വാഹനങ്ങളിലും കറുത്തകൊടിയുണ്ടായിരിക്കണമെന്നും ആളുകൾ കറുത്ത ബാഡ്ജ് ധരിച്ചിരിക്കണമെന്നും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

തിരുമേനി തലേദിവസം എഴുതിയ അവസാന കത്ത്

ചൊവ്വാഴ്ച കാലം ചെയ്ത നി.വ.ദി.ശ്രീ. മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു തലേദിവസം (തിങ്കളാഴ്ച) നി.വ.ദി.മ.ശ്രീ.കാതോലിക്കാബാവാ തിരുമനസ്സിലേക്ക് അയച്ച ഹൃദയസ്പർശകമായ ഒരു കത്തിന്റെ പകർപ്പു താഴെ ചേർക്കുന്നു.

"തിരുമനസ്സറിയിക്കുന്നത്",

കുന്നംകുളം സെന്റ് മേരീസ് ചർച്ച് 16—4—51

"ഇന്നുരാവിലെ കോട്ടയത്തേക്കു വരുന്നതിനായി കാറിൽ പുറപ്പെട്ട ഞാൻ മടങ്ങുംകോട്ട ചാപ്പൽവരെവന്നു. എന്നാൽ ഉടനെ വച്ചു നെഞ്ചിന് ഒരു നെഞ്ചുവേദന വന്നതുമൂലം ചാപ്പലിൽ കയറിതാമസിച്ച് ഡോക്ടരെ വരുത്തി മരുന്നുകുടിച്ചു. ഇപ്പോൾ കുറെ ആശ്വാസമുണ്ട്. എന്നിരിക്കിലും കുറഞ്ഞപക്ഷം മൂന്നു ദിവസമെങ്കിലും ഇവിടെ താമസിച്ച് പരിപൂർണ്ണ വിശ്രമം എടുക്കണമെന്നാണ് ഡോക്ടരുടെ നിർദ്ദേശം. അതിനാൽ യാത്രയാകാതെ കുന്നംകുളത്തേക്കു പോരേണ്ടിവന്നു.

മൂറോൻ കൂദാശ സംബന്ധിച്ച് തിരുമനസ്സുകൊണ്ട് അയച്ചിട്ടുള്ള സാധനം ഇവിടെ കിട്ടി. വ്യാഴാഴ്ച വൈകിട്ടത്തേക്ക് കോട്ടയത്തു വന്നു ചേരാമെന്ന് പ്രതീക്ഷിക്കുന്നു."

For Sale One Special Motor Boat with 7 H.P. KELVIN engine and teak wood body with glass windows. size 2½'×5½'. Price Rs. 6500/- or near offer

P THOMAS THOMAS
Banker VELIYANADU P.O

പാഴ്മരങ്ങൾ ആവശ്യമുണ്ട്

മാവ്, കൊളമാവ്, ഇലവ്, പാല, വട്ട, വഴന, ഇവ മുതലായ പാഴ്മരങ്ങളുടെ തടികൾ ആവശ്യമുണ്ട്. കൂടുതൽ വിവരങ്ങൾ താഴെക്കാണുന്ന വിലാസത്തിൽ അന്വേഷിക്കുക.

കോട്ടയം ടിംബർ വർക്ക്സ് ലിമിറ്റഡ്, കോട്ടയം

Azad

For Favours Received

Inserted by
A Firm Believer

കാലംചെയ്ത മാർ പീലക്സിനോസ് തിരുമേനി.

ജീവചരിത്ര സംക്ഷേപം

അദ്ധ്യാത്മചൈതന്യം വാരി വിതറിയ ഒരു തേജ:പുഞ്ജം!

നി.വ.ദി.ശ്രീ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് 1897 ജൂൺ 10-ാംനു വ്യാഴാഴ്ച പുത്തൻകാവു കിഴക്കേത്തലയ്ക്കൽ കുടുംബത്തിൽ, ദിവ്യശ്രീ തോമ്മസ്കത്തനാരവർകളുടെ ജ്യേഷ്ഠപുത്രനായി ജനിച്ചു. ചെറുപ്പത്തിൽ, വൈദികവൃത്തിയിലേർപ്പെടുന്നതിനു മുമ്പ് കെ.റ്റി. ഗീവറുഗീസ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഇദ്ദേഹം പ്രാഥമികവിദ്യാഭ്യാസം സ്വദേശമായ പുത്തൻകാവിൽതന്നെ നടത്തി. ഹൈസ്കൂൾ വിദ്യാഭ്യാസം മാവേലിക്കരഗവൺമെന്റുസ്കൂളിലും, ഇന്റർമീഡിയറ്റു കോഴ്സ് കോട്ടയം സി.എം.എസ്. കോളജിലും പൂർത്തിയാക്കി. ഈ അവസരത്തിൽ മലങ്കരയുടെ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് അദ്ദേഹത്തിനു ശെമ്മാശുപട്ടം നൽകി. അനന്തരം വൈദികവിദ്യാഭ്യാസം, സെറാംപൂർ വൈദികകോളജിൽ നാലുവർഷം പഠിക്കുകയും പ്രശസ്തമായ വിധത്തിൽ ബി. ഡി. ബിരുദം നേടുകയും ചെയ്തു. സെറാംപൂർകോളജിലെ അന്നത്തെ പ്രിൻസിപ്പാളും സുപ്രസിദ്ധനുമായിരുന്ന ഡോക്ടർ എച്ച്. ഹൌവെൽസ് എന്ന മഹാൻ, കഥാപുരുഷന്റെ അദ്ധ്യയനസാമർത്ഥ്യത്തെയും ഗ്രന്ഥപാരായണ പ്രസക്തിയെയും വളരെ ശ്ലാഘിച്ചു പലപ്പോഴും പറഞ്ഞിട്ടുണ്ടെന്നുള്ള സംഗതി സുവിദിതമാണ്. സെറാംപൂരിൽനിന്നും ബി.ഡി ബിരുദം സമ്പാദിച്ചു കഴിഞ്ഞ ഉടൻതന്നെ 1922 മുതൽ 1925 വരെ അദ്ദേഹം കോട്ടയം എം. ഡി. സെമിനാരി ഹൈസ്കൂളിൽ ഒരു സഹ അദ്ധ്യാപകനായി ജോലി നോക്കി. ഇക്കാലത്ത് അദ്ദേഹം ബി. ഡി. ശെമ്മാശൻ എന്ന ബഹുമതിസൂചകമായ അപരാഭിധാനത്തിൽ അറിയപ്പെട്ടിരുന്നു. അക്കാലത്ത് അദ്ദേഹത്തിന്റെ കീഴിൽ പഠിച്ചിട്ടുള്ള വിദ്യാർത്ഥികളും, മറ്റുപലവിധത്തിൽ അദ്ദേഹത്തെ പരിചയപ്പെടാൻ സാധിച്ചിട്ടുള്ള പലരും എത്രയും സ്നേഹബഹുമാന നിർഭരമായ മധുരസ്മരണകളാണ് ആ മഹാനെ പറ്റി ഇന്നും പുലർത്തിപ്പോരുന്നത്. അദ്ദേഹം സെറാംപൂർ യൂണിവേഴ്സിറ്റിയിൽ ചേർന്ന് ഇംഗ്ലീഷ് സാഹിത്യം ഐച്ഛികവിഷയമായി എടുത്ത് ഉയർന്നനിലയിൽ എം. ഏ. ബിരുദം സമ്പാദിച്ചു. പിന്നീട് കുറേക്കാലം പുത്തൻകാവു സ്കൂളിന്റെ ഹെഡ്മാസ്റ്ററായി ജോലി നോക്കി. ഈ അവസരത്തിൽ മലങ്കരയുടെ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് അദ്ദേഹത്തിനു കശ്ശീശാപട്ടം നൽകി. ഇദ്ദേഹം സമുദായത്തിലെ നാലുത്തിരുമാനത്തെ വൈദികനാണെന്നുള്ള സംഗതിയും ഈയവസരത്തിൽ പ്രത്യേകം സ്മരണീയമാണ്. അഗാധമായ വേദശാസ്ത്രപാണ്ഡിത്യം, വാഗ്വിലാസവൈഭവം, സമുദായസേവനതല്പരത, ഇത്യാദി അനേകം സിദ്ധിവിശേഷങ്ങളാൽ സവിശേഷം അനുഗൃഹീതനായിരുന്ന അദ്ദേഹം ക്ഷണേന സമുദായത്തിന്റെ ഉന്നതകളുടെ ശ്രദ്ധയെ ആകർഷിച്ചതാശ്ചര്യമല്ല. മലങ്കര മാനേജിംഗ്കമ്മിറ്റിയും എപ്പിസ്ക്കോപ്പൽ സുന്നഹദോസ്സും ഇദ്ദേഹത്തെ വൈദികമേലദ്ധ്യക്ഷസ്ഥാനത്തേക്കു തെരഞ്ഞെടുത്തു. 1928-ൽ പരുമല പെരുനാൾ ദിവസം (തുലാം 17-ാം തീയതി) നി.വ.ദി.മ. ശ്രീ മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാബാവാതിരുമനസ്സുകൊണ്ട് ഇദ്ദേഹത്തെ റമ്പാനായി പട്ടം കെട്ടുകയും (1930) വൃശ്ചികം 21-ാംനു നി.വ.ദി.മ.ശ്രീ കാതോലിക്കാബാവാതിരുമേനി തന്നെ മലങ്കരയുടെ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് തിരുമനസ്സിലെയും കോട്ടയം ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെയും സാന്നിദ്ധ്യത്തിൽ മാർ പീലക്സിനോസ് എന്ന അഭിധാനത്തിൽ തുമ്പമൺ ഇടവകയുടെ എപ്പിസ്കോപ്പായായി വാഴിക്കുകയും ചെയ്തു. മെത്രാൻ പദത്തിൽ അഭിഷിക്തനാകുന്ന സന്ദർഭത്തിൽ തിരുമനസ്സിലേക്ക് മുപ്പത്തിമൂന്നു വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. 1934 ഇടവം 19-ാംനു സ്വർഗ്ഗാരോഹണ വെള്ളിയാഴ്ച ദിവസം നി.വ.ദി.മ. ശ്രീ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ സഹായത്തോടുകൂടി മെത്രാപ്പോലീത്തായായി അവരോധിച്ചു. തിരുമനസ്സിലെ ഇരുപതു വർഷത്തെ സഭാഭരണത്തിൽ, മലങ്കര ഓർത്തഡോക്സ് സുറിയാനി [illegible] നിർവ്യാജം ദു:ഖിക്കുകയും പ്രസംഗകരായും മറ്റും യോഗത്തിൽ സംബന്ധിക്കാമെന്നു സമ്മതിച്ചിരുന്നവർ വരേണ്ടതില്ലെന്ന് അറിയിക്കാനും ചെയ്തുകൊള്ളുന്നു. ഈ സുഹൃത് സമ്മേളനം മുമ്പ് നിശ്ചയിച്ചിരുന്നതുപോലെ മെയ് മാസത്തിൽ വാർഷികത്തോടനുബന്ധിച്ച് ഇവിടെ വച്ചു തന്നെ നടത്തപ്പെടുന്നതാണ്.

—o—

[illegible]ത്തും ഉച്ചഭാഷിണികൾ ഉണ്ടായിരിക്കുന്നതാണ്. ശുശ്രൂഷയിൽ പങ്കെടുക്കുന്ന പട്ടക്കാരും ശെമ്മാശന്മാരും പഴയസിമ്മനാരിയിൽ എത്തി താമസിച്ചുവരുന്നു. തിരുമേനിമാർ എല്ലാവരും നാളെ വന്നുചേരുന്നതാണ്. വിശദമായ കാര്യപരിപാടി നാളെത്തന്നെ പത്രത്തിൽ കാണുന്നതാണ്.

അതിനു പുതിയ സൗരഭ്യമുണ്ട്

കാന്തി—നിങ്ങൾക്ക് ഏറ്റവും ഇഷ്ടമുള്ള ആ പഴയ ടോയിലറ്റുസോപ്പ്—ഇതാ പുതിയ പരിമളത്തോടുകൂടെ വരുന്നു. അതു നിങ്ങളുടെ ത്വക്കിന് ഒരു സുഖപ്രദമായ കുളിർമ്മ പ്രദാനം ചെയ്യുന്നു.

അതിന് ഒരു പുതിയ ലേബലുണ്ട്

കാന്തിയുടെ സൗരഭ്യത്തെ സുരക്ഷിതമായി സൂക്ഷിക്കുന്നതിനു പുതിയ ലേബലിൽ പൊതിഞ്ഞിരിക്കുന്നു.

അതു നിങ്ങളുടെ പഴയ സുഹൃത്താണ്

കാന്തി ടോയിലറ്റു സോപ്പ്

"സ്വദേശി" സോപ്പുനിർമ്മാണശാലയിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളത്. നിരന്തരമായി സോപ്പുണ്ടാക്കുന്ന ഏഷ്യയിലെ ഏക സോപ്പു നിർമ്മാണശാലയാണ് ഇത്.

സ്വദേശിയുടെ മറ്റു വിശേഷങ്ങൾ:

മോതി ബ്യൂട്ടി സോപ്പ്.
777 വാഷിംഗ് സോപ്പ്.
സ്വദേശി പെർഫ്യൂംഡ് കാസ്റ്റർ ഓയിൽ.
ഗോപി ബ്രാൻഡ് വനസ്പതി

സ്വദേശി ഓയിൽ മിൽസ് ലിമിറ്റഡ്, ബോംബെ.

Geevarghese Mar Philoxenos

കെ.സി മാമ്മൻ മാപ്പിള

പുത്തൻകാവിൽ കൊച്ചുതിരുമേനി കാലം ചെയ്തപ്പോൾ മലയാളമനോരമ പ്രസിദ്ധീകരിച്ച കണ്ണീരിൽ കുതിർന്ന ഈ മുഖപ്രസംഗം തിരുമേനിയുടെ ആത്മ സുഹൃത്തായിരുന്ന മലയാളമനോരമയുടെ മുഖ്യ പത്രാധിപർ യശഃശരീരനായ ശ്രീ.കെ.സി മാമ്മൻ മാപ്പിള എഴുതിയതാണ്.

എഡിറ്റോറിയൽ

Wednesday 18th April 1951

കാലംചെയ്ത നി.വ.ദി.ശ്രീ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട്

മലങ്കര ഓർത്തഡോക്സ് സുറിയാനിസമുദായത്തെ സംബന്ധിച്ചേടത്തോളം വെള്ളിടിപോലെ മർമ്മഭേദകമായ ഒരു ദുഃഖവാർത്തയാണ് കാതുകളിൽ വീഴുന്നത്. ഏപ്രിൽ 5-ാംനു- വ്യാഴാഴ്ച ഒരുമണിക്കു സുഖശരീരനായി കോട്ടയത്തുനിന്നു പുറപ്പെട്ടു,പഴഞ്ഞിയിലും, അവിടെനിന്നു കുന്നംകുളത്തും പോയിരുന്ന ശേഷം നാളെ (വ്യാഴാഴ്ച) കോട്ടയത്തു മടങ്ങിയെത്താമെന്നു പ്രതീക്ഷിച്ചിരുന്ന തിരുമേനിക്കു പകരം, അവിടത്തെ അതിസന്താപകരമായ ചരമവാർത്തയാണ് കമ്പിമാർഗ്ഗം വന്നുചേർന്നത്! നാളെ കോട്ടയത്തു മടങ്ങിയെത്താമെന്നു താൻ പ്രതീക്ഷിക്കുന്നതായി കാണിച്ചു നി. വ. ദി. മ. ശ്രീ കാതോലിക്കാബാവാ തിരുമനസ്സിലേക്കു, കാലംചെയ്ത തിരുമേനി, ദിവംഗതനാകുന്നതിന്റെ തലേദിവസം കുന്നംകുളത്തുനിന്ന് എഴുതിയ ഒരു കത്ത് ഈ ലക്കത്തിൽ അന്യത്ര പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഏപ്രിൽ 5-ാംനു- തന്നെ തിരുമേനി പഴഞ്ഞിയിലെത്തി. 13-ാംനു- വരെ അവിടെ താമസിച്ചു. 15-ാംനു- കാതോലിക്കാദിനം പ്രമാണിച്ചു കുന്നംകുളങ്ങരപ്പള്ളിയിൽ നടത്തപ്പെട്ട ചടങ്ങുകളിൽ സംബന്ധിച്ചു. അടുത്ത ദിവസം മരത്തുംകോട് എന്ന സ്ഥലത്തുള്ള ചാപ്പൽ സന്ദർശിച്ച ശേഷം കോട്ടയത്തിനു പുറപ്പെട്ടു. യാത്രാമദ്ധ്യേ മരത്തുംകോട് എന്ന സ്ഥലത്തുവച്ചു പെട്ടെന്നു ചങ്കിനു് ഒരു വേദനയാരംഭിക്കുകയും ദേഹാസ്വാസ്ഥ്യംമൂലം യാത്ര തുടരാൻ നിവൃത്തിയില്ലാതെ വരുകയും ചെയ്തതിനാൽ കുന്നംകുളത്തേയ്ക്കുതന്നെ മടങ്ങിപ്പോകാൻ നിർബന്ധിതനാകയും ചെയ്തു. ഡാക്ടർമാരുടെ നിഷ്കർഷാപൂർവ്വമായ പരിചരണോപദേശപ്രകാരം; മൂന്നുദിവസം കുന്നംകുളത്തുതന്നെതാമസിച്ചുവിശ്രമിക്കവെയാണ്, ഇന്നലെ കാലത്തു പത്തേകാൽമണിക്ക് ഈ അത്യാഹിതം സംഭവിച്ചതെന്നുള്ളത് അത്യന്തം പരിതാപകരമായിരിക്കുന്നു. ഉൽകൃഷ്ടവിദ്യാഭ്യാസംകൊണ്ടും, ക്രിസ്തീയമനസ്സംസ്കാരംകൊണ്ടും ത്യാഗനിർഭരമായ സമുദായസേവനസന്നദ്ധതകൊണ്ടും, ഓർത്തഡോക്സ് സുറിയാനിസഭയെ സമലങ്കരിച്ചുകൊണ്ടിരുന്ന അഭിവന്ദ്യ വൈദികമേലദ്ധ്യക്ഷന്മാരിലൊരാളാണിപ്പോൾ സഭയ്ക്കു നഷ്ടീഭൂതനായിത്തീർന്നിരിക്കുന്നത്. മലങ്കര സുറിയാനിസഭ പലവിധത്തിൽ ക്ലേശകരമായ ഒരു ദുർഘടസന്ധിയെ തരണം ചെയ്യുന്ന ഈ ഘട്ടത്തിൽ, സഭയുടെ പ്രശ്നങ്ങളെ സമചിത്തതയോടും വിശാലമനസ്കതയോടുംകൂടി വീക്ഷിക്കാനും, സഭാംഗങ്ങൾക്കു സ്വീകാര്യമായ ഒരു നേതൃത്വവും മാർഗ്ഗദർശനവും നൽകാനും കഴിവുള്ള ഒരു വൈദിക നേതാവെന്നനിലയിൽ തിരുമേനിയെ സകലരും ഓർത്തഡോക്സ് സഭയുടെ ഭാവിയെ സംബന്ധിച്ച് ഒരു ആശാകേന്ദ്രമായി കരുതിയിരുന്നതാശ്ചര്യമല്ല. സഭാസമാധാനം സംബന്ധിച്ചു നടത്തപ്പെട്ട പരിശ്രമങ്ങളിൽ തിരുമേനി ആദ്യന്തം പ്രദർശിപ്പിച്ചിരുന്ന ആത്മാർത്ഥമായഅഭിനിവേശവും, അന്യരുടെ അഭിപ്രായഗതികളെ ക്രിസ്തീയസഹാനുഭൂതിയോടെ മനസ്സിലാക്കി പെരുമാറുന്നതിൽ കാണിച്ചുപോന്ന പരിപക്വമായ സഹിഷ്ണതയും അനന്തർജ്ജനവും സർവജനങ്ങളുടെയും ഏററവും നിർവ്യാജമായ സ്നേഹാദരങ്ങളെ സമാർജ്ജിച്ചിരുന്ന സംഗതി സുവിദിതമാണല്ലോ. സഭയുടെ പൊതുവായ ശ്രേയോഭിവൃദ്ധിയിൽ വ്യാപൃതനായിരുന്നതുപോലെതന്നെ ഇടവകകളുടെ ആഭ്യന്തരമായ ക്രമീകരണത്തിലും കാര്യക്ഷമമായ നടത്തിപ്പിലും ഇടവകാംഗങ്ങളുടെ ഭൗതികവും ആദ്ധ്യാത്മികവുമായ ക്ഷേമൈശ്വര്യങ്ങളിലും തിരുമേനി നിതാന്തശ്രദ്ധാലുവായിരുന്നു. വിദ്യാഭ്യാസസംബന്ധമായ പുരോഗമനപ്രവർത്തനപ്രസ്ഥാനങ്ങളിൽ തിരുമനസ്സിലേക്കുണ്ടായിരുന്ന അക്ഷീണപരിശ്രമത്തിനു, തിരുമനസ്സിലെ പ്രത്യേക മേൽനോട്ടത്തിൽ നടത്തപ്പെട്ടിരുന്ന വിദ്യാലയങ്ങളുടെ സുസ്ഥിതിയും പുരോഗതിയും പ്രത്യക്ഷ ലക്ഷ്യങ്ങളായി നിലകൊള്ളുന്നു. ഒടുവിൽ, ഈ അടുത്തകാലത്ത് പത്തനംതിട്ട ഒരു കോളജ് സ്ഥാപിക്കുന്ന കാര്യത്തിൽ തിരുമേനിയുടെ സജീവശ്രദ്ധ പതിഞ്ഞിരുന്ന സംഗതിയും ഈ അവസരത്തിൽ സ്മരണീയമാണ്. സെറാംപൂരിലുള്ള വൈദികകോളജ് ആദിയായി വെളിയിലുള്ള പല ഉയർന്ന വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും ഉപദേശകസമിതിയിൽ തിരുമേനിക്കു സ്ഥാനം നൽകി അംഗീകരിച്ചിരുന്നു. ഇങ്ങനെ ഏതുവിധത്തിൽ നോക്കിയാലും മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് അഭിമാനഭൂതനായിരുന്ന ഒരു മണിഭൂഷണമാണ് പെട്ടെന്ന്, നിത്യതയുടെ അദൃശ്യതയിലേക്കു തിരോധാനം ചെയ്തിരിക്കുന്നത്. കാലം ചെയ്ത പുണ്യാത്മാവിനു നിത്യശാന്തിയെ പ്രാർത്ഥിക്കുകയും, ഓർത്തഡോക്സ് സഭയ്ക്കു നേരിട്ടിരിക്കുന്ന അപരിഹാര്യമായ ഈ മഹാനഷ്ടത്തിൽ, സഭയോടും സഭാംഗങ്ങളോടുമുള്ള ഏററവും ഹൃദയപൂർവമായ അനുശോചനം രേഖപ്പെടുത്തുകയും ചെയ്തുകൊള്ളുന്നു.

ജീവചരിത്ര സംക്ഷേപം

അദ്ധ്യാത്മചൈതന്യം വാരിവിതറിയ ഒരു തേജ:പുഞ്ജം!

നി.വ.ദി.ശ്രീ മാർ പീലക്സീനോസ്സ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് 1897 ജൂൺ 10-ാംനു- വ്യാഴാഴ്ച പുത്തൻകാവു കിഴക്കേത്തലയ്ക്കൽ കുടുംബത്തിൽ, ദിവ്യശ്രീ തോമ്മസ് കത്തനാരവർകളുടെ ദ്വിതീയപുത്രനായി ഭൂജാതനായി. ചെറുപ്പത്തിൽ, വൈദികവൃത്തിയിലേർപ്പെടുന്നതിനു മുമ്പ് കെ.റ്റി. ഗീവറുഗീസ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഇദ്ദേഹം പ്രാഥമികവിദ്യാഭ്യാസം സ്വദേശമായ പുത്തൻകാവിൽതന്നെ നടത്തി. ഹൈസ്കൂൾ വിദ്യാഭ്യാസം മാവേലിക്കരഗവൺമെൻറുസ്കൂളിലും, ഇൻറർമീഡിയററു കോഴ്സ് കോട്ടയം സി.എം.എസ്സ്. കോളജിലും പൂർത്തിയാക്കി. ഈ അവസരത്തിൽ മലങ്കരയുടെ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് അദ്ദേഹത്തിനു ശെമ്മാശ്ശുപട്ടം നൽകി. അനന്തരം വൈദികവിദ്യാഭ്യാസാർത്ഥം, സെറാംപൂർ വൈദികകോളജിൽ നാലുവർഷം പഠിക്കുകയും പ്രശസ്തമായ വിധത്തിൽ ബി. ഡി. ബിരുദം നേടുകയും ചെയ്തു. സെറാംപൂർകോളജിലെ അന്നത്തെ പ്രിൻസിപ്പാളും സുപ്രസിദ്ധനുമായിരുന്ന ഡോക്ടർ എച്ച്. ഹൌവ്വൽസ് എന്ന ദേഹം, കഥാപുരുഷൻെറ അദ്ധ്യയനസാമർത്ഥ്യത്തെയും ഗ്രന്ഥപാരായണപ്രസക്തിയേയും വളരെ ശ്ലാഘിച്ചു പലപ്പോഴും പറഞ്ഞിട്ടുണ്ടെന്നുള്ള സംഗതി സുവിദിതമാണ്. സെറാംപൂരിൽനിന്നും ബി.ഡി ബിരുദം സമ്പാദിച്ചു കഴിഞ്ഞ ഉടൻ തന്നെ 1922 മുതൽ 1925 വരെ അദ്ദേഹം കോട്ടയം എം. ഡി. സെമിനാരി ഹൈസ്കൂളിൽ ഒരു സഹാദ്ധ്യാപകനായി ജോലി നോക്കി. ഇക്കാലത്ത് അദ്ദേഹം ബി. ഡി. ശെമ്മാശ്ശൻ എന്ന ബഹുമതിസൂചകമായ അപരാഭിധാനത്തിൽ അറിയപ്പെട്ടിരുന്നു. അക്കാലത്തു അദ്ദേഹത്തിൻെറ കീഴിൽ പഠിച്ചിട്ടുള്ള വിദ്യാർത്ഥികളും, മററുപലവിധത്തിൽ അദ്ദേഹത്തെ പരിചയപ്പെടുവാൻ സാധിച്ചിട്ടുള്ള പലരും എത്രയും സ്നേഹബഹുമാന നിർഭരമായ മധുരസ്മരണകളാണ് ആ മഹാനുഭാവിയെപ്പററി ഇന്നും പുലർത്തിപ്പോരുന്നത്. അദ്ദേഹം സെറാംപൂർ യൂണിവേഴ്സിററിയിൽ ചേർന്ന് ഇംഗ്ലീഷ് സാഹിത്യം ഐച്ഛികവിഷയമായി എടുത്ത് ഉയർന്നനിലയിൽ എം. ഏ. ബിരുദം സമ്പാദിച്ചു. പിന്നീട് കുറേക്കാലം പുത്തൻകാവു സ്കൂളിൻെറ ഹെഡ്മാസ്റ്ററായി ജോലി നോക്കി. ഈ അവസരത്തിൽ മലങ്കരയുടെ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് അദ്ദേഹത്തിനു കശ്ശീശാപ്പട്ടം നൽകി. ഇദ്ദേഹം സ്വകുടുംബത്തിലെ നാല്പത്തിരണ്ടാമത്തെ വൈദികനാണെന്നുള്ള സംഗതിയും ഈയവസരത്തിൽ പ്രത്യേകം സ്മരണീയമാണ്. അഗാധമായ വേദശാസ്ത്രപാണ്ഡിത്യം, വാഗ്വിലാസവൈഭവം, സമുദായസേവനതല്പരത, ഇത്യാദി അനേകം സിദ്ധിവിശേഷങ്ങളാൽ സവിശേഷം അനുഗ്രഹീതനായിരുന്ന അദ്ദേഹം ക്ഷണേന സമുദായത്തിൻെറ ഒന്നടങ്കമുള്ള ശ്രദ്ധയെ ഹഠാദാകർഷിച്ചതാശ്ചര്യമല്ല. മലങ്കര മാനേജിംഗ്കമ്മിററിയും എപ്പിസ്കോപ്പൽ സുന്നഹദോസ്സും ഇദ്ദേഹത്തെ വൈദികമേലദ്ധ്യക്ഷസ്ഥാനത്തേക്കു തെരഞ്ഞെടുത്തു. 1928-ൽ പരുമല പെരുനാൾ ദിവസം (തുലാം 17-ാം തീയതി) നി.വ.ദി.മ. ശ്രീ മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാബാവാതിരുമനസ്സുകൊണ്ട് ഇദ്ദേഹത്തെ റമ്പാനായി പട്ടം കെട്ടുകയും (1930) വൃശ്ചികം 21-ാംനു- നി.വ.ദി.മ.ശ്രീ കാതോലിക്കാബാവാതിരുമേനി തന്നെ മലങ്കരയുടെ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് തിരുമനസ്സിലെയും കോട്ടയം ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെയും സാന്നിദ്ധ്യത്തിൽ മാർ പീലക്സീനോസ് എന്ന അഭിധാനത്തിൽ തുമ്പമൺ ഇടവകയുടെ എപ്പിസ്കോപ്പായായി വാഴിക്കുകയും ചെയ്തു. മെത്രാൻ പദത്തിൽ അഭിഷിക്തനാകുന്ന സന്ദർഭത്തിൽ തിരുമനസ്സിലേക്ക് മുപ്പത്തിമൂന്നു വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. 1934 ഇടവം 19-ാംനു- സ്വർണ്ണവെള്ളിയാഴ്ച ദിവസം നി.വ.ദി.മ. ശ്രീ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് എപ്പിസ്കോപ്പൽ സുന്നഹദോസിൻെറ സഹായത്തോടു കൂടി മെത്രാപ്പോലീത്തായായി ആവരോധിച്ചു. തിരുമനസ്സിലെ ഇരുപതു വർഷത്തെ സഭാഭരണത്തിൽ, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്കു തിരുമേനി ഒരു കെടാവിളക്കായി ശോഭിച്ചിരുന്നു. സുവിശേഷഘോഷണനേതൃത്വം പ്രഥമമായി ഏറെറടുത്തുകൊണ്ട്, തിരുമേനി പല സന്ദർഭങ്ങളിലായി ചെയ്തിട്ടുള്ള ബഹുസഹസ്രം പ്രഭാഷണങ്ങൾ ക്രൈസ്തവസഭയ്ക്കു എന്നെന്നും അഭിമാനകരമായ ഒരു അമൂല്യനിധിയായി വിലമതിക്കപ്പെടുമെന്നുള്ളതിനു സംശയമില്ല. വേദപുസ്തകഭാഗങ്ങളെയും, അവയിൽ അന്തർഭവിച്ചിരിക്കുന്ന അനർഘതത്വങ്ങളെയും അടിസ്ഥാനപ്പെടുത്തി സാമാന്യജനങ്ങൾക്കു മനസ്സിലാകത്തക്കവണ്ണം ലളിതസുന്ദരമായ വിശദീകരണങ്ങളും പ്രഭാഷണങ്ങളും നൽകിക്കൊണ്ടിരുന്ന ഒരു പണ്ഡിതാഗ്രേസരൻ ആധുനികസുറിയാനിസഭയിൽ വേറെ അധികം ഉണ്ടായിട്ടില്ല. ഇന്നത്തെ സുറിയാനിസഭാഭിന്നത അവസാനിപ്പിക്കുന്ന കാര്യത്തിൽ തിരുമനസ്സുകൊണ്ട് ആദ്യന്തം നടത്തിയിട്ടുള്ള നിസ്വാർത്ഥവും ഏററവും ആത്മാർത്ഥവുമായ തീവ്രശ്രമങ്ങൾ സുറിയാനി സഭയുടെ ചരിത്രത്തിൽ എന്നെന്നും അവിസ്മരണീയമായി നിലനിൽക്കുന്നതാണ്.

1951 ഏപ്രിൽ 18 ന് മലയാള മനോരമ ഒന്നാം പേജിൽ പ്രസിദ്ധീകരിച്ചത്.

അഭിവന്ദ്യ യൂഹാനോൻ മാർത്തോമ്മാ
മെത്രാപ്പോലീത്താ

കാലംചെയ്ത വാർത്ത കേട്ടപ്പോൾ

മാർത്തോമ്മാ വലിയമെത്രാപ്പോലീത്താ നഗ്നശിരസ്കനായിനിന്നു കണ്ണീർ പൊഴിച്ചു

(സ്വ.ലേ.) തിരുവല്ലാ ഏപ്രിൽ 18

റ.റി. ഡി.ഡി. ശ്രീമാൻ ഫീലക്സിനോസു മെത്രാപ്പോലീത്താ കാലംചെയ്ത വിവരം, തിരുമേനിയുമായി വ്യക്തിപരമായ നിലയിൽ സഹോദരനിർവിശേഷമായ സ്നേഹബന്ധം പുലർത്തിപ്പോന്ന മാർത്തോമ്മാ വലിയമെത്രാപ്പോലീത്താ തിരുമേനിയെ അറിയിച്ചപ്പോൾ ആ തിരുമേനി, നഗ്നശിരസ്കനായിനിന്നു കുറെ സമയത്തേക്കു വികാരസ്തബ്ധനായിനിന്നു കണ്ണീർ ചൊരിഞ്ഞരംഗം അത്യന്തം ഹൃദയസ്പർശകമായിരുന്നു.

ഉടൻതന്നെ മാർത്തോമ്മാ സെന്തോമസ് ദേവാലയത്തിൽ ദുഃഖസൂചകമായി മണി അടിച്ചു. തിരുമേനിയുടെ ദേഹവിയോഗവാർത്ത ഉച്ചഭാഷിണി മുഖേന എല്ലാഭാഗത്തും അറിയിച്ചു. രാത്രി ഒരു വിധത്തിൽ അങ്ങനെ കഴിഞ്ഞു. ഇന്നു വെളിച്ചമായപ്പോൾ മുതൽ ജനങ്ങൾ അരമനാങ്കണത്തിലും തിരുവല്ലാ ജംഗ്ഷനിലും തിരുമൂലപുരത്തും കൂടി. 11-20-നു തിരുമനസ്സിലെ മൃതശരീരം വഹിച്ചിരുന്ന രഥം തിരുവല്ലാ കരിക്കുകവലയിൽ എത്തിച്ചേർന്നു. രഥത്തിന്റെ മുമ്പിലും പുറകിലുമായി നൂറിൽപരം കാറുകളും ഒരു എക്സ്പ്രസ്സ് ബസ്സും ഉച്ചഭാഷിണി ഘടിപ്പിച്ചിരുന്ന വാനും ഒരു ലോറിയിൽ ബാൻഡുവിലാപവുമായി അനുധാവനം ചെയ്തിരുന്നു. ഇതു പ്രമാണിച്ച് സ്ഥലത്തെ എല്ലാ ക്രിസ്ത്യാനികളുടെയും കടകൾ അടച്ചു ദുഃഖസൂചകമായി ഹർത്താൽ ആചരിച്ചു.

മലങ്കരയുള്ള ക്രൈസ്തവസഭകളുടെ ഐക്യത്തിനുവേണ്ടി ആത്മാർത്ഥമായി പരിശ്രമിച്ചുകൊണ്ടിരുന്ന തിരുമേനി ഇന്നാട്ടിന്റെ വടക്കെ അറ്റത്തുവച്ചു കാലം ചെയ്യുകയും മൃതശരീരം തെക്കോട്ടു കൊണ്ടുപോകുന്ന വഴി ജാതിമതസമുദായഭേദമെന്യേ സകലർക്കും കാണാൻ ഒരവസരം ലഭിക്കുകയും ചെയ്തതു തിരുമേനിയുടെ സർവജനസാഹോദര്യത്തിനും സഭൈക്യവാഞ്ഛയ്ക്കും സമുചിതമായ ഒരു അന്ത്യസൂചനയായിരുന്നു എന്നു പലരും അഭിപ്രായപ്പെടുകയുണ്ടായി.

1951 ഏപ്രിൽ 18 ന് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചത്.

കാലം ചെയ്തതിനു ശേഷം കുന്നംകുളത്ത് എടുത്ത ഫോട്ടോ

കുന്നംകുളത്തെ അന്ത്യ രംഗവും കോട്ടയത്തേക്കുള്ള അന്ത്യയാത്രയും

(ഡ്വ. ലേ.) കുന്നംകുളം ഏപ്രിൽ 18

ഇന്നലെ രാവിലെ പത്തേകാൽ മണിക്ക് നി.വ.ദി.ശ്രീ. മാർപീലക്സിനോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് കുന്നംകുളത്തുവച്ചു കാലം ചെയ്ത സംഗതി [illegible] റിപ്പോർട്ടുചെയ്തിരുന്നല്ലോ. തിരുമനസ്സിലെ അസുഖവും ദേഹവിയോഗവും സംബന്ധിച്ച ചില കൂടുതൽ വിവരങ്ങൾ താഴെ ചേർക്കുന്നു.-

ഇന്നലെ (തിങ്കളാഴ്ച) രാവിലെ 12 മണിയോടുകൂടി തിരുമേനി ആർത്താറ്റുപള്ളിയിൽനിന്നു [illegible] ചാപ്പലിൽ എത്തി. അവിടെവച്ച് ഒരു നെഞ്ചുവേദന ആരംഭിച്ചു. ഉടനെതന്നെ ഡോക്ടർമാരെ വരുത്തി വേണ്ട പരിചരണങ്ങൾ നടത്തി. ഇന്നു യാത്രചെയ്യാതെ അവിടെ വിശ്രമിക്കണമെന്നുള്ള ഡോക്ടർമാരുടെ നിർദ്ദേശത്തെ ആദരിച്ച് തിരുമേനി അവിടെ താമസിച്ചു.

ഇന്നു രാവിലെ കൂടുതൽ വൈഷമ്യം കാണുകയാൽ ഒൻപതു മണിക്കു കന്തീലാ ശുശ്രൂഷ നടത്തി. തിരുമനസ്സിലെ അസുഖം ക്രമേണ വർദ്ധിക്കുകയും പത്തേകാൽമണിക്ക് തിരുമനസ്സുകൊണ്ടു കാലം ചെയ്യുകയുമാണുണ്ടായതു്. അന്ത്യശുശ്രൂഷകൾ നടത്തിക്കൊണ്ടിരിക്കുമ്പോൾ തൊഴിയൂർ ഇടവകയുടെ മാർ കൂറിലോസ് തിരുമേനി, അവിടെയെത്തുകയും ശുശ്രൂഷകളിൽ പങ്കെടുക്കുകയുമുണ്ടായി.

മൂന്നുമണിയോടുകൂടെ മാർ തീമോത്തിയോസ് തിരുമനസ്സുകൊണ്ടു വന്നുചേർന്നു. അതിനുമുമ്പു തിരുമനസ്സിലെ ആലസ്യവിവരമറിഞ്ഞ് തിരുമനസ്സിലെ സഹോദരൻ മി. കെ. റ്റി. ജോസഫ് കോഴിക്കോട്ടുനിന്നു വന്നെത്തി. 5 മണിക്കു തിരുമനസ്സിലെ മൃതശരീരം മരത്തങ്കോട്ടു ചാപ്പലിൽ നിന്നു കുന്നംകുളം പഴയപള്ളിയിലേക്കു മാറ്റി.

തിരുമനസ്സിലെ മൃതശരീരം കുന്നംകുളം പഴയപള്ളിയിലേക്കു മാറ്റുന്നതിനുമുമ്പ് കബറടക്കം മരത്തങ്കോട്ടു ചാപ്പലിൽ വച്ചുതന്നെ നടത്തണമെന്ന് ആ ഇടവകക്കാരിലെ ഭക്തന്മാർ നിർബന്ധപൂർവം ആവശ്യപ്പെട്ടെങ്കിലും ഒടുവിൽ ബാവാ തിരുമേനിയുടെ നിർദ്ദേശത്തെ ആദരിച്ച് അവരുടെ ആഗ്രഹത്തിൽനിന്നു പിന്മാറുകയാണുണ്ടായതു്.

പഴയ പള്ളിയിൽവച്ചു മാർ തിമോത്തിയോസ് തിരുമേനി യാത്രപറച്ചിൽ ശുശ്രൂഷയും ചരമപ്രസംഗവും നടത്തി. അനന്തരം എട്ടര മണിയോടുകൂടെ അവിടെനിന്നു കോട്ടയത്തേക്കു പുറപ്പെട്ടു. തിരുമേനിയോട് അന്ത്യയാത്ര പറയുന്നതിനു വന്നുകൂടിയ ഇരുപതിനായിരത്തിൽപരം ജനങ്ങൾ നനഞ്ഞ കണ്ണുകളോടുകൂടിയും ദുഃഖഭാരം ഹൃദയത്തിലടക്കിക്കൊണ്ടും അന്ത്യോപചാരം നടത്തി.

വെളുപ്പാൻകാലത്തു മൂന്നുമണിക്കു മൂവാറ്റുപുഴയെത്തി. അവിടെനിന്നു നാലുമണിയോടുകൂടി യാത്ര തുടർന്നു എങ്കിലും മോട്ടോർവാഹനത്തിനു അപ്രതീക്ഷിതമായി നേരിട്ട തകരാറുമൂലം രാവിലെ എട്ടുമണിക്കു മാത്രമേ കോട്ടയത്തു വന്നുചേരാൻ സാധിച്ചുള്ളു. പഴയസെമിനാരിയിൽവച്ചു നടത്തപ്പെട്ട യാത്രപറച്ചിൽ ശുശ്രൂഷാവേളയിൽ യൂഹാനോൻ മാർത്തോമ്മാ വലിയമെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട്, മാർത്തോ[illegible] [illegible] വന്ദ്യ ദിവ്യശ്രീ വി. റ്റി. ചാക്കോ, ശ്ലീഹാ റവ. സി. വി. ജോൺ [illegible]നിവരോട് ഒരുമിച്ചു വന്നുചേരുകയുണ്ടായി. 9 മണിയോടുകൂടെ എം. ഡി. സെമിനാരി ചാപ്പലിൽ എത്തുകയും അവിടെവച്ചും യാത്രപറച്ചിൽ ശുശ്രൂഷ നടത്തുകയുമുണ്ടായി. അങ്കമാലി ഇടവകയുടെ സഹായമെത്രാപ്പോലീത്താ ആയ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനി ശുശ്രൂഷാസമയത്തു സന്നിഹിതനാകുകയും തിരുമേനിയോടുള്ള സ്നേഹാദരങ്ങൾ പ്രദർശിപ്പിക്കുകയുമുണ്ടായി. ചിങ്ങവനത്തുവച്ചും മറ്റും നടന്ന സഭാസമാധാനാലോചനകളിൽ മാർ പീലക്സിനോസ് തിരുമേനിയുമായി അടുത്ത സമ്പർക്കം പാലിച്ചിരുന്നു ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനി ആയിരുന്നുവെന്നുള്ളതു ഈ സന്ദർഭത്തിൽ [illegible]സ്മരണീയമാണ്.

അനുശോചന മഹായോഗം

വ്യാഴാഴ്ച കൂടുന്നു

ചെങ്ങന്നൂർ ഏപ്രിൽ 20

നി.വ.ദി.ശ്രീ മാർ പീലക്സീനോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ അപ്രതീക്ഷിതമായ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുവാൻ ചെങ്ങന്നൂർ വൈ.എം.സി.ഏ.യുടെ ആഭിമുഖ്യത്തിൽ ഒരു മഹായോഗം സ്ഥലം ഇംഗ്ലീഷ് ഹൈസ്കൂളിൽവച്ച് ഏപ്രിൽ 26—ാംതീയതി വ്യാഴാഴ്ച നാലുമണിക്കു ബിഷപ്പ് സി.കെ. ജേക്കബ് തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടണമെന്നു നിശ്ചയിച്ചിരിക്കുന്നു. ഈ യോഗത്തിൽ മെ. കെ. സി. മാമ്മൻമാപ്പിള, എൻ. ഗോവിന്ദമേനോൻ, റ്റി. എം. വറുഗീസ്, സി. എം. സ്റ്റീഫൻ, കുമ്പളത്തു ശങ്കുപ്പിള്ള മുതലായവർ പ്രസംഗിക്കുന്നതാണ്.

മെത്രാൻ സ്ഥാനാഭിഷേകം.

(സ്വന്തം ലേഖകൻ)

പരുമല, തുലാം 18.

കാലംചെയ്ത മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകളുടെ ശ്രാദ്ധമടിയന്തിരം വളരെ ഭംഗിയായി കഴിഞ്ഞുകൂടിയിരിക്കുന്നു. നി. വ. ദി. മ. ശ്രീ. മോറാൻ മാർ ബസ്സേലിയോസ് പൗരസ്ത്യകാതോലിക്കാബാവാ തിരുമനസ്സുകൊണ്ടും നി. വ. ദി. ശ്രീ. മലങ്കരയിടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകളും, നി. വ. ദി. ശ്രീ. കോട്ടയം ഇടവകയുടെ മാർ ഗ്രീഗോറിയോസ് എപ്പിസ്കോപ്പാ അവർകളും പള്ളിയിൽ സാന്നിദ്ധ്യം ചെയ്തിരുന്നു. വന്ദ്യ ദിവ്യശ്രീ [illegible] ഗീവറുഗീസ് റമ്പാൻ അവർകൾ എം. ഏ. ബി. ഡി.-യെ മെത്രാൻസ്ഥാനത്തേക്ക് അവരോധിക്കുന്ന മംഗളകർമ്മം മോറാൻ മാർ കാതോലിക്കാബാവാ അവർകൾ നി. വ. ദി. ശ്രീ. ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകളുടെയും അനേകം വൈദികന്മാരുടെയും സഹകരണങ്ങളോടുകൂടി ഏററവും ഭംഗിയായി നിർവഹിച്ചു. ഈയാണ്ടിൽ പെരുന്നാളിനു പൂർവകാലങ്ങളെ അപേക്ഷിച്ചു കൂടുതൽ ജനങ്ങൾ സംബന്ധിക്കയുണ്ടായി എന്നുള്ളതും പ്രസ്താവയോഗ്യമാണ്.

1951 ഏപ്രിൽ 18 ന് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചത്.

കബറടക്ക ശുശ്രൂഷ

സന്തപ്തരായ 60000 ജനങ്ങൾ സംബന്ധിച്ച സംസ്കാരകർമ്മം

മുന്നൂറോളംകാറുകളുടെ അകമ്പടിയോടെ കോട്ടയത്തുനിന്നുപുത്തൻകാവുവരെനടത്തപ്പെട്ട വിലാപയാത്ര—പഴയസിമ്മനാരിയിലും ഏലിയാചാപ്പലിലും നടത്തപ്പെട്ട ചടങ്ങുകൾ

[പ്രത്യേക ലേഖകൻ]

പുത്തൻകാവു് ഏപ്രിൽ 18

ഇന്നലെ കാലത്തു പത്തുമണിയോടുകൂടി ആത്താററുപള്ളിയിൽവച്ചു കാലംചെയ്ത നി.വ.ദി.ശ്രീ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ കബറടക്കശുശ്രൂഷ ഇന്നേദിവസം പകൽ മൂന്നുമണിയോടുകൂടി യഥാവിധി നടത്തപ്പെട്ടിരിക്കുന്നു. തിരുമനസ്സിലെ മൃതശരീരവുമായി നി.വ.ദി.ശ്രീ മാർ ഔഗേൻ തിമോത്തിയോസ് മെത്രാപ്പോലീത്താ തിരുമേനിയും ദിവ്യശ്രീ ശമുവേൽ ശെമ്മാശനും കൂടി പ്രത്യേക കാറിൽ യാത്ര പുറപ്പെട്ടു. യാത്രയുടെ വിവരങ്ങൾ അറിയുന്നതിനു പഴയസിമ്മനാരിയിൽ കോട്ടയം, പുത്തൻകാവ്, ചെങ്ങന്നൂർ, തിരുവല്ലാ, പത്തനംതിട്ട തുടങ്ങിയ അനേകം ഇടവകകളിലെ പ്രതിനിധികളും മററുമായ ഒരു വലിയ ജനസംഘം അക്ഷമരായി കാത്തിരുപ്പുണ്ടായിരുന്നു. സമുദായനേതാക്കന്മാർ കാലംചെയ്ത തിരുമേനിയുടെ കബറടക്കശുശ്രൂഷയുടെ കാര്യപരിപാടികൾ രൂപവൽക്കരിച്ചുകൊണ്ടിരുന്നു. തിരുമനസ്സിലെ മൃതശരീരം രാത്രി പന്ത്രണ്ടുമണിയോടുകൂടി കോട്ടയം പഴയസിമ്മനാരിയിലെത്തുമെന്നു പ്രതീക്ഷിച്ചിരുന്നു എങ്കിലും മൃതശരീരം വഹിച്ച വാഹനം ഇന്നുപകൽ 8 മണിയോടുകൂടിയാണു കോട്ടയത്തെത്തിയതു്. നി.വ.ദി.മ. ശ്രീ മോറാൻ മാർ ബസ്സേലിയോസു കാതോലിക്കാ ബാവാ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും. നി.വ.ദി.ശ്രീ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ, നി.വ.ദി.ശ്രീ മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ, നി. വ. ദി. ശ്രീ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, നി. വ. ദി. ശ്രീ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ എന്നീ തിരുമേനിമാരുടെയും റമ്പാന്മാരുടെയും മററനേകം വൈദികരുടെയും ശെമ്മാശന്മാരുടെയും സഹകരണത്തിലും കബറടക്ക ശുശ്രൂഷയുടെ പ്രാരംഭഭാഗം നിർവഹിക്കപ്പെട്ടു. പ്രസ്തുത ശുശ്രൂഷയിൽ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ നി. വ. ദി. ശ്രീ മാർ യൂഹാനോൻ തിമോത്തിയോസ് തിരുമേനിയും മാർത്തോമ്മാസഭയിലെ വന്ദ്യ ദിവ്യശ്രീ. വി. ററി. ചാക്കോ കശീശ്ശാ തുടങ്ങിയ വൈദികരും സംബന്ധിക്കുകയുണ്ടായി. ശുശ്രൂഷതുടങ്ങുന്നതിനുമുമ്പായി പാത്രിയർക്കീസ് കക്ഷിയിൽപെട്ട നി. വ. ദി. ശ്രീ. മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു കാലംചെയ്ത തിരുമേനിയുടെ മൃതശരീരം സന്ദർശിച്ചു. ഏകദേശം ഒൻപതു മണിയോടുകൂടി പഴയസിമ്മനാരിയിലെ ശുശ്രൂഷ അവസാനിക്കുകയും ഉടൻതന്നെ മൃതശരീരം കോട്ടയം എം. ഡി. സിമ്മനാരിയിലെ ഏലിയാ ചാപ്പലിലേക്കു കൊണ്ടുപോകയും ചെയ്തു. കബറടക്കശുശ്രൂഷയുടെ രണ്ടാംഭാഗം ഏലിയാചാപ്പലിൻെറ മുൻഭാഗത്തായി തയ്യാർ ചെയ്യപ്പെട്ടിരുന്ന വിശാലമായ പന്തലിൽവച്ചു് വന്ദ്യതിരുമേനിമാർ പൂർത്തിയാക്കി. അനന്തരം കാലംചെയ്ത തിരുമേനിയുടെ മൃതശരീരം പ്രതിഷ്ഠിച്ചിരുന്ന രഥമുൾപ്പെടെ കറുത്തകൊടിധരിച്ച ഏകദേശം മുന്നൂറോളം കാറുകളുടെയും ഏതാനും ബസ്സുകളുടെയും അകമ്പടികളോടും ദുഃഖസൂചകമായ ബാൻറുമേളത്തോടുംകൂടിയുള്ള വിലാപയാത്ര ആരംഭിച്ചു. കോട്ടയം ഏലിയാചാപ്പൽമുതൽ പുത്തൻകാവു് വലിയപള്ളിവരെയുള്ള റോഡിൻെറ ഇരുവശങ്ങളിലും ദിവംഗതനായ തിരുമേനിയെ ദർശിക്കുന്നതിനായി നാനാജാതിയിലുംപെട്ട അനേകായിരം സ്ത്രീപുരുഷന്മാർ കൈകൂപ്പി നിലകൊണ്ടിരുന്നു. മൃതശരീരം മലയാളമനോരമ ആഫീസിൻെറ പടിക്കൽഎത്തിയപ്പോൾ ശ്രീ. കെ. സി. മാമ്മൻ മാപ്പിള അശ്രുകലുഷിതനേത്രനായി സാദരം രഥത്തോടു സമീപിച്ചു് ഒരു പുഷ്പമാല മൃതശരീരത്തിൽ അർപ്പിച്ചു. യാത്രാമദ്ധ്യേ ചിങ്ങവനം, പള്ളം, കുറിച്ചി, തിരുവല്ലാ, തിരുമൂലപുരം, ഉമയാററുകര, കല്ലിശ്ശേരി എന്നീ സ്ഥലങ്ങളിൽ കറുത്ത കൊടി കുരിശു മുതലായവ ധരിച്ച അനേകം ഭക്തജനങ്ങൾ മൃതശരീരം ദർശിക്കുകയുണ്ടായി. വിലാപയാത്ര ചെങ്ങന്നൂർ ബേഥേൽ അരമനയിൽ എത്തിയപ്പോഴേക്കും മണി പന്ത്രണ്ടായി. ജനാവലി നിയന്ത്രണാതീതവുമായി. പന്ത്രണ്ടര മണിക്കു ബേഥേലിൽ നിന്നും വിലാപയാത്ര വീണ്ടും തുടർന്നു. തിരുമേനിയുടെ മൃതശരീരം സ്വദേശമായ പുത്തൻകാവു തെരുവിലെത്തിയപ്പോഴേക്കും ഇരുവശങ്ങളിലുമുള്ള വീടുകളുടെ പടിക്കൽ നിന്നുകൊണ്ടു സ്ത്രീകളും കുഞ്ഞുങ്ങളും സാശ്രുപൂരരായി വാവിട്ടു കരഞ്ഞു. കാണികൾ പതിനായിരക്കണക്കിനു വർദ്ധിച്ചു. ചെങ്ങന്നൂരിലും പരിസരങ്ങളിലുമുള്ള പല ഹൈന്ദവ പ്രമാണികൾ ഈ വിലാപയാത്രയിൽ പങ്കുകൊണ്ടു. മൃതശരീരം പുത്തൻകാവു് വലിയപള്ളിമുററത്തു് എത്തിയപ്പോഴേക്കും ജനങ്ങളുടെ സംഖ്യ ഏകദേശം അറുപതിനായിരത്തോളമായി. പള്ളിമുററം അടക്കം അതിവിശാലമായ ഒരു പന്തൽ തന്നെ സജ്ജീകരിച്ചിരുന്നു. കാലംചെയ്ത തിരുമേനിയുടെ മൃതശരീരം ദർശിക്കുന്നതിനായി തിരുമേനിയുടെ ഗുരുഭൂതനും, തിരുവനന്തപുരം അതിരൂപതയുടെ ആർച്ചുബിഷപ്പുമായ നി.വ.ദി.ശ്രീ മാർ ഈവാനിയോസ് മെത്രാപ്പോലീത്താതിരുമനസ്സുകൊണ്ടും കഥാപുരുഷൻെറ സുഹൃത്തും സതീർത്ഥ്യനുമായിരുന്ന നി.വ.ദി.ശ്രീ മാർ സേവേറിയോസ് മെത്രാപ്പോലീത്താതിരുമേനിയും പള്ളിയിൽ സന്നിഹിതരായിരുന്നു. ചെങ്ങന്നൂരിൽ നിന്നു പുത്തൻകാവിലേക്കുള്ള യാത്രാമദ്ധ്യേ ഡോ. ടി. കെ. വറുഗീസ്, റിട്ട. ഹൈക്കോടതി ജഡ്ജി മി. കെ. കെ. ചാക്കൊ, ബാർ-അററ്ലോ തുടങ്ങിയവർ മൃതശരീരത്തിൽ പുഷ്പഹാരങ്ങൾ അർപ്പിച്ചു.

പുത്തൻകാവു് വലിയപള്ളിയിൽ എത്തിയശേഷം തിരുമേനിയുടെ മൃതശരീരം പള്ളിയകത്തുകൊണ്ടുപോവുകയും നി.വ.ദി.ശ്രീമാന്മാരായ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ, നി.വ.ദി.ശ്രീ മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ എന്നീ തിരുമേനിമാരുടെ പ്രധാന കാർമ്മികത്വത്തിലും കശീശന്മാരും, ശെമ്മാശ്ശന്മാരും ഉൾപ്പെട്ട നൂറിൽപ്പരം വൈദികന്മാരുടെ സഹകരണത്തിലും കബറടക്ക ശുശ്രൂഷ ആരംഭിച്ചു. കബറടക്കം സംബന്ധിച്ചുള്ള പ്രത്യേക ശുശ്രൂഷകൾക്കുശേഷം നഗരികാണിക്കൽ എന്ന ഹൃദയസ്പർശകമായ പരിപാടിയും നിർവഹിക്കപ്പെട്ടു. ഏകദേശം രണ്ടുമണിയോടുകൂടി തിരുമേനിയുടെ മൃതശരീരം കബറടക്കശുശ്രൂഷ കാണാൻ വന്നിരുന്ന വമ്പിച്ച ജനസമൂഹത്തിൻെറ ദർശനത്തിനായി പള്ളിയങ്കണത്തിലെ പന്തലിൽ സ്ഥാപിച്ചിരുന്ന ഉന്നതപീഠത്തിൽ പ്രതിഷ്ഠിച്ചു. അനന്തരം മൃതശരീരം പുത്തൻകാവു വലിയപള്ളിയുടെ മദ്ബഹായുടെ തൊട്ടു വടക്കുഭാഗത്തു സജ്ജീകരിച്ചിരുന്ന കല്ലറയിൽ സംസ്കരിക്കപ്പെട്ടു. സംസ്കാരത്തിനു മുമ്പായി ദിവ്യശ്രീ ററി. എസ്. എബ്രഹാംകത്തനാർ ബി.ഏ.എൽ.ററി. കൊച്ചുതിരുമേനി എന്ന അപരാഭിധാനത്താൽ മലങ്കരയെങ്ങും അറിയപ്പെട്ടിരുന്ന നി.വ.ദി.ശ്രീ പീലക്സിനോസ് തിരുമേനി കുന്നംകുളത്തേക്കു പോയതുമുതൽ തിരുമേനിയുടെ ആകസ്മികമായ നിര്യാണംവരെയുള്ള വൃത്താന്തങ്ങൾ ഒരു പ്രസംഗരൂപേണ പൊതുജനങ്ങളെ അറിയിക്കുകയുണ്ടായി. ഏകദേശം മൂന്നുമണിയോടുകൂടി തിരുമേനിയുടെ മൃതശരീരസംസ്കാരം സംബന്ധിച്ചുള്ള എല്ലാപരിപാടികളും സമാപിച്ചു.

1951 ഏപ്രിൽ 19 ന് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചത്.

കാലംചെയ്ത മാർ പീലക്സീനോസ് തിരുമേനി

ഭക്തിനിർഭരമായ ശ്രാർദ്ധമടിയന്തിരം

ഒൻപതിനായിരംപേർക്കു വിപുലമായ സദ്യ നൽകപ്പെട്ടു

(സ്വന്തം ലേഖകൻ) പുത്തൻകാവ്, ജൂൺ 4

കാലം ചെയ്ത മാർ പീലക്സീനോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ ശ്രാർദ്ധമടിയന്തിരം മെയ് 28, 29 എന്നീ തീയതികളിൽ ഏറ്റവും വിജയപ്രദമായി കൊണ്ടാടപ്പെട്ടിരിക്കുന്നു. ഇതു സംബന്ധിച്ച് അതിവിപുലമായ ഒരു വോളണ്ടിയർ സംഘത്തെ കാലേകൂട്ടിത്തന്നെ രൂപവൽക്കരിക്കുകയുണ്ടായി. ഇടവകയെ പല ബ്ലോക്കുകളായി തിരിച്ച് [illegible] അരിപാചകം ചെയ്യുന്നതിനുള്ള ചുമതല ഓരോ ബ്ലോക്കിൽ ഉൾപ്പെട്ട ഇടവകജനങ്ങളെ ഏല്പിച്ചിരുന്നു. അടിയന്തിരം ആരംഭിക്കുന്നതിനു മൂന്നു ദിവസം മുമ്പുതന്നെ ഏകദേശം 1000 പേർക്കു ഇരുന്നു ഭക്ഷണം കഴിക്കാവുന്ന ഒരു കൊട്ടിൽ സ്ഥലം മെത്രാപ്പോലീത്തൻ ഹൈസ്കൂളിന്റെ മുൻവശത്തു തയ്യാറാക്കപ്പെട്ടിരുന്നു. മെയ് 27-ാം തീയതിയോടുകൂടി നി. വ. ദി. ശ്രീമാന്മാരായ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ, മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ, മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ എന്നീ തിരുമേനിമാരും വന്ദ്യദിവ്യശ്രീ തിരുവാ. കോട്ടൂർ റമ്പാച്ചനും മാരേത്തുറമ്പാച്ചനും സ്ഥലം ഓർത്തഡോക്സ് സുറിയാനിപ്പള്ളിയിൽ എത്തുകയുണ്ടായി. മെയ് 28-ാംനു രാവിലെ എട്ടുമണിക്കു മൂന്നിന്മേൽ കുർബാനയും വൈകിട്ടു ഏഴുമണിക്കു സന്ധ്യാനമസ്കാരവും നടത്തപ്പെട്ടു. ഉടനെ നി. വ. ദി. ശ്രീ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു "മരിച്ചുപോയ പരിശുദ്ധന്മാരെക്കുറിച്ചുള്ള ഓർമ്മ" എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പ്രസംഗം ചെയ്തു. പ്രസംഗപീഠം തയ്യാറാക്കപ്പെട്ടിരുന്നതു കാലംചെയ്ത നി. വ. ദി. ശ്രീ. മാർ പീലക്സീനോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ കബറിങ്കലായിരുന്നു. പ്രസംഗത്തിനു ശേഷം അന്യ ഇടവകകളിൽനിന്നും വന്നുചേർന്ന വൈദികന്മാർക്കും പ്രതിനിധികൾക്കും വേണ്ടിയുള്ള സദ്യ നടന്നു. മെയ് 29-ാംനു രാവിലെ ഏഴുമണിമുതൽ പുത്തൻകാവു വലിയപള്ളിയിൽ ഏഴിന്മേൽ കുർബാന ആരംഭിച്ചു. ഈ കുർബാനയിൽ മൂന്നു മെത്രാപ്പോലീത്തന്മാരും രണ്ടു റമ്പാന്മാരും രണ്ടു പട്ടക്കാരും കാർമ്മികന്മാരായിരുന്നു. പള്ളിയിലും പള്ളിയങ്കണത്തിലുമായി ഏകദേശം ഏഴായിരംപേർ കുർബാന കാണുന്നതിനു കൂടിയിരുന്നു. കുർബാനയ്ക്കുശേഷം ഏകദേശം ഒരുമണിക്കൂർനേരം വിശുദ്ധ കബറിങ്കൽ ധൂപാർപ്പണവും നേർച്ചയിടീലും നടന്നു.

പത്തരമണിക്കു സദ്യ ആരംഭിച്ചു. സദ്യയുടെ പരിപാടികൾ അപ്പോഴപ്പോൾ ഉച്ചഭാഷിണിവഴി വാളന്റിയർക്യാപ്റ്റൻ പൊതുജനങ്ങളെ അറിയിച്ചുകൊണ്ടിരുന്നു. പത്തരമണിക്ക് ആരംഭിച്ച സദ്യ ഉച്ചകഴിഞ്ഞു മൂന്നുമണിയോടുകൂടി മംഗളമായി അവസാനിച്ചു. ഏകദേശം ഒൻപതിനായിരം സ്ത്രീപുരുഷന്മാർ സദ്യയിൽ സംബന്ധിച്ചു. സദ്യസ്ഥലത്തും പരിസരങ്ങളിലും ഒരുമ്പിച്ച ജനതതി തിങ്ങിക്കൂടിയിരുന്നു എങ്കിലും കാലം ചെയ്ത വിശുദ്ധനെക്കുറിച്ചുള്ള സ്മരണകൊണ്ട് എല്ലാവരും പരിപൂർണ്ണ അച്ചടക്കം പാലിച്ചിരുന്നു എന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്.

1951 ജൂൺ 4 ന് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചത്.

മലങ്കരസഭയുടെ യുവചൈതന്യത്തിന് ആത്മീയതയുടെ നൂറുവർഷം

തിരുവല്ല: അജഗണങ്ങൾ എക്കാലവും അരുമയോടെ മനസിൽ കാത്തുസൂക്ഷിക്കുന്ന പുത്തൻകാവ് ഗീവർഗീസ് മാർ പീലക്സിനോസിൻെറ ജന്മശതാബ്ദി വന്നണയുന്നു. മലങ്കര സഭാ ചരിത്രത്തിലെ ഈ ഉജ്വല താരത്തിൻെറ ജന്മശതാബ്ദി ആഘോഷങ്ങൾ പുത്തൻകാവ് മെട്രോപ്പൊലിറ്റൻ ഹൈസ്കൂളിൽ പത്തിനു പരിശുദ്ധ കാതോലിക്കാ ബാവായുടെ അധ്യക്ഷതയിൽ മഹാരാഷ്ട്ര ഗവർണർ ഡോ. പി. സി. അലക്സാണ്ടർ ഉദ്ഘാടനം ചെയ്യും.

പുത്തൻകാവിൽ കൊച്ചുതിരുമേനി എന്നറിയപ്പെടുന്ന മാർ പീലക്സിനോസ് കാലം ചെയ്ത കുന്നംകുളം മരുത്തംകോട്ടു ചാപ്പലിൽനിന്ന് പതാകാ സ്വീകരണം ആരംഭിച്ചു. മെത്രാപ്പോലീത്തായുടെ ജന്മഭവനമായ കിഴക്കേത്തലയ്ക്കലെ ഭദ്രദീപത്തിൽനിന്നു കൊളുത്തുന്ന ദീപശിഖ ഞായറാഴ്ച പ്രയാണം ആരംഭിക്കും. ചൊവ്വാഴ്ച ചേരുന്ന സമ്മേനളത്തിൽ ഫാ. മാത്യു കോശി തയാറാക്കിയ മെത്രാപ്പോലീത്തായുടെ ജീവചരിത്രം മനോരമ എക്സിക്യൂട്ടീവ് എഡിറ്റർ ജേക്കബ് മാത്യു പ്രകാശനം ചെയ്യും.

മലങ്കര ഓർത്തഡോക്സ് സഭയുടെ യുഗശില്പിയായിരുന്നു ഗീവർഗീസ് മാർ പീലക്സിനോസ്. 1930-51 വരെ ഓർത്തഡോക്സ് സഭയുടെ തുമ്പമൺ ഭദ്രാസനാധിപനായിരുന്ന അദ്ദേഹം 53-ാം വയസിൽ 1951 ഏപ്രിൽ 17-ന് കാലം ചെയ്യുമ്പോൾ ഓർത്തഡോക്സ് സഭാ നഭോമണ്ഡലത്തിൽ പ്രകാശം പരത്തിനിന്നിരുന്ന ഒരു ദിവ്യതേജസാണ് അണഞ്ഞുപോയത്. ഉജ്വലനായ വാഗ്മിയായും മധുര ഗായകനായും അദ്ദേഹം വിശ്വാസികളുടെ ഹൃദയത്തിൽ മായാത്ത മുദ്രപതിച്ചു.

അനേകരെ സഭാ പ്രവർത്തനത്തിലേക്ക് ആകർഷിച്ച വിശിഷ്ട വ്യക്തിത്വമായിരുന്നു മെത്രാപ്പോലീത്തായുടേത്. അവരിൽ പലരും പിന്നീട് സഭാധ്യക്ഷന്മാരായി വളർന്നു.

പ്രസിദ്ധമായ കിഴക്കേത്തലയ്ക്കൽ കുടുംബത്തിലെ നാൽപ്പത്തിഒന്നാമത്തെ പുരോഹിതനായ മാർ പീലക്സിനോസ് 1897 ജൂൺ പത്തിനാണ് ജനിച്ചത്. ഹൈസ്കൂൾ വിദ്യാർഥിയായിരിക്കെ മലങ്കര മെത്രാപ്പോലീത്താ വട്ടശേരിൽ മാർ ദിവന്നാസ്യോസ് ശെമ്മാശുപട്ടം നൽകി. കോട്ടയം സി. എം. എസ്. കോളജിൽനിന്ന് ഇൻറർമീഡിയറ്റ് കഴിഞ്ഞശേഷം സെറാമ്പൂർ കോളജിലായിരുന്നു വൈദിക വിദ്യാഭ്യാസം.

പുസ്തകങ്ങൾ വായിക്കാനുള്ള താൽപര്യവും പ്രസംഗചാതുരിയും കൊണ്ട് പഠനകാലങ്ങളിൽ ശ്രദ്ധേയനായ അദ്ദേഹം ബി. ഡി. ബിരുദം സമ്പാദിച്ചശേഷം കോട്ടയം എം. ഡി. സെമിനാരിയിൽ കുറെ വർഷങ്ങൾ അധ്യാപകനായി ജോലി നോക്കി. കൽക്കട്ടയിൽനിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ എം. എ. ഡിഗ്രി സമ്പാദിച്ചതിനു പിന്നാലെ കശീശാ പട്ടവും സ്വീകരിച്ചു. 1930 നവംബർ രണ്ടിന് പരുമല പെരുനാൾ ദിനത്തിലാണ് കെ. ടി. ഗീവർഗീസ് റമ്പാൻ മാർ പീലക്സിനോസ് എന്ന നാമത്തിൽ തുമ്പമൺ ഭദ്രാസനത്തിൻെറ എപ്പിസ്കോപ്പായായി അഭിഷിക്തനാകുന്നത്.

സ്വന്തം ഭദ്രാസനത്തെക്കാൾ ഉപരിസഭയെ ആകമാനം സ്നേഹിക്കുന്നൊരു ആത്മീയ പിതാവിനെ അന്നു സഭയ്ക്കു ലഭിച്ചു. ആ തണലിൽ വിശ്വാസികൾ പിന്നീട് ആശ്വാസത്തിൻെറ തെളിനീരുറവ കണ്ടു.

പുത്തൻകാവിൽ മാർ പീലക്സിനോസിൻെറ ഇടവക സന്ദർശനം ഭക്തജനങ്ങൾക്ക് ആത്മീയാനുഭൂതിയുടെ സ്വർഗീയ സുഖം പ്രദാനം ചെയ്യുന്നവയായിരുന്നു. മലങ്കര സഭയിൽ ഇദംപ്രഥമമായി ശമ്പളപദ്ധതി ഏർപ്പെടുത്തിയ അദ്ദേഹം പ്രായമായ വൈദികരെ പെൻഷൻ നൽകി ആദരിച്ചു. പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്കൂൾ, പുത്തൻകാവ് മെട്രോപ്പൊലിറ്റൻ ഹൈസ്കൂൾ എന്നിവയ്ക്ക് തുടക്കം കുറിച്ചതും മാർ പീലക്സിനോസ് ആയിരുന്നു.

വിശ്വാസികളുടെ ഇടയിൽ ഭിന്നിപ്പിൻെറയും അസ്വസ്ഥതയുടെയും കാർമേഘങ്ങൾ പടർന്നപ്പോൾ ജനങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കാൻ ധീരമായി നേതൃത്വം നൽകിയ ആത്മീയ തേജസായിരുന്നു അദ്ദേഹം. മലങ്കര സഭയിൽ കൺവൻഷന് തുടക്കമിട്ട അദ്ദേഹത്തിന് യോഗങ്ങൾ ആവേശവും ലഹരിയുമായിരുന്നു. നുറുങ്ങു കഥകളിലൂടെ ശ്രോതാക്കളെ ആകർഷിക്കാനുള്ള കഴിവ് അപാരമായിരുന്നു. അദ്ദേഹത്തിൻെറ മധുരമായ ഗാനാലാപനത്തിൽ ലയിച്ചു ചേരാത്തവരുണ്ടായിരുന്നില്ല.

തൊട്ടതെല്ലാം പൊന്നാക്കിയ മാർ പീലകസിനോസായിരുന്നു സഭയുടെ ആദ്യ കോളജായ പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് സ്ഥാപിക്കാൻ മുൻകൈ എടുത്തത്. അദ്ദേഹത്തിൻെറ കാലശേഷമായിരുന്നു പക്ഷേ അംഗീകാരം ലഭിച്ചത്.

വിശ്വാസികളിൽ സഭാ വിശ്വാസവും തിരുവചനവും ഊട്ടിയുറപ്പിക്കാനായി കേരളത്തിൻെറ ഒരറ്റം മുതൽ മറ്റേയറ്റം വരെ ഓടിനടന്ന അദ്ദേഹം കാലം ചെയ്യുന്നതിന് രണ്ടു ദിവസം മുൻപ് കാതോലിക്കാ ദിനത്തിൽ കുന്നംകുളത്ത് പഴയ പള്ളിപ്പറമ്പിൽ ചെയ്ത പ്രസംഗം ചരിത്ര പ്രസിദ്ധം. കാതോലിക്കേറ്റിൻെറ മാഹാത്മ്യത്തെപ്പറ്റി നടത്തിയ ആ ഉജ്വല പ്രഭാഷണം സഭാമക്കൾക്ക് ഇന്നും ആവേശമാണ്.

മടക്കയാത്രയിൽ അസുഖ ബാധിതനായ അദ്ദേഹം മരുത്തംകോട്ട് ചാപ്പലിൽ വിശ്രമിക്കവേയാണ് കാലം ചെയ്തത്. അജപാലനത്തിൻെറ കർമ്മപഥത്തിൽ ആത്മീയ വിശുദ്ധിയുടെ പ്രകാശം പരത്തി ശോഭിച്ച മെത്രാപ്പോലീത്തായുടെ ജീവിതം അനേകർക്ക് ഇന്നും പ്രചോദനമാണ്. പരിശുദ്ധ ബസേലിയസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ അദ്ദേഹത്തിൻെറ സ്നേഹവും വാൽസല്യവും ഏറെ അനുഭവിച്ചറിഞ്ഞതാണ്.

മലങ്കര സഭയുടെ ആറാം കാതോലിക്കായായി അഭിഷിക്തനാകുന്നതിൻെറ തലേന്ന് മാർ പീലക്സിനോസിൻെറ കബറിങ്കൽ വന്ന് നിറകണ്ണുകളോടെ പരിശുദ്ധ ബാവാ അനുഗ്രഹം തേടിയിരുന്നു.

കുന്നംകുളം മരുത്തംകോട്ട് ചാപ്പലിൽ മാർ പീലക്സിനോസ് ജീവൻ വെടിഞ്ഞ മുറി ഇപ്പോൾ അനേകർക്ക് ആശ്വാസം നൽകുന്ന പ്രാർഥനാ മുറിയാണ്; കബറിടവും അനേകർക്ക് ആശ്രയവും ആശ്വാസവുമാണ്.

ഏപ്രിൽ 17, 18 തീയതികളിൽ അദ്ദേഹത്തിൻെറ ഓർമ്മപ്പെരുനാൾ പുത്തൻകാവ് കത്തീഡ്രലിൽ ആചരിക്കുന്നു. മലങ്കരയുടെ നാനാഭാഗത്തുനിന്നും മെത്രാപ്പോലീത്തായെ നേരിൽകണ്ട് അനുഭവിച്ചറിഞ്ഞ പഴയ തലമുറ ഓർമ്മപ്പെരുനാളിന് അദ്ദേഹത്തിൻെറ അനുഗ്രഹം തേടി കബറിങ്കൽ എത്തുന്നു.

1997 ജൂൺ 8 ന് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചത്.

പുത്തൻകാവ് കൊച്ചുതിരുമേനി യുഗപുരുഷൻ: അലക്സാണ്ടർ

ചെങ്ങന്നൂർ : തുമ്പമൺ ഭദ്രാസനാധിപനായിരുന്ന് മലങ്കരയുടെ മുഴുവൻ മെത്രാപ്പോലീത്തയായി മാറിയ യുഗപുരുഷനായിരുന്നു പുത്തൻകാവിൽ കൊച്ചുതിരുമേനിയെന്നു മഹാരാഷ്ട്രാ ഗവർണർ ഡോ.പി.സി അലക്സാണ്ടർ പ്രസ്താവിച്ചു. പുത്തൻകാവ് ഗീവർഗീസ് മാർ പീലക്സിനോസിന്റെ ജന്മശതാബ്ദി ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തന്റെ വിദ്യാർത്ഥി ജീവിതകാലത്തും ഉദ്യോഗകാലത്തും വലിയ അഭ്യുദയകാംക്ഷിയും സ്നേഹവാത്സല്യങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്തയാളായിരുന്നു അദ്ദേഹമെന്ന് ഡോ.അലക്സാണ്ടർ സ്മരിച്ചു. തിരിഞ്ഞു നോക്കുമ്പോൾ പഴയ തലമുറയിൽ നിറഞ്ഞു നിന്ന് അത്യുജ്ജ്വല പ്രതിഭാസമായിരുന്നു കൊച്ചുതിരുമേനി. ആരേയും വശീകരിക്കുന്ന അദ്ദേഹത്തിന്റെ വാഗ്മിത്വവും സ്വർഗ്ഗീയ സുഖം പ്രദാനം ചെയ്യുന്ന ആരാധനാ രീതികളും ഭക്തിയും ഗീതവും ഇടകലർന്ന പ്രഭാഷണങ്ങളും മനസ്സിൽ നിന്ന് മായുന്നില്ല. ലൈൻ ബസ്സുകളിൽ ഓടി നടന്ന് പള്ളിത്തിണ്ണകളിൽ അന്തിയുറങ്ങി കാപ്പിക്കടകളിൽ നിന്ന് വാങ്ങിക്കൊണ്ടുവരുന്ന ആഹാരം കഴിച്ചും ആരോഗ്യം മറന്ന് തന്നെ ഏൽപ്പിച്ച ദൗത്യം പൂർത്തിയാക്കാനായി അദ്ദേഹം അലഞ്ഞു നടന്നു. ഡോക്ടർമാരുടെ ഉപദേശം അദ്ദേഹം കേട്ടിരുന്നു

വെങ്കിൽ... കുറേക്കാലം വിശ്രമിച്ചിരുന്നുവെങ്കിൽ.. എന്നെല്ലാം ഇപ്പോൾ ആശിച്ചു പോകുന്നു.

കുർബാന സമയം അസാധാരണമായ ആത്മ ശക്തിയിൽ നിറയുമായിരുന്ന അദ്ദേഹത്തിന്റെ പ്രാർഥനകളുടെ ലയം അനുഭവിക്കേണ്ടതു തന്നെയായിരുന്നു. ഭക്തിയും സംഗീതവും സമന്വയിപ്പിക്കുന്ന ആരാധനാ ശൈലി എല്ലാവരേയും ആകർഷിച്ചിരുന്നുവെന്നു ഡോ. അലക്സാണ്ടർ പറഞ്ഞു.

മാർ പീലക്സിനോസിന്റെ ജന്മഭവനമായ കിഴക്കേത്തലക്കൽ ഭവനത്തിൽനിന്നു കൊളുത്തിക്കൊണ്ടുവന്ന ദീപശിഖയിൽനിന്നു തിരി പകർന്നു ഡോ. പി.സി.അലക്സാണ്ടർ നിലവിളക്കു തെളിയിച്ച് ഉദ്ഘാടനം നിർവഹിച്ചു.

നിയുക്ത കാതോലിക്ക തോമസ് മാർ തിമോത്തിയോസ് അധ്യക്ഷത വഹിച്ചു. ശത്രുതയുള്ളവരെ സ്നേഹിച്ചു കീഴ്പ്പെടുത്തുന്ന സ്വഭാവമായിരുന്നു തിരുമേനിയുടേതെന്ന് അദ്ദേഹം പറഞ്ഞു.

സ്വധർമം വിശ്വധർമമാണെന്നു തെറ്റിധരിച്ചു ജീവിക്കുന്നവർക്കിടയിൽ വിശ്വധർമം സ്വധർമമായി കരുതി ജീവിച്ചയാളാണു പുത്തൻ കാവിൽ കൊച്ചു തിരുമേനിയെന്നു ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം സഫ്രഗൻ മെത്രാപ്പോലീത്ത അനുസ്മരിച്ചു. ഏത് ഒഴുക്കിലും സഭാ നൗകയെ ഉദ്ദേശിച്ച കടവിൽ അടുപ്പിക്കാൻ തിരുമേനിക്കു കഴിഞ്ഞു.

ജനിച്ചപ്പോൾ മുതൽ ദൈവനിയോഗം ഉണ്ടായിരുന്ന കൊച്ചുതിരുമേനിയെ ഗർഭം മുതൽ ദൈവം തെരഞ്ഞെടുത്ത ആളായിരുന്നുവെന്നു തിരുമേനിയുടെ സഹോദര പുത്രനും ചെങ്ങന്നൂർ ഭദ്രാസനാധിപനുമായ തോമസ് മാർ അത്താനാസ്യോസ് പറഞ്ഞു. ഫിലിപ്പോസ് മാർ യൗസേബിയോസ്, ഡോ. കെ.എം. തരകൻ, ഫാ. ജോൺ ദാനിയൽ എന്നിവർ പ്രസംഗിച്ചു.

പരിശുദ്ധ കാതോലിക്കാ ബാവയുടെ സന്ദേശം ഫാ. ജോൺ ദാനിയൽ വായിച്ചു. ഗീവർഗീസ് മാർ ദിയസ്ക്കോറോസ്, ഉമ്മൻ ചാണ്ടി എം.എൽ.എ. എന്നിവർ പങ്കെടുത്തു.

പുത്തൻകാവ് കൊച്ചുതിരുമേനിയെപ്പറ്റി ഫാ.മാത്യുകോശി രചിച്ച ഗ്രന്ഥം ചടങ്ങിൽ മലയാള മനോരമ എക്സിക്യൂട്ടീവ് എഡിറ്റർ ജേക്കബ് മാത്യു പ്രകാശനം ചെയ്തു. അഗ്നി

പരീക്ഷകളുടെ നാളുകളിൽ സഭയെ നയിക്കാൻ ദൈവം നിയോഗിച്ച പ്രകാശഗോപുരമായിരുന്നു പുത്തൻ കാവിൽ കൊച്ചുതിരുമേനിയെന്നു ജേക്കബ് മാത്യു പറഞ്ഞു. സ്വയം പ്രകാശിക്കുകയും മറ്റുള്ളവരെ പ്രകാശിപ്പിക്കുകയും ചെയ്ത സ്വർഗീയ തേജസായിരുന്നു തിരുമേനി. ഗ്രന്ഥത്തിന്റെ ആദ്യപ്രതി നിയുക്ത കാതോലിക്ക ഏറ്റുവാങ്ങി.

ചടങ്ങിനു മുൻപായി പുത്തൻ കാവ് ഓർത്തഡോക്സ് പള്ളിയിൽനിന്നു വിശിഷ്ടാതിഥികളെ സമ്മേളന വേദിയിലേക്ക് സ്വീകരിച്ചാനയിച്ചു. വൈദികരും കൊച്ചുകുട്ടികളും സ്ത്രീകളും അടക്കം നൂറുക്കണക്കിനു പേർ ജന്മദിനാഘോഷയാത്രയിൽ പങ്കുകൊണ്ടു.

ജന്മശതാബ്ദി സമ്മേളനത്തിന് എത്തിച്ചേർന്ന ഡോ. പി.സി. അലക്സാണ്ടറെയും വിശിഷ്ടാതിഥികളെയും തോമസ് മാർ അത്താനാസ്യോസ്, ഫാ.ജോൺ ദാനിയൽ, ജനറൽ കൺവീനർ പി.ഇ.ഐപ്പ്, ഏബ്രഹാം തോമസ്, സുനിൽ പി. ഉമ്മൻ , ടി.സി. ചാക്കോ എന്നിവർ ചേർന്നു സ്വീകരിച്ചു.

പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ജന്മശതാബ്ദി ആഘോഷം പുത്തൻകാവിൽ മഹാരാഷ്ട്ര ഗവർണർ ഡോ. പി.സി. അലക്സാണ്ടർ ഉദ്ഘാടനം ചെയ്യുന്നു. മനോരമ എക്സിക്യൂട്ടീവ് എഡിറ്റർ ജേക്കബ് മാത്യു, ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം സഫ്രഗൻ മെത്രാപ്പൊലീത്ത, ഫിലിപ്പോസ് മാർ യൗസേബിയോസ്, നിയുക്ത കാതോലിക്ക തോമസ് മാർ തിമോത്തിയോസ്, തോമസ് മാർ അത്താനാസ്യോസ്, ഡോ. കെ.എം. തരകൻ തുടങ്ങിയവർ സമീപം. -മനോരമ.

1997 ജൂൺ 11 ന് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചത്.

അനശ്വരമായ ഓർമകൾക്ക് അരനൂറ്റാണ്ട്

മാർ പീലക്സിനോസ്

നിത്യതയുടെ അനശ്വരതീരത്തുനിന്നു വിശ്വാസികളുടെ മനസ്സിലേക്കൊഴുകുന്ന അനുഗ്രഹപ്രവാഹമായ പുത്തൻകാവ് കൊച്ചുതിരുമേനിയുടെ ഓർമകൾക്ക് അരനൂറ്റാണ്ട്.

മലങ്കര ഓർത്തഡോക്സ് സഭയെ രണ്ടു പതിറ്റാണ്ടോളം വഴിതെളിച്ച മാർ പീലക്സിനോസ് നിത്യതയിലേക്കു പിൻവാങ്ങിയിട്ട് ഈ 17ന് അൻപതുവർഷം തികയുകയാണ്.

മലങ്കരസഭയുടെ യുഗശിൽപ്പി, യുഗപുരുഷൻ, യുവചൈതന്യം, പ്രകാശം പരത്തുന്ന വ്യക്തിത്വം എന്നീ വിശേഷണങ്ങൾക്കപ്പുറം ക്രൈസ്തവ ഇടയദൗത്യത്തിന്റെ ലാളിത്യവും താഴ്മയും മൂടുപടമിട്ട ആ ജീവിതം കർമവൈവിധ്യംകൊണ്ടും നേതൃഗുണംകൊണ്ടും സഭയ്ക്കും സമൂഹത്തിനും മാർഗദർശകമായിരുന്നു.

വിശ്വാസഗോപുരങ്ങളെ ഉലയ്ക്കുന്ന കാറ്റിലും കോളിലുംപെട്ട സഭാനൗകയെ ലക്ഷ്യബോധത്തിന്റെ ഉത്തമതീരത്തേക്കു നയിച്ച ധ്രുവനക്ഷത്രമായിരുന്നു മാർ പീലക്സിനോസ്. ഇമ്പമാർന്ന ശബ്ദത്തിന് ഉടമകൂടിയായിരുന്നതിനാൽ ആരാധന അതീവഹൃദ്യമായിരുന്നു.

സുറിയാനിയിലും മലയാളത്തിലും അദ്ദേഹം ആരാധന ചൊല്ലുമ്പോൾ വാക്കുകൾ സ്വർഗത്തോളം ഉയരുമായിരുന്നു.

സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും ഭൂമിയും സമുദ്രങ്ങളും

സ്വർഗീയ ഊർശ്ലേമിൽ പേരെഴുതപ്പെട്ടിരിക്കുന്ന ആദ്യജാതന്മാരും....

എന്ന ചൊല്ലിലൂടെ വിശ്വാസം വാക്കുകളായി ഒഴുകി.

കുറവിലങ്ങാട് കഴിഞ്ഞാൽ പഴയകാലത്തു നസ്രാണികൾ ഏറ്റവും കൂടുതൽ തിങ്ങിപ്പാർത്തിരുന്ന ഗ്രാമമാണു ചെങ്ങന്നൂരിനടുത്തുള്ള പമ്പാതീരത്തെ പുത്തൻകാവ്. നിരണം, കുറവിലങ്ങാട്, നിലയ്ക്കൽ എന്നിവിടങ്ങളിൽനിന്ന് ഇവിടേക്കു നൂറ്റാണ്ടുകൾക്കുമുമ്പേ ക്രൈസ്തവ കുടിയേറ്റമുണ്ടായി.

ഇവിടെ 1793ൽ മാർത്തോമ്മാ ആറാമന്റെ കാലംമുതൽ ആരാധനാലയമുണ്ട്.

പുത്തൻകാവിലെത്തുന്ന മലങ്കരസഭാ പിതാക്കന്മാരെ ഭരണകാര്യങ്ങളിൽ സഹായിച്ചിരുന്ന കിഴക്കേത്തലയ്ക്കൽ തോമസ് കത്തനാരുടെ രണ്ടാമത്തെ പുത്രനായ കെ. ടി. വർഗീസാണ് പിന്നീടു പുത്തൻകാവിൽ കൊച്ചുതിരുമേനിയായത്.

പരുമലത്തിരുമേനിയുടെ ശിഷ്യനായിരുന്നു തോമസ് കത്തനാർ.

1897 ജൂൺ പത്തിനാണ് മാർ പീലക്സിനോസിന്റെ ജനനം. പുത്തൻകാവ്, മാവേലിക്കര, ചെങ്ങന്നൂർ എന്നിവിടങ്ങളിൽ സ്കൂൾപഠനം. 1916ൽ കുണ്ടറ സെമിനാരിയിൽ വട്ടശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് ശെമ്മാശുപട്ടം നൽകി.

കോട്ടയം സി. എം. എസ്. കോളജിൽനിന്ന് ഇന്റർമീഡിയറ്റും കൽക്കട്ട സെറാമ്പൂർ കോളജിൽനിന്നു ബി. ഡിയും നേടിയശേഷം 1922ൽ കോട്ടയം എം. ഡി. സ്കൂൾ അധ്യാപകനായി. 1926ൽ കൽക്കട്ടയിൽനിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ എം. എ. നേടിയശേഷം ഗീവർഗീസ് ശെമ്മാശൻ 1928ൽ പുത്തൻകാവ് സ്കൂൾ ഹെഡ്മാസ്റ്ററായി.

പൂർണ ശെമ്മാശുപട്ടവും വൈദിക സ്ഥാനവും 1929ൽ ലഭിച്ചപ്പോൾ കിഴക്കേത്തലയ്ക്കൽ കുടുംബത്തിലെ 41-ാമത്തെ വൈദികനായിരുന്നു കെ. ടി. വർഗീസ്. വട്ടശേരിൽ തിരുമേനിയുടെ അരുമശിഷ്യനെന്നും ഇദ്ദേഹം അറിയപ്പെട്ടു. പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ 1929ൽ റമ്പാനായി അഭിഷേകംചെയ്തു. 1930ൽ പരുമലയിൽ പെരുനാളിനിടെയാണ് ഗീവർഗീസ് മാർ പീലക്സിനോസ് എന്ന പേരിൽ ബിഷപ്പായി അവരോധിക്കപ്പെടുന്നത്.

തുമ്പമൺ ഭദ്രാസനത്തിന്റെ ചുമതലയായിരുന്നു ആദ്യ നിയോഗം. അന്നു പ്രായം 33. നാലുവർഷം കഴിഞ്ഞ് 1934ൽ മാർ പീലക്സിനോസിനെ മെത്രാപ്പോലീത്തയാക്കി. 1930 മുതൽ '51 വരെ തുമ്പമൺ ഭദ്രാസനച്ചുമതല നിർവഹിച്ച മാർ പീലക്സിനോസ് 53-ാം വയസ്സിൽ 1951 ഏപ്രിൽ 17നു കാലംചെയ്തു.

പത്തനംതിട്ട കാതോലിക്കറ്റ് ഹൈസ്കൂൾ, പുത്തൻകാവ് മെട്രോപ്പൊലിറ്റൻ സ്കൂൾ എന്നിവയ്ക്കു തുടക്കമിട്ട പീലക്സിനോസ് തൊട്ടതെല്ലാം പൊന്നാക്കുന്ന കരങ്ങൾക്കുടമയായിരുന്നു.

മലങ്കരസഭയിൽ അസ്വസ്ഥതകളുടെ കാർമേഘം പടർന്നപ്പോൾ കൺവൻഷൻ പ്രസംഗങ്ങളിലൂടെ ആയിരങ്ങൾ വിശ്വാസത്തിൽ ഉറച്ചുനിന്നത് മാർ പീലക്സിനോസിന്റെ ലളിതമായ വാക്കുകൊണ്ടും ഉപമകൊണ്ടും ഹൃദയത്തിലേക്കിറങ്ങുന്ന വിശ്വാസതീക്ഷ്ണതകൊണ്ടുമായിരുന്നു.

2001 ഏപ്രിൽ 15 ന് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചത്.

പുത്തൻകാവ് കൊച്ചുതിരുമേനി സഭയുടെ ദിവ്യതേജസ്

ചെങ്ങന്നൂർ: യുവജനങ്ങൾക്ക് ആത്മീയചൈതന്യം പകർന്ന പുത്തൻകാവ് കൊച്ചുതിരുമേനി സഭയുടെ ദിവ്യതേജസായിരുന്നെന്നു മലയാള മനോരമ ചീഫ് എഡിറ്റർ കെ.എം. മാത്യു അനുസ്മരിച്ചു.

ഗീവർഗീസ് മാർ പീലക്സിനോസ് ചരമവാർഷിക സുവർണ ജൂബിലി സമ്മേളനം പുത്തൻകാവ് കത്തീഡ്രലിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വൈഷമ്യമേറിയ കാലഘട്ടത്തിലൂടെ കടന്നുപോകുന്ന സഭയ്ക്ക് ഇന്ന് ചിന്തയിലും പ്രവൃത്തിയിലും യൗവനം നിലനിർത്തുന്നവരെയാണു വേണ്ടത്. തുമ്പമൺ ഭദ്രാസനാധിപനായിരുന്ന കൊച്ചുതിരുമേനി ഇതിന് ഉത്തമ മാതൃകയായിരുന്നു: കെ.എം. മാത്യു പറഞ്ഞു.

സമൂഹത്തിന്റെ വളർച്ചയ്ക്കു വിദ്യാഭ്യാസമാണ് ആവശ്യമെന്നു മുൻകൂട്ടി കണ്ടു സ്കൂളുകൾക്കും കോളജുകൾക്കും തുടക്കമിട്ട കൊച്ചുതിരുമേനി വിദ്യാഭ്യാസ കാര്യങ്ങളിൽ ദർശനമുള്ള ആളായിരുന്നുവെന്ന് അധ്യക്ഷ പ്രസംഗത്തിൽ ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് അഭിപ്രായപ്പെട്ടു.

ഭദ്രാസന ബിഷപ്പായിരുന്ന കാലത്ത് ഒരു പുരുഷായുസ് മുഴുവൻ ചെയ്യാനാവുന്ന കാര്യങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞതാണ് കൊച്ചുതിരുമേനിയുടെ നേട്ടം. പുത്തൻകാവിൽ ഹൈസ്കൂൾ ആരംഭിക്കാൻ ശ്രമിച്ചപ്പോൾ വന്ന എതിർപ്പുകളെ പാവപ്പെട്ടവർക്കുവേണ്ടിയൊരു സ്കൂളെന്ന ആശയം ഉന്നയിച്ച് അദ്ദേഹം ന്യായീകരിച്ചു.

ആ സ്വപ്നത്തിന്റെ സാക്ഷാത്ക്കാരമാണ് ഇന്നത്തെ മെട്രോപ്പൊലിറ്റൻ സ്കൂൾ.

പുലിക്കോട്ടിൽ തിരുമേനിക്കും പരുമല തിരുമേനിക്കുംശേഷം മലങ്കര സഭയിലെ വിദ്യാഭ്യാസ വിചക്ഷണനായിരുന്നു കൊച്ചുതിരുമേനി. എങ്കിലും സഭ ഇന്നും അദ്ദേഹത്തിന് അനുയോജ്യമായ സ്മാരകം നൽകിയിട്ടില്ലെന്നു തോമസ് മാർ അത്താനാസിയോസ് പറഞ്ഞു.

യു.എ.ഇ. മാർ പീലക്സിനോസ് മെമ്മോറിയൽ ഫ്രണ്ട്സ് അസോസിയേഷൻ പ്രസിദ്ധീകരിക്കുന്ന കൊച്ചുതിരുമേനിയുടെ ജീവചരിത്രഗ്രന്ഥം കൊച്ചി ഭദ്രാസനാധിപൻ സഖറിയാസ് മാർ അന്തോനിയോസ് പ്രകാശനം ചെയ്തു.

സമൂഹത്തിൽ നന്മയുടെ സുഗന്ധം പരത്തി കടന്നുപോയ ആചാര്യനായിരുന്നു കൊച്ചുതിരുമേനിയെന്നു മാർ അന്തോനിയോസ് അനുസ്മരിച്ചു.

തുമ്പമൺ ഭദ്രാസന പ്രതിനിധി പി.ടി. മാത്യൂസ് കോറെപ്പിസ്കോപ്പ, കത്തീഡ്രൽ വികാരി ഫാ. ജോൺ പോൾ, പ്രോഗ്രാം കമ്മിറ്റി ചെയർമാൻ ഫാ. കെ.ജി. ചെറിയാൻ തുടങ്ങിയവർ പ്രസംഗിച്ചു.

ബഥേൽ അരമനയിൽനിന്നാരംഭിച്ച അനുസ്മരണ ഘോഷയാത്ര പുത്തൻകാവ് കത്തീഡ്രലിലെ കൊച്ചുതിരുമേനിയുടെ കബറിടത്തിൽ സമാപിച്ചു.

ഫാ. ജോൺ പോൾ, എം.ജി ഏബ്രഹാം കോറെപ്പിസ്കോപ്പ, കോശി ജോർജ്, ചെറിയാൻ പി. ഉമ്മൻ, എൻ.വി തോമസ്, സുനിൽ പി. ഉമ്മൻ, ബാബു അലക്സാണ്ടർ തുടങ്ങിയവർ നേതൃത്വം നൽകി.

മനോരമ

പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസ് ചരമവാർഷിക സുവർണ ജൂബിലി സമ്മേളനം മലയാള മനോരമ ചീഫ് എഡിറ്റർ കെ.എം. മാത്യു ഉദ്ഘാടനം ചെയ്യുന്നു. തെയോഫോറസ് റമ്പാൻ, ഫാ. കെ.ജി ചെറിയാൻ, സഖറിയാസ് മാർ അന്തോണിയോസ്, തോമസ് മാർ അത്താനാസിയോസ്, സുനിൽ പി. ഉമ്മൻ, ഫാ. ജോൺ പോൾ എന്നിവർ സമീപം.

2001 ഏപ്രിൽ 18 ന് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചത്.

സഭയുടെ ധ്രുവനക്ഷത്രം

പരിശുദ്ധ ബസേലിയസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവ

മലങ്കര സഭയുടെ ധ്രുവനക്ഷത്രമായിരുന്ന പുത്തൻകാവിൽ കൊച്ചുതിരുമേനി 1897 ജൂൺമാസം 10-ാം തീയതി പുത്തൻകാവ് കിഴക്കേത്തലയ്ക്കൽ തോമാകത്തനാരുടെയും റേച്ചലിൻെറയും ദ്വിതീയ പുത്രനായി ഭൂജാതനായി. ബിരുദാനന്തര ബിരുദവും ബി. ഡി. യും പാസായശേഷം സഭാസേവനത്തിനായി സമർപ്പിക്കപ്പെട്ടു. 33-ാമത്തെ വയസിൽ ഗീവർഗീസ് മാർ പീലക്സിനോസ് എന്ന അഭിധാനത്തിൽ പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായാൽ തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്താ ആയി അഭിഷേകം ചെയ്യപ്പെട്ടു. പ്രായക്കുറവുള്ള ആളാകയാൽ പുത്തൻകാവ് കൊച്ചുതിരുമേനി എന്നു വിളിക്കപ്പെട്ടു.

ഉന്നത വിദ്യാഭ്യാസയോഗ്യതയുള്ള സുന്ദരഗാത്രനായ ഒരു യുവാവ് സർവസംഗപരിത്യാഗിയായി കാഷായവസ്ത്രം സ്വീകരിച്ചു കഷ്ടതയുടെയും സേവനത്തിൻെറയും മാർഗമായ കുരിശ് അണിഞ്ഞതു ത്യാഗസന്നദ്ധത കൊണ്ടുമാത്രമാണ്.

ഓർത്തഡോക്സ് സഭയിലെ നേതൃനിരയിൽ പ്രശോഭിച്ചിരുന്ന ഒരു മെത്രാപ്പോലീത്താ റോമാസഭയെ ആശ്ലേഷിച്ചപ്പോൾ സഭയ്ക്കുണ്ടായ നഷ്ടം നികത്താൻ ഉദിച്ച ശുഭ്രനക്ഷത്രമായിരുന്നു പുത്തൻകാവിൽ കൊച്ചുതിരുമേനി. മലങ്കര മെത്രാപ്പോലീത്താ ആയ വട്ടശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസിൻെറയും പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെയും മാർഗദർശനത്തിൽ മലങ്കരസഭയിൽ അങ്ങോളമിങ്ങോളം സഞ്ചരിച്ചു. അനേകരെ സഭാപ്രവർത്തനത്തിലേക്ക് ആകർഷിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. സഭാമക്കളെ കാതോലിക്കേറ്റിൻെറ പിന്നിൽ അണിനിരത്തിയ മുന്നണിപ്പോരാളിയാണു കൊച്ചുതിരുമേനി.

സഞ്ചാരസൗകര്യങ്ങളൊക്കെ ചുരുക്കമായിരുന്ന ആ കാലത്തു വിശ്രമംകൂടാതെ നിരന്തരം സഞ്ചരിച്ചു പള്ളികളും പള്ളിക്കൂടങ്ങളും സ്ഥാപിച്ചതു സ്വന്തം പേരിലല്ലായിരുന്നു. പിന്നെയോ കാതോലിക്കേറ്റിനുവേണ്ടി മാത്രമായിരുന്നു. ഒരു നിഷ്കാമ കർമയോഗിയെയാണു കൊച്ചുതിരുമേനിയിൽ കാണാൻ കഴിഞ്ഞത്.

ഓർത്തഡോക്സ് സഭയുടെ വൈശിഷ്ടം അതിൻെറ ആരാധനയിലാണ്. ഗാനങ്ങളാണ് ആരാധനയ്ക്കു ജീവൻ പകർന്നുകൊടുക്കുന്നത്. തിരുമനസിലെ മധുരഗാനാലാപം കേട്ടിട്ടുള്ളവർ അതൊരിക്കലും മറക്കുകയില്ല. ഉജ്ജ്വലമായ വാഗ്മിത്വംകൊണ്ടും മധുരഗാനാലാപംകൊണ്ടും സർവജനസമാരാധ്യനായി തിരുമേനി പരിലസിച്ചു.

1951 ഏപ്രിൽ മാസത്തിലെ കാതോലിക്കാദിനത്തിൽ കുന്നംകുളം ആർത്താറ്റു പള്ളിയിൽ കൂടിയ മഹാസമ്മേളനത്തിൽ കാതോലിക്കാ സിംഹാസനത്തിൻെറ പ്രസക്തിയെപ്പറ്റിയും സഭയുടെ സ്വാതന്ത്ര്യത്തെപ്പറ്റിയും ആരോഗ്യസ്ഥിതി കണക്കിലെടുക്കാതെ ദീർഘനേരം പ്രസംഗിച്ചു. പോർക്കളത്തിൽ വീണു വീരചരമം പ്രാപിച്ച യോദ്ധാവാണു പുത്തൻകാവ് കൊച്ചുതിരുമേനി. പുത്തൻകാവ് സെൻ്റ് മേരീസ് കത്തീഡ്രലിലെ കബറിടം അശരണർക്ക് അത്താണിയായി പരിലസിച്ചുകൊണ്ടിരിക്കുന്നു.

ഗീവർഗീസ് മാർ
പീലക്സിനോസ്

2013 ഏപ്രിൽ 18 വ്യാഴം

പുത്തൻകാവിൽ തിരുമേനി ഇനി 'കാതോലിക്കേറ്റ് രത്നദീപം'

സ്വന്തം ലേഖകൻ

ചെങ്ങന്നൂർ ● പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസ് ഇനി കാതോലിക്കേറ്റ് രത്നദീപം. പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വിശുദ്ധ കുർബാനയ്ക്കു ശേഷം പരിശുദ്ധ ബസേലിയോസ് മാർ ത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ബഹുമാന നാമ പ്രഖ്യാപനം നടത്തുമ്പോൾ തിങ്ങിനിറഞ്ഞ നൂറുകണക്കിനു വിശ്വാസികൾക്ക് അതു സന്തോഷത്തിന്റെ നിമിഷമായി.

സഭയുടെ എല്ലാ തലങ്ങളിലും നിറഞ്ഞുനിന്ന വ്യക്തിത്വമായിരുന്നു പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസിന്റേത് എന്നു തുടർന്നു നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്തു കാതോലിക്കാ ബാവാ പറഞ്ഞു. സഭയുടെ സാതന്ത്ര്യത്തിന്റെ പൊരുളറിഞ്ഞ്, സാധാരണക്കാർക്കു പോലും മനസ്സിലാകുന്ന തരത്തിൽ അതു പകർന്നു നൽകിയിരുന്നു അദ്ദേഹം.

ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്തനാസിയോസ് അധ്യക്ഷത വഹിച്ചു. പി.സി. വിഷ്ണുനാഥ് എംഎൽഎ, ഡോ. ജോസഫ് മാർ ദിവന്നാസിയോസ്, കുര്യാക്കോസ് മാർ ക്ലിമ്മീസ്, ജോഷ്വാ മാർ നിക്കോദിമോസ്, സി.എം. ഫിലിപ്പോസ് റമ്പാൻ കോർഎപ്പിസ്കോപ്പ, ഫാ. മത്തായി കുന്നിൽ, ഫാ. തോമസ് കൊക്കാപ്പറമ്പിൽ, സ്റ്റീഫൻ ഐപ്പ്, എം.വി. മാത്യു, സുനിൽ പി. ഉമ്മൻ എന്നിവർ പ്രസംഗിച്ചു. ആറാം മാർത്തോമ്മാ അവാർഡ് ജസ്റ്റിസ് കെ.ടി. തോമസ്, ഫാ. ഡോ. ടി.ജെ. ജോഷ്വയ്ക്കു സമ്മാനിച്ചു.

1997 ജൂൺ 10 ന് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചത്.

ആത്മീയതയുടെ ഈണം പകർന്ന പുത്തൻകാവിൽ കൊച്ചുതിരുമേനി

കാതോലിക്കേറ്റ് രത്നദീപമായി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഇന്നലെ പ്രഖ്യാപിച്ച പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസിനെപ്പറ്റിയുള്ള അനുസ്മരണം

പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പൊലീത്തയുടെ ബഹുമാന നാമ പ്രഖ്യാപന സമ്മേളനം പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു. സുനിൽ പി. ഉമ്മൻ, ഫാ. മത്തായി കുന്നിൽ, ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, ജസ്റ്റിസ് കെ.ടി. തോമസ്, കുര്യാക്കോസ് മാർ ക്ലിമീസ്, തോമസ് മാർ അത്തനാസിയോസ്, ഡോ. ജോസഫ് മാർ ദിവന്നാസിയോസ്, ഫാ. ഡോ. ടി.ജെ. ജോഷ്വ, പി.സി. വിഷ്ണുനാഥ് എംഎൽഎ, ഫാ. തോമസ് കൊക്കാപ്പറമ്പിൽ, എം.വി. മാത്യു, സ്റ്റീഫൻ ഐപ്പ് എന്നിവർ സമീപം. ചിത്രം: മനോരമ.

സാക്കിർ ഹുസൈൻ

മെത്രാൻ സ്ഥാനത്തേക്കുള്ള നിയോഗം വീട്ടുപടിക്കൽ നിന്നു വിളിക്കുന്നു. ഏറ്റെടുക്കേണ്ട ശെമ്മാശൻ ആറ്റുവക്കത്തെവിടെയോ ഫുട്ബോൾ കളിക്കുകയാണ്. പന്ത് കാലിൽ കിട്ടിയാൽ മുന്നോട്ടു കുതിക്കാൻ അര നിമിഷം വേണ്ടാത്തയാളാണ്. ദൈവനിയോഗത്തിന്റെ വാർത്ത കേട്ടപ്പോൾ മൂന്നു ദിവസം സമയം ചോദിച്ചു. അവസാനം പന്തുകളിയെ പാട്ടിനു വിട്ട് ആ നിയോഗം സ്വീകരിക്കുക തന്നെ ചെയ്തു കെ.ടി. ഗീവർഗീസ് ശെമ്മാശൻ. അവിടെ തുടങ്ങി സംഗീതം പോലെ മധുരമായൊരു ശുശ്രൂഷ.

കർമം സംഗീതം പോലെ അയത്നമായി തുടരുകയും അതിനായി പന്തുകളിയിലെക്കാൾ അധ്വാനിക്കുകയും ചെയ്ത ഗീവർഗീസ് മാർ പീലക്സിനോസ് എന്ന പുത്തൻകാവിൽ കൊച്ചുതിരുമേനിയെ ഓർക്കുന്നവരിലെല്ലാം നിറയും ആ സംഗീതാരാധനയുടെയും ചടുല നീക്കങ്ങളുടെയും ഉന്മേഷം.

കളിക്കളത്തിൽനിന്നു ദൈവവേലയുടെ വിശാലമായ മേച്ചിൽപ്പുറങ്ങളിലേക്കുള്ള അദ്ദേഹത്തിന്റെ പകർച്ചയ്ക്കു നിദാനമായത് ചെങ്ങന്നൂർ പുത്തൻകാവ് കിഴക്കേത്തലയ്ക്കൽ കുടുംബത്തിലേക്കുള്ള പരിശുദ്ധ ഗീവർഗീസ് മാർ ദിവന്നാസിയോസിന്റെ വരവായിരുന്നു.

മാർ പീലക്സിനോസിന്റെ പിതാവ് തോമസ് കത്തനാരെ വിളിപ്പിച്ച് മാർ ദിവന്നാസിയോസ് ഒരാഗ്രഹം പറഞ്ഞു. ഗീവർഗീസ് ശെമ്മാശനെ മേൽപ്പട്ട സ്ഥാനത്തു കാണണം. ആഗ്രഹം അറിയിച്ചപ്പോൾ ആലോചിക്കാൻ മൂന്നു ദിവസം വേണമെന്നു ശെമ്മാശൻ.

തുടർന്നുള്ള ദിവസങ്ങളിൽ മാർ ദിവന്നാസിയോസും ശെമ്മാശനും പള്ളിയിൽ തന്നെ താമസിച്ചു. മൂന്നാം ദിവസം ശെമ്മാശൻ തീരുമാനം അറിയിച്ചു: തിരുമേനിയുടെ ഇഷ്ടം പോലെയാവട്ടെ.

ആ മൂന്നു ദിവസവും ശെമ്മാശൻ തനിച്ചിരുന്ന് ആലോചിക്കുകയും പ്രാർഥിക്കുകയും ചെയ്തു. അദ്ദേഹം എപ്പോഴും അങ്ങനെയായിരുന്നു. അതുകൊണ്ടാണ് മേൽപ്പട്ടക്കാരനായ ശേഷവും പലപ്പോഴും ഇരുട്ടിൽ ആളൊഴിഞ്ഞ കുരിശടികളിൽ പലരും അദ്ദേഹത്തെ തനിച്ചു കണ്ടിട്ടുള്ളത്. ഒരിക്കൽ രാത്രി വൈകി കടയടച്ചു മടങ്ങിയ വ്യാപാരി സമീപത്തെ കുരിശടിയിൽ ആളനക്കം കണ്ടു. മോഷ്ടാവാണോ എന്ന സംശയത്തിൽ ആളെ പിടികൂടാനൊരുങ്ങുമ്പോഴുണ്ട് അത് കൊച്ചുതിരുമേനിയാണ്. ഞാൻ പ്രാർഥിക്കുകയാ, നീയിതാരോടും പറയരുത് എന്നു മാത്രം പറഞ്ഞ് കൊച്ചുതിരുമേനി പോയി. അദ്ദേഹം 54–ാം വയസ്സിൽ കാലം ചെയ്ത ശേഷമേ വ്യാപാരി ഈ അനുഭവം പുറത്തു പറഞ്ഞുള്ളൂ.

തോമസ് കത്തനാരുടെ രണ്ടാമത്തെ മകനായി 1897 ജൂൺ 10നു ജനിച്ച ഗീവർഗീസ് മാർ പീലക്സിനോസ് നല്ല വിദ്യാർഥിയായി തുടങ്ങി നല്ല അധ്യാപകനും പ്രസംഗകനുമൊക്കെയായാണു മുതിർന്നത്. പുത്തൻകാവിലും മാവേലിക്കര ഗവ. ഹൈസ്കൂളിലും കോട്ടയം സിഎംഎസ് കോളജിലും പഠിച്ച ശേഷം സെറാംപൂരിൽ നിന്ന് ബിഡി ബിരുദം നേടി. കോട്ടയം എംഡി സെമിനാരി ഹൈസ്കൂളിൽ അധ്യാപകനായി. അക്കാലത്ത് ബിഡി ശെമ്മാശൻ എന്ന് ആളുകൾ ബഹുമാനത്തോടെ വിളിച്ചു. സെറാംപൂരിൽനിന്നു തന്നെ ഇംഗ്ലിഷിൽ എംഎ നേടി. ശേഷം പുത്തൻകാവ് സ്കൂളിൽ പ്രധാനാധ്യാപകനുമായി. അക്കാലത്താണ് വൈദിക പട്ടം കിട്ടിയത്. കുടുംബത്തിലെ 41–ാമത്തെ വൈദികനായിരുന്നു അദ്ദേഹം. മെത്രാനാകുമ്പോൾ പ്രായം 33 മാത്രം. 1930 നവംബർ രണ്ടിന് പരുമല പെരുനാൾ ദിനത്തിലായിരുന്നു തുമ്പമൺ ഭദ്രാസനത്തിന്റെ എപ്പിസ്കോപ്പയായുള്ള അഭിഷേകം. പുത്തൻകാവ് മെത്രോപ്പൊലിറ്റൻ ഹൈസ്കൂൾ നിർമിക്കുന്ന കാലത്തെ കഥകൾ പഴയ തലമുറയ്ക്ക് അറിയാം. ആലുവയിൽനിന്ന് ഇഷ്ടിക എത്തിച്ചപ്പോൾ ഇറക്കാൻ ആളില്ല. അദ്ദേഹം തന്നെ ആദ്യത്തെ രണ്ടിഷ്ടിക ഇറക്കി. അതോടെ ജനം ഒപ്പം ചേർന്നു.

പത്തനംതിട്ട കാതോലിക്കറ്റ് കോളജിന് അപേക്ഷിച്ച ശേഷം കുടുംബ വീട്ടിലെത്തിയപ്പോൾ പിതൃസഹോദരൻ ചോദിച്ചു: കോളജ് തുടങ്ങാൻ കയ്യിൽ പണമൊക്കെയുണ്ടോ?

അദ്ദേഹം പഴ്സെടുത്തു മേശപ്പുറത്തേക്കു കുടഞ്ഞു. വീണത് അര രൂപയുടെ നാണയം! എന്റെ കയ്യിൽ ഇത്രയുമുണ്ട്. ബാക്കി ദൈവം തരും എന്നു മറുപടിയും.

പള്ളികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും നിർമിക്കുമ്പോൾ മേൽനോട്ടത്തിൽ ആദ്യാവസാനക്കാരനായി അദ്ദേഹമുണ്ടാവും. രണ്ടു ബെഞ്ച് ചേർത്തിട്ട് അതിലായിരുന്നു ഉറക്കം. കിട്ടുന്ന ഭക്ഷണം കഴിക്കും.

മെത്രാനായിരുന്നപ്പോഴും ബസിലായിരുന്നു യാത്ര. ഏറെക്കഴിഞ്ഞാണ് ഒരു കാർ വാങ്ങിയത്. വസ്ത്രത്തിന്റെ മേന്മയിലുൾപ്പെടെ സ്വന്തം കാര്യങ്ങളിൽ അദ്ദേഹം ശ്രദ്ധിച്ചിട്ടില്ലെന്ന് സഹോദരപുത്രനായ തോമസ് മാർ അത്തനാസിയോസ് ഓർക്കുന്നു. വില കുറഞ്ഞ തുണികൊണ്ടാണ് കുപ്പായം തുന്നിച്ചിരുന്നത്. ആകെ ഒന്നോ രണ്ടോ കുപ്പായം.

പണത്തിന്റെ കാര്യത്തിൽ വലിയ കണിശക്കാരനായിരുന്നു. കാലം ചെയ്യുന്നതിന്റെ തലേന്ന് എഴുതിയ കത്തിലും കടമായി വാങ്ങിയ പണം തിരികെ നൽകാനുള്ള നിർദേശമുണ്ടായിരുന്നു. സഭയുടെ പണം തീയാണ്. അതു നമ്മെ ദഹിപ്പിക്കും എന്നായിരുന്നു അദ്ദേഹത്തിന്റെ ഓർമപ്പെടുത്തൽ.

പിതൃസഹോദരനെപ്പറ്റി തന്റെ കുട്ടിക്കാലത്തെ ഒരനുഭവം തോമസ് മാർ അത്തനാസിയോസ് പറയും. മാർ അത്തനാസിയോസിനെയും അനുജനെയും സ്കൂളിൽ ചേർക്കാൻ കൊണ്ടുപോയത് മാർ പീലക്സിനോസ് ആയിരുന്നു. വഴിയിൽനിന്നു വെള്ളക്കടലാസ് വാങ്ങി അപേക്ഷയെഴുതിയതും അദ്ദേഹം തന്നെ.

സ്കൂൾ പ്രവേശനം കഴിഞ്ഞു മടങ്ങിയപ്പോൾ കുട്ടികളോട് അദ്ദേഹം പറഞ്ഞു: എടാ, ഊണു വാങ്ങിത്തരാം. വീട്ടിൽ ചെല്ലുമ്പോൾ അമ്മയുടെ കയ്യിൽനിന്ന് അതിന്റെ കാശിങ്ങു വാങ്ങിത്തരണം. സഭയുടെ പണം കുടുംബത്തു ചെലവാക്കാനുള്ളതല്ലെന്നു പ്രമാണം. നല്ല പ്രഭാഷകനായിരുന്ന അദ്ദേഹത്തിന്റെ പ്രാർഥനയും ആരാധനയും സംഗീതസാന്ദ്രമായിരുന്നു. ആ മനസ്സിൽനിന്നൊഴുകിയ പ്രാർഥനയുടെ ഈണം മനുഷ്യമനസ്സുകളിൽ പ്രത്യാശയുടെ താളം പകർന്നു. വിശ്വാസികളുടെ തലമുറകളിൽ പാടിപ്പതിഞ്ഞ ദിവ്യഗാനംപോലെ അദ്ദേഹത്തിന്റെ സ്മരണയും നിലകൊള്ളുന്നു.

2013 ഏപ്രിൽ 18 ന് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചത്.

കാതോലിക്കേറ്റ് രത്നദീപം

അഭിവന്ദ്യ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ
(പുത്തൻകാവിൽ കൊച്ചുതിരുമേനി)

64 വർഷങ്ങൾക്കു മുൻപ് കാലം ചെയ്ത, മലങ്കര ഓർത്തഡോക്സ് സഭാ
വിശ്വാസത്തിനുവേണ്ടി അവസാന നിമിഷം വരെ പോരാടിയ,
ഞങ്ങൾക്ക് എക്കാലവും അനുഗ്രഹങ്ങൾ ചൊരിയുന്ന
പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ മരിക്കാത്ത ഓർമ്മകൾക്ക്
മാതൃഇടവകയായ പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ്
കത്തീഡ്രലിന്റെ പ്രണാമങ്ങൾ

H. G GEEVARGHESE MAR PHILOXENOS



(Puthencavil Kochu Thirumeni –
One of the Architects of Malankara Orthodox Church)
1897-1951

Date of Birth	:	10th June 1897
Parents	:	Rev. Fr. Thomas, Kizhakkethalackel, Puthencavu and Rahelamma, Chungathil, Koippuram

Ordained Deacon in 1916 By

H.H Moran Mar Baselios Geevarghese II, Catholicose of the East. Ordained Priest in 1929 by H.G Geevarghese Mar Dionesius, Vattasserils and Elevated to Ramban on 6th November 1929 by H.H Moran Mar Baselios Geevarghese II, Catholicose of the East, Consecrated as Metropolitan On 2nd November 1930 by the Catholicose H.H Moran Mar Baselios Geevarghese II at Parumala.

Schooling:		Puthencavu, Mavelikkara And Chengannur Schools, Interme diate From C. M.S College Kottayam B.D From Serampur University M.A In English Literature From Calcutta University.
Position Held	:	
Teacher	:	M.D Seminary High School, Kottayam 1922 1925
Head Master	:	Middle School, Puthencavu : 1928 – 1929
Metropolitan	:	From 1931 – 1951 DIOCESE OF THUMPAMON
		President of Sunday School And Orthodox Youth Movement
Senate Member :		Serampur University

Member of Governing Board : U.C College, Alwae

On 17th April 2013 : His Holiness Baselious marthoma paulose II Catholicose of the East declared "Catholicate Ratna Deepam " of the Malankara Orthodox Church H.G shone as a great administrator, ardent advocate of ecumenism, light of spiritual revival and an organiser of spiritual conventions. Thirumeni was humorous and had certain prophetic visions. H.G led a simple life and sacrificed the entire life for the church. My God and My Church was the phrase constantly repeated by His Grace. The Othera Dayara, Bathel Aramana. Paranthal St. George Aramana Pally, Thumpamon Martha Mariam Centre, Catholicate High School Pathanamthitta, Metropolitan High School Puthencavu, Kizhavallore St. George High School & Catholicate college Pathanamthitta are Thirumeni's achievements .

Thirumeni entered the heavenly abode on 17th April 1951 at Marthemcode Chapel, Kunnamkulam and the holy remains are interred at St. Mary's Orthodox Cathedral, Puthencavu where hundreds of pilgrims find refuge. The inscription over the blessed tomp read thus.

His presence was joyful, his voice sweet his words inspiring, his manners endearing, his smile unforgettable.

നമ്പർ 62/2013

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന

പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

കർത്താവിൽ നമ്മുടെ പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ വികാരിയും ദേശത്തുപട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

ആ പള്ളിയിൽ കബറടങ്ങിയിട്ടുള്ള, 'മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഗാന കോകിലം' എന്നറിയപ്പെട്ടിരുന്ന അഭിവന്ദ്യ ഗീവർഗീസ് മാർ ഫീലക്സീനോസ് മെത്രാപ്പോലീത്താ ദൈവസന്നിധിയിലേക്ക് ചേർക്കപ്പെട്ടിട്ട് 61 വർഷങ്ങൾ പിന്നിടുകയാണല്ലോ. മലങ്കര സഭയുടെ കാവൽഭടനായി ജീവിതം സമർപ്പിച്ച പുത്തൻകാവിൽ കൊച്ചുതിരുമേനിയെ മലങ്കര സഭാമക്കൾക്ക് ഒരുകാലത്തും വിസ്മരിക്കുവാൻ സാധ്യമല്ല. പ. സഭയോടും കാതോലിക്കാ സിംഹാസനത്തോടുമുള്ള ആഴമേറിയ വിധേയത്വം വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും പ്രകടിപ്പിക്കുന്നതിൽ ആ പുണ്യപിതാവ് എന്നും ബദ്ധശ്രദ്ധനായിരുന്നു. 1951 -ലെ കാതോലിക്കാദിനമായ ഏപ്രിൽ 15-ന് കുന്നംകുളത്തുവച്ച് നടത്തിയ കാതോലിക്കാദിനസന്ദേശമായിരുന്നുവല്ലോ തിരുമേനിയുടെ അവസാനപ്രസംഗം. കുന്നംകുളത്തിനടുത്ത് മരത്തംകോട് സെന്റ് ഗ്രീഗോറിയോസ് ദേവാലയത്തിൽവച്ച് കാലം ചെയ്ത ആ പുണ്യപിതാവ് അനേകരുടെ മനസ്സിൽ ഒരു വിശുദ്ധനായി ജീവിക്കുന്നു. കൊച്ചുതിരുമേനിയുടെ കബറിടത്തിങ്കലേക്ക് തീർത്ഥാടകരായി വരുന്ന വിശ്വാസികളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്നു എന്നതിൽ നമുക്ക് സന്തോഷിക്കാം. തികഞ്ഞ സഭാസ്നേഹി, ഉത്തമസന്യാസി, മികച്ച വാഗ്മി, വിദ്യാഭ്യാസ വിചക്ഷണൻ തുടങ്ങിയ നിലകളിലെല്ലാം ശോഭിച്ചിരുന്ന അഭിവന്ദ്യ തിരുമേനിയുടെ 62-ാം ഓർമ്മപ്പെരുന്നാൾ ആചരിക്കുന്നതായ ഈ അവസരത്തിൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെയും സേവനങ്ങളെയും മാനിച്ച് അനുയോജ്യമായ ഒരു നാമം നൽകി ആദരിക്കുന്നത് ഉചിതമായിരിക്കുമെന്ന് 2013 ഫെബ്രുവരി മാസത്തിൽ സമ്മേളിച്ച പ. എപ്പിസ്കോപ്പൽ സുന്നഹദോസ് നിർദ്ദേശിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ആ ഇടവകയിൽ കബറടങ്ങിയിരിക്കുന്ന പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിദനാസ് മെത്രാപ്പോലീത്തായെ **'കാതോലിക്കേറ്റ് രത്നദീപം'** എന്ന നാമം നൽകി ആദരിക്കുന്നതായി ഈ കൽപനയിലൂടെ നാം പ്രഖ്യാപിക്കുന്നു. ആ പുണ്യപിതാവിന്റെ പ്രാർത്ഥനയും മദ്ധ്യസ്ഥതയും നമുക്കേവർക്കും പ്രത്യേകാൽ പുത്തൻകാവ് സെന്റ് മേരീസ് ഇടവകയ്ക്കും അനുഗ്രഹത്തിന് മുഖാന്തിരമായിത്തീരട്ടെ.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

2013 മാർച്ച് മാസം 22-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.

ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

പുത്തൻകാവിൽ കൊച്ചുതിരുമേനിയെ മലങ്കരസഭയുടെ 'കാതോലിക്കേറ്റ് രത്നദീപ'മായി പ്രഖ്യാപിച്ച പരിശുദ്ധ കാതോലിക്ക ബാവായുടെ കൽപ്പന

ഉള്ളടക്കം

66. എഡിറ്റോറിയൽ - ഫാ. ബിജു റ്റി. മാത്യു (ചീഫ് എഡിറ്റർ)

67. ആശംസ - ഫാ. രാജൻ വർഗീസ് (കത്തീഡ്രൽ വികാരി/ചെയർമാൻ)

68. ആശംസ - ഫാ. ജാൾസൺ പി. ജോർജ് (സഹവികാരി)

69. പ്രാർത്ഥനയോടെ - സുനിൽ പി. ഉമ്മൻ (ജനറൽ കൺവീനർ)

71. പുത്തൻകാവിൽ കൊച്ചുതിരുമേനി കാതോലിക്കേറ്റിന്റെ കാവൽ ഭടൻ - പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവാ

88. എല്ലാം കാതോലിക്കേറ്റിനു വേണ്ടി സമ്പാദിച്ച പുത്തൻകാവിൽ കൊച്ചുതിരുമേനി - പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്ക ബാവാ

90. ശിഷ്യന്റെ സ്മരണകൾ - അഭിവന്ദ്യ ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്ത

91. കണ്ണ് നിറയ്ക്കുന്ന ഗുരുവിന്റെ സ്മരണകൾ - അഭിവന്ദ്യ ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത

93. യുഗപ്രഭാവനായ കൊച്ചുതിരുമേനി - ഫാ. ഡോ. റ്റി.ജെ. ജോഷ്വാ

97. പുത്തൻകാവിൽ കൊച്ചുതിരുമേനിയും ബേയ്സിൽ ദയറായും - ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത

100. കർമ്മനിരതനായ മഹാചാര്യൻ - ഡോ. പി.വി. കോശി

103. കുന്നംകുളത്തിന്റെ ഹൃദയം കവർന്ന പുത്തൻകാവിൽ കൊച്ചുതിരുമേനി - കെ.വി. ചാക്കോ എം.എ

105. പുത്തൻകാവിൽ കൊച്ചുതിരുമേനി മലങ്കരസഭയുടെ അഭിമാനം - എം.ജി. ജോർജ്ജ് മുത്തൂറ്റ്, അൽമായ ട്രസ്റ്റി

106. മാർ ഈവാനിയോസ് പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്ക ബാവാ മുമ്പാകെ ചൊല്ലിയ സത്യപ്രതിജ്ഞ

108. മലങ്കര സഭയുടെ യുഗപുരുഷൻ - ഡോ. പി.സി. അലക്സാണ്ടർ

110. ശിഷ്യരുടെ മനസ്സ് കവർന്ന പുത്തൻകാവിൽ കൊച്ചുതിരുമേനി - ജേക്കബ് മാത്യു (ജോജോ) കുളഞ്ഞികൊമ്പിൽ, സഭാ മാനേജിംഗ് കമ്മറ്റി മെമ്പർ

111. പുത്തൻകാവിൽ കൊച്ചുതിരുമേനി കലാവല്ലഭനും കർമ്മയോഗിയുമായ പരമാചാര്യൻ - മഹാകവി പുത്തൻകാവ് മാത്തൻ തരകൻ

115. പ്രതിഭാശാലിയായ പുത്തൻകാവ് കൊച്ചുതിരുമേനി - സി.പി. ജോർജ്ജ് കുഴിമറ്റം

117. ഞങ്ങളുടെ ജീവിതത്തിൽ അനുഗ്രഹങ്ങൾ ചൊരിഞ്ഞ പുത്തൻകാവിൽ കൊച്ചുതിരുമേനി - ഷൈനി രഞ്ജിത്ത് അടൂർ

118. സാന്നിദ്ധ്യം കൊണ്ട് അനേകരെ സന്തോഷിപ്പിക്കുന്ന പുണ്യപിതാവ് - ഫാ. വിനോദ് ജോർജ്, ആസ്ട്രേലിയ

119. പ്രണാമം (കവിത) - ഏബ്രഹാം തോമസ് (അനി) അയിരുക്കുഴിയിൽ

120. അന്ത്യയാത്ര - ഫാ.ഡോ. പി.എസ്. ശമുവേൽ കോർ എപ്പിസ്കോപ്പാ

124. ബഥേലിലെ ബാലസിംഹം - ഫാ. ഡോ. സി.റ്റി. ഈപ്പൻ

127. പുത്തൻകാവിൽ കൊച്ചുതിരുമേനി ഞങ്ങളുടെ കാണപ്പെട്ട ദൈവം - പി.വി. ജോർജ്ജ് പടിപുരയ്ക്കൽ



ഉള്ളടക്കം

131

142

157

164

129. ചില ഓർമ്മകുറിപ്പുകൾ – ദിവ്യശ്രീ എം.എ. തോമസ് കശീശ – സഹവികാരി മതിലകം മാർത്തോമ്മ പള്ളി, പുത്തൻകാവ്

131. പുത്തൻകാവിന്റെ പുണ്യശോഭ – ജോർജ്ജ് ജോൺ ആലുംമൂട്ടിൽ

133. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ വിദ്യാഭ്യാസ ദർശനം – ഡോ. ജിബി ജോർജ് (സഭാ മാനേജിംഗ് കമ്മറ്റി മെമ്പർ)

135. 1951–ലെ 36–ാം ഞായറാഴ്ചയിലെ വിശുദ്ധ കുർബ്ബാന – പി.സി. കുഞ്ഞാത്തിരി ബി.എ., കുന്നംകുളം

137. ചരിത്രപ്രസിദ്ധമായ കുന്നംകുളം പ്രസംഗം

142. പുത്തൻകാവിൽ കൊച്ചുതിരുമേനി മലങ്കരസഭയുടെ സ്വാതന്ത്ര്യം സംരക്ഷിച്ച പ്രതിഭാശാലി – ഫാ. എ.എം. വർഗ്ഗീസ് പറന്തൽ

145. സ്വാതന്ത്ര്യത്തിന്റെ പോരാളി; പുത്തൻകാവിൽ കൊച്ചുതിരുമേനി – ഫാ. തോമസ് വർഗ്ഗീസ് അമയിൽ, സഭാ മാനേജിംഗ് കമ്മറ്റി മെമ്പർ

147. പുത്തൻകാവിൽ കൊച്ചുതിരുമേനി മലങ്കരസഭയുടെ കാവൽഭടൻ – ഫാ. മത്തായി കുന്നിൽ (പുത്തൻകാവ് കത്തീഡ്രൽ മുൻവികാരി)

148. അപേക്ഷകൾ തിരസ്കരിക്കാത്ത പുത്തൻകാവിൽ കൊച്ചുതിരുമേനി – ബേബി ചാൾസ് , റിട്ട എസ്.പി.

149. പ്രവാചക പ്രതിബദ്ധത നിറവേറ്റിയ മാർ പീലക്സിനോസ് – ഫാ. തോമസ് കൊക്കപ്പറമ്പിൽ, ചെങ്ങന്നൂർ ഭദ്രാസന സെക്രട്ടറി

151. മുളക്കുഴ സെന്റ് മേരീസ് പള്ളിയും പുത്തൻകാവിൽ കൊച്ചുതിരുമേനിയും – പി.എം. കോരുത് പാങ്കാവിൽ, മുളക്കുഴ

153. പുത്തൻകാവിൽ കൊച്ചുതിരുമേനി വിശ്വാസികൾക്ക് പ്രത്യക്ഷനാകുന്ന ഗാനകോകിലം – ആർട്ടിസ്റ്റ് ബേബി, ചെങ്ങന്നൂർ

154. പുത്തൻകാവിൽ കൊച്ചുതിരുമേനി പാവങ്ങളെ സ്നേഹിച്ച പുണ്യപിതാവ് – പി.എം. നാരായണൻ

155. മലങ്കരസഭയ്ക്ക് നഷ്ടമായ കാതോലിക്ക – എ.ഇ. അലക്സാണ്ടർ (കുഞ്ഞച്ചൻ) അവിരാതരകൻ പീടികയിൽ

157. കാതോലിക്കായുടെ പരമാധികാരം എക്കാലവും അംഗീകരിച്ച പുത്തൻകാവിൽ കൊച്ചുതിരുമേനി – ഫാ. പി.സി. ഈപ്പൻ

159. കോട്ടയത്തിന്റെ ഓർമ്മകൾ – റ്റി. വർഗീസ് വർക്കി, താഴത്തങ്ങാടി

161. സ്വർഗ്ഗത്തിലെ രത്നദീപം – സി.സി. ചെറിയാൻ. സഭാ മുൻ മാനേജിംഗ് കമ്മറ്റി മെമ്പർ

162. കബറിലെ തിരുമൊഴികൾ – മെർലിൻ റ്റി. മാത്യു തണ്ടപ്ര പീടികയിൽ

164. പുത്തൻകാവിൽ കൊച്ചുതിരുമേനി മലങ്കരയുടെ ദാർശനികൻ – മാത്യു പി. ജോസഫ്, പ്രിൻസിപ്പൽ, കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട

165. സഭാഭാസുരൻ കണ്ടെത്തിയ രത്നദീപം – അഡ്വ. മാത്യു മാങ്കൂട്ടത്തിൽ – പ്രസിഡന്റ് മാർ പീലക്സിനോസ് ഫ്രണ്ട്സ് അസോസിയേഷൻ – യു.എ.ഇ

ഉള്ളടക്കം

167

183

202

167. ദേശത്തിന്റെ പുണ്യം പുത്തൻകാവിൽ കൊച്ചുതിരുമേനി – കോശി ജോർജ്ജ് , കത്തീഡ്രൽ ട്രസ്റ്റി

168. ആത്മീയ തേജസ്സ്; പുത്തൻകാവിൽ കൊച്ചുതിരുമേനി – വർഗ്ഗീസ് തോമസ് – കത്തീഡ്രൽ സെക്രട്ടറി

169. പുത്തൻകാവിൽ കൊച്ചുതിരുമേനി; ഞങ്ങളുടെ നാടിന്റെ അനുഗ്രഹം – ജോസ് കെ. ജോർജ്ജ്, പുത്തൻകാവ്

170. മലങ്കരയുടെ രത്നദീപം – പ്രിയ ജേക്കബ്, പ്രിൻസിപ്പൽ എം.എച്ച്.എസ്.എസ്. പുത്തൻകാവ്

171. മലങ്കരയുടെ മാണിക്യം – ബാബു അലക്സാണ്ടർ, അവിരാതരകൻ പീടികയിൽ

172. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ നിത്യഹരിത ഓർമ്മകൾ – വെരി.റവ.സി. എം. ഫിലിപ്പോസ് റമ്പാൻ കോർ എപ്പിസ്കോപ്പ

173. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അനശ്വരമായ സ്മരണകൾ – വെരി.റവ.ടി.എം. സഖറിയ കോർ എപ്പിസ്കോപ്പ

174. കാലഘട്ടത്തെ ദീപ്തമാക്കിയ സഭയുടെ രത്നം – സജി പട്ടരുമഠം (സഭാ മാനേജിംഗ് കമ്മറ്റി മെമ്പർ)

175. പുത്തൻകാവിൽ കൊച്ചുതിരുമേനി മലങ്കരസഭയുടെ അപ്രഖ്യാപിത പരിശുദ്ധൻ – സുനിൽ പി. ഉമ്മൻ, അദ്ധ്യാപകൻ, പുത്തൻകാവ് മെത്രാപ്പോലീത്തൻ ഹയർ സെക്കണ്ടറി സ്കൂൾ

178. ദിവംഗതനായ തിരുമേനി – എൻ. മീരാണൻ മീരാ റാവുത്തർ, പത്തനംതിട്ട

180. ആ അന്ത്യരംഗം – കവിരാജൻ മീരാപിള്ള

181. പുത്തൻകാവിൽ കൊച്ചുതിരുമേനി മതസൗഹാർദ്ദത്തിന്റെ പ്രതീകം – അബ്ദുൾ സലാം, പത്തനംതിട്ട

182. പുത്തൻകാവിൽ കൊച്ചുതിരുമേനിയും എന്റെ പിതാമഹനും – എൻ. അബ്ദുൾ ഖാദർ, പത്തനംതിട്ട

183. കുന്നംകുളത്തെ അന്ത്യരംഗവും പുത്തൻകാവിലേക്കുള്ള വിലാപയാത്രയും – സി.എൽ. ഇട്ടിമണി, കുന്നംകുളം

187. കാതോലിക്കേറ്റ് ഹൈസ്കൂളിലെ ആദ്യ ബാച്ചിലെ ഒരു വിദ്യാർത്ഥിയുടെ സ്മരണ – വെരി.റവ.ഫാ. സി.വി. ജോൺ കോർ എപ്പിസ്കോപ്പാ

188. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ഡയറി കുറിപ്പുകൾ

കാതോലിക്കേറ്റ് രത്നദീപം രണ്ടാംഭാഗം

ചരിത്രപ്രസിദ്ധമായ പുത്തൻകാവ് പള്ളി

202. ചരിത്രത്തിൽ കൂടിയൊരു തീർത്ഥയാത്ര – ഫാ. രാജൻ വർഗീസ് (കത്തീഡ്രൽ വികാരി)

216. മലങ്കരസഭാ സ്വാതന്ത്ര്യം ഉയർത്തിപ്പിടിച്ച മാർത്തോമ്മ ആറാമനും മാർത്തോമ്മ എട്ടാമനും – ഫാ. ഡോ. എം.ഒ. ജോൺ

224. മാർ അന്ത്രയോസ് ബാവാ പുത്തൻകാവിന്റെ കാവൽപിതാവ് – കെ.കെ എബ്രഹാം പാങ്കാവിൽ

226. പുത്തൻകാവ് പള്ളി നാടിന്റെ ഐശ്വര്യം – ഡോ. കെ.എം. തരകൻ

228. പുത്തൻകാവിന്റെ പരിമളം – ഫാ. മാത്യു കോശി, കിഴക്കേതലയ്ക്കൽ, പിരളശ്ശേരി

എഡിറ്റോറിയൽ

കാലം ചെയ്തുവെങ്കിലും കാലത്തിലൂടെ ജീവിച്ച്, കാലത്തിന്റെ കരുതലായി ചരിത്രത്തിന്റെ സമ്മാനമായി സമൂഹത്തിൽ, സഭയിൽ വല്ലപ്പോഴും വീണുകിട്ടുന്ന മഹാരഥന്മാർ ! അതും ചില നിർണായക ദശാസന്ധികളിൽ !.
അതേ മലങ്കര സഭയുടെ മഹാപുരോഹിതശ്രേണിയിലെ അനന്യ സാന്നിദ്ധ്യമായ പുത്തൻകാവിൽ കൊച്ചുതിരുമേനി.
ജന്മംകൊണ്ട് കുലപാരമ്പര്യത്തിലെ അനുഗ്രഹാശീർവാദങ്ങൾ സ്വീകരിച്ച് ബാല്യംകൊണ്ടും, യൗവനംകൊണ്ടും കൈകവരിച്ച വിദ്യാഭ്യാസ സമ്പന്നതകൾക്കും സമ്പൂർണതയുടെ പൂർത്തീകരണമായ ക്രിസ്തു ശാസ്ത്രവും ദൈവശാസ്ത്രവും കൂടാതെ ചരിത്ര നേട്ടങ്ങളെ കുറിച്ചും നേതാക്കളെക്കുറിച്ചുമുള്ള അറിവുകളും ആ വ്യക്തിത്വത്തിന് ശോഭയും മഹിമയും മാതൃകയും നൽകി.
വേദവിപരീതങ്ങളും പുനരൈക്യ പ്രസ്ഥാനങ്ങളും ഭാരതമണ്ണിന്റെയും പൗരസ്ത്യ സംസ്കാരത്തിന്റെയും ഭാഗമായി തീരുവാൻ അനുവദിക്കാതെ, ഉപരോധത്തിന്റെ ഉജ്വല പ്രതീകമായി വിശ്വാസ സമൂഹത്തിൽ ഉദിച്ചുയർന്ന നക്ഷത്ര ശോഭയായിരുന്നു പുത്തൻകാവിൽ കൊച്ചുതിരുമേനി.
സരസ്വതി ക്ഷേത്രങ്ങളിലൂടെ ഉജ്ജ്വല ശിഷ്യഗണങ്ങളെയും അനന്തര തലമുറയേയും വാർത്തെടുക്കുവാൻ ജീവിതം തന്നെ ബലി കൊടുത്ത ഗുരുവര്യൻ മണ്ണും വിണ്ണും സംയോജിപ്പിക്കുന്ന വിധത്തിലുള്ള ആരാധനയിലൂടെ കാതോലിക്കേറ്റിന്റെ
സ്വാതന്ത്ര്യവും മാഹാത്മ്യവും എടുത്ത് കാണിച്ച് സത്യവിശ്വാസാചാര അനുഷ്ഠാനങ്ങളിലൂടെ തിരുസഭയുടെ വേദപുസ്താകാധിഷ്ഠിതമായ പാരമ്പര്യങ്ങളെക്കുറിച്ച് ശക്തവും വ്യക്തവുമായ ബോദ്ധ്യം തലമുറയ്ക്ക് പകർന്നുകൊടുത്ത പ്രാർത്ഥനാ വീരനും കർമധീരനും മാത്രമല്ല കാതോലിക്കേറ്റിന്റെ കനകകാന്തി തന്റെ ആത്മാവിന്റെ സൗന്ദര്യമായി തിരിച്ചറിഞ്ഞ് സഭാസ്വാതന്ത്ര്യത്തിന്റെ വിശ്വാസ സംരക്ഷണത്തിന്റെ ധീരയോദ്ധാവായി മലങ്കരയിൽ ഓടിനടന്ന കർമ്മയോഗിയുമാണ്,.
കുന്നംകുളം പ്രസംഗത്തിലൂടെ ഇപ്രകാരം ബോധിപ്പിച്ചു. ഞാൻ നാളെയോ മറ്റെന്നാളോ മരിച്ചു പോയേക്കാം സഭയോട് ഏതൊരു ശക്തി എതിർത്താലും അതിനെ നേരിടുവാൻ തക്കവണ്ണം നാം ദൈവത്തോടു പ്രാർത്ഥിക്കുകയും ദൈവത്തിൽ ആശ്രയിച്ചു പ്രവർത്തിക്കുകയും വേണം. സത്യവിശ്വാസം നിലനിൽക്കണം."
ഓർത്തോ ദുക്സോ പാരമ്പര്യത്തിന്റെ, വിശ്വാസത്തിന്റെ അടിസ്ഥാനമായ ആരാധനയുടെ ലഹരി തന്റെ സ്വരമാധുരിയിൽ ഭക്തസമൂഹത്തിന് സമ്മാനിച്ച പുത്തൻകാവിൽ കൊച്ചുതിരുമേനി.
അൽപ്പായുസ്സിൽ അതുല്യ ആവേശത്തോടെ, അസാമാന്യ ധീരതയോടെ, ഉറച്ച തീരുമാനങ്ങളോടെ, ദീർഘവീക്ഷണത്തോടെ തലമുറകൾക്ക് മനോഹര മാതൃക സമ്മാനിച്ച ധന്യജീവിതം.
കബറിലെ മൊഴികളിലൂടെ ജീവിക്കുകയാണ്.
മായാത്ത മന്ദഹാസവും മധുര സ്വരവും
പ്രൗഢ പ്രബോധനവും സന്തോഷപ്രദമായ സാമിപ്യവും
ആഴമായ പാണ്ഡിത്യവും
കൊണ്ട് ഈ തലമുറകളെ തന്നിലേക്ക് വശീകരിച്ചതിന്റെ അനന്തര ഫലമാണ് കബറിങ്കലെ ധൂപപ്രാർത്ഥനയും വിശ്വാസികളുടെ മുട്ടുകുത്തലും പ്രാർത്ഥനയും......
അതിജീവനത്തിന്റെ ആവേശമായി പ്രതീക്ഷയുടെ പ്രകാശമായി സ്നേഹത്തിന്റെ ഉജ്ജ്വല പ്രതീകമായി വിശ്വാസ സമൂഹത്തിൽ ഉദിച്ചുയർന്ന നക്ഷത്രശോഭ കാതോലിക്കേറ്റിന്റെ രത്നദീപം.
പുത്തൻകാവിൽ കൊച്ചുതിരുമേനി തലമുറകളിൽ ജീവിച്ച് എല്ലാ മതസ്ഥർക്കും സകല വിശ്വാസികൾക്കും ആ മദ്ധ്യസ്ഥതയിലൂടെ അനുഗ്രഹങ്ങളും സ്വർഗ്ഗീയ നൽവരങ്ങളും സ്വീകരിക്കുവാൻ ഇതാ ഒരു ചരിത്രഗ്രന്ഥം സമർപ്പിക്കുന്നു.
പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രൽ വികാരി ഫാ. രാജൻ വർഗീസ്, സഹവികാരി. ഫാ. ജാൾസൺ. പി. ജോർജ്ജ്, ട്രസ്റ്റി, സെക്രട്ടറി, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, പെരുന്നാൾ സുവനീർ കമ്മറ്റി അംഗങ്ങൾ ഏവരോടും കടപ്പെട്ടിരിക്കുന്നു. ജനറൽ കൺവീനർ സുനിൽ പി. ഉമ്മന്റെ ആവേശവും അത്യുൽസാഹവും ഇതിനെ പൂർണതയിലേക്ക് നയിക്കുകയാണ്.
പുത്തൻകാവിൽ കൊച്ചുതിരുമേനി കാലത്തിലൂടെ ജീവിക്കട്ടെ.

ഫാ. ബിജു റ്റി. മാത്യു

സ്നേഹാശംസകളോടെ
ഫാ. ബിജു റ്റി. മാത്യു, പുത്തൻകാവ്
(ചീഫ് എഡിറ്റർ), 9447275064

ആശംസ

പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ജീവിതശൈലിയും ആദർശവും തന്മയത്തോടെ ഒപ്പി എടുത്ത ഒരു ചരിത്രഗ്രന്ഥം പുത്തൻകാവ് കത്തീഡ്രൽ വക പ്രസിദ്ധികരിക്കുമ്പോൾ അതിൽ പങ്കാളിയാവാൻ ദൈവം നൽകിയ കൃപയ്ക്ക് നന്ദി. കാതോലിക്കേറ്റ് രത്നദീപം പുത്തൻകാവിൽ കൊച്ചുതിരുമേനി മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് നൽകിയ ത്യാഗോജ്ജ്വലമായ സംഭാവനകൾ വിലയിരുത്തുവാൻ ആർക്ക് കഴിയും ?

20-ാം നൂറ്റാണ്ട് പിന്നീട്ട് 21-ാം നൂറ്റാണ്ടിലേക്ക് പ്രവേശിക്കുമ്പോൾ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ എങ്ങനെയായിരിക്കണമെന്ന് ദൈവാത്മാവിൽ മുൻകൂട്ടികണ്ട് അതിനനുസരണമായ നൂതനമായ പദ്ധതികൾക്ക് രൂപം നൽകി പ്രാവർത്തികമാക്കിയ ക്രാന്തദർശിയായ ഒരു യുഗാചാര്യനായിരുന്നു പുത്തൻകാവിൽ കൊച്ചുതിരുമേനി. ആദ്ധ്യാത്മികവും ലൗകികവും ഭരണപരവും സാംസ്കാരികവും, സാമൂഹ്യവുമായ വിവിധമണ്ഡലങ്ങളിൽ തനതായ പ്രവർത്തനശൈലിയിലൂടെ വ്യക്തിമുദ്ര പതിപ്പിച്ച ആ പുണ്യ പുരുഷന്റെ ജീവചരിത്ര താളുകളിലൂടെ ശ്രദ്ധാപൂർവ്വം സഞ്ചരിക്കുന്ന ഏതൊരു വിശ്വാസിയും, കാതോലിക്കേറ്റു സിംഹാസനത്തിന്റെ കൊടിക്കീഴിൽ സത്യവിശ്വാസത്തിനുവേണ്ടി പടപൊരുതുവാനുള്ള ആർജ്ജവവും ആത്മബലവും ആർജ്ജിക്കുമെന്നതിൽ പക്ഷാന്തരമില്ല. അതിന് ഈ സുവനീർ മുഖാന്തിരമാകും എന്ന ശുഭപ്രതീക്ഷയാണ് ഇതിന്റെ പ്രസിദ്ധീകരണത്തിന് ഞങ്ങൾക്ക് ചോദനയായി ഭവിച്ചത്. അത് സാധിതമാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രത്തിൽ തനതായ സംഭാവനകൾ നൽകിയ പുത്തൻകാവ് പള്ളിയുടെ സംക്ഷിപ്ത ചരിത്രവും ഈ സുവനീറിൽ ഉൾപ്പെടുത്തുവാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. പണവും സൗകര്യങ്ങളും കുറവായിരുന്ന ഒരു കാലഘട്ടത്തിൽ സഭാസ്നേഹം മാത്രം കൈമുതലാക്കി പ്രവർത്തിച്ച നമ്മുടെ പൂർവ്വപിതാക്കന്മാരുടെ ഓർമ്മകൾ എല്ലാ കാലവും നമ്മളിൽ സജീവമായി ഉണ്ടാവണം.

മൂന്ന് പുണ്യപിതാക്കന്മാരുടെ വി. കബറിടങ്ങൾ സ്ഥിതിചെയ്യുന്ന ഈ ദേവാലയം മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രഖ്യാപിത തീർത്ഥാടന കേന്ദ്രങ്ങളിൽ ഒന്നാണ്. നാനാജാതിമതസ്ഥരായ ആളുകൾക്ക് ഇന്ന് ഒരു ആശ്രയകേന്ദ്രമായി ഈ ദേവാലയം ശോഭിക്കുന്നു. ഈ പിതാക്കന്മാരുടെ മദ്ധ്യസ്ഥതയും പ്രാർത്ഥനയും എന്നും എല്ലാവർക്കും അനുഗ്രഹത്തിന് മുഖാന്തരമാണ്. അവർ കാണിച്ചുതന്ന ആദ്ധ്യാത്മിക പാതയിലൂടെ സഞ്ചരിക്കുവാൻ നാം കടപ്പെട്ടവരാണ്.

നമ്മുടെ സഭാവിശ്വാസം അചഞ്ചലമായി നിലനിർത്തുവാൻ പുത്തൻകാവിന്റെ മണ്ണിൽ ജനിച്ച് വളർന്ന പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ ജീവിതവും പ്രവർത്തനവും അന്ത്യവും നമുക്ക് പ്രേരകമായി തീരട്ടെയെന്ന് ആശംസിക്കുന്നു.

നിങ്ങളുടെ വികാരിയച്ചൻ

ഫാ.രാജൻ വർഗ്ഗീസ്
9447596014

ആശംസ

പുത്തൻകാവ് കൊച്ചുതിരുമേനിയുടെ ജീവിതവും ദർശനവും എക്കാലവും പൊതു സമൂഹവും പ്രത്യേകിച്ച് ഓർത്തഡോക്സ് സഭയും സ്മരിക്കേണ്ടതാണ്. ഈ പുണ്യപിതാവിന്റെ മതസൗഹാർദവും, ദൈവഭക്തിയും, സഭാസ്നേഹവും പാർശ്വവൽക്കരിക്കപ്പെട്ട ജനതയോടുള്ള കരുതലും വിദ്യാഭ്യാസ പ്രവർത്തനങ്ങളും എല്ലാം പഠനവിഷയമാക്കേണ്ടതാണ്. യുവജനങ്ങൾക്ക് വലിയ പ്രചോദനം നൽകിയ ഒരു മഹാപുരോഹിതനായിരുന്നു പുത്തൻകാവിൽ കൊച്ചുതിരുമേനി. തിരുമേനിയുടെ കബറിടം ഉൾക്കൊള്ളുന്ന പുത്തൻകാവ് കത്തീഡ്രലിൽ എന്റെ ഇടവക ശുശ്രൂഷയിൽ ആ ആത്മീയ ചൈതന്യം എനിക്ക് അനുഭവവേദ്യമാണ്. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ജീവിതവിശുദ്ധിയും പുത്തൻകാവ് പള്ളിയുടെ മഹത്തായ പാരമ്പര്യവും മനസ്സിലാക്കുവാൻ ഈ പഠനഗ്രന്ഥം സഹായിക്കുമെന്നതിന് സംശയമില്ല. ഈ സുവനീർ പ്രസിദ്ധീകരണത്തിന് പ്രയത്നിച്ച ഏവർക്കും ആശംസകൾ നേരുന്നു.

കർത്തൃശുശ്രൂഷയിൽ
നിങ്ങളുടെ

04.04.15

ജാൾസൺ അച്ചൻ
(സഹവികാരി), 9539867510

പ്രാർത്ഥനയോടെ...

1930 നവംബർ 2-ാം തീയതി പരുമല പള്ളിയുടെ വിശുദ്ധ മദ്ബഹായിൽ പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായുടെ മുൻപിൽ എപ്പിസ്കോപ്പാ അഭിഷേകത്തിന് ചൊല്ലിയ സത്യപ്രതിജ്ഞ മരണം വരെ നെഞ്ചിനേറ്റി, തനിക്ക് കിട്ടിയ ചെറിയ കൈമുത്തുകൾ കൊണ്ട് സഭയുടെ പേരിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ച, അനേകരെ വൈദീകപദവിലേക്ക് വരുവാൻ പ്രേരിപ്പിച്ച, സാധാരണക്കാരായ വിശ്വാസികളെ ഓർത്തഡോക്സ് സഭാ വിശ്വാസത്തിൽ പിടിച്ച് നിറുത്തിയ പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായ്ക്ക് കാലം ചെയ്ത് 64 വർഷങ്ങൾക്ക് ശേഷം അനശ്വരമായ അക്ഷരങ്ങൾകൊണ്ടുള്ള മാതൃ ഇടവകയായ പുത്തൻകാവ് കത്തീഡ്രലിന്റെ അശ്രുപൂജയാണ് ഈ സുവനീർ.

1930 മുതൽ 1951 വരെ തുമ്പമൺ ഭദ്രാസനാധിപനായി രത്നത്തെപ്പോലെ ശോഭിച്ച (രത്നദീപം) പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ആത്മീയ പ്രകാശം നാൾക്കുനാൾ സഭാവിശ്വാസികളുടെ ജീവിതത്തിൽ ഉണ്ടാകുന്നുവെന്നതിന് സംശയമില്ല.

തന്റെ സഭാവിശ്വാസത്തിൽ ഉറച്ച്നിന്നുകൊണ്ടുതന്നെ ഹൈന്ദവ, മുസ്ലീം ഇതര ക്രൈസ്തവ സമുദായത്തിലും ഉള്ള വ്യക്തികളുമായും നേതാക്കളുമായും മേൽപട്ടക്കാരുമായും വലിയ സ്നേഹബന്ധം തിരുമേനി പുലർത്തിയിരുന്നു. അതിന് ഈ സുവനീർ ഒരു തെളിവാണ്.

പരിശുദ്ധ യാക്കോബ് ത്രിതീയൻ ഇഗ്നാത്തിയോസ് പാത്രിയാർക്കീസ് ബാവായും, പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായും സംയുക്തമായി വിളിച്ചു ചേർത്ത 1958 ഡിസംബർ 26-ാം തീയതിയിലെ ചരിത്രപ്രസിദ്ധമായ പുത്തൻകാവ് അസോസ്സിയേഷനിൽ മലങ്കര സഭ ഒന്നായപ്പോൾ നടന്ന വികാരനിർഭരമായ രംഗങ്ങൾ ഉൾപ്പെടുത്തിയ ഈ സുവിനീറിന്റെ രണ്ടാം ഭാഗം ശ്രദ്ധേയമാണ്. പുത്തൻകാവ് പള്ളിക്ക് കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിലുള്ള അദ്വിതീയമായ സ്ഥാനം ഇതിൽ വ്യക്തമാണ്.

എന്നെപ്പോലെ പതിനായിരങ്ങൾക്ക് തങ്ങളുടെ പൂർവ്വീകർ വിശ്വസിച്ച സഭയിൽ ജീവിക്കുവാൻ അവസരം നൽകിയ പുണ്യപിതാവാണ് പുത്തൻകാവിൽ കൊച്ചുതിരുമേനി. പുത്തൻകാവിൽ കൊച്ചുതിരുമേനി റീത്ത് പ്രസ്ഥാനത്തിൽ ചേർന്നിരുന്നെങ്കിൽ ഇന്ന് ഞാൻ ഓർത്തഡോക്സ് സഭയിൽ കാണുകയില്ലായിരുന്നു. അദ്ദേഹത്തെ ജീവനുതുല്യം സ്നേഹിച്ച പതിനായിരക്കണക്കിന് വിശ്വാസികളുടെയും സ്ഥിതിയും അതുതന്നെയാകുമായിരുന്നു. ദ്രവ്യാഗ്രഹം മനുഷ്യനെ നിലം പതിപ്പിക്കും എന്ന തിരുമേനിയുടെ വിശ്വാസം ഇന്നും പ്രസക്തമാണ്.

മലങ്കരസഭയിൽ പുത്തൻകാവിൽ കൊച്ചുതിരുമേനിക്ക് പൗരസ്ത്യസഭയെ സംഗീതസാന്ദ്രമാക്കിയ മാർ അപ്രേമിനോടും പ്രഭാഷണ മുഖരിതമാക്കിയ സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസിനോടും തുല്യമായ സ്ഥാനമാണ് ഉള്ളത്.

അത്യപൂർവ്വമായി മാത്രം ജനിക്കുന്ന ചില മഹാപ്രതിഭകൾ ജീവിതത്തിന്റെ വ്യത്യസ്ത മണ്ഡലങ്ങളിൽ ചില പ്രത്യേക മുഹൂർത്തങ്ങളിൽ പ്രത്യക്ഷപ്പെടാറുണ്ട്. അങ്ങനെ മലങ്കര സഭയിൽ ജന്മമെടുത്ത ഒരു ധ്രുവ നക്ഷത്രമാണ് പുത്തൻകാവിൽ കൊച്ചുതിരുമേനി.

പുത്തൻകാവിൽ കൊച്ചുതിരുമേനിയെ അടുത്തുനിന്നോ അകലെനിന്നോ കാണുകയോ ആ മധുരനാദം ഒരിക്കലെങ്കിലും കേൾക്കുകയോ ചെയ്തിട്ടുള്ള ആരും ഈ പുണ്യപിതാവ് മലങ്കരസഭയ്ക്ക് ദൈവം നൽകിയ അനുഗ്രഹമാണെന്ന് ജീവിതകാലം മുഴുവൻ സാക്ഷ്യപ്പെടുത്തിട്ടുണ്ട്.

"എന്റെ ദൈവം എന്റെ സഭ" എന്ന് നെഞ്ചത്ത് കൈവച്ച് പറയുന്ന പുത്തൻകാവിൽ കൊച്ചുതിരുമേനി വട്ടശ്ശേരിൽ തിരുമേനിയുടെ "പടത്തലവൻ" ആയിരുന്നു.

തിരുമേനിയുടെ ഭൗതിക ശരീരം പുത്തൻകാവ് തെരുവിൽ പ്രവേശിച്ചപ്പോൾ മാറത്ത് അടിച്ച് നിലവിളിച്ച സ്ത്രീകളുടെ ശബ്ദം ഇന്നും ഈ മണ്ണിൽ പ്രതിധ്വനിക്കുന്നു. ജനകീയനായ ആത്മീയനായ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ പ്രാർത്ഥന എക്കാലവും ഞങ്ങൾക്ക് ആത്മീയ ശക്തിയായിരിക്കും എന്നതിന് സംശയമില്ല. അഭിമാനത്തോടെ, നിറകണ്ണുകളോടെ കേരളീയ സമൂഹം ഈ സുവനീർ സ്വീകരിക്കുമെന്ന് വിശ്വസിക്കുന്നു.

സുനിൽ പി. ഉമ്മൻ

സ്നേഹാശംസകളോടെ

10-4-2015

സുനിൽ പി. ഉമ്മൻ

(ജനറൽ കൺവീനർ), 9447345323

ലേഖനങ്ങൾ

♦ പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കബാവാ ♦ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ
പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ ♦ ഡോ. പി.സി. അലക്സാണ്ടർ (മഹാരാഷ്ട്ര മുൻ ഗവർണർ)
♦ മഹാകവി പുത്തൻകാവ് മാത്തൻ തരകൻ ♦ അഭിവന്ദ്യ ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത
♦ ഫാ. ഡോ. ടി.ജെ.ജോഷ്വാ ♦ ഫാ. ഡോ. സി.റ്റി. ഈപ്പൻ ♦ ഫാ. ഡോ. പി.എസ്. ശമുവേൽ കോർ എപ്പിസ്കോപ്പാ
♦ ഫാ. എം.എ. തോമസ് (മാർത്തോമ്മ സഭ) ♦ എൻ മീരാണൻ മീരാറാവുത്തർ, പത്തനംതിട്ട
♦ കവിരാജൻ മീരാപിള്ള, പത്തനംതിട്ട ♦ അബ്ദുൾസലാം, പത്തനംതിട്ട ♦ എൻ. അബ്ദുൾ ഖാദർ, പത്തനംതിട്ട
♦ ബേബി ചാൾസ്, റിട്ട. എസ്.പി. (സി.എസ്.ഐ. സഭാംഗം) ♦ പി.എം. നാരായണൻ, പിരളശ്ശേരി

പുത്തൻകാവിൽ കൊച്ചുതിരുമേനി കാതോലിക്കേറ്റിന്റെ കാവൽ ഭടൻ

: പരിശുദ്ധ കാതോലിക്ക ബാവ

(2013 ഏപ്രിൽ 17-ാം തീയതി പുത്തൻകാവിൽ കൊച്ചുതിരുമേനിയെ 'കാതോലിക്കേറ്റ് രത്നദീപം" എന്ന നാമം നൽകി ബഹുമാനിച്ച സമ്മേളനത്തിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്കബാവാ നടത്തിയ ഉദ്ഘാടന പ്രസംഗത്തിന്റെ പൂർണ്ണരൂപം
തയ്യാറാക്കിയത് : സുനിൽ പി. ഉമ്മൻ)

ഈ യോഗത്തിന്റെ അദ്ധ്യക്ഷനും ചെങ്ങന്നൂർ ഭദ്രാസനാധിപനുമായ തോമസ് മാർ അത്താനാസിയോസ്, ആറാം മാർത്തോമ്മായുടെ പേരിലുള്ള മാർത്തോമ്മാ അവാർഡ് ബഹുമാനപ്പെട്ട ജോഷ്വാ അച്ചന് നൽകുന്ന ഭാരതത്തിന്റെ പരമോന്നത നീതിപീഠത്തിൽ നിന്ന് റിട്ടയർ ചെയ്ത പത്മഭൂഷൺ കെ. ടി. തോമസ്, വേദിയിൽ ഉപവിഷ്ടരായ അഭിവന്ദ്യ പിതാക്കന്മാരെ വൈദികരുടെ ഗുരുനാഥൻ ആയ ഡോ. ടി.ജെ. ജോഷ്വാ അച്ചൻ, വിഷ്ണുനാഥ് എം. എൽ. എ., ഭദ്രാസന സെക്രട്ടറി തോമസ് കൊക്കാപറമ്പിൽ അച്ചൻ, യു. എ. ഇ. ചാപ്റ്റർ മാർ പീലക്സിനോസ് മെമ്മോറിയൽ ഫ്രണ്ട് അസോസിയേഷൻ പ്രതിനിധി അഡ്വ. എം.വി. മാത്യു ഈ ചടങ്ങിന്റെ ജനറൽ കൺവീനർ സുനിൽ പി. ഉമ്മൻ, വികാരി ഫാ. മത്തായി കുന്നിൽ, സി. എം. ഫിലിപ്പോസ് റമ്പാച്ചൻ വേദിയിലും സദസിലും ഇരിക്കുന്ന വൈദികശ്രേഷ്ഠരെ, മാതാപിതാക്കളെ വാത്സല്യമുള്ള കുഞ്ഞുങ്ങളെ,മലങ്കരസഭയെ സംബന്ധിച്ചിടത്തോളം ഇന്ന് വളരെ ആഹ്ലാദകരമായ സുദിനമാണ്. വിശിഷ്യ ചെങ്ങന്നൂർ ഭദ്രാസനത്തിനും പുത്തൻകാവ് ഇടവകയ്ക്കും അത്യാഹ്ലാദം നിറഞ്ഞ മുഹൂർത്തമാണ്. അതിന് കാരണം മറ്റൊന്നുമല്ല, മലങ്കരസഭയിൽ എല്ലാ തലത്തിലും നിറഞ്ഞു നിന്നിരുന്ന "പുത്തൻകാവിൽ കൊച്ചുതിരുമേനി" എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന ഗീവറുഗീസ് മാർ പീലക്സിനോസിനെ പരിശുദ്ധ സഭ ഒരു ഉചിതമായ നാമം നൽകി ആദരിക്കുന്ന സുദിനമാണിന്ന്. ഏതാനും മാസങ്ങൾക്ക് മുമ്പ് യു. എ. ഇ. യിലെ ഒരു ദേവാലയം സന്ദർശിച്ചപ്പോൾ വളരെ സ്നേഹമുള്ള ഒരു ചെറുപ്പക്കാരൻ വന്ന് ഒരു കവറിൽ ഒരു അപേക്ഷ എനിക്കു നൽകി. അതിൽ അദ്ദേഹം ആവശ്യപ്പെട്ടത് പുത്തൻകാവിൽ കൊച്ചുതിരുമേനിയെ പരിശുദ്ധ സഭ ആദരിച്ച് ഒരു ബഹുമാനനാമം പ്രഖ്യാപിക്കണമെന്നാണ്. തീർച്ചയായും അത് വളരെ ഉചിതമായ ഒരു ആഗ്രഹവും പരിശുദ്ധ സഭ നേരത്തെ ചെയ്യേണ്ടതുമായ ഒരു കർത്തവ്യവുമാണെന്ന് ആ സമയത്ത് തന്നെ എനിക്കു തോന്നാതിരുന്നില്ല. പിന്നീട് അതിനുള്ള നടപടിക്രമങ്ങൾ വളരെ വേഗത്തിൽ ആരംഭിച്ചു. 2013 ഫെബ്രുവരിയിൽ സമ്മേളിച്ച പരിശുദ്ധ സുന്നഹദോസിൽ ഈ വിഷയം ചർച്ച ചെയ്തു ഉചിതമായ ഒരു നാമം നൽകുവാൻ പരിശുദ്ധ സുന്നഹദോസ് അന്ന് തീരുമാനം എടുത്തു.

'കാതോലിക്കേറ്റ് രത്നദീപം' എന്നുള്ള നാമമാണ് പരിശുദ്ധ സഭ അന്ന് നൽകുവാൻ തീരുമാനിച്ചത്. പല പേരുകൾ പലരും ശ്രദ്ധയിൽ കൊണ്ടുവന്നു. പക്ഷേ കാലം ചെയ്ത കൊച്ചു തിരുമേനിയുടെ ജീവിതവും ദൗത്യവും അദ്ദേഹത്തിന്റെ പ്രസംഗങ്ങളും പ്രഭാഷണങ്ങളും എല്ലാം ഉൾക്കൊള്ളുമ്പോൾ കാതോലിക്കേറ്റ് എന്ന പദം കൂടാതെ അദ്ദേഹത്തെ അറിയുക എന്നത് ഉചിതമല്ലെന്ന് എല്ലാം പിതാക്കന്മാരും ഒരുപോലെ അഭിപ്രായപ്പെട്ടു. വ്യക്തിപരമായി ഈ വന്ദ്യ പിതാവിനോട് കുന്നംകുളത്തുകാർക്കും എനിക്കും ഏറെ ബന്ധമുണ്ട്. അത് എന്താണെന്ന് നിങ്ങൾക്ക് അറിയാം. പുത്തൻകാവിൽ നിന്ന് കുന്നംകുളത്ത് എത്താൻ ഇപ്പോൾ ഒരു വിദേശകാറിൽ യാത്ര ചെയ്താൽ 5 മണിക്കൂർ മതി. 5 മണിക്കൂർ 21-ാം നൂറ്റാണ്ടിൽ കാറിൽ യാത്ര ചെയ്ത് എത്തേണ്ട സ്ഥലത്തേക്ക് 62 വർഷങ്ങൾക്ക് മുമ്പ് എല്ലാ വർഷവും കുന്നംകുളത്ത് എത്തുന്ന പുത്തൻകാവിൽ കൊച്ചുതിരുമേനി എത്രമാത്രം ക്ലേശം സഹിച്ചിരിക്കും. ഞാൻ മനസ്സിലാക്കുന്നത് ശരിയാണെങ്കിൽ, കൊച്ചുതിരുമേനി അന്ത്യശ്വാസം വലിക്കുന്ന സമയത്ത് ഇവിടെ ഇരിക്കുന്ന പി.എസ്. ശമുവേൽ അച്ചൻ ഒരു കൊച്ചു ശെമ്മാശനായി തിരുമേനിയോട് ഒപ്പം ഉണ്ടായിരുന്നു.

കൊച്ചുതിരുമേനി കുന്നംകുളത്ത് നിന്ന് മരത്തംകോട് വഴിയാണ് മടക്കയാത്ര തിരിച്ചത്. അതിന് കാരണം പുത്തൻകാവിന് അടുത്തുള്ള ഓമല്ലൂർ സ്വദേശിയായ കുര്യാക്കോസ് അച്ചനെ മരത്തംകോട് പള്ളി വികാരിയായി ക്രമീകരിച്ചത് കൊച്ചുതിരുമേനി ആയിരുന്നു. അദ്ദേഹത്തെ കണ്ട് സൗഹൃദം പറഞ്ഞ് മടങ്ങാമെന്ന ആഗ്രഹത്തിൽ ആണ് മരത്തംകോട് വഴി യാത്ര തിരിച്ചത്. മരത്തംകോട് എന്ന ഗ്രാമത്തോട് അടുത്തപ്പോൾ ഈ പിതാവിന് നെഞ്ചുവേദന കൂടി. മരത്തംകോട് ദേവാലയത്തിന് സമീപം കാർ നിർത്തി ആ ദേവാലയത്തിലെ ചെറിയ മുറിയിൽ പ്രവേശിച്ചു. അവിടെ ആളുകൾ ഓടിക്കൂടി കിട്ടാവുന്ന വൈദ്യസഹായവും പരിചരണവും എല്ലാം ചെയ്തു. ഒരുപക്ഷേ ദൈവത്തിന്റെ നിയോഗമായിരിക്കാം, കൊച്ചുതിരുമേനിക്ക് ഏറ്റവും സ്നേഹമുള്ള, അദ്ദേഹത്തിന്റെ സ്നേഹത്തിന്റെ അളവുകോൽ മനസ്സിലാക്കിയിട്ടുള്ള കുന്നംകുളത്ത്, അവസാന പ്രസംഗം പറയുമ്പോഴും കാതോലിക്കേറ്റിനെക്കുറിച്ചും ഏറെ വാചാലമായി അദ്ദേഹം പ്രസംഗിച്ച മണ്ണിൽ വച്ചാണ് മലങ്കരസഭ വാവിട്ട് നിലവിളിക്കാൻ തക്കവണ്ണം പെട്ടെന്ന് ആ പിതാവ് നമ്മിൽ നിന്ന് വേർപെട്ട് സ്വർഗ്ഗത്തിലേക്ക് യാത്ര ആവുന്നത്. അത് ഇന്നും കുന്നംകുളത്തുകാരെ സംബന്ധിച്ച് വളരെ വേദന ഉളവാക്കുന്ന സംഭവമാണ്. അന്ന് മുതൽ ഈ 62 വർഷക്കാലവും അവിടെ തിരുമേനിയുടെ പെരുന്നാൾ സമുചിതമായി ആചരിക്കാറുണ്ട്. കുന്നംകുളത്ത് നിന്ന് ഏതാനും ആളുകൾ ഇന്നും ഇവിടെ വന്നിട്ടുണ്ട്. കൊച്ചുതിരുമേനി, പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായ്ക്ക് വലിയ ബലവും ഊർജ്ജവും ശക്തിയും നൽകിയ പ്രബലനായ ഒരു യുവ മേൽപട്ടക്കാരൻ ആയിരുന്നു.

54 വയസ്സ് എന്നത് വലിയ പ്രായം ഒന്നുമല്ലല്ലോ. കൊച്ചുതിരുമേനി അന്ന് വിദ്യാഭ്യാസ വിഷയത്തിൽ ഉന്നതമായ ബിരുദം നേടി വളരെ ഗംഭീരമായ പ്രസംഗം നടത്തി. അതുപോലെ സഭയുടെ എല്ലാ മേഖലകളിലും അദ്ദേഹം നിറഞ്ഞുനിന്നു. എല്ലാം കാതോലിക്കേറ്റിന് എന്ന ചിന്തയുമായി എല്ലാ തലങ്ങളിലും സഭ ഒരു ശരീരം എന്ന നിലയിൽ പ്രാദേശികമായിട്ട് ഒന്നും ഒരു വ്യത്യാസവും കൂടാതെ എല്ലായിടത്തും കൊച്ചു തിരുമേനിയുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ഏകദേശം 75 വയസ്സ് പ്രായമുള്ളവർ കൊച്ചുതിരുമേനിയുടെ ശബ്ദം കേട്ടിട്ടുണ്ട്. കുന്നംകുളത്ത് ഇപ്പോൾ ഉള്ള കാരണവന്മാർ വികാരാവേശത്തോടെ ആ ശബ്ദമാധുര്യം ഓർമ്മിക്കാറുണ്ട്. ഗാനകോകിലം എന്ന് വെറുതെ പറയുന്നതല്ല. അദ്ദേഹത്തിന്റെ ഗാനം അത്രയും മധുരതരമായിരുന്നുവെന്ന് പിതാക്കന്മാർ പറയുന്നത് കേട്ടിട്ടുണ്ട്. അതുപോലെ ഒരു വാഗ്മി എന്ന് പറയത്തക്കവിധത്തിലുള്ള പ്രൗഢഗംഭീരമായ വാക്വൈഭവം അദ്ദേഹത്തിന്റെ പ്രസംഗങ്ങൾക്ക് ഉണ്ടായിരുന്നു. കാതോലിക്കേറ്റിനെ കുറിച്ച് സാധാരണക്കാർക്ക് പോലും മനസ്സിലാകുംവിധം അദ്ദേഹം വിവരിക്കുമായിരുന്നു. വലിയ ദീർഘവീക്ഷണത്തോടെ സഭയുടെ സ്വാതന്ത്ര്യത്തിന്റെ പൊരുൾ ആളുകളുടെ മനസ്സിലേക്ക് കടന്നു ചെല്ലത്തക്കവിധം ആശയങ്ങൾ അവതരിപ്പിക്കാനുള്ള അസാമാന്യ കഴിവ് അദ്ദേഹത്തിന് ഉണ്ടായിരുന്നു. പുത്തൻകാവിൽ ഉള്ളവരോട് കൊച്ചുതിരുമേനിയെ കുറിച്ച് ഞാൻ എന്തെങ്കിലും പറയുന്നത് അധികപ്പറ്റാണെന്ന് അറിയായ്കയല്ല. ഞാൻ പറയുന്നത് എന്റെ പശ്ചാത്തലത്തിൽ നിന്നു കൊണ്ടുള്ള കൊച്ചുതിരുമേനിയെ കുറിച്ചാണ്. തുമ്പമൺ ഭദ്രാസനത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ അതിന്റെ ദ്വിതീയ മെത്രാപ്പോലീത്താ പരിശുദ്ധ പരുമല തിരുമേനിയായിരുന്നുവെന്നത് വലിയ ഒരു പദവിയാണ്. പിന്നീട് വന്ന പിതാക്കന്മാർ ഒക്കെ തന്നെ അതിപ്രശസ്തമായി സഭയെ നയിച്ചിട്ടുള്ളവരാണ്. കൊച്ചുതിരുമേനി ഈ ഭദ്രാസനത്തെ അങ്ങനെ നയിച്ചതാണ്. അന്നത്തെ തുമ്പമൺ ഭദ്രാസനം ഇന്നത്തെ ചെങ്ങന്നൂർ ഭദ്രാസനവും നിലയ്ക്കൽ ഭദ്രാസനവും ഒക്കെ ഉൾപ്പെട്ടതാണ്. ബഥേൽ എന്നു പറയുന്ന വളരെ പരിമിതമായ സൗകര്യങ്ങൾ ഉള്ള സ്ഥലത്ത് തിരുമേനി താമസിച്ചു. പറന്തൽ പള്ളിയുടെ സ്ഥാപനം നമുക്ക് അറിയാം. തിരുമേനിയുടെ ചിന്ത എന്നു പറയുന്നത് വളരെ ഉയർന്ന തലത്തിൽ ആയിരുന്നു. ബേസിൽ ദയറ ഉണ്ടാകുന്നത് തിരുമേനിയുടെ പ്രത്യേക പരിശ്രമത്തിലാണ് അവിടെ ഉണ്ടായിരുന്ന വൈദികർ വളരെ പ്രഗൽഭരായിരുന്നു. നല്ല കുടുംബത്തിൽ നിന്ന് ഉന്നതമായ വിദ്യാഭ്യാസം നേടിയിട്ടുള്ള അനേകം ചെറുപ്പക്കാരെ സഭാപ്രവർത്തനത്തിലേക്ക് തിരുമേനിക്ക് ആകർഷിക്കുവാൻ കഴിഞ്ഞിരുന്നു. അങ്ങനെ സഭയെക്കുറിച്ചുള്ള ഒത്തിരി സ്വപ്നങ്ങൾ മനസ്സിൽ കാത്തു സൂക്ഷിച്ച് പ്രാവർത്തികമാക്കി.

മലങ്കരയുടെ യുവതേജസ്സ്

"നല്ല പോർ പൊരുതു, ഓട്ടം തികച്ചു" എന്ന ബൈബിൾ വചനം അക്ഷരാർത്ഥത്തിൽ പറയാൻ തക്കവണ്ണം കൊച്ചു തിരുമേനി സഭയുടെ അമൂല്യ നിധിയായിരുന്നു. 62-ാം ഓർമ്മ പ്പെരുന്നാൾ ആണ് നാം ആചരിക്കുന്നത്. ആ തിരുമേനിയെ ഇപ്പോഴെങ്കിലും നമുക്ക് ആദരിച്ച് സാധാരണക്കാരുടെ മനസ്സിൽ തിരുമേനിയെക്കുറിച്ച് കൂടുതൽ ആശയങ്ങളും തിരുമേനിയുടെ വ്യക്തിത്വവും പകർന്ന് കൊടുക്കുവാൻ തക്കവണ്ണം ഇ പ്രകാരമുള്ള സ്ഥാനനാമം നൽകി ആദരിച്ചത് ഉചിതമായി എന്നു മാത്രമേ എനിക്കു പറയാൻ ഉള്ളു. ഞാൻ എന്റെ വാക്കുകൾ ഇവിടെ ചുരുക്കട്ടെ.

> അന്ന് പുത്തൻകാവിൽ ഉണ്ടായിരുന്ന കാരണവന്മാർ ആ പിതാവിന് വേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കിക്കൊടുത്തു എന്ന് പറയുമ്പോൾ മലങ്കരസഭയിൽ ഈ ദേവാലയത്തിനുള്ള സ്ഥാനം അദ്വിതീയമാണെന്നാണ് എന്റെ വിചാരം.

പുത്തൻകാവ് ദേവാലയത്തിന്റെ പ്രാധാന്യം ഒട്ടും ചെറുതല്ല. 43 വർഷക്കാലം മലങ്കരസഭയുടെ പരമാദ്ധ്യക്ഷന്റെ ഒരു അരമന എന്ന നിലയിൽ താമസിക്കുവാനും മലങ്കരസഭയുടെ ഭരണം നടത്തുവാനും തക്കവണ്ണം സൗകര്യം ഒരുക്കിയ ദേവാലയമാണ് പുത്തൻകാവ് പള്ളി. ഇന്നത്തെ ദേവലോകം അരമനയുടെ പദവി ഒരുകാലത്ത് പുത്തൻകാവിന് ഉണ്ടായിരുന്നു. 43 വർഷക്കാലം സഭയുടെ ഒരു പരമാദ്ധ്യക്ഷന് ഈ ദേവാലയത്തിൽ താമസിച്ച് സഭയുടെ ഭരണം നടത്തുവാൻ തക്കവണ്ണമുള്ള സൗകര്യവും സാഹചര്യവും അന്നുണ്ടായിരുന്നുവെന്ന് പറയുമ്പോൾ അത് അത്ര നിസ്സാരമായി കാണാൻ ഒക്കുകയില്ല. നമ്മുടെ സഭയുടെ ആദ്യ കാലഘട്ടത്തിൽ കൂനൻ കുരിശ് സത്യത്തിനുശേഷം മലങ്കരസഭയെ നയിച്ചിരുന്ന പിതാക്കന്മാർ എല്ലാം അറിയപ്പെട്ടിരുന്നത് മാർത്തോമ്മാ ഒന്നാമൻ, രണ്ടാമൻ, മൂന്നാമൻ, നാലാമൻ എന്നുള്ള പേരിലാണ്. അതിൽ ആറാം മാർത്തോമ്മാ എന്ന് പറയുന്ന വലിയ മാർ ദിവന്നാസ്യോസ് അതിപ്രഗത്ഭനായിരുന്നു. വളരെയധികം വേദനകളും ദുഃഖങ്ങളും യാതനകളും അദ്ദേഹം അനുഭവിച്ചിട്ടുണ്ടെന്ന് ചരിത്രത്തിലൂടെ വായിച്ചറിഞ്ഞിട്ടുണ്ട്. ഈ സന്ദർഭങ്ങളിൽ ഒക്കെ പുത്തൻകാവിലെ ദേവാലയത്തിൽ താമസിച്ചു. അന്ന് പുത്തൻകാവിൽ ഉണ്ടായിരുന്ന കാരണവന്മാർ ആ പിതാവിന് വേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കിക്കൊടുത്തു എന്ന് പറയുമ്പോൾ മലങ്കരസഭയിൽ ഈ ദേവാലയത്തിനുള്ള സ്ഥാനം അദ്വിതീയമാണെന്നാണ് എന്റെ വിചാരം. അങ്ങനെ ഒരുപക്ഷേ മറ്റൊരു ദേവാലയത്തിനും 43 വർഷക്കാലം ഒരു സഭയുടെ പരമാദ്ധ്യക്ഷൻ താമസിച്ചിട്ടുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. എന്റെ പരിമിതമായ അറിവുകളിൽ നിന്നുകൊണ്ട് ആ നിലയിൽ ചിന്തിക്കുമ്പോൾ ഈ ഇടവകക്കാരോടും ഈ ഭദ്രാസനത്തിലെ വിശ്വാസികളോടും സ്നേഹവും ആദരവും കടപ്പാടും മലങ്കരസഭയ്ക്ക് ഉണ്ട് എന്നാണ് എന്റെ വിചാരം.

പുത്തൻകാവിൽ കൊച്ചുതിരുമേനി ഗാനകോകിലമായിരുന്നു അദ്ദേഹം കാതോലിക്കേറ്റിന്റെ കാവൽഭടനായിരുന്നു. അദ്ദേഹം മലങ്കര സഭയിൽ നിറഞ്ഞു നിന്നിരുന്നു. യാതൊരു പ്രാദേശിക ഭാവം കൂടാതെ. തെക്കെന്നോ വടക്കെന്നോ കിഴക്കെന്നോ പടിഞ്ഞാറെന്നോ ഉള്ള വ്യത്യാസം കൂടാതെ എല്ലാ സ്ഥലങ്ങളിലേക്കും യാത്ര ചെയ്ത് മലങ്കരയുടെ മക്കൾ എവിടെ എല്ലാം ഉണ്ടോ അവിടെ എല്ലാം കൊച്ചുതിരുമേനിയുടെ സാന്നിദ്ധ്യം ഉണ്ട്. ഏതൊരു കൊച്ചുകുട്ടിക്കും എടുത്തു പറയത്തക്കവിധം തിരുമേനിയുടെ ക്ലേശപൂർണ്ണമായ യാത്ര ആരോഗ്യത്തെ അവഗണിച്ചുകൊണ്ടുള്ള പ്രവർത്തനം, ഇതൊക്കെ കൊച്ചുതിരുമേനിയുടെ പ്രധാന യോഗ്യതയായിട്ട് എനിക്ക് തോന്നിയിട്ടുണ്ട്. എല്ലാ കാതോലിക്കേറ്റിനെന്ന നിലയിൽ ആണ് തിരുമേനി എന്നും പ്രവർത്തിച്ചിട്ടുള്ളത്. തീർച്ചയായും ഈ തിരുമേനിയുടെ ധന്യനാമം വാഴ്ത്തപ്പെടട്ടെ. ഈ തിരുമേനിയെ സഭ ഇന്ന് ആദരിക്കുമ്പോൾ ആ തിരുമേനിയോടുള്ള സഭയുടെ കടപ്പാട് അല്പമായിട്ടെങ്കിലും നിറവേറ്റുവാൻ തക്കവണ്ണം ഇത് മുഖാന്തരമായി തീരട്ടെ. ഈ കൊച്ചുതിരുമേനിയുടെ പ്രാർത്ഥന നമുക്ക് വലിയ മാർഗ്ഗദർശനവും ശക്തിയും കോട്ടയുമാകട്ടെ, ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പുത്തൻകാവിൽ കൊച്ചുതിരുമേനി മലങ്കരയുടെ കൺവൻഷൻ ശിൽപി

മദ്ധ്യതിരുവിതാംകൂർ ഓർത്തഡോക്സ് കൺവൻഷൻ എന്ന പേരിലറിയപ്പെടുന്ന മാക്കാംകുന്ന് കൺവൻഷന്റെ ശിൽപിയായിരുന്നു പുത്തൻകാവിൽ കൊച്ചുതിരുമേനി. പ്രൊട്ടസ്റ്റന്റുകാരുടെ കൺവൻഷനുകളിൽ സായിപ്പ്മാരുടെ സാന്നിദ്ധ്യം സാധാരണക്കാരെ കൂട്ടിവരുന്നതിലെ പ്രധാന ഘടകമായിരുന്നു. 1917-ൽ മാക്കാംകുന്ന് കൺവൻഷൻ ആരംഭിച്ചപ്പോൾ തിരുമേനി കൊണ്ടുവന്നത് ഭാരതീയ ക്രിസ്തുവാഹകനായ സാധുസുന്ദർ സിംഗിനെയാണ്.

1943-ൽ കല്ലൂപ്പാറ കൺവൻഷൻ ആരംഭിച്ചപ്പോൾ അതിന്റെ ഉദ്ഘാടകൻ പുത്തൻകാവിൽ കൊച്ചുതിരുമേനി ആയിരുന്നു. പഴഞ്ഞി, കോട്ടയം, നിലയ്ക്കൽ തുടങ്ങിയ സ്ഥലങ്ങളിൽ കൺവൻഷനുകൾ ആരംഭിച്ചപ്പോൾ കൊച്ചുതിരുമേനിയുടെ സാന്നിദ്ധ്യം സഭാമക്കൾക്ക് ആവേശമായിരുന്നു. കൺവൻഷൻ യോഗങ്ങളിൽ രണ്ടും മൂന്നും മണിക്കൂറുകൾ തുടർച്ചയായി കൊച്ചുതിരുമേനി പ്രസംഗിക്കുമായിരുന്നു. തിരുമേനിയുടെ പ്രഭാഷണങ്ങൾ സംഗീത സാന്ദ്രമായിരുന്നു. മനുഷ്യമനസ്സുകളിൽ പ്രത്യാശയുടെ പൊൻകിരണങ്ങൾ ഉണ്ടാക്കുവാൻ ആ പ്രഭാഷണങ്ങൾക്ക് കഴിഞ്ഞു.

പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അരുമശിഷ്യർ

പരിശുദ്ധ ബസേലിയോസ് മർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്ക ബാവ

പരിശുദ്ധ ബസേലിയോസ് മർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്ക ബാവ

ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ

ഫീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ

വെരി.റവ.തേയോഫോറസ് റമ്പാൻ കോർ-എപ്പിസ്കോപ്പാ

ഫാ. പി.ജി. ജോർജ്ജ്

ഫാ. സി.വി. മാത്യൂസ്

ഫാ.എ.എം. വർഗീസ് പറന്തൽ

ജീവിച്ചിരിക്കുന്ന ശിഷ്യർ

ഫാ. ഡോ. ടി.ജെ. ജോഷ്വാ

വെരി.റവ.അപ്രേം റമ്പാൻ (മൈലപ്ര)
96-ാം വയസ്സിലും
2014 ഏപ്രിൽ 17 ന് നടന്ന
പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ
ഓർമ്മപ്പെരുന്നാളിന് റമ്പാച്ചൻ പങ്കെടുത്തു.

ഫാ.ഡോ.എം.കെ.തോമസ്
അമേരിക്ക

ഫാ.ഡോ. പി.എസ്. ശമുവേൽ കോർ-എപ്പിസ്കോപ്പ
(അമേരിക്ക)

ലഭ്യമായ ശിഷ്യരുടെ ചിത്രങ്ങൾ മാത്രമാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ബഹുമാന നാമപ്രഖ്യാപന ചടങ്ങിനും 2013-ലെ സംയുക്ത ഓർമ്മപ്പെരുന്നാളിനും രൂപീകരിച്ച കമ്മറ്റിയുടെ ഭാരവാഹികൾ

അഭിവന്ദ്യ തോമസ് മാർ
അത്തനാസ്യോസ് മെത്രാപ്പോലീത്ത
(രക്ഷാധികാരി)

വെരി. റവ. സി.എം. ഫിലിപ്പോസ്
റമ്പാൻ കോർ എപ്പിസ്കോപ്പാ
(ഉപരക്ഷാധികാരി)

ഫാ. മത്തായി കുന്നിൽ
(വികാരി & ചെയർമാൻ)

സുനിൽ പി. ഉമ്മൻ
(ജനറൽ കൺവീനർ)

ഫാ. കെ.ജി. ചെറിയാൻ

ഫാ. മാത്യു തോമസ്

ഫാ. ബിജു റ്റി. മാത്യു

ഫാ. തോമസ് ജോസഫ്

ഫാ.തോമസ് വർഗ്ഗീസ്

എബ്രഹാം തോമസ്

കോശി ജോർജ്

ജോസ് കെ. ജോർജ്

കെ.കെ. എബ്രഹാം

ഉമ്മൻ ജോർജ്

മാത്യുസ് എബ്രഹാം

കെ.സി. ജോസഫ്

ബിജു അലക്സാണ്ടർ

സ്റ്റീഫൻ ഐപ്പ്



ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ
ശെമ്മാശൻ ആയ കാലം മുതൽ പുത്തൻകാവ് പള്ളി കൺവൻഷനിലെ പ്രാസംഗികനായിരുന്ന തിരുമേനി തന്റെ എല്ലാ പ്രസംഗങ്ങളിലും പുത്തൻകാവിൽ കൊച്ചുതിരുമേനിയെ അഭിമാനപൂർവ്വം അനുസ്മരിച്ചിട്ടുണ്ട്



ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ
ബൗദ്ധികശക്തികൊണ്ട് വിശ്വത്തെ വിസ്മയിപ്പിച്ച തിരുമേനി പല വർഷങ്ങളിലും പരിപാടികൾ ക്രമീകരിച്ച് പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ഓർമ്മപ്പെരുന്നാളിന് പങ്കെടുത്തിട്ടുണ്ട്.

ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ
മൗനവ്രതംകൊണ്ടും പ്രാർത്ഥനകൊണ്ടും മലങ്കരസഭയെ നയിച്ച തിരുമേനിയുടെ മാതൃഇടവക മംഗലം സെന്റ് ജോർജ്ജ് പള്ളിയാണ്.

2001 ഏപ്രിൽ 16-ാം തീയതി പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ചരമ സുവർണ്ണ ജൂബിലി ആചരണം പുത്തൻകാവ് കത്തീഡ്രലിൽ മലയാള മനോരമ ചീഫ് എഡിറ്റർ കെ. എം. മാത്യു ഉദ്ഘാടനം ചെയ്യുന്നു. ഇടത്തുനിന്ന് തേയോഫോറസ് റമ്പാൻ കോർ എപ്പിസ്കോപ്പാ, സഖറിയാസ് മാർ അന്തോനിയോസ് മെത്രാപ്പോലീത്ത, തോമസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത, ഫാ. ജോൺ പോൾ എന്നിവർ സമീപം

2013 ഏപ്രിൽ 16 ന് വിവിധ ദേവാലയങ്ങളിൽ നിന്ന് പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ കബറിടത്തിലേക്ക് വന്ന പദയാത്രകൾ. ആറാട്ടുപുഴ സെന്റ് മേരീസ് പള്ളിയാണ് ആദ്യമായി വർഷങ്ങൾക്ക് മുമ്പ് പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ഓർമ്മപ്പെരുന്നാളിന് പദയാത്ര ആരംഭിച്ചത്.
ഇപ്പോൾ എല്ലാവർഷവും വിവിധ പള്ളികളിൽ നിന്ന് ഓർമ്മപ്പെരുന്നാളിന് പദയാത്രകൾ എത്തിച്ചേരുന്നു.

2013 ഏപ്രിൽ 16 ന് ബഥേൽ അരമന പള്ളിയിൽ
നിന്ന് പ്രധാന റാസ ആരംഭിക്കുന്നു

Photo : Jeffin, Pynummoottil

പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസിന് പരിശുദ്ധ കാതോലിക്കബാവാ ബഹുമാനനാമം പ്രഖ്യാപിക്കുന്നതിന് മുന്നോടിയായി നടത്തുന്ന പ്രയാണത്തിനുള്ള പതാക പത്തനംതിട്ട ബേസിൽ ദയറായിൽ തുമ്പമൺ ഭദ്രാസന സെക്രട്ടറി ഫാ. ടൈറ്റസ് ജോർജ് പുത്തൻകാവ് കത്തീഡ്രൽ വികാരി ഫാ. മത്തായി കുന്നിൽ, സുനിൽ പി. ഉമ്മൻ, കെ.സി. ജോസഫ്, കോശി ജോർജ് എന്നിവർക്കു കൈമാറുന്നു. ഇടത്തുനിന്ന് ജോസ് കെ. ജോർജ്, ഏബ്രഹാം തോമസ്, ഫാ. ബിജു റ്റി. മാത്യു. ഫാ. കെ.എം. തോമസ് എന്നീവർ സമീപം

വിവിധ പള്ളികളിലെ സ്വീകരണങ്ങൾക്കു ശേഷം പതാക പ്രയാണംപുത്തൻകാവ് കത്തീഡ്രലിൽ എത്തിച്ചേരുന്നു

പുത്തൻകാവിൽ കൊച്ചുതിരുമേനി കാലം ചെയ്തതിനെ തുടർന്ന് മലയാള മനോരമ 1951 ഏപ്രിൽ 18 ന് പ്രസിദ്ധീകരിച്ച മുഖപ്രസംഗത്തിന്റെ കോപ്പി മനോരമ കോട്ടയം ഓഫീസിൽ വെച്ച് എക്സിക്യൂട്ടീവ് എഡിറ്റർ ജേക്കബ് മാത്യു തോമസ് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തയ്ക്ക് നൽകുന്നു. സുനിൽ പി. ഉമ്മൻ, ഫാ. മത്തായി കുന്നിൽ എന്നിവർ സമീപം.

പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ബഹുമാന നാമ പ്രഖ്യാപനത്തോടനുബന്ധിച്ച് മാർ പീലക്സിനോസ് ക്വയർ നടത്തിയ അഖില മലങ്കര ഗായകസംഘഗാന മത്സരം ആർട്ടിസ്റ്റ് ബേബി ചെങ്ങന്നൂർ ഉദ്ഘാടനം ചെയ്യുന്നു. ഇടത്തുനിന്ന് ബിജു അലക്സാണ്ടർ, റിനോ രാജൻ, ഫാ. മത്തായി കുന്നിൽ, ഫാ. ബിജു റ്റി. മാത്യു, സുനിൽ പി. ഉമ്മൻ, കെ.സി. ജോസഫ്, ഏബ്രഹാം തോമസ്

പുത്തൻകാവിൽ കൊച്ചുതിരുമേനിക്ക് കാതോലിക്കേറ്റ് രത്നദീപം എന്ന ബഹുമാനനാമം നൽകിയ കല്പന പരിശുദ്ധ കാതോലിക്ക ബാവാ പുത്തൻകാവ് കത്തീഡ്രലിൽ വിശുദ്ധ കുർബ്ബാന മദ്ധ്യേ ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായ്ക്ക് കൈമാറിയത് അഭിവന്ദ്യ തിരുമേനി വായിക്കുന്നു. ഫാ. ബിജു റ്റി. മാത്യു, ഫാ. മത്തായി കുന്നിൽ, കുര്യാക്കോസ് മാർ ക്ലീമ്മിസ് മെത്രാപ്പോലീത്ത, ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത, ഫാ. റെജി അലക്സാണ്ടർ, യുഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത, ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്ത, ഫാ. തോമസ് വർഗീസ് എന്നീവർ സമീപം.

പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ ബഹുമാനനാമ പ്രഖ്യാപന സമ്മേളനം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതിയൻ കാതോലിക്കാബാവാ ഉദ്ഘാടനം ചെയ്യുന്നു. ജോസ് കെ. ജോർജ്, സുനിൽ പി. ഉമ്മൻ, ഫാ. മത്തായി കുന്നിൽ, ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, ജസ്റ്റിസ് കെ.ടി. തോമസ്, കുര്യാക്കോസ് മാർ ക്ലീമ്മിസ്, തോമസ് മാർ അത്തനാസിയോസ്, ഡോ. ജോസഫ് മാർ ദിവന്നാസിയോസ്, ഫാ. ഡോ. ടി.ജെ. ജോഷ്വാ, പി.സി. വിഷ്ണുനാഥ് എം.എൽ.എ, ഫാ. തോമസ് കൊക്കാപ്പറമ്പിൽ എന്നീവർ സമീപം.

ബഹുമാനനാമ പ്രഖ്യാപന സമ്മേളനം

ഉദ്ഘാടനം : പരിശുദ്ധ ബസ്സേലിയോസ് മർത്തോമ്മ പൗലോസ് ദ്വിതിയൻ കാതോലിക്കാബാവാ

അദ്ധ്യക്ഷ പ്രസംഗം : ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത

കുര്യാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്ത

ഡോ. ജോസഫ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത

സി.എം. ഫിലിപ്പോസ് റമ്പാൻ കോർ എപ്പിസ്കോപ്പ

ജസ്റ്റീസ് കെ.റ്റി. തോമസ്

ബഹുമാനനാമ പ്രഖ്യാപന സമ്മേളനം

പി.സി. വിഷ്ണുനാഥ് എം.എൽ.എ.

ഫാ. തോമസ് കൊക്കാപറമ്പിൽ

ശ്രീ. എം. വി. മാത്യുസ്

സ്വാഗതം : ഫാ. മത്തായി കുന്നിൽ

6–ാം മാർത്തോമ്മാ അവാർഡ് സ്വീകരിച്ചുകൊണ്ട്
ഫാ. ഡോ. ടി.ജെ. ജോഷ്വാ പ്രസംഗിക്കുന്നു.

കൃതജ്ഞത : സുനിൽ പി. ഉമ്മൻ

2013–ലെ ആറാം മാർത്തോമ്മ അവാർഡ് ഫാ. ഡോ. ടി.ജെ. ജോഷ്വായ്ക്ക് ജസ്റ്റീസ് കെ.റ്റി. തോമസ് നൽകുന്നു

“കാതോലിക്കേറ്റ് രത്നദീപം” പ്രഖ്യാപന സമ്മേളനത്തിൽ പങ്കെടുക്കുന്ന നിറഞ്ഞ സദസ്സ്

Photo : Manoj, Clear Studio, Puthencavu

2014 ഏപ്രിൽ 26 ന് മാർ പീലക്സിനോസ് അനുസ്മരണ സമ്മേളനം പുത്തൻകാവ് കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ പ്രൊഫ. പി.ജെ. കുര്യൻ ഉദ്ഘാടനം ചെയ്യുന്നു. ഇടത്തുനിന്ന് തോമസ് വർഗീസ്, പി.സി. വിഷ്ണുനാഥ് എം.എൽ.എ., സുനിൽ പി. ഉമ്മൻ, തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത, ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത, സിസ്റ്റർ ദയാഭായി, കത്തീഡ്രൽ വികാരി ഫാ. രാജൻ വർഗീസ്, സഹ വികാരി ഫാ. ജാൾസൺ പി. ജോർജ്

2014 ലെ ആറാം മാർത്തോമ്മ അവാർഡ് സിസ്റ്റർ ദയാഭായിക്ക് ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത നൽകുന്നു. ഇടത്തുനിന്ന് സുനിൽ പി. ഉമ്മൻ, തോമസ് വർഗീസ് കോശി ജോർജ്, പി.സി. വിഷ്ണുനാഥ് എം.എൽ.എ., രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ പ്രൊഫ. പി.ജെ. കുര്യൻ, ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത, ഡോ. പി.വി. കോശി, കത്തീഡ്രൽ വികാരി. ഫാ. രാജൻ വർഗീസ്, സഹവികാരി ഫാ. ജാൾസൺ പി. ജോർജ്

മാർ പീലക്സിനോസ് മെമ്മോറിയൽ ഫ്രണ്ട്സ് അസോസിയേഷൻ

1987 – ൽ രൂപീകരിച്ച പുത്തൻകാവിൽ കൊച്ചുതിരുമേനിയെ സ്നേഹിക്കുന്നവരുടെ വലിയ കൂട്ടായ്മയാണ് യു.എ.ഇ. യിൽ പ്രവർത്തിക്കുന്ന മാർ പീലക്സിനോസ് മെമ്മോറിയൽ ഫ്രണ്ട്സ് അസ്സോസിയേഷൻ (MARPFA) മലങ്കര ഓർത്തഡോക്സ് സഭയുടെ അഭിമാനമായ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ആദർശങ്ങളും സഭാസ്നേഹവും വിദേശത്തും സ്വദേശത്തും ഉള്ള യുവതലമുറയ്ക്ക് മനസ്സിലാക്കി കൊടുക്കുന്നതിൽ ഈ സംഘടന വലിയ പങ്ക് വഹിക്കുന്നു. ഈ സംഘടനയുടെ സേവനങ്ങൾ മലങ്കര ഓർത്തഡോക്സ് സഭയും പുത്തൻകാവ് കത്തീഡ്രലും എക്കാലവും നന്ദിയോടെ സ്മരിക്കുമെന്നതിന് സംശയമില്ല.

സംഘടനയുടെ ഇപ്പോഴത്തെ ഭാരവാഹികൾ

ഇരിക്കുന്നവർ ഇടത്തു നിന്നും : അജിത്ത് ജോർജ്ജ്, ജിജു കോരുത്, എം.വി മാത്യു,
തോമസ് ജോസഫ്, വിനോയ് മാത്യു
രഞ്ജിത്ത് സൈമൺ, ജോർജ്ജ് മാത്യു,

നിൽക്കുന്നവർ ഒന്നാംനിര : ബിജുതോമസ്, സജി ഉമ്മൻ, ഷിബു ചെറിയാൻ.പി.എസ്, ബോബി ഫിലിപ്പ്,
വർഗ്ഗീസ് തോമസ്, ജിനു കെ.വർഗ്ഗീസ്, ഇടിച്ചാണ്ടി തോമസ്

നിൽക്കുന്നവർ രണ്ടാംനിര : ഉമ്മൻ വർക്കി, ജോൺ ശമുവേൽ, സ്റ്റീവ് തോമസ്, ഏബ്രഹാം ജോർജ്ജ്
ചെറിയാൻ പി. അല്ക്സ്, ജേക്കബ് മാത്യു

പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അകാലത്തിലുള്ള വേർപാടിന്റെ വേദനകൾ ഉൾക്കൊണ്ട നിരവധി അനുശോചന യോഗങ്ങൾ ഇന്ത്യയിലെ വിവിധസ്ഥലങ്ങളിൽ നടന്നു. ചെങ്ങന്നൂരിൽ നടന്ന അനുശോചന യോഗത്തിൽ ദുഃഖിതരായ 25000 ത്തോളം ജനങ്ങൾ പങ്കെടുത്തു.

പ്രസ്തുത യോഗങ്ങളിലെ പ്രമുഖ നേതാക്കളുടെ പ്രസംഗങ്ങളുടെ പ്രസക്ത ഭാഗങ്ങൾ

" ഒരു വേദ ശാസ്ത്രഞ്ജൻ , വൈദികപണ്ഡിതൻ, പുസ്തകപാരായണ വിദഗ്ധൻ, ഒരു മഹാ വാഗ്മി അദ്ധ്യാത്മിക പ്രചോദനം നൽകുന്ന സജീവ ക്രൈസ്തവ പ്രാസംഗികൻ, സഭാചരിത്രാന്വേഷകൻ ചേതസ്സാകർഷമായ പള്ളിയാരാധനാ ശുശ്രൂഷ നടത്തുന്നതിൽ ആദർശം നൽകിയ ഒരു മഹാഭക്തനെയാണ് നമുക്ക് നഷ്ടീഭൂതനായിരിക്കുന്നത്. സഭയിൽ സമാധാനം കൈവരുത്തുന്നതിന് എത്രത്തോളം അധ്വാനിക്കുകയും മൈത്രിയുടെ വലത്തുകൈ നീട്ടിക്കൊടുക്കുവാനും സഹകരിക്കുവാനും സന്നദ്ധനായിരുന്നു തിരുമേനി "

-സി.എസ്.ഐ ബിഷപ്പ്, ഡോ.കെ.സി ജേക്കബ്,
അദ്ധ്യക്ഷപ്രസംഗം : ചെങ്ങന്നൂരിലെ അനുശോചനയോഗം.

" സഭാസമാധാന ശ്രമങ്ങളുടെ ഉള്ളുകള്ളികൾ അറിയാവുന്നിടത്തോളം പല അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നെങ്കിലും തീരുമാനങ്ങളിൽ വരുമ്പോൾ ഞാനും തിരുമേനിയുമായി സകല കാര്യങ്ങളിലും അഭിപ്രായഐക്യം ഉണ്ടായിരുന്നു. ഇന്നിവിടെ നടന്ന അനുശോചന യോഗവും പ്രസംഗങ്ങളും ആരുടെയും ഹൃദയത്തെ സ്പർശിക്കുന്നതാണ്. "

-ശ്രീ.കെ.സി മാമ്മൻമാപ്പിള മലയാളമനോരമ ചീഫ് എഡിറ്റർ
ചെങ്ങന്നൂരിലെ അനുശോചനയോഗം.

" പരിചയപ്പെടാൻ ഇടയായിട്ടുള്ളവർക്കെല്ലാം തിരുമേനി അവരുടെ കൊച്ചുതിരുമേനിയാണെന്നുള്ള ബോദ്ധ്യമുണ്ടായിട്ടുണ്ടാവും. തിരുമേനിയുടെ നിഷ്കളങ്കമായ ലളിതജീവിതവും ജാതിമതസമുദായങ്ങൾക്കതീതമായ ഉത്കൃഷ്ടമായ ക്രിസ്തീയചിന്തകൾ ഏവരേയും ആകർഷിക്കുന്നതായിരുന്നു. സഭാസമാധാനം മാത്രമല്ല രാജ്യത്തുള്ള വിവിധ സമുദായങ്ങൾ തമ്മിലും, വ്യക്തികൾ തമ്മിലും സമാധാനം സ്ഥാപിക്കുന്നതിന് തന്റെ ആരോഗ്യത്തെ അവഗണിച്ചുപോലും പരിശ്രമിച്ച മഹത് വ്യക്തിയാണ് തിരുമേനി "

-ശ്രീ.ടി.എം.വർഗീസ്, നിയമസഭാ സ്പീക്കർ
ചെങ്ങന്നൂരിലെ അനുശോചനയോഗം.

"തിരുമേനിയുടെ ചെങ്ങന്നൂരിലുള്ള ആശ്രമം സന്ദർശിക്കുമ്പോൾ മഹാത്മജിയുടെ ബാങ്കി കോളനിയുടെ സ്മരണയാണ് ഉണ്ടാകുന്നത്. തിരുമേനി സ്ഥാപിച്ചിട്ടുള്ള സരസ്വതീക്ഷേത്രങ്ങൾ തിരുമേനിയുടെ ശാശ്വത സ്മാരകങ്ങളാണ്. മഹാത്മാക്കളുടെ മരണം അവരുടെ പ്രശസ്തിയെ വർദ്ധിപ്പിക്കുകയേ ഉള്ളു. തിരുകൊച്ചിയുടെ വടക്കെയറ്റം മുതൽ തെക്കുവരെയുള്ള അനുശോചന പ്രകടനങ്ങൾ തിരുമേനിയെപ്പറ്റി സാമാന്യജനങ്ങൾക്കുള്ള ഭക്തിയുടെയും സ്നേഹത്തിന്റെയും അളവുകോലാണ് "

-ശ്രീ.ടി.പി വേലായുധൻപിള്ള,
ചെങ്ങന്നൂരിലെ അനുശോചനയോഗം.

" തിരുമേനിയുടെ നിര്യാണം ക്രൈസ്തവർക്കുമാത്രം ഒരു സന്താപകരമായി അവകാശപ്പെടുന്നത് പള്ളിവകയായ പള്ളപ്പറമ്പിൽ ഉള്ള കുരിശുംചുവട്ടിൽ ഒരു ദീപം കൊളുത്തിയാൽ അതിന്റെ പ്രകാശം ആ വഴി സഞ്ചരിക്കുന്ന ക്രൈസ്തവർക്കുമാത്രം കിട്ടുമെന്നും അത് അണയുമ്പോൾ ക്രൈസ്തവർ അന്ധകാരത്തിലാകുന്നുവെന്നും വാദിക്കുന്നതുപോലെയാണ്. ദിവംഗതനായ തിരുമേനി കേരളത്തിന്റെ ഒരു ഉജ്വല ജ്യോതിസ്സായിരുന്നു. അതു പൊലിഞ്ഞുപോയതിൽ സകല ജാതി മതസ്ഥർക്കും ഒരുപോലെ ദുഖമുണ്ട്. "

-ശ്രീ.പന്തളം കെ.പി രാമൻ
തുമ്പമൺ പള്ളിമൈതാനത്ത് കൂടിയ അനുശോചനയോഗം

" ഒരു സമുദായത്തിനു വേണ്ടിയല്ല എല്ലാ സമുദായങ്ങൾക്കും വേണ്ടി ജീവിച്ച ഒരു മഹാനായിരുന്നു മാർപീലക്സിനോസ് തിരുമേനി അദ്ദേഹം കുറച്ചുകാലം കൂടി ജീവിച്ചിരുന്നെങ്കിൽ സഭയെ അലട്ടിക്കൊണ്ടിരിക്കുന്ന പല പ്രശ്നങ്ങൾക്കും പരിഹാരിമുണ്ടാകുമായിരുന്നു. നാം കത്തോലിക്കാ സഭയിലേക്ക് പോകുവാൻ നിശ്ചയിച്ചപ്പോൾ അദ്ദേഹം നമ്മെ ആ തീരുമാനത്തിൽ നിന്ന് പിന്തിരിപ്പിപ്പാൻ ശ്രമിച്ചത്. അദ്ദേഹത്തിന്റെ സമുദായ സ്നേഹത്തിന് ഉത്തമ ഉദാഹരണമാണ്. സെറാംപൂർ വൈദിക കോളേജിൽ നാം അദ്ദേഹത്തെ പഠിപ്പിച്ചിട്ടുണ്ട്. ഭാരതത്തിനു പൊതുവായും കേരളത്തിന് പ്രത്യേകിച്ചും വമ്പിച്ച നഷ്ടമാണ് തിരുമേനിയുടെ വിയോഗം മൂലം നേരിട്ടിരിക്കുന്നത്. "

-തിരുവനന്തപുരം ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്
തിരുവനന്തപുരത്ത് കൂടിയ അനുശോചനയോഗം

പുത്തൻകാവിൽ കൊച്ചുതിരുമേനിയെ ആത്മീയപാതയിലേക്ക് നയിച്ച
തിരുമേനിയുടെ മാതാപിതാക്കൾ



Rev. Thoma Kathanar & Rachel Thoma Kathanar
Kizhakkethalakkal, Puthencavu

പരിശുദ്ധ ഗീവർഗ്ഗീസ് ദ്വിതിയൻ കാതോലിക്കാ ബാവാ

എല്ലാം കാതോലിക്കേറ്റിനു വേണ്ടി സമ്പാദിച്ച പുത്തൻകാവിൽ കൊച്ചുതിരുമേനി

അദ്ദേഹം ഭരിച്ച മെത്രാസന ഇടവകയിൽ വളരെ പുരോഗമനങ്ങൾ സാധിച്ചിട്ടുണ്ട്. സ്വാർത്ഥത അദ്ദേഹത്തിനു ലേശവും ഉണ്ടായിരുന്നില്ല. എല്ലാം അദ്ദേഹം ദൈവത്തിരുനാമ മഹത്വത്തിനു വേണ്ടി ചെയ്തു. അദ്ദേഹത്തിന്റെ സമ്പാദ്യങ്ങൾ കാതോലിക്കാ സിംഹാസനത്തിന്റെ പേർക്കാണ്.

മലങ്കര (യാക്കോബായ) ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പൊതുയോഗം പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ വി: മോറൻ മാർ ബസ്സേലിയോസ് ഗീവർഗ്ഗിസ് ദ്വീതിയൻ ബാവാ തിരുമനസ്സിലെ 733-ാം നമ്പർ കല്പന പ്രകാരം 1951 മെയ് 17 ന് 10 മണിക്ക് കോട്ടയം എം. ഡി., സെമിനാരിയിൽ വെച്ച് ബാവാ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടി വി:പിതാവിനെ കൂടാതെ പ്ലാറ്റുഫോറത്തിൽ മറ്റു തിരുമേനിമാരും മലങ്കരയിലെ എല്ലാ മെത്രസനയിടവകകളിൽ നിന്നുമായി ആയിരത്തി ഇരുന്നൂറിൽ പരം പള്ളി പ്രതിപുരുഷന്മാരും സംബന്ധിച്ചിരുന്നു. പ്രാർത്ഥനാനന്തരം യോഗനടപടികൾ ആരംഭിച്ചു. ബാവാ തിരുമനസ്സുകൊണ്ടു താഴെ കാണുന്ന പ്രകാരം ഉപക്രമ പ്രസംഗം ചെയ്തു വാത്സല്യ മക്കളെ ! ദൈവകൃപയാൽ നാം നിങ്ങളെ വിളിച്ചുകൂട്ടി. ഉത്സാഹത്തോടും, താൽപര്യത്തോടും കൂടി നിങ്ങൾ ഇവിടെ വന്നു ചേർന്നതിൽ നാം ദൈവത്തെ സ്തുതിക്കയും, നിങ്ങളോടുള്ള കൃതജ്ഞതയെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു. ഈ അസോസിയേഷൻ കൂടണമെന്നു നിശ്ചയിച്ചപ്പോൾ ഉണ്ടായിരുന്ന ഞങ്ങളിൽ ഒരാൾ ഇപ്പോൾ ഇല്ല എന്ന ഏറ്റവും സങ്കടകരമായ വിവരം ഇന്നു പ്രസ്താവിക്കേണ്ടിവരുമെന്നു നാം വിചാരിച്ചിരുന്നില്ല. നമ്മുടെ കൊച്ചുമെത്രാച്ചൻ ഇത്രവേഗം നമ്മിൽ നിന്നു വേർപെടുമെന്നു നാമാരും കരുതിയില്ല. അദ്ദേഹം യോഗ്യനും, ഉത്സാഹിയും, വാഗ്മിയും ആയിരുന്നു. അദ്ദേഹം ഭരിച്ച മെത്രാസന ഇടവകയിൽ വളരെ പുരോഗമനങ്ങൾ സാധിച്ചിട്ടുണ്ട്. സ്വാർത്ഥത അദ്ദേഹത്തിനു ലേശവും ഉണ്ടായിരുന്നില്ല. എല്ലാം അദ്ദേഹം ദൈവത്തിരുനാമ മഹത്വത്തിനു വേണ്ടി ചെയ്തു. അദ്ദേഹത്തിന്റെ സമ്പാദ്യങ്ങൾ കാതോലിക്കാ സിംഹാസനത്തിന്റെ പേർക്കാണ്. അദ്ദേഹത്തിന്റെ അവസാന പ്രസംഗംപോലും കതോലിക്കാ സിംഹാസനത്തിനു വേണ്ടിയായിരുന്നു. കൊച്ചു മെത്രാച്ചൻ മുമ്പു രോഗിയായി കുറേ നാൾ കിടന്നു എങ്കിലും അന്ന് ആപത്തൊന്നും ഉണ്ടായില്ല. അദ്ദേഹത്തിന് ഒരാഗ്രഹമുണ്ടായിരുന്നു, കിടന്ന് മരിക്കരുത്, വേല ചെയ്ത് മരിക്കണം എന്ന് ഇത് അദ്ദേഹം പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്. അപ്രകാരം തന്നെ സാധിക്കുകയും ചെയ്തു. അദ്ദേഹം പ്രവൃത്തിയെടുത്തുകൊണ്ടുതന്നെ മരിച്ചു. മൃതശരീരം വടക്കെ അറ്റം മുതൽ തെക്കേ അറ്റം വരെ നാനാജാതി മതസ്ഥർക്കും ദർശനം നൽകികൊണ്ട് അദ്ദേഹത്തിന്റെ അന്ത്യപ്രയാണവും നടന്നു. ജാതി മത ഭേദമെന്യേ എല്ലാവരുടേയും സ്നേഹഭാജനമായിരുന്ന നമ്മുടെ കൊച്ചുമെത്രാച്ചൻ. അദ്ദേഹം സഭയ്ക്കുവേണ്ടി വളരെ ത്യാഗങ്ങൾ സഹിക്കുകയും, സേവനമനുഷ്ടിക്കുകയും ചെയ്ത ഒരു പുണ്യാത്മാവായിരുന്നു. അദ്ദേഹത്തെ നമ്മുടെ കണ്ണുകൾക്ക് ഇനി കാണാൻ കഴിയില്ലല്ലോ എന്നുള്ളത് നമ്മെ വേദനിപ്പിക്കുന്നു. നാം അങ്ങോട്ടു പോകയല്ലാതെ അദ്ദേഹം വരികയില്ല. ഒരു സഭാ പിതാവ് എന്ന നിലയിൽ അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിക്കണം. ദൈവം അദ്ദേഹത്തിന്റെ ആത്മാവിനെ സന്തോഷങ്ങളുടെ പറുദീസയിൽ ചേർത്തു കൊള്ളട്ടെ.

"ആരുടെയും വെള്ളിയോ പൊന്നോ വസ്ത്രമോ ഞാൻ മോഹിച്ചിട്ടില്ല" "നിങ്ങളുടെ ഇടയിൽ ദൈവരാജ്യം പ്രസംഗിച്ചു കൊണ്ടു നടന്നവനായ എന്റെ മുഖം നിങ്ങൾ ആരും ഇനി കാണുകയില്ല"

1951 ഏപ്രിൽ 4,5,6,7 തീയതികളിൽ പഴഞ്ഞി പള്ളിയിൽ നടന്ന കൺവെൻഷൻ യോഗങ്ങളിൽ 5-ാം തീയതി മുതൽ പുത്തൻകാവിൽ കൊച്ചുതിരുമേനി പങ്കെടുത്തു. അതിനുശേഷം 8-ാം തീയതി കുന്നംകുളം പഴയപള്ളിയിൽ എഴുന്നെള്ളുകയും സന്ധ്യാനമസ്ക്കാരത്തിന് ശേഷം പഴയപള്ളി പറമ്പിൽ കെട്ടിയൊരുക്കിയ പന്തലിൽ കൺവെൻഷൻ ഉദ്ഘാടനത്തിനായി കൊച്ചുതിരുമേനി എത്തി. തദവസരത്തിൽ വന്ദ്യ പത്രോസ് റമ്പാച്ചനും സന്നിഹിതനായിരുന്നു. റമ്പാച്ചന്റെ സെക്രട്ടറിയായ ശെമ്മാശൻ വിശുദ്ധ വേദപുസ്തകത്തിൽ നിന്ന് ഒരു ഭാഗം വായിച്ചു. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ജീവിതത്തിൽ അതിലെ വാക്യങ്ങൾ അക്ഷരംപ്രതി സംഭവിച്ചു. തിരുമേനിയുടെ ജീവിതത്തിന്റെ ഒരു സാക്ഷ്യം തന്നെയായിരുന്നു ആ വേദഭാഗം. അപ്പോസ്തോല പ്രവൃത്തികൾ 20-ാം അധ്യായം 19 മുതൽ 35 വരെയുള്ള വാക്യങ്ങളാണ് ശെമ്മാശൻ വായിച്ചത്. അതിൽ ഇങ്ങനെ പറയുന്നു **"എങ്കിലും ഞാൻ എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല" ''നിങ്ങളുടെ ഇടയിൽ ദൈവരാജ്യം പ്രസംഗിച്ചുകൊണ്ടു നടന്നവനായ എന്റെ മുഖം നിങ്ങൾ ആരും ഇനി കാണുകയില്ല" "ആരുടെയും വെള്ളിയോ, പൊന്നോ, വസ്ത്രമോ ഞാൻ മോഹിച്ചിട്ടില്ല.** എന്റെ മുട്ടിന്നു എന്നോടുകൂടെയുള്ളവർക്കും വേണ്ടി ഞാൻ ഈ കൈകളാൽ അദ്ധ്വാനിച്ചു എന്ന് നിങ്ങൾ തന്നെ അറിയുന്നുവല്ലോ. ഇങ്ങനെ പ്രയത്നം ചെയ്ത് പ്രാപ്തിയില്ലാത്തവരെ സഹായിക്കയും വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നതു ഭാഗ്യം എന്നു കർത്താവായ യേശു താൻ പറഞ്ഞ വാക്ക് ഓർത്തുകൊൾകയും വേണ്ടതു എന്നു ഞാൻ എല്ലാംകൊണ്ടും നിങ്ങൾക്കു ദൃഷ്ടാന്തം കാണിച്ചിരിക്കുന്നു."ഈ കൺവൻഷന് ശേഷം വിശ്രമില്ലാതെ എട്ടു ദിവസങ്ങൾ കൂടി കുന്നംകുളത്ത് മാത്രമല്ല അതിന്റെ പരിസരങ്ങളിലും ആരുടെയും വെള്ളിയോ പൊന്നോ മോഹിക്കാതെ ദൈവരാജ്യം പ്രസംഗിച്ച, സഭാവിശ്വാസം പ്രസംഗിച്ച പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ചൈതന്യം നിറഞ്ഞ പൊൻമുഖം പിന്നെ നമുക്ക് കാണാൻ കഴിഞ്ഞില്ല.

ശിഷ്യന്റെ സ്മരണകൾ



പുത്തൻകാവ് കൊച്ചു തിരുമേനിയുടെ പിൻഗാമിയായി ദീർഘകാലം തുമ്പമൺ ഭദ്രാസന ഭരണം നടത്തിയ കാലം ചെയ്ത അഭിവന്ദ്യ ദാനിയേൽ മാർ. പീലക്സിനോസ് മെത്രാപ്പോലീത്ത തന്റെ ഗുരുനാഥനെ അനുസ്മരിച്ച് എഴുതിയിട്ടുള്ള ലേഖനം.)

മലങ്കര സഭയുടെ സ്വാതന്ത്ര്യം പുത്തൻകാവ് തിരുമേനി ആഗ്രഹിച്ചു. കാതോലിക്കേറ്റിനായി ധീരമായി പോരാടിയ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസ്യോസ്, പ.ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ എന്നിവരുടെ പ്രവർത്തനങ്ങൾക്ക് ശക്തി പകർന്നത് പുത്തൻകാവ് കൊച്ചു തിരുമേനിയാണ്. അതിനായി മലങ്കരസഭ മുഴുവൻ ഓടി നടന്നു പ്രസംഗിച്ച് മലങ്കര സഭാമക്കളെ പ്രബുദ്ധരാക്കി.

ഇന്ത്യയാകെ സാമ്പത്തികാധഃ പതനത്താൽ ഞെരുങ്ങിയ കാലഘട്ടത്തിൽ കൊച്ചു തിരുമേനി വളരെ അധികം യാതനയും കഷ്ടതയും എതിർപ്പും സഹിച്ചാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പണിതുയർത്തിയത്. നേഴ്സറി മുതൽ പോസ്റ്റ് ഗ്രാജ്വേറ്റ് വരെയുള്ള ഒരു എഡ്യുക്കേഷണൽ കോംപ്ലക്സ് സഭാവകയായി പത്തനംതിട്ടയിൽ ഉണ്ടാകണമെന്നത് തിരുമേനിയുടെ വലിയ ആഗ്രഹമായിരുന്നു. പുത്തൻകാവ് മെത്രാപ്പോലീത്തൻ ഹൈസ്കൂളിനു സ്വന്തം നാട്ടിലെ ജനങ്ങളിൽ നിന്നു പോലും ധാരാളം എതിർപ്പുകൾ നേരിടേണ്ടി വന്നു. സ്വന്തം കൈകൾ കൊണ്ടു കഠിന പ്രയത്നം ചെയ്താണ് കൊച്ചുതിരുമേനി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉണ്ടാക്കിയത്. തിരുമേനിയുടെ സമ്പാദ്യങ്ങൾ മുഴുവൻ പുത്തൻകാവ് സ്കൂളിനായി ചെലവാക്കി. പുത്തൻകാവ് കൊച്ചുതിരുമേനിക്ക് നല്ല വായനാശീലമുണ്ടായിരുന്നു. പ്രത്യേകിച്ച് ഇംഗ്ലീഷ് പുസ്തകങ്ങളോട് വലിയ താല്പര്യമായിരുന്നു. അത് മനസിലാക്കാനുള്ള ബുദ്ധിയും ഓർക്കുവാനുള്ള ശക്തിയും ഉണ്ടായിരുന്നു. വായനയിൽ നിന്നും ലഭിക്കുന്ന ആശയങ്ങൾ പ്രസംഗങ്ങളിൽ ഉൾക്കൊള്ളിച്ചിരുന്നു.

ജാതിമതഭേദമില്ലാതെ ഏവരെയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തു. എന്നാൽ മലങ്കര സഭയുടെ വിശ്വാസ പ്രമാണങ്ങളിൽ ഉറച്ചു നിന്നു. ഭദ്രാസന ഭരണം കാര്യക്ഷമമാക്കി. ബേസിൽ ദയറ സ്ഥാപിച്ചു. അതിന്റെ പ്രധാന വരുമാനമാർഗം ദയറാംഗങ്ങൾ സ്കൂളിൽ പഠിപ്പിക്കുന്നതിൽ നിന്നു ലഭിക്കുന്ന ശമ്പളമായിരുന്നു. ഞാൻ ദയറയിലെ അംഗമായി ചേർന്നു. എന്നെ തിരുമേനിയുടെ സെക്രട്ടറിയാക്കി. കൊച്ചുതിരുമേനിയുടെ പിൻഗാമിയായി എന്നെ കണ്ടിരുന്നു. അത് പലരോടും പറഞ്ഞിട്ടുമുണ്ട്.

എത്ര മണിക്കൂർ പ്രസംഗിച്ചാലും നിറുത്തരുതേയെന്ന് കേൾവിക്കാർ ആഗ്രഹിക്കുന്ന പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ പ്രസംഗങ്ങൾ

കൈപ്പട്ടൂർ, പുത്തൻകാവ് സെന്റ് മേരീസ്, കുന്നംകുളം എന്നീ പള്ളികളിൽ നടത്തിയിട്ടുള്ള പീഡാനുഭവവാര പ്രഭാഷണങ്ങൾ കേട്ടിട്ടുള്ളവർ ഒരിക്കലും മറക്കുകയില്ല. കഷ്ടാനുഭവ ആഴ്ചയിൽ നമ്മുടെ കർത്താവ് ഓരോ ദിവസവും ചെയ്തത് എന്തൊക്കെയാണെന്ന് പുതിയ നിയമത്തിന്റെ വെളിച്ചത്തിൽ വിശദീകരിച്ചുകൊണ്ടുള്ള ആ പ്രഭാഷണങ്ങൾ മണിക്കൂറുകൾ നീളുന്നതായിരുന്നു.

യെരുശലേമിലേക്കുള്ള ജൈത്രയാത്ര തൊട്ട് ഉയിർപ്പ് വരെയുള്ള വിഷയങ്ങൾ അടിസ്ഥാനമാക്കിയായിരുന്നു പ്രഭാഷണങ്ങൾ സന്ധ്യാനമസ്ക്കാരത്തെ തുടർന്നാണ് പ്രഭാഷണം ആരംഭിക്കുന്നത്. ഒരിക്കൽ പത്തനംതിട്ട കൈപ്പട്ടൂർ പള്ളിയിൽ വച്ച് രണ്ടര മണിക്കൂർ നീണ്ടുനിന്ന പ്രസംഗം തിരുമേനി സമാപിപ്പിക്കുകയായിരുന്നു. ഇത് മനസ്സിലാക്കി ഉടനെ തേരകത്തു ബേബി എന്ന് സമുദായ പ്രമാണി എണിറ്റുനിന്ന് “തിരുമേനി പ്രസംഗം നിറുത്തരുതേ, തുടരണമേ ഞങ്ങൾക്കു കേട്ടതു മതിയായില്ല, കൂടുതൽ കേൾക്കണം” എന്ന് വിനയാമ്പിതനായി പറഞ്ഞു തിരുമേനി അപേക്ഷ പരിഗണിച്ച് അര മണിക്കൂർ കൂടി പ്രസംഗിച്ചു.

കണ്ണ് നിറയ്ക്കുന്ന ഗുരുവിന്റെ ഓർമ്മകൾ

(പുത്തൻകാവ് തിരുമേനിയുടെ ശിഷ്യനും പിൻഗാമിയുമായ തുമ്പമൺ ഭദ്രാസനാധിപനായിരുന്ന കാലം ചെയ്ത ഫിലിപ്പോസ് മാർ യാസേബിയോസ് മെത്രാപ്പോലീത്ത തന്റെ ഗുരുവിനെ അനുസ്മരിച്ച് എഴുതിയത്.)

ഫിലിപ്പോസ് മാർ യാസേബിയോസ് മെത്രാപ്പോലീത്ത

എന്റെ ജീവിതത്തെ സ്പർശിച്ച മഹാവ്യക്തിത്വമായിരുന്നു പുത്തൻകാവ് തിരുമേനി. സ്നേഹമുള്ള ചെറുപ്പക്കാരെ കൈമുത്തിക്കുന്നതിനു പകരം വാത്സല്യത്തോടെ ചെകിടത്ത് അടിക്കുന്ന രീതി തിരുമേനിയുടെ പ്രത്യേകതയായിരുന്നു. 1949-ൽ കോഴഞ്ചേരി വഞ്ചിത്രപള്ളിയിൽ വച്ച് പുത്തൻകാവ് തിരുമേനി എന്നോട് സംസാരിച്ചു. കുശലപ്രശ്നങ്ങൾക്കിടയിൽ എന്നോട് ഒരു ചോദ്യം നീ ഇനി എന്തു ചെയ്യാൻ പോകുന്നു?

അല്പംകൂടി പഠിക്കണമെന്നുണ്ട്

നീ ആലുവാ യൂണിയനിൽ ക്രിസ്ത്യൻ കോളേജിൽ പോയി പഠിക്ക് നീ സൗകര്യം പോലെ ബഥേലിലേക്ക് വാ, ഞാൻ കത്തു തരാം . മലങ്കര സഭയിലെ ഒരു സാധാരണ ബാലനായ എന്റെ പഠിപ്പിൽ തിരുമേനി കാണിച്ച വ്യക്തിപരമായ താൽപര്യം എന്നെ അതിശയിപ്പിച്ചു. പ്രിൻസിപ്പൽ സി. വി. മാത്യുവിന് എന്റെ കോളേജ് അഡ്മിഷനായി ശുപാർശ ചെയ്തു. ആലുവാ യൂണിയൻ കോളേജിലെ പഠനം ജീവിതത്തിലെ വഴിത്തിരിവായി. യുവഹൃദയങ്ങളെ ഇത്ര മാത്രം സ്വാധീനിച്ച ഒരു തിരുമേനിയെ ഞാൻ കണ്ടിട്ടില്ല. അതിന്റെ സൽഫലമാണ് ധാരാളം യുവാക്കൾ മലങ്കരസഭയുടെ പ്രവർത്തനങ്ങളിൽ പങ്കു ചേർന്നത്.

പുത്തൻകാവ് തിരുമേനിയെ അവസാനമായി ഞാൻ കാണുന്നത് ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളേജിലാണ്. 1951 ഏപ്രിലിൽ കുന്നംകുളത്ത് പ്രസംഗിക്കുവാനായി പോയപ്പോൾ കോളേജിൽ എത്തി എന്നോട് സംസാരിച്ചു. കുന്നംകുളത്തെ പ്രസംഗം കഴിഞ്ഞ് 17നു കോളേജിൽ മടങ്ങിവരുമെന്നു പറഞ്ഞു. തിരുമേനിയുമൊത്ത് കാറിൽ നാട്ടിലേക്കു മടങ്ങുവാൻ തയ്യാറായിരിക്കണമെന്ന് കല്പിച്ചശേഷമാണ് പഴഞ്ഞിയിലേക്ക് പോയത്. ഇന്റർമീഡിയേറ്റിനു പഠിക്കുന്ന എനിക്ക് പരീക്ഷാദിവസങ്ങളായിരുന്നു .

പരീക്ഷകഴിഞ്ഞ് പുത്തൻകാവ് കൊച്ചുതിരുമേനിയുടെ തിരിച്ചു വരവ് കാത്ത് ഏപ്രിൽ 17-നു ഞാൻ കോളേജ് പരിസരത്ത് കാത്തുനിന്നു. നിരാശനായി 17-നു ആലുവായിൽ നിന്നും ബസിൽ കോട്ടയത്ത് എത്തിയ ശേഷമാണ് കൊച്ചുതിരുമേനി കുന്നംകുളത്ത് കാലംചെയ്ത ദുഃഖവാർത്ത ഞാനറിയുന്നത്. പിറ്റേദിവസം പുത്തൻകാവിൽ എത്തി ദൂരെ നിന്ന് കബറടക്ക ശുശ്രൂഷയിൽപങ്കു ചേരുവാനുള്ള ഭാഗ്യം മാത്രമേ എനിക്കു ലഭിച്ചുള്ളു. ലളിതമായ ജീവിതവും ഹൃദ്യമായ ആരാധനയും കൊച്ചു തിരുമേനിയുടെ പ്രത്യേകതകളായിരുന്നു. വളരെ ഹൃദ്യമായ ആരാധനയാണ് തിരുമേനിയുടേത്. സഭയുടെ പ്രവർത്തനങ്ങളിലേക്ക് കഴിവുള്ളവരെ കണ്ടെത്തുവാൻ തിരുമേനിക്ക് കഴിഞ്ഞു. അനേകരെയാണ് സുവിശേഷ പ്രസംഗങ്ങളിൽകൂടി തിരുമേനി സ്പർശിച്ചിട്ടുള്ളത്. ജനങ്ങൾ നന്മയിലേക്ക് ഉയരണം എന്ന ലക്ഷ്യം മുൻനിർത്തി ജീവിതത്തെ തപസ്യയാക്കി മലങ്കര സഭയിൽ അങ്ങോളമിങ്ങോളം ഓടിനടന്ന ധൈഷണികമായ തേജസായിരുന്നു കൊച്ചു തിരുമേനി.

ആദ്യമായി എന്റെ ജീവിതത്തിലേക്ക് കടന്നുവന്ന സഭാപിതാവാണ് പുത്തൻകാവ് കൊച്ചുതിരുമേനി. അർപ്പണബോധവും നിസ്വാർത്ഥസേവനവും സ്വന്തം ജീവിതം പോലും വിസ്മരിക്കാനിടയാക്കി. എത്രനാൾ ജീവിച്ചു എന്നതു പ്രസക്തമല്ല. എങ്ങനെ ജീവിച്ചു എന്നതാണ് പ്രധാനം. പുത്തൻകാവ് തിരുമേനി ജീവിച്ച കാലമത്രയും മലങ്കരസഭക്കായി പോരാടി. അവസാനം പടക്കളത്തിൽ അകാലത്തിൽ പിടഞ്ഞുവീണ് ധീരപോരാളിയായി. പുത്തൻകാവ് തിരുമേനി യുഗപ്രഭാവനായിരുന്നു. തുമ്പമൺ ഭദ്രസനം 1985ൽ ചെങ്ങന്നൂർ, തുമ്പമൺ ഭദ്രാസനങ്ങളായി. പുത്തൻകാവ് തിരുമേനിയുടെ സഹോദരപുത്രൻ തോമസ് മാർ അത്താനാസിയോസ് തിരുമേനി ചെങ്ങന്നൂർ ഭദ്രാസനം നയിക്കുമ്പോൾ പുത്തൻകാവ് തിരുമേനിയുടെ ആത്മീയ പുത്രനായ എനിക്ക് തുമ്പമൺ ഭദ്രാസനം നയിക്കുവാനുള്ള കൃപ ലഭിച്ചു. തിരുമേനി തുടങ്ങിയ പ്രസ്ഥാനങ്ങൾക്ക് മാംസവും ജീവനും നൽകുന്നു എന്നുമാത്രം. അത്രയ്ക്ക് ദീർഘമായ പ്രവർത്തന സരണികൾ കണ്ടറിഞ്ഞ അദ്ധ്യാത്മിക ചൈതന്യമായിരുന്നു പുത്തൻകാവ് കൊച്ചുതിരുമേനി.

ഈ കാലഘട്ടത്തിലും റീത്ത് പ്രസ്ഥാനം മലങ്കര ഓർത്തഡോകസ് സഭയുടെ പാരമ്പര്യ അവകാശങ്ങളിൽ കൈയേറ്റം നടത്തുന്നുവെന്നതിന്റെ ഉത്തമ ഉദാഹരണമാണ് "കാതോലിക്കബാവാ" എന്ന നാമധേയം മേജർ ആർച്ച് ബിഷപ്പ് സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്ത തന്റെ പേരിനോട് ചേർത്ത് ഉപയോഗിച്ചത്. പുത്തൻകാവിൽ കൊച്ചുതിരുമേനി ജീവിച്ചിരുന്നെങ്കിൽ ഇതിനോട് എങ്ങനെ പ്രതികരിക്കുമായിരുന്നു? സിറിൽ മാർ ബസേലിയോസ് കാതോലിക്ക സ്ഥാനം ഉപയോഗിക്കുന്നത് റോമിന്റെ അനുവാദത്തോടെ അല്ലായെന്ന് വ്യക്തമാക്കി കർദ്ദിനാൾ വാർട്ടർ കാസ്പർപുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ ശിഷ്യൻ തുമ്പമൺ ഭദ്രാസനാ ധിപനായിരുന്ന കാലം ചെയ്ത ഫിലിപ്പോസ് മാർ യൗസേബിയോസ് തിരുമേനിയ്ക്ക് അയച്ച കത്തിന്റെ പൂർണ്ണ രൂപം.

Pontificium Counsilium Ad Christianorum Unitatem fovendam

18 June 2005

Prot N: 2581/2005/h

Your Eminence,

I duly received your letter of 12 May 2005, regarding the decision of the Malankara Orthodox Church not to hold its dialogue with the Catholic Church, in the Framework of the annual Joint International Commission for Theological Dialogue between the Catholic Church and the Malankara Orthodox Church. I see this letter as a continuation of the discussion we had in Rome on the occasion of your last visit here.

I can only confirm that the title of Catholicos has not been given by the Holy see to His Grace Cyril Mar Baselios(1) that the title of Major Archbishop is the only one mentioned in the Decree of elevation issued by the Holy See. and in all Vatican messages or publications regarding this nomination. (2) that the title of Catholicos does not appear in the Code of Canon Law for the Eastern Churches. I have also been informed that His BeatitudeCardinal Moussa I Daoud did not use the title Catholicos during his stay in Kerala. on the occasion of the celebrations for the elevation of His Grace Cyril Mar Baselios.

I have conveyed your message regarding the decision of the Malankara Orthodox Church to His Grace Cyril Mar Baselios and look forward to receiving a reply.

I deeply regret that the use of the title Catholicos, for which the Holy See and his Pontifical Council are not responsible, could lead to this difficult situation. Knowing how importany the activitives of this Joint International Commission have been for the development of fraternal relations between the Malankara Orthodox Church and the Catholic Church in Kerala, it would be great loss if this commission were not able to continue its acticities. It is my hope and prayer that we will be able to overcome this difficulty. for the greater good of promotion of Christian Unity.

I would ask your Eminence to convey my greeting and prayerful good wishes to His Holiness Catholicos Baselious Mar Thoma Mathews II and to the members of the Holy Synod of the Malankara Orthodox Church.

Wish the expression of my cordial esteem. I remain

Yours sincerely in Christ

Walter Cardinal Ksper

President

യുഗപ്രഭാവനായ കൊച്ചുതിരുമേനി

ഫാ. ഡോ. റ്റി. ജെ. ജോഷ്വാ

അദ്ധ്യാത്മിക രംഗത്തുള്ള എന്റെ വളർച്ചയും ഉയർച്ചയും അടിത്തറയിട്ട സഭാപിതാവാണ് പുത്തൻകാവിൽ കൊച്ചുതിരുമേനി. അദ്ദേഹത്തെപ്പറ്റിയുള്ള അനുസ്മരണം വിനയാദരവോടും കൃതജ്ഞതാഭാവത്തോടുമാണ് നടത്തുന്നത്. അദ്ദേഹത്തെ കണ്ട ഒരു രംഗമാണ് ആദ്യം സ്മരണയിലെത്തുന്നത്. 1951 ഏപ്രിൽ മാസം, ഞാൻ ആലുവാ യു. സി. കോളേജിൽ ബി. എ. ഫൈനൽ പരീക്ഷ എഴുതുന്ന ദിവസങ്ങളിൽ ഒന്നിൽ അതിരാവിലെ ഏഴുമണിയോടുകൂടി കൊച്ചുതിരുമേനിയുടെ ഡ്രൈവർ അമ്മാൾ ചേട്ടൻ ഹോസ്റ്റലിൽ വന്ന് എന്നെ വിളിച്ചു. തിരുമേനി കോളേജിന്റെ മുറ്റത്ത് നിൽക്കുന്നു. ശെമ്മാച്ചനെ കാണാൻ നിൽക്കുകയാണ്. ഞാൻ ആകെ പരിഭ്രാന്തനായി. ഇത്രയും രാവിലെ എന്നെ കാണാൻ വിളിക്കുന്നത് എന്തിനാണ്, അതും യാതൊരു മുന്നറിയിപ്പുമില്ലാതെ, അദ്ദേഹത്തെ കണ്ടപ്പോൾ ആദ്യം ചോദിച്ചത് പരീക്ഷയെപ്പറ്റി. പിന്നീട് അടുത്തു വരുന്ന കഷ്ടാനുഭവ ആഴ്ച അദ്ദേഹം വാഴമുട്ടം പള്ളിയിൽ ആയിരിക്കുമെന്നും, അന്ന് അദ്ദേഹത്തോടുകൂടെ അവിടെ ഉണ്ടായിരിക്കണമെന്നും നിർദ്ദേശിച്ചു. ഞാൻ ഒരു അവിവാഹിത വൈദികനായി കാണാനാണ് അദ്ദേഹത്തിനു താല്പര്യമെന്ന കാര്യം വ്യക്തമാക്കി. അന്നത്തെ കൂടികാഴ്ചയ്ക്കുശേഷം അദ്ദേഹം കുന്നംകുളത്തിനു പോവുകയായിരുന്നു. അവിടെ വച്ചാണല്ലോ അന്ത്യം സംഭവിച്ചത്. പരീക്ഷ നടക്കുന്നതിനാൽ അദ്ദേഹത്തിന്റ കബറടക്കത്തിൽ എനിക്ക് സംബന്ധിക്കാൻ സാധിച്ചില്ല.

എന്റെ ഇടവകപ്പള്ളി (കോന്നപ്പാറ) സന്ദർശനത്തിനെത്തിയപ്പോഴാണ് ബാലനായ ഞാൻ ആദ്യം അദ്ദേഹത്തെ കാണുന്നത്. മദ്ബഹായിലെ എന്റെ വായനയും പാട്ടും എല്ലാം ഇഷ്ടപ്പെട്ട അദ്ദേഹം വൈദിക സേവനത്തിനു സമർപ്പിക്കുവാൻ എന്നെ പ്രോത്സാഹിപ്പിച്ചു. എസ്. എസ്. എൽ.സി. പാസ്സായ ഉടനെ വൈദിക സെമിനാരിയിലേക്ക് എന്നെ അയച്ചു. എനിക്ക് 17 വയസ്സു മാത്രം. സെമിനാരിയിലെ ഏറ്റവും പ്രായംകുറഞ്ഞ വിദ്യർത്ഥി. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ പ്രത്യേക താൽപര്യ പ്രകാരമാണ് സെമിനാരി പഠനം ഒരു വർഷം മാത്രം നടത്തിയശേഷം കോളേജ് പഠനത്തിനു പോയത്. ബി.എ.പാസ്സാകുന്നതിനു മുമ്പേ തന്നെ കൊച്ചുതിരുമേനി, കൽക്കട്ട ബിഷപ്സ് കോളേജിൽ ബി.ഡി. പഠനത്തിന് വേദിയൊരുക്കിയിരുന്നു. ബി. ഡി. ബിരുദം പൂർത്തിയാക്കി പരീക്ഷഫലം വരുന്നതിനു മുമ്പേ കാതോലിക്ക ബാവാ എന്നെ സെമിനാരി അദ്ധ്യാപകനായി നിയമിച്ചു. ഇത്രയും എഴുതിയത് എന്റെ ജീവിതം കരുപിടിപ്പിക്കുന്നതിൽ ഈ രണ്ടു പിതാക്കന്മാരും വഹിച്ച പങ്ക് വ്യക്തമാക്കുവാനാണ്.

കൊച്ചു തിരുമേനിയുടെ മഹത്തായ ജീവിതത്തിലേക്കു നോക്കുമ്പോൾ ഒരു സ്ക്രീനിൽ എന്ന പോലെ അനവധി കാര്യങ്ങൾ ഓർമ്മയിൽ എത്തുന്നു. അനുകരുണാർഹങ്ങളും അനുപമങ്ങളുമായ ചില കാര്യങ്ങൾ അക്കമിട്ട് പറയട്ടെ!

1. ലാളിത്യത്തിന്റെ പര്യായം വേഷത്തിൽ എന്നപോലെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ലാളിത്യം പുലർത്തി. കുപ്പായങ്ങളുടെ സംഖ്യ പരിമിതമായിരുന്നു. യാത്രയിലൊന്നും പുറം കുപ്പായം ധരിക്കാറില്ല. ഡയബറ്റീസ് രോഗി ആയിരുന്നെങ്കിലും , ഭക്ഷണത്തിൽ വളരെയൊന്നും ശ്രദ്ധിച്ചിരുന്നില്ല. അടച്ചുവറ്റി ചമ്മന്തി പ്രിയപ്പെട്ട ഒരു ഭോജ്യമായിരുന്നു. സ്വന്തമായി വാഹനമില്ലാതിരുന്ന ആദ്യകാലങ്ങളിൽ ബസ്സിൽ ആയിരുന്നു യാത്ര. ആ പ്രദേശത്തെ ബസ്സുകാർക്ക് അറിയാവുന്നതുകൊണ്ട് മുൻ ഭാഗത്ത് ഡ്രൈവറുടെ വലത്ത് വശത്ത് ഒരു സീറ്റ് സൗകര്യപ്പെടുത്തും. ആദ്ദേഹത്തിന്റെ രണ്ടോ മൂന്നോ ഫോട്ടോകൾ മാത്രമേ ലഭ്യമായിട്ടുള്ളു. അങ്ങനെയുള്ള കാര്യങ്ങളിൽ ശ്രദ്ധയോ താൽപര്യമോ ഉണ്ടായിരുന്നില്ല.

ഞാൻ ഒരിക്കൽ അദ്ദേഹത്തോടൊന്നിച്ചു യാത്രചെയ്യുമ്പോൾ ചോദിച്ചു. താൻ കണക്കെഴുതി സൂക്ഷിക്കാറുണ്ടോ. ഇല്ലാ എന്നായിരുന്നു എന്റെ മറുപടി. കോളേജ് വിദ്യാർത്ഥി ആയിരുന്ന എനിക്ക് വീട്ടിൽ നിന്ന് എണ്ണിച്ചുട്ട അപ്പം പോലെ കൃത്യമായി അയച്ചു തരുന്ന തുക

ഫീസിനും ഭക്ഷണത്തിനും മാത്രം പര്യാപ്തം പിന്നെ എന്തു കണക്ക് എഴുതാൻ. തിരുമേനി നൽകിയ ഉപദേശം എന്തു നമുക്ക് ലഭിച്ചാലും എന്തുനാം ചെലവാക്കിയാലും അതിനു കണക്കെഴുതി സൂക്ഷിക്കണം അതു ജീവിതത്തിന്റെ ഒരു പ്രമാണമാക്കിതീർക്കണം. ആ ഉപദേശം ഇന്നു വരെയും ഞാൻ പാലിക്കുന്നു. ജീവിത ശിക്ഷണത്തിന്റെ ഒരു ഭാഗമായി അതിനെ കരുതാം.

2. വ്യക്തി ബന്ധങ്ങൾക്കു പ്രാധാന്യം നൽകി. ഇന്നത്തെപ്പോലെ ടെലിഫോൺ സൗകര്യങ്ങൾ ഒന്നുമില്ലാതിരുന്ന അക്കാലത്ത് സൗഹൃദബന്ധങ്ങൾ കാത്തു സൂക്ഷിച്ചത് സന്ദർശനങ്ങളിൽ കൂടിയും കത്തുകളിൽ കൂടിയും ആയിരുന്നു. കണ്ടുമുട്ടുമ്പോൾ ഔപചാരികതയുടെ മുടുപടമൊന്നുമില്ലാതെ ഹൃദ്യമായും വശ്യമായും ഇടപെടുന്നു. മാധുര്യം നിറഞ്ഞ സംഭാഷണം, പ്രോത്സാഹനത്തിന്റെയും അഭിനന്ദനത്തിന്റേതുമായ വാക്കുകൾ, ഉപദേശത്തിന്റെ ധ്വനി കലർന്ന ചിന്തകൾ ഇവയൊക്കെ നമ്മെ അദ്ദേഹത്തോട് അടുപ്പിക്കുന്നു. കേസും വഴക്കും ഒക്കെ സഭയിൽ രൂക്ഷമായി നടക്കുന്ന കാലമായിരുന്നിട്ടും പാത്രിയർക്കിസ് ഭാഗത്തുള്ള മെത്രാച്ചന്മാരുമായി സൗഹൃദം പുലർത്തി മഞ്ഞിനിക്കര ദയറായിൽ പോയി അന്ത്യോക്യാപ്രതിനിധിയായ മാർ യൂലിയോസു മെത്രാപ്പോലീത്തായെ സന്ദർശിക്കുമായിരുന്നു. അതു പോലെ ആലുവാ വഴി യാത്രയുണ്ടെങ്കിൽ തൃക്കുന്നത്ത് സെമിനാരിയിൽ എത്തി അത്താനാസിയോസ് മെത്രോപ്പോലീത്തായെ സന്ദർശിക്കുമായിരുന്നു. ആംഗ്ലിക്കൻ സഭയിലെ (സി. എം. എസ്.) ബിഷപ്പ് സി. കെ ജേക്കബ് അദ്ദേഹത്തിന്റെ വലിയ സുഹൃത്തായിരുന്നു. പോകുന്ന യാത്രയിൽ നടത്താവുന്ന സന്ദർശനങ്ങൾ ഒഴിവാക്കിയിരുന്നില്ല. യുവജനങ്ങളെ ഏറെ ആകർഷിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അവരിൽ പലരും സഭാ സേവനത്തിന് സ്വയം സമർപ്പിക്കപ്പെട്ടത് തിരുമേനിയുടെ സ്വാധീനത്താലാണ്. അങ്ങനെ നല്ല ഒരു ടീം അദ്ദേഹത്തോടൊപ്പമുണ്ടായി.

3. പ്രസംഗകലയിൽ അഗ്രഗാമി. അക്കാലത്ത് മലങ്കരസഭ നേരിട്ടത് രണ്ടു വെല്ലുവിളികളെയാണ്. ഒന്ന് പുതുതായി രൂപം പ്രാപിച്ച റീത്തു പ്രസ്ഥാനക്കാരിൽ നിന്ന് രണ്ട് നവീകരണ സഭയും, സി. എം. എസ്. മിഷനറിമാരും ഉയർത്തിയ വിശ്വാസ വൈപരീത്യങ്ങൾ. ഈ സഭകൾ ഉയർത്തിയ വെല്ലുവിളികളെ നേരിട്ടു കൊണ്ട് പടനായകനെ പോലെ തിരുമേനി പ്രവർത്തനനിരതനായി വശ്യതയാർന്ന പ്രഭാഷണങ്ങളിലൂടെ, ശ്രുതി മധുരമായ ഗാനാലാപത്തിലൂടെ, അനേകായിരങ്ങളെ അദ്ദേഹം സത്യവിശ്വാസത്തിൽ പിടിച്ചു നിർത്തി, ആവചന മാധുരിയിൽ ലയിച്ച് ജനസമുച്ചയം മണിക്കൂറുകൾ ചെലവിടുമായിരുന്നു. സാധാരണക്കാരായ ജനങ്ങളെ ആകർഷിക്കാൻ ആവശ്യമായ എല്ലാ വിഭവങ്ങളും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഉണ്ടാകും അനുയോജ്യമായ ഉദാഹരണങ്ങൾ, ഗാനങ്ങൾ ഉദ്ധരണികൾ സംഭവകഥകൾ എല്ലാം നമുക്കായി

അന്ത്യോക്യാ പാത്രിയർക്കീസ് മാർ ഏലിയാസ് തൃതീയൻ ബാവായും പുത്തൻകാവിൽ കൊച്ചുതിരുമേനിയും.

പുത്തൻകാവ് കൊച്ചുതിരുമേനി വാഴിക്കപ്പെട്ട് നാലു മാസം കഴിഞ്ഞപ്പോഴാണ് അന്ത്യോക്യാ പാത്രിയർക്കീസ് മാർ ഏലിയാസ് തൃതീയൻ മലങ്കര സന്ദർശിച്ചത് 1932 ഫെബ്രുവരി 13 ശനിയാഴ്ച രാവിലെ ഓമല്ലൂർ സമീപം മഞ്ഞനിക്കരയിൽ ഒരു ചെറിയ പള്ളിയിൽ വച്ച് പാത്രിയർക്കീസ് കാലം ചെയ്തു. മഞ്ഞനിക്കര വെച്ച് പാത്രീയർക്കീസ് കാലം ചെയ്തവിവരം അറിഞ്ഞ ഉടനെ പത്തനം തിട്ടയിൽ ഉണ്ടായിരുന്ന പുത്തൻകാവിൽ കൊച്ചുതിരുമേനി മറ്റൊന്നും ആലോചിക്കാതെ മഞ്ഞനിക്കര എത്തി. . ബന്ധശത്രുവായിരുന്ന ഒരു സഭാമേലദ്ധ്യക്ഷന്റെ മൃതദേഹം സന്ദർശിക്കാനാണ് താൻ പോകുന്നതെന്ന കാര്യം തിരുമേനി തൽക്കാലം മറന്നു. ആരുടെയും അനുവാദത്തിനോ സമ്മതത്തിനോ കാത്തു നിൽക്കാതെ യുവാവായ ആ പ്രധാനാചാര്യൻ മഞ്ഞനിക്കരയിൽ എത്തിയപ്പോൾ തികച്ചും ശോകപൂർണ്ണമായ അന്തരീക്ഷമായിരുന്നു അവിടെ ഇടിവെട്ടേറ്റതു പോലെ പാത്രിയർക്കീസിന്റെ കൂടെ വന്നവർ സ്തംഭിച്ചു നിന്നിരുന്നു. യൂലിയോസ് മെത്രാനും തല താഴ്ത്തി ഇരിപ്പാണ്. എന്താണ് സംഭവിച്ചതെന്നോ എന്താണിനി ചെയ്യേണ്ടതെന്നോ അറിയാൻ പാടില്ലാതെ അവർ തീർത്തും സംഭ്രമത്തിലായിരുന്നു. പാത്രിയർക്കീസ് കാലം ചെയ്താൽ ചൊല്ലേണ്ട പ്രാർത്ഥനകളും ചെയ്യേണ്ട ക്രിയകളും നടുക്കം കൊണ്ട് നിർവഹിക്കാൻ വയ്യാത്ത അവസ്ഥയിലായിരുന്നു അവിടെയുള്ളവർ. മാർ പീലക്സിനോസ് ഒരു ശ്രേഷ്ഠാചാര്യൻ കാലം ചെയ്താൽ അനുഷ്ഠിക്കേണ്ട കർമ്മങ്ങളും പ്രാർത്ഥനകളും നടത്തി. ഒരു ചെറു പ്രസംഗവും ചെയ്തു. വട്ടശ്ശേരിൽ തിരുമേനിയെ താൻ വിവരം അറിയിച്ചിട്ടുണ്ടെന്നും അദ്ദേഹം കോട്ടയത്തു നിന്നും പുറപ്പെട്ടതായി വിവരം കിട്ടിയിട്ടുണ്ടെന്നും ആബുൻ ഉടനെ തന്നെ വന്നെത്തുമെന്നും കൊച്ചുതിരുമേനി അവിടെ ഉള്ളവരെ അറിയിച്ചതിനു ശേഷം തിരിച്ച് പോയി.

അവസരോചിതമായി സംസാരിക്കുന്നതിനും പ്രർത്ഥിക്കുന്നതിനും കൊച്ചുതിരുമേനിക്ക് അസാമാന്യ കഴിവുണ്ടായിരുന്നു. ആ സിദ്ധിവിശേഷമാണ് മറ്റുള്ളവർ കടന്നു ചെല്ലുവാൻ മടിച്ചു നിൽക്കുന്ന രംഗത്തേക്ക് കടന്നുചെല്ലുവാൻ അദ്ദേഹത്തിന് പ്രേരണ നൽകുന്നത്. അപകടകരമായ മേഖലകളിലേക്ക് അദ്ദേഹം ചെന്നിട്ടുണ്ട്. പക്ഷേ ഒരു അപകടവും സ്പർശിച്ചില്ല. അദ്ദേഹത്തിന്റെ നയചാതുര്യത്തിനു മുൻപിൽ ഒരു നാവും വിലക്കാൻ മുതിരാറില്ല എന്നതാണ് അനുഭവം.

തിരുമേനി, ഓരോ ഇടവകയും ക്രമമായി സന്ദർശനം നടത്തി ജനങ്ങളെ ബോധവൽക്കരിക്കയും, വൈദികരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തുപോന്നു. വാഹന സൗകര്യങ്ങൾ ഇല്ലാതിരുന്ന അക്കാലത്ത് കാൽ നടയായും, കാളവണ്ടിയിൽ കയറിയും മറ്റുമൊക്കെ ആ ഗ്രാമങ്ങളിലെ പള്ളികൾ സന്ദർശിച്ചത് ഇന്നുള്ളവർക്ക് ആശ്ചര്യമായിരിക്കും.

പ്രസംഗത്തിൽ ചേർത്തിട്ടുണ്ടാകും. കൺവൻഷൻ യോഗങ്ങൾ അദ്ദേഹത്തിന് ഒരാവേശവും ലഹരിയുമായിരുന്നു. രണ്ടും മൂന്നും മണിക്കൂറുകൾ തുടർച്ചയായി പ്രസംഗിക്കുന്നതിന് ഒരു പ്രയാസവുമില്ലായിരുന്നു. ആർജവത്വം തുളുമ്പുന്ന ഗദ്യശൈലിയുടെ നീങ്ങുന്ന ഒരു പ്രസംഗ പ്രവാഹത്തിൽ ശ്രോതാക്കൾ ആനന്ദ നിർവൃതിയുടെ ആത്മീയാനുഭൂതികളിൽ എത്തിച്ചേരും. അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ നടത്തുന്ന ഉദ്ധരിണികളെക്കുറിച്ച് ഗീവർഗീസ് ദ്വീതിയൻ ബാവാ നടത്തിയ ഒരു വിമർശനമോർക്കുന്നു. കൊച്ചു മെത്രാച്ചൻ പ്രസംഗിക്കുമ്പോൾ, വവ്വാൽ ഇങ്ങനെ പറയുന്നു. നരിച്ചീർ ഇങ്ങനെ പറയുന്നു എന്നൊക്കെ കേൾക്കാം. പാശ്ചാത്യ സാഹിത്യകാരന്മാരെയും, എഴുത്തുകാരെയും ഉദ്ധരിക്കുന്നതിനെ കളിയാക്കി പറഞ്ഞവാക്കുകളാണ്. കീറ്റ്സ്, ഷെല്ലി , ഷേക്സ്പീയർ, അരിസ്റ്റോട്ടിൽ തുടങ്ങിയവരൊക്കെയും പ്രസംഗത്തിൽ കടന്നുവരുമായിരുന്നു.

4. മുൻപേ പറക്കുന്ന പക്ഷി : അജപാലനരംഗത്ത് അദ്ദേഹം മുമ്പേ പറക്കുന്ന പക്ഷിയായിരുന്നു. ഭരണപരമായ പലകാര്യങ്ങളും തുമ്പമൺ ഭദ്രാസനത്തിൽ അദ്ദേഹമാണ് തുടക്കം കുറിച്ചത് . വൈദികർ അതാത് ഇടവകയ്ക്കു വേണ്ടി പട്ടമേറ്റവരായിരുന്നു. അവരുടെ സ്ഥലം മാറ്റം അചിന്ത്യമായ കാര്യമായി കരുതി പക്ഷേ തിരുമേനി അക്കാര്യം വിജയകരമായി നടപ്പാക്കി. മാത്രമല്ല അവരുടെ ശമ്പള പദ്ധതിയും ആവിഷ്കരിച്ചു. പിന്നീട് ക്രമേണയാണ് മറ്റു ഭദ്രാനസങ്ങളിൽ ഈ രണ്ടു കാര്യങ്ങളും പ്രാവർത്തികമാക്കിയത്. അതുപോലെ ഇടവകതലത്തിലെ ആദ്ധ്യാത്മിക സംഘടനകൾ - മർത്തമറിയം സമാജം, സണ്ടേസ്കൂൾ പ്രാർത്ഥനായോഗം, യൂത്ത് ലീഗ്, ബാലസമാജം എന്നിവ പ്രവർത്തനക്ഷമമാക്കി. കൂദാശാനുഷ്ഠാനങ്ങൾ, മാത്രമല്ല, ഭവന സന്ദർശനം അദ്ധ്യാത്മിക സംഘടനകളുടെ പ്രവർത്തനം തുടങ്ങിയവയും വൈദികരുടെ അജപാലന ദൗത്യത്തിൽപ്പെട്ടവയാണെന്ന ബോധ്യം കൈവരുത്തി.

തിരുമേനി, ഓരോ ഇടവകയും ക്രമമായി സന്ദർശനം നടത്തി ജനങ്ങളെ ബോധവൽക്കരിക്കയും, വൈദികരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു പോന്നു. വാഹന സൗകര്യങ്ങൾ ഇല്ലാതിരുന്ന അക്കാലത്ത് കാൽ നടയായും, കാളവണ്ടിയിൽ കയറിയും മറ്റുമൊക്കെ ആ ഗ്രാമങ്ങളിലെ പള്ളികൾ സന്ദർശിച്ചത് ഇന്നുള്ളവർക്ക് ആശ്ചര്യമായിരിക്കും. എന്റെ ഇടവകയായ കൊന്നപ്പാറ പള്ളി ഒരു കുന്നിന്റെ മുകളിലാണ്. അവിടെയെത്തിയത് ഏകദേശം നാലു കിലോമീറ്റർ നടന്നായിരുന്നു. പള്ളികളിൽ താമസ സൗകര്യങ്ങൾ ഒന്നുമില്ല. പള്ളിയിൽ തന്നെയാണ് കിടപ്പും. ടോയ്‌ലറ്റ് എന്നുള്ളത് തൽക്കാലം പരമ്പു കൊണ്ടു മറച്ച സംവിധാനം. ഇങ്ങനെ പരിമിതികൾ ഏറെ ഉണ്ടായിരുന്ന അക്കാലത്ത് വർഷത്തിൽ ഒരിക്കൽ സന്ദർശനം നടത്തുമായിരുന്നു. സന്ദർശന പരിപാടി മാസങ്ങൾക്കു മുമ്പേ ക്രമീകരിച്ച് പള്ളിക്കാരെ അറിയിക്കും. മാത്രമല്ല ചർച്ച് വീക്കിലി മുതലായ പ്രസിദ്ധീകരണങ്ങളിൽ യാത്രാ പരിപാടി നൽകുകയും ചെയ്തു പോന്നു.

അദ്ദേഹത്തിന്റെ കാലത്ത് അനവധി ദേവാലയങ്ങൾ രൂപം കൊള്ളുവാൻ ഇടയായി. പ്രശ്നങ്ങൾ ഉള്ള പള്ളികളിൽ നേരിട്ടു സന്ദർശനം നടത്തി, അദ്ദേഹം തന്നെ പൊതുയോഗത്തിൽ അദ്ധ്യക്ഷം വഹിച്ച് എല്ലാ കാര്യങ്ങളും ഉചിതമായി പരിഹരിക്കുമായിരുന്നു. കോട്ടയം സെമിനാരിയിൽ ചേരുന്നതിനുള്ള ശുപാർശ കത്ത് വാങ്ങിക്കുവാൻ എന്റെ പിതാവും പള്ളി ട്രസ്റ്റിയും ഞാനും കൂടി മാക്കാംക്കുന്നിൽ ചെന്നപ്പോൾ കുടശ്ശനാടു പള്ളിയിലെ പ്രശ്നം തീർക്കാൻ പോയിരിക്കയാണെന്നറിഞ്ഞു. ഞങ്ങൾ അവിടെ ചെന്നപ്പോൾ പൊതുയോഗം നടക്കുന്നതേയുള്ളു. കാത്തിരുന്ന്. അദ്ദേഹത്തിൽ നിന്ന് ശുപാർശ കത്ത് വാങ്ങിയത് ഓർക്കുന്നു. അന്ന് അദ്ദേഹത്തിന്റെ സെക്രട്ടറി ഉാക്കൂർ സ്വദേശി ജോർജ് ശെമ്മാശനാണ്.

ഇടവകകളിലെ പ്രവർത്തനങ്ങൾക്കു പുറമേയാണ് വിദ്യാഭ്യാസ രംഗത്തേക്ക് അദ്ദേഹം കടന്നെത്തിയത്. യാതൊരു ഫണ്ടും കൈമുതലായില്ലാതെ, ആത്മവിശ്വാസത്തോടെ വിദ്യാലയങ്ങൾ ഒന്നൊന്നായി സ്ഥാപിച്ച് നാടിനെ സാക്ഷരതയിൽ പ്രബുദ്ധമാക്കാൻ പ്രയത്നിച്ചു. പുത്തൻകാവ് സ്കൂളിന്റെ നിർമ്മിതി നടത്തുന്ന സമയത്താണ് ഞാൻ യു.സി. കോളേജിൽ ചേരാൻ ശുപാർശ കത്തിന് എത്തിയത്. അവിടെ ഒരു ബഞ്ചിലായിരുന്നു ശയനം. എനിക്കു കത്തു തന്നപ്പോൾ നൽകിയ ഉപദേശം മറക്കുന്നില്ല. 'Philosophy takes no bread so you take economics for your study' അങ്ങനെയാണ് ഞാൻ ഫിലോസഫി ഐച്ഛികമായി എടുക്കാതെ ധനതത്വ ശാസ്ത്രം തിരഞ്ഞെടുത്തത്. സ്മരണയിൽ എത്തുന്ന കാര്യങ്ങൾ അനവധിയാണെങ്കിലും വിസ്താര ഭയത്താൽ ചുരുക്കുന്നു. മലങ്കര സഭയ്ക്കു ദൈവം നൽകിയ ഒരു വലിയ വരദാനമായിരുന്നു കൊച്ചുതിരുമേനി. അദ്ദേഹത്തിന്റെ പാവന സ്മരണയ്ക്ക് മുമ്പിൽ കൃതജ്ഞാ നിർഭരമായ ഹൃദയത്തോടെ എന്റെ ശിരസ്സ് നമിക്കുന്നു.

ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത റീത്ത് സഭയിൽ ചേർന്നപ്പോൾ വേദനയോടെ കൊച്ചുതിരുമേനി എഴുതിയ ഡയറി കുറിപ്പ്


Monday, 29th November 1937. 105

൧൧൧൩, വൃശ്ചികം ൧൪-ാനു തിങ്കളാഴ്ച.

പത്തനംതിട്ട : തിരുവനന്തപുരത്ത് വെച്ച് സെവറിയോസ് ഇന്ന് റീത്തിൽ ചേർന്നു. ദ്രവ്യാഗ്രഹം. ഇനിയും എങ്ങനെ വിശ്വസിക്കും? ദ്രവ്യാഗ്രഹം മനുഷ്യനെ നിലംപതിപ്പിക്കുന്നതിന്റെ ഒരു ഉത്തമ ദൃഷ്ടാന്തം. ദൈവം ക്ഷമിയ്ക്കട്ടെ.

പുത്തൻകാവിൽ കൊച്ചുതിരുമേനി സ്ഥാപിച്ച കിഴവള്ളൂർ സെന്റ് ജോർജ്ജ് ഹൈസ്കൂൾ

പുത്തൻകാവിൽ കൊച്ചുതിരുമേനിയും
ബേയ്സിൽ ദയറായും

ഡോ. ഏബ്രാഹാം മാർ
സെറാഫിം മെത്രാപ്പോലീത്ത

വൈദിക ജീവിതത്തെ ഒരു പൂജാരിയുടെ കാർമ്മിക ജോലിയായി കണ്ടു തുടങ്ങിയിരിക്കുന്ന ഈ കാലത്താണ് പുത്തൻ കാവിൽ കൊച്ചു തിരുമേനിയെക്കുറിച്ച് ആദ്യമായി എന്തെങ്കിലും ഒന്നെഴുതുവാൻ എനിക്ക് അവസരം വന്നത്. നഷ്ടപ്പെടുത്തലിന്റെ ബലിജീവിതമാണ് പൗരോഹിത്വം എന്നു ചിന്തിച്ചിരുന്ന തിരുമേനിയുടെ കാലഘട്ടത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു ചിന്തയാണ് വൈദികൻ ഒരു പൂജാരിയാണെന്നും കാർമ്മിക ജോലിയാണെന്നുമുള്ള ചിന്താഗതി. വിത്തിന്റെ മണി നിലത്തു വീണു ചാകുന്നില്ലെങ്കിൽ മുളക്കുന്നില്ല എന്നു യേശു പറ ഞ്ഞത് പുരോഹിത വൃന്ദം മറക്കുവാൻ തുടങ്ങിയ ഈ നാളുകളിൽ സഭയ്ക്കുവേണ്ടി ചാകുവാനും ചിലത് മുളപ്പിക്കുവാനും ശ്രമിച്ച പുത്തൻകാവിൽ കൊച്ചുതിരുമേനിയെക്കുറിച്ച് എഴുതുവാൻ കഴിഞ്ഞത് ഭാഗ്യമായി കാണുന്നു.

തിരുമേനിയുടെ കരങ്ങളാൽ സ്ഥാപിതമായ പത്തനംതിട്ട ബേസിൽ ദയറായിൽ താമസ്സിക്കുവാൻ കഴിയുന്നത് ഞാൻ ഭാഗ്യമായി കരുതുന്നു. ഇന്ന് ബേസിൽ ദയറായ്ക്ക് കെട്ടിടങ്ങളുടെ ബാഹുല്യമുണ്ടെങ്കിലും തിരുമേനി സ്ഥാപിച്ച ദയറാ കെട്ടിടം പലതും കൊണ്ട് വ്യത്യസ്തമാണ്. കർത്താവിന്റെയും പന്ത്രണ്ടു ശിഷ്യന്മാരുടെയും പ്രതീകമായ പതിമൂന്നു മുറികൾ. അതിൽ കിഴക്കെ വശത്തെ മുറിയിൽ മെത്രാപ്പോലീത്തായും മറ്റുമുറികളിൽ ശിഷ്യരും താമസിച്ചിരുന്നു. ഓരോ മുറിയിലും താമസ്സിക്കുന്നവർ പഴയ നിയമം, പുതിയ നിയമം, സഭാചരിത്രം തുടങ്ങിയമേഖലകളിൽ പ്രാവീണ്യം നേടിയവരാകണമെന്നും സഭാമക്കൾക്ക് ഇത്തരം വിഷയങ്ങളിൽ സംശയങ്ങൾ ഉണ്ടാകുമ്പോൾ നിവാരണത്തിനായി ഈ മുറികളിൽ ചെന്ന് അന്വേഷിച്ചാൽ മതിയെന്നുമൊക്കെയായിരുന്നു തിരുമേനിയുടെ ദർശനം. ഇന്ന് നമുക്ക് അഭിലാഷങ്ങളും കാഴ്ചകളും മാത്രമേയുള്ളു - ദർശനങ്ങൾ ഇല്ലാതായിരിക്കുന്നു. തിരുമേനി ദയറാ സ്ഥാപിച്ചപ്പോഴുള്ള സങ്കൽപ്പവും ദർശനവും ക്രിസ്തുവിന്റെയും ശിഷ്യന്മാരുടെയും കൂട്ടായ്മയുമായി ബന്ധമുള്ളതായിരുന്നു. കുടുംബങ്ങളിലും, ആശ്രമങ്ങളിലും മഠങ്ങളിലുമൊക്കെ സ്വകാര്യവൽക്കരണം സംഭവിക്കുന്ന ഈ കാലഘട്ടത്തിൽ ബേസിൽ ദയറാ നൽകുന്ന സന്ദേശം ശ്രദ്ധേയമാണ്.

ദയറായുടെ മറ്റൊരു പ്രത്യേകത - ഒരു മുറിയിൽ നിന്നും പുറത്തേക്കിറങ്ങുമ്പോൾ മറ്റു മുറിയിലുള്ളവരെയും അതിൽ നിന്നും പുറത്തേക്കിറങ്ങുന്നവരെയും നേരേ കാണുവാൻ സാധിക്കും എന്നതാണ്. ദയറായുടെ നാലുകെട്ട് അതിൽ പാർക്കുന്നവരുടെ സമ്മേളന സ്ഥലമായിരുന്നു. കാര്യങ്ങളും തമാശകളുമൊക്ക നാലുകെട്ടിനെ സജീവമാക്കുമായിരുന്നു. ഇത്തരം സംഗമങ്ങളിലൂടെ നടന്ന ചർച്ചകളും മറ്റും നൽകുന്ന ഊർജ്ജം സഭാവികസനത്തിനു മുഖാന്തിരമായിട്ടുണ്ട്. വാതിലുകൾ തുറന്നിടുവാനാണ് എന്ന തത്വത്തിൽ നിന്നും അടച്ചിട്ട വാതിലുകളും അതിനുള്ളിലെ സ്വകാര്യ ജീവിതങ്ങളുമാണ് ശരിയെന്ന് ധരിക്കുന്ന നമുക്ക് ഈ സങ്കൽപ്പത്തോട് യോജിക്കുവാൻ കഴിയുമെന്ന് തോന്നുന്നില്ല. നാമിപ്പോൾ നിലകളിൽ താമസിക്കുന്നതിനാൽ താഴത്തെ നിലയിലുള്ളവരുമായി സംഭാഷിക്കുവാൻ സാധിക്കാതെ വരുന്നു.

ദയറായ്ക്ക് ബേസിൽ എന്ന് പേരിട്ടത് സഭാപിതാവിന്റെ പേരുമായി ബന്ധിപ്പിച്ചാണെങ്കിലും അതിന്റെ പിന്നിലും തിരുമേനിക്ക് വ്യക്തമായ ഉദ്ദേശ്യങ്ങൾ ഉണ്ടായിരുന്നു. പരിശുദ്ധന്മാരായ പക്കോമിയോസിന്റെയും അന്തോനിയോസിന്റെയും ഒക്കെ സന്യാസപ്രസ്ഥാന

സങ്കൽപ്പങ്ങളിൽ നിന്നും വ്യത്യസ്തമായ ഒന്നായിരുന്നു പരിശുദ്ധ ബസേലിയോസിന്റെ ദയറാ പ്രസ്ഥാന സങ്കല്പം, കുറേക്കൂടി ക്രിസ്തുവിന്റെ ജീവിത ശൈലി ബസേലിയോസിന്റെ ദയറാ സങ്കൽപത്തിൽ കാണുവാൻ കഴിയും. അത് ദൈവസംസർഗ്ഗത്തിന്റെയും മനുഷ്യ ബന്ധത്തിന്റെയും സമഞ്ജസമായ സമ്മേളനമാണ്. ആരാധനയ്ക്കും പ്രാർത്ഥനയ്ക്കുമായി വേറിട്ടു പോയിരുന്ന യേശു അത് കഴിഞ്ഞ് മനുഷ്യരുടെ ഇടയിലേക്ക്, പ്രത്യേകാൽ പാർശ്വവൽക്കരിക്കപ്പെടുന്നവന്റെ പക്ഷത്തേക്കും എപ്പോഴും വന്നു കൊണ്ടിരുന്നു പരിശുദ്ധ. ബസേലിയോസ് ദയറാ പ്രസ്ഥാനം ആരംഭിച്ചപ്പോഴും ഈ ശൈലിയാണ് അനുവർത്തിച്ചുവന്നത്. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെയും ദയറാ സങ്കല്പത്തിൽ ഈ ശൈലിയുണ്ടായിരുന്നു. ബേസിൽ ദയറാവാസികൾ ആരാധനയിലും പ്രാർത്ഥനയിലും ജീവിക്കുന്നവരും പാവപ്പെട്ടവന്റെ പക്ഷം പിടിച്ച് അവനെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുന്നവരുമാകണമെന്നുള്ള ആഗ്രഹം തിരുമേനിക്കുണ്ടായിരുന്നു. എന്നാൽ അത് പൂർണ്ണമായി ലക്ഷ്യ പ്രാപ്തിയിലെത്തുന്നതിനു മുമ്പ് അദ്ദേഹത്തിന്റെ ഈ ലോകവാസം അവസാനിച്ചു. ദയറായിലെ വർത്തമാന കാലനിവാസികൾക്ക് ഈ കാര്യം ഏറ്റെടുക്കുവാൻ കഴിയണം എന്നാണ് എന്റെ വിചാരം.

തിരുമേനിയുടെ ആരാധനയെക്കുറിച്ചും പ്രസംഗത്തെക്കുറിച്ചുമൊക്കെ എഴുതുവാൻ ധാരാളമുണ്ടെങ്കിലും ബേസിൽ ദയറായുമായി ബന്ധപ്പെട്ട ചിന്തകൾ മാത്രം പങ്കുവയ്ക്കുവാനാണ് ശ്രമിച്ചത് . ഇപ്പോൾ ഈ ദയറായിൽ പുതുതായി ചെറുപ്പക്കാർ ചേർന്നു താമസ്സിക്കുവാൻ ആഗ്രഹിക്കുന്നത് ഒരു പുതുപ്രതീക്ഷ നൽകുന്നു. സ്ഥാപകന്റെ ഉദ്ദേശ്യലക്ഷ്യത്തിലേക്ക് അവരെ പാകപ്പെടുത്തിയെടുക്കുവാനാണ് ഇനിയും ശ്രമിക്കേണ്ടത്. അങ്ങനെ ചെയ്താൽ ദയറായുടെ വികാസത്തോടൊപ്പം സഭയുടെ വളർച്ചയും സാദ്ധ്യമാകും.

> *ദയറായുടെ മറ്റൊരു പ്രത്യേകത - ഒരു മുറിയിൽ നിന്നും പുറത്തേക്കിറങ്ങുമ്പോൾ മറ്റു മുറിയിലുള്ളവരെയും അതിൽ നിന്നും പുറത്തേക്കിറങ്ങുന്നവരെയും നേരേ നേരേ കാണുവാൻ സാധിക്കും എന്നതാണ്.*

പത്തനംതിട്ട ബേസിൽ ദയറായുടെ മുന്നിൽ ദയറാംഗം ഫാ.കെ.എം.തോമസ്

മലങ്കരസഭ കണ്ട മഹാനായ വാഗ്മി

(പുത്തൻകാവിൽ കൊച്ചുതിരുമേനി കാലം ചെയ്ത വാർത്ത അറിഞ്ഞ ഉടനെ 1951 ഏപ്രിൽ 17-ന് മലയാളമനോരമ ഒരു അവശേഷം (Supplement) അച്ചടിച്ച് കോട്ടയം ടൗണിൽ വിതരണം നടത്തി. പുത്തൻ കാവിൽ കൊച്ചുതിരുമേനിയുടെ പ്രഭാഷണ പാടവം ആദരവോടു കൂടി മലയാള മനോരമ എഴുതിരിക്കുന്നു.)

തിരുമനസ്സിലെ 20 വർഷത്തെ സഭാഭരണത്തിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് തിരുമേനി ഒരു കെടാവിളക്കായി ശോഭിച്ചിരുന്നു. സുവിശേഷ ഘോഷണ നേതൃത്വം പ്രഥമമായി ഏറ്റെടുത്തുകൊണ്ട് തിരുമേനി പല സന്ദർഭങ്ങളിലായി ചെയ്തിട്ടുള്ള ബഹുസഹസ്രം പ്രഭാഷണങ്ങൾ ക്രൈസ്തവസഭയ്ക്ക് എന്നെന്നും അഭിമാനകരമായ ഒരമൂല്യനിധിയായി വിലമതിക്കപ്പെടുമെന്നുള്ളതിന് സംശയമില്ല. വേദപുസ്തകഭാഗങ്ങളേയും അവയിൽ അന്തർഭവിച്ചിരിക്കുന്ന അനർഘ തത്വങ്ങളേയും അടിസ്ഥാനപ്പെടുത്തി സമാന്യ ജനങ്ങൾക്ക് മനസ്സിലാകത്തക്കവണ്ണം ലളിതസുന്ദരമായ വിശദീകരണങ്ങളും പ്രഭാഷണങ്ങളും നൽകി കൊണ്ടിരുന്ന ഒരു പണ്ഡിതശ്രേഷ്ഠൻ ആധുനിക സുറിയാനി സഭയിൽ വേറെ അധികം ഉണ്ടായിട്ടില്ല. സുവിശേഷദൗത്യവും വേദപുസ്തക സാരാംശങ്ങളുടെ ലളിത സുന്ദരമായ വ്യാഖ്യാനവും സമൂഹത്തിന് പങ്കുവെക്കുവാൻ സ്വീകരിച്ച ഉത്തമ മാധ്യമമായിരുന്നു പ്രസംഗം. വൈവിധ്യമാർന്ന ആധുനിക കമ്മ്യൂണിക്കേഷൻ സമ്പ്രദായങ്ങൾ അക്കാലത്ത് അസുലഭമായിരുന്നിട്ടും വലിയ പ്രവാചകനായി സുവിശേഷ പ്രചാരകനായി അജപാലന ദൗത്യം നിർവഹിക്കുവാൻ കഴിഞ്ഞു.

കാറും കോളും നിറഞ്ഞ കലുഷിതമായ സഭാന്തരീക്ഷത്തിൽ പരിശുദ്ധാത്മ നിറവിൽ സുവിശേഷ പ്രസംഗത്തിന്റെ പ്രവാഹത്താൽ അജഗണങ്ങൾക്ക് വാഗ്ദത്ത ഭൂമി കാട്ടികൊടുത്ത വലിയ പ്രവാചകനായി പുത്തൻകാവ് തിരുമേനി പ്രശോഭിച്ചു. മധുരവും ഗാംഭീര്യവുമായ വാഗ്ശരങ്ങളുടെ പ്രഷാളനം റീത്ത് സഭയിലേക്ക് ആടിനിന്ന സുറിയാനി ക്രിസ്ത്യാനികളുടെ ചങ്കിൽ തറച്ചപ്പോൾ പലരും തീരുമാനങ്ങൾ പുനഃ പരിശോധിച്ച് മാതൃസഭയിൽ തന്നെ ഉറച്ചു നിൽക്കുവാൻ നിർബന്ധിതരായി. ഉണർവിന്റെയും സഭാസ്നേഹത്തിന്റെയും കാറ്റ് സഭയാകമാനം ഉണ്ടായപ്പോൾ തെക്കുമുതൽ വടക്കുവരെ ആത്മീയ ഉണർവ്വിന്റെയും സഭാസ്നേഹത്തിന്റെയും കൊടുങ്കാറ്റ് സൃഷ്ടിക്കുവാൻ ആ വാഗ്വിലാസിക്കു കഴിഞ്ഞു. പുത്തൻ കാവിൽ കൊച്ചു തിരുമേനി എന്ന ബഹുമുഖ പ്രതിഭയെ സഭയ്ക്ക് കണ്ടെത്തുവാൻ കഴിഞ്ഞില്ലായിരുന്നെങ്കിൽ മധ്യതിരുവിതാംകൂർ എന്നല്ല പുത്തൻകാവു പോലും റീത്ത് പ്രസ്ഥാനത്തിന്റെ സിരാ കേന്ദ്രമായി പരിണമിക്കുമായിരുന്നു. ഇവിടെയാണ് വട്ടശ്ശേരിൽ തിരുമേനിയുടെ തീരുമാനം ഒരു ദർശനമാകുന്നത്.

കർമ്മനിരതനായ മഹാചാര്യൻ



ഡോ.പി.വി.കോശി
(പാപ്പച്ചൻ)
പൂപ്പള്ളിൽ, ആറാട്ടുപുഴ

പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസ് തിരുമേനിയെപ്പറ്റി ഓർക്കുമ്പോഴെല്ലാം കഠിനാദ്ധ്വാനത്തോടുകൂടിയ അദ്ദേഹത്തിന്റെ വിശ്രമരഹിതമായ ജീവിതമാണ് മനസ്സിൽ വരുന്നത്. സഭയോടും സഭാമക്കളോടുമുള്ള അതീവസ്നേഹം നിമിത്തമാണ് സാമ്പത്തിക പ്രയാസങ്ങളുടെ നടുവിലും പലതര അദ്ധ്യാത്മിക പ്രസ്ഥാനങ്ങളും അദ്ദേഹം തുടങ്ങി വച്ചതും പൂർത്തികരിച്ചതും. ആരോഗ്യത്തെപ്പോലും ഗണ്യമാക്കാതെ മുന്നോട്ടു പോയതു മൂലമാണ് കൈയുടെ മേജർ ഓപ്പറേഷനും ശാരീരിക ക്ലേശങ്ങൾക്കും വിധേയനാകേണ്ടി വന്നത്.

ബഥനിയുടെ മാർ ഈവാനിയോസ് റീത്തിലേക്കു പോയപ്പോൾ പകരം വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് ഇദ്ദേഹത്തെയാണ് തിരഞ്ഞെടുത്തതും സെറാംപൂരിൽ അയച്ച് എം. എ., ബി.ഡി. പഠിപ്പിച്ചതും മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തിയതും. തന്മൂലം തിരുമേനിക്ക് വട്ടശ്ശേരിൽ തിരുമേനിയോട് പിതൃതുല്യമായ സ്നേഹാദരവുകളും അദ്ദേഹത്തിന്റെ ജീവിത വിശുദ്ധിയെപ്പറ്റി വലിയ മതിപ്പും ഉണ്ടായിരുന്നു. വിദ്യാസമ്പന്നരായ നല്ല വൈദികർ സഭയ്ക്കുണ്ടാകണമെന്ന ആഗ്രഹത്തോടു കൂടിയാണ് പത്തനംതിട്ടയിൽ ബേസിൽ ദയറാ സ്ഥാപിച്ചത്. അതിലെ പല അംഗങ്ങൾ ഇപ്പോൾ സഭയുടെ ഉന്നത തലങ്ങളിൽ ശോഭിക്കുന്നു.

ആഴമായ ഇംഗ്ലീഷ് ഭാഷാ പാണ്ഡിത്യത്തിന്റെ ഫലമായി കൊച്ചു തിരുമേനിക്കു സെറാംപൂരിൽ വച്ച് ഡബിൾ പ്രമോഷൻ വരെ കിട്ടി. പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ മേന്മ മനസ്സിലാക്കി അദ്ദേഹത്തിന്റെ നിർബന്ധ പ്രകാരമാണ് ഞാൻ മദ്രാസ് ക്രിസ്ത്യൻ കോളേജിൽ ബി.എസ്.സി യ്ക്കു പഠിച്ചു പാസായത്. തിരികെ വന്നപ്പോൾ എന്നോട് പുത്തൻകാവ് മെട്രോപ്പോലീത്തൻ സ്കൂളിൽ മൂന്നു മാസം പഠിപ്പിക്കണമെന്നു പറഞ്ഞു. എനിക്ക് അദ്ധ്യാപകപരിശീലനം ഇല്ലല്ലോ എന്നു പറഞ്ഞപ്പോൾ അതു സാരമില്ല ഞാൻ രണ്ട് ഇംഗ്ലീഷ് ടെസ്റ്റ് ബുക്കു തരാം അതുവായിച്ചിട്ട് പോയി പഠിപ്പിച്ചോ എന്നു നിർദ്ദേശിച്ചു. സാമ്പത്തിക ഞെരുക്കം മൂലമാവാം രജിസ്റ്ററിൽ ഒപ്പിട്ടു പണം വാങ്ങാൻ നിൽക്കരുതെന്നും പറഞ്ഞു. ഞാൻ ചെന്നപ്പോൾ ഹെഡ്മാസ്റ്റർ ആയിരുന്ന എം. വി. ഏബ്രഹാം ഒരു വടി കൂടി തന്നു. പക്ഷേ അത് അധികം ഉപയോഗിക്കേണ്ടി വന്നില്ല. അങ്ങനെ മൂന്നു മാസം അവിടെ ഇംഗ്ലീഷ് പഠിപ്പിച്ചു. (അതിനുശേഷം യാദൃഛികമായി സ്കൂളിൽ വന്ന പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ അദ്ധ്യക്ഷതയിൽ ഒരു യാത്രയയപ്പ് കിട്ടി. ആ ഹൈസ്കൂളിലെ ആദ്യത്തെ യാത്രയയപ്പ് ആയിരുന്നു അത്) തിരുമേനിയാണ് എന്നെ ഡോക്ടർ ആക്കിയത് തിരുമേനി പ്രാർത്ഥിച്ച് ഒരു പരിചയവുമില്ലാത്ത പ്രിൻസിപ്പലിന് Dear

principal എന്ന സംബോധന ചെയ്ത് ഒരു ശുപാർശ കത്ത് എഴുതി തന്നു. ഞാൻ ആ കത്തുമായി മുമ്പൈയിലെ മിറാജ് മെഡിക്കൽ സെന്ററിൽ പോയി. എനിക്ക് കൂട്ടിന് തിരുമേനിയുടെ സഹോദരൻ കെ.ടി സക്കറിയേയും (വല്ല്യച്ചായൻ) വന്നു. മെഡിക്കൽ കോളേജ് പ്രിൻസിപ്പലിനെ കണ്ട് ഞങ്ങൾ ശുപാർശ കത്ത് കൊടുത്തു. തിരുമേനിയുടെ കത്ത് വായിച്ചു പ്രിൻസിപ്പൽ സന്തോഷപൂർവ്വം എനിക്ക് M.B.B.S ന് അഡ്മിഷൻ നൽകി. അങ്ങനെയാണ് ഞാൻ ഒരു ഡോക്ടർ ആയത്. അതിനിടയിലാണ് അദ്ദേഹം ആകസ്മികമായി അന്തരിച്ചത്. ലളിതജീവിത പ്രേമിയായ അദ്ദേഹം സാധാരണ തുണി കൊണ്ടുള്ള ചുവന്ന കുപ്പായമായിരുന്നു ധരിച്ചിരുന്നത്. മെട്രോപ്പോലീത്തൻ ഹൈസ്കൂൾ പണിയുന്ന സമയത്ത് സൈഡ്റൂമിലാണ് അന്തിഉറങ്ങിയിരുന്നത്. ജോലിക്കാരെ സഹായിക്കുന്നതിൽ തല്പരനായിരുന്നു. ഒരിക്കൽ ബഥേലിലെ കെട്ടിടത്തിന്റെ ഓട് ഇടുമ്പോൾ കുപ്പായത്തിന്റെ കൈ ചുരുട്ടിവച്ചു അവരെ സഹായിക്കുന്നത് ഞാൻ നേരിൽ കണ്ടിട്ടുണ്ട്.

മാക്കാംകുന്നിലേക്ക് മിക്കവാറും ബസിലായിരുന്നു യാത്ര. ഒരാൾ തിരുമേനിയോട് ഇതു നമുക്ക് കുറച്ചിലാണല്ലോ എന്നു പറഞ്ഞപ്പോൾ, മശിഹാ തമ്പുരാൻ കഴുതപ്പുറത്തായിരുന്നു യാത്ര ചെയ്തിരുന്നതെന്നും അതു കൊണ്ട് ഞാൻ ബസിൽ പോകുന്നത് കുറച്ചിലൊന്നും അല്ലെന്നും മറുപടി പറഞ്ഞു. അതു പോലെ നിശ്ചിത വരുമാനം ഇല്ലാത്തവർക്ക് കാർ മെയിന്റയിൻ ചെയ്യാൻ ഒക്കുകയില്ലെന്നും പറഞ്ഞു. അദ്ദേഹം ഒരിക്കൽ പറഞ്ഞു. Our motto should be low living and high thinking എന്റെ പിതാവ് പൂപ്പള്ളിൽ കുഞ്ഞുമായി തിരുമേനിക്കും, പിതാവ് കിഴക്കേത്തലയ്ക്കൽ വല്യച്ചനും കുടുംബാംഗങ്ങൾക്കും വലിയ സ്നേഹബന്ധമായിരുന്നതിനാൽ ഇടയ്ക്കു തിരുമേനി വീട്ടിൽ വരികയും ഭക്ഷണം കഴിക്കുകയും സഭാകാര്യങ്ങൾ സംസാരിക്കുകയും ചെയ്യുമായിരുന്നു. ഒരിക്കൽ വന്നപ്പോൾ മാക്കാംകുന്ന് കണ്ടിട്ടുണ്ടോയെന്ന് എന്നോട് ചോദിച്ചു. ഇല്ലെന്നു പറഞ്ഞപ്പോൾ കാറിൽ കയറിക്കോ ഞാൻ അങ്ങോട്ട് പോകുകയാണെന്ന് പറഞ്ഞു. പക്ഷേ ഇടയ്ക്ക് കോയിപുറത്ത് ഒരു ശവസംസ്ക്കാരം നടത്താനുണ്ടെന്നും അതു കഴിഞ്ഞ് പോകാമെന്നും പറഞ്ഞു. അപ്പോൾ ഞാൻ എനിക്കവിടെ ആരെയും പരിചയമില്ലല്ലോ എന്ന് പറഞ്ഞപ്പോൾ സൗകര്യം കിട്ടുമ്പോഴൊക്കെ മരണ വീടുകളിൽ പോകണമെന്നും അതിന് ബന്ധവും പരിചയവും വേണ്ടായെന്ന് മറുപടി തന്നു. ശവമടക്കും കഴിഞ്ഞ് ഞങ്ങൾ മാക്കാംക്കുന്നിൽ ചെന്നപ്പോൾ എന്നെ ബേയ്സിൽ ദയറായും കാതോലിക്കേറ്റ് ഹൈസ്കൂളും മറ്റും കൊണ്ടു നടന്നു കാണിച്ചു.അദ്ദേഹമാണല്ലോ കാതോലിക്കേറ്റ് കോളേജിന്റെയും കാരണഭൂതൻ.

ആതുര സേവനത്തിലുള്ള താൽപര്യം മൂലമാണ് പുത്തൻകാവിലെ സെന്റ് ആൻഡ്രൂസ് ഹോസ്പിറ്റൽ തിരുമേനി സ്ഥാപിച്ചത്. ഈ പ്രസ്ഥാനങ്ങളൊക്കെ സാമ്പത്തിക പ്രയാസങ്ങളുടെ നടുവിൽ എങ്ങനെ പൂർത്തീകരിക്കുമെന്ന് ഒരാൾ ചോദിച്ചപ്പോൾ ഉദ്ദേശ്യശുദ്ധിയും ദൈവാശ്രയവും ഉണ്ടെങ്കിൽ ഏതു കാര്യവും നടക്കുമെന്ന് മറുപടി പറഞ്ഞു.

ചിലപ്പോൾ ജോലിക്കാർക്ക് പണം നൽകാനില്ലാതെ നാളെ തരാം എന്നുപറയുന്ന സന്ദർഭങ്ങളിൽ നല്ല പാതിരായ്ക്ക് എന്റെ അപ്പന്റെ കല്ലറയ്ക്കൽ പോയി പ്രാർഥിക്കുമ്പോൾ പിറ്റേദിവസം അത്ഭുതകരമായി പണം എവിടെനിന്നെങ്കിലും വന്നു ചേരുമെന്ന് എന്റെ പിതാവിനോട് പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. മലങ്കരസഭയിൽ അങ്ങോളം ഇങ്ങോളം കൺവൻഷൻ പ്രസംഗങ്ങളിലൂടെ സഭാമക്കളെ സത്യവിശ്വാസത്തിൽ നിലനിർത്തുന്നതിന് വളരെ പ്രയ്നിച്ചിരുന്നു. രസകരമായ ഉപമകളിലൂടെ ആ യിരുന്നു പലകാര്യങ്ങളും സമർത്ഥിച്ചിരുന്നത് പുത്തൻകാവിലെ ഒരു കൺവൻഷൻ പ്രസംഗത്തിൽ മാത്തന്റെ പ്രാർത്ഥനയെക്കുറിച്ച് അദ്ദേഹം പരാമർശിച്ചു. മാത്തൻ ഒരു മദ്യപനായിരുന്നെങ്കിലും പ്രാർത്ഥിക്കണമെന്ന് നിർബന്ധമുണ്ട്. മദ്യലഹരിയിൽ വീട്ടിൽ വന്നതിനു ശേഷം രാത്രിയിൽ കർത്താവേ മാത്തനിതാ മലക്കുന്നു എന്ന് പറഞ്ഞിട്ട് ഉറങ്ങാൻ കിടക്കും. നമ്മുടെ പ്രാർത്ഥന അതു പോലെയാകാതെ ദൈവസാന്നിദ്ധ്യബോധത്തോടുകൂടി സമയമെടുത്തു പ്രാർത്ഥിക്കണമെന്നായിരുന്നു സമർത്ഥിച്ചത്.മറ്റൊരവസരത്തിൽ പുത്തൻകാവിലെ കൺവൻഷൻ പ്രസംഗത്തിനിടെ ഒരാൾ ഇരുന്ന് ഉറങ്ങുന്നത് കണ്ടപ്പോൾ ആ തൂണേൽ ചാരിയിരുന്ന് ഉറങ്ങുന്ന ആളിനോട് കൂടിയാണ് ഞാൻ പറയുന്നത് എന്ന് അറിയിച്ചു. അപ്പോൾ മയങ്ങിയിരുന്ന എല്ലാവർക്കും ഉണർവുണ്ടായി. പ്രസംഗം തുടങ്ങുമ്പോഴും ഇടയ്ക്കും പ്രധാനദൂതൻ കുഴലൂതിയിടുമ്പോൾ,

മോചനമതിനായി പാപികളെ വരുവീൻ യാചിപ്പിൻ, മുട്ടുന്നോർക്ക് തുറന്നീടുമേ നാഥൻ തൻ വാതിൽ മുതലായ ആത്മീയ ഗീതങ്ങൾ മധുരമായി പാടുക പതിവായിരുന്നു. പുത്തൻകാവ് പള്ളിയിൽ വരുമ്പോൾ ഞാനും വിശുദ്ധ കുർബ്ബാനയ്ക്ക് കൂടുമായിരുന്നു. ഒരു പ്രത്യേക അനുഭൂതിയായിരുന്നു അത്. അദ്ദേഹത്തിന്റെ സ്വരമാധുര്യം എല്ലാവരും ആസ്വദിച്ചിരുന്നു. ഓർത്തഡോക്സ് സഭയുടെ ഗാനകോകിലം. വിശുദ്ധ കുർബ്ബാന കഴിഞ്ഞ് കൈമുത്തിന്റെ സമയത്ത് കരുണക്കടലേ ഞാൻ നോക്കും, ദേവാതനയ എൻ പാപം പെരുകിപിഴകൾ വർദ്ധിച്ചയോ എന്ന ഗീതം പാടാനായിരുന്നു കൂടുതൽ താൽപര്യം തിരുമേനി നല്ല അദ്ധ്യാപകൻ കൂടിയായിരുന്നു. ശെമ്മാശനായിരുന്നപ്പോൾ കോട്ടയത്ത് എം. ഡി. ഹൈസ്കൂളിൽ പഠിപ്പിച്ചിരുന്നു. ഞാൻ പുത്തൻകാവ് മിഡിൽ സ്കൂളിൽ പഠിക്കുമ്പോൾ തിരുമേനി മാനേജർ ആയിരുന്നു. ചിലപ്പോൾ അവിടെ ക്ലാസിൽ വന്ന് ചോദ്യങ്ങൾ ചോദിക്കുകയും ശരിയായ ഉത്തരങ്ങൾ പറഞ്ഞു തരികയും ചെയ്തിരുന്നു. ഞാൻ കോളേജിൽ പഠിക്കുന്ന കാലം. അന്നവധിക്കു വരുമ്പോൾ തിരുമേനിയെ ചെന്നു കാണണമെന്നു നിർബന്ധമായിരുന്നു. തദവസരത്തിൽ പല നല്ല പുസ്തകങ്ങൾ വായിക്കുവാൻ തരുമായിരുന്നു. ഒരിക്കൽ ഒരു പുസ്തകത്തിൽ നിന്ന് താഴെക്കൊടുത്തിരിക്കുന്ന ഒരു വാചകം എന്നെ കാണാതെ പഠിപ്പിച്ചിട്ടാണ് വിട്ടത്. Self knowledge, Self Control and Self respect, these three alone can lead a man to sovereign power, വേറൊരു അവസരത്തിൽ തീവണ്ടി യാത്രയ്ക്ക് പോകുമ്പോൾ ആരോ തിരുമേനിക്കു കൊടുത്ത ഒരു cooling glass എനിക്കു തന്നു.

ആലപ്പുഴ ഇടവകക്കാർ ഒരു കഷ്ടാനുഭവ ആഴ്ച ശുശ്രൂഷ നടത്തുന്നതിന് തിരുമേനിയെ ക്ഷണിച്ചു. പുത്തൻകാവിൽ നിന്ന് കാറിൽ തിരുമേനിയോടു കൂടി എന്റെ ഒരു ബന്ധുവായ കയ്യാലക്കകത്ത് കെ. എം. ജോർജും ഞാനും പോയി. തിരുമേനി പള്ളിയിലും, ഞാൻ അപ്പച്ചന്റെ ജ്യേഷ്ഠ സഹോദരൻ പൂപ്പള്ളി കുട്ടിയച്ചന്റെ വീട്ടിലും താമസിച്ചു.

മിക്കവാറും ദിവസങ്ങളിലും വൈകിട്ട് അദ്ദേഹത്തെ കുതിര വണ്ടിയിൽ കടപ്പുറത്തേക്ക് കുറച്ചു വിശ്രമത്തിനുവേണ്ടി കൊണ്ടുപോകും ഞാനും കൂടെ കാണും.

ഒരു ദിവസം വൈകിട്ട് വികാരി ആയിരുന്ന കൊറ്റാത്തു വിള തോമസ് അച്ചൻ തിരുമേനി യുടെ കാപ്പ നോക്കിയപ്പോൾ വളരെ പഴക്കം ചെന്നതാണെന്നു കണ്ടു. അദ്ദേഹം അറിയാതെ ഒരാളിനെ അയച്ച് പാമ്പാടി തിരുമേനിയുടെ ഒരു നല്ല കാപ്പ വരുത്തി. മനസ്സില്ലാമനസ്സോടെ അത് വിശുദ്ധ കുർബ്ബാനയ്ക്ക് ആയി ഉപയോഗിച്ചു. പോരാൻ നേരം ആലപ്പുഴ ഇടവകക്കാർ ഒരു നല്ല കാപ്പ സമ്മാനിച്ചു.

സൗകര്യം കിട്ടുമ്പോഴൊക്കെ മരണ വീടുകളിൽ പോകണമെന്നും അതിന് ബന്ധവും പരിചയവും വേണ്ടായെന്ന് മറു പടി തന്നു.

കഷ്ടാനുഭവ ആഴ്ചയിലെ ശുശ്രൂഷകർ കഴിഞ്ഞ് തിരുമേനിയെ അവർ കുട്ടിയച്ചന്റെ മോട്ടോർബോട്ടിലാണ് തിരിച്ച് അയച്ചത്. ഒപ്പം എന്റെ പിതാവും ഞാനും ഉണ്ടായിരുന്നു. ആറ്റിൽ ഒഴുക്കുണ്ടായതിനാൽ ബോട്ടിനു വേഗത്തിൽ പോകാനായില്ല. തന്മൂലം വളരെ വൈകി രാത്രിയാവുകയും ചെയ്തു. കല്ലിശ്ശേരി ഇറപ്പുഴക്കടവിന് കുറെ താഴെവച്ച് ബോട്ട് നിന്നുപോയി. തുടർന്ന് ജോലിക്കാർ കഴുകോൽ കൊണ്ട് ഊന്നി വളരെ ബുദ്ധിമുട്ടി ഇറപ്പുഴക്കടവിൽ എത്തി. പാതിര കഴിഞ്ഞിട്ടുണ്ട്. വാഹനങ്ങൾ ഒന്നും കിട്ടാതെ തിരുമേനിയും ഞങ്ങളും നടന്ന് ബഥേലിൽ ചെന്നു. അന്നു രാത്രി അവിടെ താമസിച്ചു.

ആ മാതൃകാജീവിതം നമുക്കെന്നും പ്രചോദനവും വഴികാട്ടിയുമായിരിക്കട്ടെ. ആ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.



through Dr Isaac

The Most Reverend
MAR PHILOXENOS, M. A., B. D.

Chengannur
26-5-48

Dear Principal,

This is to recommend P.V. Koshy for admission in your medical college. He has appeared for the B.Sc. course, at Tambaram. He is very excellent in character & belongs to an ancient & respectable Syrian Christian family personally known to me. He is a member of the Malankara Orthodox Church of which I am a Metropolitan. May I request that the bearer be granted admission!

Yours faithfully,
Mar Philoxenos

എം.ബി.ബി.എസ് അഡ്മിഷന് പി.വി.കോശിക്ക് പുത്തൻകാവിൽ കൊച്ചുതിരുമേനി നൽകിയ ശിപാർശ കത്ത്

കുന്നംകുളത്തിന്റെ ഹൃദയം കവർന്ന പുത്തൻകാവിൽ കൊച്ചുതിരുമേനി

കെ. വി ചാക്കോ, എം. എ

മലങ്കര സുറിയാനിസഭയിൽ നിന്നും എം. എ പാസ്സായ ആദ്യത്തെ വൈദികൻ ഫാദർ. പി.റ്റി ഗീവറുഗീസ് (തിരുവനന്തപുരം ആർച്ച് ബിഷപ്പ്) സെറാപൂർ കോളേജിൽ പ്രഫസറായി ഇരിക്കുന്നകാലം മലങ്കരസഭയിൽ അന്ത:ഛിദ്രങ്ങൾ തല പൊങ്ങിത്തുടങ്ങി കഴിഞ്ഞിരുന്നു. വട്ടശേരി തിരുമേനിയുടെ വിശ്വസ്ത ശിഷ്യനായ പണിക്കർ കത്തനാർ തിരുമേനിയുടെ ആശയങ്ങളും ആശകളേയും സഫലീകരിക്കാൻ സദാ ഉൽസുകനായിരുന്നു. അതിനാൽ കൽക്കട്ട സെറാപൂർ കോളേജിൽ പലരെയും അദ്ദേഹം വിദ്യാഭ്യാസം ചെയ്യിച്ചുകൊണ്ടിരുന്നു.

1915-ൽ ഫാ. പി. റ്റി ഗീവർഗീസിനോടുകൂടെ ഒരു ശെമ്മാശ്ശനും സെറാപൂറിൽ എത്തി. ഇന്നത്തെ റീത്ത് മെത്രാൻ മാർ തെയോഫിലോസ് ആയിരുന്നു ആ ശെമ്മാശൻ. മുക്കഞ്ചേരി പത്രോസ് ശെമ്മാശൻ, വാഴക്കുഴി യൗസേപ്പ് ശെമ്മാശൻ ഇങ്ങനെ ഒരു സംഘം ശെമ്മാശൻമാർ പുറമേ പോയി പഠിക്കുകയാണ്. അവരിൽ ഏറ്റവും ചെറുപ്പമായ കെ. റ്റി. ഗീവർഗ്ഗീസ് ശെമ്മാശ്ശൻ കോളേജിൽ മിടുക്കനായ വിദ്യാർത്ഥിയായിരുന്നു. പ്രഫസർമാരിൽ നിന്ന് ഉണ്ടായ അഭിപ്രായങ്ങൾ സഭയ്ക്ക് തന്നെ ഒരഭിമാനമായിരുന്നു. ഒരു നല്ല ഫുട്ബോൾ കളിക്കാരനുമായിരുന്നു. ബി.ഡി. പരീക്ഷ പാസ്സായി സ്വദേശത്ത് എത്തിയ ശെമ്മാശൻ അഞ്ചാറു കൊല്ലം കഴിഞ്ഞു വീണ്ടും കൽക്കട്ടയ്ക്ക് തന്നെ പോയി ഇംഗ്ലീഷ് സാഹിത്യത്തിൽ എം. എ പരീക്ഷയ്ക്ക് ചേരാനായിരുന്നു ആപോക്ക് .അദ്ദേഹത്തിന്റെ വലിയ ഒരു കഴിവാണ് എന്ത് വായിച്ചാലും തക്കസമയത്ത് അതങ്ങനെത്തന്നെ ആവർത്തിക്കാനുള്ള പാടവം. അതിനാൽ അന്ന് കോളേജിൽ പലരും എം. എ മൂന്നാം ക്ലാസ്സിൽ പാസ്സായപ്പോൾ കെ.റ്റി. ഗീവർഗീസ് ശെമ്മാശൻ രണ്ടാം ക്ലാസിൽ പാസ്സായി. ഇത് 1927-ൽ ആണ്. എം. എ ഡിഗ്രിയെടുത്ത് രണ്ടു കൊല്ലം കഴിഞ്ഞകാലത്താണ് പഴഞ്ഞിയിലെ കൺവെൻഷൻ പ്രസംഗികനായി ഈ ശെമ്മാശ്ശൻ മലങ്കരസഭയുടെ വടക്കേഭാഗം ആദ്യം കണ്ടത്. അതും പരിശുദ്ധ പിതാവായ കതോലിക്കബാവാതിരുമേനിയുടെ പരിവാരത്തിലെ ഒരു പ്രമുഖാംഗമായിട്ടും.

പുത്തൻകാവിൽ കിഴക്കേതലക്കൽ തോമസ് കത്തനാരുടെ രണ്ടാമത്തെ പുത്രനാണ് ഈ ശെമ്മാശ്ശൻ. വളരെയധികം പട്ടക്കാരെ സമുദായ സേവനാർത്ഥം നേർച്ച വെച്ച ഈ കുടുംബത്തിന് ഒരു കൊച്ചു ശെമ്മാശൻ എം. എ ബി. ഡി. ബിരുദധാരിയാക്കാനുള്ള ധനവ്യയം ചെയ്യുവാനുള്ള ശക്തിയുണ്ടായിരുന്നില്ല എങ്കിലും അതും ഈശ്വരാനുഗ്രഹം കൊണ്ട് സാധിച്ചത് പൂർവ്വികന്മാരിൽ നിന്നും വ്യത്യസ്തമായ ഒരുദ്ദേശം തന്നെക്കൊണ്ട് സഭയ്ക്ക് ഉണ്ടെന്നുള്ളതിനാലാണ്.

ശെമ്മാശന്റെ കുടുംബം മാവേലിക്കരയിൽ ആയിരുന്നു. അത് വിപുലമായപ്പോൾ ചെങ്ങന്നൂരിലേക്കും പുത്തൻകാവിലേക്കും തിരിഞ്ഞു പാർത്തു. അങ്ങനെയുള്ള ഒരു കുടുംബത്തിൽ ജനിച്ച ഒരു അംഗമായ ശെമ്മാശ്ശൻ പൂർണ്ണ ശെമ്മാശൻ ആകുന്നത് ആർത്താറ്റു വെച്ചാണെന്നത് ദൈവനിയോഗം ആണ്. ശെമ്മാശ്ശനും അതിൽ അഭിമാനം ഉൾക്കൊള്ളുന്നു. ഈ പട്ടക്കൊട കൊണ്ട് എം. എ.ബി.ഡി. ശെമ്മാശ്ശന് ആർത്താറ്റ് കുന്നംകുളം ഇടവകയുമായി ഒരഭേദ്യമായ ധാർമ്മികവും വൈകാരികവുമായ ഒരു ബന്ധം ഉണ്ടായി. കഷ്ടാനുഭവ ആഴ്ചയിൽ ഒരു ദിവസം ഫാ: കെ. ഡേവിഡും മറ്റ് ശെമ്മാശൻമാരും ആർത്താറ്റ് പള്ളിയുടെ മുറിത്തട്ടിലിരിക്കുന്നു. തെക്കു വരാന്തയുടെ കിഴക്ക് ഭാഗത്ത് താല്കാലികമായുണ്ടാക്കിയ ഒരു മുറിയിലാണ് പുലിക്കോട്ടിൽ റമ്പാച്ചൻ താമസിക്കുന്നത്. റമ്പാച്ചന്റെ മുറിയിൽ നിന്നും " നസ്രാണിദീപിക" എടുത്ത് മറിച്ചും തിരിച്ചും പ്രധാന വാർത്തകൾ വായിച്ച കൂട്ടത്തിൽ ബഥനി ആശ്രമം കത്തോലിക്ക ബിഷപ്പ് ബെൻസിഞ്ചർ സന്ദർശിച്ചു എന്ന റിപ്പോർട്ട് ഏവരുടേയും ശ്രദ്ധയ്ക്ക് വിഷയമായി. അന്നു തന്നെയുള്ള "പ്രതിദിനം" ദിന പത്രത്തിലും ഇതേ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിരുന്നു. ബഥനി ആശ്രമം മേൽക്കു മേൽ പുരോഗമിച്ച് വരുന്ന ഒരു പ്രസ്ഥാനമാണ്. മലങ്കര സുറിയാനി സഭയുടെ സുവിശേഷ മർമ്മം സഫലീകരിക്കാൻ യുവാക്കന്മാരുടെ നായകനായ മാർ ഇവാനിയോസ് മെത്രാച്ചൻ തുടങ്ങി വച്ച ഈ പ്രസ്ഥാനത്തിന്റെ ഉൽക്കർഷണത്തിൽ സമുദായത്തിന് വളരെയധികം അഭിമാനമുണ്ടായിരുന്നു. ഈ വാർത്ത ബാവാ തിരുമേനിയുടെ മുഖത്ത് അല്പമൊരു വിഷാദാത്മകത്വം പ്രതിബിംബിച്ചു. ഈവാനിയോസ് മെത്രാച്ചൻ അധികം താമസ്സിക്കാതെ കത്തോലിക്ക സഭയുടെ കൊല്ലം അരമനയിൽ ബിഷപ്പ് ബെൻസിഞ്ചർ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് തിരുവനന്തപുരം ആർച്ച് ബിഷപ്പായി മലങ്കര സഭ വിട്ടു.

മലങ്കര സഭയിലെ ഒരു അഭ്യസ്തവിദ്യനായ തിരുമേനി മാതൃ സഭയെ കൈവെടിഞ്ഞ് കത്തോലിക്ക സഭയിൽ ചേർന്നപ്പോൾ ഒരു പി. റ്റി ഗീവറുഗീസ് (മാർ ഇവാനിയോസ്) എം.എ.ക്കാരനു പകരം ധീഷണ ശാലിയായ വട്ടശ്ശേരിൽ തിരുമേനി തെരെഞ്ഞെടുത്തത് കെ.റ്റി ഗീവർഗ്ഗീസ് റമ്പാനെയാണ്. മാർ പീലക്സിനോസ് എന്ന അഭിധാനത്തിൽ ഒരാൾ മൂന്നാം ക്ലാസ്സ് എം. എ. യെങ്കിൽ മറ്റെയാൾ രണ്ടാം ക്ലാസ് എം. എ ക്കാരൻ. സഭയെ കൈവെടിഞ്ഞ തിരുമേനി

ധനതത്വശാസ്ത്രകാരൻ ആയിരുന്നെങ്കിൽ സഭാസംരക്ഷകനായനായ തിരുമേനി ഇംഗ്ലീഷ് സാഹിത്യകാരൻ രണ്ടുപേരും മാവേലിക്കരയോട് ബന്ധപ്പെട്ടവർ, അല്ലയോ മാവേലിക്കരയേ നിന്നിൽ നിന്നുതന്നെ സഭയുടെ നായകൻ ഉണർന്നു. സത്യസന്ധതയോടും വിശ്വസ്തതയോടും കൂടി മാതൃസഭയെ സേവിച്ച് യജമാനന്റെ സന്നിധി പൂകി ഗീവർഗീസ് എന്ന അഭിധാനം സ്ഥിരതയുടെയും വിശ്വസ്തതയുടെയും പര്യായമായി തീർന്നു. സുറിയാനി മെത്രാൻമാർ എന്ന് കേൾക്കുമ്പോൾത്തന്നെ ആഡംബരങ്ങളുടെ ഒരു നീണ്ട പട്ടികയാണ് ഏവർക്കും ഓർമ്മവരിക രാജർഷിമാർക്ക് യുക്തമായ സകല പദവികളും അവർക്കുണ്ട്. മഹാരാജാക്കന്മാരുടെ ഒപ്പം അവർക്ക് സ്ഥാനമുണ്ട്. ഈ പരമ്പരാഗതമായ സ്ഥാനമാനങ്ങൾ മൺച്ചട്ടിയും മരവടിയുമേന്തിയ സന്യാസീ മെത്രാസന്മാർക്കും കൂടി ഉണ്ടായിരുന്നു. എന്നാൽ ആ രാജകീയയുഗവും, ജീവിതക്രമവും കാലചക്രത്തിനൊത്ത് പല പരിവർത്തനങ്ങൾക്കും വിധേയമായിട്ടുണ്ടെന്ന് നന്നായിയറിഞ്ഞ ഒരു തിരുമേനിയാണ് പുത്തൻകാവിൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്ത. മേനാവും പല്ലക്കും എഴുന്നള്ളത്തിനുപയോഗിച്ചിരുന്ന യുഗം കടന്നുപോയെന്ന് അദ്ദേഹം തന്നെ സഭയ്ക്ക് കാണിച്ചുകൊടുത്തു വെറും ലൈൻബസിൽ ഒരു സാധാരണക്കാരനെപോലെ യാത്രചെയ്യുന്നത് തിരുമേനിക്ക് സന്തോഷമായിരുന്നു. സുറിയാനി മെത്രാന്മാരുടെ പാരമ്പര്യങ്ങളുടെ മുരടിൽ വെൺമഴു എറിഞ്ഞ ഒരു നവീനനായ തിരുമേനി എന്ന പേര് അദ്ദേഹത്തിന് തികച്ചും അനുരൂപമായ ഒന്നാണ്.

സുറിയാനിസഭയുടെ പുരാതനതത്വത്തോടു കൂടിത്തന്നെ പല പാരമ്പര്യങ്ങളും സഭയിൽ കടന്നുകൂടി സ്ഥലം പിടിച്ചിട്ടുണ്ട്. അതോടുകൂടി ഇടവകഭരണം വളരെ ക്ലേശസമ്പൂർണ്ണമായ ഒന്നായിമാറി. വൈദികഗണങ്ങളും ഇടവകാംഗങ്ങളും ഭിന്നകക്ഷികളായി തിരിഞ്ഞ് വഴക്കടിക്കുന്ന ഒരു പതിവ് സമുദായത്തിൽ വളരെക്കാലം മുമ്പേത്തന്നെ നിലനിന്നുവരികയാണ്. ഈ വഴക്കിന്നടിയിൽ കിടക്കുന്ന പിശാച് എന്താണെന്ന് നല്ലപോലെ ഗ്രഹിക്കാനും അതിനെ ദൂരികരിക്കാൻ പ്രതിവിധിയെന്തെന്ന് നിർദ്ദേശിക്കാനും തിരുമേനിക്ക് നന്നായറിയും ഏതൊരുവന്റെയും ന്യൂനതയെ മുഖത്തുനോക്കി ഫലിതരസത്തിൽ പറയാൻ ഒരു പാടവം അദ്ദേഹത്തിനുണ്ടായിരുന്നു. കൺവെൻഷൻ പ്രസംഗത്തിന് സന്നിഹിതരായ ബഹുമാനപ്പെട്ട പട്ടകാർക്ക് ഇതു നല്ലപോലെ അനുഭവപ്പെട്ടിട്ടുള്ളതാണ്.

മാർ പീലക്സിനോസ് മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് മെത്രസ്ഥാനഭിഷേകം കഴിഞ്ഞ് ആദ്യമായി കുന്നകുളത്ത് എഴുന്നള്ളിയത് വട്ടശ്ശേരി തിരുമേനിയുടെ ഒപ്പമായിരുന്നു അന്ന് കുന്നംകുളത്തെ ഭക്തജനങ്ങൾ ഗംഭീരമായ ഒരു സ്വീകരണമാണ് നൽകിയത്. ആയതിനു ശേഷം ഇടയ്ക്കിടെ ഇവിടെ ഉണ്ടായിക്കൊണ്ടിരുന്ന പള്ളിവഴക്കുകളിലും അദ്ദേഹം മദ്ധ്യസ്ഥം വഹിച്ചിട്ടുണ്ട്. അതിനാൽ ശെമ്മാശ്ശനായിരുന്നകാലത്ത് തിരുമേനിക്കുണ്ടായ സ്നേഹിതന്മാരോട് സ്നേഹബന്ധം പുലർത്തുവാൻ തിരുമേനിക്ക് സാധിച്ചു പോന്നു. റീത്ത് പ്രസ്ഥാനത്തോടു മല്ലടിച്ചു കൊണ്ടു സഭയാകമാനം ചുറ്റി സഞ്ചരിച്ചിരുന്ന വേളയിലും കുന്നംകുളത്തു കുറച്ചു താമസിക്കുകയെന്നത് വലിയ സന്തോഷമായിരുന്നു തിരുമേനിക്ക്. അനാഡംബരപൂർവ്വമായ ജീവിതം തിരുമേനിയുടെ എഴുന്നള്ളത്ത് മൂലം ആരെയും ഒരു തരത്തിലും ബുദ്ധിമുട്ട് ഉണ്ടാക്കിയില്ല.

കുന്നംകുളത്ത് വിശ്രമമെടുക്കാൻ എഴുന്നെള്ളുന്ന തിരുമേനിയുടെ ജീവിതക്രമം കാര്യപരിപാടികളെ കൊണ്ടു പൊടിപൂരമായിരുന്നു. എന്തിനും തികഞ്ഞ സന്നദ്ധത, എന്തും സഹിക്കാനുള്ള ത്രാണി, ഇവയ്ക്ക് ഉപരിയായി സ്നേഹപൂർവ്വമായ പെരുമാറ്റം തുടങ്ങിയ ഗുണങ്ങൾ തിരുമേനിയെ എല്ലാവരുടെയും കണ്ണിലുണ്ണിയാക്കി. ഈ ഇടവക സന്ദർശനം കഴിഞ്ഞ് തിരുമേനി മടങ്ങുകയെന്നത് കുന്നംകുളത്തുകാർക്ക് വലിയ വ്യസനത്തിന് പോലും കാരണമായി. യുവാക്കന്മാരുടെ ആത്മീയ അഭിവൃദ്ധിക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിലും അവരുടെ പുരോഗമനപരിപാടികളിൽ നായകത്വം വഹിക്കുന്നതിലുള്ള താല്പര്യത്തിലും തിരുമേനിയുടെ നിഷ്ഠയിലും യുവാക്കളുടെ ഹൃദയമാകെ തിരുമേനി കവർന്നെടുത്തു. തിരുമേനി ഇല്ലാത്ത കൺവെൻഷൻ യോഗങ്ങൾ ഉപ്പില്ലാത്ത കഞ്ഞിപോലെയായിരുന്നു കുന്നംകുളത്തുകാർക്ക്.

പുത്തൻകാവിൽ കൊച്ചുതിരുമേനി കുന്നംകുളത്തെ സ്നേഹിച്ചു. കുന്നംകുളം മറ്റു തിരുമേനിമാരേക്കാൾ കൂടുതലായി ഈ കൊച്ചുതിരുമേനിയെ സ്നേഹിച്ചു. ഇടയൻ ആടുകൾക്കിടയിൽ ജീവിച്ച്, പ്രവർത്തിച്ച് ജീവൻ നല്കി കുന്നംകുളത്തിന് എക്കാലവും ഈ കൊച്ചുതിരുമേനിയുടെ ഓർമ്മകൾ ആവേശകരവും അതുപോലെ തന്നെ ദുഃഖകരവുമാണ്.

(1951-ൽ, പ്രസിദ്ധീകരിച്ച മാർ പീലക്സിനോസ് സുവനീറിൽ നിന്ന എടുത്ത ലേഖനം.)

മാർ ഈവാനിയോസ്

വട്ടശ്ശേരി തിരുമേനി 1908 സെപ്റ്റംബർ 15-ന് വൈദീക പട്ടവും പരിശുദ്ധ ബസേലിയോസ് ഗീവറുഗീസ് ഒന്നാമൻ കാതോലിക്ക ബാവ 1925 മെയ് 1-ന് നിരണം പള്ളിയിൽ വെച്ച് മെത്രാപ്പോലീത്ത പട്ടവും നൽകി. വിശുദ്ധ മദ്ബഹായിൽ പരിശുദ്ധ കാതോലിക്കബാവായുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് മെത്രാപ്പോലീത്ത സ്ഥാനം ഏറ്റെടുത്തു. 5വർഷക്കാലം മലങ്കര ഓർത്തഡോക്സ് സഭയുടെ മെത്രാപ്പോലീത്തയായി പ്രവർത്തിച്ചതിനുശേഷം 1930 സെപ്റ്റംബർ 20-ാം തീയതി മലങ്കര ഓർത്തഡോക്സ് സഭ വിട്ട് സ്വിറ്റ്സർലൻഡ് സ്വദേശിയായ കൊല്ലം ബിഷപ്പ് അലോഷ്യസ് മരിയ ബെൻസിഞ്ചർ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് കത്തോലിക്ക സഭയിൽ ചേർന്ന് റീത്ത് പ്രസ്ഥാനം ആരംഭിച്ചു. 1932-ലാണ് മാർ ഈവാനിയോസ് ആദ്യമായി റോമിൽ പോയി പരിശുദ്ധ പയസ് XI പോപ്പിനെ സന്ദർശിച്ചത്

മരിയ അലോഷ്യസ് ബെൻസിഞ്ചർ
(1864 - 1942)

സ്വിറ്റ്സർലൻഡ് സ്വദേശിയായ കൊല്ലം ബിഷപ്പായിരുന്നു. മാർ ഇവാനിയോസ് സഭ വിട്ട് 1930 സെപ്റ്റംബർ 20-ാം തീയതി കത്തോലിക്കാ സഭയിൽ ചേർന്നത് ഇദ്ദേഹത്തിന്റെ മുൻപിൽ സത്യപ്രതിജ്ഞ ചെയ്താണ്.

പുത്തൻകാവിൽ കൊച്ചുതിരുമേനി

മലങ്കര സഭയുടെ അഭിമാനം

എം.ജി. ജോർജ് മുത്തൂറ്റ്
അൽമായ ട്രസ്റ്റി

എന്റെ പിതാവ് ശ്രീ. എം. ജോർജുമായി പുത്തൻകാവിൽ കൊച്ചു തിരുമേനിയ്ക്ക് വലിയ ആത്മബന്ധമുണ്ടായിരുന്നു. പുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ കബറിടത്തിൽ പോയി അദ്ദഹം പ്രാർത്ഥിക്കുന്ന പതിവുണ്ടായിരുന്നു. മലങ്കര സഭയുടെ പ്രതിസന്ധി ഘട്ടത്തിൽ സഭാവിശ്വാസികളെ പാറപോലെ സഭയിൽ ഉറപ്പിച്ച് നിറുത്തിയത് പുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ ഉജ്ജ്വല പ്രഭാഷണങ്ങളും പ്രവർത്തനങ്ങളും ആയിരുന്നു.

വിദ്യാഭ്യാസത്തിൽ കൂടി മാത്രമേ ഒരു തലമുറയ്ക്ക് ഉയർച്ച ഉണ്ടാകുകയുള്ളുവെന്ന് വിശ്വസിച്ച തിരുമേനി അനേക വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചു. പത്തനംതിട്ടയിലും പുത്തൻകാവിലും ഇന്ന് കാണുന്ന സാമ്പത്തിക പുരോഗതി തിരുമേനിയുടെ ഉൾകാഴ്ചയുടെ ഫലമാണ്.

കഴിഞ്ഞ ഏതാനും ദിവസങ്ങൾക്ക് മുമ്പ് പുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ കബറിടം സന്ദർശിച്ചപ്പോൾ പുത്തൻകാവിൽ കൊച്ചു തിരുമേനി കാലം ചെയ്തപ്പോൾ യശഃശരീരനായ ശ്രീ. കെസി. മാമ്മൻ മാപ്പിള എഴുതി 1951 ഏപ്രിൽ 18 ന് പ്രസിദ്ധീകരിച്ച മുഖപ്രസംഗം തിരുമേനിയുടെ കബറിടത്തിന് സമീപം പ്രത്യേകം സ്ഥാപിച്ചിരുന്നത് വായിക്കാനിടയായി. ആ മുഖപ്രസംഗത്തിൽ തിരുമേനിയുടെ പ്രവർത്തനങ്ങളുടെ മഹത്വം പൂർണ്ണതയോടു കൂടി എഴുതിട്ടുണ്ട്. സഭ മക്കൾക്ക് ഏക്കാലവും ആവേശം പകർന്നിരുന്ന പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ പ്രവർത്തനങ്ങൾ സഭാമക്കൾ പഠനവിഷയമാക്കണം പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അനുഗ്രഹം നമ്മുക്ക് ഏവർക്കും ഉണ്ടാകട്ടെയെന്ന് ആശംസിക്കുന്നു.

1925 മെയ് 1-ാം തീയതി വിശുദ്ധ മർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച നിരണം സെന്റ് മേരീസ് പള്ളിയുടെ വിശുദ്ധ മദ്ബഹായിൽ മാർ ഈവനിയോസ് പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവ മുമ്പാകെ എപ്പിസ്കോപ്പ സ്ഥാനം ഏറ്റപ്പോൾ ചൊല്ലിയ സത്യപ്രതിജ്ഞ

വെടിപ്പുള്ള ശ്ലീഹന്മാരുടെ വിശ്വാസത്തിലും, പരിശുദ്ധ മൂന്ന് സുന്നഹദോസുകളുടെ വിശ്വാസത്തിലും നിലനിന്നിട്ടുള്ളവരായ തീക്കടുത്ത മോർ ഇഗ്നാത്തിയോസ് തുടങ്ങി, ദീവന്നാസ്യോസ്, അത്താനാസ്യോസ്, യൂലിയോസ്, കൂറീലോസ്, ബസേലിയോസ്, ഗ്രീഗോറിയോസ്, ദീയസ്കോറോസ്, സേവേറിയോസ്, തീമോത്തിയോസ്, പീലക്സീനോസ്, അന്തീമോസ്, തെരഞ്ഞെടുക്കപ്പെട്ട ഉന്നതനായ മോർ ബർസൗമാ എന്നിവരും, ദൈവത്തിന്റെ പരിശുദ്ധ സഭയിൽ അവരെപ്പോലെ എഴുന്നേറ്റിട്ടുള്ളവരും, എഴുന്നേൽക്കുന്നവരുമായ സകല മൽപ്പാന്മാരുമായ എല്ലാ പരിശുദ്ധ പിതാക്കന്മാരേയും ഞാൻ സ്വീകരിക്കുന്നുവെന്ന് ദൈവതിരുമുമ്പാകെ ഞാൻ സമ്മതിച്ച് ഏറ്റു പറയുന്നു.

സ്ഥിരമുള്ള പൗരസ്ത്യ ശ്ലൈഹിക സിംഹാസനത്തിന്മേൽ ഇന്ന് ആരൂഢനായിരിക്കുന്ന മോറാൻ മോർ ബസ്സേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കായുടെ മഹാപുരോഹിത സ്ഥാനത്തിനു ക്രിസ്തീയ വിശ്വാസത്തിന് കടപ്പെട്ടിരിക്കുന്ന പ്രകാരം അനുസരണം അർപ്പിപ്പാൻ എനിക്ക് വിഹിതമാകുന്നു. അദ്ദേഹത്തിന്റെ കൽപനകളെ ഞാൻ എപ്പോഴും അനുസരിക്കുകയും, അംഗീകരിക്കുകയും, സമ്മതിക്കുകയും ചെയ്യുന്നതാകുന്നു. അദ്ദേഹത്തിന്റെ വചനങ്ങൾ വിട്ട് ഞാൻ മാറിപ്പോവുകയില്ല. ഇത് ഞാൻ ചെയ്യുന്നത് സ്വമനസ്സാലെയാകുന്നു. നിർബന്ധത്താലല്ല. എല്ലാത്തര വിശേഷതയോടുകൂടിയുമാകുന്നു. അദ്ദേഹത്തിന്റെ ലിഖിതങ്ങൾ ഞാൻ സ്വീകരിക്കുമെന്നും, ബലഹീനനായ ഞാൻ ജീവനോടിരിക്കുന്നിടത്തോളം അദ്ദേഹത്തിന്റെ കൽപ്പനകൾ വിട്ട് ഞാൻ ഇടത്തോട്ടോ വലത്തോട്ടോ മാറുകയില്ലെന്നും വീണ്ടും വാഗ്ദത്തം ചെയ്യുന്നു. ഇപ്പോൾ ദൈവമുമ്പാകെയും തന്റെ പരിശുദ്ധ മദ്ബഹായുടെ മുമ്പാകെയും, വിശുദ്ധ രഹസ്യങ്ങളുടെ മുമ്പാകെയും ഞാൻ ഏറ്റുപറയുന്നു. ജീവനുള്ള സ്ലീബായും, വന്ദനീയമായ ഏവൻഗേലിയോനും പുകഴ്ചയുള്ള ഈ വൈദീക സംഘവും, ബഹുമാനമുള്ള ഈ ജനക്കൂട്ടവും എന്റെ ഈ വാഗ്ദത്തത്തിന് സാക്ഷികളാകുന്നു. ഈ വാഗ്ദത്തം ഞാൻ ഭേദപ്പെടുത്തുകയോ അദ്ദേഹത്തിന്റെ മഹാപുരോഹിത സ്ഥാനത്തിന്റെ കൽപ്പന ഞാൻ അനുസരിക്കാതിരിക്കുകയോ അദ്ദേഹത്തിനെതിരായി മറുതലിക്കുകയോ, അദ്ദേഹത്തിന്റെ കൽപ്പനകളിൽ നിന്നും തെറ്റിപ്പോവുകയോ അദ്ദേഹത്തിനെതിരായി നിൽക്കുകയോ അദ്ദേഹത്തിന് എതിരാളിയായി തീരുകയോ, ഓർത്തഡോക്സ് സുറിയാനിക്കാരുടെ മാർഗ്ഗത്തിനെതിരായുള്ള മറ്റുമാർഗ്ഗം പിൻതുടരുകയോ നമ്മുടെ സഭയുടെ ക്രമീകരണത്തിനെതിരായുള്ള എന്തെങ്കിലും അവലംബിക്കുകയോ പരിശുദ്ധ മൂന്ന് സുന്നഹദോസുകളുടെ വിശ്വാസത്തിനെതിരായുള്ള വിശ്വാസം വിശ്വസിക്കുകയോ ചെയ്യുന്ന നാളിൽ ശ്ലീഹന്മാരിൽ

പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്ക ബാവാ

സ്ഥിരമുള്ള പൗരസ്ത്യ ശ്ലൈഹിക സിംഹാസനത്തിന്മേൽ ഇന്ന് ആരൂഢനായിരിക്കുന്ന മോറാൻ മോർ ബസ്സേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കായുടെ മഹാപുരോഹിത സ്ഥാനത്തിനു ക്രിസ്തീയ വിശ്വാസത്തിന് കടപ്പെട്ടിരിക്കുന്നപ്രകാരം അനുസരണം അർപ്പിപ്പാൻ എനിക്ക് വിഹിതമാകുന്നു.

പ്രധാനിയായ പരിശുദ്ധനായ മോർ പത്രോസിന്റെ വായാലും, നമ്മുടെ കർത്താവേശുമശിഹായുടെ ശ്ലീഹന്മാരായ അവന്റെ പതിനൊന്ന് സഹോദരന്മാരുടെ വായാലും, അഗ്നിമയനായ മാർ ഇഗ്നാത്തിയോസിന്റെ വായാലും, പരിശുദ്ധ മൂന്ന് സുന്നഹദോസുകളിൽ കൂടിയ പരിശുദ്ധ പിതാക്കന്മാരുടെ വായാലും പരിശുദ്ധാത്മാവാൽ എല്ലാ മൽപ്പന്മാരുടെ വായാലും മാർത്തോമ്മാ ശ്ലീഹായുടെ പ്രതിപുരുഷനും, നമ്മുടെ കർത്താവേശുമശിഹായുടെ സത്യഗൃഹവിചാരകനുമായ ദീർഘായുഷ്മാൻ അഭിവന്ദ്യ മോറാൻ മാർ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കായുടെ വായാലും മഹറോൻ ചൊല്ലപ്പെട്ടവനും ശപിക്കപ്പെട്ടവനുമായിത്തീരും. കൂടാതെ ഞാൻ പരിശുദ്ധ സഭയിൽ നിന്നും വേർതിരിയപ്പെട്ടവനും പരിശുദ്ധ രഹസ്യങ്ങളുടെ സംസർഗ്ഗത്തിൽ നിന്നും തള്ളപ്പെട്ടവനും ഞാൻ പ്രാപിച്ചിട്ടുള്ള നൽവരത്തിൽ നിന്നും അകലപ്പെട്ടവനും ശ്രേഷ്ഠമായ പൗരോഹിത്യത്തിന്റെ നിലയങ്കിയിൽ നിന്നും ഉരിയപ്പെട്ടവനും ആയിത്തീരും. കർത്താവിന്റെ കോപം ആത്മീയ വിധി നടത്തുവാൻ ദൈവത്തിൽ നിന്നും അദ്ദേഹത്തിന് നൽകപ്പെട്ടിട്ടുള്ള അധികാരപ്രകാരം അദ്ദേഹത്തിന്റെ മഹാപുരോഹിത സ്ഥാനത്താൽ വിധിക്കപ്പെടുവാനും സ്ഥാനഭ്രഷ്ടനാക്കപ്പെടുവാനും ഞാൻ അർഹനായി ഭവിക്കുകയും ചെയ്യും.

ഞാൻ വാഗ്ദത്തം ചെയ്തിട്ടുള്ള എല്ലാ കാര്യത്തിനും എന്നെ സഹായിപ്പാനും ദിവ്യകൽപ്പനകളുടെ നിറവേറ്റലിനും തനിക്ക് പ്രസാദവും തിരുവിഷ്ടവുമുള്ള എല്ലാറ്റിനും തന്റെ കരുണയാൽ എന്നെ തുണയ്ക്കുന്നതിനും ഇപ്പോൾ ദൈവമായ കർത്താവിനോട് ഞാൻ അപേക്ഷിക്കുന്നു. വീണ്ടും നമ്മുടെ കർത്താവേശുമശിഹാ തന്റെ സഹായങ്ങളാൽ എന്നെ കാത്തുകൊള്ളുവാനും തന്റെ കൃപയാൽ എന്നെ നടത്തുവാനും അവസാന ദിവസത്തിൽ ജീവനുള്ളവരെയും മരിച്ചവരെയും ന്യായം വിധിപ്പാനും നന്മയോ, തിന്മയോ അവനവന്റെ പ്രവൃത്തിക്കുത്തക്കവണ്ണം എല്ലാവനും പ്രതിപകരം കൊടുപ്പാനും താൻ എഴുന്നള്ളുമ്പോൾ മുഖപ്രസന്നതയോടെ തന്നെ എതിരേൽക്കുവാൻ എനിക്കിടയാകുവാനും എനിക്കുവേണ്ടി തന്നോടപേക്ഷിക്കണമെന്ന് നിങ്ങളോട് സത്യസ്നേഹത്തോടു ഞാൻ അഭ്യർത്ഥിക്കുന്നു.

ഒപ്പിട്ട അമോലോഗിയാ കാതോലിക്കായെ ഏൽപ്പിച്ചശേഷം കൈമുത്തിക്കൊണ്ടു പറയുന്നു

ബാറക്മോർ : അൽ ശുബ്ക്കോനോ

(പരിശുദ്ധ ഓർത്തഡോക്സ് സഭയിലിൽ ഇന്നും എപ്പിസ്കോപ്പാ സ്ഥാനം ഏൽക്കുമ്പോൾ പരിശുദ്ധ കാതോലിക്കാ ബാവാ മുൻപാകെ ഈ സത്യപ്രതിജ്ഞ തന്നെയാണ് ചൊല്ലുന്നത്.)

ഓർത്തഡോക്സ് സുറിയാനിക്കാരുടെ മാർഗ്ഗത്തിനെതിരായുള്ള മറ്റുമാർഗ്ഗം പിൻ തുടരുകയോ നമ്മുടെ സഭയുടെ ക്രമീകരണത്തിനെതിരായുള്ള എന്തെങ്കിലും അവലംബിക്കുകയോ പരിശുദ്ധ മൂന്ന് സുന്നഹദോസുകളുടെ വിശ്വാസത്തിനെ തിരായുള്ള വിശ്വാസം വിശ്വസിക്കുകയോ ചെയ്യുന്ന നാളിൽ ശ്ലീഹന്മാരിൽ പ്രധാനിയായ പരിശുദ്ധനായ മോർ പത്രോസിന്റെ വായാലും, നമ്മുടെ കർത്താവേശുമശിഹായുടെ ശ്ലീഹന്മാരായ അവന്റെ പതിനൊന്ന് സഹോദരന്മാരുടെ വായാലും, അഗ്നിമയനായ മാർ ഇഗ്നാത്തിയോസിന്റെ വായാലും, പരി ശുദ്ധ മൂന്ന് സുന്നഹ ദോസുകളിൽ കൂടിയ പരിശുദ്ധ പിതാക്കന്മാരുടെ വായാലും പരിശുദ്ധാത്മാവാൽ എല്ലാ മൽപ്പന്മാരുടെ വായാലും മാർത്തോമ്മാ ശ്ലീഹായുടെ പ്രതിപുരുഷനും, നമ്മുടെ കർത്താവേശു മശിഹായുടെ സത്യഗൃഹവിചാരകനുമായ ദീർഘായുഷ്മാൻ അഭിവന്ദ്യ മോറാൻ മാർ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കായുടെ വായാലും മഹറോൻ ചൊല്ലപ്പെട്ടവനും ശപിക്കപ്പെട്ടവനുമായിത്തീരും.

2013 ലെ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് നടത്തിയ അഖില മലങ്കര ഗായക സംഘ ഗാനമത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ പുത്തൻകാവ് മെത്രാപ്പോലീത്തൻ H.S.S ക്വയറിനു വേണ്ടി ആന്റോ സി ബിജുവും, അപ്രേം മത്തായിയും മാർഫ (UAE) ഏർപ്പെടുത്തിയ ട്രോഫി പരിശുദ്ധ കാതോലിക്കാ ബാവായിൽ നിന്ന് സ്വീകരിക്കുന്നു. എബ്രഹാം തോമസ് സമീപം

മലങ്കരസഭയുടെ യുഗപുരുഷൻ

ഡോ. പി.സി. അലക്സാണ്ടർ

എന്റെ തലമുറക്കാരുടെ ഓർമ്മയിൽ നിറഞ്ഞുനിൽക്കുന്ന അത്യുജ്ജ്വല പ്രതിഭാസമായിരുന്നു പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസ് തിരുമേനി. തന്റേടവും പ്രസന്നതയും പ്രസരിപ്പും ഒത്തുചേർന്ന തലയെടുപ്പ്, സൗന്ദര്യവും ശാലീനതയുമുള്ള ആരാധനാരീതി, ഏത് ആളുകളെയും ആകർഷിക്കുന്ന വാഗ്മിത്വം, ഭക്തിയും യുക്തിയും കലർന്ന പ്രഭാഷണം - ആ വ്യക്തിത്വം അതീവ ആകർഷകമായിരുന്നു.

പുത്തൻകാവിൽ തിരുമേനി 33-ാം വയസ്സിൽ മെത്രാപ്പോലീത്തയായി. 50 വർഷം ചെയ്തുതീർക്കേണ്ട ഭാരിച്ച ചുമതലയാണ് ഏറ്റെടുക്കേണ്ടിവന്നത്. അക്കാലത്ത് മലങ്കര സഭയിൽ പുത്തൻകാവിൽ തിരുമേനിയെ കൂടാതെ പരിശുദ്ധ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവ, വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസിയോസ്, കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് (പാമ്പാടി തിരുമേനി) എന്നിവർ മാത്രമാണ് മേൽപ്പട്ടക്കാരായുള്ളത്.

അതിനാൽ പുത്തൻകാവിൽ തിരുമേനി ഭരണചുമതല ഏറ്റപ്പോൾ മുതൽ മലങ്കരസഭയുടെ മുഴുവൻ മെത്രാപ്പോലീത്തയായി പ്രവർത്തിക്കുവാനുള്ള ഉത്തരവാദിത്വത്തമാണ് ഏറ്റെടുത്തത്.

ശരീരത്തെ കാർന്നുതിന്ന പ്രമേഹവും ഹൃദ്രോഗവും വകവയ്ക്കാതെ പുത്തൻകാവിൽ തിരുമേനി 20 വർഷം വടക്ക് കാസർകോട് മുതൽ തെക്ക് തിരുവിതാംകോട് വരെ ഓടിനടന്ന് സ്വന്തം ജീവിതം സ്വസമുദായത്തിനായി ത്യജിച്ച മഹാവ്യക്തിയാണ്. അമ്പതു വർഷം ചെയ്തുതീർക്കേണ്ടവ ഇരുപത് വർഷംകൊണ്ട് പൂർത്തിയാക്കിയ ജീവിത ശൈലിയാണ് ആ വ്യക്തിത്വം. ലൈൻബസ്സുകളിൽ ഓടിനടന്നും, പള്ളിത്തിണ്ണകളിൽ അന്തിയുറങ്ങിയും കാപ്പികടകളിൽ നിന്നും വാങ്ങിക്കൊണ്ടുവരുന്ന ഭക്ഷണം കഴിച്ചും ആരോഗ്യം മറന്ന് തന്നെ ഏൽപ്പിച്ച ദൗത്യം പൂർത്തിയാക്കുവാനായി സഭയാകമാനം ചുറ്റി സഞ്ചരിച്ചു. ആ പ്രതിഭാശാലി അൽപംകൂടി വിശ്രമിച്ചിരുന്നെങ്കിൽ, പ്രവർത്തനങ്ങളുടെ വേഗത കുറച്ചിരുന്നെങ്കിൽ ദീർഘകാലം ജീവിച്ച് സഭയ്ക്ക് സേവനം അനുഷ്ഠിക്കുവാൻ കഴിയുമായിരുന്നു. മലങ്കരസഭയിൽ കൺവൻഷൻ യോഗങ്ങൾ ആദ്യമായി ഉണ്ടാക്കിയത് പുത്തൻകാവിൽ കൊച്ചുതിരുമേനിയാണ്. മാരാമൺ കൺവൻഷനെ അനുകരിച്ച് സഭയുടെ പലഭാഗത്തും പ്രസംഗയോഗങ്ങൾ സംഘടിപ്പിച്ചു. അക്കാലത്ത് ഉപദേശികളും ഉപദേശിനികളും ഉണർന്നുവന്നു. ഓർത്തഡോക്സ് സഭയിൽ പുതുജീവൻ വരണമെങ്കിൽ കൺവൻഷനുകൾ വേണമെന്ന് വിശ്വസിച്ച പുത്തൻകാവിൽ തിരുമേനി പലയിടത്തും താമസിച്ച് പ്രസംഗങ്ങൾ നടത്തി. പഴഞ്ഞിയിൽ അഞ്ചുദിവസം താമസിച്ച് പ്രസംഗപര്യടനം നടത്തി. പ്രസിദ്ധമായ കുന്നംകുളം പ്രസംഗത്തിൽ മൂന്നോ നാലോ തവണ തന്നെ അലട്ടിക്കൊണ്ടിരുന്ന നെഞ്ചുവേദനയെക്കുറിച്ച് പറയുന്നുണ്ട്. അക്കാലത്ത് പ്രസംഗയോഗങ്ങളിൽ ഉച്ചഭാഷിണി ഇല്ലായിരുന്നു. എന്നാൽ കുന്നംകുളത്ത് ഉച്ചഭാഷിണി ഉണ്ടായിരുന്നു. തിരുമേനിയുടെ പ്രസംഗത്തിൽ മൈക്ക് പ്രവർത്തിക്കാതിരുന്ന കാര്യം പറയുന്നുണ്ട്.

കുന്നംകുളത്തെ പ്രസംഗവും കഴിഞ്ഞ് കോട്ടയത്തേക്കുള്ള യാത്രയിൽ മരണത്തിന് കീഴ്പ്പെടുകയായിരുന്നു. പുത്തൻകാവ് തിരുമേനിക്ക് തന്റെ ജീവിതത്തിന്റെ കലണ്ടർ താളുകൾ വേഗം മറിഞ്ഞുപോകുന്നു എന്ന് അറിയാമായിരുന്നു. കുന്നംകുളത്തെ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു: 'ഇന്ന് സഭയിൽ പ്രവർത്തനം നടത്തുന്നവരിൽ പ്രായം ചെന്നവരും ഒരു പക്ഷെ ഞാനും നാളെയോ മറ്റെനാളോ മരിച്ചുപോയേക്കാം'അക്ഷരാർത്ഥത്തിൽ അതു സംഭവിച്ചു. സാഹചര്യങ്ങൾ തിരുമേനിയുടെ ജീവൻ രക്ഷിക്കാൻ അനുകൂലമായില്ല. അത് അവിശ്രമം പ്രവർത്തിച്ച തിരുമേനിയെക്കുറിച്ചുള്ള ദൈവനിയോഗം ആയിരിക്കും.

പുത്തൻകാവ് തിരുമേനി എന്റെ സ്മരണയിൽ എപ്പോഴും നിറഞ്ഞുനിൽക്കുന്നുണ്ട്. മാവേലിക്കര പുതിയകാവ് പള്ളിയിൽ എപ്പോഴും എത്തുമായിരുന്നു. പുത്തൻകാവിൽ തിരുമേനിയുടെ വിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കുമ്പോൾ ലഭ്യമായ ആത്മസന്തോഷം പറഞ്ഞറിയിക്കുവാൻ പ്രയാസമാണ്. വിശുദ്ധ കുർബ്ബാന ചൊല്ലുമ്പോൾ അസാധാരണമായ ആത്മശക്തിയിൽ നിറയുമായിരുന്നു. സുറിയാനിയിലും മലയാ

ളത്തിലും മാറി മാറിയുള്ള പ്രമ്യൂയോൻ വായന അതീവ ഹൃദ്യമാണ്. സുറിയാനിയിലെ പ്രാർത്ഥനകൾ പ്രത്യേക താളത്തിലും ലയത്തിലുമാണ് ചൊല്ലുന്നത്. വി. കുർബ്ബാനയിൽ കൈകൾ ആഘോഷിച്ചു മാലാഖമാരെക്കുറിച്ചു നടത്തുന്ന സ്തുതിപ്പുകൾ ചൊല്ലുമ്പോൾ മാലാഖമാർ ചിറകടിച്ച് ത്രോണോസിൽ പറന്നിറങ്ങുന്നതായി തോന്നും. സൂര്യനും. ചന്ദ്രനും, നക്ഷത്രങ്ങളും, ഭൂമിയും, സമുദ്രങ്ങളും സ്വർഗ്ഗീയ ഊർശ്ലേമിൽ പേരെഴുതപ്പെട്ടിരിക്കുന്ന ആദ്യജാതന്മാരും... എന്നിങ്ങനെയുള്ള ചൊല്ലുകൾ വളരെ വ്യക്തവും ആകർഷകവുമായിരുന്നു. മാലാഖമാരും പ്രധാന മാലാഖമാരും, ശൂൽത്തോനേൻമാരും മൗത്ത്ബേൻമാരും, മോറാവോസേൻമാരും, ഹൈലേന്മാരും അനേകം കണ്ണുകളുള്ള ക്രൂബേന്മാരും, കാലുകളും മുഖവും മൂടിക്കൊണ്ട് പരസ്പരം പറന്നു ചെന്ന് കാദീശ് പാടുമ്പോൾ മാലാഖമാർ വിശുദ്ധ മദ്ബഹായിൽ ചുറ്റിതിരിയുന്ന പ്രതീതിയാണ്. ഈ പ്രാർത്ഥന തീരരുതേ എന്ന ആഗ്രഹം വിശ്വാസികളിലുണ്ടാകും. ഭക്തിനിർഭരമായ ഈ ആരാധനയിൽ ശ്രദ്ധിക്കാതിരിക്കാൻ ആർക്കും കഴിയുകയില്ല. ഭക്തിയും ആദ്ധ്യാത്മികതയും സംഗീതത്തിന്റെ ലഹരിയും സമന്വയിപ്പിക്കുന്ന ആരാധനാശൈലി എല്ലാവരേയും ആകർഷിച്ചിരുന്നു.

ആരാധനയിൽ ഭക്തിയും സംഗീതവും ചേർത്ത് ജനങ്ങളെ ഭക്തിസാന്ദ്രമാക്കി, വിശ്വസം ജ്വലിപ്പിച്ച മഹാവ്യക്തിയായിരുന്നു പുത്തൻകാവ് കൊച്ചുതിരുമേനി. 1951 ഏപ്രിൽ 17-നു ആ ശബ്ദം നിശ്ചലമായി. പിന്നീട് അതുപോലെ മനോഹരമായ ശബ്ദത്തിലുള്ള ആരാധന ഞാൻ കേട്ടിട്ടില്ല. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ഭരണകാലഘട്ടം (1930-51) മലങ്കരസഭയിൽ പലതരത്തിലുള്ള പ്രതിസന്ധികൾ നിറഞ്ഞതായിരുന്നു. പ്രതിബന്ധങ്ങളെ തരണംചെയ്യുന്നതിനും വിശ്വാസികളെ സഭയിൽ ഉറപ്പിക്കുന്നതിനും തിരുമേനിക്കു കഴിഞ്ഞു. ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ ദുഃഖസങ്കീർണ്ണമായ കാലഘട്ടമാണിത്. മലങ്കരസഭയിൽ നിറഞ്ഞുനിന്നിരുന്ന ഗീവറുഗീസ് മാർ ഈവാനിയോസ് സഭാപരിവർത്തനം ചെയ്തു. പുനഃരൈക്യത്തിനുള്ള ആഹ്വാനം സഭയിൽ മുഴങ്ങി. മലങ്കരസഭ മുഴുവൻ ഞെട്ടിയ ഒരു സംഭവമാണ്. 'എം.എ. അച്ചൻ' എന്നറിയപ്പെട്ട 'ഗീവറുഗീസ് മാർ ഈവാനിയോസ്' സഭാപരിവർത്തനം ചെയ്തത്. എന്തുകൊണ്ടാണ് അദ്ദേഹം സഭവിട്ടു പോയതെന്ന് ജനങ്ങൾ ചിന്തിക്കുവാൻ തുടങ്ങി. പണ്ഡിതനും വിദ്യാസമ്പന്നനുമായ മാർ ഈവാനിയോസ് സഭാപരിർത്തനം ചെയ്തപ്പോൾ മറ്റുള്ളവരും പോകുവാനുള്ള സാഹചര്യമുണ്ടായി ഈ കാര്യം മനസ്സിലാക്കിയ വട്ടശ്ശേരിൽ തിരുമേനി ഒരു എം.എ ക്കാരൻ പോയപ്പോൾ എം.എ.ബി.ഡിക്കാരനെ മെത്രാച്ചനാക്കി അതാണ് പുത്തൻകാവിൽ കൊച്ചുതിരുമേനി. പ്രതിസന്ധിയിൽ നിന്ന് മറ്റൊരു പ്രതിബന്ധത്തിലേക്ക് നിരങ്ങി നീങ്ങിയ സഭയുടെ ഭരണസാരഥ്യമാണ് പുത്തൻകാവ് തിരുമേനി ഏറ്റെടുത്തത്. അക്കാലത്ത് ലോകം മുഴുവൻ നിറഞ്ഞു നിന്ന സാമ്പത്തിക തകർച്ച കേരളത്തിലും ആഞ്ഞടിച്ചു. ഭക്ഷ്യവിളകളായ നാളികേരം നെല്ല് എന്നിവയുടെ വിലകുറഞ്ഞു. ആർക്കും ഉദ്യോഗം ലഭിക്കുന്നില്ല. ഞാൻ ഓർക്കുന്നുണ്ട് ആയിരം തേങ്ങായിക്ക് 15 രൂപയാണ് വിലകിട്ടുന്നത്. കോളേജിൽ പഠിക്കാൻ 25 രൂപാ വേണം. ഒരാളെ കോളേജിൽ പഠിപ്പിക്കണമെങ്കിൽ 1000 തേങ്ങായും കുറെ അധികം നെല്ലും വിറ്റെങ്കിലെ 25 രൂപാ ലഭിക്കുകയുള്ളു. അത് കേരളത്തിലെ നസ്രാണി സമൂഹത്തെ തളർത്തി.

സാമ്പത്തിക ഞെരുക്കം ഉണ്ടായപ്പോൾ കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾ പള്ളിക്ക് കൊടുക്കുവാനുള്ള വരുമാനം പിടിച്ചുവെച്ചു. പിശുക്ക് നസ്രാണികളുടെ ജന്മസ്വത്താണല്ലോ. ഇത് പള്ളിക്കാര്യങ്ങളിൽ പല തടസ്സങ്ങളും സൃഷ്ടിച്ചു. ജനങ്ങൾ സാമ്പത്തികമായി തളർന്നപ്പോൾ പള്ളികളും പ്രതിസന്ധി അനുഭവിച്ചു. സഭ മുഴുവനും സാമ്പത്തിക തളർച്ചയിൽ അകപ്പെട്ടു. ഈ കാലഘട്ടത്തിലാണ് പുത്തൻകാവിൽ തിരുമേനി രംഗത്തെത്തുന്നത്. 1946 ആഗസ്റ്റ് 8-നു ഉണ്ടായ ഹൈക്കോടതിവിധി മലങ്കരസഭയുടെ സ്വാതന്ത്ര്യത്തെയും കാതോലിക്കേറ്റിന്റെ മഹത്വത്തെയും ചോദ്യം ചെയ്യുന്നതായിരുന്നു. ഇത് കാതോലിക്കാ ഭാഗത്തെ നിരാശരാക്കി. പ്രതിസന്ധികളിൽ കൂടി നീങ്ങിയ സഭയെ ഈ വിധി വേദനിപ്പിച്ചു. ഒന്നിനുപുറകെ ഒന്നായി പ്രശ്നങ്ങൾ ഒഴുകിയെത്തി. പല പള്ളികളും പൂട്ടി., പഴയസെമിനാരി പൂട്ടി. പലയിടത്തും പ്രശ്നങ്ങൾക്ക് തുടക്കം കുറിച്ചു. വൈദികരിൽ പരാജയഭീതി ആഞ്ഞടിച്ചു. ആത്മീയ നിലവാരം ശുഷ്ക്കിച്ചു. ജനങ്ങൾക്ക് പള്ളിയിൽ പോകുന്നതിനുള്ള താൽപര്യം കുറഞ്ഞു. ഈ കാലഘട്ടത്തിലാണ് പുത്തൻകാവ് തിരുമേനി സഭയുടെ ഭാവിഭദ്രമാക്കുന്നതിനായി നൂതന പദ്ധതികളുമായി രംഗത്തെത്തുന്നത്. ജനങ്ങളിൽ വിശ്വാസവും പ്രത്യാശയും സുസ്ഥിരമാകുന്നതിന് ശുഷ് കാന്തിയോടെ പ്രവർത്തിച്ചു.

മലങ്കരസഭയുടെ മഹത്വവും പ്രസക്തിയും ഓടി നടന്നു പഠിപ്പിച്ചു. ആദ്ധ്യാത്മികതയുടെ ചൈതന്യം സഭമുഴുവൻ വ്യാപിപ്പിച്ചു.

പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ഭരണകാലഘട്ടം (1930-51) മലങ്കരസഭയിൽ പലതരത്തിലുള്ള പ്രതിസന്ധികൾ നിറഞ്ഞതായിരുന്നു. പ്രതിബന്ധങ്ങളെ തരണംചെയ്യുന്നതിനും വിശ്വാസികളെ സഭയിൽ ഉറപ്പിക്കുന്നതിനും തിരുമേനിക്കു കഴിഞ്ഞു.

നവോത്ഥാനത്തിന്റെ ശബ്ദം പുത്തൻകാവിൽ തിരുമേനിയിൽ കൂടി സംക്രമിച്ചു. ജനങ്ങളെ ആഴമായി അതു സ്വാധീനിച്ചു. അങ്ങനെ മലങ്കരസഭയുടെ മുഴുവൻ യുഗപുരുഷനായി തീർന്നു പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസ് തിരുമേനി.

(പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ജന്മശതാബ്ദി ദിനത്തിൽ 1997 ജൂൺ 10 ന് മഹാരാഷ്ട്ര ഗവർണർ ഡോ. പി.സി. അലക്സാർ ജന്മശതാബ്ദി സമ്മേളനം ഉദ്ഘാടനം ചെയ്ത് പുത്തൻകാവിൽ നടത്തിയ പ്രസംഗം. ഡോ. പി,സി, അലക്സാണ്ടർ ജന്മശതാബ്ദി സമ്മേളനത്തിൽ പങ്കെടുക്കുവാൻ വേണ്ടി മാത്രമാണ് ബോംബെയിൽ നിന്ന് വന്നത്.)

ശിഷ്യരുടെ മനസ്സ് കവർന്ന പുത്തൻകാവിൽ കൊച്ചുതിരുമേനി

എന്റെ പിതൃസഹോദരൻ വന്ദ്യ തെയോഫോറസ് റമ്പാച്ചന്റെ ഗുരുവായിരുന്ന പുത്തൻകാവിൽ കൊച്ചുതിരുമേനിയെ കുറിച്ച് പറയുമ്പോൾ റമ്പാച്ചന് വലിയ ആവേശമായിരുന്നു. ഒരു വ്യക്തിയുടെ മഹത്വം മനസ്സിലാക്കുന്നതിന് ആ വ്യക്തിയുടെ ശിഷ്യരുടെ അഭിപ്രായങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. അങ്ങനെയെങ്കിൽ പുത്തൻകാവിൽ കൊച്ചുതിരുമേനി തന്റെ ശിഷ്യരുടെ മരണം വരെ അവരുടെ മനസ്സിൽ നിറഞ്ഞുനിന്ന പ്രകാശഗോപുരമായിരുന്നു.

പുത്തൻകാവിൽ കൂടിയാത്ര ചെയ്യുമ്പോൾ പുത്തൻകാവ് പള്ളിയിലെ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ കബറിടത്തിൽ കയറി മെഴുകുതിരി കത്തിച്ച് പ്രാർത്ഥിക്കുന്നത് വലിയ ഒരു അനുഗ്രഹമായി ഞാൻ കാണാറുണ്ട്. ഓർത്തഡോക്സ് സഭാ വിശ്വാസത്തിന് വേണ്ടി അവസാന നിമിഷംവരെ പോരാടിയ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ "എന്റെ സഭ എന്റെ ദൈവം" എന്ന കാഴ്ചപ്പാട് ഉൾക്കൊള്ളുവാൻ സഭാവിശ്വാസികൾക്ക് സാധിക്കണം. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ പ്രാർത്ഥന നമുക്ക് ഏവർക്കും കോട്ടയായിരിക്കട്ടെ എന്ന് ആശംസിക്കുന്നു.

ജേക്കബ് മാത്യു (ജോജോ)
കുളഞ്ഞി കൊമ്പിൽ
(സഭാ മാനേജിംഗ് കമ്മറ്റി അംഗം)

കൽക്കട്ട സെറാംപൂർ കോളേജിൽ പുത്തൻകാവിൽ കൊച്ചുതിരുമേനിയോടൊപ്പം കെ.സി. ഉമ്മൻ ശെമ്മാശൻ (തെയോഫോറസ് റമ്പാൻ)

പുത്തൻകാവിൽ കൊച്ചുതിരുമേനി

കലാവല്ലഭനും കർമ്മയോഗിയുമായ പരമാചാര്യൻ

ഒരു ദിവസം സായാഹ്നം. പുത്തൻകാവിലെ മെത്രാപ്പോലീത്തൻ ഹൈസ്കൂളിന്റെ കിഴക്കുഭാഗത്ത് എന്തോ ഗഹനങ്ങളായ വിഷയത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ട് തുമ്പമൺ മെത്രാസനയിടവകയുടെ അധികാരിയായ നി.വ.ദി.ശ്രീ. മാർപീലക്സീനോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് അങ്ങനെ നിൽക്കുകയായിരുന്നു. ആകസ്മികമായി ഒരു ഗാനം തിരുമേനിയുടെ കർണ്ണപുടങ്ങളിൽ പതിച്ചു. തിരുമേനി തല ഉയർത്തി നോക്കി. ഉന്നതമായ കുന്നിന്റെ പരപ്പിൽ ഉയർന്നു നിൽക്കുന്ന പുരാതന ദേവാലയത്തിന്റെ വടക്കുവശത്തെ പച്ചപ്പുൽ പരപ്പിൽ നിന്നുകൊണ്ട് നോക്കിയാൽ കാണാവുന്ന പുരാതന പ്രസിദ്ധമായ പമ്പാനദിയിലേക്കിറങ്ങുന്നതിനുള്ള കൽപ്പടികളിൽ കൂടി ശീലക്കുടയും മടക്കി കക്ഷത്തിലാക്കിക്കൊണ്ട് ഒരു മദ്ധ്യവയസ്ക്കൻ പോകുന്നതായി കണ്ടു. അതാരാണ്? തിരുമേനി ചോദിച്ചു. കടത്തുവള്ളത്തിൽ കയറി മറുകര കടക്കാൻ പോയ ആൾ തലപ്പൊക്കി തിരുമേനിയെ നോക്കി. "ഒന്നിത്രടം വന്നിട്ടുപോകാമോ" എന്ന് കൽപ്പിച്ചു ചോദിക്കയായി വിനയം തുളുമ്പുന്ന സ്വരത്തിൽ. യാത്രക്കാരൻ മുന്നിൽകിടന്ന തോണിയിൽ നിന്നും മുഖംതിരിച്ച് തിരുമേനിയെ സമീപിച്ചു. സ്വദേശിയെങ്കിലും അതിനുമുമ്പു തിരുമേനിയുമായി സംസാരിച്ചിട്ടില്ലാത്ത ഒരു നായർ യുവാവ്. "നിങ്ങൾ ആ മൂളിക്കൊണ്ടുപോയ ശ്ലോകം ഒന്നുകൂടി ഉച്ചരിക്കാമോ?" തിരുമേനി ആവശ്യപ്പെടുകയാണ്. സഹൃദയനായ ആ നായർ ആ ശ്ലോകം വീണ്ടും ഉച്ചരിച്ചു.

"ഒരു നിശ്ചയമില്ലയൊന്നുനും
വരുമോരോ ദശവന്നപോലെപോം
വിരിയുന്നു മനുഷ്യനേതിനോ?
തിരിയാ ലോകരഹസ്യമാർക്കുമേ"

ഈ ശ്ലോകത്തിലെ തത്വജ്ഞാനം തിരുമേനിക്ക് ഇഷ്ടമായി. തുടർന്നു തത്വീകങ്ങളായ ആശയങ്ങളടങ്ങിയ ഏതാനും ശ്ലോകങ്ങൾ കൂടി തിരുമേനി ആ നായർ യുവാവിനെക്കൊണ്ട് ചൊല്ലിച്ചു. തിരുമേനി ഓരോ ശ്ലോകവും കേട്ടു വളരെ രസിച്ചു. വൈദീകവൃത്തിയിൽ, തപോനിഷ്ഠയിൽ മാത്രം ജീവിതം നയിച്ച തിരുമേനി സാഹിത്യത്തിൽ രസിക്കുന്നത് കണ്ട് ആ നായർ സ്നേഹിതൻ അത്ഭുതപ്പെട്ടു. ക്രൈസ്തവ സമുദായത്തിലെ ഒരു മെത്രാപ്പോലീത്താ മലയാള സാഹിത്യം ആസ്വദിക്കാൻ ഒരുങ്ങുമെന്ന് ആ ഹൈന്ദവ മാന്യൻ വിചാരിച്ചിരുന്നില്ല. തിരുമേനിയുടെ ആശീർവ്വാദം സ്വീകരിച്ച് അയാൾ തിരിച്ചുപോയി. ഇംഗ്ലീഷ് സാഹിത്യത്തിൽ മികച്ച പാണ്ഡിത്യം സിദ്ധിച്ചിരുന്ന തിരുമേനി മലയാള സാഹിത്യത്തേയും വിലമതിച്ചിരുന്നു. ഒരിക്കൽ തിരുമേനി എന്നോടു കൽപ്പിച്ചു ഈ വർഷത്തെ വലിയ നോമ്പിനിടക്കുള്ള പാദശുശ്രൂഷാ സന്ദർഭത്തിൽ പള്ളിയിൽ ഉപയോഗിക്കാൻ ഗാനരീതിയിൽ ഒരു മലയാള കവിത ഉണ്ടാക്കണമെന്ന്. പുത്തൻകാവ് വലിയ പള്ളിയിലായിരുന്നു തിരുമേനി ആ വർഷത്തിലെ പെസഹാ പെരുന്നാളിൽ കൂടിയത്. എന്റെ ജോലിത്തിരിക്കിനിടയിൽ എട്ടുവരികളുള്ള ഒരു കവിത എഴുതി ഞാൻ തിരുമേനിയെ ഏൽപ്പിച്ചു. ദേവാലയത്തിലെ ശുശ്രൂഷകളിൽ സുറിയാനി ഗീതങ്ങളും, അവയുടെ രീതികളിലുള്ള - മലയാള ഗാനങ്ങളും മാത്രമേ ഉപയോഗിക്കാവൂ എന്ന് പൂർണ്ണമായി വിശ്വസിക്കുന്ന യാഥാസ്ഥിതികന്മാർ ഇന്നും സഭയിലുണ്ടെങ്കിലും - സഭയുടെ നാനാതരത്തിലുള്ള പുരോഗതിയേയും സ്വാഗതം ചെയ്യുന്നതിനു മടിയില്ലാതിരുന്ന തിരുമേനി ഞാൻ എഴുതിയ കവിത കുട്ടികളെ പഠിപ്പിച്ചു. പെസഹാ പെരുന്നാളിൽ

മഹാകവി പുത്തൻകാവ് മാത്തൻ തരകൻ

പുത്തൻകാവിന്റെ കീർത്തി വളർത്തിയ മഹാകവി. 1903 ജൂൺ 9-ാം തീയതി പുത്തൻകാവ് കിഴക്കേതലയ്ക്കൽ ഭവനത്തിൽ ജനിച്ചു. ക്രിസ്തു കഥയായ വിശ്വദീപമുൾപ്പെടെ 50 കൃതികൾ രചിച്ചു. 1993 മേയ് 4-ാം തീയതി അന്തരിച്ചു.

മിശിഹാതമ്പുരാൻ ശിഷ്യന്മാരുടെ പാദങ്ങളെ ശുദ്ധീകരിച്ച വിനീത
കൃത്യത്തെ അനുസ്മരിച്ച് തിരുമേനി പുറംകുപ്പായം നീക്കി, അരയിൽ
തുണിയും കെട്ടി, ശിഷ്യന്മാരുടെ സ്ഥാനം കൈക്കൊണ്ട് ചുറ്റും സ്ഥിതി
ചെയ്ത വൈദീകന്മാരുടെ പാദങ്ങൾ കഴുകി വെടിപ്പാക്കുവാൻ തൃക്കൈ
കൾ വെള്ളത്തിൽ മുക്കി. അതോടുകൂടി ഗാഥാരീതിയിലുള്ള കവിത
പാടാനും ആരംഭിച്ചു. ദേവാലയത്തിൽ സന്നിഹിതരായിരുന്ന
ആബാലവൃദ്ധം ജനങ്ങളും ആ ഗാനം ഏറ്റുപാടി. അന്നത്തെ ശുശ്രൂ
ഷയിൽ ആ ഗാനം ഒരു പരിഷ്ക്കാരമായിരുന്നു.

ഒരു ദീവസം വിദ്യാലയസ്ഥാപനം സംബന്ധിച്ച് സന്തോഷകര
മായ ഒരു കാര്യവും സാധിച്ചുകൊണ്ട് തിരുമേനി തിരുവനന്തപുരത്തു
നിന്നും കാറിൽ പുത്തൻകാവിലേക്കു വരികയായിരുന്നു. യാത്രമദ്ധ്യേ
കൂടെ ഉണ്ടായിരുന്ന എന്നോടു പുരാണകഥകളിൽ ചിലത് പറയണമെ
ന്ന് തിരുമേനി കൽപ്പിച്ചു. ഞാൻ കേവലം സംഭാഷണഭാഷയിൽ കഥക
ൾ പറയാൻ തുടങ്ങി. പുരാണകഥാപാത്രങ്ങളെ കേവലം സാധാരണ
മനുഷ്യരായി ചിത്രീകരിച്ചുകൊണ്ടാണ് ഞാൻ കഥാകഥനം നടത്തിയ
ത്. പുത്തൻകാവിൽ എത്തുന്നതുവരേയും കഥാകഥനം അവസാനിപ്പി
ക്കുന്നതിന് തിരുമേനി എന്നെ അനുവദിച്ചില്ല. തിരുമേനി അന്ന് രസിച്ച്
ചിരിച്ചിട്ടുള്ളതുപോലെ പിന്നീടു ഒരിക്കലും ചിരിച്ചിട്ടില്ലെന്ന് വേണം
പറയുവാൻ. പലപ്പോഴും സണ്ടേസ്കൂൾ, സ്ത്രീസമാജം, യുവജനസ
മാജം എന്നിവയുടെ വാർഷീക സമ്മേളനങ്ങളിൽ അദ്ധ്യക്ഷം വഹിക്കു
വാൻ തിരുമേനിയോട് അപേക്ഷിക്കുവാൻ വരുമ്പോൾ പ്രസംഗത്തിന്
എന്നേക്കൂടി വിളിച്ചുകൊള്ളണമെന്ന് തിരുമേനി അവരോടു കൽപ്പി
ക്കും. ക്രൈസ്തവരും സംഗീതവും, ക്രൈസ്തവരും സാഹിത്യവും
എന്നിങ്ങനെയുള്ള വിഷയങ്ങളെക്കുറിച്ചായിരിക്കും എന്റെ പ്രസംഗം..
സമ്മേളനം കഴിഞ്ഞ് തിരിച്ചുപോരുമ്പോൾ തിരുമനസ്സുകൊണ്ടു കൽപ്പി
ക്കും. "നിന്റെ പാട്ടും കവിതയും കേൾക്കുമ്പോൾ എനിക്കു തോന്നും
കുറേ കവിത മനഃപാഠമാക്കണമെന്ന്. പക്ഷെ നേരം കിട്ടുന്നില്ല. സാഹി
ത്യസംഗീതാദി കലകളിൽ തിരുമേനിക്കുണ്ടായിരുന്ന അഭിരുചി അവാ
ച്യമായിരുന്നുവെന്ന് കാണിക്കാനാണ് ഞാൻ ഇത്രേയും പ്രസ്താ
വിച്ചത്. പലഘട്ടങ്ങളിലും കൺവൻഷൻ പ്രസംഗങ്ങൾ നടത്തുമ്പോൾ
തിരുമനസ്സുകൊണ്ട് സുറിയാനി ഗീതങ്ങളും മഗ്ദലനമറിയം തുടങ്ങിയ
കാവ്യങ്ങളിലെ ചില ഭാഗങ്ങളും ഏറ്റവും മധുരവും, സ്ഫുടവുമായ
സ്വരത്തിലും രാഗത്തിലും പാടി വന്നിരുന്നുവെന്നുള്ളത് മലങ്കരയിലെ
ക്രൈസ്തവജനതയ്ക്ക് നല്ലതുപോലെ അറിയാവുന്ന കാര്യമാണല്ലോ.

സുറിയാനിക്കാരുടെ വിശുദ്ധ കുർബ്ബാനയും, കൂദാശകളും,
പ്രാർത്ഥനകളും ഛന്ദോനിബദ്ധവും, രാഗസങ്കലിതവുമായ ഗാനങ്ങളു
ടെ സമാഹരങ്ങളാണ്. മനുഷ്യഹൃദയങ്ങളെ ആകർഷിക്കുന്നതിനും സം
ഗീതത്തിനുള്ള അത്ഭുതശക്തി മനസ്സിലാക്കിയിട്ടുള്ള മതപ്രവാചകന്മാർ
ആരാധനഗ്രന്ഥങ്ങളിലെ ഗദ്യഭാഗങ്ങൾ പോലും ഗാനമയമായ രീതിയി
ൽ വായിക്കുകയാണല്ലോ പതിവ്. പള്ളിയിലെ ആരാധന ആകർഷണീ
യവും, ഭക്തിനിർഭരവുമാകണമെങ്കിൽ ആരാധന നടത്തുന്ന വൈദീകന്
സംഗീതത്തിൽ ജന്മസിദ്ധമായ വാസനയുണ്ടായിരിക്കണം. അങ്ങനെ
യുള്ള തിരുമേനിമാർ മലങ്കര ഓർത്തഡോക്സ് സഭയിൽ വിരളമല്ലാ
തിരുന്ന ഒരു കാലമുണ്ടായിരുന്നു. ചാത്തുരുത്തിമെത്രാച്ചൻ എന്നു സർ
വ്വസാധാരണയായി വിളിച്ചുവന്നിരുന്ന പുണ്യവാന്റെ ശിഷ്യന്മാരായി
വേദാഭ്യസനം നടത്തിയിരുന്ന ഒരു സംഘം വൈദീകന്മാർ സംഗീതമധു
രമായ ആരാധനകൾ നടത്തുന്നതിൽ അതിവിദഗ്ദ്ധന്മാരായിരുന്നു.
അവരിൽ ഏറ്റവും പ്രമുഖനായ ഒരു വൈദീകനായിരുന്ന മാർ പീലക്സി
നോസ് തിരുമേനിയുടെ വന്ദ്യ പിതാവായ ബഹുമാനപ്പെട്ട കിഴക്കെതല
ക്കൽ തോമസ് കത്തനാർ. അദ്ദേഹത്തിന്റെ കുർബ്ബാനയും, പ്രാർത്ഥന
കളും ശബ്ദമാധുര്യംകൊണ്ടും ഭക്തിപ്രചരിമ കൊണ്ടും അനേകലക്ഷം
ആരാധകരെ ആകർഷിച്ചിട്ടുള്ളതാണ്. ആ വന്ദ്യ വൈദീകന്റെ സംഗീത
വാസനയും ശബ്ദമാധൂര്യവും അതേപടി അദ്ദേഹത്തിന്റെ പുത്രനായ
കൊച്ചുതിരുമേനിയിൽ ലയിച്ച് ചേർന്നിരുന്നു. പഞ്ചമം പാടുന്ന പൂങ്കു
യിലിന്റെ നാദമാധുര്യത്തോടുകൂടി ദേവാലയങ്ങളുടെ ബലിപീഠങ്ങളുടെ
മുൻഭാഗത്തുനിന്നുകൊണ്ട് ഞായറാഴ്ച ദിവസങ്ങളിൽ പ്രഭാതവേളക
ളിൽ കൊച്ചുതിരുമേനി "ദൈവമേ നീ പരിശുദ്ധനാകുന്നു" എന്ന് അത്യു
ച്ചത്തിൽ പ്രാർത്ഥന ആരംഭിക്കുമ്പോഴേക്കും ആരാധനയിൽ സംബ
ന്ധിക്കുന്ന അനേകായിരം ഭക്തജനങ്ങളുടെ ഹൃദയങ്ങൾ പിതാവായ
ദൈവത്തിന്റെ തിരുസന്നിധിയിലേക്കു ആരോഹണം ചെയ്യുന്നതായും
തോന്നിപോകുമായിരുന്നു. സഭാംഗങ്ങളെ സ്വർഗ്ഗത്തിലേക്കു പ്രവേശിപ്പി
ക്കുന്നതിനുള്ള ദിവ്യ നിസ്രേണിയായിരുന്നു തീരുമേനിയുടെ മഹനി
യനാദം. ചില ഘട്ടത്തിൽ തിരു
മേനിയുടെ സ്വരവും പള്ളിയിൽ
മുഴങ്ങുന്ന മണിനാദവും പരസ്
പരം വേർതിരിച്ചറിയുവാൻ പാ
ടില്ലാത്ത തരത്തിൽ സമ്മേളി
ക്കാറുണ്ടായിരുന്നു. ഇത്രമാത്രം
ഭക്തിജനകമായ രീതിയിൽ ശു
ശ്രൂഷ നടത്താൻ ക്രൈസ്തവ
സഭയിലെ ചുരുക്കം ചില പരമ
യോഗികൾക്കു മാത്രമെ സാധി
ച്ചിരുന്നുള്ളു എന്നുള്ളത് വെറും
ഒരു പരമാർത്ഥം മാത്രമാണ്.
വലിയ വലിയ സാമ്രാജ്യങ്ങൾ
ഭരിക്കുന്ന മന്ത്രി പുംഗവന്മാ
രെപ്പോലും സംഭ്രാന്തരാക്കുന്ന
കാര്യപരിപാടികളായിരുന്നു
തിരുമേനി ഓരോ ദിവസം നിവ

സുറിയാനിക്കാരുടെ വിശുദ്ധ കുർബ്ബാനയും, കൂദാ
ശകളും, പ്രാർത്ഥനകളും ഛന്ദോനിബദ്ധവും, രാഗ
സങ്കലിതവുമായ ഗാനങ്ങളുടെ സമാഹരങ്ങളാണ്.
മനുഷ്യഹൃദയങ്ങളെ ആകർഷിക്കുന്നതിനും സം
ഗീതത്തിനുള്ള അത്ഭുതശക്തി മനസ്സിലാക്കിയി
ട്ടുള്ള മതപ്രവാകന്മാർ ആരാധനഗ്രന്ഥങ്ങളിലെ
ഗദ്യഭാഗങ്ങൾ പോലും ഗാനമയമായ രീതിയിൽ
വായിക്കുകയാണല്ലോ പതിവ്.

ർത്തിച്ചുവന്നിരുന്നത്. ഞായറാ
ഴ്ച ദിവസങ്ങളിൽ ഒരു പള്ളി
യിൽ കുർബ്ബാന അനുഷ്ഠിക്കു
കയും അവിടെനിന്നു പന്ത്രണ്ടു
മൈൽ അകലെയുള്ള വേറെ
ഒരു ഇടവകയിൽ ചെന്ന് യുവ
ജനസമ്മേളനത്തിൽ ഉദ്ഘാടന
പ്രസംഗം നടത്തുകയും, അന
ന്തരം ഏതെങ്കിലും ഒരിടവകയി
ൽ ചെന്ന് അവിടെയുള്ള വഴ
ക്കുകൾ പറഞ്ഞവസാനിപ്പിക്കു
കയും ചെയ്യുന്നതിന് കൊച്ചു
തിരുമേനിക്ക് യാതൊരു പ്രയാ
സവും തോന്നിയിരുന്നില്ല. ഒരു
മെത്രാപ്പോലീത്താ എന്ന നില
യിൽ ഏറ്റവും ഉയർന്ന നില
യിൽ ജീവിതം നയിക്കാമായി
രുന്ന തിരുമേനി സഭാഭരണം
സംബന്ധിച്ചുള്ള അനേകം കാ
ര്യങ്ങളിൽ ഏർപ്പെട്ടു കൊണ്ടി
രുന്നപ്പോഴും തന്റെ ഇടവകയി
ൽപ്പെട്ട വൃദ്ധന്മാരേയും, വൃദ്ധ
കളേയും രോഗികളേയും സന്ദ
ർശിച്ച് അവർക്കുവേണ്ടി പ്ര
ത്യേക പ്രാർത്ഥനകൾ നടത്താ
റുണ്ടായിരുന്നു.

ജനങ്ങൾ വസ്തു തർക്കത്തിലും ധനവിഭജനത്തിലും ഏർപ്പെട്ടു കലഹിച്ചുകൊണ്ടിരുന്ന രംഗങ്ങളിലും തിരുമേനി പ്രത്യക്ഷപ്പെട്ട് അവരുടെ ഇടയിൽ സമാധാനവും ശാന്തിയും സ്ഥിരമായി സ്ഥാപിച്ചു വന്നിരുന്നു. സുവിശേഷയോഗങ്ങൾ നടത്തിക്കുന്നതിനും, അവയിൽ പ്രസംഗങ്ങൾ ചെയ്യുന്നതിനും തിരുമേനി അതീവ തൽപ്പരനായിരുന്നു. പള്ളിയിൽ പോവുക, പ്രാർത്ഥന നടത്തുക, നോമ്പുകൾ ആചരിക്കുക എന്നിങ്ങനെയുള്ള കർമ്മങ്ങളിൽ മാത്രം ഏർപ്പെട്ടുകൊണ്ടിരിക്കുന്ന മലങ്കരയിലെ ഓർത്തഡോക്സ് സുറിയാനി സഭയിലെ അംഗങ്ങൾക്ക് ക്രിസ്തുമതതത്വങ്ങളിലും വേദപുസ്തക വാക്യങ്ങളിലും അഭ്യാസം പോരാ എന്ന് തിരുമേനിക്ക് നല്ലതുപോലെ അറിയാമായിരുന്നതിനാൽ സുവിശേഷയോഗങ്ങൾ നടത്തി സഭാംഗങ്ങളെ വേദശാസ്ത്രം പഠിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് തിരുമേനി കരുതി. സുവിശേഷയോഗങ്ങളിൽ ശരീരക്ലേശത്തെ വകവെയ്ക്കാതെ സുദീർഘങ്ങളായ പ്രസംഗങ്ങളാണ് തിരുമനസ്സുകൊണ്ട് ചെയ്തുവന്നിരുന്നത്. ആശയനിബിഡമായ ആ ഹൃദയത്തിൽനിന്നും എത്രമാത്രം വിജ്ഞാനരത്നങ്ങൾ പുറത്തേക്കു വന്നാലും ആ ഹൃദയം അശേഷവും ശൂന്യമാവുകയില്ലായിരുന്നു. തിരുമേനിയുടെ പാണ്ഡിത്യത്തിനു ചേർന്ന ഭാഷയിലല്ലാ തിരുമേനി സാധാരണ പ്രസംഗിച്ചു വന്നിരുന്നത്. ഗ്രാമീണരും, അക്ഷരാഭ്യാസം കുറഞ്ഞവരുമായ വൃദ്ധകൾക്കും, വൃദ്ധന്മാർക്കും, ബാലികാ ബാലന്മാർക്കും നല്ലതുപോലെ മനസ്സിലാകത്തക്ക തരത്തിൽ ഏറ്റവും ചെറിയവാക്യങ്ങളും പരിചിതങ്ങളായ പദങ്ങളുമാണ് പ്രസംഗത്തിന് തിരുമേനി ഉപയോഗിച്ചുവന്നിരുന്നത്. അതിഗഹനങ്ങളായ വിഷയങ്ങളേപ്പോലും ഏറ്റവും ലഘുവായ രൂപത്തിൽ ശ്രോതാക്കളുടെ മുമ്പിൽ, കുടുംബജീവിതത്തിലും, പരസ്യജീവിതത്തിലും സഭാംഗങ്ങൾ അനുഷ്ഠിക്കേണ്ട ധർമ്മങ്ങളെ കൂട്ടിയിണക്കി അവതരിപ്പിക്കുന്നതിന് തിരുമേനിക്ക് പ്രത്യേക സാമർത്ഥ്യമുണ്ടായിരുന്നു.

മലങ്കരയിലെ ആബാലവൃദ്ധം ജനങ്ങളെ തീരാത്ത ദുഃഖത്തിലും തോരാത്ത കണ്ണുനീരിലും ആഴ്ത്തിയിട്ട് ലോകത്തിന്റെ മാംസള ദൃഷ്ടികളിൽ നിന്നും മറഞ്ഞുപോയിരിക്കുന്ന മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ അപദാനങ്ങളെ കീർത്തിക്കുവാൻ തുടങ്ങിയാൽ ഈ ലേഖനം ഒരു മഹാഗ്രന്ഥമായി പരിണമിക്കും. പുത്തൻകാവിലെ കൊച്ചുതിരുമേനി ഒരു മിസ്റ്റിക് കാവ്യമാണെന്നു പറയാം. അദ്ദേഹത്തെ ഒരു വിദ്യാഭ്യാസവിദഗ്ദ്ധനായും സംഗീതജ്ഞനായും സാഹിത്യകാരനായും സഭാനേതാവായും ഭക്തയോഗിയായും ജനങ്ങൾ വ്യാഖ്യാനിക്കുന്നു. കൊച്ചുകുട്ടികളുടെ ഒരു കളിത്തോഴനായിരുന്ന അദ്ദേഹം. താഴ്മയായിരുന്നു അദ്ദേഹത്തിന്റെ ഔന്നത്യം. ത്യാഗമായിരുന്നു അദ്ദേഹത്തിന്റെ സമ്പാദ്യം., കുടിലായിരുന്നു അദ്ദേഹത്തിന്റെ കൊട്ടാരം. സാധുക്കളുടെ ആഹാരമായിരുന്നു അദ്ദേഹത്തിന്റെ മേശ,. സേവനമായിരുന്നു അദ്ദേഹത്തിന്റെ പരിചാരകൻ, മഹൽഗ്രന്ഥങ്ങളായിരുന്നു അദ്ദേഹത്തിന്റെ സഹചാരികൾ, നിർദ്ധനന്മാരും നിസ്സഹായരുമായിരുന്നു അദ്ദേഹത്തിന്റെ ധനവാന്മാർ. കഷ്ടപ്പാടും പ്രയാസവുമായിരുന്നു അദ്ദേഹത്തിന്റെ പാനീയം. തിരുമേനി നിർദ്ധനനായി ജീവിച്ചു - സർഗ്ഗരാജ്യത്തിലെ ഏറ്റവും സമ്പന്നനായി അദ്ദേഹം ലോകത്തെ ത്യജിച്ചു - അദ്ദേഹത്തിന്റെ ആത്മാവിനു ശാന്തി, ശാന്തി, ശാന്തി.

(1951-ൽ പ്രസിദ്ധീകരിച്ച മാർ പീലക്സിനോസ് സുവനീറിൽ നിന്ന് എടുത്ത ലേഖനം)

പുത്തൻകാവിൽ കൊച്ചുതിരുമേനി തന്നോടൊപ്പം കളിച്ചിരുന്ന ഫുട്ബോൾ ടീമിനൊപ്പം

മലങ്കരയിലെ സ്കൂളുകളുടെ അവകാശത്തിനുവേണ്ടി പോരാടിയ കൊച്ചുതിരുമേനി

വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് സഭാ സമാധാന ചർച്ചയ്ക്കായി പാർത്രിയർക്കീസിനെ കാണുവാൻ “മർദ്ദീനിലേയ്ക്കു” പോയപ്പോൾ സഭയുടെ നിരവധി സ്കൂളുകളുടെ മാനേജ്മെന്റ് മാർ ഈവാനിയോസിനെ ഏൽപ്പിച്ചിരുന്നു. അദ്ദേഹം റോമാസഭയെ സ്വീകരിച്ചപ്പോൾ ഈ സ്കൂളുകളും കൈയ്യടക്കിക്കൊണ്ടാണു പോയത്. ഇവ വിട്ടുകിട്ടുന്നതിന് മലങ്കര മെത്രാപ്പോലീത്ത ആവശ്യപ്പെട്ടപ്പോൾ അതിനെ എതിർക്കുന്നതിനാണ് മാർ ഈവാനിയോസും പിന്നാലെ വന്നവരും ശ്രമിച്ചത്. ഏതാണ്ട് അറുപതിലധികം സ്കൂളുകൾ കയ്യടക്കിക്കൊണ്ടാണ് ഈവാനിയോസ് റോമാസഭയിൽ ചേർന്നത്. ഈ സ്കൂളുകൾ വിട്ടുകിട്ടുന്നതിന് ഗീവർഗീസ് മാർ പീലക്സിനോസ് കത്തോലിക്ക സഭയുടെ അപ്പോസ്തോലിക പ്രതിനിധിക്കയച്ച കത്ത് പ്രസിദ്ധീകരിക്കുന്നു

To,

The Apostolic Delegate
Bangalore
Your Excellency,

It has been very kind of you to have replied me. But I am sorry I could not acknowledge receipt of the same, although I sent a letter to Mar. Ivanios to that effect.

Seeing that Mar. Ivanios has so flatly denied the truth of what has been stated in my letter; I am now compelled to present a few facts for your information and impartial decision.

Foremost among these, comes the case of 64 Vernacular schools. About a dozen years ago, the present metropolitan of Malankara transferred the management of the above schools to Mar. Ivanios. This was just a few months before he left Malabar, to meet the patriach of Antioch. But now that he has asked for these school, Mar Ivanios handed over only 24 to him. And 40 schools still remain. I might also add that Mar. Dionysius came to possess these schools, by virtue of his office as the metropolitan of Malankara.

Further, there is a printing press at Thiruvalla, which has been given to the “Bethany Ashram’, by a protestant donor. He still says that the press should “remain the property of the Ashram and not of Mar Ivanios personally”. If your exellency reqiures further evidence with regard to the same, I shall supply you in time.

More over the House for the Sisters which the oxford Mission to Calcutta, erected, is still retained by them as their own. I don’t wish to enlarge, by citing what that mission feels with regard to the ownership of this building.

Although instances of this sort and more glaring can be cited, I feel it would be difficult to deal with them sufficiently in this letter. I, there fore, request you to kindly appoint a proper person who whould go in to the matter throughly and submit a true report to you.

Requesting to be excused for the trouble,

I remain

Yours in this holy service
Mar Philoxenos
Bishop of Thumpamon Diocese.
Bishops House
Pathanamthitta

പ്രതിഭാശാലിയായ പുത്തൻകാവിൽ കൊച്ചുതിരുമേനി

സി. പി. ജോർജ്, കുഴിമറ്റം

അനേകവർഷങ്ങൾക്ക് മുൻപ് മെത്രാൻകക്ഷിയും ബാവാ കക്ഷിയും
തമ്മിലുള്ള ഭിന്നത രൂക്ഷമായിരുന്ന കാലം. വാദി പ്രതികളായ ട്രസ്റ്റികൾ
ഒരു തോടിന്റെ ഇരുകരകളിലുമായി താമസമുറപ്പിച്ചിരുന്നു. ഇന്നും ഭിന്ന
കക്ഷികളിലെ ട്രസ്റ്റിമാർ ഈ തോടിന്റെ തന്നെ ഇരുവശങ്ങളിൽ പുത്തന
ങ്ങാടിയിൽ താമസിക്കുന്നു. കുരിശുപള്ളി കവല സംഘർഷത്തിന്റെ
കേന്ദ്രസ്ഥാനമായി മാറിയിരുന്നു. കോട്ടയത്തുള്ള പള്ളികൾ പൂട്ടി കിട
ന്നിരുന്നു. ആത്മീയ പ്രവർത്തനം എന്ന് പറയുവാൻ സി. എം. എസ്
കോളേജിലെ വിദ്യാർത്ഥികൾ നടത്തി വന്നിരുന്ന സണ്ടേ സ്കൂൾ മാത്രം
ഇരു വിഭാഗത്തിലെ കുട്ടികളും ഒരേ സണ്ടേസ്കൂൾ വിദ്യാർത്ഥികളാ
യിരുന്നു. സി. എം. എസ്. ക്കാരുടെ സിലബസിലായിരുന്നു പഠനം.
പുത്തനങ്ങാടിയുടെ പ്രത്യേക സ്വഭാവം പരിഗണിക്കാതെ എം. ഡി.
ഹൈസ്ക്കൂൾ അദ്ധ്യാപകനായിരുന്ന ദിവ്യ ശ്രീ. കെ.റ്റി. ഗീവർഗ്ഗീസ്
ശെമ്മാശനെ സണ്ടേസ്ക്കൂൾ വാർഷികത്തിന്റെ അദ്ധ്യക്ഷനായി
ക്ഷണിച്ചിരുന്നു. ഇരുകക്ഷിയിലെയും കുട്ടികളുടെ രക്ഷകർത്താക്കൾ
സംബന്ധിക്കുന്ന സമ്മേളനം. എന്തിനും കടിപിടി കൂടുന്ന അവസരം.
ശെമ്മാശ്ശന്റെ സാന്നിദ്ധ്യം സംഘർഷഹേതുകരമാകുമോ ചിലർക്ക് സംശ
യവും ഭീതിയും ഇതൊന്നും ലേശം പോലും അദ്ദേഹത്തെ
ബാധിച്ചിരുന്നില്ല ഒരു അസ്വഭാവികതയും മുഖത്ത് നിഴലിച്ചിരുന്നില്ല
അദ്ദേഹം ഹാളിൽ പ്രവേശിച്ചു. നിഷ്കളങ്കമായ ഒരു പുഞ്ചിരി ഇരു
കരങ്ങളും കൂപ്പി സദസ്യരുടെ മുൻപിൽ നിന്നു ആ മുഖശോഭയും
നമുക്ക് പ്രാർത്ഥിക്കാം എന്ന ഇമ്പകരമായ ശബ്ദവും സഭയെ നിശബ്ദ
മാക്കി. ആ മഹൽ സമ്മേളനത്തെ സ്പർശിച്ചുള്ള പ്രാർത്ഥന, മാധുര്യമേ
റിയ സ്വരത്തിൽ നടത്തികഴിഞ്ഞപ്പോൾ പരിപൂർണ്ണ നിശ്ശബ്ദത
സന്ദേഹങ്ങൾ നിലച്ചു.

കൊച്ചു കുട്ടികൾ, യൗവനക്കാർ, വൃദ്ധർ എന്നീ സമ്മിശ്രസദസ്സ്
ഭിന്നരുചിക്കാർ, പ്രസംഗികൻ എല്ലാവരെയും തൃപ്തിപ്പെടുത്തണം.
അദ്ധ്യക്ഷന്റെ ഉപക്രമപ്രസംഗം തന്നെയായി അദ്ദേഹത്തിന്റെ മുഖ്യ
പ്രസംഗം. ഏവരുടെയും ശ്രദ്ധയെ ഒരേസമയം പിടിച്ചുപറ്റത്തക്കവണ്ണം,
ഗ്രാമീണഭാഷയിൽ എന്നാൽ ആശയനിർഭരം, ഹാളിലുള്ളവർ കേൾക്ക
ത്തക്ക ഇമ്പകരമായ ശബ്ദം, കഥകളും, ഉപമകളും നമ്മുടെ നാട്ടിലേതു
മാത്രം, നടത്തിയ ആപ്രസംഗം ഓരോരുത്തരുടെയും ഹൃദയത്തിൽ
തറച്ചുകയറിയെന്നു തോന്നുമാറ് സദസ്യർ, സശ്രദ്ധം ശ്രവിച്ചു കൊണ്ടി
രുന്നു. വേദശാസ്ത്രപരമായ വസ്തുതകൾ ഇത്രലളിതമായി പ്രതിപാദി
ക്കുവാനുള്ള അദ്ദേഹത്തിന്റെ അസാമാന്യമായ കഴിവ് കക്ഷിഭേദമന്യെ
അംഗീകരിക്കതന്നെയുണ്ടായി. അദ്ദേഹത്തിന്റെ സ്നേഹപരമായ പെരു
മാറ്റം സമ്മാനം വാങ്ങുവാൻ സമീപിച്ച ഓരോ കുട്ടിക്കും അദ്ദേഹത്തോട്
ഒരു പ്രത്യേക അടുപ്പം ഉണ്ടായതായി തോന്നി. മെത്രാൻ കക്ഷിയിലെ
പ്രബലനായ കൊച്ചുതിരുമേനിയായി പരിലസിച്ച കാലത്തും ഇരുകക്ഷി
ക്കാരുടെയും സ്നേഹബഹുമാനാദികൾ ആർജ്ജിക്കുന്നതിനു കഴിഞ്ഞി
രുന്നുവെന്നുള്ളത് കുന്നംകുളം മുതൽ പുത്തൻകാവു വരെ അദ്ദേഹ
ത്തിന്റെ മൃതദേഹത്തിന് കക്ഷിഭേദമെന്യെ സമുദായഭേദമെന്യെ നൽകി
യ അഭിവാദനങ്ങൾ പ്രസ്പഷ്ടമാക്കി. വിദ്യാസമ്പന്നായ ഒരു അദ്ധ്യാ
പകനും, സ്പോർട്സ് പ്രേമി കൂടിയായിരുന്നു. പ്രത്യേകിച്ച്
ഫുട്ബോളിൽ. അക്കാലത്തെ പേരു കേട്ട കളിക്കാരനായിരുന്ന വട്ടക്കു

ന്നേൽ കുര്യച്ചൻ. തിരുമേനിയുടെ ഉറ്റ സ്നേഹിതൻ. അദ്ദേഹത്തിന്റെ അകാല മരണം തിരുമേനിയെ വേദനിപ്പിച്ചു വ്യായമം വൈദികർക്കും വേണമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു.

പുത്തൻകാവിൽ നിന്ന് സൈക്കിൾ ചവുട്ടി കോട്ടയത്തു വന്നിരുന്ന അദ്ദേഹത്തിന് റമ്പാൻസ്ഥാനം തന്റെ സ്വാതന്ത്ര്യത്തെ ഹനിച്ചിരുന്നുവെന്ന് ഒരു പക്ഷേ ചിന്തിച്ചിരിക്കാം. റമ്പാനായ ശേഷം അദ്ദേഹത്തിന്റെ താമസം പഴയ സിമ്മിനാരിയിലേക്ക് മാറ്റി. വൈദിക വിദ്യാർത്ഥികളുടെ അദ്ധ്യാപകനായി സേവനം തുടർന്നു. വ്യായാമതല്പരനായ അദ്ദേഹം വിദ്യാർത്ഥികൾക്ക് കളി സ്ഥലം ഒരുക്കി. അവരുടെ കൂടെ കളിക്കുന്നതിന് അദ്ദേഹം ആഗ്രഹിച്ചു. പക്ഷെ സെമിനാരിയുടെ തെക്കേ മുറിയിൽ താമസിച്ചിരുന്ന പ. ബസേലിയോസ് ഗീവർഗീസ് ദ്വീതീയൻ കാതോലിക്ക ബാവയുടെ ശ്രദ്ധയിൽ പെട്ടപ്പോൾ, സന്യാസിത്വമാണ് റമ്പാൻ സ്ഥാനം, ഉല്ലസിക്കുവാനുള്ളതല്ല., വ്യായാമത്തിന് സഭകല്പിച്ചിരിക്കുന്ന കുമ്പിടൽ ധാരാളം മതിയാകുമെന്ന് ഉപദേശിച്ചതായി പറഞ്ഞു കേട്ടിട്ടുണ്ട്. ഏതായാലും പരസ്യമായ വ്യായാമമൊന്നും പിന്നീട് ചെയ്തിട്ടുള്ളതായി കണ്ടിട്ടില്ല.

1929-ലെ വിദ്യാർത്ഥി കോൺഫറൻസ് എല്ലാം കൊണ്ടും സ്മരാണാർഹമാണ്. മാർ ഈവാനിയോസ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ അദ്ധ്യക്ഷസ്ഥാനം രാജിവെച്ചു. അന്നത്തെ ജനറൽ സെക്രട്ടറി കെ. സി. ജോർജ്ജ് പിന്നീട് ഒരു കമ്മ്യൂണിസ്റ്റ് നേതാവായി. ഉശിരോടെ അദ്ധ്യക്ഷസ്ഥാനം ഏറ്റ ഫാദർ റ്റി. വി. ജോൺ പിന്നീട് റോമ്മാ റീത്ത് സഭയിൽ ചേർന്നു, ഗുരുവും, ശിഷ്യനും തമ്മിൽ അവസാന കൂടികാഴ്ച. കോൺഫറൻസിന്റെ അന്തരീക്ഷം തന്നെ കലുഷിതമായിരുന്നതിനെ ഒരുവിധം ശാന്തമാക്കിയത് നമ്മുടെ കഥാപുരുഷനാണ്. അദ്ദേഹത്തിന്റെ നയചാതുര്യം കോപിഷ്ടരായ യുവാക്കന്മാരെ ശാന്തരാക്കി. വൈദികസിമ്മനാരി കുറച്ചുകാലം ഏലിയാ ചാപ്പലിനോടു തൊട്ടുള്ള കെട്ടിടങ്ങളിൽ നടത്തിയിരുന്നു. ഇദ്ദേഹം കോട്ടയത്തു വരുമ്പോൾ അവിടെ താമസിക്കാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ധാരാളം ആളുകളെ സിമ്മിനാരിയിലേക്ക് ആകർഷിച്ചിരുന്നു. എല്ലാവരോടും സ്നേഹപൂർവ്വം സംസാരിക്കും. ആരെയും വെറുപ്പിക്കുകയില്ല. ഭക്തി പ്രകടനങ്ങൾ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. ഒരു പ്രാർത്ഥനാമനുഷ്യനായിരുന്നു.

ചിങ്ങവനം വട്ടമേശ സമ്മേളനത്തിൽ അദ്ദേഹം സംബന്ധിച്ചിരുന്ന അവസരത്തിൽ , കൂടെ താമസിച്ചിരുന്ന ഇരു കക്ഷികളിലേയും മെത്രാച്ചന്മാർ സുഖ നിദ്രയിലായിരിക്കുമ്പോൾ കൊച്ചു തിരുമേനി കിടക്കയിൽ നിന്ന് എഴുന്നേറ്റ് ഇരുട്ടത്തു നടന്ന് ദയറാ പള്ളിയുടെ തുറസ്സായ സ്ഥലത്ത് മുട്ടുകുത്തി നിന്ന് വളരെ നേരം നിശ്ശബ്ദനായി പ്രാർത്ഥിക്കുന്നത് പരിസരസംരക്ഷണ ചുമതലയേറ്റിയിരുന്ന സ്വമേധാപ്രവർത്തകർ കണ്ട് എന്നെ അറിയിക്കാറുണ്ടായിരുന്നു. സഭയുടെ സമാധാനത്തിനുവേണ്ടി ഹൃദയം നുറുങ്ങി പ്രാർത്ഥിക്കുകയായിരുന്നിരിക്കാം. ഭക്തി പ്രകടനങ്ങളിലെ കപടഹൃദയമോ, പ്രകടനമില്ലാത്ത നിഷ്കപട ഹൃദയമോ ഏതാണ് ദൈവ തിരുമുമ്പാകെ വിലപ്പെട്ടതെന്ന് ഈശ്വരൻ തന്നെ വിധിക്കട്ടെ.

ഒരിക്കൽ ഞാനും റ്റി. എം. ചാക്കോയും കൂടി തിരുമേനിയെ കാണുന്നതിന് പുത്തൻകാവിനു പോയി. ബസ്സിൽ നിന്നിറങ്ങിയപ്പോൾ കണ്ടത് അദ്ദേഹം വേലക്കാരുടെയിടയിൽ നിന്നുകൊണ്ട് എല്ലാവർക്കും അന്നത്തെ കൂലി കൊടുക്കുന്നതാണ്. പള്ളിക്കൂടം പണി നടക്കുകയാണ്. അദ്ദേഹത്തിന്റെ കൈയ്യിൽ നിന്നും കൂലി വാങ്ങുന്നതാണ് അവർക്കിഷ്ടമെന്ന് ഞങ്ങൾ ആരാഞ്ഞപ്പോൾ മനസ്സിലായി. ഞങ്ങളെ കണ്ട ഉടനെ കാപ്പിയും പലഹാരവും കൊണ്ടുവരുന്നതിന് ആളിനെ വിട്ടു കഴിഞ്ഞു. വരാന്തയിൽ നിന്നു കൊണ്ട് തന്നെ കാപ്പി കഴിച്ചു തിരുമേനിയും ഞങ്ങളുടെ കൂടെ കാപ്പികുടിച്ചു. അദ്ദേഹം സ്കൂളിലായിരുന്നു താമസം ശയന മുറിയും സന്ദർശക മുറിയും എല്ലാം ഒരേ ക്ലാസിൽ. ക്ലാസുകൾ തമ്മിൽ ഭിത്തി കൊണ്ട് വേർതിരിച്ചിരുന്നില്ലെന്നാണ് എന്റെ ഓർമ്മ. രണ്ടു ബഞ്ചുകൾ അടുപ്പിച്ചിട്ടതു കട്ടിലായും, ഒരു ചവുക്കാളം മെത്തയായും ഒരു ചെറിയ കുഷ്യൻ തലയിണയായും ഉപയോഗിച്ചിരുന്നു. ഭക്ഷണം വീട്ടുകാർ ആരോ കൊണ്ടുവന്നു കൊടുത്തിരുന്നു. കസേരയില്ല ബഞ്ചുമാത്രമാണ് സന്ദർശകർക്കുള്ള ഇരിപ്പിടം. ഞങ്ങളോട് ഇരിക്കുവാൻ പറഞ്ഞപ്പോൾ മെത്രാച്ചന്മാരുടെ കൂടെ ഇരിക്കുക പതിവില്ലാത്ത ഞങ്ങൾക്ക് കുറച്ചു പ്രയാസം തോന്നി. നിങ്ങൾ ഇരിക്കുന്നില്ലെങ്കിൽ ഞാനും എഴുന്നേറ്റ് നിന്ന് സംസാരിക്കാം. ഉടനെ ഞങ്ങൾ ഇരുന്നു. അദ്ദേഹത്തിന്റെ വിനയം എത്രമാത്രം. സമാധാന കാര്യങ്ങളെ പറ്റി ചർച്ച ചെയ്തപ്പോൾ നേരം ഇരുട്ടി. അവിടെ താമസിക്കുവാൻ പറയുന്നതിനും അദ്ദേഹം മടിച്ചില്ല. തിരികെ രാത്രി തന്നെ കോട്ടയത്ത് എത്തേണ്ടിയിരുന്നതുകൊണ്ട് ഞങ്ങൾ യാത്രയായി. പക്ഷെ അദ്ദേഹം ഞങ്ങളെ പിന്തുടർന്ന് വഴിയിലെത്തിയപ്പോഴാണ്.കാര്യം മനസ്സിലായത്. എല്ലാ ബസുകളും പോയികഴിഞ്ഞു. ഒരു ബസുകൂടി മാത്രം ഞങ്ങൾ കൈകാണിച്ചാൽ ബസ് നിർത്തുകയില്ല. വർത്തമാനം പറഞ്ഞു നിന്നപ്പോൾ ബസ് വരുന്നു. തിരുമേനി വഴിയിൽ നിന്ന് കൈകാണിച്ച് ബസ് നിർത്തി. നിറയെ, സൂചി കുത്താനിടയില്ലാതെ ആളുകളുമായി വന്ന ബസ് തിരുമേനിയല്ലായിരുന്നുവെങ്കിൽ ഞങ്ങളെ ഉപേക്ഷിച്ചിട്ട് പോകുമായിരുന്നു. കൂരിരുട്ടത്ത് പുത്തൻകാവ് അങ്ങാടിവഴി ചെങ്ങന്നൂരേക്ക് നടക്കേണ്ടി വരുമായിരുന്നു. എത്ര മഹാമനസ്കത. എത്ര സ്നേഹസമ്പന്നൻ, ആർഭാടരഹിതൻ. മുപ്പത് വർഷം മുമ്പ് എത്ര പരിഷ്കൃതാശയൻ. ഇപ്പോൾപോലും വിരളമായി കാണുന്ന സ്വഭാവമുള്ള ഒരു മേൽപട്ടക്കാരൻ. പരിശുദ്ധ പിതാവേ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ..

ഞങ്ങളോട് ഇരിക്കുവാൻ പറഞ്ഞപ്പോൾ മെത്രാച്ചന്മാരുടെ കൂടെ ഇരിക്കുക പതിവില്ലാത്ത ഞങ്ങൾക്ക് കുറച്ചു പ്രയാസം തോന്നി. നിങ്ങൾ ഇരിക്കുന്നില്ലെങ്കിൽ ഞാനും എഴുന്നേറ്റ് നിന്ന് സംസാരിക്കാം. ഉടനെ ഞങ്ങൾ ഇരുന്നു. അദ്ദേഹത്തിന്റെ വിനയം എത്രമാത്രം.

വർഷങ്ങൾക്ക് മുൻപ് 'മലങ്കര സഭ'യിൽ പ്രസിദ്ധീകരിച്ച ലേഖനം

ഞങ്ങളുടെ ജീവിതത്തിൽ അനുഗ്രഹങ്ങൾ ചൊരിഞ്ഞ പുത്തൻകാവിൽ കൊച്ചുതിരുമേനി

ഷൈനി രഞ്ജിത്ത്, അടൂർ

പുത്തൻകാവിൽ കൊച്ചുതിരുമേനി എനിക്കും എന്റെ കുടുംബത്തിനും ചൊരിഞ്ഞ അനുഗ്രഹങ്ങൾ വാക്കുകൾക്ക് അതീതമാണ്. 2006-ൽ പുത്തൻകാവ് പിരളശ്ശേരി കടത്തശ്ശേരി എം.ഡി.എൽ.പി. സ്കൂളിൽ അധ്യാപികയായി ഞാൻ വരുമ്പോൾ എന്റെ മനസ്സിൽ ചില നൊമ്പരങ്ങൾ ഉണ്ടായിരുന്നു. വിവാഹം കഴിഞ്ഞ് 9 വർഷങ്ങൾ ആയിട്ടും എനിക്ക് ഒരു കുട്ടി ഇല്ലാത്തതാണ് അതിനു കാരണം. പുത്തൻകാവിൽ കൊച്ചുതിരുമേനിയെപ്പറ്റി അധികം അറിയാത്ത എനിക്ക് തിരുമേനിയുടെ വിശുദ്ധ ജീവിതത്തെക്കുറിച്ച് പലരും പറഞ്ഞ് മനസ്സിലാക്കുവാൻ സാധിച്ചു. ഞാൻ നിത്യവും തിരുമേനിയുടെ കബറിടത്തിൽ പോയി എനിക്ക് ഒരു കുഞ്ഞിനെ തരണമെന്ന് പ്രാർത്ഥിച്ചു. എന്റെ പ്രാർത്ഥനയ്ക്ക് ഫലമുണ്ടാകുമെന്ന് എന്റെ മനസ്സ് ഉറപ്പിച്ചു പറയുന്നതായി എനിക്ക് തോന്നി. കുട്ടികൾ ഉണ്ടാകാൻ ഞാൻ ഒരു ചികിത്സയ്ക്കും പോയില്ല. തിരുമേനിയുടെ അനുഗ്രഹം എനിക്ക് ഉണ്ടായി. 2008-ൽ എനിക്ക് ഒരു കുഞ്ഞിനെ ദൈവം നൽകി. എന്റെ ഭർത്താവ് ഗൾഫിലെ ജോലി രാജിവെച്ച് എന്നോടൊപ്പം ആ കാലങ്ങളിൽ ഉണ്ടായിരുന്നു.

പ്രസവ ശേഷം ഞാൻ തിരുമേനിയോട് എന്റെ ഭർത്താവിന് നല്ല ഒരു ജോലി നൽകണമെന്ന് പ്രാർത്ഥിച്ചു. എന്റെ ഭർത്താവിന്റെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് ഉപരിയായി ഒരു ജോലി ലഭിച്ചു. പിന്നീട് പുത്തൻകാവ് സ്കൂളിൽ വരുമ്പോൾ തിരുമേനിയോട് കബറിടത്തിൽ കയറി എനിക്ക് ഒരു കുഞ്ഞിനെ കൂടി നൽകാൻ അനുഗ്രഹിക്കണമെന്ന് പ്രാർത്ഥിച്ചു. വീണ്ടും ഞാൻ ഗർഭിണിയായി എന്റെ രണ്ടാമത്തെ പ്രസവത്തിൽ എന്റെ ഭർത്താവിന് വരാൻ കഴിഞ്ഞില്ല. അദ്ദേഹം.. എനിക്ക് വേണ്ടി പ്രാർത്ഥിച്ച് കഴിഞ്ഞു. എനിക്ക് തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ 2012 - ൽ ദൈവം ഇരട്ടക്കുട്ടികളെ ആണ് നൽകിയത്.

ഷൈനി രഞ്ജിത്ത് ഭർത്താവ് രഞ്ജിത്ത് ജോർജ്ജ് മക്കളായ ജൂബേൽ, ജോനാദാൻ, ജോഹന്ന എന്നിവർക്കൊപ്പം

ഒരു മാസം കഴിഞ്ഞ് എന്റെ ഭർത്താവിന് പുത്തൻകാവിൽ കൊച്ചു തിരുമേനി രാത്രിയിൽ അത്ഭുതകരമായ ഒരു ദർശനം നൽകി. അദ്ദേഹത്തിന് തിരുമേനി വിശുദ്ധ കുർബ്ബാന അർപ്പിക്കുന്നത് കാണാനും കുർബ്ബാനയ്ക്കു ശേഷം മൂന്ന് ധൂപക്കുറ്റികൾ എന്റെ ഭർത്താവിന്റെ നേരെ നീട്ടി. ഈ 3 ധൂപക്കുറ്റികൾ ദൈവം ഞങ്ങൾക്ക് നൽകിയ 3 മക്കളായി ഞങ്ങൾ വിശ്വസിക്കുന്നു. ഈ ദർശനം ഞങ്ങളുടെ ജീവിതത്തിൽ പുത്തൻകാവിൽ കൊച്ചുതിരുമേനി എന്ന വിശുദ്ധ പിതാവിന്റെ അനുഗ്രഹം എത്രമാത്രമാണെന്ന് മനസ്സിലാക്കുവാൻ സാധിച്ചു. എന്റെ ഭർത്താവ് നാട്ടിൽ വന്നപ്പോൾ ഞങ്ങൾ പുത്തൻകാവ് പള്ളിയിൽ ചെന്ന് ഞങ്ങളുടെ മൂന്ന് കുട്ടികളുടെ പേരിൽ മൂന്നു ധൂപകുറ്റികൾ നേർച്ച നൽകി. എന്നും ആ വിശുദ്ധ കബറിടത്തിൽ ധൂപങ്ങൾ ഉയരട്ടെയെന്ന് ഞങ്ങൾ പ്രാർത്ഥിച്ചു. അടൂരിൽ ഒരു ഭവനം നിർമ്മിക്കുന്നതിനും പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അനുഗ്രഹങ്ങൾ എന്റെ കുടുംബത്തിന് ഉണ്ടായിരുന്നു. ഞങ്ങളുടെ കുടുംബത്തിന് എക്കാലവും തിരുമേനിയുടെ മദ്ധ്യസ്ഥത ഉണ്ടാകണമേ എന്ന് പ്രാർത്ഥിക്കുന്നു.

ഷൈനി രഞ്ജിത്ത്,
വാഴവിളയിൽ മിസ്പാ ഹൗസ്
അടൂർ പി.ഒ., അടൂർ

(അനവധി അനുഭവ സാക്ഷ്യങ്ങൾ ഉണ്ടെങ്കിലും സുവനീർ കമ്മറ്റി തീരുമാന പ്രകാരം ഈ അനുഭവ സാക്ഷ്യം മാത്രം പ്രസിദ്ധീകരിക്കുന്നു.)

സാന്നിധ്യംകൊണ്ട് അനേകരെ സന്തോഷിപ്പിക്കുന്ന പുണ്യ പിതാവ്

ഫാ. വിനോദ് ജോർജ്,
ആസ്ട്രേലിയ (ആറാട്ടുപുഴ
സെന്റ് മേരീസ് പള്ളിഇടവകാംഗം)

തിരുമേനിയുടെ കബറിടത്തിനു തൊട്ടുമുമ്പിലെ തിരുമേനിയുടെ നാമത്തിലുള്ള സ്കൂളിൽ പ്രൈമറി വിദ്യാഭ്യാസം നടത്തുവാൻ അനുഗ്രഹം ലഭിച്ചതിലുള്ള അഭിമാനം ഞാൻ ഇവിടെ എടുത്തുപറയട്ടെ. എന്റെ ഓർമ്മവെച്ചനാൾ മുതൽ ബാല്യകാലത്തിന്റെ ഭൂരിഭാഗവും കൊച്ചുതിരുമേനിയുടെ കബറിടവും പരിസരവും എന്റെ ശ്രദ്ധാകേന്ദ്രങ്ങളായിരുന്നു. അവിടെ നിന്നുയരുന്ന ആത്മീയ പ്രകാശത്തിന്റെയും സന്തോഷ രശ്മികളുടെയും കിരണങ്ങൾ എല്ലാ ദിവസവും ആസ്വദിക്കുവാൻ ദൈവം എന്നെ അനുവദിച്ചു.

ജീവിച്ചിരിക്കുമ്പോഴും കാലം ചെയ്തതിനുശേഷവും അനേകർക്ക് സന്തോഷവും ആഹ്ലാദവും പകരാൻ കഴിയുന്നത് പരിശുദ്ധാത്മാവിന്റെ അവർണ്ണനീയ നിറവുള്ളവർക്ക് മാത്രം സാധിക്കുന്നതാണ്. അങ്ങനെയുള്ള പുണ്യപിതാക്കന്മാരുടെ ഒരു നീണ്ടനിര തന്നെ മലങ്കര സഭാ ചരിത്രത്തിൽ നമുക്ക് കാണാം. ആ നിരയിൽ അഗ്രഗണ്യനായിരുന്നു പുണ്യശ്ലോകനായ പുത്തൻകാവിൽ കൊച്ചു തിരുമേനി.

തിരുമേനിയെക്കുറിച്ച് എഴുതിയിട്ടുള്ള പുസ്തകങ്ങളിലും ലേഖനങ്ങളിലും പ്രസംഗങ്ങളിലും എല്ലാം തിരുമേനിയുടെ വ്യക്തിത്വത്തെ വിവരിക്കുന്ന നിരവധി വിശേഷണങ്ങൾ ഉണ്ട്. മികച്ച വാഗ്മി, മികച്ച ഗായകൻ, മികച്ച അധ്യാപകൻ, മികച്ച ഭരണാധികാരി, മികച്ച സ്പോർട്സ്മാൻ, മാതൃക മെത്രാപ്പോലീത്താ, സാമീപ്യം കൊണ്ട് സന്തോഷം പകരുന്ന വ്യക്തി അങ്ങനെപോകുന്നു വിശേഷണങ്ങൾ.

ഇതിൽ ഏറ്റവും ശ്രദ്ധേയമായി എനിക്ക് അനുഭവപ്പെട്ടത് സാമീപ്യം കൊണ്ട് സന്തോഷം പകരുന്ന വ്യക്തി എന്നതാണ്. തങ്ങളുടെ സാന്നിധ്യവും സാമീപ്യവും അനേകർക്ക് സന്തോഷത്തെയും ആഹ്ലാദത്തെയും പകർന്നു കൊടുക്കുവാൻ പര്യാപ്തമാകുന്നു എന്നത് വളരെ അപൂർവ്വമായി കാണുന്ന വ്യക്തിത്വങ്ങളുടെ സവിശേഷതയാണ്. ചുരുങ്ങിയ കാലം മാത്രമാണ് ജീവിച്ചിരുന്നതെങ്കിലും തന്നിലേക്ക് അനേകരെ അടുപ്പിക്കുവാൻ കഴിയുന്ന ആകർഷണ ശക്തിയുള്ള ഒരു പിതാവായിരുന്നു പുത്തൻകാവിൽ തിരുമേനി. ജീവിച്ചിരുന്നപ്പോൾ തിരുമേനിയുടെ സാമീപ്യം, ശബ്ദം, വാക്കുകൾ, പെരുമാറ്റം, പുഞ്ചിരി തുടങ്ങിയവയെല്ലാം അദ്ദേഹത്തിലേക്ക് അനേകരെ അടുപ്പിച്ചെങ്കിൽ, കാലം ചെയ്തതിനുശേഷവും അദ്ദേഹത്തിന്റെ കബറിടത്തിൽ ചെല്ലുന്നവർക്ക് ആ സാമീപ്യത്തിന്റെ സന്തോഷവും സമാധാനവും ലഭിക്കുന്നു. അതുകൊണ്ടാണ് ആ പുണ്യകബറിടത്തിൽ പോകുവാൻ വീണ്ടും നാം ആഗ്രഹിക്കുന്നത്.

തിരുമേനിയുടെ കബറിടത്തിനു തൊട്ടുമുമ്പിലെ തിരുമേനിയുടെ നാമത്തിലുള്ള സ്കൂളിൽ പ്രൈമറി വിദ്യാഭ്യാസം നടത്തുവാൻ അനുഗ്രഹം ലഭിച്ചതിലുള്ള അഭിമാനം ഞാൻ ഇവിടെ എടുത്തുപറയട്ടെ. എന്റെ ഓർമ്മവെച്ചനാൾ മുതൽ ബാല്യകാലത്തിന്റെ ഭൂരിഭാഗവും കൊച്ചുതിരുമേനിയുടെ കബറിടവും പരിസരവും എന്റെ ശ്രദ്ധാകേന്ദ്രങ്ങളായിരുന്നു. അവിടെ നിന്നുയരുന്ന ആത്മീയ പ്രകാശത്തിന്റെയും സന്തോഷ രശ്മികളുടെയും കിരണങ്ങൾ എല്ലാ ദിവസവും ആസ്വദിക്കുവാൻ ദൈവം എന്നെ അനുവദിച്ചു.

ആ കബറിടം ആത്മീയ സന്തോഷത്തിന്റെയും ഭൗതികാഭിവൃദ്ധിയുടെയും കേന്ദ്രമാണ്. അനേകർക്ക് ആശ്വാസവും ചോദ്യങ്ങളുടെ ഉത്തരവുമാണ്. നിരാശയാലും ഭാരത്താലും വരുന്നവർക്ക് സമാധാനവും സന്തോഷവും നൽകി തിരിച്ചയ്ക്കുന്ന പുണ്യ ഇടമാണ്. ജനമനസ്സുകൾക്ക് ആ പുണ്യപിതാവ് ആത്മീയ നിർവൃതിയുടെ പര്യായമായി മാറുന്നതിന്റെ കാരണവും അതുതന്നെയാണ്.

എന്റെ എല്ലാ അവധിക്കാലത്തും തിരുമേനിയുടെ കബറിടം നിത്യസന്ദർശന സ്ഥലവും പ്രാർത്ഥനാകേന്ദ്രവുമാണ്. എന്റെ മാതൃ ഇടവകയായ ആറാട്ടുപുഴ സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയിൽ നിന്നാണ് ആ പുണ്യപിതാവിന്റെ കബറിടത്തിലേക്ക് ആദ്യമായി പദയാത്ര സംഘടിപ്പിച്ചത് എന്നതിൽ ഞാൻ അഭിമാനിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു.

ഏബ്രഹാം തോമസ് (അനി)
അയിരുക്കുഴിയിൽ

പ്രണാമം

ദൈവമെന്ന വെളിച്ചത്തെ തേടി
ഞാൻ നടന്നു നീങ്ങവേ
കണ്ടു ഞാൻ ലോകമാം വെളിച്ചം
വെളിച്ചമെനിക്കു ശാപമായ് തീർന്നിതാ
ഇരുളും വെളിച്ചവും വ്യത്യാസമില്ലാതെ
ദൈവസൃഷ്ടികൾ തലകീഴായ് മറിയ്ക്കുന്നീലോകം
ഭയന്നോടി തളർന്നു ഞാൻ പാപത്തിൻ ഭാരത്താൽ
വീണു കിടന്നു തേങ്ങി നിരങ്ങി
എത്തി ഞാൻ നിൻ കബറിങ്കൽ
കത്തി ശോഭിക്കുന്ന ആയിരം തിരികൾ നടുവിൽ
നിവർന്നു നിൽക്കാൻ കഴിയാതെ വീണു കിടന്നു
സ്വയമെൻ പാപഭാരങ്ങളോർത്തു തേങ്ങവേ
ദൈവീകമൂല്യങ്ങൾ മറന്നു ജീവിച്ച
വഴിയോർത്തു സ്വയം ശപിച്ചു ഞാൻ
മകനെ എന്നുള്ള വിളി കേട്ട്
ഈറനണിഞ്ഞ കണ്ണുകളാൽ നോക്കി നിൻ ഛായചിത്രത്തിൽ
കണ്ണിമെയ്ക്കാതെ എന്നെ നോക്കുന്നതും കണ്ടു
ഭയന്നു ഞാൻ നിൻ സമീപത്ത് നിന്നു
കൈകൾ നീട്ടി എന്നേ നീ ഉയർത്തി
പാപത്തിൻ ഭാരം സ്വയമേ മാറിപ്പോയി
ദൈവീക സ്നേഹമെന്നിൽ നിറഞ്ഞിതാ
ആത്മനിർവൃതിയിൽ ലയിച്ചു ഞാൻ
നിൻ ചിത്രത്തിൻ മുൻപിൽ പ്രണമിച്ചു.
പൊന്നുതിരുമേനി നിൻ മാർഗ്ഗം
തേടി ഞങ്ങൾ അണയുന്നു
നിൻ കബറിങ്കൽ തിരികൊളുത്താൻ
നീ കാട്ടിതന്ന പാതയിൽ
വിശ്വാസത്തിൻ പാതയിൽ
ഇടറാതെ പതറാതെ
കാതോലിക്കേറ്റിന്റെ കൊടികൾ എന്തി
തളരാതെ പിൻതുടരുന്നിതാ ഞങ്ങൾ
നാഥൻ കൽപ്പിച്ച കൽപ്പനകളെ
സ്വയമേ ജീവിതത്തിൽ പകർത്തി
സഭ തൻ കാതോലിക്കേറ്റ് രത്നദീപ-
മായി തിളങ്ങി ശോഭിച്ചിടും എക്കാലവും
സഭ തൻ മക്കളിൽ പൊന്നു തിരുമേനി.

അന്ത്യയാത്ര

ഫാ.ഡോ. പി.എസ്. ശമുവേൽ കോർ-എപ്പിസ്കോപ്പാ

(ശെമ്മാശൻ ആയിരുന്ന കാലത്ത് 1951-ൽ എഴുതിയ ലേഖനം)

മലങ്കരയിലെ വടക്കൻ ഇടവകകളായ പഴഞ്ഞി, കുന്നംകുളം മുതലായ സ്ഥലങ്ങളിൽ ആണ്ടുതോറും പോയി സുവിശേഷമഹായോഗങ്ങൾ നടത്തുകയെന്നുള്ളത് പുത്തൻകാവിലെ കൊച്ചുതിരുമേനിക്ക് അത്യന്തം ആഹ്ലാദപ്രദമായ ഒരു കാര്യമായിരുന്നു. വലിയനോമ്പ് പകുതിയായി, നാറുന്ന ചേറുനീക്കി ഭൂമി ശുദ്ധീകരിച്ച് പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് നട്ടുപിടിപ്പിച്ച് വളർത്തി ഉയർത്തിക്കൊണ്ടു വന്ന മുന്തിരിലവള്ളിപോലെ ശോഭിച്ചുകൊണ്ടിരിക്കുന്ന ബഥേൽ ദേവാലയത്തിൽ അന്ന് വിശുദ്ധ കുർബ്ബാന അണക്കുന്നതിന് വൈദീകന്മാരെ കിട്ടിയില്ല. ശരീരസുഖം ഇല്ലാതിരുന്നിട്ടും, യാത്രാവ്യഗ്രത ഉണ്ടായിരുന്നിട്ടും തിരുമനസ്സുകൊണ്ടു തന്നെ ആ ദിവ്യകർമ്മം അനുഷ്ഠിച്ച് ആ ദേവാലയത്തെ അന്ത്യമായി അനുഗ്രഹിച്ചു. അന്ന് ഏപ്രിൽ 4 ആയിരുന്നു സുവിശേഷഘോഷണയാത്രക്ക് അദ്ദേഹം അതിവേഗത്തിൽ ഒരുക്കം തുടങ്ങി. പെട്ടെന്ന് തിരുമനസ്സിന്റെ ഹൃദയത്തിൽ കൂടി ഒരു വിചാരം പാഞ്ഞു. പഴഞ്ഞിയിലെ കാക്കു അച്ചൻ രോഗക്കിടക്കയിലാണെന്ന്. ഒരു വേള അന്ത്യകൂദാശ ചെയ്യേണ്ടതായി വന്നെങ്കിലോ എന്ന്. കന്തീലാപുസ്തകം അന്വേഷിച്ചപ്പോൾ അത് ഒന്നരമൈൽ അകലേയുള്ള പുത്തൻകാവ് വലിയപള്ളിയിലെ വിശ്രമമുറിയിലാണ്. ഉടനെത്തന്നെ പുത്തൻകാവിലേക്കു എഴുന്നെള്ളി കന്തീലാപുസ്തകവുമായി ബഥേലിൽ തിരിച്ചെത്തി. പകൽ പത്തുമണിയോടുകൂടി തിരുമനസ്സുകൊണ്ട് പഴഞ്ഞിയിലേക്ക് തിരിച്ചു. ഉച്ചനമസ്ക്കാരത്തിന്റെ സമയത്ത് തിരുമനസ്സിലെ മോട്ടോർ കാർ എം.ഡി. സിമ്മനാരി ചാപ്പലിന്റെ മുൻ ഭാഗത്ത് ചെന്നുനിന്നു. ഭക്ഷണത്തിലും ശരീരായാസത്തിലും ക്രമവും, സൂക്ഷ്മതയും പാലിക്കണമെന്ന് ഡോക്ടർമാർ നിർദ്ദേശിച്ചിരുന്നു. എങ്കിലും അന്നു തിരുമനസ്സുകൊണ്ടു പരിപൂർണ്ണമായ നോമ്പ് ആചരിക്കുകയും ചാപ്പലിൽ കയറി അനേകപ്രാവശ്യം കുമ്പിട്ടു നമസ്ക്കരിക്കുകയും ചെയ്തു. അനന്തരം തിരുമനസ്സുകൊണ്ട് പഴയ സിമ്മനാരിയിലേക്ക് എഴുന്നെള്ളി. തന്റെ വടക്കൻ യാത്രയെക്കുറിച്ചും മറ്റും കാതോലിക്കാ ബാവാ തിരുമേനിയുമായി സംഭാഷണം നടത്തി, തിരുമേനിയുടെ അനുവാദവും വാങ്ങി കൊച്ചുമെത്രാച്ചൻ ഉത്തരതിരുവിതാംകൂറിലേക്ക് തിരിച്ചു. മാർഗ്ഗമദ്ധ്യേ തിരുമനസ്സുകൊണ്ട് നി.വ.ദി. ശ്രീ. മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ അരമനയിൽ കയറി കാപ്പിമേശയിൽ പങ്കുകൊള്ളുകയുണ്ടായി. അന്നുരാത്രി തിരുമനസ്സുകൊണ്ട് ആലുവാ ഫെലോഷിപ്പ് ഹൗസിൽ മിസ്റ്റർ മാത്യു പി. ജോണിന്റെ കൂടെ താമസിച്ചു.

ഏപ്രിൽ 5 നു രാവിലെ ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളേജ് സന്ദർശിക്കുകയും. മിസ്റ്റർ ടി. സി. ജോസഫുമായി ദീർഘസമയം സംസാരിക്കുകയും ചെയ്തു. അനന്തരം ഏകദേശം ഒരു മണിയോടുകൂടി തിരുമേനി തൃശ്ശൂർ ഡോക്ടർ ചീരൻ വർഗ്ഗീസിന്റെ വസതിയിലെത്തി. ഡോക്ടർ വർഗ്ഗീസുമായി പല കാര്യങ്ങളെക്കുറിച്ച് സംസാരിക്കുകയും അദ്ദേഹത്തിന്റെ ആതിഥ്യം സ്വീകരിക്കുകയും ചെയ്തു. ഡോക്ടർ വർഗ്ഗീസിന് തിരുമനസ്സിലെ ആരോഗ്യത്തെക്കുറിച്ച് വളരെയധികം ആശങ്കയുണ്ടായിരുന്നതിനാൽ അദ്ദേഹം തിരുമനസ്സിലേക്ക് പല നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. എന്നുതന്നേയല്ല ഏപ്രിൽ 16-നു തിരുമനസ്സുകൊണ്ട് കുന്നംകുളത്തുനിന്ന് തിരിച്ചെഴുന്നള്ളുമ്പോൾ വീണ്ടും തന്റെ ഭവനം സന്ദർശിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു. തിരുമേനി ശെമ്മാശ്ശനായിരിക്കുമ്പോൾ തന്നെ ഡോക്ടർ വർഗ്ഗീസിന് തിരുമേനിയുമായി വളരെ അടുത്ത് പരിചയമുണ്ടായിരുന്നു എന്നുള്ളത് ഈ അവസരത്തിൽ സ്മരണീയമാണ്. അന്ന് നാലര മണിയോടുകൂടി

കൊച്ചുതിരുമേനി പഴഞ്ഞിപള്ളിയിലെത്തി. അന്നുരാത്രി ഏഴരമണിയോടുകൂടി തിരുമേനി പഴഞ്ഞികൺവൻഷൻ ഉദ്ഘാടനം ചെയ്തുകൊണ്ട് മുപ്പത് മിനിട്ടുനേരം പ്രസംഗിച്ചു. അന്നത്തെ സുവിശേഷയോഗത്തിന്റെ അന്ത്യത്തിലും തിരുമനസ്സുകൊണ്ട് ഏതാനും സമയം സംസാരിച്ചു. വെള്ളിയാഴ്ച വൈകിട്ടും, ശനിയാഴ്ച വൈകിട്ടും തിരുമനസ്സിലെ പ്രസംഗമഹായോഗത്തിൽ സംബന്ധിച്ച അനേകായിരം സ്ത്രീപുരുഷന്മാരെ ഉദ്ബുദ്ധരാക്കി. ഏപ്രിൽ 8 നു ഞായറാഴ്ച രാവിലെ തിരുമനസ്സുകൊണ്ടുതന്നെയാണ് പഴിഞ്ഞിപള്ളിയിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചത്. തിരുമേനിയുടെ അന്നത്തെ ദിനചര്യ അത്യന്തം കർമ്മനിബിഡമായിരുന്നു. അന്നു ഉച്ചകഴിഞ്ഞ് നടന്ന സൺഡേസ്കൂൾ വാർഷീക സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചതും അതിനെതുടർന്ന് നടന്ന സുവിശേഷയോഗത്തിന്റെ ഉപസംഹാരസമ്മേളനത്തിൽ ദീർഘമായ സമാപന പ്രഭാഷണം നടത്തിയതും തിരുമനസ്സുകൊണ്ടുതന്നെയായിരുന്നു. അന്നുതന്നെയായിരുന്നു തിരുമനസ്സുകൊണ്ട് കാക്കു അച്ചനെ സന്ദർശിച്ച് പ്രാർത്ഥന നടത്തിയത്. ഇത്രവളരെ ജോലിതിരക്കുണ്ടായിരുന്നിട്ടും തിരുമേനി അന്നുതന്നെ കുന്നംകുളത്തേക്ക് യാത്രതിരിച്ച് സന്ധ്യയ്ക്കു മുമ്പായി പഴയ പള്ളിയിലെത്തി. കുന്നംകുളം കൺവൻഷന്റെ ഉദ്ഘാടന പ്രസംഗവും തിരുമനസ്സുകൊണ്ടു നിർവ്വഹിച്ചു. "നിങ്ങൾ പോയി നാനാ ജാതികളോടും സുവിശേഷം അറിയിപ്പിൻ" എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു തിരുമേനി അന്നു പ്രസംഗിച്ചത്.

ഏപ്രിൽ 9 നു കുന്നംകുളത്തെ മി: മൂലേപ്പാട്ടെ വർഗ്ഗീസിന്റെ ഉടമസ്ഥതയിൽ നടക്കുന്ന "തയ്യൽ വിദ്യാലയത്തിന്റെ വാർഷീകാ സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിക്കുകയും, ഉപക്രമപ്രസംഗം നടത്തുകയും ചെയ്തു. പത്താം തീയതി ചൊവ്വാഴ്ച വൈകിട്ട് നടന്ന സുവിശേഷയോഗത്തിലെ പ്രധാന പ്രാസംഗികൻ തിരുമേനി തന്നെയായിരുന്നു. ബുധനാഴ്ചയോടുകൂടി കന്നംകുളത്തെ കൺവൻഷനും അവസാനിച്ചു. പന്ത്രണ്ടാം തീയതി വ്യാഴാഴ്ച തിരുമനസ്സുകൊണ്ട് തൊഴിയൂർ ഇടവകയുടെ മാർ കൂറിലോസ്സ് മെത്രാപ്പോലീത്താ തിരുമേനിയെ സന്ദർശിച്ച് ദീർഘനേരം സംഭാഷണം നടത്തി. അന്ന് വൈകിട്ട് ചിറ്റഞ്ഞൂർ ഹാളിൽ പ്രാർത്ഥന നടത്തുകയും ക്ലാസ്സെടുക്കുന്ന രീതിയിൽ ഒരു മണിക്കൂറോളം പ്രസംഗിക്കുകയുമുണ്ടായി. "എന്റെ മാതാവും, സഹോദരന്മാരും ആരാകുന്നു. എന്നുള്ളതായിരുന്നു തിരുമേനിയുടെ അന്നത്തെ പ്രസംഗ വിഷയം. അന്ന് രാത്രിയിൽ തിരുമേനിക്ക് നെഞ്ചിനകത്ത് ഒരു വേദനയുണ്ടായി. 13-നു വെള്ളിയാഴ്ച രാവിലെ എന്നേയും കൂടെയുണ്ടായിരുന്നവരേയും വിളിച്ചു കൽപ്പിച്ചു "രാത്രിയിൽ എനിക്ക് നെഞ്ചിനകത്ത് വലിയ വേദനയുണ്ടായിരുന്നു. ഹൃദയം നിലച്ചുപോകുമെന്ന് എനിക്ക് തോന്നി. നിങ്ങളെ വിളിച്ചുണർത്തി ഉപദ്രവിക്കേണ്ടാ എന്ന് കരുതി. ഞാൻ മരിച്ചുപോയിരുന്നുവെങ്കിൽ നിങ്ങൾ എന്തുചെയ്യുമായിരുന്നു." ഞങ്ങൾ പെട്ടെന്ന് ഞെട്ടിപ്പോയി. കണ്ണുകളിൽ അശ്രുക്കൾ നിറഞ്ഞു. മറുപടി പറയാൻ നാവു പൊങ്ങാതെ ഞങ്ങൾ മുറിക്കു വെളിയിലിറങ്ങി. ഉടനെ തിരുമേനി ഞങ്ങളെ വിളിച്ച് "എനിക്ക് 53 വയസ്സ് വരെ ആയുസ്സുള്ളു" എന്നു വീണ്ടും കൽപ്പിച്ചു. തിരുമനസ്സുകൊണ്ട് എന്താണിങ്ങനെ പറയുന്നത്. ജാതകകുറിപ്പ് തിരുമേനിയെ അൽപം ബാധിച്ചിട്ടുണ്ടെന്ന് തോന്നുന്നല്ലോ" എന്ന് ഞാൻ ചോദിച്ചുപോയി. (It has a place in my mind and I remember it always in my prayers) ആ അക്കാര്യത്തിനു എന്റെ മനസ്സിൽ ഒരു സ്ഥാനമുണ്ട്. എന്റെ പ്രാർത്ഥനകളിൽ ഞാൻ അത് സ്മരിക്കുകയും ചെയ്യുന്നുണ്ട്. എന്ന് തിരുമനസ്സുകൊണ്ട് പറഞ്ഞു, ഞാൻ അത് ഇന്നു വരേയും മനസ്സിലാക്കിയിരുന്നില്ലല്ലോ എന്നായി ഞാൻ. എനിക്ക് മരിക്കുന്നതിനു യാതൊരു ഭയവുമില്ല ഞാൻ അതോർത്തു ഭയപ്പെട്ടു പറയുകയല്ല എന്ന് തിരുമനസ്സുകൊണ്ട് വീണ്ടും കൽപ്പിച്ചു. തിരുമനസ്സുകൊണ്ട് ഇത്രയും സംഭാഷണം നടത്തിയത് കസാലയിൽ ഇരുന്നുകൊണ്ടാണ്. അടുത്ത ക്ഷണത്തിൽ തിരുമനസ്സുകൊണ്ട് കിടക്കയിൽ ചെന്നിരുന്നു. തിരുമേനി അവിടവിടെയായി സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങൾ മുന്നോട്ടു നടത്തിക്കൊണ്ടു പോകണമെന്നും മറ്റും ചില നിർദ്ദേശങ്ങൾ നൽകിയതിന്റെ ശേഷം ഒരു വിൽപ്പത്രം എഴുതാൻ തിരുമേനി കടലാസെടുത്തു. വിശ്രമിക്കുകയാണ് വേണ്ടതെന്നു ഞാൻ തിരുമനസ്സറിയിച്ചതുമൂലം തിരുമേനി സ്വസ്ഥമായി കിടക്കയിൽ കിടന്നു. ഒരു വൈദ്യനെ വരുത്തി വേണ്ട ഔഷധങ്ങൾ വാങ്ങി ഉപയോഗിച്ചതോടുകൂടി തിരുമേനിയുടെ അസ്വാസ്ഥ്യം ക്രമേണ നീങ്ങി. വെള്ളിയാഴ്ചയും, ശനിയാഴ്ചയും തിരുമേനി നല്ലതുപോലെ വിശ്രമിച്ചു. ശരീരത്തിന് പറയത്തക്ക ക്ഷീണമൊന്നും പിന്നീട് കാണപ്പെട്ടിരുന്നില്ല. ഞായറാഴ്ച വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും, കുർബ്ബാന മദ്ധ്യേ ഒരു പ്രസംഗം നടത്തുകയും ചെയ്തു. അന്ന് മലങ്കരയൊട്ടുക്ക് കാതോലിക്കാ ദിനം ആഘോഷിക്കുന്ന ദിവസമായിരുന്നു. അത് സംബന്ധിച്ച് അന്നുച്ചയ്ക്ക് നടന്ന വമ്പിച്ച സമ്മേളനത്തിൽ തിരുമനസ്സുകൊണ്ട് കാതോലിക്കാ സ്ഥാപനത്തിന്റെ പുരാതനത്വം വളർച്ച, മാഹാത്മ്യം അത് നിലനിർത്തിക്കൊണ്ടു പോകേണ്ടതായ ആവശ്യം എന്നീ വിഷയങ്ങളെ സ്പർശിച്ചുകൊണ്ട് സുദീർഘമായി പ്രസംഗിച്ചു. സമ്മേളനത്തെ തുടർന്ന് ഒരു വലിയ സദ്യ ഉണ്ടായിരുന്നു. അനേകായിരം പേർ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നത് കണ്ടുകൊണ്ട് തിരുമേനി സദ്യസ്ഥലമെല്ലാം ചുറ്റിനടന്നു. അന്ന് വൈകിട്ട് തിരിച്ചുള്ള യാത്രയ്ക്കു വേണ്ട ഒരുക്കങ്ങൾ നടത്തി കൊള്ളാൻ തിരുമനസ്സുകൊണ്ടു കൽപ്പിച്ചു.

> അന്ന് രാത്രിയിൽ തിരുമേനിക്ക് നെഞ്ചിനകത്ത് ഒരു വേദനയുണ്ടായി. 13-നു വെള്ളിയാഴ്ച രാവിലെ എന്നേയും കൂടെയുണ്ടായിരുന്നരേയും വിളിച്ചു കൽപ്പിച്ചു "രാത്രിയിൽ എനിക്ക് നെഞ്ചിനകത്ത് വലിയ വേദനയുണ്ടായിരുന്നു. ഹൃദയം നിലച്ചുപോകുമെന്ന് എനിക്ക് തോന്നി. നിങ്ങളെ വിളിച്ചുണർത്തി ഉപദ്രവിക്കേണ്ടാ എന്ന് കരുതി. ഞാൻ മരിച്ചുപോയിരുന്നുവെങ്കിൽ നിങ്ങൾ എന്തുചെയ്യുമായിരുന്നു."

ഏപ്രിൽ 16 നു രാവിലെ തിരുമേനി കുന്നംകുളത്തു നിന്നും തിരിച്ച് ആർത്താറ്റു പള്ളിയിലെത്തി. അവിടെ വ്രതാനുഷ്ഠാനനിരതരായി പള്ളിയിൽ താമസിച്ചിരുന്ന നൂറ് പേരടങ്ങിയ ഒരു സംഘത്തോട് നോമ്പിനെക്കുറിച്ചും പുതുക്കപ്പെട്ടതും ഒരുക്കപ്പെട്ടതുമായ ജീവിതത്തെപ്പറ്റിയും വിവരിച്ചുകൊണ്ട് നാൽപ്പത്തിയഞ്ച് മിനിറ്റുനേരത്തേക്ക് ഒരു ക്ലാസ്സെടുക്കുന്ന തരത്തിൽ പ്രസംഗിച്ചു. അനന്തരം അവിടെനിന്നും മരത്തങ്കോട്ടേക്ക് തിരിച്ചു. യാത്രാമദ്ധ്യേ നെഞ്ചിനകത്ത് വീണ്ടും വേദന ഉണ്ടായി. ഒരു തലയിണ എടുത്ത് നെഞ്ചോട് ചേർത്ത് പിടിച്ച് അതിന്മേൽ തിരുമേനി തിരുമ്മിക്കൊണ്ടിരുന്നു. മരത്തങ്കോട്ടു എത്തിയ

ഉടൻതന്നെ വൈദ്യനെ വരുത്തി വേണ്ട പ്രതിവിധികൾ ചെയ്യിച്ചു. പകൽ പന്ത്രണ്ടു മണിക്ക് തിരുമേനി കിടക്കയിൽ എഴുന്നേറ്റിരുന്ന് എന്നെക്കൊണ്ട് അഞ്ചു കത്തുകൾ എഴുതിച്ചു. കാതോലിക്കാബാവാതിരുമനസ്സിലേക്കും, തീമോത്തിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലേക്കും, മാർബേയ്സിൽ സൊസൈറ്റിയുടെ സുപ്പീരിയറിനും, മെത്രാസന ഇടവക സെക്രട്ടറിയായ ദിവ്യശ്രീ ദാനിയേൽ കത്തനാർ അവർകൾക്കും ദിവ്യശ്രീ.പി.ജി. ജോർജ്ജ് ശെമ്മാശൻ അവർകൾക്കുമായിരുന്നു ആ കത്തുകൾ. കത്തുകളെഴുതി കഴിഞ്ഞ തിരുമനസ്സുകൊണ്ട് പേഴ്സിൽ നിന്ന് 162 രൂപ 4 അണ എടുത്ത് ഒരു കവറിലിട്ട് ഒട്ടിച്ച് അതിന്റെ പുറത്ത് സ്വന്തം കൈപ്പടയിൽ മേൽവിലാസമെഴുതി എന്നെ ഏൽപ്പിച്ചിട്ടു പറഞ്ഞു " ഈ തുക തുമ്പമൺ മർത്തമറിയം സമാജം ഖജാൻജിയെ ഏൽപ്പിച്ച് രസീത് വാങ്ങിച്ചുകൊള്ളണം. എനിക്കിതല്ലാതെ യാതൊരു കടവുമില്ല, ഒരു കടപ്പാടുമില്ല. എന്റെ വിഷമസ്ഥിതി കണ്ട് തിരുമനസ്സുകൊണ്ട് വീണ്ടും കൽപ്പിച്ചു. ശെമ്മാശൻ ഒന്നുംകൊണ്ടും വിഷമിക്കേണ്ടാ. എനിക്കൊന്നും വന്നുപോകുമെന്നു വിചാരമില്ല. മനസ്സിലെ വിഷമം അൽപം കുറയുന്നതിനുവേണ്ടി ഇതൊക്കെ പറയുന്നതാണ്.

അനന്തരം തിരുമേനി എഴുന്നേറ്റ് വരാന്തയിൽ ചെന്നിരുന്ന് ഉച്ചമേശ കഴിച്ചു. ഏകദേശം 4 മണിയോടുകൂടി നെഞ്ചിനകത്തെ വേദന കുറെക്കൂടി വർദ്ധിച്ചു. ഉടൻത്തന്നെ ഡോക്ടർ ആർ.ഡി. പൈ. എം.ബി.ബി.എസ്സിനെ വരുത്തി അദ്ദേഹം ദേഹപരിശോധന നടത്തി. രക്ത സമ്മർദ്ദമാണന്ന് അഭിപ്രായപ്പെടുകയും ഒരാഴ്ചയെങ്കിലും കുന്നം കുളത്ത് വിശമിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. രണ്ടുപ്രാവശ്യം കുത്തിവെയ്പും നടത്തി. രാത്രി രണ്ടുമണിക്ക് കൊടുക്കുന്നതിന് ഒരു ഗുളിക വാങ്ങികൊണ്ടുവരുവാൻ പറയുകയും ചെയ്തു. രാത്രിയിൽ തിരുമേനിക്ക് അശേഷം ഉറക്കമുണ്ടായില്ല. ഇടയ്ക്കിടക്ക് ഛർദ്ദിയുമുണ്ടായിരുന്നു. പ്രഭാതമായപ്പോൾ ഡോക്ടർ വീണ്ടും വന്നുചേർന്നു,. തിരുമേനിക്ക് കൂടുതൽ ക്ഷീണം കാണുകയാൽ പ്രധാന കേന്ദ്രങ്ങളിലേക്കും, സഹോദരന്മാർക്കും മറ്റും കമ്പിയടിക്കണമെന്ന് ഡോക്ടർ നിർദ്ദേശിച്ചു. പകൽ ഒൻപതുമണി ആയപ്പോഴേക്കും തിരുമേനിയുടെ ശ്വാസഗതിക്കു മാറ്റം കണ്ടുതുടങ്ങി. കൂടെകൂടെ എഴുന്നേറ്റിരിക്കുകയും, കിടക്കുകയും ഞങ്ങളുടെ തോളിൽ താങ്ങിപ്പിടിക്കുകയും ചെയ്തുകൊണ്ടിരുന്നു. 9–15 നു അടുത്തു നിന്നിരുന്ന എന്റെ കണ്ണിലേക്കു നോക്കിക്കൊണ്ട് ദീനസ്വരത്തിൽ കൽപ്പിച്ചു ഹാ ഉറക്കമില്ലാത്ത ഒരു രാത്രി മരിക്കും. തൃക്കൈ എടുത്ത് തിരുമനസ്സികൊണ്ട് കുരിശ് വരച്ചു അടുത്തുണ്ടായിരുന്ന ബഹുമാനപ്പെട്ട പട്ടക്കാർ പ്രാർത്ഥനയും തൈലാഭിഷേകവും നടത്തി. ആ സമയം തിരുമനസ്സുകൊണ്ട് കട്ടിലിൽ എഴുന്നേറ്റിരുന്നു, ഇടത്തുവശത്ത് തിരുമേനിയുടെ ഡ്രൈവറും വലതു വശത്ത് ഞാനും ഇരുന്ന് തിരുമേനിയെ താങ്ങിപ്പിടിക്കുന്നുണ്ടായിരുന്നു. പ്രാർത്ഥനയ്ക്കുശേഷം തിരുമേനിക്ക് ഏറ്റവും ഇഷ്ടമുണ്ടായിരുന്ന "കരുണക്കടലേ ഞാൻ നോക്കും" എന്നുള്ള അനുതാപഗീതം ഞാൻ മൂന്നു പ്രാവശ്യം പാടി അനന്തരം എന്റെ കൈകളിൽ തലയും ഡ്രൈവറുടെ മടിയിൽ കാലുകളും ഉയർത്തിവെച്ച് തിരുമനസ്സുകൊണ്ട് കട്ടിലിൽ കിടന്നു. ഒരു ബഹുമാനപ്പെട്ട പട്ടക്കാരൻ പ്രാർത്ഥന ചൊല്ലികൊടുത്തു എന്റെ ദൈവമേ എന്റെ ദൈവമേ എന്നു തിരുമേനി പലതവണ ഉച്ചരിച്ചു. ബഹുമാനപ്പെട്ട പട്ടക്കാർ വിശ്വാസപ്രമാണം ചൊല്ലി ഏകദേശം പത്തേകാൽമണിയായതോടുകൂടി ആ മഹാപരിശുദ്ധന്റെ ആത്മാവ് അതിന്റെ ഉടയവന്റെ സമീപത്തേക്ക് യാത്രയായി. അങ്ങനെ മലങ്കര സഭയിൽ വട്ടശ്ശേരി തിരുമേനിയെ മാതൃകയാക്കി സഭയുടെയും നാനാജാതിമതസ്ഥരുടേയും കണ്ണിലുണ്ണിയായിരുന്ന പുത്തൻകാവിലെ കൊച്ചുതിരുമേനി - സകല സഭകളേയും സംയോജിപ്പിച്ചുകൊണ്ടിരുന്ന ആ കനകശൃഖംല കാലയവനികയ്ക്കുള്ളിൽ മറിഞ്ഞ് ക്രൈസ്തവജീവിതത്തിന്റെ ഒരു പുതിയ അദ്ധ്യായത്തിലേക്കു പ്രവേശിച്ചു.

എപ്പോഴും എവിടെയോ നിനക്കു തിരുമനസ്സാകുന്ന പ്രകാരം അടിയനെ നീ ചേർത്തുകൊള്ളണമെ എന്നുള്ള പിതാക്കന്മാരുടെ പ്രാർത്ഥന അതേപടി പ്രാർത്ഥിക്കുകയും ആഗ്രഹിക്കുകയും ചെയ്തു വന്നിരുന്ന ആ പരിശുദ്ധ പിതാവ് സുറിയാനി സമുദായത്തിനു വേണ്ടി തന്റെ ജീവനെ സമർപ്പിച്ചു, തിരുമേനി സഭാസേവനത്തിനായി വിളിച്ചിട്ടുള്ള ഏവരും തിരുമനസ്സിലെ തിരുവുള്ളത്തേയും ആദർശത്തെയും മനസ്സിലാക്കി പ്രവർത്തിക്കുന്നതിനുകടപ്പെട്ടവരാണെന്ന് ഓർത്തുകൊണ്ട് ആപുണ്യവാന്റെ ആത്മാവിനു വേണ്ടി നമുക്ക് പ്രാർത്ഥിക്കുകയും അദ്ദേഹത്തിന്റെ പ്രാർത്ഥനയാൽ നമുക്ക് സങ്കേതപ്പെടുകയും ചെയ്യാം. (1951-ൽ പ്രസിദ്ധികരിച്ച മാർ പീലക്സിനോസ് സുവനീറിൽ നിന്ന് എടുത്ത ലേഖനം)

ജീവചരിത്ര ഗ്രന്ഥങ്ങൾ

1.	ബഥേലിലെ താമര	എം.സി. കുര്യാക്കോസ് റമ്പാൻ
2.	അർച്ചന	ഡോ. കെ.എം. തരകൻ
3.	പുത്തൻകാവിൽ കൊച്ചുതിരുമേനി	കെ.വി. മാമ്മൻ
	കാതോലിക്കേറ്റിന്റെ കരുത്തനായ വക്താവ്	അഡ്വ. പി.സി. മാത്യു
4.	കാതോലിക്കേറ്റ് രത്നദീപം	കെ.വി. മാമ്മൻ അഡ്വ. പി.സി. മാത്യു
5.	മലങ്കരസഭയുടെ മഹത്വമുള്ള സൈത്ത്	ഫാ. മാത്യു കോശി
6.	മലങ്കര സഭയുടെ യുഗശില്പി	ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
7.	പുത്തൻകാവ് കൊച്ചുതിരുമേനി (English)	ജോസ് കുര്യൻ, പുലിയേരിൽ
8.	പുത്തൻകാവിൽ കൊച്ചുതിരുമേനി	ഫാ. എ.എം. വർഗീസ് പറന്തൽ

കാതോലിക്കേറ്റ് രത്നദീപം സുവിനീറിന് ഈ പുസ്തകങ്ങളോട് കടപ്പാട്



The Most Reverend
MAR PHILOXENOS, M. A., B. D.
Metropolitan.

കുന്നംകുളം.
St. Mary's Church,
Puthencavu, Chengannur.
16 - 4 - 54

My Dear Chummachen,

ദൈവം അനുഗ്രഹിക്കട്ടെ.
Mar Philoxenos

പുത്തൻകാവിൽ കൊച്ചുതിരുമേനി അവസാനമായി എഴുതിയ കത്ത്

ബഥേലിലെ ബാലസിംഹം

ഫാ.ഡോ. സി.റ്റി. ഈപ്പൻ
എം.എ.പി.എച്ച്.ഡി.

(വൈദീകനാകുന്നതിന് മുമ്പ് 1951-ൽ മാർ പീലക്സിനോസ് സുവനീറിൽ എഴുതിയ ലേഖനം. ഫാ. ഡോ. സി.റ്റി. ഈപ്പൻ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ശാസ്താംകോട്ടയിൽ 100 ഏക്കർ ഭൂമി സംഭാവന നൽകിയ സഭാസ്നേഹിയാണ്)

സിറിയൻ ക്രിസ്ത്യൻ കോൺഗ്രസ്സിന്റെ 51-ാ മതു വാർഷീക സമ്മേളനം ചെങ്ങന്നൂർ വെച്ച് ഏപ്രിൽ 18-ാം തീയതി ഡോക്ടർ എച്ച്.സി. മുക്കർജിയുടെ അദ്ധ്യക്ഷതയിലും, ഇന്ത്യൻ നാഷനൽ കോൺഗ്രസ്സ് പ്രസിഡന്റ് ശ്രീ. ടാണ്ഡന്റെ സാന്നിദ്ധ്യത്തിലും നടത്താൻവേണ്ട ഏർപ്പാടുകൾ കാലേകൂട്ടി ചെയ്തിരുന്നു. ആയതിനു വേണ്ട സജ്ജീകരണങ്ങൾ ചെയ്യുന്നതിന് ഞാൻ തലേദിവസം ചെങ്ങന്നൂർക്ക് പുറപ്പെട്ടു. അവിടെ ആഗതനായയുടനെ ആദ്യം കേട്ട സംഗതി, വളരെ ഉൽക്കണ്ഠാപൂർവ്വം കാത്തിരുന്ന സമ്മേളനം നടക്കുകയില്ലെന്നായിരുന്നു. അതിന്റെ കാരണമായി കേട്ട വാർത്ത മാർ പീലക്സീനോസ് തിരുമേനിയുടെ ചരമമായിരുന്നു. നട്ടുച്ചയ്ക്ക് വെട്ടിയ വെള്ളിടിപോലെ എന്നെ ഞെട്ടിച്ചു. ആ വാർത്ത പെട്ടെന്ന് വിശ്വസിക്കാൻ പ്രയാസമായിരുന്നു. അഞ്ചാറു മേൽപ്പട്ടക്കാരുള്ളവരിൽ ഏറ്റവും പ്രായം കുറവും, അസാധാരണ ഊർജ്ജസ്വലതയും ഉള്ള ആൾ എങ്ങിനെ ആദ്യം മരിക്കും ? സഭ ഒരു വിഷമഘട്ടത്തിലൂടെ ത്വരിതഗതിയിൽ പ്രയാണം ചെയ്യുമ്പോൾ ഓടിനടന്നു ജോലിചെയ്യുവാൻ കഴിവുള്ള ഒരാൾ കാലയവനികക്കുള്ളിൽ തിരോധാനം ചെയ്താൽ എങ്ങിനെ സഭാകാര്യങ്ങൾ മുമ്പോട്ടു ഗമിക്കും? ദൈവവിചാരണ പലപ്പോഴും മനുഷ്യബുദ്ധിക്കതീതമാണ്. ദൈവം സ്നേഹിക്കുന്നവർ വേഗം മരിക്കുമെന്നുള്ള പറച്ചിൽ അർത്ഥസമ്പൂർണ്ണമാണെന്ന് ബോദ്ധ്യപ്പെട്ടു.

പീലക്സീനോസ് തിരുമേനിയും, ഞാനും സഹപാഠികളും, ഏകദേശം സമപ്രായക്കാരുമാണ്. കഴിഞ്ഞ മൂന്നു വ്യാഴവട്ടക്കാലമായി അദ്ദേഹത്തോടടുത്തു പെരുമാറുന്നതിനുള്ള അവസരം എനിക്ക് സുലഭമായി ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ രണ്ടുമൂന്നു സ്വഭാവവിശേഷങ്ങൾ എന്നെ പ്രത്യേകം സ്പർശിച്ചിട്ടുണ്ട്. ഒന്നാമത്തേത്, സന്ദർഭോചിതമായി പെരുമാറുന്നതിനുള്ള അദ്ദേഹത്തിന്റെ വലിയ കഴിവാണ്. ഏബ്രഹാം മാർത്തോമ്മാമെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് കാലംചെയ്തു. മാർത്തോമ്മാസഭയിലെ രണ്ടു കൊച്ചുമെത്രാപ്പോലീത്തമാരും അപ്പോൾ സ്ഥലത്തില്ലായിരുന്നു. മരണവാർത്ത കേട്ട ഉടനെത്തന്നെ നമ്മുടെ സ്മര്യപുരുഷൻ സ്ഥലത്തെത്തുകയും, ശവസംസ്ക്കാരശുശ്രൂഷയുടെ പ്രാരംഭചടങ്ങുകൾ നിർവ്വഹിക്കുകയും ചെയ്തു. ഇത് ചരിത്രം നിർമ്മിക്കുന്ന ഒരു സംഭവമായിരുന്നു. യാക്കോബായ മെത്രാന്മാർ മാർത്തോമ്മാ മെത്രാന്മാരെ സന്ദർശിക്കുകയോ, കുശലം പറയുകയോ ചെയ്യുന്ന ഒരു രീതിതന്നെ അടുത്ത കാലംവരെ അത്ര സാധാരണമായിരുന്നില്ല. രണ്ടുപേരും ഒരു ഗോത്രവഴിക്കാരണെന്നുള്ള മറവിലാണ്, അഥവാ ചില മാർത്തോമ്മാക്കാർക്ക് രസിക്കാൻ ഇടയില്ലാത്തതും, യാക്കോബായ മെത്രാന് കാനോനികമായി ചെയ്യാൻ അവകാശമില്ലാത്തതുമായ ഒരു കൃത്യം ചെയ്യുന്നതിനാണ് മുതിർന്നത്. ഏലിയാസ്സ് ബാവാതിരുമനസ്സുകൊണ്ട് കാലംചെയ്തപ്പോഴും ആദ്യം അവിടെ ഓടിയണഞ്ഞവരിൽ ദ്വിതീയൻ മാർ പീലക്സീനോസ് തിരുമേനിയായിരുന്നു. സാധാരണ അദ്ദേഹം ആലുവായിൽകൂടെ കടന്നുപോകുന്ന അവസരങ്ങളിലെല്ലാം തൃക്കുന്നത്തു സെമിനാരിൽ ചെന്ന് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായെ കാണുകയും, കുശലപ്രശ്നങ്ങൾ ചെയ്യുകയും പതിവാണ്. ഈ അവസാനയാത്രയിലും ഈ സൗഹൃദ സന്ദർശനം നടത്തിയതായിട്ടാണറിവ്. ഇവർ തമ്മിൽ ആത്മാർത്ഥമായ സ്നേഹം പുലർത്തിപ്പോന്നുവെന്നും കേട്ടിട്ടുണ്ട്.

ധീരനും, കർമ്മയോഗിയുമായ മാർ പീലക്സീനോസ് തിരുമേനിക്ക് സേവനത്തിനുള്ള അവസരം കിട്ടിയാൽ കക്ഷിനോക്കുക പതി

വില്ല. അദ്ദേഹം വടക്കൻ തിരുവിതാംകൂർ സന്ദർശിച്ച ഒരവസരത്തിൽ, വടക്ക് നമുക്കുള്ള പള്ളിക്കൂടങ്ങളുടെ അഭാവത്തെ മനസ്സിലാക്കിയിട്ടാണ് കോതമംഗലം മാർ ബേയ്സിൽ ഹൈസ്കൂൾ ആരംഭിക്കുന്നതിന് തൽഭാരവാഹികളെ പ്രോത്സാഹിപ്പിക്കുകയും, സ്കൂളിന്റെ അനുവാദം വാങ്ങിക്കുന്നതിനുള്ള പ്രധാന ചുമതല സ്വയം കൈവരിക്കുകയും ചെയ്തു. ബാവാകക്ഷിയിലുള്ള എത്ര ശെമ്മാശ്ശന്മാരാണ്, തിരുമേനിക്ക് സ്വാധീനമുള്ള പല കോളജുകളിലും അദ്ദേഹത്തിന്റെ ശുപാർശകത്തുകളോടു കൂടെ പ്രവേശനം വാങ്ങിയിട്ടുള്ളത്. മദ്ധ്യതിരുവിതാംകൂറിൽ ഒരു കോളജ് ആരംഭിക്കുന്നതിനും അദ്ദേഹം മുന്നിട്ടുനിന്നാണ് പ്രവർത്തിച്ചുകൊണ്ടിരുന്നിട്ടുള്ളത്.

എന്നെ ഹഠാദാകർഷിച്ചിട്ടുള്ള അദ്ദേഹത്തിൽ വിളങ്ങിയിരുന്ന വേറൊരു ഗുണം കർമ്മകുശലതയാണ്. ലോകത്തിൽ ഇപ്പോൾ രണ്ടു തരം ആത്മീയ മനുഷ്യരെയാണ് കാണുന്നത്. ഒരു കൂട്ടർ പ്രാർത്ഥന സജ്ജീവ പ്രവർത്തനത്തിന് തുല്യമായി കരുതുന്നു. ഇക്കൂട്ടത്തിലാണ് നമ്മുടെ ദയറായക്കാരും, മെത്രാച്ചന്മാരും ഉൾപ്പെടുന്നത്. വേറൊരു കൂട്ടർ പ്രവൃത്തി തന്നെ പ്രാർത്ഥനയാണെന്നു കണക്കാക്കുന്നു. ഈ ബോദ്ധ്യം കൂടുതൽ പ്രകടമായിട്ടുള്ളത് പാശ്ചാത്യപ്രോട്ടസ്റ്റന്റുകാരുടെ ഇടയിലാണ്. നമ്മുടെ തിരുമേനി ഈ രണ്ടാമത്തെ കൂട്ടത്തിലേർപ്പെട്ട ആളാണ്. ചിലപ്പോൾ അദ്ദേഹം പ്രാർത്ഥനയുടെ സമയം തെറ്റിച്ചുവെന്നു വന്നേക്കാം. എങ്കിലും രാത്രിയുടെ നിശ്ശബ്ദതയിൽ ദൈവവുമായി സംസർഗ്ഗം ചെയ്യുന്ന രീതി അദ്ദേഹത്തിനുണ്ടായിരുന്നുവെന്ന് അടുത്തു പെരുമാറിയിട്ടുള്ളവർക്കറിയാവുന്നതാണ്. പ്രവർത്തി പ്രാർത്ഥനയ്ക്കു തുല്യമാണെന്നദ്ദേഹം വിശ്വസിച്ചു. പള്ളിയിൽ ചെന്നാൽ മെത്രാച്ചന്മാർ സാധാരണ ഏർപ്പെടാത്ത സംഗതികളിൽ അദ്ദേഹം വ്യാപൃതനാകും. വിരികൾ നേരെയിടുക, മെഴുകുതിരികാലുകൾ ക്രമമായിവെക്കുക, മറവലിക്കുക, കസേരകൾ, പീഠങ്ങൾ മുതലായവ യഥാസ്ഥാനങ്ങളിലാക്കുക "കർത്താവെ പ്രാർത്ഥന കേട്ടു" എന്നുള്ളതു ചൊല്ലികൊടുക്കുക മുതലായ ശുശ്രൂഷകരുടെ ജോലികൾ അദ്ദേഹം ഏറ്റെടുക്കും. ഒരിക്കൽ വിദ്യാർത്ഥി സമ്മേളനത്തിന് കുട്ടികൾ തിരുമൂലയിൽ കൂടി. തിരുമേനി സഹജമായ തന്റെ ഈ ജോലികൾ മുറക്ക് ചെയ്തുകൊണ്ടിരുന്നു. മെത്രാന്റെ സ്ഥാനത്തിനു പോരാത്തതാണിതെന്നു കുട്ടികൾക്ക് തോന്നിയിട്ട് ഒരു ഡപ്യൂട്ടേഷൻവഴി ഈ വിവരം തിരുമേനിയെ അറിയിച്ചു. ഡപ്യൂട്ടേഷന്റെ നിർദ്ദേശം തിരുമേനിയിൽ എന്തു വ്യത്യാസം വരുത്തിയെന്നു നിശ്ചയമില്ല. പ്രവർത്തനം അദ്ദേഹത്തിന് പ്രാർത്ഥന തന്നെയായിരുന്നു.

ഏതു ജോലിയിൽ ഏർപ്പെട്ടാലും മന്ദഗതി അദ്ദേഹത്തിന് ഇഷ്ടമില്ലായിരുന്നു. കുറേ വർഷങ്ങൾക്കു മുമ്പ് അദ്ദേഹത്തിനുണ്ടായിരുന്ന ഒരു പഴയ കാറിൽ തിരുവനന്തപുരത്തുനിന്നും സ്വദേശത്തേക്കു പോരുന്നതിനദ്ദേഹം എന്നെക്കൂടി ക്ഷണിച്ചു. കാറിൽ കയറിയതും, കാർ ഒരമ്പതുമൈൽ സ്പീഡിൽ പ്രയാണം ചെയ്യാൻ തുടങ്ങിയതും ഒന്നിച്ചു കഴിഞ്ഞു, ഈ വേഗത വഹിക്കാനുള്ള ശക്തി ആ കാറിനുണ്ടോയെന്ന് ഞാൻ സംശയിക്കാൻ തുടങ്ങി. പൊയ്ക്കൊണ്ടിരുന്ന സ്പീഡുകൊണ്ടു തൃപ്തിപ്പെടാതെ പിന്നെയും സ്പീഡ് കൂട്ടുവാൻ ഉത്തരവായി. ഭയവിഹ്വലനായ ഞാൻ കാറിൽ നിന്നിറങ്ങിയാലെന്താണെന്നുതന്നെ വിചാരിച്ചു. ഒരു മെത്രാച്ചനോടുകൂടി മരിക്കേണ്ടിവന്നാൽ ഭാഗ്യമാണെന്നു വിചാരിച്ചു മാത്രം ഞാൻ യാത്ര തുടർന്നുവെന്നേയുള്ളൂ. ഏതു സംഗതിയിലേർപ്പെട്ടാലും ത്വരിതഗതിയിൽ പുരോഗമിക്കണമെന്നുള്ളത് അദ്ദേഹത്തിന്റെ സിദ്ധാന്തമായിരുന്നു. മെത്രാച്ചന്മാർ കായികവേലകളിൽ ഏർപ്പെടരുതെന്നുള്ള അഭിപ്രായത്തിനു തിരുമേനി അനുകൂലിയായിരുന്നില്ല. മസ്നപ്സായോടുകൂടെ ബാഡ്മിന്റൻ, വോളി, ഫുട്ബോൾ മുതലായവ കളിക്കുമായിരുന്നു. കായലിൽ നീന്താനുള്ള താൽപര്യത്തിന് ഒന്നുരണ്ടു പ്രാവശ്യം ശാസ്താംകോട്ടതന്നെ വന്നിട്ടുണ്ട്. നിരന്തരമായി നടത്തിക്കൊണ്ടിരിക്കുന്ന കെട്ടിടംപണികളിലും മറ്റും കഴിവുള്ള സഹായങ്ങൾ ചെയ്യുന്നതിൽ അതീവതൽപരനായിരുന്നു. മാക്കാംകുന്നു സ്കൂൾ ആരംഭിച്ച ഘട്ടത്തിൽ പല അവസരങ്ങളിലും ഓടു പെറുക്കികൊടുക്കുക, പുരപ്പുറത്തു കയറി ഓടിടുക മുതലായ ജോലികൾ ചെയ്ക സാധാരണമായിരുന്നു. ഒരിക്കൽ ഒരു മാന്യപൗരൻ അദ്ദേഹത്തെ കാണാൻ മാക്കാംകുന്നു സ്കൂളിൽ എത്തി കൈകൾ രണ്ടും ഓടുകൾകൊണ്ട് നിറഞ്ഞിരുന്ന തിരുമേനി, കൈ മുത്താൻ അക്ഷമത കാണിച്ച സഭാഭക്തന് ഓട്ടുഭാരത്താൽ മടങ്ങിയിരുന്ന കൈ മുട്ടു നീട്ടികൊടുത്തു.

തിരുവല്ലായിലെ ദുഃഖാചരണം

തിരുവല്ലാ, ഏപ്രിൽ 17

നി.വ.ദി.ശ്രീ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമേനി കാലം ചെയ്തതായി ഇന്നു രണ്ടരമണിക്കു മനോരമാ ഓഫീസിൽ നിന്നു അറിവു കിട്ടിയ ഉടൻ ഓർത്തഡോക്സ് സഭാ പള്ളികളിൽ കൂട്ടമണി അടിക്കുകയും വിവരമറിഞ്ഞ ഭക്തജനങ്ങൾ കറുത്ത ബാഡ്ജു ധരിച്ചു ദുഃഖം പ്രകടിപ്പിക്കുകയും ചെയ്തു. (സ്വ. ലേ.)

ചെങ്ങന്നൂരെ ദുഃഖാചരണം

ചെങ്ങന്നൂർ ഏപ്രിൽ 17

നി. വ. ദി. ശ്രീ. മാർ പീലക്സിനോസ് തിരുമേനി കാലം ചെയ്തിരിക്കുന്നതായി ഇന്നു 12 മണിയോടുകൂടി കുന്നംകുളത്തുനിന്ന് ഇവിടെ കമ്പി കിട്ടിയതനുസരിച്ചു സ്ഥലത്തെ യാക്കോബായ–മാർത്തോമ്മാ സമുദായങ്ങളുടെ വക കടകൾ എല്ലാം അടച്ചു ദുഃഖം ആചരിച്ചിരിക്കുന്നു. ഇവിടെ നിന്നു പല പ്രമുഖ വ്യക്തികളും കുന്നംകുളത്തിനു പോയിട്ടുള്ളതായുമറിയുന്നു. (സ്വ. ലേ.)

ഓർത്തഡോക്സ് സിറിയൻ പ്രോഗ്രസ്സീവ് പാർട്ടി

വാർഷികദിനാഘോഷം

മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ ഛായാപടം അനാച്ഛാദനം ചെയ്യുന്നു

കുന്നംകുളം സെ. 25

സ്ഥലം ഓർത്തഡോക്സ് സിറിയൻ പ്രോഗ്രസ്സീവ് പാർട്ടിയുടെ 6-ാമത്തെ വാർഷികദിനാഘോഷം പഴയപള്ളി പറമ്പിൽ സജ്ജീകരിച്ചിരുന്ന കാതോലിക്കോസ് നഗറിൽവെച്ച് ഒക്ടോബർ 21-ാനു- ഞായറാഴ്ച വിപുലമായ പരിപാടികളോടുകൂടി കൊണ്ടാടുന്നതിനു തീരുമാനിച്ചിരിക്കുന്നു. ഇതു പ്രമാണിച്ചു കൂടുന്ന സമ്മേളനത്തിൽവെച്ചു കാലംചെയ്ത മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ ഒരു എണ്ണച്ഛായ ചിത്രം അനാച്ഛാദനം ചെയ്യുന്നതായിരിക്കും.

പ്രവർത്തനം പ്രാർത്ഥനയ്ക്ക് തുല്യമെന്ന് ദൃഢമായി വിശ്വസിച്ച തിരുമേനിക്ക് ഇവയിലൊന്നും ലവലേശം സങ്കോചം തോന്നിയിരുന്നില്ല. ചെറുകാര്യങ്ങളിലെന്നപോലെ വലിയ കാര്യങ്ങളിലും അദ്ദേഹം കാര്യക്ഷമമായി പ്രവർത്തിച്ചു. ആവശ്യമുള്ള സംഗതികൾ തക്കസമയത്തു മനസ്സിലാക്കുന്നതിനും ആയത് സാധിക്കുന്നതിന് മലയും കാടും കടലും ചുറ്റിനടക്കുന്നതിനും അദ്ദേഹം ഉത്സുകനായിരുന്നു. "നല്ലവനും വിശ്വസ്തനുമായ ഭൃത്യാ നിന്റെ കൂലി വാങ്ങുക" എന്ന് യജമാനനിൽ നിന്ന് കേൾക്കുവാൻ തക്കവണ്ണം ആത്മാർത്ഥതയോടെ അദ്ദേഹം പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ നേട്ടങ്ങളോ വലിയവയുമാണ്. പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്കൂളും തിരുമേനിയുടെ പരിശ്രമത്തിന്റെ മകുടോദാഹരണങ്ങളാണ്. മലങ്കര സഭയിൽ ജീവകാരുണ്യ പ്രവർത്തികൾ വിരളമായിരിക്കുമ്പോഴാണ് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഇരവിപേരൂർ സെന്റ് മേരീസ് ഹോസ്പിറ്റൽ അദ്ദേഹം ആരംഭിച്ചത്. അതു ഇന്നും നമ്മുടെ നഗ്നതയെ മറക്കത്തക്കവണ്ണം സജ്ജീവ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു.

ചെങ്ങന്നൂരെ ബഥേൽ ചാപ്പലും, അടൂരിനടുത്തുള്ള സെന്റ് ജോർജ്ജ് ചാപ്പലും തിരുമേനിയുടെ ആരാധനാ സ്ഥലനിർമ്മാണത്തിലുള്ള വ്യുൽപ്പത്തിയത്രേ സൂചിപ്പിക്കുന്നത്. തുമ്പമൺ ഇടവക മിഷ്യൻ, മർത്തമറിയം വനിതാസമാജം, മുതലായവ അദ്ദേഹത്തിന്റെ ഇതരപ്രവർത്തനഫലങ്ങളാണ്.

പ്രവർത്തനത്തിനിറങ്ങിയാൽ മെത്രാന്മാരുടെ പാരമ്പരാഗതമായ അന്തസ്സും, പ്രൗഢിയും പാലിക്കണമെന്നദ്ദേഹത്തിന് തീരെ വിചാരമില്ലായിരുന്നു. എത്ര സാധാരണമായിട്ടാണ് വാടകബസ്സുകളിൽ അദ്ദേഹം യാത്ര ചെയ്തിട്ടുള്ളത്. ചില അവസരങ്ങളിൽ ട്രാൻസ്പോർട്ടു ബസ്സിൽ തൂങ്ങിയും യാത്ര ചെയ്തിട്ടുണ്ട്. ചില കാര്യങ്ങൾക്കുവേണ്ടി ഗവൺമെന്റാഫീസുകളുടെ മുന്നിലും അദ്ദേഹം കാത്തുകിടന്നിട്ടുണ്ട്. അദ്ദേഹത്തിൽ വിളങ്ങിയിരുന്ന വേറൊരു ഗുണം അഭിപ്രായദാർഢ്യമാണ്. ഒരു സംഗതി ഉറച്ചാൽ അതിൽനിന്ന് പിന്മാറ്റമില്ല. ആകാശമോ, ഭൂമിയോ ആരുതന്നെ എതിർത്താലും വ്യതിയാനമില്ല. ഇതു ചിലപ്പോൾ അദ്ദേഹത്തിന് ശത്രുക്കളെ ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ ഇതദ്ദേഹത്തിന്റെ വിജയരഹസ്യവുമായിരുന്നു. വട്ടശ്ശേരി തിരുമേനിയോടായാലും, ഇപ്പോഴത്തെ കാതോലിക്കാബാവാ തിരുമേനിയോടായാലും ഉള്ള അഭിപ്രായം തുറന്നുപറയാൻ ധൈര്യമുള്ള ആളുകൾ വേറെ ഉണ്ടെന്നു തോന്നുന്നില്ല.

ചിലപ്പോൾ ഈ അഭിപ്രായ ധീരത ഒരു ബലഹീനതയായി ചിലർക്കു തോന്നിയിരിക്കാമെങ്കിലും പരിശുദ്ധ പൗലൂസ്സിനെപ്പോലെ ആ ബലഹീനത അദ്ദേഹത്തിന്റെ ശക്തിയുമായിരുന്നു. അദ്ദേഹത്തിന്റെ പല നേട്ടങ്ങളും ഇതുകൊണ്ടു സാധിച്ചതാണ്.

അദ്ദേഹത്തിന്റെ നൈസർഗ്ഗീകമായ പല ഗുണങ്ങളും ഒരിക്കലും മറക്കത്തക്കവയല്ല. അദ്ദേഹത്തെ സ്വർണ്ണനാവുള്ള മാർ പീലക്സീനോസ്സ് എന്ന് പറയപ്പെടാവുന്നതാണ്. സംഗീതത്തിലുള്ള അദ്ദേഹത്തിന്റെ വാസനയും മഹത്തരമായിരുന്നു മാർ അപ്രേമിനെപ്പറ്റി പറയാറുള്ളതുപോലെ അദ്ദേഹത്തെ പറ്റിയും സുറിയാനിസഭയുടെ ഓടക്കുഴൽ എന്നു പറയാവുന്നതാണ്. മലങ്കരസഭയിലെ ഒരു അനുഗ്രഹീതനായ യോദ്ധാവു വീണുപോയിരിക്കുന്നു. ഇതുപോലെയുള്ള അനേക സന്താനങ്ങളെ സഭയിൽ ഉയർത്തേണമെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.
(1951-ൽ പ്രസിദ്ധീകരിച്ച മാർ പീലക്സിനോസ് സുവനീറിൽ നിന്ന് എടുത്തത്)

ECCLESIASTICAL HEADS OF THE CHURCHES IN KERALA.
Who Met At a party at the Anglican Bishop's House, Kottavam.
In Honour of his Grace Dr. Foss Westcott On 6-10-1945.

പുത്തൻകാവിൽ കൊച്ചുതിരുമേനി

ഞങ്ങളുടെ കാണപ്പെട്ട ദൈവം

ഇന്നത്തെ ബഥേൽ പള്ളി ഇരിക്കുന്ന സ്ഥലം പുറമ്പോക്ക് ഭൂമി ലേലത്തിൽ വാങ്ങിയതാണ്. അന്ന് ആ ഭൂമി ചെങ്ങന്നൂർ ചന്തയിലേക്ക് സാധനങ്ങൾ കൊണ്ടുവരുന്ന വള്ളങ്ങൾ അടുക്കുന്ന സ്ഥലം ആയിരുന്നു. ചെങ്ങന്നൂർ പഴയ സുറിയാനി പള്ളിയിൽ കൂടിയിരുന്ന എന്റെ വല്യപ്പച്ചൻ ഉൾപ്പെടെ ഉള്ളവർ അവിടെ ഒരു ഷെഡ്ഡിൽ തിട്ടമേൽ പ്രാർത്ഥനയോഗം നടത്തിയിരുന്നു. സർ. സി.പി. യുടെ ഭരണകാലം 1938-ൽ പള്ളി തുടങ്ങാൻ സർ സി.പി. ക്ക് അപേക്ഷ നൽകി. അപേക്ഷ സർ സി.പി. തള്ളി എങ്കിലും സൺഡേസ്കൂൾ പ്രാർത്ഥനയോഗം എന്നിവ അവിടെ നടത്തിയിരുന്നു. 1942-ൽ പുത്തൻകാവിൽ കൊച്ചുതിരുമേനി ബഥേലിൽ താമസിക്കുവാൻ വന്നു. ആദ്യമായി ഒരു തിരുമേനി സാധരണക്കാരനെപ്പോലെ ജനങ്ങളുമായി ഇടപെട്ട് സൗഹാർദ്ദമായി പെരുമാറിയത് എല്ലാവരെയും ആകർഷിച്ചു. ചെങ്ങന്നൂരിലെ ഈഴവരും നായൻമാരും എല്ലാം തിരുമേനിയുടെ സ്നേഹിതരായി മാറി.

തിരുമേനി ബഥേലിൽ രണ്ട് ഷെഡ്ഡ് വച്ചു. ഒന്നിൽ തിരുമേനി താമസിച്ചു. മറ്റേതിൽ പ്രാർത്ഥന നടത്തുകയും വിശുദ്ധ കുർബ്ബാന ചൊല്ലുകയും ചെയ്തു. സർ സി.പി. യ്ക്ക് തിരുമേനി അനുവാദം കൂടാതെ പള്ളി സ്ഥാപിച്ചു എന്ന പരാതി ലഭിക്കുകയും അദ്ദേഹം അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ തഹസിൽദാർക്ക് ഉത്തരവ് നൽകുകയും ചെയ്തു.

പി.വി. ജോർജ്, പടിപുരയ്ക്കൽ
(റിട്ട. ഹെഡ്മാസ്റ്റർ
എംഎച്ച്.എസ്.എസ്. പുത്തൻകാവ്)

ചെങ്ങന്നൂർ ബഥേൽ അരമന (ഭദ്രാസന കേന്ദ്രം)

തഹസിൽദാർക്ക് വലിയം അധികാരം ഉള്ള കാലമായിരുന്നു അത്. തഹസിൽദാർ ഇന്നേദിവസം 10 മണിയ്ക്ക് അന്വേഷണത്തിന് തിരുമേനിയെ കാണാൻ വരുന്നു എന്ന നോട്ടീസ് ബഥേലിൽ ഉദ്യോഗസ്ഥർ കൊണ്ടുകൊടുത്തു. തിരുമേനിയെ പോലീസ് അറസ്റ്റ് ചെയ്ത് കൊണ്ടുപോകുമെന്ന വലിയ ഭീതി ജനങ്ങളിൽ ഉണ്ടായി. ജീവൻപോയാലും തിരുമേനിയെ പോലിസിന് വിട്ടുകൊടുക്കുകയില്ലായെന്ന് ജനങ്ങൾ തീരുമാനിച്ചു. തെളിവ് എടുപ്പ് ദിവസത്തിൽ രാവിലെ തന്നെ വലിയ സംഘം പോലീസ് ബഥേലിന് ചുറ്റും നിന്നു. തിരുമേനിയുടെ സ്നേഹിതരായ ഈഴവർ ഉൾപ്പെടെ വലിയ ജനക്കൂട്ടം ബഥേലിൽ തടിച്ചുകൂടി. എന്തും സംഭവിക്കാവുന്ന സാഹചര്യം. കൃത്യം 10 മണിയ്ക്ക് തഹസിൽദാർ കാറിൽ ബഥേലിൽ എത്തി. തിരുമേനി ഇറങ്ങിവന്ന് തഹസിൽദാരെ സ്വീകരിച്ചു. നായർ സമുദായത്തിൽപ്പെട്ട തഹസിൽദാർ തിരുമേനിയെ കണ്ട ഉടനെ തിരുമേനിയുടെ കൈമുത്തി. ഇത് കണ്ട ജനങ്ങൾക്ക് സമാധാനമായി. അര മണിക്കൂർ തിരുമേനിയുമായി സംസാരിച്ച് തഹസിൽദാർ റിപ്പോർട്ട് തയ്യാറാക്കി. ബിഷപ്പ് താമസിക്കുന്ന സ്ഥലത്ത് സാധാരണ നടത്തേണ്ട പ്രാർത്ഥനകളും വിശുദ്ധ കുർബാനയും ആണ് നടത്തിയതെന്നും അതിൽ പങ്കെടുക്കുവാൻ സമീപവാസികളായ ജനങ്ങൾ വന്നുവെന്നേയുള്ളുവെന്നും ഉള്ള തയ്യാറാക്കിയ റിപ്പോർട്ട് തിരുമേനിയെ വായിച്ച് കേൾപ്പിച്ച് തഹസിൽദാർ പോയി. അങ്ങനെ ബഥേൽ ഒരു ദേവാലയമായി രൂപാന്തരപ്പെട്ടു. ഒരിക്കൽ തിരുമേനി ബഥേലിൽ നിന്ന് കാറിൽപോയപ്പോൾ ചെങ്ങന്നൂർ ടൗണിൽ എസ്.ഐ. തിരുമേനിയുടെ കാർ തടഞ്ഞു. രോക്ഷാകുലരായ ജനങ്ങൾ പെട്ടെന്ന് സംഘടിച്ച് പ്രതിഷേധിക്കുകയും തിരുമേനി കാറിൽ നിന്ന് ഇറങ്ങി ജനങ്ങളെ ശാന്തരാക്കുകയും ചെയ്തു എസ്.ഐ. തിരുമേനിയോട് ക്ഷമ പറയുകയും ചെയ്തു.

പുത്തൻകാവിൽ കൊച്ചുതിരുമേനി വലിയ ത്യാഗങ്ങൾ സഹിച്ച് സ്ഥാപിച്ച മെത്രാപ്പോലീത്തൻ ഹൈസ്കൂളിൽ 1950-ൽ അധ്യാപകനായി തിരുമേനിയോടൊപ്പം പ്രവർത്തിക്കുവാൻ സാധിച്ചത് വലിയ അനുഗ്രഹമായി ഞാൻ കരുതുന്നു. തിരുമേനിയുടെ ശിഷ്യൻ പി.ജി. ജോർജ് അച്ചൻ ആണ് എനിക്ക് അധ്യാപക ജോലിയ്ക്ക് അവസരം നൽകിയത്.പുത്തൻകാവിൽ കൊച്ചുതിരുമേനിയാണ് എന്നെ മദ്ബഹായിൽ ശുശ്രൂഷയ്ക്ക് കയറ്റിയത്. 6 തുബ്ദേനുകൾ കാണാപാഠം പഠിച്ച് ചൊല്ലി കേൾപ്പിച്ചാൽ മാത്രമേ മദ്ബഹായിൽ കയറ്റുകയുള്ളുവെന്ന് തിരുമേനി പറഞ്ഞു. ഞാൻ അങ്ങനെ തന്നെ ചൊല്ലി കേൾപ്പിക്കുകയും തിരുമേനി എന്നെ മദ്ബഹായിൽ കയറാൻ കൈവെയ്പ് നൽകുകയും ചെയ്തു.

പുത്തൻകാവിൽ കൊച്ചുതിരുമേനി ലോകത്തിലെ ഞങ്ങളുടെ കാണപ്പെട്ട ദൈവം ആയിരുന്നു. ഇന്നും ഞങ്ങൾക്കുവേണ്ടി മധ്യസ്ഥത പ്രാർത്ഥന നടത്തുന്ന, അനുഗ്രഹങ്ങൾ ചൊരിയുന്ന പരിശുദ്ധ പിതാവാണ്.

ചെങ്ങന്നൂർ ബഥേൽ പള്ളി

ദിവശ്രീ എം.എ.
തോമസ് കശീശാ ബി.എ.,
(പുത്തൻകാവ് മതിലകം മർത്തോമ്മ പള്ളി
സഹവികാരിയായിരുന്നപ്പോൾ എഴുതിയ ലേഖനം
പിന്നീട് മർത്തോമ്മാ സഭയുടെ പ്രഗത്ഭനായ
വൈദികനായി പ്രവർത്തിച്ചു.)

ചില ഓർമ്മക്കുറിപ്പുകൾ

തിരുമേനിയെപ്പറ്റിയുള്ള സ്മാരക ഗ്രന്ഥത്തിൽ ഒരു ലേഖനം എഴുതുന്നതിന് ആവശ്യപ്പെട്ടത് ഒരു ബഹുമാന്യപദവിയായിതന്നെ ഞാൻ കരുതുന്നു. പക്ഷെ അതിനുദ്യമിക്കുക; അത് അത്ര ലഘുസാധ്യമല്ല. കാരണം കാലയവനികയ്ക്കുള്ളിൽ അദ്ദേഹം മറഞ്ഞു എന്ന മർമ്മഭേദകമായവാർത്ത വിശ്വസിക്കുന്നതിന് ഇന്നും ഞാൻ അശക്തനാണ് എന്നുള്ളതത്രെ. തിരുവല്ലായിലുള്ള വനിതാമന്ദിരത്തിൽവെച്ച് അഖിലേന്ത്യാ... ക്രിസ്ത്യൻ മൂവ്മെന്റിന്റെ കേരളാപ്രവിശ്യയുടെ അദ്ധ്യയന സമ്മേളനം നടന്നുകൊണ്ടിരിക്കുന്ന വേളയിൽ - ഒരു ദിവസം സന്ധ്യാസമയത്ത് - ആരോവന്ന് എന്നോടു പറയുന്നു, പുത്തൻകാവിലെ തിരുമേനി കാലംചെയ്തു എന്ന്. എന്ത്? തിരുമേനിയോ!! തിരുമേനിയുടെ വടക്കൻയാത്രയ്ക്ക് കുറച്ചു ദിവസങ്ങൾക്കു മുമ്പ് ഞാൻ ആ വന്ദ്യപുരുഷനെ സന്ദർശിച്ച് പലകാര്യങ്ങളെപ്പറ്റി ചർച്ചചെയ്തപ്പോൾ ഈവിധം കർണ്ണശല്യമായ ഒരു വാർത്ത ഇത്രക്ഷണം ശ്രവിക്കേണ്ടിവരുമെന്ന് ആരുകരുതി!

ഇത്; തിരുമേനിയുടെ ഗുണഗണങ്ങളെ പ്രകീർത്തിച്ചുകൊണ്ടുള്ള ഒരു ലേഖനമല്ല. ചില ഓർമ്മക്കുറിപ്പുകൾ മാത്രം. ഓർമ്മയുടെ പേജുകൾ ഓരോന്നായി മറിക്കുമ്പോൾ അവിടവിടെയായി വലിയ അക്ഷരത്തിൽ കാണുന്ന ചില സംഗതികളുടെ പകർപ്പവകാശം ഇങ്ങുവാങ്ങിയെന്നേയുള്ളു. തിരുമേനിയും ഞാനുമായി ദീർഘകാല പരിചയമില്ല. 1928-ൽ എന്റെ സ്വദേശമായ അയിരൂർ ഉള്ള എം.റ്റി.ഇംഗ്ലീഷ് മിഡിൽ സ്കൂളിൽ ഞാൻ ഒരു തേഡ്ഫോറം വിദ്യാർത്ഥിയായിരിക്കുമ്പോൾ, ഞങ്ങളുടെ ഇംഗ്ലീഷ് അധ്യാപകൻ ഒരുദിവസം തിരുമേനിയെ (അന്ന് മെത്രാപ്പോലീത്ത് ആയിട്ടില്ല) ക്ലാസ്സിലേക്കു ക്ഷണിച്ചുവരുത്തുകയും ഒരു മാതൃകാ ഇംഗ്ലീഷ് പാഠം എടുപ്പിക്കുകയും ചെയ്തു. Love എന്ന പദം എങ്ങനെയാണ് ശരിയായി ഉച്ചരിക്കേണ്ടത് എന്ന് അന്നു തിരുമേനി പറഞ്ഞുതന്നത് ഇന്നും ഞാൻ മറന്നിട്ടില്ല. ഇംഗ്ലീഷ് പദ്യകഥനത്തിൽ അദ്ദേഹം പ്രകടിപ്പിച്ച അനന്യസാധാരണമായ ഉച്ചാരണശുദ്ധി, ശബ്ദമാധുര്യം ഇവ വിദ്യാർത്ഥികളായ ഞങ്ങളുടെ ശ്രദ്ധയെ സവിശേഷം ആകർഷിച്ചു. എത്രനല്ല ഒരദ്ധ്യാപകൻ! അദ്ദേഹത്തിന്റെ സഹ അദ്ധ്യാപകരിൽനിന്നും, വിദ്യാർത്ഥികളിൽനിന്നും ഈ സ്തുതി ഇന്നും കേൾക്കുന്നതിനു സാധിക്കും. അടുത്തകാലത്ത് തിരുമേനി എന്നോടു സന്ദർഭവശാൽ പറഞ്ഞ ഒരു കാര്യം ഞാൻ ഇപ്പോൾ ഓർക്കുന്നു; തിരുമേനിയുടെ നിറവും, ശബ്ദവും കാതോലിക്കാബാവാതിരുമേനിക്കു ഇഷ്ടമാണെന്ന് പറയാറുണ്ടായിരുന്നു എന്ന്. ഒരു വർഷം മുമ്പ് പുത്തൻകാവ് മാർത്തോമ്മാ പള്ളിയിൽ സഹായപട്ടക്കാരനായി വന്നശേഷം മാത്രമാണ്, തിരുമേനിയുമായി വളരെ അടുത്ത് ഇടപെടുവാൻ എനിക്ക് സാധിച്ചത്. ഒരു പ്രാവശ്യം തിരുമേനിയുമായി സമയം ചിലവഴിച്ചാൽ വീണ്ടും അദ്ദേഹത്തിന്റെ സന്നിധിയിലെത്താൻ ആഗ്രഹിക്കും. അത് എന്റെ അനുഭവമാണ്. തിരുമേനിയുടെ ചില രഹസ്യങ്ങളുടെ ഉള്ളറകൾ അപരിചിതനായ എന്നെ പ്രഥമസന്ദർശന വേളയിൽതന്നെ തുറന്നു കാണിച്ചു. എങ്ങനെയാണ് തിരുമേനിയോട് ഭക്തിയും, സ്നേഹവും തോന്നാതിരിക്കുക! അടിത്തിടപെടുന്ന മനുഷ്യരുടെ ഹൃദയങ്ങളെ കവർന്നെടുക്കുന്നതിന് സ്മര്യപുരുഷനു അസാധാരണ ചാതുര്യം ഉണ്ടായിരുന്നു. പഴഞ്ചൊല്ലുകൾ ഫലിതങ്ങൾ ഇവ ധാരാളമായി ഒത്തിണങ്ങിയ സംഭാഷണരീതി എന്നെ പൊട്ടിച്ചിരിപ്പിക്കാതെ വിട്ടിട്ടില്ല. എന്റെ തോളിൽ കൈയ്യുമിട്ടുകൊണ്ട്, തന്റെ മുറിയിലും വരാന്തയിലും ഉലാത്തികൊണ്ട്, സ്നേഹപുരസ്സരം എനിക്ക് നിൽകീട്ടുള്ള സദുപദേശങ്ങൾ എങ്ങനെ വിസ്മരിക്കുവാൻ കഴിയും. സഭകളുടെ പുനരൈക്യത്തിൽ അതിയായി വിശ്വസിക്കുന്ന എന്റെ ചിന്താഗതി തിരുമേനിക്ക് ഹൃദ്യമായിരുന്നു. യാക്കോബായ, മാർത്തോമ്മാസഭകൾ തമ്മിൽ യോജിക്കേണ്ടതു ആവശ്യമാണെന്ന് തിരുമേനി ദൃഢമായി വിശ്വസിച്ചിരുന്നത് സംഭാഷണങ്ങളിൽ നിന്നും വ്യക്തമായിട്ടുണ്ട്. വേദശാസ്ത്രപരമായ വിഷയങ്ങൾ പഠിക്കുന്നതിനായി ഈ അടുത്തകാലത്തു രൂപീകൃതമായ കേരളതീയോളജിക്കൽ

സ്റ്റഡിഗ്രൂപ്പിന്റെ ഭാവിപ്രവർത്തന പരിപാടിയെപ്പറ്റിയുള്ള ആലോചനയിൽ എന്നെ പ്രോത്സാഹിപ്പിച്ചിട്ടുള്ളവരുടെ കൂട്ടത്തിൽ തിരുമേനി ഒരു നല്ല സ്ഥാനം അർഹിക്കുന്നു. ചിങ്ങവനം സമ്മേളനത്തിനുശേഷം അദ്ദേഹത്തിന്റെ പ്രശസ്തി വളരെ ഔന്നത്യനിലയിൽ എത്തി. സഭയിൽ ഐക്യം സാധിക്കുന്നതിനു അദ്ദേഹം എത്രകണ്ടു ആത്മാർത്ഥമായി പരിശ്രമിച്ചു. തിരുമേനിയുടെ നേട്ടങ്ങളിൽ മാഹാത്മ്യം ഏതിനാണ് എന്ന് പലരും വിഭിന്നാഭിപ്രായങ്ങൾ പുറപ്പെടുവിച്ചേക്കാം. തിരുമേനി സ്ഥാപിച്ചിട്ടുള്ള ഹൈസ്കൂളുകളാണെന്നു ചിലരും, ഇതരസ്ഥാപനങ്ങളാണെന്നു മറ്റുചിലരും പറഞ്ഞേക്കാം. ഇതൊന്നുമല്ലെന്നാണ് എന്റെ വിനീതമായ അഭിപ്രായം. അഭ്യസ്ത്യവിദ്യരായ ഒരുകൂട്ടം ചെറുപ്പക്കാരെ തേടിപിടിച്ച് ഓരോ സ്ഥാനത്ത് പ്രതിഷ്ഠിച്ചിരിക്കുന്നു എന്നുള്ളതാണ് തിരുമേനിയുടെ വലിയനേട്ടം. തിരുമേനി തുടങ്ങിയ ജോലികൾ തുടരേണ്ടത് അവരാണ്. ചെറിയ ചെറിയ സന്യാസിസംഘങ്ങൾ (Communities) തുടങ്ങി സഭയെ ശക്തീകരിക്കുന്നതിനുള്ള തിരുമേനിയുടെ പരിശ്രമത്തിന്റെ മകുടോദാഹരണമത്രെ. സെന്റ് ബേയ്സിൽ സന്യാസിസംഘസ്ഥാപനം എത്ര വിദൂരവീക്ഷണത്തോടുകൂടിയാണ് അദ്ദേഹം അത് സ്ഥാപിച്ചിട്ടുള്ളത്. ഏതു സഭയുടെയും നിലനിൽപ്പിനു അത്യന്താപേക്ഷിതമായ ഒന്നത്രേ ഇതുപോലെയുള്ള ഒരു സ്ഥാപനം. അത് ഇനിയും വളർന്ന് ശക്തി പ്രാപിക്കേണ്ടിയിരിക്കുന്നു. റോമാസഭയുടെയും, ആംഗ്ലേയ സഭയുടെയും , ശക്തിയുടെ രഹസ്യ ങ്ങളിൽ ഒന്ന് സുസംഘടിതമായി നിസ്വാർത്ഥതയോടെ പ്രവർത്തിക്കുന്ന സന്യാസിസ്ഥാപന ങ്ങളത്രെ.

സഭയിലെ യുവജനങ്ങൾക്ക് ഒരു വിശാലവീക്ഷണം പ്രദാനംചെയ്യുന്നതിനും അവയെ പ്രോത്സാഹിപ്പിക്കുന്നതിനും തിരുമേനി ചെയ്തിട്ടുള്ള ശ്രമങ്ങൾക്ക് അനേകയുവജനങ്ങൾ സാക്ഷിനിൽക്കുന്നതാണ്. ഇക്കാര്യങ്ങൾ ഓർത്ത് പീസ്ലീഗുകാർ തിരുമേനിയെ മുക്തകണ്ഠം പ്രശംസിച്ചു. അദ്ദേഹം പുത്തൻകാവിൽ സ്ഥാപിച്ചിട്ടുള്ള മെട്രോപ്പോലീത്തൻ ഹൈസ്കൂളിലെ അനുശോചന യോഗത്തിൽ അദ്ധ്യക്ഷം വഹിക്കുന്നതിനുള്ള ഭാഗ്യം എനിക്കു സിദ്ധിച്ചു. അവിടത്തെ വിദ്യാർത്ഥികളും അധ്യാപകരും വികാരവേശത്തോടെകൂടെ തിരുമേനി അവർക്കു നൽകിയിട്ടുള്ള പ്രോത്സാഹനങ്ങളെപ്പറ്റി പ്രസ്താവിച്ചതും, മേൽപറഞ്ഞതിനു ഒരു തെളിവാണ്. കുട്ടികൾക്ക് വിശാലവീക്ഷണഗതിയുണ്ടാകുന്നതിനു സഹായകരമായ രീതിയിൽ, ഇംഗ്ലണ്ടിലെ ജീവിതരീതികളെപ്പറ്റി എനിക്കു പരിചയമായിട്ടുള്ള കാര്യങ്ങൾ അവരോടു പ്രസംഗിക്കുന്നതിനായി തിരുമേനി എന്നെ ഒരു ദിവസം നിർബന്ധമായി ക്ഷണിച്ചതും ഇതിനു മറ്റൊരുദാഹരണമത്രെ. പുത്തൻകാവ് ഓർത്തഡോക്സ് പള്ളിമുറ്റത്ത് ഉച്ചഭാഷിണികൾ ഘടിപ്പിച്ച് ഈ അടുത്തകാലത്ത് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൺവെൻഷൻ യോഗങ്ങൾ നടന്നുകൊണ്ടിരുന്നു. ദിവ്യശ്രീ കെ.എം. സൈമൺ ശെമ്മാശനായിരുന്നു, ഒരു രാത്രിയിലെ പ്രസംഗികൻ. എന്റെ സുഹൃത്തായ ശെമ്മാശ്ശന്റെ പ്രസംഗം കേൾക്കുന്നതിനു ഞാൻ പള്ളിയിലേക്കു ചെന്നപ്പോൾ യോഗം ഇനിയും ആരംഭിച്ചിട്ടില്ല. തിരുമേനി മേശ കഴിക്കയാണ്. കൽപ്പനപ്രകാരം ശെമ്മാശനും ഞാനും ഉപവിഷ്ടരായി. അന്നുരാത്രിയിൽ നടത്തേണ്ട കൺവൻഷൻ പ്രസംഗത്തെപ്പറ്റി ചർച്ച തുടങ്ങി. ശെമ്മാശൻ തന്റെ പ്രസംഗത്തിന്റെ സംക്ഷേപം അദ്ദേഹത്തെ അറിയിച്ചു. തിരുമേനി ചില നിർദ്ദേശങ്ങളും നൽകി. എല്ലാ ദിവസങ്ങളിലേയും പ്രാസംഗികന്മാർക്ക് ഇതുപോലെയുള്ള നിർദ്ദേശങ്ങൾ അദ്ദേഹം കൊടുത്തു കാണും എന്ന് ഞാൻ ഊഹിക്കുന്നു. തന്റെ ഭരണത്തിൻ കീഴിലുള്ള മഹായിടവകയുടെ വിവിധദുർഘട പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയും, പല സ്ഥാപനങ്ങളും, സംഘടനകളും ആസുത്രണം ചെയ്യുകയും ചെയ്തുകൊണ്ടിരിക്കുന്നതും, ദ്രുതഗതിയിൽ പാഞ്ഞുകൊണ്ടിരിക്കുന്നതുമായ തിരുമേനിയുടെ മനസ്സിന് ആളുകൾ ശതക്കണക്കായി പള്ളിമുറ്റത്തു തടിച്ചുക്കൂടുന്ന ധൃതിക്കിടയിൽ അതിസാവധാനതയോടെ പ്രാസംഗികന്മാർക്ക് ചെറിയ ചെറിയ നിർദ്ദേശങ്ങൾ കൊടുക്കുവാൻ സാധിക്കുന്നത് എന്ന വളരെ അതിശയിപ്പിച്ചു.

തന്നെ തന്നെ ത്യജിച്ച് സ്വന്തം ആരോഗ്യത്തെ പലപ്പോഴും അവഗണിച്ച് മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതിന് ഒരുമ്പെട്ടു എന്നുള്ളത് തിരുമേനിയെ സംബന്ധിച്ച് ഒരു യാഥാർത്ഥ്യം ആണ്. ഞാൻ ഒരു സംഭവമോർക്കുന്നു. കഴിഞ്ഞവർഷത്തിലെ ഒരു കാലവർഷ സമയം വെള്ളം നന്നായി പൊങ്ങിയിട്ടുണ്ട്. ബഥേലിന്റെ പടിക്കലും വെള്ളം എത്തിക്കഴിഞ്ഞു. ചെങ്ങന്നൂരും പുത്തൻകാവുമായുള്ള ഗതാഗതം തടസ്സപ്പെട്ടു. ഒരു പ്രത്യേകാവശ്യം പ്രമാണിച്ച് സ്പീക്കർ ശ്രീ. ടി. എം. വർഗ്ഗീസ് അവിടെയെത്തി തിരുമേനിയോടൊന്നിച്ച് രാപ്പാർക്കുന്നു. ക്ഷണമനുസരിച്ച് എനിക്കും അവിടെ ചെന്നെത്തേണ്ടിയിരുന്നു. രാത്രി ഒന്നരമണി സമയം... ഒരു വിധത്തിൽ ബഥേലിൽ ചെന്നുചേർന്നു. തിരുമേനി മാത്രം ഉറക്കമൊഴിഞ്ഞിരിക്കുന്നു. ... ഇതിനിടയിൽ ഞങ്ങളുടെ സുഖ സൗകര്യങ്ങൾ അന്വേഷിക്കുന്നുണ്ട്. ചില സുപ്രധാന കാര്യങ്ങൾ ആലോചിക്കുന്നതിനു മി. വർഗ്ഗീസിനേയുമുണർത്തി ചർച്ച തുടരുന്നു. തിരുമേനിയുടെ ത്യാഗസന്നദ്ധത നേരിട്ടറിയുന്നതിന് സാധിച്ച ഈ രംഗം ഒന്നു ചൂണ്ടിക്കാണിച്ചെന്നേയുള്ളു. തിരുമേനിയുടെ അതിഥിസൽക്കാരം പ്രിയം -അതു ചില അമ്മച്ചിമാരുടെ രീതിയാണ് - മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനിയുമൊന്നിച്ച് മാവേലിക്കര നിന്നുള്ള മടക്കയാത്രയിൽ ബഥേൽ സന്ദർശനത്തിനിടയായി. തിരുമേനിമാർ സംഭാഷമത്തിനു പ്രവേശിച്ചു. കുറേ അധികം ഓറഞ്ചു തിരുമേനി മുറിയിൽ ഒരു ഭാഗത്ത് കൂട്ടിയിട്ടിരിക്കുന്നത് കണ്ടു. സംഭാഷണത്തിനിടയിൽ തിരുമേനി ഇത്രയധികം ഓറഞ്ചു കൂട്ടിഇട്ടിരുന്നാൽ ചീത്തയായി പോകുമല്ലോ എന്നു ഞാൻ പറഞ്ഞു. കൊള്ളാം.... ഓറഞ്ചു വേണം അല്ലെ എന്നു തിരുമേനി മറുപടിയായി കൽപ്പിച്ചപ്പോൾ എല്ലാവരുംകൂടി ചിരിച്ചു. ഞങ്ങൾ യാത്രയായ നേരം കയറിയിരുന്ന കാറിനുള്ളിലേക്ക് തിരുമേനി തന്നെ കുറെ ഓറഞ്ചു കൊണ്ടിട്ടു. മറ്റൊരുദിവസം പുത്തൻകാവ് ഹൈസ്കൂൾ വരാന്തയിൽ തിരുമേനിയുമായി ഞാൻ സംസാരിച്ചുകൊണ്ട് നിൽക്കുയാണ്. ഏതോ ഒരു സന്ദർശകൻ തിരുമേനിയുടെ കൈമുത്തിയ ശേഷം മൂന്നു ഓറഞ്ചുകൾ കൊടുത്തിട്ടു മടങ്ങിപ്പോയി. ഉടനെ അതിൽ ഒന്ന് എടുത്ത് എന്റെ കയ്യിൽ തന്നു. ഇത് ഒരു ചെറിയ സംഭവമാണ്. അതിന്റെ പുറകിലുള്ള സ്നേഹം ഒരിക്കലും മറക്കാൻ കഴിയില്ല.

എനിക്കിനിയും പലതും പറയുവാൻ ഉണ്ട്.അതിന് ഞാൻ ഒരുങ്ങുന്നില്ല. ഒരു സംഗതി .... തിരുമേനി വളരെ വ്യക്തിമാഹാത്മ്യമുള്ള ദേഹമായിരുന്നു.

അദ്ദേഹം പുത്തൻകാവിൽ സ്ഥാപിച്ചിട്ടുള്ള മെട്രോപ്പോലീത്തൻ ഹൈസ്കൂളിലെ അനുശോചന യോഗത്തിൽ അദ്ധ്യക്ഷം വഹിക്കുന്നതിനുള്ള ഭാഗ്യം എനിക്കു സിദ്ധിച്ചു. അവിടത്തെ വിദ്യാർത്ഥികളും അധ്യാപകരും വികാരാവേശത്തോടെകൂടെ തിരുമേനി അവർക്കു നൽകിയിട്ടുള്ള പ്രോത്സാഹനങ്ങളെപ്പറ്റി പ്രസ്താവിച്ചതും മേൽപറഞ്ഞതിനു ഒരു തെളിവാണ്.

(1951-ൽ മാർ പീലക്സിനോസ് സുവനീറിൽ എഴുതിയ ലേഖനം)

പുത്തൻകാവിന്റെ പുണ്യശോഭ

ശ്രീ. ജോർജ്ജ് ജോൺ ആലുംമൂട്ടിൽ
(വൈസ് പേട്രൺ മാർഫാ & റിട്ട. ഹെഡ്മാസ്റ്റർ മെത്രാപ്പോലീത്തൻ എച്ച്.എസ്.എസ്., പുത്തൻകാവ്)

കരുണക്കടലേ ഞാൻ നോക്കി.... എന്ന മാർ അപ്രേമിന്റെ ഗീതികൾ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ സൗമ്യവും ദീപ്തവും ഹൃദ്യവുമായ ശബ്ദത്തിൽ ബാല്യത്തിൽ മനസ്സിലെവിടെയോ ഇടം പിടിച്ചത് ഈ എഴുപത്തി മൂന്നാം വയസ്സിലും മാഞ്ഞിട്ടില്ല. ജീവിച്ചിരുന്ന കാലഘട്ടത്തിൽ തന്നെ സഭാവിശ്വാസികളെ ഇത്രയേറെ സ്വാധീനിച്ച മെത്രാപ്പോലീത്താമാർ സഭാചരിത്രത്തിൽ വിരളമായിരിക്കും. കേരളത്തിലങ്ങോളമിങ്ങോളം മലങ്കര സഭയുടെ കാറും കോളും നിറഞ്ഞ അന്തരീക്ഷത്തിൽ ശുഭപ്രതിക്ഷയോടെ 'എന്റെ ദൈവവും എന്റെ സഭ'യുമെന്ന ആത്മമന്ത്രവുമായി മിന്നിമിനുങ്ങിയ ശുക്രനക്ഷത്രമായിരുന്നു പുത്തൻകാവിൽ കൊച്ചുതിരുമേനി. മദ്ധ്യ തിരുവിതാംകൂറിൽ അദ്ദേഹം സമാരംഭിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനശ്വര സ്മാരകങ്ങളായി ശോഭിക്കുന്നു തന്റെ പേരും പെരുമയും നിലനിൽക്കുവാൻ അദ്ദേഹം ഒന്നും ചെയ്തില്ലെങ്കിലും സമൂഹം അദ്ദേഹത്തെ മഹാത്മാവായി പുണ്യപുരുഷനായി അന്നേ ഹൃദയത്തിലുറപ്പിച്ചു എന്നു പറയുന്നതാവും ശരി.

മലങ്കര സഭയ്ക്കു ഉന്നതനിലവാരത്തിലുള്ള പല വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരംഭിച്ചുവെങ്കിലും പുത്തൻകാവ് മെത്രോപ്പോലീത്തൻ ഹയർ സെക്കണ്ടറി സ്കൂൾ തന്റെ ജന്മനിയോഗമായി ആ പിതാവു കണ്ടിരുന്നു. തന്റെ ഗുരുവായ വട്ടശ്ശേരി തിരുമേനിയെ അനുസ്മരിച്ച് അദ്ദേഹം തന്റെ ഈ ജന്മഗൃഹത്തിന് മെത്രാപ്പോലീത്തൻ എന്നു നാമകരണം നൽകി. ഒരു ദേശത്തിന്റെ ആത്മീയവും ഭൗതികവുമായ ഐശ്വര്യത്തിനു നിദാനമായിരുന്നു ഈ സരസ്വതീക്ഷേത്രം. ജാതിമത ചിന്തകൾക്കതീതമായി ഈ നാട്ടിലെ സാധാരണക്കാരുടെ ഉന്നമനത്തിനുവേണ്ടി പടുത്തുയർത്തിയ ഈ വിദ്യാലയത്തിൽ അദ്ധ്യയനത്തിനെത്തുന്ന ഏവർക്കും മദ്ധ്യസ്ഥനാണ് പുത്തൻകാവിൽ കൊച്ചുതിരുമേനി. ഈ വിശ്വാസത്തിൽ നിന്നും സ്നേഹാദരവുകളിൽ നിന്നും രൂപം കൊണ്ട ഒരു കൂട്ടായ്മയാണ് **MARPFA** എന്ന പേരിൽ പിന്നീട് ഒരു പ്രസ്ഥാനമായി മാറിയത്. U.A.E. കേന്ദ്രമായി കൊച്ചുതിരുമേനിയുടെ ആരാധകർ ഒത്തുചേർന്ന ഈ പ്രസ്ഥാനം നാടിന്റെ വികസനങ്ങൾക്കു നൽകിയ സംഭാവനകൾ ചെറുതല്ല. പുത്തൻകാവിലെ വായനശാല പിൽക്കാലത്ത് വിദ്യാലയമായി മാറിയത് നാടിനു ഏറെ അനുഗ്രഹകരമായിരുന്നു. തന്റെ മാനസപുത്രനായ പി.ജി. ജോർജച്ചനെ പ്രഥമാധ്യാപകനായി ഇവിടെ നിയമിച്ചതു തിരുമേനിയുടെ ക്രാന്തദർശിത്വത്തിനു തെളിവാണ്. മദ്ധ്യതിരുവിതാംകൂറിലെ ഏറ്റവും ശ്രദ്ധേയമായ വിദ്യാലയമായി മാറിയത് ധീരോദാത്തനായ അച്ചന്റെ സാന്നിധ്യവും സമർപ്പണവുമാണ് എന്ന വസ്തുത മറക്കാവുന്നതല്ല. സ്കൂളിന്റെ കാലോചിതമായ അഭ്യുന്നതിയെ മുന്നിൽക്കണ്ട് പൂർവ്വ വിദ്യാർത്ഥികൾ പല വികസന പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി. സ്കൂളിന്റെ സിൽവർ ജൂബിലി സ്മാരകമായി മാർ പീലക്സിനോസ് ആഡിറ്റോറിയം രൂപം കൊണ്ടു.

പഴയ സ്കൂൾ കെട്ടിടത്തിന്റെ ശോചനീയമായ അവസ്ഥയിൽ ആധുനിക സൗകര്യങ്ങളുള്ള ഒരു പുതിയ സ്കൂൾ കെട്ടിടം എന്ന സ്വപ്നം ഏവരുടേയും മനസ്സിൽ വിരിഞ്ഞു തുടങ്ങി. സ്വപ്നം യാഥാർത്ഥ്യമാക്കുവാനുള്ള ചിന്തകളും ചർച്ചകളും അധ്യാപകരുടേയും പൊതുജനങ്ങളുടെയും ഇടയിലുണ്ടായി. 1994 പുതിയ കെട്ടിടത്തിന്റെ

പണി ആരംഭിച്ചു. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അദൃശ്യമായ കരസ്പർശം അനുഭവിച്ച നാളുകൾ. ഏലിയാവിനു അപ്പവുമായി എത്തുന്ന അത്ഭുതം നേരിൽ കണ്ടു. അനർത്ഥങ്ങൾ ഒന്നും കൂടാതെ അന്നന്നത്തേയ്ക്കുള്ള അപ്പം നൽകുന്ന അനുഗ്രഹ ഹസ്തം. ഓരോ തീരുമാനങ്ങൾ എടുക്കുമ്പോഴും ആ കബറിങ്കൽ നിന്നും ചൊരിയുന്ന ബുദ്ധിയും ചിന്തയും സുകൃതമായി കാണുന്നു. എന്റെ സഹപ്രവർത്തകനായ ശ്രീ. ജോർജ് വർഗീസ് വെൺമണി പീടികയിൽ (ജോയിസാർ) ഈ അനുഭവങ്ങൾക്കെല്ലാം എന്നോടൊപ്പം സാക്ഷിയാണ്. പുതിയ കെട്ടിടത്തിന്റെ സാമ്പത്തിക ആവശ്യങ്ങൾക്കായി ഞാനും അന്നത്തെ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ. കെ.കെ. തോമസുമൊത്ത് നടത്തിയ വിദേശയാത്ര ഒരു ദൈവനിയോഗമായിരുന്നു. കുവൈറ്റ്, മസ്ക്കറ്റ്, ദുബായ്, അബുദബി, ഫുജറ, റാസൽഖൈമ, ഷാർജ എന്നീ സ്ഥലങ്ങളിലെ പൂർവ്വവിദ്യാർത്ഥികളേയും പ്രിയപ്പെട്ടവരേയും കണ്ടുമുട്ടിയതൊന്നും നിഷ്ഫലമായില്ല. അധ്യാപന നിയോഗത്തോട് ഏറെ സംതൃപ്തിയും സന്തോഷവും തോന്നിയ നിമിഷങ്ങൾ. ദുബായ് എയർപോർട്ടിൽ ഞാൻ വരുന്നതറിഞ്ഞ് സ്വീകരിക്കാനെത്തിയ ശിഷ്യസമൂഹം എന്റെ ഓർമയിൽ ഇന്നെന്നപോലെ, പലപ്പോഴും കണ്ണുകളെ ഈറനണിയിക്കുന്നു. സായാഹ്നങ്ങളിൽ, സംഭാവനകൾ സ്വീകരിക്കുവാൻ പോയ ഓരോ യാത്രയും സ്നേഹം കൊണ്ട് വീർപ്പുമുട്ടിക്കുന്ന അവസരങ്ങളായിരുന്നു. ആതിഥ്യമരുളാൻ, ഗുരുദക്ഷിണ സമർപ്പിക്കുവാൻ ശിഷ്യർ പരസ്പരം മത്സരിച്ചു. കാതോലിക്കേറ്റ് ആൻഡ് എം.ഡി. സ്കൂൾസ് മാനേജരായി നമ്മുടെ അഭിവന്ദ്യതോമസ് മാർ അത്താനാസിയോസ് തിരുമേനി അധികാരമേറ്റെടുത്തതോടെ തന്റെ മാതൃവിദ്യാലയത്തെ ഹൃദയത്തിലേറ്റിയത് നന്ദിയോടെ സ്മരിക്കുന്നു. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ പിതൃപുത്രനായ അഭിവന്ദ്യ തിരുമേനി പുതിയ കെട്ടിടത്തിലെ മാർ പീലക്സീനോസ് ബ്ലോക്കിന് എല്ലാ സഹായങ്ങളും നൽകുകയുണ്ടായി. പൊതുസമൂഹത്തിന്റെ ആശയ്ക്കും ആഗ്രഹത്തിനും അനുസൃതമായി ഇന്നു കാണുന്ന സ്കൂൾ കെട്ടിടത്തിനു പിന്നിലെ ഹൃദ്യമായ അനുഭവങ്ങൾ ജീവിതത്തെ അർത്ഥപൂർണ്ണമാക്കിയതായി തോന്നുന്നു. കൊച്ചുതിരുമേനിയുടെ അനുഗ്രഹങ്ങൾ അദൃശ്യമായി ഇടതടവില്ലാതെ തങ്ങളിൽ വസിക്കുന്നുവെന്നു പുതിയ തലമുറ വിശ്വസിക്കുന്നു. ജീവിത പ്രയാണത്തിൽ പച്ചയായ പുൽപ്പുറങ്ങൾ ഒരുക്കിത്തരുന്ന ആ സാന്നിധ്യം അവർക്ക് അനുഭവവേദ്യമാണ്. പരിശുദ്ധനായി സഭ പ്രഖ്യാപിക്കും മുമ്പ് എം.സി. റോഡിൽ പറന്തൽ ജംഗ്ഷനിൽ കാണുന്ന തിരുമേനിയുടെ ചിത്രമുള്ള കുരിശിൻ തൊട്ടി വിശ്വാസികളുടെ കൃതജ്ഞതാപൂർണ്ണമായ സ്മാരകമാണ്.

സ്വന്തം ജീവൻ മറുവിലയായ് നൽകി നമ്മെ വീണ്ടെടുത്ത അരുമനാഥനായ യേശുക്രിസ്തുവിന്റെ അനുയായികൾ. മലങ്കരസഭയ്ക്കുവേണ്ടി അവസാന ശ്വാസവും സമർപ്പിച്ച പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അരുമമക്കൾ ആ പുണ്യപിതാവിന് സഭ നൽകുന്ന ആദരവിനെ നന്ദിയോടെ അഭിമാനത്തോടെ വണങ്ങുന്നു. വി.തുബ്ദേനിൽ പുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ നാമം കേൾക്കുവാനുള്ള ഭാഗ്യവും നമ്മുടെ തലമുറയ്ക്കുണ്ടാകട്ടെ. പുത്തൻകാവിൽ കൊച്ചുതിരുമേനി പുത്തൻകാവിന്റെ പുണ്യശോഭയാണ് അത് മലങ്കര സഭയാകെ പരക്കുമ്പോൾ ജന്മനാട് ധന്യമാകുന്നു.

പഴയ സ്കൂൾ കെട്ടിടത്തിന്റെ ശോചനീയമായ അവസ്ഥയിൽ ആധുനിക സൗകര്യങ്ങളുള്ള ഒരു പുതിയ സ്കൂൾ കെട്ടിടം എന്ന സ്വപ്നം ഏവരുടേയും മനസ്സിൽ വിരിഞ്ഞു തുടങ്ങി. സ്വപ്നം യാഥാർത്ഥ്യമാക്കുവാനുള്ള ചിന്തകളും ചർച്ചകളും അധ്യാപകരുടേയും പൊതുജനങ്ങളുടെയും മധ്യത്തിലുണ്ടായി.

പുത്തൻകാവിൽ കൊച്ചുതിരുമേനി സ്ഥാപിച്ച പുത്തൻകാവ് മെത്രാപ്പോലീത്തൻ ഹയർ സെക്കന്ററി സ്കൂൾ

പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ വിദ്യാഭ്യാസ ദർശനം

മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രതാളുകളിൽ സുവർണ്ണലിപികളാൽ എഴുതപ്പെടേണ്ട നാമമാണ് കാതോലിക്കേറ്റ് രത്നദീപം പുണ്യശ്ലോകനായ പുത്തൻകാവിൽ കൊച്ചു തിരുമേനിയുടേത്. മാതൃസഭയെ ത്യജിച്ച് കത്തോലിക്കാ പാളയത്തിലേക്ക് കൂടുമാറിയ മാർ ഈവാനിയോസിനു പകരക്കാരനായാണ് കേവലം 33 വയസ്സു മാത്രം പ്രായമുള്ള ഫാ.കെ.റ്റി. ഗീവർഗീസ് "ഗീവർഗീസ് മാർ പീലക്സിനോസ്" എന്ന നാമധേയത്തിൽ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടത്.

സെക്കുലർ വിദ്യാഭ്യാസം

മെത്രാപ്പോലീത്തായുടെ പ്രധാന കർമ്മപഥം തന്റെ ആടുകളുടെ ആത്മീയ ഉന്നമനമാണ് എങ്കിലും വിദ്യാഭ്യാസത്തിലൂടെ മാത്രമെ സഭയുടെ നിലനിൽപ്പും സഭാമക്കളുടെ വളർച്ചയും സാദ്ധ്യമാകുകയുള്ളു എന്ന ബോദ്ധ്യം കൊച്ചുതിരുമേനിയെ സെക്കുലർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ പ്രേരിപ്പിച്ചു. തുമ്പമൺ ഭദ്രാസനത്തിന്റെ അധിപനായി സ്ഥാനമേറ്റ തിരുമേനി ജനവാസമില്ലാതിരുന്ന പത്തനംതിട്ട മാക്കാംകുന്നിനെ കേരളത്തിലെ ഏറ്റവും പ്രശസ്തമായ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമുച്ചയമായി സ്വപ്നം കണ്ടു. ആ പ്രദേശത്തെ കാടുകൾ വെട്ടിത്തെളിക്കുന്നതിനും പാറകൾ ഇളക്കിമാറ്റി സ്ഥലം നിരപ്പാക്കുന്നതിനും കായികമായി അദ്ധ്വാനിച്ചു. അപ്രകാരം തന്റെ അദ്ധ്വാനവും വിയർപ്പും കൊണ്ട് കെട്ടിപ്പൊക്കിയ സ്ഥാപനമാണ് പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്കൂൾ. പ്രൈമറിതലം മുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വരെ ഒരേ കുടക്കീഴിൽ വളർന്നു കാണുന്നത് സ്വപ്നം കണ്ട തിരുമേനി അവിടെ ഒരു കോളേജ് സ്ഥാപിക്കുന്നതിന് അനുവാദത്തിനായി കേരള സർവ്വകലാശാലയ്ക്ക് അപേക്ഷ സമർപ്പിച്ചു. അനേകം വൈതരണികൾ അതിജീവിച്ച് 1951 ഏപ്രിൽ 5 ന് അംഗീകാരത്തിനായി 5 ലക്ഷം രൂപ കെട്ടിവെയ്ക്കണം എന്നറിയിച്ചുകൊണ്ട് സർവ്വകലാശാലയിൽ നിന്നും കത്തു ലഭിച്ചെങ്കിലും കോളേജ് എന്ന സ്വപ്നം സഫലമാകാതെ ഏപ്രിൽ 17 ന് കൊച്ചുതിരുമേനി കാലം ചെയ്തു. കേരളത്തിലെ പ്രശസ്തമായ ഒരു ഫസ്റ്റ് ഗ്രേഡ് കോളേജ് എന്ന നിലയിൽ സഭയ്ക്ക് തിലകക്കുറിയായി നിൽനിൽക്കുന്ന പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ് കൊച്ചുതിരുമേനിയുടെ മരിക്കാത്ത ഓർമ്മകൾക്ക് നിറം ചാർത്തുന്നു.

ഒരു സമൂഹത്തിന്റെ വളർച്ചയ്ക്ക് നിദാനം അതിലെ അംഗങ്ങൾക്ക് ലഭ്യമാകുന്ന വിദ്യാഭ്യാസമാണ് എന്ന തത്വം മനസ്സിലാക്കുകയും അതിനുവേണ്ടി കഠിനാധ്വാനം ചെയ്യുകയും ചെയ്തു എന്നതാണ് കൊച്ചുതിരുമേനിയെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കുന്നത്. തന്റെ ജന്മദേശമായ പുത്തൻകാവിലെ മെട്രോപ്പോലീത്തൻ ഹൈസ്ക്കൂൾ സ്ഥാപിച്ചതിന്റെ പിന്നിലുള്ള ചേതോവികാരവും മറ്റൊന്നായിരുന്നില്ല. സ്വന്തം ദേശക്കാരിൽ നിന്നുപോലും കഠിനമായ എതിർപ്പുകൾ നേരിടേണ്ടി വന്നുവെങ്കിലും അതുമൂലമുണ്ടായ മനഃപീഢകളെയൊക്കെയും ദൈവത്തിൽ സമർപ്പിച്ചുകൊണ്ട് നിർമ്മാണ ജോലിക്കാരോടൊപ്പം കായികമായി അദ്ധ്വാനിച്ച് പുത്തൻകാവിൽ ഒരു ഹൈസ്കൂൾ എന്ന

ഡോ. ജിബി ജോർജ്ജ്
(സഭാ മാനേജിംഗ് കമ്മറ്റി അംഗം / പ്രിൻസിപ്പൽ പീറ്റ് മെമ്മോറിയൽ ട്രെയ്നിംഗ് കോളേജ്, മാവേലിക്കര)

സ്വപ്നം യാഥാർത്ഥ്യമാക്കി. തന്മൂലം പുത്തൻകാവും പരിസര പ്രദേശങ്ങളും വിദ്യകൊണ്ട് നേടിയ വളർച്ച അസൂയാവഹമാണ്.

ആത്മീയ വളർച്ചയ്ക്കൊപ്പം ലൗകിക വളർച്ചയും സമൂഹത്തിന്റെ വളർച്ചയുടെ അളവുകോലാണ് എന്ന് തിരുമേനി വിശ്വസിച്ചു. കിഴവള്ളൂർ സെന്റ് ജോർജ്ജ് തുമ്പമൺ എം.ജി.എം. എന്നീ സ്കൂളുകൾ സ്ഥാപിച്ചു എന്നതു മാത്രമല്ല തിരുമേനിയുടെ സവിശേഷത. അവയുടെ വളർച്ചയും പ്രവർത്തനങ്ങളും സൂക്ഷ്മമായി നിരീക്ഷിക്കുകയും അവയ്ക്ക് നേതൃത്വം കൊടുക്കുവാൻ ഏറ്റവും യോഗ്യരായ വ്യക്തികളെ കണ്ടെത്തി ചുമതലയേൽപ്പിച്ചു എന്നതാണ്. പുത്തൻകാവ് ഹൈസ്കൂളിന്റെ സാരഥിയായി വന്ദ്യനായ പുലിമുഖത്ത് പി.ജി. ജോർജ്ജ് അച്ചനെ നിയമിച്ചത് അതിന് ഒരു ഉദാഹരണം മാത്രം.

കൊച്ചുതിരുമേനിയുടെ മറ്റൊരു സവിശേഷതയായി ചൂണ്ടിക്കാണിക്കപ്പെടുന്നത് അദ്ദേഹത്തിന്റെ അദ്ധ്യാപന ചാതുര്യമാണ്. ഏതു വിഷയവും ലളിതമായും ഹൃദ്യമായും വിദ്യാർത്ഥികൾക്ക് മനസ്സിലാക്കി കൊടുക്കുവാൻ അപാരമായ കഴിവ് പ്രകടമാക്കിയ ഒരു വ്യക്തിയായിരുന്നു കൊച്ചുതിരുമേനി.

സഭയുടെ വളർച്ച സഭാജനങ്ങളുടെ ആത്മീയ, ലൗകീക വളർച്ചയിൽ അധിഷ്ഠിതമാണെന്നും അത് സാദ്ധ്യമാകുന്നത് വിദ്യാഭ്യാസത്തിലൂടെയാണെന്നും ഉറച്ച് വിശ്വസിച്ചിരുന്ന തിരുമേനി സ്ഥാപിച്ചവയൊന്നും തന്റെ പേരിലായിരുന്നില്ല, എല്ലാം സഭയ്ക്കുവേണ്ടിയായിരുന്നു. വളരെ ചുരുങ്ങിയ കാലം മാത്രമെ പ്രവർത്തിക്കുവാനായി ലഭിച്ചുള്ളുവെങ്കിലും തിരുമേനിയുടെ വിദ്യാഭ്യാസ ദർശനത്തിന്റെ പ്രസക്തി ഇന്നും നഷ്ടപ്പെട്ടിട്ടില്ല.

മലപ്പുറം ജില്ലയിലെ ചുങ്കത്തറയിൽ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ സഹോദരൻ കെ.റ്റി ജോസഫ് സ്ഥാപിച്ച് ഓർത്തഡോക്സ് സഭയ്ക്ക് നൽകിയ മാർ പീലക്സിനോസ് മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ

> തന്റെ അദ്ധ്വാനവും വിയർപ്പും കൊണ്ട് കെട്ടിപ്പൊക്കിയ സ്ഥാപനമാണ് പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്കൂൾ. പ്രൈമറി തലം മുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വരെ ഒരേ കുടക്കീഴിൽ വളർന്നു കാണുന്നത് സ്വപ്നം കണ്ട തിരുമേനി അവിടെ ഒരു കോളേജ് സ്ഥാപിക്കുന്നതിന് അനുവാദത്തിനായി കേരള സർവ്വകലാശാലയ്ക്ക് അപേക്ഷ സമർപ്പിച്ചു.

പുത്തൻകാവിൽ കൊച്ചുതിരുമേനി സ്ഥാപിച്ച പത്തനംതിട്ട കാതോലിക്കേറ്റ് ഹയർ സെക്കന്ററി സ്കൂൾ

1951 ലെ 36-ാം ഞായറാഴ്ചയിലെ വിശുദ്ധ കുർബാന

ശ്രീ.പി.സി കുഞ്ഞാത്തിരി ബി.എ
കുന്നംകുളം

ന്യൂതന ചരിത്രം സൃഷ്ടിച്ച ഒരു പ്രമുഖദിനമാണ് 1951-ലെ ഏപ്രിൽ 15 മറക്കാൻ കഴിയാത്ത സ്മരണകൾ അതിൽ അന്തർലീനമായിരിക്കുന്നു.

ഭാസ്കര പ്രഭ നാലുദിക്കും വ്യാപിച്ചു കുന്നംകുളം പഴയപള്ളിയിലെ വല്യമണി ണാം.... ണാം... എന്ന ധ്വനി മുഴക്കി. ഭക്തജനങ്ങൾ പള്ളിയിൽ ബഹുമാന പുരസ്സരം നിന്നു. പുത്തൻകാവിലെ കൊച്ചു മെത്രാച്ചന്റെ കുർബാന സഹൃദയർക്കെല്ലാം ആസ്വാദ്യമായിരുന്നു. പള്ളിയകം ജനനിബിഡമായി തെരുവുകൾ ജനശൂന്യമായി. വീണ്ടും മണിനാദം മുഴങ്ങി. വി. മദ്ബഹായുടെ തിരശ്ശീല നീങ്ങി. ജനങ്ങൾ പഞ്ചപുച്ഛമടക്കി ധ്യാനനിരതനായിരുന്നു. കൊച്ചുതിരുമേനി ഭക്ത്യാദരവുകളോടു കൂടി സ്വഹസ്തത്തിൽ ധൂപകുറ്റിയുമായി മറിയം പീലൈത്തോ പാടി. മണികൾ തെരുതെരെ ശബ്ദിച്ചു. വിശുദ്ധ മേല്പട്ടക്കാരൻ കർണ്ണ പീയുഷമായ ആരാധനകൾ ആരംഭിച്ചു. വനവാസികൾ ഭൂലോകത്തിലേക്ക് എത്തിനോക്കി. ജനങ്ങൾ ഭക്തിയോടുകൂടി പ്രാർത്ഥനകൾ അർപ്പിച്ചു. ഭയത്തോടും വിറയലോടുംകൂടി അവർ ആ ദിവ്യബലിയിൽ സൂക്ഷിച്ചുനിന്നു. ഈ പശ്ചാത്തലത്തിൽ ആ വിശുദ്ധ സ്ഥലം സ്വർഗ്ഗസമാനമായി പരിണമിച്ചു. വിശ്വത്തെ സ്വർഗ്ഗതുല്യമായി പരിവർത്തനം ചെയ്യിക്കുന്ന ഒരു രംഗം. കൊച്ചുതിരുമേനിയുടെ സ്വരമാധുര്യം ആ ദിവ്യപൂജക്ക് മകുടം ചാർത്തി. സവിശേഷമായ പ്രാർത്ഥനാഗീതങ്ങൾ സ്വർഗ്ഗീയഗാനങ്ങളുടെ പ്രതീതി ഉളവാക്കി. ജീവിതപ്പോരിൽ വാടി തളർന്ന മനുഷ്യകുലത്തെ ആശ്വസിപ്പിക്കുന്ന ജഗത് പ്രഭുവിന്റെ കാരുണ്യരസം. ആമനുഷ്യസഞ്ചയത്തിന്റ അന്ത: കരണത്തിന്റെ അഗാധതയിലേക്ക് ആ ദിവ്യകൂരമ്പുകൾ തുളഞ്ഞു കയറി. വിശിഷ്യ. കാതോലിക്കദിനത്തിന്റെ പ്രത്യേക പ്രാർത്ഥനകൾ അണയ്ക്കപ്പെട്ടു.

കുർബാനാന്ത്യത്തിൽ തിരുമേനിയുടെ ഉജ്ജ്വലമായ പ്രസംഗമുണ്ടായി. ലളിതവും സുഗ്രാഹ്യവുമായിരുന്നു അത്. കുരുടന്റെ കണ്ണിൽ ചേറുപൂശി സൗഖ്യമാക്കിയതാണ് അന്നത്തെ ഏവൻഗേലിയോൻ വായന. പ്രസ്തുത സംഭവത്തിനടിസ്ഥാനമാക്കി തുടർന്ന പ്രസംഗം സകല ശൃംഖലകളേയും പൊട്ടിക്കുവാൻ പര്യാപ്തമായിരുന്നു. അന്ത്യോക്കായുടെ മൂടക്കിന്റെ അസാധുത്വം മുതൽ പരിശുദ്ധ കതോലിക്കായുടെ അനിഷേധ്യമായ പരമാധികാരം വരെയുള്ള കാര്യങ്ങളെ പരാമർശിച്ചു. ഒരു നൂറു കൊല്ലത്തെ ചരിത്രരഹസ്യങ്ങളിൽ കൂടി ആ നീരൊഴുക്ക് ത്വരിതഗതിയിൽ ഇഴഞ്ഞു പോയി. കാതോലിക്കാവാഴ്ചയുടെ ശ്രേയസ്സിനായി യുവസന്താനങ്ങളുടെ സത്വരശ്രദ്ധയെ അദ്ദേഹം ആകർഷിച്ചു. കോമളഭാഷയിൽ ഫലിത സമ്പൂർണ്ണമായ ആ പ്രസംഗം ജനങ്ങളുടെ മനം കവർന്നു. വികാര ഉത്തേജകമായ നിരവധികാര്യങ്ങൾ ആ പ്രസംഗത്തിൽ അന്തർഭവിച്ചിരുന്നു. സ്വന്തം വേദനകൾ അവഗണിച്ച് (ഇടയ്ക്കിടെ നെഞ്ചത്ത് കരം ചേർത്തുകൊണ്ടാണെങ്കിലും) സഭയുടെ വിവിധ വിഷമപ്രശ്നങ്ങളെ ശ്രദ്ധയിൽപ്പെടുത്തി ആ വൈദികശ്രേഷ്ഠൻ പ്രസംഗിച്ചു. യേശുതമ്പുരാൻ പാപിയാണെന്ന് നിസ്സങ്കോചം ചീട്ടെഴുതിയ കള്ള യഹുദപ്രമാണികൾ പാവപ്പെട്ട കുരുടനും മുടക്കു കല്പിച്ചു. അപ്രകാരം അജ്ഞാതമായ കാരണം കൊണ്ടാണ് അന്ത്യോക്കാസിംഹാസനം നമുക്ക് മുടക്ക് പാസ്സാക്കിയത് . സർവജനനീയനായ

ശാന്തഗംഭീരനായ കൊച്ചുതിരുമേനിയുടെ വാഗ്ധോരണി ജനങ്ങളെ ഹഠാദാകർശിച്ചു. നെഞ്ചു വേദനയോടുകൂടി കൊച്ചുതിരുമേനി പ്രസംഗിക്കുന്നതിൽ ഭക്തജനങ്ങൾക്ക് ആശങ്കയുണ്ടാക്കുന്നതായിരുന്നു. കൊച്ചുതിരുമേനി പ്രസംഗം ഉപസംഹരിച്ചു. തൽസമയം ചില സഭാപ്രേമികൾ മെത്രാച്ചനെ സമീപിച്ചു. ക്ഷീണഗാത്രനെങ്കിലും ആ വിശുദ്ധദിവസത്തിൽ അദ്ദേഹത്തിന് വിശ്രമം ലഭിച്ചില്ല. സഭാ പതാക ഉയർത്തുന്നതിനുള്ള അവരുടെ അപേക്ഷ തിരസ്ക്കരിക്കുവാൻ അദ്ദേഹത്തിന് വൈമനസ്യമുണ്ടായി തിങ്ങി നിറഞ്ഞ മലങ്കരസഭാമക്കളെ സാക്ഷി നിർത്തി മുദ്രാ വാക്യങ്ങളാൽ ശബ്ദമുഖരിതമായ അന്തരീക്ഷത്തിൽ മലങ്കര സഭയുടെ പതാക പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ പൊൻകരങ്ങളാൽ വാനിലേക്ക് ഉയർന്നു പതാകമുകളിലേറി യഥേഷ്ടം പാറിപറന്നു ഏതോ വിദൂര ചിന്തയിൽ കൊച്ചുതിരുമേനി ഒരു നിമിഷം സഭാപതാകയെ വീക്ഷിച്ചു നിന്നു. വമ്പിച്ച തിരക്കൊന്നു ശാന്തമായി അവശനായ കൊച്ചുമെത്രാച്ചന് വിശ്രമിക്കാൻ അല്പ ഇടം കിട്ടി.

പരിപാടിയനുസരിച്ച് കൊച്ചു മെത്രാച്ചന്റെ പ്രസംഗത്തിന് ആ മദ്ധ്യാഹ്നത്തിൽ ജനങ്ങൾ പള്ളി അങ്കണത്തിൽ നിറഞ്ഞു. ഈ പ്രസംഗം കൊച്ചുതിരുമേനിയുടെ ആരോഗ്യത്തിന് ഹാനികരമാണെന്ന് വികാരിയച്ചനും മറ്റും അഭിപ്രായപ്പെട്ടു. സഭയെ ഉറപ്പിക്കുന്നതിലും ജനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിലും തിരുമേനി ജാഗ്രവാനായിരുന്നു. ദൃഢബുദ്ധിമാനായ ആ ത്യാഗശാലി സ്വവിഷമതകളെ തൃണവൽഗണിച്ച് അണയാൻ പോകുന്ന ദീപനാളത്തെപ്പോലെ അദ്ദേഹം നവചൈതന്യം കൈകൊണ്ടു ഒരു മണിക്കൂർ ദൈർഘ്യമുള്ള പ്രശസ്തമായ തന്റെ അന്ത്യപ്രസംഗം നിർവഹിച്ചു. ഭക്തജനങ്ങളുടെ സിരകളിൽ വൈദ്യുത പ്രവാഹമുണ്ടായി. അവരുടെ മനസ്സുകളിൽ കോളിളക്കമുണ്ടായി. കതോലിക്കദിനം പ്രമാണിച്ച് കുന്നംകുളത്ത് കൊല്ലം തോറും സാധുക്കൾക്കു വേണ്ടി ഒരു സദ്യ നടത്തുന്ന പതിവുണ്ട്. സദ്യ ആരംഭിച്ചു. ജനങ്ങളെ പന്തിപന്തിയായി ഇരുത്തി കൊച്ചുതിരുമേനി വിഭവങ്ങൾ വാഴ്ത്തി അനുഗ്രഹിച്ച് വിളമ്പുവാൻ ഉത്തരവു നൽകി. തുടർന്ന് പരിശുദ്ധ കാതോലിക്ക ബാവയുടെ എണ്ണഛായ ചിത്രം എതിരേറ്റു കൊണ്ടുള്ള ഘോഷയാത്ര നടന്നു. കൊച്ചുമെത്രാച്ചൻ അടുത്ത ദിവസത്തെ യാത്രാ പരിപാടി ക്രമീകരിക്കുകയാണ്. പക്ഷേ അത് അന്ത്യയാത്രയാണെന്ന് ആരും നിനച്ചതില്ല. സുഗന്ധവാഹിയായ ആ ജീവിത കുസുമം ഇത്രപെട്ടന്ന് വാടിക്കരിയുമെന്ന് ആരറിഞ്ഞു. വിധിവൈപരിത്വം ആ ഇടയശ്രേഷ്ഠനെ നമ്മിൽ നിന്നും പറിച്ചെടുത്തു.

ഭാസ്കര പ്രഭ നാലുദിക്കും വ്യാപിച്ചു കുന്നംകുളം പഴയപള്ളിയിലെ വല്യമണി ണാം.... ണാം... എന്ന ധ്വനി മുഴക്കി. ഭക്തജനങ്ങൾ പള്ളിയിൽ ബഹുമാന പുരസ്സരം നിന്നു. പുത്തൻകാവിലെ കൊച്ചു മെത്രാച്ചന്റെ കുർബാന സഹൃദയർക്കെല്ലാം ആസ്വാദ്യമായിരുന്നു.

നശ്വരലോകമെ! നിന്നിലുണ്ടാകുമോ

ശാശ്വതമായ് വല്ലതും വല്ലനാളും

അതേ ജീവിതത്തിന്റെ നശ്വരത മനുഷ്യനെ നിറുത്തി ചിന്തിപ്പിക്കുന്നതാണ്.ആ ധീരയോദ്ധാവ് പ്രസന്നവദനനായി ജീവിത പോർക്കളത്തിലിറങ്ങി നാനാ വിഷമതങ്ങളിൽ കൂടി ചരിച്ചു കൊണ്ടിരിക്കുന്ന സ്വന്തം സഭയെ അപാരമായ ദുഃഖത്തിലാഴ്ത്തി സ്വർഗ്ഗരാജ്യം പ്രാപിച്ചു. പരിശുദ്ധ പിതാവേ അങ്ങയുടെ പ്രാർത്ഥന ഞങ്ങൾക്ക് കോട്ടയായി തീരട്ടെ... (1951 -ൽ പ്രസിദ്ധീകരിച്ച മാർ പീലക്സിനോസ് സുവനീറിൽ നിന്ന് എടുത്ത ലേഖനം)

ചരിത്രപ്രസിദ്ധമായ കുന്നംകുളം പ്രസംഗം

(1951 ഏപ്രിൽ 15 നു വലിയ നോമ്പിലെ 36-ാം ഞായറാഴ്ച കാതോലിക്കാദിനം പ്രമാണിച്ച് നടന്ന മഹായോഗത്തിൽ കുന്നംകുളം പള്ളിയിൽ നടത്തിയ പ്രസംഗം



പുത്തൻകാവിൽ കൊച്ചുതിരുമേനി

പ്രിയരെ,

എത്രയും ചുരുങ്ങിയ സമയം കൊണ്ട് പ്രസംഗം അവസാനിപ്പിക്കണമെന്ന് പൊതുയോഗഭാരവാഹികൾ നിർബന്ധിച്ചിരിക്കയാൽ ഈ പ്രസംഗം നീട്ടുന്നില്ല.

ദേഹത്തിന് ആരോഗ്യമില്ലാത്തതിനാൽ കഴിയും വേഗം പ്രസംഗം അവസാനിപ്പിക്കണമെന്നു തന്നെയാണ് ഇടയ്ക്കിടയ്ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന നെഞ്ചു വേദനയും ഉൽബോധിപ്പിക്കുന്നത്. ഉച്ചത്തിൽ സംസാരിപ്പാൻ നിവൃത്തിയില്ലാതിരിക്കെ ഒരു മൈക്രോഫോണിന്റെ സഹായം ലഭിച്ചതു വളരെ ആശ്വാസമായി.

ബ. ശെമ്മാശ്ശൻ (Dn. P.S. Samuel; B.Sc) കാതോലിക്കാ സിംഹാസനത്തെക്കുറിച്ചു ഒരു സംക്ഷിപ്തവിവരണം ചരിത്രപരമായി നിങ്ങൾക്കു തന്നുകഴിഞ്ഞു. പൗരസ്ത്യ ദേശത്തിന്റെ ഒന്നാമത്തെ മേൽപ്പട്ടക്കാരൻ വി. മാർത്തോമ്മാശ്ലീഹായായിരുന്നു. അദ്ദേഹത്തിന്റെ പിൻഗാമികളായ മാർ ആദായിയും, മാർ ആഗായിയും എഡേസ്സാ ആസ്ഥാനമായി ഭരിച്ചു. അവരുടെ പിൻഗാമിയായ വി. മാറി അന്നത്തെ ഗവൺമെന്റിൽ നിന്നുണ്ടായ മർദ്ദനവും പീഡയും മൂലം തന്റെ ഭരണസ്ഥാനം എഡേസ്സായിൽ നിന്ന് സെലൂക്യയിലേക്കു മാറ്റി. വി. മാറിയുടെ കാലശേഷം വി. അബ്രോസിയോസ്സും, അബ്രഹാമും, യാക്കോബും ക്രമമായി ഭരണം നടത്തിപ്പോന്നു. ഇങ്ങനെ സെലൂക്യാ സിംഹാസനത്തിൽ ഭരിച്ചു വന്നിരുന്നവരെയെല്ലാം കിഴക്കിന്റെ വലിയ മെത്രാപ്പോലീത്തന്മാർ (റീശോ റാബേദ് കൊഹനെ ദ് മനഹോ) എന്നു വിളിച്ചു പോന്നു.

എന്നാൽ വി. ആഹൂദ് ആബൂയ് അന്ത്യോക്യായിലേക്കു മേൽപ്പട്ട സ്ഥാനം ഏൽക്കുവാൻ പോയപ്പോൾ അന്നു പേർഷ്യയും അന്ത്യോക്യയും തമ്മിലുള്ള പരസ്പരവൈരം കൊണ്ട് ഈ വിശുദ്ധനെ പേർഷ്യൻ ഒറ്റുകാരനാണെന്ന് തെറ്റിദ്ധരിച്ച് അന്ത്യോക്യക്കാർ കൊല്ലുവാൻ ശ്രമിച്ചു. ദൈവകൃപയാൽ അദ്ദേഹം എങ്ങനെയോ രക്ഷപ്പെട്ട് ഊർശ്ലേമിൽ പോയി പട്ടമേറ്റു. ഈ വിശുദ്ധനുണ്ടായ കഷ്ടതകളിൽ മനസ്സലിഞ്ഞ ഊർശ്ലേമിന്റെ എപ്പിസ്കോപ്പന്മാർ സെലൂക്യാ സിംഹാസനത്തിന്റെ സ്ഥിരതയ്ക്കായി (റീശ് റാബോദ് കൊഹനെ ദ് മദനഹോ) കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ മേലിൽ കാതോലിക്കാ എന്നു നാമകരണം ചെയ്യപ്പെടണമെന്നും പൗരസ്ത്യരിൽ ഏതെങ്കിലും ഒരു മെത്രാപ്പോലീത്താ മരിച്ചാൽ ആ സ്ഥാനത്തേക്കു ഒരു സ്ഥാനിയെ വാഴിക്കുവാൻ പൗരസ്ത്യർക്കു തന്നെ അധികാരമുണ്ടെന്നും അന്യരാജ്യങ്ങളിൽപ്പോയി പട്ടമേൽക്കേണ്ടതില്ലെന്നും പ്രസ്താവിക്കുന്ന ഒരു സ്ഥാത്തിക്കോൻ ആഹൂദ് ആബൂയ് വശം ഏൽപ്പിച്ചു. ഇതനുസരിച്ചു വി. ആഹൂദ് ആബൂയ് തന്നെ ആയി ഒന്നാമത്തെ കാതോലിക്കാ. ക്രിസ്താബ്ദം 231-ൽ കാതോലിക്കാ സിംഹാസനം ഇങ്ങനെ പൂർവ്വദേശത്തു സ്ഥാപിതമായി. ക്രിസ്താബ്ദം 325-ൽ, അതായതു ഒരു 94 കൊല്ലം കഴിഞ്ഞതിനുശേഷം കൂടിയ നിഖ്യാസുന്നഹദോസ് യെരുശലേം സ്ഥാത്തിക്കോനെ പ്രബലപ്പെടുത്തി. ഈ സംഭവമാണ് ഹൂദായ കാനോനിൽ സിദ്ധനായ ബാർ എബ്രായ എല്ലാവർക്കും കാണുമാറു 'നിഖ്യാ സുന്നഹദോസിൽ പാസ്സാക്കിയ നിയമങ്ങൾ' എന്ന തലക്കെട്ടിൽ എഴുതിച്ചേർത്തിട്ടുള്ളത്. 'മെക്കോവലഹാൽ' (അന്നു മുതൽക്കു ഇന്നുവരെയും ഇനിയും തുടർന്നും) കാതോലിക്കാ എന്നു കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ അറിയപ്പെടണം.

ഇവിടെ ഒരു കാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ട്. റോമിലേയും അലക്സന്ത്രിയായിലേയും, കുസ്തന്തിനോസ്സ്പോലീസിലേയും അല്ലാ നമ്മുടെ അന്ത്യോക്യായിലേയും പാത്രിയർക്കാ സിംഹാസനങ്ങളുണ്ടാകുന്നതിനു ഒരു 94 വർഷം മുമ്പു തന്നെ പൗരസ്ത്യദേശങ്ങളിൽ ഈ കാതോലിക്കാ സിംഹാസനം ഉണ്ടായി. പ്രിയരെ! ആരെങ്കിലും 'നിങ്ങളുടെ ഈ കാതോലിക്കാ എന്നുണ്ടായി' എന്നു ചോദിച്ചാൽ ഉടനെ പറഞ്ഞേക്കണം 'നിങ്ങളുടെ പാത്രിയർക്കീസ് ഉണ്ടായതിനേക്കാൾ 94 കൊല്ലം മുമ്പ്' എന്ന്.

ഇപ്പോൾ ആബാലവൃദ്ധം ആരോടു ചോദിച്ചാലും പാത്രീയർക്കീസിനെ എല്ലാവരും അറിയും. എന്നാൽ കാതോലിക്കാ എന്ന വാക്ക് സാമാന്യർക്കു സുപരിചിതമല്ല. അതിനും കാരണങ്ങൾ ഉണ്ട്. അതുംകൂടി പറഞ്ഞുകൊണ്ട് പ്രസംഗം അവസാനിപ്പിച്ചു കളയാം. ഇന്നു ഈ മൈക്കിന് പറ്റിയപോലെ ഇടയ്ക്കിടയ്ക്ക് എന്റെ ശബ്ദത്തിനും ചില തകരാറുണ്ടാകുന്നുണ്ട്. എങ്കിലും പരിശുദ്ധ കാതോലിക്കാ സിംഹാസനത്തെക്കുറിച്ചുള്ള യാഥാർത്ഥ്യങ്ങൾ നിങ്ങൾ ഗ്രഹിക്കണമെന്നുള്ള എന്റെ ആഗ്രഹം എന്റെ നെഞ്ചുവേദനയെ നിസ്സാരമാക്കുന്നു. പാത്രിയർക്കീസിനേക്കാൾ 94 വർഷം മൂപ്പുള്ളതാണ് കാതോലിക്കാ. പിന്നെ എന്തുകൊണ്ട് ആ വാക്കു സുപരിചിതമല്ല. കാതോലിക്കാ സിംഹാ

സനം 498-ാം മാണ്ടു വരെ തുടർന്നു. എന്നാൽ അവസാനത്തെ കാതോലിക്കാ നെസ്തോറിയനായതു മുതൽ വളരെക്കാലം കാതോലിക്കാ ഉണ്ടായില്ല. തദവസരത്തിൽ പൗരസ്ത്യർ അന്ത്യോക്യാ പാത്രിയർക്കീസിനെ ഈ വിവരം അറിയിച്ചു. അപ്പോൾ പാത്രിയർക്കീസ് നിഖ്യാ സുന്നഹദോസ് നിശ്ചയപ്രകാരം "നിങ്ങൾ തന്നെ കാതോലിക്കായെ വാഴിക്കുവിൻ' എന്നു കൽപ്പിച്ചല്ലാതെ ഒരു സ്ഥാനിയെ അങ്ങോട്ട് അയക്കുവാനോ അല്ലെങ്കിൽ തഹലൂപ്പാ വഴി വാഴിക്കുവാനോ അല്ല മറുപടി നൽകിയത്. ഇങ്ങിനെ പരസ്ത്യർ 629-ൽ കാതോലിക്കായെ വാഴിച്ചു. പിന്നീടു കുറേക്കാലത്തേക്കു കാതോലിക്കാമാർ ഉണ്ടായില്ല. അതുകൊണ്ടാണ് കാതോലിക്കാമാരുടെ ലിസ്റ്റിൽ ചില കൊല്ലങ്ങളിൽ ആരുടെയും പേരുകൾ കാണാതിരിക്കുന്നത്. പാത്രിയർക്കീസുമാരുടെ ലിസ്റ്റിലും ഇപ്രകാരം ചില വിടവുകൾ എല്ലാം കാണുന്നുണ്ട്. പരിശുദ്ധ കാതോലിക്കാ സിംഹാസനം പാത്രിയർക്കാ സിംഹാസനത്തെ അപേക്ഷിച്ച് കൂടുതൽ കാലം വൈധവ്യത്തിന്നധീനമായി. അതുകൊണ്ട് കാതോലിക്കാ നാമം അധികമായി കേൾപ്പാൻ സാദ്ധ്യമായില്ല. അതാണ് നമുക്ക് ആ നാമം സുപരിചിതമല്ലാതിരിപ്പാൻ കാരണം. എന്നാൽ പാത്രിയർക്കീസ് എന്ന നാമം നമ്മുടെയുള്ളിൽ കൂടുതൽ പതിയുകയും ചെയ്തു. അതു എന്നു മുതൽക്ക് - ഒരു പാലക്കുന്നത്തു മെത്രാച്ചൻ മുതൽക്ക് പാലക്കുന്നത്തു മാത്യൂസ് മാർ അത്തനാസ്യോസ് മെത്രാച്ചൻ അന്ത്യോക്യായിൽ ചെന്നു സ്ഥാനം ഏറ്റു. അന്നുമുതൽ അന്ത്യോ ക്യയുടെ ഭാരമേറിയ ഇരിമ്പുനുകം നമ്മുടെ പേടലിക്കും വീണു. പാത്രിയർക്കീസ് എന്ന നാമം അതോടുകൂടി എല്ലാ പുസ്തകങ്ങളിലും പതിഞ്ഞു. ഇങ്ങനെ ഈ പാത്രിയർക്കീസ് എന്ന പേരു നമുക്കു സുപരിചിതമായി.

പ്രിയരേ, നാം ചരിത്രത്തിലേക്കു ഒന്നു കണ്ണോടിക്കുക. നമ്മുടെ സഭ വിശ്വസിക്കുന്നതായ മൂന്നു സുന്നഹദോസുകളിൽ മലങ്കരസഭയുടെ പ്രതിനിധിയായി ഈ മലങ്കരയിൽ നിന്നു വല്ലവനും പോയിരുന്നുവോ? അതിനെപ്പറ്റി വല്ലവനും അറിവുണ്ടോ? അവർ മലങ്കരസഭയെ സുന്നഹദോസിനു ക്ഷണിച്ചിട്ടുണ്ടോ? ഇല്ല. പിന്നെ, നാം എങ്ങിനെ ആ സുന്നഹദോസുകൾ സ്വീകരിച്ചു. ചരിത്രം പഠിപ്പിച്ചു. നാം അതു വിശ്വസിച്ചു.

ഒരിക്കൽ ഒരു മനുഷ്യൻ തന്റെ മകനു രണ്ടര വയസ്സുള്ളപ്പോൾ സിങ്കപ്പൂർക്കു പോയി. വളരെക്കാലത്തേക്കു അയാളെപ്പറ്റി യാതൊരു വിവരമുണ്ടായില്ല. അയാളുടെ മകന്റെ പരിപാലനം അയാളുടെ അനുജൻ ഏറ്റെടുത്തു. ആ മകൻ അവന്റെ ഇളയപ്പനെ സ്വപിതാവെന്നു ധരിച്ചുപോന്നു. ഏകദേശം 18 വർഷം കഴിഞ്ഞു സിങ്കപ്പൂരിൽ പോയ ആ മനുഷ്യൻ മടങ്ങിയെത്തി. 20 വയസ്സായ തന്റെ മകനോട് 'ഞാനാണു പിതാവ്' എന്നു പറഞ്ഞു. പക്ഷേ 'നിങ്ങളല്ല എന്റെ പിതാവ്, ഇദ്ദേഹമാണ്' എന്ന് ഇളയപ്പനെ ചൂണ്ടിക്കാണിച്ചുകൊണ്ട് മകൻ വിസമ്മതിച്ചപ്പോൾ ഇളയപ്പനും യുവാവിനോട് അയാളുടെ ശരിയായ പിതാവ് സിങ്കപ്പൂരിൽ നിന്നു വന്നവനാണെന്നു പറഞ്ഞു.

പ്രിയരെ, ഈ ഒരു നിലതന്നെയായിരുന്നു നമ്മുടേതും, കുറെക്കാലം മുമ്പ് കാതോലിക്കാ സിംഹാസനം ഉണ്ടായി. പാത്രിയർക്കാ സിംഹാസനം ഉണ്ടാകുന്നതിനും 94 കൊല്ലം മുമ്പ്. അതു കുറേക്കാലമായി ഇല്ലാതിരിക്കയായിരുന്നു. സാക്ഷാൽ പിതാവായി നാം വേറെ ആളെ ഇതേവരെ വിശ്വസിച്ചുപോന്നു - എന്നാൽ ഇപ്പോൾ നമ്മുടെ സാക്ഷാൽ പിതാവ് ആരെന്നു നാം സുവ്യക്തം മനസ്സിലാക്കിക്കഴിഞ്ഞു. നമ്മുടെ പിതാവ് ഇവിടെയുള്ള, ഇവിടെ സ്ഥാപിക്കപ്പെട്ടിരിക്കുന്ന കാതോലിക്കാ സിംഹാസനത്തിൽ വാഴുന്ന ആ പുണ്യദേഹം തന്നെയാണ്.

മാത്യൂസ് മാർ അത്താനാസ്യോസ് ആണ് അന്ത്യോക്യാബന്ധം മലങ്കരയിൽ സ്ഥാപിച്ചത്. അദ്ദേഹത്തിന്റെ ചില 'കുസൃതികൾക്കു' ശേഷം അദ്ദേഹവും പരലോകപ്രാപ്തനായി. കാലങ്ങൾ കഴിഞ്ഞുപോയി. അന്ത്യോക്യയിൽ നിന്നു മുടക്കുകളായ ബ്രഹ്മാസ്ത്രങ്ങൾ തെരുതെരെ മലങ്കരയിൽ ചുഴറ്റിക്കൊണ്ടിരുന്നു. അപ്പോഴായിരുന്നു കർമ്മധീരനും പണ്ഡിതശിരോമണിയുമായ വട്ടശ്ശേരിൽ മാർ ഗീവറുഗീസ് ദീവാന്നാസ്യോസ് തിരുമേനിയുടെ ചങ്കിനു ഒരസ്ത്രം പതിച്ചത്. അദ്ദേഹം ചരിത്രം പഠിച്ച ആളല്ലേ? വട്ടശ്ശേരിൽ തിരുമേനി ചോദിച്ചു. "എന്തിനാണ് എന്നെ മുടക്കിയത്?" എന്ന്. മറുപടിയോ നാം മുടക്കിയിരിക്കുന്നുവെന്നു മാത്രം.

പ്രിയരേ, ഒന്നു ഓർത്തോളിൻ! പാത്രിയർക്കീസിൽ നിന്നു മാത്രമേ പട്ടമേൽക്കുവാൻ നിയമമുള്ളു എന്ന ഭാവേനയും പാത്രിയർക്കീസിന്റെ എല്ലാ അധികാര പ്രമത്തതകൾക്കും വട്ടശശേരിൽ തിരുമേനി വഴങ്ങിക്കൊടുത്തില്ലാ എന്ന നിരാശയും കൊണ്ടുമാണ് പാത്രിയർക്കീസ് 'നാം മുടക്കിയിരിക്കുന്നു'വെന്നു മാത്രം ധൈര്യമായി പറയുവാൻ മുതിർന്നത്. ഈ മണ്ണിൽ നിന്നു മുളച്ചുവന്ന പഴയസെമിനാരി സ്ഥാപകനായ പുലിക്കോട്ടിൽ തിരുമേനിയും പുന്നത്ര, ചേപ്പാട്ട് തിരുമേനിമാരും ഏതു പാത്രിയർക്കീസിൽ നിന്നാണ് പട്ടമേറ്റു മലങ്കര മെത്രാപ്പോലീത്തന്മാരായി വാണത്? തൊഴിയൂർ ഇടവകയുടെ കിടങ്ങൻ മാർ പീലക്സിനോസാണ് അവരെ പട്ടം കെട്ടിയത്. ഇത് ഒന്നും ആ ശീമക്കാരൻ ബാവ മനസ്സിലാക്കിയില്ല. അദ്ദേഹത്തിനും അതു അറിഞ്ഞുംകൂടാ. അദ്ദേഹത്തിന്റെ അനുയായികൾക്കും അതു അറിവുണ്ടായിട്ടും അവർ അതു മറന്നിരിക്കുമോ? ഇല്ല. കാനോനികമായ തിങ്കളാഴ്ചത്തെ നമസ്ക്കാരത്തിൽ അവർ ചൊല്ലുന്നത് എന്താണ്.

'നെക്വൂൻ ഗറുമായ്മെൻ കബറൊ
ദാലോഹൊ യൽദാസ്ബ് സുൽത്തോ
വെൻ മെസ്സ്പ്പാല്ഗനോ എസ്ത്ലെമെൻ
കുശ്ത്തോ വെൻഇസ്സ് ബ്റേയാൻ
പൂലോഗോ അംനെസ്തുർല് ഗീഹാനോ
എസ്സറ്മെ.
'അമ് നെസ്തൂർ ല്ഗീഹാനോ എസ്സറുമെ.' നെസ്തറിയരോടു കൂടി നരകത്തിൽ ഇടപ്പെടട്ടെ. നെസ്തുറിയർക്കു നരകമാണ് കൂലി എന്നു ഈ ഗീതത്തിൽ പറയുന്നു. എന്നാൽ അവരുടെ വിശ്വാസത്തെ സ്വീകരിക്കാതെ അവരുടെ പട്ടത്വത്തെ യാക്കോബായക്കാർ സ്വീകരിക്കുന്നു.

എന്നാൽ പാത്രിയർക്കീസിനു മാത്രമേ മേൽപ്പട്ടം കൊടുപ്പാൻ അധികാരമുള്ളു എന്നും അദ്ദേഹമാണ് പരമാധികാരി യെന്നും പാത്രിയർക്കീസ് ധരിച്ചു. മെത്രാൻപട്ടം ഏൽക്കുവാൻ ശീമയിൽ പോയാൽ മാത്രമേ സാദ്ധ്യമാകയുള്ളുപോലും.!

നെസ്തോറിയരിൽ നിന്ന് പട്ടം ലഭിച്ചിട്ടുള്ള മേൽപ്പട്ടക്കാർ പോലും സഭയിൽ ഉണ്ടായിട്ടുണ്ട്.കഷ്ടം! ഇവയെ സാധൂകരിക്കുന്ന അന്ത്യോക്യാ പാത്രിയർക്കീസു 'തന്നിൽ നിന്നു മാത്രമേ പട്ടമേൽക്കാവൂ' എന്നു

ശഠിക്കുകയും പട്ടമേറ്റവരുടെ മേൽ ഇടതടവില്ലാതെ മുടക്കുകൾ വർഷിക്കുകയും ചെയ്യുന്നു. ഇവയെ നാം സ്വീകരിക്കണം പോലും ! ആ ഭാഗവും നാം വിടുന്നു.

വട്ടശ്ശേരിൽ തിരുമേനിയെ മുടക്കു കല്പിച്ച ആ പാത്രിയർക്കീസ് ആരായിരുന്നു? അദ്ദേഹത്തിന്റെ സ്വഭാവം എന്തായിരുന്നു? അദ്ദേഹം എങ്ങനെ പാത്രിയർക്കീസ് ആയി ? ഇവയെക്കുറിച്ചു വിവരിക്കുവാൻ ഒട്ടും ആഗ്രഹമില്ല. ആരോഗ്യം അതിന് അനുവദിക്കുന്നുമില്ല. എന്നാൽ ഒന്നുമാത്രം നാം ഓർത്തിരിക്കണം. ഗവൺമെന്റ് അധികാരികൾക്കു കൈക്കൂലി കൊടുത്തു സാക്ഷാൽ പാത്രിയർക്കീസിന്റെ ഫർമാൻ പിൻവലിപ്പിച്ചതിനു ശേഷമാണ് ഒരുനാൾ സത്യസഭയെ ത്യജിച്ച് റോമാ സഭയിൽ ചേർന്ന ആ വന്ദ്യദേഹം പരിശുദ്ധ സിംഹാസനത്തിൽ വലിഞ്ഞു കയറിയിരുന്നത് - അതും വിട്ടേക്കട്ടെ?

വട്ടശ്ശേരിൽ തിരുമേനിയെ അന്യായമായി മുടക്കി എന്ന സംഭവം മലങ്കരയെ ആകമാനം വിറകൊള്ളിച്ചു. വിദ്യാസമ്പന്നനും ഭക്തശിരോമണിയുമായ ആ തിരുമേനിയും മറ്റു മെത്രാപ്പോലീത്തന്മാരും ഇടവകക്കാരും കൂടി അന്ത്യോക്യാ പാത്രിയർക്കീസിന്റെ മലങ്കരയോടുള്ള കുതിരകയറ്റം നിർത്തുവാൻ പാത്രിയർക്കീസിനു സമാധികാരമുള്ളതും പാത്രിയർക്കാ സിംഹാസനത്തേക്കാൾ 94 വയസു കൂടുതൽ പ്രായമുള്ളതുമായ കാതോലിക്കാ സിംഹാസനം, മലങ്കരയിൽ പുനഃസ്ഥാപിക്കുവാൻ ഉറച്ചു. മൂന്നു മെത്രാപ്പോലീത്തന്മാർക്കു ഒരു പാത്രിയർക്കീസിനേയോ ഒരു കാതോലിക്കായെയോ വാഴിക്കുവാൻ അധികാരമുണ്ടെന്നും, എന്നാൽ കാതോലിക്കാ ജീവിച്ചിരിക്കുമ്പോൾ പാത്രിയർക്കീസിനെ പട്ടം കെട്ടുന്നതിന് കാതോലിക്കായെയും, പാത്രിയർക്കീസ് ജീവിച്ചിരിക്കുമ്പോൾ കാതോലിക്കായെ പട്ടം കെട്ടുന്നതിന് പാത്രിയർക്കീസിനേയും അന്യോന്യം ക്ഷണിക്കണമെന്നുമുള്ള കാനോൻ നിബന്ധനയനു സരിച്ചു പൗരസ്ത്യരായ നാം സാക്ഷാൽ പാത്രിയർക്കീസായ മാർ അബ്ദൽ മിശിഹാ ബാവായെ ക്ഷണിക്കുകയും,

> *ഇന്ന് ഈ മൈക്കിന് പറ്റിയപോലെ ഇടയ്ക്കിടയ്ക്ക് എന്റെ ശബ്ദത്തിനും ചില തകരാറുണ്ടാകുന്നുണ്ട്. എങ്കിലും പരിശുദ്ധ കാതോലിക്കാ സിംഹാസനത്തെക്കുറിച്ചുള്ള യാഥാർത്ഥ്യങ്ങൾ നിങ്ങൾ ഗ്രഹിക്കണമെന്നുള്ള എന്റെ ആഗ്രഹം എന്റെ നെഞ്ചുവേദനയെ നിസ്സാരമാക്കുന്നു.*

അങ്ങിനെ കാതോലിക്കാ വാഴ്ചയിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം നമുക്കുണ്ടാകുകയും ചെയ്തു. അങ്ങിനെ പാത്രിയർക്കീസിന്റെയും മറ്റു തിരുമേനിമാരുടെയും സഹകരണത്തിൽ കാതോലിക്കാ സിംഹാസനം മലങ്കരയിൽ സ്ഥാപിതമായി. പാത്രിയർക്കാ സിംഹാസനം തന്നെ അന്ത്യോക്യായിൽ നിന്നു മാറ്റി, ഇപ്പോൾ ഹോംസിലായിത്തീർന്നല്ലോ. എഡ്ലേസ്സായിൽ ഉണ്ടായ കാതോലിക്കാ സിംഹാസനവും ഇപ്പോൾ മലങ്കരയിലേക്കു മാറ്റി സ്ഥാപിക്കപ്പെട്ടിരിക്കയാണ്. സ്ലീബാ മാർ ഒസ്താത്തിയോസിനും മാർ യൂലിയോസിനും മാർ അബ്ദൽ മിശിഹാ ബാവ മുടക്കപ്പെട്ട ആളാണെന്നു ഒരേ നിഗമനം ആസ്പദമാക്കിക്കൊണ്ട് മൊഴി കൊടുക്കുവാൻ സാധിച്ചിട്ടില്ലെങ്കിൽ മാർ അബ്ദൽ മിശിഹാ ബാവാ മുടക്കപ്പെട്ട ആളോ അല്ലയോ എന്നു തെളിയിക്കുവാൻ നാമും കരുതുന്നില്ല. എങ്കിലും നിങ്ങൾ ഒന്നും അറിഞ്ഞിരിക്കണം. വിശ്വാസവിപരീതം കൊണ്ടല്ലാതെ ഒരു പാത്രിയർക്കീസിനെ മുടക്കുവാൻ ആർക്കും അധികാരമില്ല. മാർ അബ്ദൽ മിശിഹായുടെ വിശ്വാസവിപരീതം എന്തായിരുന്നുവെന്നു അന്ത്യോക്യാ ഭക്തന്മാർ തെളിയിക്കട്ടെ.

പ്രിയരെ! നാം അധികം പറയുന്നില്ല നമ്മൾ തന്നെയാണ് ഈ പ്രയാസം എല്ലാം വരുത്തിക്കൂട്ടിയത്. ഞാൻ ഒരു ദിവസം മാർ യൂലിയോസ് ബാവായുടെ അടുക്കൽ പോയിരുന്നു. നാമും അദ്ദേഹവും തമ്മിൽ വലിയ അടുപ്പമാണ്. നാം മഞ്ഞനിക്കരക്കു പോയാൽ അദ്ദേഹം നമുക്ക് കാപ്പി തരും. മറ്റാർക്കും കിട്ടിയില്ലെങ്കിലും നമുക്കു കണിശമാ. അദ്ദേഹം ബഥേലിലും വരാറുണ്ട്. നാം അദ്ദേഹത്തോട് ചോദിച്ചു 'ആബൂനേ നിങ്ങളും ഞാനും തമ്മിൽ പട്ടത്വത്തിനു വ്യത്യാസം ഉണ്ടോ? അദ്ദേഹം പറഞ്ഞു അന്ത്യോക്യാ പാത്രിയർക്കീസും കാതോലിക്കായും നടത്തുന്ന പാട്ടംകൊട ശുശ്രൂഷാക്രമം ഒന്നുതന്നെയാണെങ്കിലും നിങ്ങളുടെ പട്ടം ശരിയല്ല! ഞാൻ പറഞ്ഞു ഓ-ഹോ അതു ശരി തന്നെ! ഞാൻ പാത്രിയർക്കീസിൽ നിന്നു പട്ടമേറ്റാൽ ഞാനും നിങ്ങളും തമ്മിൽ പട്ടത്വത്തിൽ വ്യത്യാസമുണ്ടോ? അദ്ദേഹം പറഞ്ഞു ഒട്ടും തന്നെ വ്യത്യാസമില്ല. ഞാൻ ചിരിച്ചുകൊണ്ടു ചോദിച്ചു എന്നാൽ നിങ്ങളെ എന്താണ് ബാവാ

മലങ്കര സഭയുടെ സ്കൂളുകൾ തിരിച്ചുപിടിച്ച പുത്തൻകാവിൽ കൊച്ചുതിരുമേനി

1934 മുതൽ പുത്തൻകാവിൽ കൊച്ചുതിരുമേനി മലങ്കര സഭയുടെ സ്കൂളുകൾക്കായി നടത്തിയ പോരാട്ടം 1963-ൽ കേരള ഹൈക്കോടതി സ്കൂളുകൾ ഓർത്തഡോക്സ് സഭയ്ക്ക് വിട്ടുകൊടുക്കാൻ വിധിച്ചപ്പോഴാണ് അവസാനിച്ചത്. സുപ്രീം കോടതിയിൽ റീത്ത് വിഭാഗം അപ്പിലിന് പോകുവാൻ ശ്രമിച്ചപ്പോൾ ഇരുകക്ഷികളും മദ്ധ്യസ്ഥ തീരുമാനം അംഗീകരിച്ചു. അതിൻപ്രകാരം 11 സ്കൂളുകൾ റീത്തുകാർക്കും 17 സ്കൂളുകൾ ഓർത്തഡോക്സ് സഭയ്ക്കും ലഭിച്ചു. പുത്തൻകാവിൽ കൊച്ചു തിരുമേനി ശക്തിയായി മാർ ഈവാനിയോസിനോട് പൊരുതി 24 സ്കൂളുകൾ ആദ്യമേ തിരിച്ച് പിടിച്ചിരുന്നു. കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂൾ തിരുവല്ല എം.ജി.എം. ഹൈസ്കൂൾ എന്നിവയുടെ മാനേജർ സ്ഥാനം മാർ ഈവാനിയോസിന് കൊടുത്തിരുന്നില്ല. അതുകൊണ്ട് ആ സ്കൂളുകൾക്ക് കേസില്ലായിരുന്നു. തിരിച്ച് കിട്ടിയ എല്ലാ സ്കൂളുകളും ചേർത്താണ് പിന്നീട് കാതോലിക്കേറ്റ് ആൻഡ് എം.ഡി. സ്കൂളുകൾ എന്ന പേരിൽ കോർപ്പറേറ്റ് മാനേജ്മെന്റ് രൂപവൽക്കരിച്ചത്.

എന്നും എന്നെ മെത്രാൻ എന്നും ആളുകൾ വിളിക്കുന്നത്? ആളുകൾ വിളിക്കുന്നതിന് ഞാനാണോ ഉത്തരവാദി എന്നും പറഞ്ഞുംകൊണ്ടു ഒരു പച്ചച്ചിരി പുറത്തു പ്രകാശിപ്പിച്ചു. നമ്മുടെ അറിവില്ലായ്മ ആ പുഞ്ചിരിയിൽ അന്തർലീനമായിരുന്നു. ഏതെങ്കിലും ഒരു ചുമപ്പു വസ്ത്ര ധാരി ശീമയിൽ നിന്നു മലങ്കരയിൽ വന്നാൽ നാം തന്നെ അവരെ വിളിക്കുകയാണ് വാ വാ എന്ന് ഏതൊരു ശീമമെത്രാൻ വന്നാലും വാവാ ആ വാവാ മാർ ഒസ്താത്തിയോസിനും മാർ യൂലിയോസിനും സംബോധനയായി യൂലിയോസ്സ് വാവാ.

നമുക്കുതന്നെ സ്വയാധികാരം ഉണ്ടെന്നും പാത്രിയർക്കാ സിംഹാസനത്തേക്കാൾ പഴക്കംകൂടിയതാണ് വിശുദ്ധ കാതോലിക്കാ സിംഹാസനം എന്നും നാം മനസ്സിലാക്കാതെ ശീമക്കാർ അവരുടെ അധികാരം മലങ്കരയിൽ ചെലുത്താൻ പതുങ്ങി പതുങ്ങി വരുമ്പോൾ നാം അവരെ വാ - വാ എന്നു സംബോധന ചെയ്തു സ്വീകരിക്കുന്നു. അങ്ങനെ ശീമയിലെ മെത്രാൻ മലങ്കരയിൽ വാ-വാ മാർ ആയിത്തീരുന്നു.

ഞാൻ മറ്റൊരു ദിവസം മാർ യൂലിയോസിനോട് ചോദിച്ചു. 'മഞ്ഞനിക്കരെ പഠിപ്പിക്കുന്ന കാനോൻ ഏതാണെന്ന്.' യൂലിയോസിന്റെ മറുപടി ഹൂദായകാനോൻ എന്നായിരുന്നു 'ആബൂനേ അതിൽ കാതോലിക്കായുടെ അധികാരത്തെക്കുറിച്ചു വായിച്ചിട്ടില്ലേ! മറുപടിയില്ല. നിങ്ങളുടെ 18 അക്കം കാനോനിൽ തന്നെ. കാതോലിക്കായുടെ അധികാരത്തെക്കുറിച്ചു വായിച്ചിട്ടില്ലേ? മറുപടി ഇല്ല വെറും ഒരു പച്ചച്ചിരി മാത്രം.

പ്രിയരേ! കണ്ണുണ്ടായിട്ടും അവർ കാണുന്നില്ല ചെവിയുണ്ടായിട്ടും കേൾക്കുന്നില്ല. പാവപ്പെട്ട മലങ്കരജനങ്ങൾ എന്തറിഞ്ഞു! അധികം ഏല്പിക്കപ്പെട്ടവരോടു അധികം ചോദിക്കും. അതിനാൽ കാനോൻ വ്യാഖ്യാനിക്കുന്ന മേൽപ്പട്ടക്കാർ തന്നെ വായിക്കട്ടെ, ചിന്തിക്കട്ടെ,, പിന്നീടു ജനങ്ങളെ പഠിപ്പിക്കട്ടെ!

ഇന്നത്തെ യുവാക്കന്മാരാണു സഭയെ പരിപാലിക്കേണ്ടത്. ഇന്നു സഭയിൽ പ്രവർത്തനം നടത്തുന്നവരിൽ പ്രായം ചെന്നവരും ഒരുപക്ഷേ ഞാനും നാളെയോ മറ്റന്നാളോ മരിച്ചു പോയേക്കാം. അതിനാൽ യുവാക്കന്മാർ സഭാ സ്നേഹികളായി സഭാ സേവനത്തിനു കച്ച കെട്ടണം.



1930 ൽ പുത്തൻകാവിൽ കൊച്ചുതിരുമേനി മെത്രാപ്പോലീത്തായായ ശേഷം ആദ്യമായി കുന്നംകുളത്ത് എത്തിയപ്പോൾ വട്ടശ്ശേരി തിരുമേനിക്കും, പുത്തൻകാവിൽ കൊച്ചുതിരുമേനിക്കും നൽകിയ രാജകീയ സ്വീകരണം (സ്വീകരണത്തിന് അകമ്പടി സേവിച്ച നസ്രാണി വീരന്മാരാണ് ചിത്രത്തിൽ)

എന്റെ പ്രസംഗം ഞാൻ അവസാനിപ്പിക്കുന്നു. വളരെ അധികം പറയണമെന്നു എനിക്കു ആഗ്രഹമുണ്ട്. എന്നാൽ ഒന്നു രണ്ടു കാര്യങ്ങൾ എന്നെ വിഷമപ്പെടുത്തുന്നു. ആ സ്ത്രീയുടെ തലയിൽ ഞാൻ പറയുന്ന ചരിത്രമൊന്നും തന്നെ കയറുന്നില്ല എന്നു തോന്നും താടിയിൽ കയ്യും കുത്തിഇരിക്കുന്ന ആ ഇരുപ്പു കണ്ടാൽ. ഈ ചരിത്രം തുടർന്നാൽ വല്ല പുരുഷനും അപ്രകാരം തന്നെ ഇനി നിന്നേക്കും. രണ്ടാമതായി മൈക്ക് അതിന്റെ ജോലിയും നിർത്തിവച്ചു. എന്റെ നെഞ്ചു വേദനയും വർദ്ധിക്കുന്നു. പ്രിയരെ നാം നാളെ കോട്ടയത്തേക്കു പോകണമെന്നു ആഗ്രഹിക്കുന്നു. നിങ്ങൾ എനിക്കു ചെയ്തു തന്ന സകല സാഹചര്യങ്ങൾക്കും നന്ദി പറഞ്ഞു കൊള്ളുന്നു. അവസാനമായി ഞാൻ പറയുന്നു വട്ടശ്ശേരിൽ തിരുമേനിയുടെ അന്ത്യ മൊഴികൾ നിങ്ങൾ വായിച്ചിരിക്കുമല്ലോ. ആ മൊഴികൾ നിങ്ങളുടെ ഹൃദയങ്ങളിൽ നിന്നും മാഞ്ഞുപോകരുത്. മലങ്കര സഭയുടെ നിലനിൽപ്പിനു നിയോഗിച്ചയച്ച ഒരു പട്ടണമാണ് ഇത്. നമ്മുടെ സഭയോട് ഏതൊരു ശക്തി എതിർത്താലും അതിനെ നേരിടുവാൻ തക്കവണ്ണം നാം ദൈവ ത്തോടു പ്രാർത്ഥിക്കയും ദൈവത്തിൽ ആശ്രയിച്ചു പ്രവർത്തിക്കുകയും വേണം. Child is the father of the man. ഇന്നത്തെ യുവാക്കന്മാരാണു സഭയെ പരിപാലിക്കേണ്ടത്. ഇന്നു സഭയിൽ പ്രവർത്തനം നടത്തുന്നവരിൽ പ്രായം ചെന്നവരും ഒരുപക്ഷേ ഞാനും നാളെയോ മറ്റന്നാളോ മരിച്ചു പോയേക്കാം. അതിനാൽ യുവാക്കന്മാർ സഭാ സ്നേഹികളായി സഭാസേവനത്തിനു കച്ച കെട്ടണം. ഞാൻ മുമ്പു പറഞ്ഞതുപോലെ അന്ത്യോക്യാ സിംഹാസനത്തേക്കാൾ 94 വയസ്സു കൂടുതൽ പ്രായം ഉണ്ട് കാതോലിക്കാ സിംഹാസന ത്തിന്.പാത്രിയർക്കീസിന്റെ സമാധികാരം കാതോലിക്കായ്ക്കും ഉണ്ട്. ഇതാണ് നിഖ്യാ സുന്നഹദോസ് നിശ്ചയം. ഇവയൊന്നും നിങ്ങൾ മറന്നു പോകരുത്.

ഇപ്പോൾ വിശുദ്ധ കാതോലിക്കാ സിംഹാസനത്തിൽ വാഴുന്ന പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയുടെ ആയുരാരോഗ്യത്തിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം. പരിശുദ്ധ കാതോലിക്കാ ബാവാ നീണാൾ വാഴട്ടെ. നമുക്കു പ്രാർത്ഥിക്കാം. ആകാശത്തിലുള്ള ഞങ്ങളുടെ പിതാവേ.....

അവസാനമായി ഞാൻ പറയുന്നു വട്ടശ്ശേരിൽ തിരുമേനിയുടെ അന്ത്യമൊഴികൾ നിങ്ങൾ വായിച്ചിരിക്കുമല്ലോ. ആ മൊഴികൾ നിങ്ങളുടെ ഹൃദയങ്ങളിൽ നിന്നും മാഞ്ഞുപോകരുത്. മലങ്കര സഭയുടെ നിലനിൽപ്പിനു നിയോ ഗിച്ചയച്ച ഒരു പട്ടണമാണ് ഇത്. നമ്മുടെ സഭയോട് ഏതൊരു ശക്തി എതിർത്താലും അതിനെ നേരിടുവാൻ തക്കവണ്ണം നാം ദൈവ ത്തോടു പ്രാർത്ഥിക്കയും ദൈവത്തിൽ ആശ്രയിച്ചു പ്രവർത്തിക്കുകയും വേണം.

പുത്തൻകാവിൽ കൊച്ചുതിരുമേനി, വട്ടശ്ശേരിൽ തിരുമേനി, പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്ക ബാവാ, പാമ്പാടി തിരുമേനി, ജോസഫ് മാർ സേവേറിയോസ് (പിന്നീട് റീത്ത് പ്രസ്ഥാനത്തിൽ ചേർന്നു)

പുത്തൻകാവിൽ കൊച്ചുതിരുമേനി മലങ്കര സഭയുടെ സ്വാതന്ത്ര്യം സംരക്ഷിച്ച പ്രതിഭാശാലി.

പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അരുമ ശിഷ്യനാണ് എ. എം. വർഗ്ഗീസച്ചൻ മരിക്കുവോളം പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ഓർമ്മപെരുന്നാളിന് വരുകയും പുത്തൻകാവ് പള്ളിയിൽ തന്റെ ഗുരുവിനെക്കുറിച്ച് നിരവധി അനുസ്മരണ പ്രസംഗങ്ങൾ അച്ചൻ നടത്തിട്ടുണ്ട്. തിരുമേനിയുടെ ഓർമ്മകൾ നിലനിർത്തുവാൻ ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1997 തിരുമേനിയുടെ ജന്മശതാബ്ദി സമ്മേളനത്തിന്റെ ദീപശിഖപ്രയാണം പറന്തൽ പള്ളിയിൽ എത്തിയപ്പോൾ നിറകണ്ണുകളോടെ അച്ചൻ ചെയ്ത പ്രസംഗം ശ്രദ്ധേയമായിരുന്നു.

ഫാ. എ.എം.വർഗീസ്, പറന്തൽ

പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ പ്രത്യേക ശ്രദ്ധ പതിഞ്ഞത് മലങ്കരസഭയുടെ സ്വാതന്ത്ര്യം സംബന്ധിച്ച് സഭാംഗങ്ങളെ പ്രബുദ്ധരാക്കുന്ന വിഷയത്തിലും സഭയിൽ ആത്മീയ നവോത്ഥാനം ഉളവാക്കുന്ന വിഷയത്തിലും ആയിരുന്നു.

പാത്രിയർക്കിസിനെയും മലങ്കരയിൽ അദ്ദേഹത്തിന്റെ കക്ഷിയേയും പരമാവധി ആദരിച്ചും അംഗീകരിച്ചും അനുരഞ്ജനത്തിന്റെ അനവധി മാർഗ്ഗങ്ങളും ആശയങ്ങളും അദ്ദേഹം അവതരിപ്പിച്ചത് എതിരാളികളിൽപ്പോലും അനുകൂല ചലനങ്ങൾ ഉണ്ടാക്കി. മലങ്കരയിലെ കാതോലിക്ക സിംഹാസനത്തിന്റെ കെട്ടുറപ്പ് അടിസ്ഥാനമാക്കിയ ശബ്ദം ശക്തിമത്തായിരുന്നു. ബഥനിയുടെ നാഥനായി സഭയിൽ സ്ഥാനമുറപ്പിച്ചിരുന്ന മാർ ഇവാനിയോസ് മെത്രാച്ചൻ മാതൃ സഭയെ പരിത്യജിച്ച് കത്തോലിക്കാസഭയെ കെട്ടിപ്പുണർന്ന് റീത്തു പ്രസ്ഥാനം ആരംഭിച്ചപ്പോഴുണ്ടായ ഒഴുക്കിനെതിരായി, സഭാംഗങ്ങളെ സന്നദ്ധമാക്കിയ കൊച്ചു തിരുമേനിയുടെ സമർത്ഥമായ നേതൃത്വം വിവരിക്കുവാൻ വാക്കുകൾ പോരാ. തെക്കു മുതൽ വടക്കുവരെ അങ്ങോളമിങ്ങോളം വിശ്വാസികളെ ഓർത്തഡോക്സ് വിശ്വാസത്തിന്റെ വേലിയ്ക്കുള്ളിൽ പിടിച്ച് നിർത്തിയത് ശക്തവും യുക്തവുമായ ഭാഷ കൊണ്ട് കൊച്ചുതിരുമേനി ചെയ്ത പ്രസംഗ പ്രവാഹങ്ങളായിരുന്നു.

കൊച്ചുതിരുമേനിയെ റീത്തു പ്രസ്ഥാനത്തിലേക്ക് ആകർഷിക്കുവാൻ മാർ ഈവാനിയോസ് വാഗ്ദാനം ചെയ്ത പ്രലോഭങ്ങളെ പ്രതിഭാശാലിയായ കൊച്ചുതിരുമേനി തൃണതുല്യം തൃജിച്ചത് സുവർണ്ണ ലിഖിതമായ ചരിത്രസത്യമായി അവശേഷിക്കുന്നു.

സഭയിൽ സുവിശേഷഘോഷണ ശൈലിയുടെ ശബ്ദം ധ്വനിയ്ക്കുവാൻ തിരുമേനി മുൻകൈയെടുത്തു. മലങ്കരഓർത്തഡോക്സ് സഭയിൽ കൺവൻഷൻ യോഗങ്ങളിൽ പാട്ടുകൾ പാടുവാൻ തിരുമേനിതന്നെ തുനിഞ്ഞ് പാട്ടുകൾ ചൊല്ലികൊടുക്കുകയും എല്ലാവരെയും കൊണ്ട് ഏറ്റുപാടിപ്പിക്കുകയും ചെയ്യുമായിരുന്നു. പ്രധാനദൂതൻ കുഴലൂതീടുമ്പോൾ വിധിയ്ക്കു സിംഹാസനവുമിടുമ്പോൾ എന്നപാട്ടും ഗോകുൽത്തായിലെ കുഞ്ഞാടേ അത്ഭുതമുള്ള കുഞ്ഞാടേ... എന്ന പാട്ടും തിരുമേനി ആലപിക്കുമ്പോൾ സദസ്സ് ആത്മീയ സന്തോഷത്തിൽ ആഹ്ലാദിക്കുമായിരുന്നു. എല്ലാതരത്തിലും ലളിതജീവിതത്തിന്റെ പര്യായമായിരുന്നു തിരുമേനി. ആഹാരകാര്യത്തിൽ പ്രത്യേക നിഷ്ഠകളോ താല്പര്യങ്ങളോ പുലർത്തിയിരുന്നില്ല.

കപ്പയോ, കാച്ചിലോ പുഴുങ്ങിയതും അതിന്റെ കൂടെ കുറേ കഞ്ഞിയും കിട്ടിയിരുന്നാൽ തൃപ്തനായിരുന്നു. കർത്തവ്യനിർവ്വഹണം കാര്യമായി കരുതിയിരുന്ന തിരുമേനി കായികമായി കഷ്ടപ്പെടുമായിരുന്നു. രാവിലെ എഴുന്നേറ്റ് പ്രാർത്ഥിച്ചു കഴിഞ്ഞാൽ അരമനയുടെ ചുറ്റുപാടും വളരുന്ന കുറ്റിക്കാടുകൾ തെളിയ്ക്കുവാൻ വെട്ടുകത്തിയുമായി ഇറങ്ങുമായിരുന്നു.

ഭക്തി പ്രകടനങ്ങൾ ഒട്ടും ഇഷ്ടപ്പെട്ടിരുന്നില്ല. ആരെയെങ്കിലും കാണിക്കുന്നതിനുവേണ്ടിയോ ബോധ്യപ്പെടുത്തുന്നതിന് വേണ്ടിയോ ഉള്ള ഉപവാസമോ പ്രാർത്ഥനയോ ഒന്നും തന്നെ ഇഷ്ടപ്പെട്ടിരുന്നില്ല. എങ്കിലും ഉള്ളിന്റെയുള്ളിൽ ദൈവീക സംസർഗ്ഗത്തിന്റെ ചാലുകൾ തുറന്നുകൊണ്ട് ആരുമറിയാതെയും കാണാതെയും നിശയുടെ നിശബ്ദതയിൽ പ്രാർത്ഥനാ നിരതനാകുന്ന പതിവ് കൊച്ചുതിരുമേനിക്ക് ഉണ്ടായിരുന്നു. രാത്രിയിൽ ഉറങ്ങാൻ കിടക്കുമ്പോൾ ഉരുവിടുന്ന ഒരു വാചകം ഞാൻ പ്രത്യേകം ഓർക്കുന്നു. "എന്റെ തമ്പിരാനേ എന്റെ ജീവൻ തൃക്കരങ്ങളിൽ ഭരമേൽപ്പിക്കുന്നു." കൊച്ചുതിരുമേനിയുടെ സംസാരഭാഷ ശൈലി സരസമായിരുന്നു. ഒരു ഗ്രാമ്യഭാഷ തന്റെ സാധാരണ സംസാരത്തിൽ ഉടനീളം ഒഴുകുമായിരുന്നു. നസ്രായേൻ എന്നതിന് നത്തറായൻ എന്നും ആകാശത്തിന് ആകായമെന്നും മറ്റും അനവധി പ്രയോഗങ്ങൾ ഓർമ്മവരുന്നു.

ഏതു വിഷയവും ഏതു രംഗത്തു വർണ്ണ ഭംഗിയോടും ലാളിത്യത്തോടും കൈകാര്യം ചെയ്യുവാനുള്ള കഴിവ് അപാരമായിരുന്നു. പണ്ഡിത സദസ്സ് ആണെങ്കിൽ മിൽട്ടന്റെയും ഷേക്സ്പിയറിന്റെയും ഉദ്ധരണികൾ പറയുമ്പോൾ ഇംഗ്ലീഷ് സാഹിത്യം അറിയാവുന്നവരെ അത്ഭുതപ്പെടുത്തുമായിരുന്നു.

തിരുമേനിയുടെ അരമനകളും അവയിലെ സുഖസൗകര്യങ്ങളും നോക്കുമ്പോൾ കൊച്ചുതിരുമേനിയുടെ ലളിത ജീവിതം വ്യക്തമാക്കുന്ന ചില വസ്തുതകൾക്കൂടി പറയട്ടെ. താമസിക്കുവാൻ തരപ്പെടുന്ന ഇടങ്ങളിൽ താല്കാലിക ഷെഡ്ഡുകളും കുടിലുകളും കെട്ടി താമസിക്കുവാൻ തിരുമേനി ഒരുക്കമുള്ളവനായിരുന്നു. കട്ടിൽ കിട്ടാത്ത പക്ഷം വെറും തറയിൽ കിടക്കവിരിക്കുന്ന മെത്രാപ്പോലീത്തയായിരുന്ന പുത്തൻകാവിൽ കൊച്ചുതിരുമേനി.

> കൊച്ചുതിരുമേനിയെ റീത്തു പ്രസ്ഥാനത്തിലേക്ക് ആകർഷിക്കുവാൻ മാർ ഈവാനിയോസ് വാഗ്ദാനം ചെയ്ത പ്രലോഭങ്ങളെ പ്രതിഭാശാലിയായ കൊച്ചുതിരുമേനി തൃണതുല്യം തൃജിച്ചത് സുവർണ്ണ ലിഖിതമായ ചരിത്രസത്യമായി അവശേഷിക്കുന്നു.

പറന്തൽ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി

മാക്കാംകുന്നിൽ കൊച്ചുതിരുമേനി താമസിക്കുന്ന കാലയളവിൽ കോളേജുകാര്യത്തിനുവേണ്ടി കൂടെക്കൂടെ തിരുവനന്തപുരത്തേക്ക് യാത്ര ചെയ്തിരുന്നത് പന്തളത്തുവന്ന് മെയിൻ സെൻട്രൽ റോഡുവഴിയായിരുന്നു. ആ യാത്രയിൽ പറന്തലിൽ എം. സി. റോഡിനടുത്ത് ജീർണ്ണതയിലായിരുന്ന മരക്കുരിശിൽ തൊട്ടിയും തൊട്ടടുത്ത് നിരന്നുപരന്ന ഒരു ചെറുകുന്നിൽ ചരുവിലെ ഓലമേഞ്ഞതും മൺഭിത്തിയോടുകൂടിയതുമായ കൊച്ചുപള്ളിയും തന്റെ ദൃഷ്ടിയിൽപ്പെട്ടു. ആൾപാർപ്പില്ലാത്ത ഇടമെങ്കിലും അരുമയായ കുളിർക്കാറ്റും പ്രകൃതി സൗന്ദര്യം നിറഞ്ഞ സ്ഥലവും പരിസരവും തിരുമേനിയെ ആകർഷിച്ചു. പല പ്രാവശ്യം അതിലേക്കൂടെ കടന്നു പോയെങ്കിലും കൊച്ചുപള്ളിയെപ്പറ്റി അന്വേഷിക്കാൻ ആളെ തരത്തിന് കണ്ടു കിട്ടിയില്ല. അങ്ങനെയിരിക്കെ ഒരു ദിവസം യാത്രാവേളയിൽ അതുവഴി പോകുമ്പോൾ അപ്രതീക്ഷിതമായി അഞ്ചാറു പേരെ ഒരുമിച്ച് ആ കുരിശിൻ ചുവട്ടിൽ കണ്ട് തിരുമേനി ഇറങ്ങി.

ഒരു പ്രമുഖ ഹിന്ദു കുടുംബത്തിൽപെട്ട ശ്രീമാൻ കൃഷ്ണ പിള്ളയുമായി സഹകരിച്ച് പറന്തലിൽ ഒരു ചന്ത സ്ഥാപിച്ചെടുക്കാൻ തിരുമേനിക്ക് സാധിച്ചു. പറന്തൽ സെന്റ് ജോർജ് അരമനപള്ളിയുടെ അനസ്യൂതമായ ആത്മീയ വളർച്ചയിലും വികസനത്തിലും കൊച്ചു തിരുമേനിയുടെ പങ്കും പ്രാർത്ഥനയും സ്മരിച്ചുകൊണ്ട് ആ പുണ്യപിതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്നു.

തിരുമേനിമാരെ കാണുന്നത് ദൈവദർശനത്തിനു തുല്യമായി കരുതിയിരുന്ന ആ കാലത്ത് അവിടെ പ്രത്യക്ഷപ്പെട്ട തിരുമേനിയെ കണ്ട് ആദരവോടെ അവർ അടുത്തു ചെന്ന് കൈമുത്തി.

പള്ളിയുടെ ശോചനീയാവസ്ഥയെപ്പറ്റിയും തവണകൾ നടക്കുന്നതിനെപ്പറ്റിയും മറ്റും തിരുമേനി തിരക്കി. ആണ്ടിൽ ഒന്നോരണ്ടോ തവണകളെ നടക്കാറുള്ളുവെന്നും കുറച്ചു വീട്ടുകാരേയുള്ളുവെന്നും സാമ്പത്തിക വിഷമം നിമിത്തം പള്ളി ഒന്നു പുതുക്കുവാനോ കൂടുതൽ തവണകൾ ക്രമീകരിക്കുവാനോ കഴിവില്ലാതെ അടിയങ്ങൾ കുഴയുകയാണെന്നും അവർ അറിയിച്ചു. മന്ദസ്മിതത്തോടെ തിരുമേനി പറഞ്ഞു സഭയുടെ പേരിൽ പള്ളിയും സ്വത്തും എഴുതികൊടുത്താൽ എല്ലാം പുത്തനാക്കാമെന്നും ആലോചിച്ച് അധികം താമസിക്കാതെ അറിയിക്കണമെന്നും കല്പിച്ച തിരുമേനി കാറിൽ കയറുവാൻ തുടങ്ങിയപ്പോൾ അവർ പറഞ്ഞു. തിരുമേനി ഞങ്ങൾ പൂർണ്ണമായും സമ്മതിച്ചിരിക്കുന്നു.

പറന്തൽ പള്ളിയിലെ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ സ്മാരകമുറി

ബന്ധപ്പെട്ട അവകാശികൾ പിന്നെ ഒട്ടും താമസിച്ചില്ല സഭയുടെ പേരിൽ പള്ളി വിട്ടു കൊടുക്കാൻ. പറന്തൽ പുല്ലാഞ്ഞികുന്നിന്റെ ഉച്ചിയിൽ നിന്നിരുന്ന കൊച്ചുപള്ളി പുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ ഉപദേശപ്രകാരം വിട്ടു കൊടുത്തു. അതിനു ശേഷം പറന്തൽ പള്ളി പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ പ്രാർത്ഥനയും പ്രവർത്തനവും കൊണ്ട് അനുഗ്രഹിക്കപ്പെട്ടു. പുത്തൻകാവിൽ കൊച്ചുതിരുമേനിയെന്ന ഭാഗ്യനക്ഷത്രം പറന്തലിലെ കൊച്ചു കുന്നിൽ പ്രദേശത്ത് അന്ന് ഉദിച്ചില്ലായിരുന്നെങ്കിൽ പറന്തൽ പള്ളിയുടെ ഇന്നത്തെ സുവർണ്ണാവസ്ഥ ഉണ്ടാകുകയില്ലായിരുന്നു. പുത്തൻകാവിൽ കൊച്ചുതിരുമേനി സെന്റ് ജോർജ്ജ് ഹിൽ, അടൂർ എന്ന പേരിൽ 20 സെന്റ് സ്ഥലം വാങ്ങി അരമന കെട്ടിടം സ്ഥാപിച്ചു. തിരുമേനി ഇവിടെ താമസിച്ചുകൊണ്ടു തന്നെ ഓതറ, ബഥേൽ, മാക്കാംകുന്ന് എന്നിവിടങ്ങളിലെ ഭരണചുമതലയും നോക്കിവന്നു. ജാതിമത വ്യത്യാസമില്ലാതെ ഏവരേയും തിരുമേനി സ്നേഹിച്ചിരുന്നു.

പുത്തൻകാവിൽ കൊച്ചുതിരുമേനിയെന്ന ഭാഗ്യനക്ഷത്രം പറന്തലിലെ കൊച്ചു കുന്നിൽ പ്രദേശത്ത് അന്ന് ഉദിച്ചില്ലായിരുന്നെങ്കിൽ പറന്തൽ പള്ളിയുടെ ഇന്നത്തെ സുവർണ്ണാവസ്ഥ ഉണ്ടാകുകയില്ലായിരുന്നു.

സ്വാതന്ത്ര്യത്തിന്റെ പോരാളി: പുത്തൻകാവിൽ കൊച്ചുതിരുമേനി

ഫാ. തോമസ് വർഗ്ഗീസ് അമയിൽ
(ഓർത്തഡോക്സ് വൈദിക സെക്രട്ടറി&
വൈദിക സെമിനാരി അദ്ധ്യാപകൻ)

കാതോലിക്കേറ്റ് രത്നദീപം പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ജീവിതവും ദർശനവും സഭാചരിത്രവിജ്ഞാനീയത്തിലെ ആവേശോജ്ജ്വലമായ അദ്ധ്യായമാണ്. സഭയുടെ ദശാസന്ധി മുഹൂർത്തങ്ങളിൽ ദൈവം സഭയ്ക്ക് ദാനമായി നൽകിയ പോരാളി എന്നനിലയിൽ ആണ് പുത്തൻകാവിൽ തിരുമേനിയുടെ നിയോഗങ്ങൾക്ക് പ്രസക്തി വർദ്ധിക്കുന്നത്. നസ്രാണി സംസ്കാരത്തിന്റെ ഈറ്റില്ലമായ പുത്തൻകാവിന്റെ ഗന്ധവും, പൗരോഹിത്യ പാരമ്പര്യമുള്ള കിഴക്കേതലയ്ക്കൽ കുടുംബത്തിന്റെ ജന്മപൈതൃകവും കൂടി ചേരുമ്പോൾ സ്വാതന്ത്ര്യബോധമുള്ള ഒരു സഭയുടെ സ്വത്വാവബോധത്തിന്റെ പോരാളിയായി പുത്തൻകാവിൽ തിരുമേനി മാറ്റപ്പെട്ടതിൽ അത്ഭുതപ്പെടാനില്ല. ദർശനവും, നിശ്ചയദാർഢ്യവും, സമർപ്പണവും ആണ് ഉത്തമനായ പോരാളിയുടെ അടിസ്ഥാന വിജയപ്രമാണങ്ങൾ. ഇവ ശരിയായി സമ്മേളിക്കുന്ന അപൂർവ്വപ്രതിഭാസങ്ങൾ ചിലപ്പോഴൊക്കെ സമൂഹത്തിൽ പിറവി എടുക്കാറുണ്ട്. അപ്രകാരം മലങ്കരസഭയുടെ ചരിത്രത്തിൽ രത്നശോഭയോടെ വിരാജിച്ച പുത്തൻകാവിൽ തിരുമേനിയുടെ പോരാട്ടങ്ങൾക്കും, ദർശനങ്ങൾക്കും അമരത്വമുണ്ട്.

പുത്തൻകാവിൽ തിരുമേനിയെ കരുത്തുറ്റ പോരാളിയായി മാറ്റുന്നത് സംഘർഷഭരിതമായ സഭാചരിത്ര പശ്ചാത്തലമാണ്. റോമൻ കൊളോണിയൻ അജണ്ടായും, ആംഗ്ലിക്കൻ നവീകരണ അജണ്ടായും, സി. പി.യുടെ മർക്കടമുഷ്ടിയുമൊക്കെ കൂടിചേർന്ന വല്ലാത്ത കാലത്തിൽ മാർത്തോമ്മായുടെ പൈതൃകങ്ങളുടെ കാവൽക്കാരൻ ആയി സ്വയം സമർപ്പിച്ച് പോരാട്ടം ആരംഭിക്കുമ്പോൾ ആയുസ്സിന്റെ ദൈർഘ്യം തിരുമേനിക്ക് പ്രശ്നമായിരുന്നില്ല. മേൽപ്പട്ടക്കാരുടെ പരമ്പരാഗത ശൈലിയിൽ അദ്ദേഹം ഒതുങ്ങിനിന്നിരുന്നു എങ്കിൽ നല്ല പ്രായത്തിൽ വിടവാങ്ങിയ മെത്രാപ്പോലീത്തായെ പറ്റിയുള്ള വിലാപങ്ങൾ ഒഴിവാക്കാമായിരുന്നു.

എന്തിനും, ഏതിനും ഒത്തുതീർപ്പുകൾക്ക് തയ്യാറാകുന്ന ലോകത്തിൽ തന്റെ കാഴ്ചപ്പാടുകൾക്കും ദർശനങ്ങളും വിസ്മരിച്ച് കീഴടങ്ങാൻ തയ്യാറാകാത്ത പോരാളിയുടെ മനസ്സായിരുന്നു പുത്തൻകാവിൽ കൊച്ചുതിരുമേനിയുടേത്. കൊളോണിയൽ സംസ്കാരം മനുഷ്യന്റെ സ്വാതന്ത്ര്യബോധത്തെ ചോദ്യം ചെയ്യുകയും, അപരന്റെ താളത്തിനൊത്ത് തുള്ളുന്ന കളിപ്പാവകൾ പോലെ ഒരു ജനതയുടെ സംസ്കാരവും അഭിലാഷവും തരംതാഴ്ത്തുകയും ചെയ്യുവാനാണ് ശ്രമിച്ചിട്ടുള്ളത്. “പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം” എന്ന കവിവാക്യം ഒരു സാധാരണ ഭാരതീയന്റെ മനോവികാരങ്ങളെയാണ് പ്രതിഫലിപ്പിക്കുന്നത്. മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ ഭാരതസഭയും എക്കാലവും പടപൊരുതിയത് ആർത്തിപൂണ്ട കൊളോണിയൻ അധിനിവേശങ്ങളോട് ആണ്. ചിലപ്പോഴൊക്കെ മലങ്കരസഭയെ കൊളോണിയൻ ശക്തികളെ അഭയം പ്രാപിച്ചവർ എന്ന ആക്ഷേപം ചില കോണുകൾ ഉയർത്തുന്നുണ്ടെങ്കിലും മലങ്കര നസ്രാണികളുടെ പൊതുസ്വഭാവവും രീതികളും വൈദേശിക കടന്നുകയറ്റങ്ങളെ സ്വീകരിക്കുക ആയിരുന്നില്ല എന്നതിന് ചരിത്രം സാക്ഷി. കൂനൻ കുരിശ് സത്യം പോലുള്ള നിരവധി ഉജ്ജ്വല മുഹൂർത്തങ്ങളെ നമുക്കുയർത്തിക്കാണിക്കാനുണ്ട്. ഇത്തരം ചെറുത്തുനിൽപ്പ് സഭയ്ക്ക് സാധ്യമാക്കിയ ഉത്തമനായ പോരാളിയും ചരിത്രം ആരെങ്കിലും മറന്നുപോയെങ്കിൽ അത് ഓർമ്മപ്പെടുത്തുന്ന കർമ്മയോഗിയായിരുന്നു പുത്തൻകാവിൽ തിരുമേനിയുടേത്.

കീറിതുന്നിയ ചുവന്നകുപ്പായവും, മണ്ണിൽ പണിയെടുത്ത് തഴമ്പ് പിടിച്ച കൈകാലുകളും കോറിയിടുന്നത് കരുത്തുറ്റ പോരാളിയുടെ ചിത്രമാണ്. മലങ്കര സഭയുടെ കൺവെൻഷൻ വേദികളിൽ ഉയർന്നുപൊങ്ങിയ പുത്തൻകാവിൽ തിരുമേനിയുടെ ശബ്ദം ഒരു പോരാളിയുടേത് ആയിരുന്നു. വെളുപ്പ് നിറത്തോട് മലങ്കരസഭാ മക്കൾക്ക് ഉണ്ടായിരുന്ന അഭിനിവേശത്തെ പൊളിച്ചെഴുതിയ തിരുമേനി മലങ്കരയെ തന്റെ ശബ്ദ ഗാംഭീര്യം കൊണ്ട് ത്രസിപ്പിച്ചു. പ്രവാചകത്വം ബലികഴിക്കപ്പെട്ട് സകലത്തോടും പൊരുത്തപ്പെട്ട് നിർവ്വഹിക്കപ്പെടേണ്ട ട്രാജഡി-കോമഡി കോമ്പിനേഷൻ ആണ് പ്രസംഗം എന്ന ചിലരുടെ ചിന്തകൾക്ക് തിരുത്തലായി പുത്തൻകാവിൽ തിരുമേനിയുടെ പ്രബോധന രീതി ശാസ്ത്രം ഇന്നും നിറഞ്ഞുനിൽക്കുന്നു. പ്രലോഭനങ്ങളുടെയും ഭീഷണികളുടെയും നടുവിൽ എന്തുചെയ്യണമെന്നറിയാതെ വിഷമിച്ച മലങ്കരയുടെ മക്കളെ വിശ്വാസത്തിൽ ഉറപ്പിക്കുവാൻ അവസാനശ്വാസം വരെ പ്രൗഢമായി ഉയർന്നുപൊങ്ങിയ തിരുമേനിയുടെ ശബ്ദത്തിന് കഴിഞ്ഞിരുന്നു. കടുത്ത നെഞ്ചുവേദനയോടെ പോരാടിയാണ് ആ പോരാളി തന്റെ ജീവിതം അവസാനിപ്പിച്ചത്. അധികാരവും പദവികളും സംരക്ഷിക്കുവാൻ നിശബ്ദത വ്യതമായി സ്വീകരിക്കുന്നവരെ നമ്മുക്ക് പരിചയമുണ്ടാകാം. എന്നാൽ ബോധ്യങ്ങൾക്കുവേണ്ടി നിലകൊള്ളുവാനും, ശബ്ദിക്കുവാനും കഴിയുന്ന പോരാളികൾ പുത്തൻകാവിൽ തിരുമേനിയെപ്പോലെ വിരളമാണ്.

ഉത്തരകൊളോണിയൽ വായന (post-colonial reading) ഇന്ന് വളരെ പ്രചാരമാർജ്ജിക്കുന്ന ശാഖയാണ്. കൊളോണിയൽ അധിനിവേശങ്ങൾ രചിച്ച ചരിത്രത്തിന്റെ അനീതികൾക്ക് എതിരെ അടിച്ചമർത്തപ്പെട്ടവന്റെ ശബ്ദം, അവന്റെ ഭാഗത്തുനിന്നുള്ള വായനയുമാണ് ഉത്തര കൊളോണിയൽ വായനയുടെ അന്ത:സത്ത. ഈ ശാഖ പ്രബലമാക്കുന്നതിനുമുമ്പ് മലങ്കരസഭാ ചരിത്രത്തിൽ ഇത്തരം വായനകൾ നടത്തുകയും, വ്യാഖ്യാനിക്കയും ചെയ്ത സ്വാതന്ത്ര്യത്തിന്റെ പോരാളിയാണ് പുത്തൻകാവിൽ കൊച്ചു തിരുമേനി.

വിദ്യാഭ്യാസത്തിന്റെ വിമോചനാത്മകത പൗലോ കൊയ്‌ലോയെപ്പോലുള്ള ചിന്തകന്മാർ ലോകത്തിന് പരിചയപ്പെടുത്തിയതാണ്. എന്നാൽ കാലങ്ങൾക്ക് മുമ്പേ വിദ്യാഭ്യാസത്തിന്റെ വിമോചനാത്മകത തിരിച്ചറിഞ്ഞ തിരുമേനി മലങ്കരസഭയിൽ നൂതനമായ വിദ്യാഭ്യാസ വിപ്ലവത്തിന് വേഗത വർദ്ധിപ്പിച്ചു. മലങ്കരയുടെ മക്കൾക്ക് വിദ്യയുടെ വെളിച്ചം ഉണ്ടായാൽ മാത്രമേ അനിവാര്യമായ സ്വാതന്ത്ര്യത്തെപ്പറ്റി അവർ ബോധവാന്മാർ ആകു എന്ന ആപ്തവാക്യം ആണ് തിരുമേനി മുറുകെപിടിച്ചത്. വിദ്യയുടെ ആർജ്ജനം മാത്രമേ ഒരു ജനതയെ വിമോചനത്തിലേക്ക് നയിക്കൂ എന്നചിന്ത തിരുമേനിയുടെ ദർശനങ്ങളുടെ ഭാഗമാണ്. മിടുക്കന്മാരെ പഠിപ്പിച്ച് കൂടുതൽ മിടുക്കന്മാർ ആക്കുന്ന പുതിയ ശൈലികൾക്ക് തിരുത്തൽ ആണ് തിരുമേനിയുടെ വിദ്യാഭ്യാസ പോരാട്ടങ്ങൾ.

എന്തിനും, ഏതിനും ഒത്തുതീർപ്പുകൾക്ക് തയ്യാറാകുന്ന ലോകത്തിൽ തന്റെ കാഴ്ചപ്പാടുകൾക്കും ദർശനങ്ങളും വിസ്മരിച്ച് കീഴടങ്ങാൻ തയ്യാറാകാത്ത പോരാളിയുടെ മനസ്സായിരുന്നു പുത്തൻകാവിൽ കൊച്ചു തിരുമേനിയുടേത്.

അധികാര വികേന്ദ്രീകരണം ഏറെ പരിചിതമായ പദമാണ്. കാലങ്ങൾക്ക് മുമ്പേ മലങ്കരയിൽ അധികാര വികേന്ദ്രീകരണത്തിന്റെ ഉത്തമമായ മാതൃകകൾ സൃഷ്ടിച്ച പോരാളിയാണ് പുത്തൻകാവിൽ തിരുമേനി. തുമ്പമൺ മെത്രാസനത്തെ പല ഡിസ്ട്രിക്റ്റുകളായി തിരിച്ചുള്ള തിരുമേനിയുടെ ഭരണ ശൈലി അധികാര വികേന്ദ്രീകരണത്തിന്റെ ഉത്തമ ശൈലിയാണ്.

പോരാളി ധീരമായ പടക്കളത്തിൽ മരിച്ചാലും വീരസ്വർഗ്ഗം ലഭിക്കും എന്നാണ് ആർഷഭാരത വിശ്വാസം. നീതിമാന്മാർക്ക് സ്വർഗ്ഗത്തിലെ നക്ഷത്രങ്ങളുടെ ശോഭയുണ്ടെന്നാണ് ക്രൈസ്തവ വിശ്വാസം. വിശ്വാസവും ദർശനവും ബോധ്യവും പണയം വയ്ക്കാതെ പോരാടിയ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ഓർമ്മകളുടെ രജത ശോഭ നമുക്ക് മാർഗ്ഗദീപമാണ്.

അഭിവന്ദ്യ.ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്താ

ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്തായും പുത്തൻകാവിൽ കൊച്ചുതിരുമേനിയും

1947 സെപ്റ്റംബർ 1-ാം തീയതി ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്താ (മാറേട്ട് കൊച്ചുതിരുമേനി) കാലം ചെയതപ്പോൾ മാർത്തോമ്മാ സഭയിലെ രണ്ടു കൊച്ചു മെത്രാപ്പോലീത്തമാരും സ്ഥലത്തില്ലായിരുന്നു. മരണവാർത്ത കേട്ടയുടനെ തന്നെ പുത്തൻകാവിൽ കൊച്ചുതിരുമേനി സ്ഥലത്തെത്തുകയും, കബറടക്ക ശുശ്രൂഷയുടെ ആദ്യഭാഗം നിർവ്വഹിക്കുകയും ചെയ്തു. ഇത് പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ക്രൈസ്തവ സ്നേഹത്തിന്റെ ഉത്തമ ഉദാഹരണമാണ്.

പുത്തൻകാവിൽ കൊച്ചുതിരുമേനി

മലങ്കരസഭയുടെ കാവൽഭടൻ

പുത്തൻകാവിന്റെ ദിവ്യതേജസ് പുത്തൻകാവിൽ കൊച്ചുതിരുമേനി അന്ത്യവിശ്രമം കൊള്ളുന്ന പുണ്യഭൂമിയിൽ പാദം കുത്തുമ്പോൾ തന്നെ ആ ദൈവികാനുഗ്രഹം മനസ്സിൽ നിറയുന്നു. കബറിങ്കൽ സ്ഥാപിച്ചിരിക്കുന്ന തിരുമേനിയുടെ ചിത്രത്തിലേക്ക് സൂക്ഷിച്ചു നോക്കുമ്പോൾ ജീവനോടെ സംസാരിക്കുന്നതായി അനുഭവപ്പെടും. അനേകർക്ക് അഭയമായ, കണ്ണുനീർ ഒപ്പുന്ന അനുഗ്രഹത്തിന്റെ ഉറവയാണ് ആ കബറിടം.

ഫാ. മത്തായി കുന്നിൽ
(പുത്തൻകാവ് കത്തീഡ്രൽ
മുൻ വികാരി)

മലങ്കര സഭയുടെ കതോലിക്കേറ്റിന്റെ അടിസ്ഥാനം ഉറപ്പിക്കാൻ ഓരോ നിമിഷവും പുത്തൻകാവിൽ കൊച്ചുതിരുമേനി അക്ഷീണം പ്രവർത്തിച്ചു. അദ്ദേഹത്തെ കാതോലിക്കേറ്റിന്റെ വക്താവ് എന്ന് വിശേഷിപ്പിച്ചിരുന്നു. സഭാമക്കളുടെ മനസ്സിൽ ഒളിമങ്ങാതെ നിൽക്കാൻ തിരുമേനിക്ക് കഴിഞ്ഞു. ത്യാഗോജ്ജ്വലമായ ജീവിത ശൈലി ഉള്ളതിനാൽ അപൂർവ്വമായ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു.

കാറും കോളും നിറഞ്ഞ അന്തരീക്ഷത്തിൽ സഭാ നൗകയെ നയിച്ച് 1951 ഏപ്രിൽ 17-ാം തീയതി കുന്നംകുളത്ത് മരുത്തംകോട് ചാപ്പലിൽ വെച്ച് കാലംചെയ്ത പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ജീവിതം സഭാമക്കൾക്ക് മാതൃകയാണ്. പരിശുദ്ധ സഭ പരിശുദ്ധനായി പ്രഖ്യാപിച്ചിട്ടില്ല എങ്കിൽ തന്നെയും പരിശുദ്ധ തിരുമേനിയുടെ മദ്ധ്യസ്ഥത മൂലം അനേകർക്ക് അനുഗ്രഹങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. ഈ പുണ്യവാന്റെ കബറിങ്കൽ വന്ന് അനുഗ്രഹം പ്രാപിക്കുന്നവരുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അനേക സാക്ഷ്യങ്ങൾ വെളിപ്പെടുത്തുവാൻ ഉണ്ട്. പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രൽ ഇടവകയുടെ ഒരു എളിയ ചുമതലക്കാരനായി പ്രവർത്തിക്കുവാൻ കഴിഞ്ഞ മൂന്നുവർഷകാലം ദൈവം തന്ന വലിയ അനുഗ്രഹത്തിനായി ദൈവത്തെ സ്തുതിക്കുന്നു. ഈ ശുശ്രൂഷ കാലയളവിൽ അനേക അനുഗ്രഹ സാക്ഷ്യങ്ങൾ കേൾക്കുവാനും കാണുവാനുമുള്ള മഹാഭാഗ്യം ലഭിച്ചിട്ടുണ്ട്. ബലഹീനനായ എന്റെ ജീവിതത്തിലും ആ വലിയ അനുഗ്രഹം പ്രാപിക്കുവാൻ കഴിഞ്ഞു.

ആ പുണ്യ പിതാവിന്റെ നാമം കൂടുതൽ അനന്തര തലമുറക്ക് അനുഭവവേദ്യമാക്കുവാൻ പരിശുദ്ധ സഭയായി കാതോലിക്കേറ്റ് രത്നദീപം എന്ന അതുല്യനാമം ചാർത്തിയപ്പോൾ മറ്റുള്ളവർ ഒപ്പം പ്രവർത്തിക്കുവാൻ ലഭിച്ച അവസരത്തിന് ദൈവസന്നിധിയിൽ ശിരസ്സ് നമിക്കുന്നു.

പുത്തൻകാവിന്റെ ദിവ്യതേജസ് പുത്തൻകാവിൽ കൊച്ചുതിരുമേനി അന്ത്യവിശ്രമം കൊള്ളുന്ന പുണ്യഭൂമിയിൽ പാദം കുത്തുമ്പോൾ തന്നെ ആ ദൈവികാനുഗ്രഹം മനസ്സിൽ നിറയുന്നു. കബറിങ്കൽ സ്ഥാപിച്ചിരിക്കുന്ന തിരുമേനിയുടെ ചിത്രത്തിലേക്ക് സൂക്ഷിച്ചു നോക്കുമ്പോൾ ജീവനോടെ സംസാരിക്കുന്നതായി അനുഭവപ്പെടും. അനേകർക്ക് അഭയമായ കണ്ണുനീർ ഒപ്പുന്ന അനുഗ്രഹത്തിന്റെ ഉറവയാണ് ആ കബറിടം.

കൊച്ചുതിരുമേനിയുടെ കർമ്മഭൂമിയായിരുന്ന ചെങ്ങന്നൂർ ബഥേൽ അരമന പള്ളിയുടെ വികാരിയായി പ്രവർത്തിക്കുമ്പോൾ വളരെയധികം സ്വർഗ്ഗീയ ആനന്ദം ഹൃദയത്തിൽ നിറയുന്നു. ബഥേൽ ദേവാലയത്തിന്റെ തെക്കേഭിത്തിയിൽ പുണ്യ പിതാവിന്റെ അംശവസ്ത്രം വളരെ പവിത്രമായി ഗ്ലാസ് പേടകത്തിൽ സൂക്ഷിച്ചിരിക്കുന്നിടത്തേക്ക് നോക്കുമ്പോഴും കൊച്ചുതിരുമേനിയുടെ സജീവ സാന്നിധ്യം എന്നിൽ നിറയുന്നു. പുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ മദ്ധ്യസ്ഥത ഏവർക്കും അനുഗ്രഹമായിത്തീരട്ടെ.

അപേക്ഷകൾ തിരസ്ക്കരിക്കാത്ത പുത്തൻകാവിൽ കൊച്ചുതിരുമേനി

എന്റെ കുടുംബ ജീവിതവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രത്യേക തീരുമാനങ്ങൾ എടുക്കുന്നതിന് മുമ്പായി ഞങ്ങൾ കുടുംബമായി കൊച്ചുതിരുമേനിയുടെ കബറിങ്കൽ പോകും. കബറിന് സമീപം ഇരുന്ന് ഞങ്ങൾ ആ വിഷയം സംസാരിക്കും. നാളിതുവരെ തീരുമാനമുണ്ടാകാത്ത ഒരു വിഷയം ഞങ്ങളുടെ ജീവിതത്തിൽ ഉണ്ടായിട്ടില്ല.

ബേബി ചാൾസ്
(റിട്ട. എസ്.പി, കേരളാപോലീസ്)
(ചെങ്ങന്നൂർ സെന്റ് ആൻഡ്രൂസ് സി. എസ്. ഐ പള്ളി ഇടവകാംഗം)

ഞാൻ എങ്ങനെയാണ് പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ഭക്തനായി തീർന്നതെന്ന് പറയണമെങ്കിൽ എന്റെ ബാല്യകാലം മുതലുള്ള ചില അനുഭവ ങ്ങൾ പറയേണ്ടി വരും.
എനിക്ക് എട്ട് വയസ്സ് പ്രായമുണ്ടായിരുന്ന കാലത്ത് എന്റെ വല്യമ്മച്ചിയുടെ (അമ്മയുടെ അമ്മ) കൈയ്യിൽ തൂങ്ങി ഞാൻ പുത്തൻകാവിൽ പള്ളിയിലേക്കു പോകുമായിരുന്നു. വല്യമ്മച്ചി പുത്തൻകാവിൽ പള്ളിയിൽ അതീവ വിശ്വാസമുള്ള ആളായിരുന്നു. പള്ളിയുടെ മഹത്വങ്ങളെപ്പറ്റിയുള്ള കഥകൾ വല്യമ്മച്ചി പള്ളിയിലേക്കുള്ള യാത്രകൾക്കിടയിൽ എനിക്കു പറഞ്ഞുതരുമായിരുന്നു.
ചെറുപ്പത്തിൽ എന്തൊക്കെ കാര്യങ്ങൾ ഞാൻ കൊച്ചുതിരുമേനിയുടെ കബറിടത്തിൽ പ്രാർത്ഥിച്ചു എന്നെനിക്ക് കൃത്യമായി ഓർമ്മയില്ല. ഒരു പ്രാർത്ഥന ഞാൻ ഓർക്കുന്നു ക്ലാസ്സിൽ ചെന്നാൽ അടി കിട്ടരുതേ എന്ന പ്രാർത്ഥന എന്നാൽ വളർന്നു വരുംതോറും ഒരു കാര്യം എനിക്ക് മനസ്സിലായി. ഞാൻ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ കബറിടത്തിൽ പ്രാർത്ഥിക്കുന്ന കാര്യങ്ങൾക്ക് ഒക്കെയും കൊച്ചുതിരുമേനി എനിക്ക് മറുപടി തരുന്നുണ്ട്.

വല്യമ്മച്ചി കാലയവനികക്കുള്ളിൽ മറഞ്ഞു. പക്ഷേ പുത്തൻകാവ് പള്ളിയുമായും കൊച്ചുതിരുമേനിയുമായുള്ള എന്റെ ബന്ധം അപ്പോഴേക്കും ദൃഢമായി കഴിഞ്ഞിരുന്നു.

ഡിഗ്രിക്ക് പഠിക്കുന്നകാലം മുതലാണ് എനിക്ക് പ്രാർത്ഥിക്കാൻ ഒരു പ്രത്യേക വിഷയമുണ്ടായത്. ഒരു നല്ല ജോലി പ്രത്യേകിച്ച് പോലീസിൽ എസ്. ഐ. ആ പ്രാർത്ഥന ഫലിച്ചു. എനിക്ക് എസ്.ഐ ആയി നിയമനം ലഭിച്ചു. ട്രേയിനിംഗിന് ശേഷം ആദ്യ സ്റ്റേഷനിൽ ചാർജ് എടുക്കുന്നതിന് മുമ്പ് ഞാൻ കൊച്ചുതിരുമേനിയുടെ കബറിങ്കൽ എത്തി ഫുൾ യൂണിഫോമിൽ ആദ്യത്തെ സല്യൂട്ട് എന്റെ പുത്തൻകാവിൽ കൊച്ചുതിരുമേനിക്ക് നൽകി. അന്നത്തെ ഇടവക വികാരി എന്നെ പ്രാർത്ഥിച്ച് അയച്ചു.
പോലീസ് സേവനത്തിനിടയിൽ വലിയ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഞാൻ മനമുരുകി കൊച്ചുതിരുമേനിയോട് പ്രാർത്ഥിക്കും. "കൊച്ചുതിരുമേനി എന്റെ തൊപ്പിയും സ്റ്റാറും വടിയുമൊക്കെ ഞാൻ അങ്ങയുടെ പാദത്തിൽ അർപ്പിച്ചതിനുശേഷമല്ലേ ഞാൻ ഈ ജോലി ഏറ്റെടുത്തത്, എന്നെ സഹായിക്കണമേ" എന്ന്.അപ്പോൾ ഏത് വലിയ പ്രശ്നങ്ങളിലും കൊച്ചുതിരുമേനി എന്നെ രക്ഷിക്കും. പിന്നീട് ഞാൻ പ്രാർത്ഥിച്ചത് എന്റെ വിവാഹകാര്യമാണ്. അതും യഥാവിധി നടന്നു. എനിക്ക് അർഹിക്കുന്ന തരത്തിലുള്ള ഒരു തുണയെ ദൈവം തന്നു. പിന്നെ മക്കൾക്കു വേണ്ടി പ്രാർത്ഥിച്ചു. മൂന്ന് മക്കളെ തന്ന് ദൈവം അനുഗ്രഹിച്ചു. എന്റെ കുടുംബ ജീവിതവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രത്യേക തീരുമാനങ്ങൾ എടുക്കുന്നതിന് മുമ്പായി ഞങ്ങൾ കുടുംബമായി കൊച്ചുതിരുമേനിയുടെ കബറിങ്കൽ പോകും. കബറിന് സമീപം ഇരുന്ന് ഞങ്ങൾ ആ വിഷയം സംസാരിക്കും. നാളിതുവരെ തീരുമാനമുണ്ടാകാത്ത ഒരു വിഷയം ഞങ്ങളുടെ ജീവിതത്തിൽ ഉണ്ടായിട്ടില്ല.

പിന്നീട് പടിപടിയായി പ്രമോഷൻ ലഭിച്ച് ഞാൻ സി.ഐ, ഡി.വൈ.എസ്.പി, എസ്.പി, എന്നീ നിലകളിൽ എത്തുകയും ചെയ്തു. ഓരോ പ്രമോഷൻ ലഭിക്കുമ്പോഴും ഫുൾ യൂണിഫോമിൽ ഞാൻ കൊച്ചുതിരുമേനിയുടെ കബറിങ്കൽ എത്തും എന്റെ ആദ്യ സല്യൂട്ട് എപ്പോഴും കൊച്ചുതിരുമേനിയ്ക്ക് ആയിരിക്കും. സർവ്വീസ് കാലത്ത് ഒരു പിടി പ്രശ്നങ്ങൾ എനിക്കു നേരിടേണ്ടി വന്നിട്ടുണ്ട്. എന്നാൽ കൊച്ചുതിരുമേനിയുടെ മദ്ധ്യസ്ഥത എപ്പോഴും എനിക്ക് തണലായിരുന്നു എന്നത് ഞാൻ നന്ദിയോടെ സ്മരിക്കുന്നു. ഇത് വായിക്കുന്ന ചിലർക്കെങ്കിലും അറിയാം ഞാൻ ഒരു ഓർത്തഡോക്സ് സഭാവിശ്വാസി അല്ലെന്ന കാര്യം. എങ്കിലും ഞാനും എന്റെ കുടുംബവും പുത്തൻകാവ് പള്ളിയിലെ നിത്യ സന്ദർശകരാണ്.

എനിക്ക് ലഭിച്ചിട്ടുള്ള എല്ലാ അനുഗ്രഹങ്ങളുടെയും ഉറവിടം കൊച്ചുതിരുമേനിയുടെ മദ്ധ്യസ്ഥത ആണെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ ഉപകാരസ്മരണയായി കൊച്ചുതിരുമേനിയുടെ അപദാനങ്ങളെ കീർത്തിക്കുന്ന ഗാനങ്ങൾ രചിച്ച് ബഹു. കെ.ഒ തോമസ് അച്ചനുമായി ചേർന്ന് മലങ്കരയുടെ മഹത്വമുള്ള സൈത്ത് എന്ന ഓഡിയോ കാസ്റ്റ് ഇറക്കുന്നതിനുള്ള ഭാഗ്യം എനിക്ക് ലഭിച്ചിട്ടുണ്ട്. ഇനിയും ആ പുണ്യപാദങ്ങളിൽ വന്ന് പ്രാർത്ഥിക്കുന്നതിനും അനുഗ്രങ്ങൾ നേടുന്നതിനും ദീർഘകാലം ദൈവം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പ്രവാചക പ്രതിബദ്ധത നിറവേറ്റിയ മാർ പീലക്സിനോസ്

മലങ്കര സഭയിൽ ആത്മീയ നവോത്ഥാനത്തിന്റെ പ്രധാന ശില്പിയാണ് പുത്തൻകാവിൽ കൊച്ചു തിരുമേനി. ഇടവകയുടെ രക്തധമനികളായി ആദ്ധ്യാത്മീക സംഘടനകളെ അദ്ദേഹം ദർശിച്ചു. ബാബേൽപ്പോലെ പ്രവാസ ഭൂമിയിലെ ശോചനീയാവസ്ഥ കണ്ട് ദൈവനിയോഗം ഏറ്റു വാങ്ങിയ യെഹസ്ക്കേൽ പ്രവാചകനെപ്പോലെ അസ്ഥികൾ കൊണ്ട് നിറഞ്ഞ ഒരു താഴ്വരയിലേക്കാണ് ദൈവം അഭിവന്ദ്യ ഗീവറുഗീസ് മാർ പീലക്സിനോസിനെ നിയോഗിക്കുന്നത്. തുമ്പമൺ ഭദ്രാസനാതിർത്തിയിൽ സഭാഭ്രംശം നടത്തിയ ബഥനിയുടെ മാർ ഇവാനിയോസിന്റെ പ്രലോഭന പ്രളയം കത്തോലിക്കാ സഭയിലേക്ക് കൂടുമാറുവാൻ അനേകരെ പ്രേരിപ്പിച്ചു. മറുവശത്ത് തുമ്പമണ്ണിന്റെ മണ്ണിൽ വേരോട്ടമുള്ള പ്രൊട്ടസ്റ്റന്റ് നവീകരണ ആശയങ്ങളെ ചെറുത്തു നിൽക്കുക എന്നതും വെല്ലുവിളി സൃഷ്ടിച്ചു. ഇത് തുമ്പമൺ ഭദ്രാസനത്തിന്റെ അടിക്കല്ലുകൾ ഇളക്കാൻ തുടങ്ങിയപ്പോൾ സടകുടഞ്ഞെഴുന്നേറ്റ ഓർത്തഡോക്സ് വീര്യം സത്യവിശ്വാസത്തിന്റെ കൊടിക്കൂറയുമായി ഇടവകകൾ ത്തോറും കൊച്ചുതിരുമേനി നടത്തിയ പ്രേഷിത പര്യടനങ്ങൾ പുതിയൊരു ആത്മീയ സംസ്കാര രൂപികരണത്തിന് അനുയോജ്യമായി.

സുവിശേഷരംഗത്തെ മിന്നൽ പിണർ

മലങ്കര സഭയിൽ കൺവൻഷൻ യോഗങ്ങളുടെ ഉപജ്ഞാതാവ് പുത്തൻകാവിൽ കൊച്ചുതിരുമേനിയാണെന്ന് നിസംശ്ശയം പറയാം. സുവിശേഷയോഗങ്ങൾ അദ്ദേഹത്തിന്റെ ഒരാവേശവും ലഹരിയുമായിരുന്നു. സുവിശേഷ സത്യങ്ങളും അടിസ്ഥാന വിശ്വാസങ്ങളും സഭാമക്കളുടെയിടയിൽ പ്രചരിപ്പിക്കുന്നതിന് ഉത്തമ മാധ്യമമായി കൺവൻഷൻ യോഗങ്ങളെ അദ്ദേഹം കണ്ടു. രണ്ടും മൂന്നും മണിക്കൂറുകൾ തുടർച്ചയായി പ്രസംഗപ്രവാഹത്തിൽ നുറുങ്ങു കഥകളും ചലനാത്മക ഗീതങ്ങളും കോർത്തിണക്കി വിശ്വാസിമനസ്സുകളെ ആത്മീയ മേഖലകളിലേക്ക് കൈപിടിച്ചു നടത്തി. വായിച്ചെടുത്ത നൂതനാശയങ്ങൾ ജീവിതത്തോട് ചേർത്ത് വച്ച് മനുഷ്യ മനസ്സുകളിൽ ചലനവും രൂപാന്തരവും സൃഷ്ടിച്ചു. കടന്നു ചെന്ന പള്ളികളിൽ സൺഡേ സ്കൂൾ, സ്ത്രീസമാജം, യുവജനസംഘം, പ്രാർത്ഥനായോഗം എന്നിവ സ്ഥാപിക്കുകയും ചെയ്തു.

സൺഡേസ്കൂളുകളുടെ അമരക്കാരൻ

പ്രവാചക പ്രതിബന്ധതയോടെയാണ് കൊച്ചുതിരുമേനി സൺഡേ സ്കൂൾ പ്രസ്ഥാനത്തിലേക്ക് പാദമൂന്നിയത്. അച്ചടക്കവും സൻമാർഗ്ഗനിഷ്ഠയുള്ള ഒരു സമൂഹം രൂപപ്പെടണമെങ്കിൽ കുട്ടികളിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കണം എന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ബാല്യ കൗമാരവളർച്ചയുടെ ദിശാസന്ധിയിൽ നൽകേണ്ട ആത്മീയ പരിപോഷണം കൃത്യമായി പകർന്നു നൽകുവാൻ സൺഡേസ്കൂൾ പ്രസ്ഥാനത്തെ ഒരു മഹാപ്രസ്ഥാനമാക്കി വളർത്തിക്കൊണ്ടുവരുവാൻ ദൃഢപ്രതിജ്ഞയെടുത്തു. പ്രസ്ഥാനത്തിന്റെ പ്രഥമ പ്രസിഡന്റായി നിയോഗിതനായ തിരുമേനി നൂതനമായ പല കർമ്മപരിപാടികളും ആവിഷ്കരിച്ച് അദ്ധ്യാപനസപര്യയിൽ കാന്തികശക്തിയായി മാറി.

ഫാ. തോമസ് കൊക്കാപ്പറമ്പിൽ
(ഓർത്തഡോക്സ് സഭ ചെങ്ങന്നൂർ ഭദ്രാസന സെക്രട്ടറി)

മത മൗലീക ചിന്തകൾക്കപ്പുറം മനുഷ്യവർഗത്തിന്റെ നന്മ ലക്ഷ്യമാക്കി കഴിവും ആരോഗ്യവും സമയവും കാര്യവിചാരക ബോധത്തോടെ കാഴ്ച്ച വച്ച കർമ്മയോഗി ആയിരുന്നു കൊച്ചുതിരുമേനി. മറ്റു മതങ്ങളുടെ സാരം ഗ്രഹിച്ചു സഹവർത്തിത്വത്തോടെ പ്രവർത്തിച്ച് സമൂഹത്തിനു മാതൃക കാട്ടിയ സാമൂഹിക പരിഷ്കർത്താവെന്ന നിലയിൽ ഏവർക്കും പ്രിയങ്കരനായി.

അദ്ധ്യാപന രംഗത്ത് ഔദ്യോഗിക ജീവിതം മാതൃകാപരമായി നയിച്ചവരെ തിരഞ്ഞുപിടിച്ച് സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ അമരക്കാരാക്കി. ചിട്ടയായ ഭരണസംവിധാനത്തിലൂടെയും ക്രമമായ പരിശീലനകളരികളിലൂടെയും, അദ്ധ്യാപകരെ ചാലകശക്തിയായി രൂപപ്പെടുത്തി. ബാലൻ നടക്കേണ്ട വഴിയിലൂടെ നടത്തുവാനുള്ള സഭയുടെ കടമയും കർത്തവ്യവും അദ്ധ്യാപകരെ ഗ്രഹിപ്പിച്ചു. സഭയുടെ ഭാവിവിധാതാക്കളെ സണ്ടേസ്കൂളുകളിലൂടെ കരുപ്പിടിപ്പിക്കേണ്ടതാണെന്നുള്ള ബോദ്ധ്യം രൂപപ്പെടുത്തി അദ്ധ്യാപനത്തെ ഒരു കൂദാശയായി കണ്ട കൊച്ചുതിരുമേനി ബാലമനസ്സുകളിൽ ഒരു മിന്നൽപ്പിണരായി സ്വാധീനം ചെലുത്തി. സൺഡേസ്കൂൾ അദ്ധ്യാപകർക്ക് സഭാചരിത്രത്തിലും, വേദപുസ്തക പരിജ്ഞാനത്തിലും, അടിസ്ഥാനപ്രമാണങ്ങളിലും വേരോടുവാൻ ക്രമമായി വാർഷിക ക്ലാസ്സുകൾ സംഘടിപ്പിച്ചു. ദൈവവചനമാകുന്ന വിത്തിനെ വിതയ്ക്കുന്ന കർഷകനായ അദ്ധ്യാപകൻ അതിനെ മുപ്പതും അറുപതും നൂറും മേനിയായി വിളയിച്ചെടുത്തുവെങ്കിലെ നമ്മുടെ സഭയ്ക്ക് സഭയായി നാളെ ഇവിടെ നിൽക്കാനാവൂ എന്ന് കൂടെക്കൂടെ അദ്ധ്യാപകരെ ഉദ്ബോധിപ്പിച്ചു. വിദ്യാസമ്പന്നരും വിജ്ഞാനസമ്പന്നരായ അദ്ധ്യാപകരെ പ്രസ്ഥാനത്തിന്റെ തലപ്പത്ത് ക്രമീകരിച്ചു. കൂട്ടായ പ്രവർത്തനം മൂലം സൺഡേസ്കൂളുകളുടെ വളർച്ച ത്വരിതഗതിയിലായി. സൺഡേസ്കൂൾ അഭ്യസനം അഭിമാനകരമാണെന്ന് വിദ്യാർത്ഥികളും, ദൈവനിയോഗം ആണെന്ന് അദ്ധ്യാപകരും തിരിച്ചറിഞ്ഞു. ഏകീകൃതമായ ഒരു പാഠ്യപദ്ധതി സഭയിലാകമാനം ആവിഷ്കരിച്ചപ്പോൾ പ്രസ്ഥാനത്തിന്റെ ഭാവി ഭദ്രമായി.

ആസൂത്രിതവും സംഘടിതവുമായ പ്രവർത്തനങ്ങളിലൂടെ ഒരു ഭാവി തലമുറയെ വാർത്തെടുത്ത ഈ ക്രാന്തദർശി സെക്കുലർ വിദ്യാഭ്യാസരംഗത്തും സ്വന്തമായ സ്വപ്നങ്ങൾക്ക് ചിറകുകൾ മുളപ്പിച്ചു. പുത്തൻകാവ്, പത്തനംതിട്ട, കിഴവള്ളൂർ, തുമ്പമൺ എന്നിവിടങ്ങളിലെ വിദ്യാലയങ്ങൾ മദ്ധ്യതിരുവിതാംകൂറിലെ വിദ്യയുടെ വെളിച്ചം പകരുന്ന സരസ്വതീ ക്ഷേത്രങ്ങളായി പരിലസിക്കുന്നു.

മത മൗലീക ചിന്തകൾക്കപ്പുറം മനുഷ്യവർഗത്തിന്റെ നന്മ ലക്ഷ്യമാക്കി കഴിവും ആരോഗ്യവും സമയവും കാര്യവിചാരകബോധത്തോടെ കാഴ്ച്ച വച്ച കർമ്മയോഗി ആയിരുന്നു കൊച്ചുതിരുമേനി. മറ്റു മതങ്ങളുടെ സാരം ഗ്രഹിച്ചു സഹവർത്തിത്വത്തോടെ പ്രവർത്തിച്ച് സമൂഹത്തിനു മാതൃക കാട്ടിയ സാമൂഹിക പരിഷ്കർത്താവെന്ന നിലയിൽ ഏവർക്കും പ്രിയങ്കരനായി. ദളിത് ക്രൈസ്തവരുടെ ഉന്നമനത്തിനായി അതീവ ജാഗ്രത പുലർത്തി സഭാമക്കൾക്കു മാതൃകയായി ജീവിച്ചു. തെക്കൻ പ്രദേശത്ത് തിരുമേനി അവസാനമായി നടത്തിയ സുവിശേഷപ്രസംഗം കുളനട സെന്റ് ജോർജ്ജ് ചാപ്പൽ അങ്കണത്തിലായിരുന്നു. അവിടെ അദ്ദേഹം നടത്തിയ രണ്ടു പരാമർശങ്ങൾ ഇവയാണ്. 1. 'എരിയുന്ന പന്തം അതിന്റെ സമാപ്തിക്കു മുമ്പായി ആളിക്കത്തും'. 2. 'ചെണ്ട കൊട്ടുമ്പോൾ കലാശക്കൊട്ട് ഉച്ചസ്ഥായിലാകും'. ഈ പ്രസംഗത്തിന്റെ ഓരോ വരികളും വിശ്വാസി മനസ്സുകളിൽ ഒരു ജ്വാല പോലെ ഇന്നും തെളിഞ്ഞു നിൽക്കുന്നു.

പുണ്യപിതാവിന്റെ മദ്ധ്യസ്ഥത നമുക്ക് അനുഗ്രഹമാകട്ടെ.

ദിവാൻ സർ.സി.പി രാമസ്വാമി അയ്യരോടൊപ്പം ഒരു പൊതുചടങ്ങിൽ പുത്തൻകാവിൽ കൊച്ചുതിരുമേനി

മുളക്കുഴ സെന്റ് മേരീസ് പള്ളിയും പുത്തൻകാവിൽ കൊച്ചുതിരുമേനിയും

പുത്തൻകാവ് വലിയപള്ളി ഇടവകാംഗങ്ങളായ ഇരുപത്തഞ്ചോളം വരുന്ന കുടുംബങ്ങൾ മുളക്കുഴ ഗ്രാമത്തിൽ ചിന്നിചിതറി പാർത്തിരുന്നു. യാത്രാസൗകര്യങ്ങൾ വളരെ പരിമിതമായിരുന്ന ആ കാലത്ത് എല്ലാ ഞായറാഴ്ചയും ആരാധനയിൽ പങ്കെടുക്കുന്നതും തങ്ങളുടെ മക്കളെ സഭാവിശ്വാസത്തിൽ വളർത്തുന്നതും ക്ലേശകരമായ കാര്യമായിരുന്നു. മൃതശരീരങ്ങളും ചുമന്നുകൊണ്ട് കാൽനടയായി പുത്തൻകാവ് വലിയ പള്ളി ശ്മശാനത്തിൽ കൊണ്ടുപോയി സംസ്ക്കരിച്ചിരുന്നത് ഇന്നത്തെ തലമുറയ്ക്ക് ചിന്തിയ്ക്കുവാൻ പോലും കഴിയുന്ന കാര്യമല്ല.

പുത്തൻകാവ് വലിയപള്ളിയുടെ വികാരിയായിരുന്ന കിഴക്കേത്തലയ്ക്കൽ വന്ദ്യതോമ്മാ കത്തനാരുടെ നിര്യാണത്തിനുശേഷം, ആ കാലത്ത് സഹായപട്ടക്കാരനായിരുന്ന അയിരുക്കുഴിയിൽ വന്ദ്യ എ.ജി. തോമസ് കത്തനാർ ചില അഭിപ്രായ ഭിന്നതകളെ തുടർന്ന് അയിരുക്കുഴിലച്ചൻ മലങ്കര റീത്തിൽ ചേർന്നു. ഏറെ താമസിയാതെ മോടിശ്ശേരിൽ വന്ദ്യ എം.പി. മാത്യൂസ് കത്തനാരെ വികാരിയായി കൊച്ചുതിരുമേനി നിയമിച്ച്, നിലവിലിരുന്ന ഇടവക പട്ടക്കാരുടെ ഭരണ രീതിയ്ക്ക് അന്ത്യം കുറിച്ച്, പള്ളിയുടെ ഭരണക്രമത്തിന് ശാശ്വതമായ പരിഷ്ക്കാരം വരുത്തി.

മാർ ഈവാനിയോസ് മലങ്കര റീത്തിലേക്ക് സഭാവിശ്വാസികളെ വട്ടമിട്ട് പിടിക്കുന്ന കാലം. അയിരുകുഴിലച്ചൻ റീത്തിൽ പോയതിനെ തുടർന്ന് തന്റെ മാതൃഇടവകയിലെ ഒരു വ്യക്തിപോലും റീത്തിൽ പോകരുതെന്ന് കൊച്ചുതിരുമേനിയ്ക്ക് നിർബന്ധമുണ്ടായിരുന്നു. ഈവാനിയോസ് തിരുമേനിയും അയിരുക്കുഴിലച്ചനും യാത്രാമദ്ധ്യേ അയിരുക്കുഴിലച്ചന്റെ സഹോദരിഭർത്താവിന്റെ ഭവനാംഗങ്ങളുമായി സംസാരിയ്ക്കുന്നതിന് ഈ ദിവസങ്ങളിൽ ഇടയായി. മുളക്കുഴയിൽ ഒരു റീത്തു പള്ളി സ്ഥാപിക്കാമെന്നും, കുറഞ്ഞത് പത്തു വീട്ടുകാരെങ്കിലും മതിയെന്നും അങ്ങനെ പുത്തൻകാവ് പള്ളിയിലേക്കുള്ള യാത്രാക്ലേശം പരിഹരിയ്ക്കാമെന്നും തിരുമേനി സൂചിപ്പിച്ചു. ഈ വാർത്ത കൊച്ചുതിരുമേനിയുടെ ചെവിയിൽ എത്തി. മുളക്കുഴയിലെ ഈ വീട്ടുകാർ റീത്തിൽ പോകുമെന്ന ശ്രുതി പരന്നു.

പുത്തൻകാവ് വലിയപള്ളി പെരുന്നാളിനോടനുബന്ധിച്ചുള്ള കൺവൻഷനിൽ സംബന്ധിക്കുവാൻ എത്തിയ മുന്നാല് ബാലന്മാർക്ക് കൊച്ചു തിരുമേനിയെ കാണുവാനും കൈമുത്തുവാനും അവസരം ലഭിച്ചു. അയിരുക്കുഴിലച്ചന്റെ അനന്തിരവന്മാർ ഈ ബാലന്മാരിൽ ഉണ്ടെന്ന് മനസ്സിലാക്കിയ തിരുമേനി അതിലെ മുതിർന്ന ബാലനായിരുന്ന ഈ ലേഖകനെ അരികെ വിളിച്ച് കൈവലയത്തിലാക്കി സ്വതസിദ്ധമായ ഗ്രാമീണ ഭാഷയിൽ പറഞ്ഞു നിന്റെ അപ്പനോട് പറയണം എന്നോട് പറഞ്ഞിട്ടേ റീത്തിൽ പോകാവു എന്ന് അതിനാൽ വികാരിയായ മോടിശ്ശേരിലച്ചനോട് മുളക്കുഴയിലെ ഇടവക ഭവനങ്ങളിലെല്ലാം നിരന്തരം സന്ദർശിച്ച് അവരുടെ ആത്മീക കാര്യങ്ങളിലും ബുദ്ധിമുട്ടുകളിലും പ്രത്യേകം ശ്രദ്ധിക്കണമെന്നും നിഷ്കർശിച്ചിരുന്നു. അച്ചൻ അത് പൂർണ്ണമായി അനുസരിച്ചു. അച്ചന്റെ ഈ സന്ദർശനമാണ് മുളക്കുഴയിൽ സൺഡേസ്കൂൾ ആരംഭിക്കുന്നതിന് കാരണമായത്. ആദ്യ വർഷത്തെ സൺഡേസ്കൂൾ വാർഷികത്തിൽ അദ്ധ്യക്ഷൻ തിരുമേനിയായിരുന്നു. അദ്ദേഹത്തിന്റെ കൈകളിൽ നിന്നും സമ്മാനം വാങ്ങിയ ഈ ലേഖകൻ ഉൾപ്പെടെ അപൂർവ്വം ആളുകൾ ഇന്നും ആ ഓർമ്മ പങ്കിടുന്നുമുണ്ട്. ഏകദേശം ആറേഴു വർഷങ്ങൾ ഈ സ്ഥിതി തുടർന്നു.

പി.എം. കോരുത്
(റിട്ട. ഹെഡ്മാസ്റ്റർ)
പങ്കാവിൽ, മുളക്കുഴ

കൊച്ചുതിരുമേനിയുടെ അനുഗ്രഹാശിസ്സും, മോടിശ്ശേരീലച്ചന്റെ ഉത്തേജനവും മുളക്കുഴയിലെ വിശ്വാസി സമൂഹത്തിന്റെ അത്യാവശ്യവും മൂലം മുളക്കുഴയിൽ പുത്തൻകാവ് പള്ളിയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന 12 സെന്റ് സ്ഥലത്ത് ഒരു സൺഡേസ്കൂൾ കെട്ടിടം പണിയുക എന്ന ആശയം രൂപപ്പെട്ടു. പുത്തൻകാവ് പള്ളി പുരയിടത്തിലെ തടിയും പള്ളി ട്രസ്റ്റിൽ നിന്ന് കിട്ടിയ സാമ്പത്തിക സഹായവും മുളക്കുഴ സൺഡേസ്കൂളിലെ കരോൾ പിരിവുകളും ആദ്യഫലശേഖരണ നിധിയും ചെറിയ സംഭാവനകളും ഈ കെട്ടിടം പണിപൂർത്തീകരിക്കുവാൻ സഹായകമായി.

മുളക്കുഴയിലെ സൺഡേസ്കൂൾ കെട്ടിടം പൂർത്തിയായ വിവരം മനസ്സിലാക്കിയ കൊച്ചുതിരുമേനി ഒരു ദിവസം സൺഡേസ്കൂൾ കെട്ടിടം സന്ദർശിച്ചു. ഈ സന്ദർശന വിവരം മോടിശ്ശേരീലച്ചനെ അറിയിച്ച തിരുമേനി, ചില സുപ്രധാന നിർദ്ദേശങ്ങളും നൽകി സൺഡേസ്കൂൾ കെട്ടിടത്തിന്റെ കിഴക്കുഭാഗം മദ്ബഹായാക്കത്തക്കവണ്ണം അര അടി ഉയർത്തണം. തെക്കുവശത്തായി ഒരു മുറിയും വരാന്തയും നിർമ്മിക്കണം. ഞാൻ കുന്നംകുളത്ത് മരുത്തംങ്കോട്ട് ചാപ്പലിലെ ശുശ്രൂഷകൾ നിർവ്വഹിച്ചതിനുശേഷം മടങ്ങിവന്ന് ചാപ്പൽ കൂദാശ ചെയ്യാമെന്നും തിരുമേനി കൽപ്പിച്ചു. തിരുമേനിയുടെ നിർദ്ദേശാനുസരണം മുളക്കുഴയിൽ പണിത സൺഡേസ്കൂൾ കെട്ടിടം ചാപ്പലായി പണിതു പൂർത്തിയാക്കി. നാളുകൾക്കുശേഷമുള്ള ആ അസുലഭ അവസരത്തിനായി കാത്തിരുന്നു. മുളക്കുഴക്കാരുടെ താങ്ങും തണലുമായിരുന്ന കൊച്ചുതിരുമേനി 1951 ഏപ്രിൽ 17-ാം തീയതികുന്നംകുളത്ത് മരുത്തംങ്കോട്ട് ചാപ്പലിൽ വച്ച് കാലം ചെയ്തു എന്ന ഞെട്ടിക്കുന്ന ദുഃഖവാർത്തയാണ് പിന്നീട് കേട്ടത്. മലങ്കര സഭയോടൊപ്പം ഈ ചെറിയ വിശ്വാസി സമൂഹത്തേയും ഇത് ദുഃഖത്തിലാഴ്ത്തി. കൊച്ചുതിരുമേനി കാലം ചെയ്തതിനുശേഷം കണ്ടനാട് മെത്രാപ്പോലീത്തായായിരുന്ന ഔഗേൻ മാർ തിമോത്തിയോസ് തിരുമേനിതുമ്പമൺ ഭദ്രാസന സഹായ മെത്രാപ്പോലീത്തായായി നിയമിതനായി.

തുടർന്ന് മോടിശ്ശേരീലച്ചൻ നിരന്തരമായി ഔഗേൻ തിരുമേനിയെ സന്ദർശിച്ച്, കൊച്ചു തിരുമേനിയുടെ നിർദ്ദേശാനുസരണം മുളക്കുഴയിൽ പൂർത്തീകരിച്ച കെട്ടിടത്തെപ്പറ്റിയും, അത് ചാപ്പലായി കൂദാശ ചെയ്യാമെന്നുള്ള തിരുമേനിയുടെ പൂർത്തീകരിക്കാത്ത അന്ത്യാഭിലാഷത്തെയും ബോദ്ധ്യപ്പെടുത്തി. 8 മാസങ്ങൾക്കു ശേഷം തുടർന്ന് പുത്തൻകാവ് വലിയപ്പള്ളിയുടെ ചാപ്പലായി കൂദാശ ചെയ്ത് വി. കുർബ്ബാന അർപ്പിക്കുവാൻ ഇടവക മെത്രാപ്പോലീത്താ അനുവാദ കൽപ്പന നൽകി. 1951 ഡിസംബർ 23-ാം തീയതി വികാരി മോടിശ്ശേരിൽ എം.പി. മാത്യൂസ് കത്തനാർ ആദ്യ കുർബ്ബാന അർപ്പിച്ചു. 20 വർഷ ത്തോളം പുത്തൻകാവ് വലിയപള്ളിയുടെ ചാപ്പലായിരുന്നു. ഇന്നു കാണുന്ന ദേവാലയത്തിന്റെ ശിലാസ്ഥാപനത്തോടെ 1970 ഒക്ടോബർ 20 ന് മുളക്കുഴ ചാപ്പൽ സ്വതന്ത്ര ഇടവകയായി.

മാതൃദേവാലയമായ പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലിന്റെ പെരുന്നാളിലും മറ്റു വിശേഷ ദിവസങ്ങളിലും ആരാധനകളിൽ സംബന്ധിച്ചും വിശിഷ്യാ കൊച്ചു തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിൽ കബറിങ്കലേക്ക് പദയാത്ര നടത്തിയും ആ പരിശുദ്ധ പിതാവിൽ നിന്നും ലഭിച്ച മഹാനുഗ്രഹത്തെ പ്രാർത്ഥനാ നിർഭരമായി നന്ദിയോടെ സ്മരിക്കുന്നു.

പുത്തൻകാവിൽ കൊച്ചുതിരുമേനി

വിശ്വാസികൾക്ക് പ്രത്യക്ഷനാകുന്ന ഗാനകോകിലം

ആർട്ടിസ്റ്റ് ബേബി
ചെങ്ങന്നൂർ

മലങ്കര ഓർത്തഡോക്സ് സഭയുടെ, കാതലായ വിശ്വാസ സത്യങ്ങൾ മാറ്റേറുന്ന വചന ഘോഷണങ്ങളാൽ സഭയുടെ ഒരറ്റം മുതൽ മറ്റേ അറ്റംവരെയുള്ളവരെ പ്രബുദ്ധരാക്കിയ പീലക്സിനോസ് തിരുമേനി.

സഭാനേതൃത്വം ഒരു സമയത്ത് സംശയദൃഷ്ടിയോടെ തിരുമേനിയെ നിരീക്ഷിച്ചിരുന്നു. കാരണം വിശ്രമമില്ലാതെ ഒരു കൊച്ചുമെത്രാച്ചൻ ഓടിനടന്ന് നേടുന്നതൊക്കെ എങ്ങനെയായിത്തീരും എന്ന് ചിന്തിച്ചവരുണ്ട്. അവർക്കെല്ലാം മഹത്തായ മാതൃക ലഭിച്ചത് കാലം ചെയ്തശേഷം തിരുമേനിയുടെ ഡയറിക്കുറിപ്പ് പരിശോധിച്ചപ്പോഴാണ്.

അദ്ദേഹം ധരിച്ചിരുന്ന ചുവന്ന ളോഹയുടെ നെഞ്ചുപടിയിൽ കുത്തിവച്ചിരുന്ന പേന പോലും കാതോലിക്കാ സിംഹാസനത്തിന്റെ സ്വത്തായിട്ട് രേഖപ്പെടുത്തിയിരുന്നു.

തിരുമേനി ജീവിതകാലത്ത് ഒരാൾക്കു മാത്രമേ വൈദികപട്ടം കൊടുത്തിട്ടുള്ളൂ. ദിവംഗതനായ വാഴമുട്ടത്ത് ബ: ജോഷ്വാ അച്ചൻ. ഇപ്പോൾ അമേരിക്കയിലുള്ള പി.എസ്. ശമുവേൽ അച്ചൻ, ബഥേലിൽ 50 വർഷം മാനേജരായിരുന്ന ദിവംഗതനായ പുലിമുഖത്ത് പി.ജി. ജോർജ്ജച്ചൻ, ദിവംഗതരായ ബ: ളാക്കൂരച്ചൻ, ഗബ്രിയേൽ അച്ചൻ, കാലം ചെയ്ത ദാനിയേൽ മാർ പീലക്സിനോസ് തിരുമേനി, നാരങ്ങാനത്ത് തോമസ് അച്ചൻ, കാലംചെയ്ത യൗസേബിയോസ് തിരുമേനി മുതലായവർ കൊച്ചുതിരുമേനിയുടെ ആത്മീയ ആകർഷണ വലയത്തിലെത്തി പിന്നീട് വൈദികപദവി നേടി ശോഭിച്ചവരാണ്. പാത്താമുട്ടത്ത് കുറിയാക്കോസ് റമ്പാൻ, തിരുവാങ്കോട് ഗീവറുഗീസ് റമ്പാൻ ഇടനാട്ടു ബർസ്ലീബാ റമ്പാൻ ഇവരെല്ലാം ബഥേൽ അരമനയിൽ ദീർഘകാലം അന്തേവാസികളായിരുന്നു.

കൂടുതൽ പേർക്ക് എന്താണ് പട്ടം കൊടുക്കാത്തതെന്ന് ഒരിക്കൽ ചോദിച്ചപ്പോൾ യോഗ്യതയുള്ള തക്ക ആരെങ്കിലും വരേണ്ടേ എന്നാണ് തിരുമേനി മറുപടി പറഞ്ഞത്. അദ്ദേഹത്തെ നേരിൽ കാണുകയും ആ അധരപുടങ്ങളിൽ ഉതിർത്തതായ ഗാനശകലങ്ങൾ കേട്ട്, ആത്മീയ ലഹരിയിൽ ആറാടുകയും ചെയ്തിട്ടുള്ള അനേകം സഭാമക്കൾ ഇന്നും ജീവിച്ചിരിപ്പുണ്ട്. നാളിതുവരെ ആ ശബ്ദവീചികൾ മറ്റാരിൽ നിന്നും അതേപടി ശ്രവിക്കുവാൻ കഴിഞ്ഞിട്ടില്ല. അതൊരു പരമസത്യം ആണ്. അക്കാലത്ത് ടേപ്പ് റിക്കാർഡർ ഉണ്ടായിരുന്നോ എന്നറിയില്ല. ആരെങ്കിലും റിക്കാർഡ് ചെയ്യാൻ ശ്രമിച്ചതായും അറിവില്ല. അങ്ങനെയൊരു സംവിധാനം അന്ന് ചെയ്തിരുന്നു എങ്കിൽ ഇന്നത്തെ തലമുറയ്ക്ക് അതൊരു മുതൽക്കൂട്ടാകുമായിരുന്നു. അദ്ദേഹം അർപ്പിച്ചിട്ടുള്ള വിശുദ്ധ ബലിയെക്കുറിച്ച് ഓർക്കുമ്പോൾ മിഴികൾ ഈറനണിയുകയാണ്. രണ്ടു കവിളുകളിൽ കൂടിയും കണ്ണീർചാലുകൾ ഒഴുക്കിക്കൊണ്ട് വിശുദ്ധ കുർബ്ബാനയിൽ ചൊല്ലുന്ന 'ദൈവമേ എന്നോടുത്തരമരുളി ചെയ്യണമേ! - അനിൻ മൊറിയോ - എന്ന ഗദ്ഗദപൂർണ്ണമായ അപേക്ഷ ഏതൊരു ശിലാഹൃദയത്തെയും വിങ്ങിപ്പൊട്ടുമാറ് ശോകാർദ്രമാക്കുമായിരുന്നു.

എന്നാൽ തിരുമേനി എനിക്കു നൽകിയ അദൃശ്യമായ അനുഗ്രഹം വിവരിക്കാതെ തരമില്ല. പുത്തൻകാവ് കബറിടം പുതുക്കിപ്പണിയുന്ന സമയം. വടശ്ശേര്യത്ത് ഗബ്രിയേൽ അച്ചനായിരുന്നു അന്നത്തെ പള്ളി വികാരി. കബറിങ്കൽ തിരുമേനിയുടെ വടിയും മുടിയും, കറുത്ത കുപ്പായവുമുള്ള ചിത്രം സ്ഥാപിച്ചിട്ടുണ്ട്. എന്റെ ഗുരുസ്ഥാനീയനായ, പരേതനായ ആർട്ടിസ്റ്റ് എൻ. എൻ. നമ്പ്യാർ വരച്ച ചിത്രം ആയിരുന്നു. അതു വലിപ്പമുള്ളതല്ല. കാൽമുട്ടുവരേ ഉള്ളൂ. അതിനാൽ പാദം വരെയുള്ള പൂർണ്ണമായചിത്രം വേണമെന്ന് പറഞ്ഞു പക്ഷേ അച്ചന്റെ വ്യവസ്ഥ ഇപ്രകാരം ആയിരുന്നു. തിരുമേനിയെ ഏവരും സാധാരണ മസ്നപ്സാ ശിരസ്സിൽ ധരിച്ചേ കണ്ടിട്ടുള്ളൂ. കൂടാതെ കൈയിൽ അംശവടി പിടിച്ച് നിൽക്കയും വേണം. ഞാൻ കുഴങ്ങി, ചിന്താകുഴപ്പത്തിലായി. ഉറങ്ങുംമുമ്പ് പ്രാർത്ഥനാമദ്ധ്യേ ഈ കാര്യം ഓർത്ത് പ്രാർത്ഥിച്ചു. **ഉറക്കത്തിൽ ഞാൻ ഒരു സ്വപ്നം കണ്ടു. അതിപ്രകാരമാണ്. തേജോമയനായി പുത്തൻകാവ് കൊച്ചുതിരുമേനി, അംശവസ്ത്രങ്ങൾ അണിഞ്ഞ് (കുർബ്ബാന കാപ്പ അണിഞ്ഞ്) ശിരസ്സിൽ മസ്നപ്സായും, വലതുകൈയിൽ സ്ലീബായും ഇടതു കൈയിൽ അംശവടിയും ഏന്തി നൽക്കുന്ന ദർശനം ഉണ്ടായി. അങ്ങനെ പുത്തൻകാവ് കബർ മുറിയിൽ കൊച്ചുതിരുമേനിയുടെ പാദം വരെയുള്ള ദീർഘകായ ചിത്രം എഴുതി സ്ഥാപിച്ചു.**

അഭിവന്ദ്യ തിരുമേനി മലങ്കരസഭയുടെ അഭിമാനഭാജനമായിരുന്നു. ആദ്ധ്യാത്മിക ജേതാവായിരുന്നു. ആരാദ്ധ്യനായ അഭിഷിക്തനായിരുന്നു. അനർഗ്ഗള ഗീതങ്ങളുതിർത്ത മാംസള മണിവീണയായിരുന്നു. ദൈവിക മർമ്മങ്ങളെ അനുവാചകരിൽ വേണ്ടവിധം അവതരിപ്പിക്കുവാൻ തന്റെ വാക്ധോരണിയാൽ കഴിഞ്ഞിരുന്ന - മലങ്കരസഭയുടെ സത്യവിശ്വാസത്തിന്റെ പൊരുളുകൾ ഇഴപിരിയാതെ കോർത്തിണക്കി സഭാമക്കളെ ഉൽബുദ്ധരാക്കിയ - കർമ്മയോഗിയായിരുന്നു കൊച്ചു തിരുമേനി.

പിതാവേ, അങ്ങയുടെ മദ്ധ്യസ്ഥത ഞങ്ങൾക്ക് കോട്ടയായിരിക്കട്ടെ.

പുത്തൻകാവിൽ കൊച്ചുതിരുമേനി
പാവങ്ങളെ സ്നേഹിച്ച പുണ്യപിതാവ്

1950 കാലഘട്ടത്തിൽ പുത്തൻകാവ് മെത്രാപ്പോലീത്തൻ ഹൈസ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ ആണ് പുത്തൻകാവിൽ കൊച്ചുതിരുമേനി എന്ന ദിവ്യതേജസ്സിനെ മനസ്സിലാക്കുവാൻ കഴിഞ്ഞത്. ഉച്ചയ്ക്ക് ഭക്ഷണം കഴിക്കാൻ കഴിയാതെ പച്ചവെള്ളം കുടിച്ച് മുഖം കഴുകി പുത്തൻകാവ് സ്കൂളിൽ പഠിക്കുന്ന കാലം. ഞാൻ ഭക്ഷണം കഴിക്കാതെയാണ് പഠിക്കുന്നതെന്ന് മനസ്സിലാക്കി തിരുമേനി എന്നും തന്റെ ഒപ്പം ഇരുത്തി എനിക്ക് ഭക്ഷണം നൽകി. തിരുമേനി സ്കൂളിൽ ഇല്ലാത്ത അവസരത്തിൽ എനിക്ക് ഭക്ഷണം നൽകാനുള്ള ക്രമീകരണം ചെയ്തു.

ഞങ്ങളുടെ ക്ലാസ്സിൽ കയറിവന്ന് വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഉയരുവാൻ സാധിക്കുകയുള്ളൂ എന്ന തിരുമേനിയുടെ ശക്തമായ ഉപദേശം ഞാൻ ഓർമ്മിക്കുന്നു. കവിത എഴുതിയതിന് തിരുമേനിയുടെ കയ്യിൽ നിന്ന് സമ്മാനം വാങ്ങുന്നതും തിരുമേനി തോളിൽ തട്ടി അഭിനന്ദിക്കുന്നതും ഇന്നും മനസ്സിൽ നിറഞ്ഞു നിൽക്കുന്നു.

പുത്തൻകാവ് പള്ളിയിൽ അന്ത്രയോസ് ബാവായുടെ പെരുന്നാളിന് സമൂഹസദ്യയ്ക്ക് ഇരിക്കാൻ കഴിയാതെ നിന്ന പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഒരു വ്യക്തിയെ തിരുമേനി സ്റ്റേജിൽ തന്റെ ഒപ്പം ഇരുത്തി ഭക്ഷണം നൽകിയത് ഞാൻ ഓർമ്മിക്കുന്നു. പിന്നോക്കക്കാരെയും പാവപ്പെട്ടവരെയും ജാതി മത ഭേദമില്ലാതെ സ്നേഹിച്ച മഹാത്മാവായിരുന്നു പുത്തൻകാവിൽ കൊച്ചുതിരുമേനി. തിരുമേനിയുടെ അനുഗ്രഹംകൊണ്ട് എം.ജി. യൂണിവേഴ്സിറ്റിയിൽ ഒരു ജീവനക്കാരനായി ജോലിചെയ്ത് റിട്ടയർ ചെയ്ത് സന്തോഷമായി ജീവിക്കാൻ എനിക്ക് കഴിഞ്ഞു.

ജീവിതത്തിൽ ഒരു വിഷമപ്രശ്നം വന്നാൽ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ കബറിടത്തിൽ ചെന്ന് പ്രാർത്ഥിച്ചാൽ അതിന് പരിഹാരമുണ്ടാകും. ഞാനും എന്റെ ഭാര്യയും അതിന് അനുഭവസ്ഥരാണ്. പുത്തൻകാവിൽ കൊച്ചുതിരുമേനി എന്നോട് കാണിച്ച സ്നേഹം മരണംവരെയും എന്റെ ഓർമ്മയിൽ നിറഞ്ഞുനിൽക്കും.

പി.എം. നാരായണൻ, പിരളശ്ശേരി

സ്വർഗ്ഗത്തിലെ രത്നദീപം

പിരളശേരി ദേശവുമായി വലിയ ആത്മബന്ധമുള്ള പിതാവാണ് പുത്തൻകാവിൽ കൊച്ചുതിരുമേനി. എത്ര തലമുറകൾ കഴിഞ്ഞാലും പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ഓർമ്മകൾ മങ്ങാതെ മായാതെ ഈ സമൂഹത്തിൽ നിലനിൽക്കും എന്നത് ചരിത്രസത്യമാണ്.

പിരളശ്ശേരി പള്ളിയുടെ വികാരിയായിരുന്നു പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ പിതാവ് തോമ്മാ കത്തനാർ. തോമ്മാകത്തനാർക്കൊപ്പം ചെറുപ്രായത്തിൽ തന്നെ കെ.ടി. ഗീവറുഗീസ് (പുത്തൻകാവിൽ കൊച്ചുതിരുമേനി) പിരളശ്ശേരി പള്ളിയിൽ വരുമായിരുന്നു. പള്ളിയ്ക്ക് തൊട്ട് സമീപത്ത് ആണ് എന്റെ കുടുംബം താമസിച്ചിരുന്നത്. തോമ്മാ കത്തനാർക്കും മകനും എന്റെ വല്യമ്മച്ചി പലപ്പോഴും ഭക്ഷണം ഉണ്ടാക്കി കൊടുത്തിരുന്നു. അത് ഞങ്ങളുടെ കുടുംബത്തിന്റെ അനുഗ്രഹത്തിന് കാരണമായി എന്ന് ഞാൻ വിശ്വസിക്കുന്നു.

ചെറുപ്രായം മുതൽ പിരളശ്ശേരി പള്ളിയിൽ പ്രാർത്ഥനകൾ ചൊല്ലിയിട്ടുള്ള പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അനുഗ്രഹമാണ് ഇന്ന് പിരളശ്ശേരി കാതോലിക്കേറ്റ് സിംഹാസനപള്ളി നേടിയിട്ടുള്ള കീർത്തിക്ക് ഒരു കാരണം. വി. ഗീവറുഗീസ് സഹദായുടെ തിരുശേഷിപ്പ് സ്ഥാപിച്ച ദേവാലയം എന്ന ബഹുമതി ഈ നാടിന് എന്നും അനുഗ്രഹമാണ്.

പിരളശ്ശേരി പ്രദേശത്ത് നിന്ന് വാഹനസൗകര്യമില്ലാത്ത ഒരു കാലഘട്ടത്തിൽ പുത്തൻകാവ് പള്ളിയിൽ പോയി ആരാധനയിൽ സംബന്ധിക്കുവാനുള്ള പ്രയാസമാണ് പിരളശ്ശേരിയിൽ ഒരു ദേവാലയം സ്ഥാപിക്കുവാൻ ഇടയാക്കിയത്.

പുത്തൻകാവിൽ കൊച്ചുതിരുമേനി റീത്ത് പ്രസ്ഥാനത്തിന്റെ കാറ്റിനെ തടഞ്ഞുനിർത്തി ഓർത്തഡോക്സ് വിശ്വാസികളെ സംരക്ഷിച്ച മലങ്കരസഭയുടെ ഹിമാലയപർവ്വത സമമായ മഹാവ്യക്തിത്വമായിരുന്നു. എന്റെ എളിയ സഭാസ്നേഹത്തിന് വലിയ പ്രചോദനം പുത്തൻകാവിൽ കൊച്ചുതിരുമേനിയായിരുന്നു. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ പുണ്യപാദം പതിഞ്ഞ പിരളശ്ശേരി കാതോലിക്കേറ്റ് സിംഹാസനപ്പള്ളി ഇടവാകാംഗങ്ങൾക്ക് പരിശുദ്ധ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ മദ്ധ്യസ്ഥത ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സി.സി. ചെറിയാൻ ചാരുനിൽക്കുന്നതിൽ
മുൻ സഭാ മാനേജിംഗ് കമ്മറ്റി അംഗം

മലങ്കരസഭയ്ക്ക് നഷ്ടമായ കാതോലിക്ക

എ. ഇ. അലക്സാണ്ടർ (കുഞ്ഞച്ചൻ)
അവിരാതരകൻ പീടികയിൽ
പുത്തൻകാവ്

പുത്തൻകാവ് കൊച്ചുതിരുമേനി ഞങ്ങളിൽ നിന്ന് പിരിഞ്ഞിട്ട് 64 വർഷമായി. അവിടുത്തെ മായാത്ത രൂപം മനസ്സിൽ കണ്ട് പഴയകാല സ്മരണകൾ പുതുക്കട്ടെ. രണ്ടു വർഷക്കാലം തിരുമേനിയുമായി ഒന്നിച്ചു താമസിക്കുവാൻ എനിക്കു കഴിഞ്ഞു. എന്നെ ആ ദിവസം വിളിപ്പിച്ച് 'ഞാൻ മദ്രാസിൽ ചികിത്സയ്ക്ക് പോവുകയാണ്. നീ അവിടെ പൊതേലിൽ (അഥവാ ഇന്നത്തെബഥേലിൽ) വന്നു താമസിക്കണം.' ഞാൻ സമ്മതിച്ചു. പടിപ്പുരയ്ക്കൽ കുഞ്ഞപ്പിയെ വിളിച്ച് ട്രസ്റ്റി സ്ഥാനം ഏൽപ്പിച്ചു. പല അസുഖങ്ങളും ഉള്ളതിനാൽ തിരുമേനി ആറുമാസക്കാലം മദ്രാസിൽ താമസിച്ചു. അവിടെ നിന്നു വന്ന് കോട്ടയം ജില്ലാ ആശുപത്രിയോടു ചേർന്നുള്ള ഒരു കെട്ടിടത്തിൽ താമസിച്ചു. അവിടെ വച്ച് പ്രമേഹരോഗം മൂലം കയ്യേൽ നീരുവന്നു. ഓപ്പറേഷൻ ചെയ്തു. അടുത്ത ദിവസം അർദ്ധരാത്രിയിൽ കയ്യിലെ കുത്തിക്കെട്ട് അഴിഞ്ഞ് രക്തം ധാരധാരയായി ഒഴുകുവാൻ തുടങ്ങി. ആ സമയം പരിശുദ്ധ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവായ്ക്ക് ഒരു ദർശനം ഉണ്ടായി. പീലക്സിനോസ് തിരുമേനിക്ക് എന്തോ അപകടം ഉണ്ടാകുവാൻ പോകുന്നു. എത്രയും വേഗം ചെല്ലുക എന്ന്. അദ്ദേഹം ഉടൻ തന്നെ ഡ്രൈവറെ വിളിച്ച് വണ്ടി ഇറക്കി ആശുപത്രിയിൽ ചെന്നു കണ്ടകാഴ്ച്ച ഭയാനകമായിരുന്നു. മുറിവിൽ നിന്നു രക്തം ഒഴുകുന്നു. ഉടൻ ഡോക്ടർ വന്ന് മുറിവു കെട്ടി. ഏതു കാര്യവും സീരിയസായി എടുക്കുന്ന സ്വഭാവക്കാരനായിരുന്നു തിരുമേനി. കോട്ടയത്തെ ചികിത്സ കഴിഞ്ഞ് പള്ളി അരമനയിൽ കുറച്ചു നാൾ തങ്ങി. അക്കാലത്താണ് പറന്തൽ പള്ളി പണികഴിപ്പിച്ചത്. പറന്തൽ മനുഷ്യ സഞ്ചാരം ഇല്ലാത്ത കാടുംമേടും മോഷ്ടാക്കളും നിറഞ്ഞ, ഒരു സ്ഥലം ആയിരുന്നു. അവിടെ ഒരു ഈഴവ കുടുംബവുമായി തിരുമേനിയ്ക്ക് വളരെ സൗഹൃദമുണ്ടായിരുന്നു. തന്നിമിത്തം നാട്ടുകാർക്കുവേണ്ടി ഒരു ചന്തയ്ക്ക് അനുവാദം വാങ്ങിക്കൊടുത്തു. ആ കുടുംബം ഇപ്പോഴും തിരുമേനിയുടെ കബറിങ്കൽ വരും. അങ്ങനെ ഇരിക്കവെയാണ് പത്തനംതിട്ട ബേയ്സിൽ ദയറാ, കാതോലിക്കേറ്റ് കോളേജ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് ആരംഭം ഇട്ടത്.

മാക്കാംകുന്ന് എന്ന പേരു കേട്ടാലേ ആ സ്ഥലത്തിന്റെ രൂപവും ഭാവവും മനസ്സിലാകും. മനുഷ്യസഞ്ചാരം ഇല്ലാത്തതും കുന്നിൻ മുകളിൽ സ്ഥിതിചെയ്യുന്നതുമായ ആ കുറ്റിക്കാടു നിറഞ്ഞ കുന്നിനെ സ്വർഗ്ഗതുല്യമാക്കുവാൻ തിരുമേനിക്കു കഴിഞ്ഞു. ഇവിടെയെല്ലാം സഞ്ചരിക്കുവാൻ തിരുമേനിക്ക് സ്വന്തമായി ഒരു വാഹനം ഇല്ലായിരുന്നു. ഓപ്പൺ ബോഡിയുള്ള ബസിന്റെ മുൻസീറ്റിൽ ഇരുന്നു യാത്ര ചെയ്യും. അങ്ങനെ കുറെക്കാലം കഴിഞ്ഞ് നാട്ടുകാർ ഒരു പഴയ കാർ വാങ്ങിക്കൊടുത്തു. പുത്തൻകാവുകാരൻ അമ്മാൾ ആയിരുന്നു ഡ്രൈവർ. അന്നുമുതൽ അനേകവർഷം അമ്മാൾ തിരുമേനിയുടെ സാരഥിയായി.

കാപ്പ കൂടാതെ രണ്ടു ജോഡി ഡ്രസ്സു മാത്രം. അഴകേറിയ ശരീരം, ഇമ്പകരമായി പാട്ടു പാടാനുള്ള കഴിവ്. നല്ല പ്രസംഗം, മികച്ച സ്പോർട്സ്മാൻ. കുട്ടികളെ വിളിച്ച് അവരോടൊപ്പം കളിക്കും. അസുഖം മൂലം ഉറക്കം കുറവായിരുന്നു. ആരെയെങ്കിലും കിട്ടിയാൽ അവരോടു വീട്ടുവിശേഷങ്ങൾ ചോദിച്ചറിയും. ഫലിതങ്ങൾ പറഞ്ഞും അവരെക്കൊണ്ടു പാട്ടുകൾ പാടിച്ചും രസിക്കും. അവരിലൊരാൾ ബഫൂൺ വേഷം കെട്ടുക പതിവായിരുന്നു (മിമിക്രി മോഡൽ). മറ്റുള്ളവർ സംസാരിക്കുന്നതും ചില അച്ചന്മാർ കുർബ്ബാന ചൊല്ലുന്നതും (കിഴക്കെത്തലയ്ക്കൽ തോമ്മാ കത്തനാർ ഉൾപ്പെടെ) ഇവയൊക്കെ അനുകരിക്കുന്നത് കണ്ടു രസിക്കും. ചെങ്ങന്നൂരിലെ ഇന്നത്തെ ബഥേൽ അരമന പഴയ സ്ഥലമാണെന്ന് ആരും പറയുകയില്ല. അവിടെ ഒരു കുളം ഉണ്ടായിരുന്നു. അതിന്റെ പേരായിരുന്നു പൊതേൽകുളം എന്നത്. ടൗൺ ചന്തയിലെ ചപ്പുചവറുകൾ കൊണ്ടിടുന്ന സ്ഥലം. അവിടെ യിസഹാക്ക്

എന്നൊരു രസികൻ ഉണ്ടായിരുന്നു. കഥകൾ പറയുവാൻ, പാട്ടുകൾ പാടുവാൻ, മിമിക്രി നടത്തുവാൻ പുത്തൻകാവിലെ മെത്രാപ്പോലീത്തൻ ഹൈസ്കൂൾ സ്ഥാപിക്കുവാൻ കാരണം പട്ടിണിക്കാരായ കുട്ടികൾക്ക് ചെങ്ങന്നൂർ വരെപോയി പഠിക്കുവാനുള്ള പ്രയാസം തിരുമേനിയെ അലട്ടിയതാണ്. അതിനുവേണ്ടി അവിശ്രമം പരിശ്രമിച്ചു. ആദ്യത്തെ തിരുവിതാംകൂർ മന്ത്രിസഭയിൽ ഉണ്ടായിരുന്ന റ്റി.എം. വറുഗീസ്, വിദ്യാഭ്യാസ മന്ത്രി കുഞ്ഞിരാമൻ എന്നിവരെ കണ്ട് നിവേദനം കൊടുത്തു. അനുവാദം കിട്ടിയപ്പോൾ നാട്ടുകാരായ ചിലരിൽ നിന്ന് എതിർപ്പുകൾ വന്നു. അവയെ എല്ലാം തരണം ചെയ്ത് സ്കൂളിന്റെ പണി ആരംഭിച്ചു. ആദ്യം ഒരു നല്ല കെട്ടിടം വയ്ക്കണം. ഒരു മേസ്തിരിയെ വിളിച്ചു പണി തുടങ്ങി. കൂലി കൊടുക്കണമെങ്കിൽ 'ഉടയോൻ തരും' എന്നു പറഞ്ഞിട്ട് ഓരോ പ്രോഗ്രാമിനു പോകും. വൈകുന്നേരം അവിടെ നിന്ന് വന്നിട്ടുവേണം കൂലി കൊടുക്കുവാൻ. ഒരു മേസ്തിരിയുടെ മകൻ വറുഗീസ് എന്നൊരു പയ്യനെ വിളിച്ചു പറഞ്ഞു. "ഈ കെട്ടിടം നീ പണിയണം." അവൻ പറഞ്ഞു 'എനിക്ക് അറിയില്ല തിരുമേനി.'

> *"ഈ കെട്ടിടം പണി നോക്കിക്കൊള്ളണം. ഞാൻ ഇപ്പോൾ തരുന്നത് ഒരു ഷർട്ടിന്റെ കാശ്, ഈ സ്ഥാപനം നന്നാകുമ്പോൾ നീയും നന്നാകും"*

'നീ കേറിപ്പണിയെടാ, ദൈവം നിന്നോടു കൂടെയുണ്ട്. പോരായെങ്കിൽ ഞാൻ പറഞ്ഞുതരാം' എന്നായി തിരുമേനി. പുത്തൻകാവ് ഇടവകയിലെ ഒരു പയ്യനായിരുന്നതിനാൽ അവൻ പണി തുടങ്ങി. നാലിഷ്ടിക വയ്ക്കുമ്പോൾ പറയും 'തൂക്ക് നോക്ക്, മുഴക്കോൽ എടുത്ത് ലവൽ ചെയ്യ്.' അങ്ങനെ അവനെക്കൊണ്ടു പണിയെടുപ്പിച്ചു. ഒടുവിൽ അവൻ നല്ല കെട്ടിടം പണിക്കാരനായി. കെട്ടിടം പണി കഴിഞ്ഞപ്പോൾ അതിന്റെ മുകളിൽ ഉണ്ടായിരുന്ന തെങ്ങിനെക്കാൾ വണ്ണമുള്ള ഒരു പ്ലാവിൻ കമ്പ് വെട്ടിമാറ്റുവാൻ അതിന്റെ ഉടമസ്ഥനോട് തിരുമേനി ആവശ്യപ്പെട്ടു. സാധ്യമല്ലെന്ന് ഉടമസ്ഥൻ പറഞ്ഞു. കാറ്റും മഴയും ഇടിയും ഒന്നും ഇല്ലാതിരുന്ന സമയം ഏതാനും മിനിറ്റുകൾക്കകം കെട്ടിടത്തിലെ ഓടിനു പോലും ഒരു കേടും കൂടാതെ ആ കമ്പ് ഒടിഞ്ഞുവീണു. ആറ്റരികത്ത് പത്തടിയിൽ കൂടുതൽ ഉയരം ഉള്ള ഒരു മതിൽക്കെട്ടിൽ തിരുമേനി വൈകിട്ട് നടക്കുക പതിവായിരുന്നു. അതിനുശേഷം ആറ്റിൽ ഇറങ്ങി കുളിക്കും. പുത്തൻകാവ് പള്ളിയുടെ മുമ്പിൽ മൂന്നുപേർ പിടിച്ചാൽ കൈ എത്താത്തവണ്ണമുള്ള ഒരു മാവുണ്ടായിരുന്നു. അതിലെ മാമ്പഴം വീഴുമ്പോൾ കുട്ടികളെ വിട്ട് പെറുക്കി സൂക്ഷിക്കും. പിന്നീട് അമ്മയുടെ അടുത്തു വിട്ട് പഴഞ്ചോർ എടുപ്പിക്കും. കാന്താരി കൊണ്ടുള്ള ചമ്മന്തി നിർബന്ധമായും കൊണ്ടുവരീക്കും. പഴഞ്ചോറിൽ മാങ്ങാ പിഴിഞ്ഞ് കാന്താരി ചമ്മന്തി കൂട്ടി കുശാലായി ഊണു കഴിക്കും. അങ്ങനെ ലളിതമായ ആഹാരരീതി. ആഡംബരമില്ലാത്ത വസ്ത്രധാരണം. സ്കൂൾ കെട്ടിടം പണിയുന്ന സമയം, വീതിയുള്ള ഒരു ബഞ്ച് അതിൽ കിടന്നുറങ്ങും.ഒരിക്കൽ ആദ്യത്തെ ക്ലാർക്കായിരുന്ന കൊട്ടയ്ക്കാട്ടു പാപ്പച്ചൻ (കോഴഞ്ചേരി) ആ ബഞ്ചിന്റെ അരികിൽ കിടന്നുറങ്ങുകയായിരുന്നു. വൈകിട്ട് കഴിച്ച ആഹാരം പിടിക്കാതെ ഛർദ്ദിക്കുകയും അതിസാരം ഉണ്ടാകുകയും ചെയ്തു. പള്ളിപ്പടി ജംഗ്ഷനിൽ ഉണ്ടായിരുന്ന എന്നെ തിരുമേനി വിളിച്ചു. 'എടാ, പാപ്പച്ചൻ അവശതയിലാണ്. നീ പെട്ടെന്ന് പൂപ്പള്ളിൽ കുഞ്ഞിന്റെ വീട്ടിൽ ചെന്ന് കാർ ഇങ്ങോട്ടു വിടണം. ഒരു അത്യാവശ്യം ഉണ്ട്. അവർ ഉടനെ കാർ ഡ്രൈവറെ വിളിച്ച് പെട്ടെന്ന് അയച്ചു. ഞങ്ങൾ അവിടെ ചെന്നപ്പോൾ അവശനായ പാപ്പച്ചനെ തിരുമേനി താങ്ങി എഴുന്നേൽപിച്ച് ഛർദ്ദിൽ ചൂലെടുത്ത് കഴുകിക്കളയുന്നു. ഞാൻ ചെന്ന് ചൂലിനു പിടിച്ചു. അപ്പോൾ പറയുകയാണ് 'നീ വെള്ളം ഒഴിച്ചുതന്നാൽ മതി' പാപ്പച്ചനെ കാറിൽ കയറ്റി കോഴഞ്ചേരി ആശുപത്രിയിൽ ആക്കിയിട്ട് വീട്ടിൽ ചെന്നു വിവരം പറഞ്ഞു. അക്കാലത്ത് ഇവിടെ വാടകക്കാറോ, ഓട്ടോയോ, ആശുപത്രിയോ ഒന്നും ഇല്ലായിരുന്നു. പള്ളിയുടെ പടിഞ്ഞാറുവശത്ത് ഒരു മൈതാനം ഉണ്ട്. ആദ്യകാലങ്ങളിൽ അലവാങ്കുമായി ഇറങ്ങും. ആരെങ്കിലും അതുവഴി പോയാൽ എക്സസൈസ് എടുക്കാം എന്നുപറഞ്ഞ് അവരുടെ കൂടി സഹായത്തോടെ വയ്യാത്തകൈയുമായി പിടിച്ച് കല്ലുകൾ മറിക്കും. ഒടുവിൽ എന്നെ വിളിച്ചു പറഞ്ഞു: "ഈ കെട്ടിടം പണി നോക്കിക്കൊള്ളണം. ഞാൻ ഇപ്പോൾ തരുന്നത് ഒരു ഷർട്ടിന്റെ കാശ്, ഈ സ്ഥാപനം നന്നാകുമ്പോൾ നീയും നന്നാകും" എന്നു പറഞ്ഞിട്ടാണ് കുന്നംകുളത്തു പോയത്. തിരിച്ച് വരുന്നവഴി നെഞ്ചിനു വേദന അനുഭവപ്പെട്ടു. മരത്താംകോട് ചാപ്പലിൽ പോയി വിശ്രമിച്ചു. കാതോലിക്കാ സിംഹാസനത്തിനു വേണ്ടി തന്റെ ശരീരസ്ഥിതി നോക്കാതെയുള്ള യാത്രയും പ്രസംഗങ്ങളും, ആരാധനയും തിരുമേനിയെ ക്ഷീണിതനാക്കി. സഭപിളർപ്പിന്റെ വക്കിലെത്തിയപ്പോൾ സഭാമക്കളെ ഒന്നിച്ചു നിർത്തുന്നതിനുള്ള തിരുമേനിയുടെ കഠിനദ്ധ്വാനം സ്മരിക്കേണ്ടതു തന്നെയാണ്. അദ്ദേഹം കുന്നംകുളത്തു നടത്തിയ അവസാന പ്രസംഗം അവിടെയുള്ള ആളുകളെ ഇന്നും സഭയിൽ പിടിച്ചു നിർത്തുന്നതിന് സഹായിച്ചു. പുത്തൻകാവിൽ മടങ്ങിയെത്തിയത് തിരുമേനിയുടെ മൃതദേഹമായിരുന്നു. നേരത്തെ തിരുമേനി താക്കോൽ ഏൽപ്പിച്ചപ്പോൾ ആ കരങ്ങൾ എന്റെ കയ്യിൽ മുട്ടിയത് എനിക്ക് അനുഗ്രഹമായി മാറി. തിരുമേനിയുടെ സഭാസ്നേഹവും, വിദ്യാഭ്യാസ വീക്ഷണവും സാധാരണക്കാരെ ഉദ്ധരിക്കുന്നതിനുള്ള താൽപര്യവും മറക്കാനാവാത്തതാണ്. എന്തെങ്കിലും ആവശ്യം വരുമ്പോൾ എല്ലാം സ്വന്തം ഭവനത്തിൽ നിന്ന് അമ്മയോടു പറഞ്ഞു വാങ്ങി കാര്യങ്ങൾ നടത്തും. തിരുമേനി എന്ന നിലയിൽ ഇങ്ങോട്ടു വാങ്ങിയതല്ലാതെ അങ്ങോട്ട് ഒന്നും കൊടുത്തിട്ടില്ല. തിരുമേനി ജീവിച്ചിരുന്നു എങ്കിൽ സഭയിൽ വിശ്വാസികളുടെ എണ്ണം കൂടുതൽ വർദ്ധിക്കുമായിരുന്നു.

പുത്തൻകാവിന് നഷ്ടമായത് ഒരു കാതോലിക്കായെ ആണ്. തിരുമേനിയുടെ മൃതശരീരവുമായി പുത്തൻകാവിൽ എത്തിയപ്പോൾ വീണ കണ്ണീർ ഇനിയും തോർന്നിട്ടില്ല. എല്ലാവരുടെയും ആരാധനാപാത്രമായി സ്മര്യപുരുഷനായി, ശ്രേഷ്ഠാചാര്യനായി, സ്നേഹിതനും വഴികാട്ടിയും എല്ലാമെല്ലാമായി ഇന്നും തിരുമേനി ഓരോ ഹൃദയത്തിലും വസിക്കുന്നു. തിരുമേനിയോടു ചേർന്നുള്ള ജീവിതം മറക്കാൻ കഴിയില്ല.

കാതോലിക്കായുടെ പരമാധികാരം എക്കാലവും അംഗീകരിച്ച പുത്തൻകാവിൽ കൊച്ചുതിരുമേനി

ഫാ. ഡോ. പി. സി. ഈപ്പൻ
(പരിശുദ്ധ ബസേലിയോസ് ഗീവറുഗീസ് ദ്വിതിയൻ കാതോലിക്ക ബാവയുടെ സെക്രട്ടറിയായി പ്രവർത്തിച്ച വൈദികൻ)

ഒരിക്കൽ ഒരു യുവവൈദികന്റെ നിയമനം സംബന്ധിച്ച് മെത്രാപ്പോലീത്തായുടെ തീരുമാനത്തിനെതിരായി ഇടവകജനങ്ങൾ ഒരു പ്രതിനിധി സംഘമായി ബാവയെ സമീപിച്ചു. അവർ വികാരഭരിതരായി അവരുടെ ഇടവകയിൽ നിന്നു വൈദികനായ സ്വന്തം ആളിന്റെ സേവനം അവർക്ക് തന്നെ നൽകണമെന്ന് നിർബന്ധപൂർവ്വം അപേക്ഷിക്കുകയും അതിനനുകൂലമായ ഒരു കൽപ്പന കിട്ടുന്നതുവരെ മടങ്ങിപ്പോകാൻ വിസമ്മതിക്കുകയും ചെയ്തു. വസ്തുതകൾ എല്ലാം ശരിക്കു മനസിലാക്കിയ ബാവാ അനുകൂലമായ ഒരു മറുപടി നൽകാൻ സമയം എടുത്തു. രാത്രി വൈകിയിട്ടും ജനങ്ങൾ പിരിഞ്ഞു പോയില്ല എന്നു മനസ്സിലാക്കിയ ബാവാ അവരിൽ മനസ്സലിഞ്ഞ് ആ യുവവൈദികനെ സ്ഥലംമാറ്റി നിയമിക്കേണ്ടതില്ലെന്നു തീരുമാനിച്ച് തൽക്കാലത്തേക്കു വികാരിയായി സ്വന്തം പള്ളിയിൽ നിയമിച്ച് കൽപ്പന എഴുതി. ഈ വിവരം ഇടവക മെത്രാപ്പോലീത്തായുടെ അറിവിനായി വേറെ ഒരു കൽപ്പന എഴുതി. രണ്ടും അവരുടെ കൈയ്യിൽ കൊടുത്തു സന്തുഷ്ടരായ ജനങ്ങൾ ഉടനെ തന്നെ കൈമുത്തി മടങ്ങി. മടക്കയാത്രയിൽ അവർ ചെങ്ങന്നൂർ ബഥേൽ അരമനയിൽ എത്തി ഇടവക മെത്രാപ്പോലീത്തയായ കൊച്ചുതിരുമേനിക്കുളള കൽപ്പന രാത്രിയിൽ തന്നെ ഏൽപ്പിച്ചു.

കൽപ്പന വായിച്ച കൊച്ചുതിരുമേനിക്ക് അത്ഭുതവും താങ്ങാനാവാത്ത ദുഃഖവും ഉണ്ടായി. ഉടനെ തന്നെ കോട്ടയത്തു പോയി ബാവയെ കണ്ട് ഇപ്രകാരം ഒരു കൽപ്പന ബാവ എഴുതിയതിലുള്ള അമർഷം നേരിൽ ബോധിപ്പിക്കാമെന്നു കരുതി. എന്നാൽ കോട്ടയം പഴയസെമിനാരിയിൽ എത്തിയപ്പോൾ ബാവായെ നേരിൽ കണ്ട് എന്തു പറയാനാണ് എന്നൊരു സന്ദേഹം. ഏതായാലും ബാവയെ കാണുന്നതിനു മുൻപ് കൽപ്പന എഴുതാൻ ഇടയായ സാഹചര്യത്തെപ്പറ്റി ബാവയുടെ സെക്രട്ടറിയായിരുന്ന എന്നോടു ചോദിച്ചു മനസിലാക്കിയതിനുശേഷം സാവകാശത്തിൽ ബാവായോട് എല്ലാ കാര്യങ്ങളും വിശദമായി ചർച്ച ചെയ്യാമെന്നു തീരുമാനിച്ചു. ഭദ്രാസന മെത്രാപ്പോലീത്താമാരുടെ തീരുമാനങ്ങളുടെ പശ്ചാത്തലം ശരിക്കും മനസ്സിലാക്കാതെ ഏകപക്ഷീയമായി ബാവാ ഇടപെടുന്നതു വഴി ഇടവകകളിൽ ഉണ്ടാകാവുന്ന അച്ചടക്കരാഹിത്യത്തെപ്പറ്റിയും അങ്ങനെ സംഭവിക്കാതിരിക്കാനുള്ള പോംവഴികളെ പറ്റിയും പഴയസെമിനാരി മാനേജർ ടി.സി ജേക്കബ് അച്ചനോടും സെക്രട്ടറി ഈപ്പൻ ശെമ്മാശനോടും തുടർച്ചയായി ചർച്ചകൾ നടത്തി. അവസാനം വസ്തുതകൾ ബാവയെ നേരിട്ടു ധരിപ്പിക്കാമെന്നു തീർച്ചപ്പെടുത്തി.

കൊച്ചുതിരുമേനി വന്നിട്ടുണ്ടെന്നും ബാവയെ കണ്ടു പ്രധാനപ്പെട്ട കാര്യങ്ങൾ ധരിപ്പിക്കാനുമായിട്ടാണ് ഉദ്ദേശ്യമെന്നും സെക്രട്ടറി ബാവയെ അറിയിച്ചു. ഉടനെ ബാവാ കൽപ്പിച്ചു അതിനെന്നാ തടസ്സം മെത്രാച്ചൻ വരാൻ പറയു എന്ന്. എന്റെ മുറിയിൽ ഇരുന്നിരുന്ന കൊച്ചു തിരുമേനിയേയും മാനേജരച്ചനെയും ഉടൻ തന്നെ വിവരം അറിയിച്ചു. ഞങ്ങൾ മൂന്നു പേരും ബാവായുടെ മുറിയിൽ പ്രവേശിച്ചു. കണ്ട ഉടനെ ബാവാ കൽപ്പിച്ചു. മെത്രാച്ചൻ അവിടെ ഇരിക്കു എന്ന്. അതിനു മറുപടിയായി കൊച്ചു

തിരുമേനി ആവേശത്തോടെ അറിയിച്ചു. എനിക്കു രണ്ടപ്പന്മാരാണുള്ളത് അതിൽ കിഴക്കേതലയ്ക്കൽ കത്തനാർ മരിച്ചു മണ്ണടിഞ്ഞു. ഇനി ശേഷിക്കുന്നത് എനിക്കു ബാവ തിരുമേനി മാത്രമാണ്. ഇതു കേട്ടു ബാവ എഴുന്നേറ്റ് കൊച്ചു തിരുമേനിയുടെ അടുക്കലേക്ക് ചെന്നു. എന്താ മെത്രാച്ചന് എന്തോ പറയാനുണ്ടെന്ന് ശെമ്മാശൻ അറിയിച്ചല്ലോ. തുറന്ന് പറയാമല്ലോ. കൊച്ചു തിരുമേനി വളരെ ശാന്തതയോടെ അറിയിച്ചു. ഇവിടെ ഇടവകകളിൽ നിന്നും വ്യക്തികളിൽ നിന്നും നേരിട്ട് ബാവായുടെ അടുത്തുവരുന്ന അപേക്ഷകളും ഹർജികളും ശരിക്കും പരിശോധിക്കാതെ തീർപ്പു കൽപ്പിക്കുന്നത് വളരെ പ്രശ്നങ്ങൾക്ക് വഴി തെളിക്കുന്നുണ്ട്. ബാവാ സഭയുടെ പരമാദ്ധ്യക്ഷനാണ് അപ്പീൽ അധികാരവും ഉണ്ട്. ബാവാ എന്തു തീരുമാനിച്ചാലും അതിന് എതിര് പറയാൻ ഞങ്ങളാരും ഒരിക്കലും മുതിരുകയില്ല. എന്നാൽ സംഗതികളുടെ സുഗമമായ നടത്തിപ്പിന് ഒരു കാര്യം ചെയ്താൽ നന്നായിരിക്കുമെന്ന് അഭിപ്രായമുണ്ട്. അതെന്നാ? ചെയ്യാമല്ലോ എന്ന് ബാവാ. ഇവിടെ ഭദ്രാസനങ്ങളിൽ നിന്നു വരുന്ന ഹർജികളും അപേക്ഷകളും സെക്രട്ടറി ശെമ്മാശൻ സ്വീകരിച്ച് അതിൽ കൈപ്പറ്റിയ തീയതിയും ഒപ്പും വച്ച് അതാത് മെത്രാസനാധിപന്മാർക്ക് അവരുടെ പ്രതികരണത്തിനായി അയച്ചു കൊടുത്താൽ അവർ അത് ശരിക്കു പഠിച്ച് വിശകലനം ചെയ്ത് നിജാവസ്ഥ തിരുമേനിയെ അറിയിക്കും.

സംഗതികളുടെ ഗൗരവം അനുസരിച്ച് വേണ്ടി വന്നാൽ മെത്രാസനാധിപൻ തന്നെയോഅദ്ദേഹം നിയോഗിക്കുന്ന ഭദ്രാസന സെക്രട്ടറിയോ നേരിൽ വന്ന് എല്ലാ വശങ്ങളും തിരുമേനിയെ അറിയിക്കും. അതിനുശേഷം എന്തു തീരുമാനം എടുത്താലും അതെല്ലാവർക്കും സ്വീകാര്യമായിരിക്കും. ഉടനെ ബാവാ കൽപ്പിച്ചു. അതു നല്ല കാര്യമാണല്ലോ. സെക്രട്ടറിയെ അഭിസംബോധന ചെയ്ത് ശെമ്മാച്ചൻ അപ്രകാരം ചെയ്തു കൊള്ളണം. അതു നല്ലൊരു കാര്യമാണ്. ഇനി മേൽ അപ്രകാരം മെത്രാച്ചൻ പറഞ്ഞതു പോലെ ചെയ്തുകൊള്ളണം.



പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായും, പുത്തൻകാവിൽ കൊച്ചുതിരുമേനിയും

ഇരുവരും സന്തുഷ്ടരായി. ആരംഭദശയിൽ ഈ ക്രമീകരണം വളരെ പ്രയോജനകരവും വിജയകരവുമായിരുന്നു. എന്നാൽ ബാവാ പരുമലയിലോ കുണ്ടറ സെമിനാരിയിലോ ഇടയ്ക്കിടെ പോയി മടങ്ങി വരുമ്പോഴേക്കും വരുന്ന പരാതികൾ പഴയസെമിനാരിയിൽ സെക്രട്ടറിയുടെ മുറിയിൽ കൂടി കിടക്കും. അങ്ങനെയുള്ള യാത്രകൾ വർദ്ധിച്ചതിന്റെ പേരിൽ സെക്രട്ടറി യഥാവസരം ഓഫീസ് പ്രവർത്തനം തടസ്സപ്പെടുന്ന വിവരം കൊച്ചുതിരുമേനിയെ അറിയിച്ചപ്പോൾ തിരുമേനി പറേട്ട് മാത്യൂസ് അച്ചനെ കണ്ട് ആഴ്ചയിൽ രണ്ടു ദിവസം പഴയസെമിനാരിയിൽ എത്തി സഹായിക്കണമെന്ന് അഭ്യർത്ഥിച്ചു. പറേട്ട് അച്ചൻ ഒന്നു രണ്ടു പ്രാവശ്യം ചുമതല നിർവ്വഹിച്ചതിനു ശേഷം അത് പ്രായോഗികമല്ലെന്ന് മനസ്സിലാക്കി ഒരു പ്രത്യേക ഓഫീസ് പഴയ സെമിനാരിയിൽ ഉണ്ടാകുന്നതിന് പി. എൻ. നൈനാനെ ക്ഷണിച്ചു വരുത്തുകയും സെക്രട്ടറിയേറ്റിന് രൂപം നല്കുകയും ചെയ്തു. പി. എൻ. നൈനാൻ ഡെപ്യൂട്ടി സെക്രട്ടറിയും, നെടുമാവ് ജോർജ്ജ് ക്ലാർക്കുമായി നിയമിതരായി. അങ്ങനെ കാതോലിക്കേറ്റ് ഓഫീസ് ഒട്ടൊക്കെ കാര്യക്ഷമമായി പ്രവർത്തനം ആരംഭിച്ചു.

സർവ്വാദരണീയനായ പുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ പാദാരവൃന്ദങ്ങളിൽ കൂപ്പുകൈ അർപ്പിച്ച് അനുഗ്രഹിക്കണമേയെന്ന് വിനീതമായി അപേക്ഷിക്കുന്നു.

ബാവാ സഭയുടെ പരമാദ്ധ്യക്ഷനാണ് അപ്പീൽ അധികാരവും ഉണ്ട്. ബാവാ എന്തു തീരുമാനിച്ചാലും അതിന് എതിര് പറയാൻ ഞങ്ങളാരും ഒരിക്കലും മുതിരുകയില്ല.

കോട്ടയത്തിന്റെ ഓർമ്മകൾ

റ്റി. വർഗ്ഗീസ് വർക്കി
താഴത്തങ്ങാടി - കോട്ടയം

കാലംചെയ്ത പരിശുദ്ധ പിതാവായ മാർ പീലക്സിനോസ് തിരുമേനി "ബി.ഡി. ശെമ്മാശ്ശൻ" എന്ന ഓമനയേറിയ അപരനാമത്തിലും, അതോടൊപ്പം കോട്ടയം എം.ഡി. സിമ്മനാരിയിൽ ഒരു സഹ അദ്ധ്യാപകനായി കഴിയുന്നകാലം. ഈ കാലയളവിൽ ബ:ഉപ്പൂട്ടിലച്ചൻ അവർകളുടെ ആരാധനാ സഹായത്തിലേക്കായി ഇടവകയിലെ വിദ്യാർത്ഥി പ്രായത്തിലുള്ള ഞങ്ങൾ ഏഴെട്ടുപേരെ ശുശ്രൂഷക്കാരായി പരിശീലിപ്പിക്കുന്നതിനു ഉത്സാഹിക്കുകയും, ശനിയാഴ്ചതോറും ബ:അച്ചൻ താഴത്തങ്ങാടിയിലെ മാർ ഗ്രീഗോറിയോസ് സ്മാരക പ്രൈമറി സ്കൂളിൽ (ഇപ്പോൾ എം.ഡി. എം.പി. സ്കൂൾ) സന്നിഹിതനായി ആരാധനാക്രമങ്ങളും, ഗീതങ്ങളും (സുറിയാനിയിലും മലയാളത്തിലും) ഞങ്ങളെ അഭ്യസിപ്പിക്കുകയും ചെയ്തു. മലങ്കരസഭാ ഭാസുരൻ മാർദീവന്നാസ്യോസ് വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ ശ്രേഷ്ഠാനുമതിയോടുകൂടി പള്ളിയിലെ കാണിക്ക ഇനത്തിൽ നിന്നും പണം ചിലവു ചെയ്ത് ശുശ്രൂഷ കുപ്പായം തയ്യിപ്പിച്ച് ഞങ്ങളെ ബ:അച്ചന്റെ ശുശ്രൂഷകരായി നിയോഗിച്ചിരുന്നു. എന്നാൽ വെക്കേഷൻ കാലങ്ങളിൽ എം.ഡി. ഹോസ്റ്റലിലെ താമസക്കാരായ അധ്യാപകരും, വിദ്യാർത്ഥികളും സ്വദേശത്തേക്കു പോകുമെങ്കിലും ബ:ഗീവർഗ്ഗീസ് ശെമ്മാശൻ (കൊച്ചുതിരുമേനി) മാത്രം പലപ്പോഴും താമസംകൂടാതെ തിരിച്ചുവരികയും ഞങ്ങളുടെ ലീഡറായി ബ:അച്ചന്റെ ആജ്ഞാനുവർത്തിയായി മാർ ഏലിയാ ചാപ്പലിൽ തന്നെ താമസിക്കുമായിരുന്നു. ആയിരം വീട്ടുകാരുടെ പള്ളി" എന്ന് സുപ്രസിദ്ധമായ കോട്ടയം ചെറിയപള്ളിയുടെ വികാരിയായിരുന്നു ബ: ഉപ്പൂട്ടിലച്ചന് ആരാധനയൊഴികെ, ഒരിക്കലും പടിഞ്ഞാറോട്ടു തിരിഞ്ഞു നിന്ന് 'കർത്താവിൽ പ്രിയരെ! എന്നിത്യാദി സംബോധന ചെയ്തുകൊണ്ട് നാല് വാക്കു പറയുവാനുള്ള സരസ്വതീകടാക്ഷം ഇല്ലാതിരുന്ന കുറവ് ബ: ബി.ഡി. ശെമ്മാശൻ (കൊച്ചുതിരുമേനി) നല്ലവണ്ണം പരിഹരിക്കുകയും, ഇടവക്കാരിൽ വേണ്ടത്ര ആത്മീയ പ്രചോദനം ഉളവാക്കുകയും ചെയ്തുപോന്നു. ഗീവർഗ്ഗീസ് ശെമ്മാശ്ശൻ (കൊച്ചു തിരുമേനി) ഹാജരുണ്ടായിരുന്ന ഞായറാഴ്ചകളിലും സന്ദർഭോചിതവും, കാര്യമാത്രപ്രസക്തവുമായ ചെറുപ്രസംഗ ധോരണികളാൽ അതാതു ദിവസങ്ങൾ അർഹിക്കുന്ന പ്രാധാന്യത്തോടുകൂടി ആരാധനാദി കർമ്മങ്ങൾ ശുഭമായി പര്യവസാനിച്ചിരുന്നുവെന്നുള്ളതാണ് സ്മരണാർഹമാണ്.

ശുശ്രൂഷകരായ ഞങ്ങളിൽ സൗകര്യമുള്ളവരെല്ലാം ശനിയാഴ്ച സന്ധ്യയ്ക്കു മുമ്പായി പള്ളിയിൽ ചെന്നിരിക്കണമെന്ന് ബ:ഉപ്പൂട്ടിലച്ചൻ നിർദ്ദേശിച്ചിരുന്നു. അങ്ങനെയുള്ള ദിവസങ്ങളിൽ പലപ്പോഴും രാത്രിയിൽ ചില പ്രത്യേക ഗീതങ്ങൾ (സുറിയാനി നിറങ്ങൾ) അച്ചന്റെ ആജ്ഞാനുസരണം തിരുമേനി ചൊല്ലിതരികയും, പിറ്റേദിവസം കുർബ്ബാനാവസരത്തിൽ സന്ദർഭോചിതം അവ ഉപയോഗിക്കുകയും, വല്ല പോരായ്മയും

ഉണ്ടെങ്കിൽ ശ്രവണമധുരമായ ആ തിരുകണ്ഠനാളത്തിലൂടെ ആ ഗീതങ്ങൾ ഉൽഗമിച്ചുയർന്ന് ബ:അച്ചനും, ആരാധകർക്കും സംപ്രീതി നൽകി പര്യവസാനിച്ചിട്ടുള്ളതും, വ്യാഴവട്ടങ്ങൾ കഴിഞ്ഞിട്ടും അടുത്ത് കഴിഞ്ഞ കൊല്ലത്തിലേതുപോലെ സ്മൃതിപഥത്തിൽ എത്തുന്നു.

ബ: ഉപ്പൂട്ടിലച്ചൻ അവർകൾ ഏലിയാചാപ്പലിൽ വെച്ച് പലപ്പോഴും ഞായറാഴ്ച ദിവസങ്ങളിൽ രാവിലെ പ്രാർത്ഥനയ്ക്ക് സമയമാകുമ്പോൾ "എടോ! ഗീവർഗ്ഗീസ് ശെമ്മാച്ചാ ! മണിയടിക്കടോ" എന്ന് ആജ്ഞാപിച്ചാൽ വെറും വെള്ളകുപ്പായം മാത്രം ധരിച്ചുകൊണ്ട് വരാന്തയിൽ ഏതെങ്കിലും ഒരു പുസ്തകവും കയ്യിലേന്തി നിൽക്കുന്ന ആ നിൽപ്പിൽതന്നെ ഓടിവന്ന് ആ ആജ്ഞ അക്ഷരംപ്രതി പാലിക്കുന്ന ആ രീതി കണ്ടാൽ, ഈ ഗീവർഗ്ഗീസ് ശെമ്മാശ്ശൻ അടുത്തഭാവിയിൽ ഒരു പ്രധാനാചാര്യനായി യാദൃച്ഛികമായിട്ടെങ്കിലും "എടോ ഉപ്പൂട്ടിലെ കത്തനാരെ" എന്നോ, അഥവാ "അച്ചാ ! ഇന്നത് ഇന്നതുപോലെ ചെയ്യു" എന്നൊരാജ്ഞ നൽകുമെന്ന് ആരു വിചാരിച്ചു! പക്ഷെ ദൈവഹിതാനുസരണം കോട്ടയം ചെറിയപള്ളിയ ബ:ഉപ്പൂട്ടിലച്ചന്റെ തവണയുണ്ടായിരുന്ന ഒരു ഹാശാ ആഴ്ചയിൽ ഒരു പകരം ചോദ്യമല്ലെങ്കിലും വൈദീക പദവിയുടെ ശ്രേഢനുസരിച്ച് അങ്ങിനെ സംഭവിക്കതന്നെ ചെയ്തു. തിരുമേനി പ്രമേഹരോഗബാധിതനായി കോട്ടയം ജില്ലാ അശുപത്രിയിൽ കിടന്നിരുന്ന അവസരത്തിലും ഞങ്ങൾ (കോട്ടയം ചെറിയപള്ളി ഇടവകക്കാർ) അഹോരാത്രം ആവശ്യമായ ശുശ്രൂഷകൾ ചെയതത് പിന്നീട് തിരുമേനി പഴയസഹശുശ്രൂഷകാരായ ഞങ്ങളിൽ പലരോടും കൃതജ്ഞതാ ഭാരത്തോടുകൂടി കൽപ്പിച്ചു പറയുകയുണ്ടായിട്ടുണ്ട്. ആ ആലസ്യം വർദ്ധിച്ച് അത്യാസന്നനിലയിൽ എത്തിയപ്പോൾ സഹോദര മേൽപ്പട്ടക്കാരായ തിരുമേനിമാരും, പരിശുദ്ധ കാതോലിക്കാ ബാവാതിരുമേനിയും, പല ഇടവകകളിൽ നിന്നും വന്നിരുന്ന ബഹുമാന്യ വൈദീകരും ചേർന്ന് തിരുമേനിക്ക് "അന്ത്യകന്തീലാ" ശുശ്രൂഷ നടത്തിയപ്പോൾ; തിരുമേനി മുൻപ് ചൊല്ലിതന്ന രീതിയിൽതന്നെ എല്ലാവരും ഇടിക്കുന്ന ഹൃദയത്തോടും, വിറക്കുന്ന അധരങ്ങളോടുംകൂടി "കരുണക്കടലേ! ഞാൻ നോക്കും" എന്ന അനുതാപത്തിന്റെ ഗീതം പാടിയതും, തിരുമേനി അന്ന് കാലംചെയ്തേക്കുമെന്നുള്ള ചിന്തയിൽ കഴിച്ചുകൂട്ടിയതും, ഇപ്പോൾ സ്മരിക്കാതെ വയ്യാ!!! എങ്കിലും കാരുണ്യവാനായ ദൈവം വീണ്ടും സൗഖ്യവും, ആരോഗ്യവും നൽകി 1951 ഏപ്രിൽ 17 -ാം തീയതി വരെ ജീവിച്ചിരുന്ന് വിലയേറിയ പല പൈതൃ കോപദേശങ്ങളും മലങ്കര മഹാ ഇടവകക്ക് നൽകിതരുവാൻ തക്കവണ്ണം തിരുമനസ്സായി. തിരുമേനിയുടെ ആയുസ്സ് അൽപ്പകാലത്തേക്കു കൂടി നീട്ടിതന്നതിൽ സഭാനാഥനായ കർത്താവേശുമിശിഹായെ നന്ദിപൂർവ്വം വാഴ്ത്തുന്നു.

സുഖക്കേടുകൾ എല്ലാം ഭേദമായി വേണ്ടത്ര വിശ്രമം അനുഭവിക്കാതെതന്നെ കോട്ടയം ചെറിയപള്ളി ഇടവകക്കാരുടെ ആഗ്രഹാനുസരണം ഹാശാ ആഴ്ചയിൽ ചെറിയപള്ളിയിൽ എഴുന്നള്ളിയിരുന്നുകൊണ്ട് ദിവ്യാരാധനകളും, "പീഢാനുഭവയാത്ര" എന്ന വിഷയത്തിൽ ഒരു പ്രസംഗപരമ്പര നടത്തി. ഉയർപ്പിന്റെ ദിവ്യസന്ദേശം എല്ലാവർക്കും കൽപ്പിച്ചരുളിയ ശേഷം തിരിച്ചെഴുന്നെള്ളി. ഈഅവസരത്തിൽ ചെറിയപള്ളിമേടയിൽ, തിരുമേനിയുടെ സെക്രട്ടറിയും വേലക്കാരൻ ജേക്കബിനേയും കൂടാതെ ഞങ്ങൾ ചെറുപ്പക്കാർ നാലഞ്ചുപേർ തിരു മേനിയുടെ അടുക്കൽ കിടക്കുകയും, തിരുമേനി നിദ്രാധീനനാകുംവരെ ഓപ്പറേഷന് വിധേയമായ കൈയും കാലുകളും മാറി മാറി തടവികൊണ്ടിരിക്കുമായിരുന്നു. പ്രവൃത്തിചെയ്തുകൊണ്ടു മരിക്കണമെന്നുള്ള തിരുമേനിയുടെ ആഗ്രഹവും, പുറമേ, "ഇപ്പോൾ ബാവാ തിരുമേനി ഉൾപ്പെടെയുള്ള പിതാക്കന്മാരേക്കാൾ മുമ്പ് ഞാൻ കടന്നുപോകുമെന്ന്" സുഖക്കേടിനുശേഷം ഒന്നു രണ്ടു അവസരങ്ങളിൽ കൽപ്പിച്ചതനുസരിച്ചും, വിശുദ്ധ പൗലൂസ്സിനെപ്പോലെ "നിങ്ങൾ എന്റെ മുഖം ഇനി കാണുകയില്ലെന്ന് മുൻകൂട്ടി അറിയിച്ചുകൊണ്ടും, സത്യവിശ്വാസപൂർവ്വം ഓട്ടം തികച്ച് നിത്യസ്വസ്ഥതയിലേക്ക് പ്രവേശിച്ചിരിക്കുന്ന പരിശുദ്ധ പിതാവായ മാർ പീലക്സിനോസ്തിരുമേനിയുടെ ഓർമ്മ മലങ്കരമഹാ ഇടവകയ്ക്ക് വാഴ്വിനായും, ആ പുണ്യാത്മാവിന്റെ പ്രാർത്ഥന നമുക്കെല്ലാം കോട്ടയും സങ്കേതവുമായി തീരട്ടെ എന്ന് തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ ഞാനും അഭയം പ്രാപിക്കുന്നു. "നീതിമാനെ കുറിച്ചുള്ള ഓർമ്മ വാഴ്വിനായി തീരട്ടെ" തന്റെ ഭക്തന്മാരുടെ മരണം കർത്താവിന് വിലയേറിയതാകുന്നു" പരിശുദ്ധ പിതാവായ മാർ പീലക്സിനോസ് തിരുമേനി ഞങ്ങൾക്കുവേണ്ടി എന്നന്നേക്കും അപേക്ഷിക്കണമേ. ആമേൻ. (1951-ൽ പ്രസിദ്ധീകരിച്ച മാർ പീലക്സിനോസ് സുവനീറിൽ നിന്ന് എടുത്തത്)

സുഖക്കേടുകൾ എല്ലാം ഭേദമായി വേണ്ടത്ര വിശ്രമം അനുഭവിക്കാതെതന്നെ കോട്ടയം ചെറിയപള്ളി ഇടവകക്കാരുടെ ആഗ്രഹാനുസരണം ഹാശാ ആഴ്ചയിൽ ചെറിയപള്ളിയിൽ എഴുന്നള്ളിയിരുന്നുകൊണ്ട് ദിവ്യാരാധനകളും, "പീഢാനുഭവയാത്ര" എന്ന വിഷയത്തിൽ ഒരു പ്രസംഗ പരമ്പരയും നടത്തി. ഉയർപ്പിന്റെ ദിവ്യസന്ദേശം എല്ലാവർക്കും കൽപ്പിച്ചരുളിയ ശേഷം തിരിച്ചെഴുന്നെള്ളി.

തന്റെ ആത്മീയ പ്രചോദനമായിരുന്ന പുത്തൻകാവ് പള്ളിയുടെ മുറ്റത്തിരിക്കുന്ന പുത്തൻകാവിൽ കൊച്ചുതിരുമേനി

കബറിലെ തിരുമൊഴികൾ

പരിശുദ്ധന്മാരുടെയും പിതാക്കന്മാരുടെയും ഓർമ്മ ഭക്തിയുടെ പ്രകടനമോ ആർഭാടത്തിന്റെ ആഘോഷമോ അല്ല, പിന്നെയോ അവരുടെ ജീവിതത്തിന്റെ മഹത്വവും മനോഹാരിതയും നമ്മുടെ ആദ്ധ്യാത്മിക വളർച്ചയ്ക്കായി ഒരുക്കുന്ന നിർണ്ണായക നിമിത്തങ്ങൾ ആകണം എന്നത് തർക്കമറ്റ യാഥാർത്ഥ്യമാണ്. കൊച്ചുതിരുമേനിയുടെ ജീവിതത്തിന്റെ നന്മയും വിശുദ്ധിയും മാത്രമല്ല ആ വ്യക്തിത്വത്തിന്റെ സമ്പന്നതയും സമ്പൂർണ്ണതയും എടുത്തുകാണിക്കുന്ന ഒന്നാണ് ആ കബറിലെ തിരുമൊഴികൾ

"His presence was joyful
His voice sweet
His words inspiring
His manners endearing
His smile unforgettable"

ഈ വരികൾ പരിശുദ്ധ വട്ടക്കുന്നേൽ ബാവാ തിരുമനസ്സുകൊണ്ട് വൈദികനായിരിക്കുമ്പോൾ നിർദ്ദേശിച്ചതാണ് എന്ന് ചെങ്ങന്നൂർ ഭദ്രാസന മെത്രാപ്പോലീത്താ തോമസ് മാർ അത്താനാസിയോസ് തിരുമേനി അനുസ്മരിക്കുന്നുണ്ട്. കാരണം കൊച്ചുതിരുമേനിയാൽ ഉയർത്തപ്പെട്ട ഒരാളാണ് പരിശുദ്ധ വട്ടക്കുന്നേൽ ബാവാ തിരുമേനി.

1 **"His presence was joyful**

കൊച്ചുതിരുമേനിയുടെ സാന്നിദ്ധ്യം സന്തോഷപ്രദമായിരുന്നു. മലങ്കരസഭയുടെ പ്രശ്നസങ്കീർണ്ണമായ കാലയളവിൽ സഭാമക്കളെ വിശ്വാസത്തിന്റെ ധന്യതയാർന്ന പാതയിലൂടെ നയിച്ച വ്യക്തിയാണ് പുത്തൻകാവിൽ കൊച്ചുതിരുമേനി. പരമകാരുണ്യവാനായ ദൈവത്തോടുള്ള വേർപിരിയാനാവാത്ത ബന്ധം (**An inseparable relationship with God**) നിമിത്തമായി അനുഭവിച്ച ദൈവീക സാന്നിദ്ധ്യത്തിന്റെ പ്രതിഫലനങ്ങളാണ് വിശ്വാസികൾ അനുഭവിച്ച ആ മഹനീയമായ സന്തോഷം. ആ കർമ്മ ചൈതന്യം പ്രസരിതമാക്കിയ അജപാലന ശുശ്രൂഷാരംഗം സഭയിലെ പിരിമുറുക്കങ്ങൾക്കും കോളിളക്കങ്ങൾക്കു പ്രശ്നപരിഹാരമായി മാതൃസഭയെ ഉപേക്ഷിച്ചും പുനരൈക്യ പ്രസ്ഥാനത്തിന് ആരംഭം കുറിച്ചുവെങ്കിലും പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ കടന്നുവരവിനായി ദൈവം ഒരുക്കിയ ഒരു സാദ്ധ്യതയും പദ്ധതിയുമായിരുന്നില്ലേ അത്?

2. **His voice sweet**

മുൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയും മുൻമഹാരാഷ്ട്ര ഗവർണറുമായ ശ്രീ. പി.സി. അലക്സാണ്ടർ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ജന്മദിനശതാബ്ദി ആഘോഷ വേളയിൽ അനുസ്മരണ പ്രസംഗം നടത്തിയപ്പോൾ പറഞ്ഞ ഒരു വാചകം ഇപ്രകാരമായിരുന്നു. "വിശ്വാസികളെ വി. കുർബ്ബാനയിലൂടെ സ്വർഗതുല്യമായ അനുഭവത്തിലേക്ക് നയിച്ച ശബ്ദം ആയിരുന്നു കൊച്ചുതിരുമേനിയുടേതെന്നും സൗന്ദര്യപൂർണവും സംഗീതാത്മകവുമായ ആരാധനയിലെ ആ സ്വർഗ്ഗീയ ഗാനമാധുരി ഇനിയും ആർക്കെങ്കിലും ലഭിക്കുമോ എന്നും സംശയിക്കുന്നു" സഭാ തനയർക്ക് സ്വർഗ്ഗീയ അനുഭൂതി ലഭിക്കുന്ന ഒന്നായിരുന്നു തിരുമേനിയുടെ "കരുണക്കടലേ ഞാൻ നോക്കും" എന്ന അനുതാപത്തിന്റെ മഹനീയ

ശ്രീമതി.മെർലിൻ റ്റി.മാത്യു
തണ്ടപ്രാപീടികയിൽ

> ***ആരാധനയിലൂടെയും വാക്കുകളിലൂടെയും പ്രവൃ ത്തികളിലൂടെയും പെരുമാറ്റങ്ങളിലൂടെയും കൈവ രിച്ച തിരുമേനിയുടെ മുഖതേജസ്സ് അനന്യമായി കാലത്തെ അതിലംഘിച്ച് നില നിൽക്കുന്നു. കാരണം, തിരുമേനിയുടെ ജീവിത വിശുദ്ധിയിൽ നിന്ന് ഉടലെടുത്ത പക്വമാർന്ന ആദ്ധ്യാത്മികതയുടെ പ്രതിസ്ഫുരണമായിരുന്നു. ആ ഒരിക്കലും മായാത്ത, മറയാത്ത മറക്കാനാ വാത്ത ആ പുഞ്ചിരി.***

സംഗീതം ഈ ശബ്ദത്തിൽ നിൽക്കുന്ന മരംപോലും സന്തോഷം കൊണ്ട് ചായും" എന്ന് പുത്തൻകാവിലെ വൃദ്ധജനങ്ങൾ സാക്ഷിക്കുന്നുണ്ട്. വിശ്വാസിയുടെ ആരാധനജീവിത്തെ പ്രോത്സാഹിപ്പിക്കുവാനും ദേവാലയ കർമ്മങ്ങളിലേക്കും ആചരണങ്ങളിലേക്കും അവരെ ആകർഷിക്കുവാനും തിരുമേനിക്ക് കഴിഞ്ഞുവെങ്കിൽ നമ്മുടെ ആരാധനയിലെ സമർപ്പണം അനേകരെ വെളിച്ചത്തിന്റെ പാതയിലൂടെ നയിക്കുവാനുള്ളതായിരിക്കണം.

His words inspiring : An inseperable relationship with word of God and church

ദൈവത്തിന്റെ വചനങ്ങളുമായും സഭയുമായുമുള്ള നിസ്തന്ദ്രമായ ബന്ധം സുവിശേഷീകരണത്തിന്റെ വിശാലമാനങ്ങളെ കാലോചിതമായി കരുപിടിപ്പിക്കുവാൻ തിരുമേനിക്ക് സാധിച്ചു. മാത്രമല്ല, കാതോലിക്കേറ്റ് സഭയുടെ അസ്തിത്വം ആണെന്നതിനെ കുറിച്ചും കാതോലിക്കേറ്റ് സിംഹാസനത്തിന്റെ തനതായ പ്രാധാന്യത്തെക്കുറിച്ചും കാതോലിക്കേറ്റ് പുനസ്ഥാപനത്തിന് ശേഷം സഭയിലെങ്ങും വിശ്രമമില്ലാതെ ഓടിനടന്ന് സഭാമക്കളെ ദൈവീകപാതയിലൂടെ നയിക്കുകയും ചെയ്തു. "കാതോലിക്കേറ്റിനെക്കുറിച്ച് പ്രസംഗിക്കുവാൻ കുന്നംകുളത്ത് എത്തുക പതിവായിരുന്നു. അന്നത്തെ ദുർഘടവും ദുഷ്കരവും വിഷമകരവുമായ ദീർഘയാത്ര തിരുമേനിക്ക് പ്രതിസന്ധികൾക്ക് കാരണമായില്ല ശക്തമായും വ്യക്തമായും ഉള്ള വചന ശുശ്രൂഷയിലൂടെ സഭാപ്രവർത്തനങ്ങളെ പ്രോജ്ജ്വലിപ്പിക്കുവാൻ തിരുമേനിക്ക് കഴിഞ്ഞു" പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവാ തിരുമനസ്സുകൊണ്ട് പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ 62-ാം ഓർമ്മപ്പെരുന്നാളിൽ അനുസ്മരിക്കുകയുണ്ടായി. ഭാരതസുവിശേഷീകരണത്തിന് ആക്കവും തൂക്കവും വ്യക്തതയും നൽകുവാൻ സഭ എല്ലാ മേഖലകളിലും ഉണരുവാൻ പ്രാർത്ഥിക്കാം.

His manners endearing

സ്നേഹത്തിന്റെ പൂർണതയും (totality of love) ത്യാഗതീഷ്ണതയും (intensity of service) കൂടി കലർന്നതായിരുന്നു തിരുമേനിയുടെ പെരുമാറ്റ ശൈലി. പുത്തൻകാവ് മെട്രോപ്പോലീത്തൻ ഹൈസ്കൂൾ സ്ഥാപന സമയത്ത് തിരുമേനിയുടെ പെരുമാറ്റങ്ങളും പ്രവർത്തന ശൈലികളും കഠിനാദ്ധ്വാനങ്ങളും കണ്ടും, അനുഭവിച്ചും, വിശ്വാസികൾ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങളെ സഹായിച്ചിട്ടുണ്ട്. തിരുമനസ്സുകൊണ്ട് കരിങ്കല്ല് ചുമന്നുകൊണ്ട് പോകുന്നത് കണ്ട് മറ്റുള്ളവർ ആ പ്രവർത്തനത്തിൽ പങ്കാളികളായിത്തീർന്നിട്ടുണ്ട്.

ഇന്ന് വിവര സാങ്കേതിക വിദ്യയുടെ വിസ്ഫോടനാത്മകമായ വളർച്ച ദൈവത്തെപ്പോലും വെല്ലുവിളിച്ചുകൊണ്ട് പരീക്ഷണശാലകളിൽ മനുഷ്യന്റെ ഉൽപത്തിയിലേക്ക് പുതിയ ആരംഭം നൽകുവാൻ "ദൈവകണം" എന്ന വിഷയം തന്നെ ചിന്തയ്ക്കും പഠനത്തിനും കാരണമായിത്തീരുമ്പോൾ യുവതലമുറയുടെ പെരുമാറ്റങ്ങളിലെ വൈകൃതം ക്രിസ്തീയ മൂല്യങ്ങളെ ലാഘവപ്പെടുത്തുകയും ബലഹീനമാക്കുകയും ചെയ്യുകയല്ലേ....

His smile unforgettable"

ആരാധനയിലൂടെയും വാക്കുകളിലൂടെയും പ്രവൃത്തി കളിലൂടെയും പെരുമാറ്റങ്ങളിലൂടെയും കൈവരിച്ച തിരുമേനിയുടെ മുഖതേജസ്സ് അനന്യമായി കാലത്തെ അതിലംഘിച്ച് നില നിൽക്കുന്നു. കാരണം, തിരുമേനിയുടെ ജീവിതവിശുദ്ധിയിൽ നിന്ന് ഉടലെടുത്ത പക്വമാർന്ന ആദ്ധ്യാത്മികതയുടെ പ്രതിസ്ഫുരണമായിരുന്നു ആ ഒരിക്കലും മായാത്ത, മറയാത്ത മറക്കാനാവാത്ത ആ പുഞ്ചിരി.

എന്റെ ദൈവം, എന്റെ സഭ എന്ന് ആവർത്തിക്കുകയും ജീവിതത്തിന്റെ സമസ്ത അനുഭവങ്ങളിലൂടെയും മേഖലകളിലൂടെയും അത് സാക്ഷിക്കുകയും ചെയ്ത പുത്തൻകാവിൽ കൊച്ചുതിരുമേനി ഇന്നും കാലത്തിലൂടെ ജീവിച്ച് കാലഘട്ടത്തിൽ സഭാതനയരോട് വിളിച്ചുപറയുന്നു " I count not my life dear unto my self so that I might finish my course with joy and the ministery which I have received of Lord Jesus to testify the gospal of the grace of God"
(കബറിന്റെ കിഴക്ക് ഭാഗത്ത് എഴുതിയിരിക്കുന്നു)

സഭാ ഭാസുരൻ കണ്ടെത്തിയ രത്നദീപം

അഡ്വ. മാത്യു മാംകൂട്ടത്തിൽ
President, MARFA, UAE Chapter

മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ ഓർത്ത ഡോക്സ് സഭയെ റോമനുകത്തിൽ കീഴിൽ തളയ്ക്കുവാനായി റീത്ത് പ്രസ്ഥാനം തുടങ്ങുകയും അക്കൂട്ടർ സഭവിട്ടുപോകുകയും ചെയ്തു. ഈവാനിയോസിനെ ബാല്യത്തിൽ തന്നെ കണ്ടെത്തി പഠിപ്പിച്ച് വളർത്തി പൂർണ്ണമായി വിശ്വസിച്ച് തന്റെ പിൻഗാമിയായി കരുതി ഉയർത്തിക്കൊണ്ടുവന്ന വട്ടശ്ശേരി തിരുമേനിയെ ഈവാനിയോസിന്റെ റീത്ത് പ്രസ്ഥാനം തളർത്തി.

ആനപാപ്പിയുടെ കൊലപാതകം, മാർ ഈവാനിയോസിന്റെ കൃതഘ്നത തന്മൂലം സഭക്കുണ്ടായ നഷ്ടം. വാർധക്യസഹജമായ രോഗങ്ങൾ, സഭയുടെ ഭാവിയെപ്പറ്റിയുള്ള ആശങ്ക തനിക്ക് ശേഷം ആര് എന്ന ശൂന്യതാബോധം, സഭാമക്കൾ നേരിടുന്ന കഷ്ടപാടുകൾ തോമാ ശ്ലീഹായാൽ സ്ഥാപിതമായ സഭയെ അണയാതെ സൂക്ഷിക്കുക എന്ന ഉത്തരവാദിത്വം എല്ലാം വട്ടശേരിൽ തിരുമേനിയെ ആകുലചിത്തനാക്കി. ആ പരിശുദ്ധ പിതാവ് ഒട്ടും പതറാതെ പ്രാർത്ഥിച്ചു. എന്റെ കർത്താവും എന്റെ ദൈവമേ മോശക്ക് യോശുവയെ കൊടുത്തതു പോലെ ഒരുവനെ നീ കാണിച്ചു തരണമേ എന്ന് പ്രാർത്ഥിച്ച ആ പിതാവിന്റെ മനസിൽ ഒരു രത്നദീപം തെളിഞ്ഞു. അതായിരുന്നു പുത്തൻകാവിൽ കൊച്ചു തിരുമേനി. പിറ്റേപ്രഭാതത്തിൽ വട്ടശ്ശേരിൽ തിരുമേനിയും സഹായിയും പുത്തൻകാവിലെത്തി. പിതാവായ കിഴക്കേതലയ്ക്കൽ തോമ്മാകത്ത നാരോട് ആവശ്യം പറഞ്ഞു. അച്ചൻ പറഞ്ഞു യഹോവ തന്നു അവിടുത്തെ ഇഷ്ടം അങ്ങനെയെങ്കിൽ തിരുമേനി കല്പിച്ചതു പോലെ ആകട്ടെ എന്ന്.

മലങ്കര അസോസിയേഷന്റെ അനുമതിയോടെ ഗീവർഗ്ഗീസ് റമ്പാച്ചനെ ഗീവർഗീസ് മാർ പീലക്സിനോസ് എന്ന നാമത്തിൽ പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവ പരുമലയിൽവെച്ച് 1930 നവംബർ 2-ാം തീയതി മെത്രാനാക്കി. വട്ടശ്ശേരിൽ തിരുമേനിയുടെ വെളിപാടുകൾ തെറ്റിയില്ല. 33 കാരനായ കൊച്ചുതിരുമേനി ഒരു കൊടുങ്കാറ്റുപോലെ കേരളമാകെ പടർന്നു. വടക്കൻ കേരളത്തിൽ അന്ത്യോക്യൻ വിഘടനവാദികൾക്കു എതിരെ എങ്കിൽ തെക്കൻ കേരളത്തിൽ റീത്തു പ്രസ്ഥാനക്കാർക്കെതിരെ, സഭയെ അവയിൽ നിന്ന് രക്ഷിക്കേണ്ടതായ ദൗത്യം കൊച്ചുതിരുമേനിയിൽ നിക്ഷിപ്തമായി. പറയാനും പാടാനും ഒരുപോലെ കഴിവ് ഒരാൾക്ക് കിട്ടുക പതിവില്ല . അതിന് വിപരീതമായി അസാമാന്യ വാഗ്മിത്വവും അതുല്യ ഗളശുദ്ധിയും ഒന്നിച്ച തിരുമേനി ഗാനകോകിലം എന്നറിയപ്പെട്ടു. വിദ്യാസമ്പന്നൻ, കായിക ഗംഭീരൻ, അതുല്യ സംഘാടകൻ, ദയാലു, ദീനാനുകമ്പൻ, വിനയാന്വിതൻ സ്വർഗീയ ആരാധനാകർമ്മി, കായികാധ്വാനി, അംബര ചുംബിത വ്യക്തിപ്രഭാവം, താപസൻ രണ്ട് നൂറ്റാണ്ടുകൾ കൊണ്ട് നേടാൻ പറ്റാത്തത് രണ്ട് ദശാബ്ദത്തിലെ മഹാപുരോഹിത്വം കൊണ്ട് നേടിയ വിശുദ്ധൻ. പുത്തൻ യുഗാ യുഗങ്ങളിൽ മാത്രം പ്രത്യക്ഷപ്പെടുന്ന അപൂർവ ജന്മം. സിദ്ധി ജന്മങ്ങൾ അൽപ്പായുസ് എന്ന തത്വം തിരുമേനിയിലും അനുവർത്തിക്കപ്പെട്ടു. 53-ാമത്തെ വയസ്സിൽ തന്റെ സഭയ്ക്കു വേണ്ടി നെഞ്ചുവേദന അവഗണിച്ച് ഉജ്ജ്വല പ്രഭാഷണം നടത്തി. ജീവൻ വെടിഞ്ഞു.

1951ലെ കതോലിക്ക ദിനത്തിന് കുന്നംകുളം പഴയ പള്ളിയിലെ തന്റെ അവസാന പ്രസംഗത്തിൽ പറയുന്നു. ഞാൻ ഇന്നോ നാളെയോ മരിച്ചേക്കാം. അവസാനമായി ഞാൻ പറയുന്നു. വട്ടശ്ശേരിൽ തിരുമേനിയുടെ അന്ത്യമൊഴികൾ നിങ്ങൾ വായിച്ചിരിക്കുമല്ലോ ആ മൊഴികൾ നിങ്ങളുടെ ഹൃദയത്തിൽ നിന്നും മാഞ്ഞുപോകരുത്. അതിനാൽ യുവാക്കന്മാർ സഭാസ്നേഹികളായി സഭാസേവനത്തിന് കച്ചകെട്ടണം. മലങ്കരസഭയുടെ കാതോലിക്കേറ്റിന്റെ കാവൽ ഭടനായി ജന്മം മുഴുവനും പോരാടി തന്റെ ഗുരുനാഥനെ പ്രണമിച്ച് യുവതലമുറ സഭാസേവനത്തിന് വരണം എന്ന് ആഹ്വാനം ചെയ്തുകൊണ്ട് ആ പുണ്യാത്മാവ് നമ്മെ വിട്ടു പോയി.

കൊച്ചുതിരുമേനിയുടെ പ്രവർത്തനമണ്ഡലം തുമ്പമൺ ഭദ്രാസനം മാത്രമായിരുന്നില്ല. സഭ ആകമാനമായിരുന്നു. പലവിധ കാരണങ്ങളാൽ മലങ്കര സഭയ്ക്ക് ഈ പിതാവിന്റെ മഹൽസേവനങ്ങളെ വേണ്ടവിധം തിരിച്ചറിയാനായില്ല. അതേസമയം കൊച്ചുതിരുമേനി നേരിട്ട മാർ ഈവാനിയോസിനെ മറുപക്ഷം ആർച്ച് ബിഷപ്പ് ആക്കിയും സ്മാരകങ്ങൾ നിർമ്മിച്ചും സ്ഥാനമാനങ്ങൾ നൽകിയും ആദരിച്ചപ്പോൾ മലങ്കര സഭയ്ക്കുവേണ്ടി ജീവൻ ത്യജിച്ച ഈ പുണ്യപിതാവിന് വേണ്ടി ഒന്നും ചെയ്യാൻ സഭയ്ക്ക് കഴിഞ്ഞില്ല. ഈ കുറവ് പരിഹരിക്കാനാണ് 26 വർഷം മുമ്പ് യു. എ. ഇയിൽ തിരുമേനിയുടെ ആരാധകർ ചേർന്ന് (മാർപിലക്സിനോസ് മെമ്മോറിയൽ ഫ്രണ്ട്സ് അസ്സോസിയേഷൻ **MARPFA**) എന്ന പേരിൽ ഒരു ആത്മീയ സംഘടന തുടങ്ങി. **Mar Philoxenos** ന്റെ ചിന്തകൾ സഭാ വിശ്വാസികളിൽ എത്തിക്കുകയും തന്റെ അകാല വിയോഗത്താൽ അപൂർണ്ണമായി തീർന്ന കർമ്മങ്ങളുടെ പൂർത്തീകരണവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ഈ സംഘടന, രോഗികൾ, ഭവനരഹിതർ, അനാഥർ പാവപ്പെട്ട യുവതികൾ, അംഗവൈകല്യമുള്ളവർ എന്നിങ്ങനെ സമൂഹത്തിന്റെ ആലംബഹീനർക്ക് തുണയായി പ്രവർത്തിക്കുന്നതോടൊപ്പം സഭാനിർമ്മാണ പ്രവർത്തനങ്ങളിൽ എളിയതോതിൽ സഹകരിക്കുകയും ചെയ്യുന്നു. ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ അനുമതിയോടും അംഗീകാരത്തോടും പ്രവർത്തിക്കുന്ന ഈ സംഘടന മലങ്കര സഭയ്ക്ക് ആകെ അഭിമാനകരമായി തീർന്നിരിക്കുന്നു.

MARPFA യുടെ എളിയ അപേക്ഷയെമാനിച്ച് പുത്തൻ കാവിൽ കൊച്ചുതിരുമേനിയെ കാതോലിക്കേറ്റ് രത്നദീപവുമായി നാമകരണം ചെയ്ത സഭയുടെ സുന്നഹദോസിനോടുള്ള ഭക്തി ആദരവുകൾ സാദരം രേഖപ്പെടുത്തുന്നതോടൊപ്പം അതിന് വേണ്ടി പ്രവർത്തിച്ച സ്വദേശത്തും വിദേശത്തുമുള്ള എല്ലാവരെയും നന്ദിയോടെ സ്മരിക്കുകയും ചെയ്യുന്നു.

പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ഓർമ്മ മായാതെ മങ്ങാതെ ലോകാവസാന ത്തോളം നില നിർത്തുവാൻ നമുക്ക് സാധിക്കണം. തന്റെ ഗുരുവിനെ പോലെ തന്നെ വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടാൻ സർവാത്മനായോഗ്യനായ ഈ പുണ്യപിതാവിന്റെ പ്രാർത്ഥനയിൽ നമുക്ക് ശരണപ്പെടാം.

പുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ ഓർമ്മ മായാതെ മങ്ങാതെ ലോകാവസാന ത്തോളം നില നിർത്തുവാൻ നമുക്ക് സാധിക്കണം. തന്റെ ഗുരുവിനെ പോലെ തന്നെവിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടാൻ സർവാത്മനായോഗ്യനായ ഈ പുണ്യപിതാവിന്റെ പ്രാർത്ഥനയിൽ നമുക്ക് ശരണപ്പെടാം.

1939 ജൂൺ 2-ാം തീയതി പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അനുഗ്രഹത്താൽ പുത്തൻകാവ് പള്ളിപ്പടി ജംഗ്ഷനിൽ സ്ഥാപിക്കപ്പെട്ട കൽക്കുരിശ്

എന്നാൽ നിങ്ങൾക്ക് രോഗശാന്തി വരേണ്ടതിനു തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞ് ഒരുവനു വേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ. നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു.

യാക്കോബ് 5:16

പുത്തൻകാവിൽ കൊച്ചുതിരുമേനി
മലങ്കരയുടെ ദാർശനികൻ

ഡോ: മാത്യു പി. ജോസഫ്
പടിഞ്ഞാറേമണ്ണിൽ,
പ്രിൻസിപ്പൽ, കാതോലിക്കേറ്റ് കോളേജ്

മലങ്കര സഭയുടെ ആത്മീയ - ഭൗതിക - വിദ്യാഭ്യാസ മേഖലകളിലെ പുരോഗതി ഒരു ദാർശനികനെപ്പോലെ മുൻക്കൂട്ടി കണ്ട് പ്രവർത്തിച്ച മഹത് വ്യക്തിയാണ് പുത്തൻകാവിൽ കൊച്ചുതിരുമേനി. ആത്മീയ രംഗത്തെ തിരുമേനിയുടെ കാഴ്ച്ചപ്പാട് വ്യക്തമാക്കുന്നതാണ് പത്തനംതിട്ട ബേയ്സിൽ ദയറ വിദ്യാഭ്യാസ സമ്പന്നരായ അവിവാഹിതരായ ചെറുപ്പകാരായ വൈദികരാണ് സഭയുടെ ആത്മീയ അടിത്തറയ്ക്ക് ആവശ്യമെന്ന് തിരുമേനി മനസ്സിലാക്കി. നിരവധി പ്രഗൽഭരായ ചെറുപ്പക്കാരെ പൗരോഹിത്യത്തിലേക്ക് നയിച്ചു. സഭയുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആണ് എം. സി റോഡിന്റെ സമീപം നിരവധി സഭാകേന്ദ്രങ്ങൾ വേണമെന്ന ചിന്താഗതി തിരുമേനിയ്ക്ക് ഉണ്ടായത്. അടൂർ പറന്തൽ പള്ളി, ചെങ്ങന്നൂർ ബഥേൽ പള്ളി എന്നിവ സ്ഥാപിക്കുവാൻ ഇത് ഇടയാക്കി. ഒരു സമൂഹത്തിന്റെ ഉയർച്ച വിദ്യാഭ്യാസ പുരോഗതിയിലൂടെയാണെന്ന് വിശ്വസിച്ച തിരുമേനി നിരവധി സ്കൂളുകൾ സ്ഥാപിച്ചു. കാതോലിക്കേറ്റ് ഹൈസ്കൂൾ, കിഴവള്ളൂർ സ്കൂൾ. മെത്രാപ്പോലീത്തൻ ഹൈസ്ക്കൂൾ തുടങ്ങിയ സ്ക്കൂളുകൾ അങ്ങനെ സ്ഥാപിച്ചതാണ്. തന്റെ സ്ഥാപനങ്ങൾക്കു വേണ്ടി കായികമായി അദ്ധ്വാനിച്ച ചെറുപ്പക്കാരനായ പുത്തൻകാവിൽ കൊച്ചു തിരുമേനി കണ്ടുമുട്ടുന്ന ഏവരെയും ആകർഷിച്ച വ്യക്തിത്വമാണ്. കാതോലിക്കേറ്റ് ഹൈസ്കൂളിന് വലിയ ആഴത്തിലും വീതിയിലും വാനം എടുക്കുന്നത് എന്തിനാണ് എന്ന് തിരുമേനിയോട് ചോദിച്ചവരോട് തിരുമേനി പറഞ്ഞു ഇത് ഒരു കാലത്ത് കോളേജാകും അന്ന് ഇതിന്റെ മുകളിൽ പല നിലകൾ വരും എന്നാണ്. ഇത് ഒരു ദാർശനികന്റെ കാഴ്ച്ചപ്പാടാണ്. കാതോലിക്കേറ്റ് കോളേജിന് അപേക്ഷ കൊടുത്ത് പ്രാരംഭപ്രവർത്തനങ്ങൾ നടത്തിയ തിരുമേനിയ്ക്ക് കോളേജ് അനുവ ദിച്ച ഉത്തരവ് കൈപ്പറ്റാൻ ഭാഗ്യമുണ്ടായില്ല. തിരുമേനി കാലം ചെയ്ത ശേഷമാണ് ഉത്തരവ് വന്നത്. പുസ്തകങ്ങളെ ഏറെ സ്നേഹിച്ച തിരുമേനിയുടെ നാമധേയത്തിൽ അണ് കോളേജിന്റെ ലൈബ്രറി നാമകരണം ചെയ്തിരിക്കുന്നത്. ഇന്ന് ഗീവറുഗീസ് മാർ പീലക്സിനോസ് മെമ്മോ റിയൽ ലൈബ്രറി സുവർണ്ണ ജൂബിലി സ്മാരകമായി ഉയർന്നു നിൽക്കുന്നു. പുത്തൻകാവിൽ കൊച്ചുതിരുമേനി കല്ലും മണ്ണും ചുമന്ന മണ്ണിലെ തിരുമേനിയുടെ അനശ്വര സ്മാരകമാണ് ഇത്. മലങ്കരസഭയുടെ ഒരു നൂറ്റാണ്ടിന്റെ വികസനങ്ങൾ മുൻകൂട്ടി കണ്ട ദാർശനികനായ പുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ അനുഗ്രഹങ്ങൾ എക്കാലവും കാതോലിക്കേറ്റ് കോളേജിന് ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

പുത്തൻകാവ് കൊച്ചുതിരുമേനി സ്ഥാപിക്കാൻ മുൻകൈ എടുത്ത പത്തനംതിട്ടയിലെ കാതോലിക്കേറ്റ് കോളേജ്. തിരുമേനിയുടെ നാമധേയത്തിൽ സ്ഥാപിച്ച ലൈബ്രറിയും കാണാം

ദേശത്തിന്റെ പുണ്യം പുത്തൻകാവിൽ കൊച്ചുതിരുമേനി

കോശി ജോർജ്ജ്
കുന്നുംപുറത്ത്
(പുത്തൻകാവ് സെന്റ് മേരീസ്
കത്തീഡ്രൽ ട്രസ്റ്റി)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ പ്രഖ്യാപിത തീർത്ഥാടന കേന്ദ്രമായ പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലിലെ ഒരംഗമായി ജനിക്കാൻ സാധിച്ചതിൽ എനിക്കതിയായ അഭിമാനമുണ്ട്. പിതാക്കന്മാരുടെ പ്രാർത്ഥനകളാൽ ഈ പുണ്യഭൂമി എന്നും അനുഗ്രഹീതമാണ്. പുത്തൻകാവിന്റെ മണ്ണിൽ ജനിച്ച് വളർന്ന് സഭയ്ക്ക് എന്നും അഭിമാനമായി മാറിയ ഗീവർഗീസ് മാർ പീലക്സിനോസ് (രത്നദീപം) തിരുമേനിയെ ഓർക്കുമ്പോൾ എനിക്ക് എന്നും ആവേശവും പ്രചോദനവുമാണ്. എന്റെ ജീവിതത്തിന്റെ പ്രവർത്തനമേഖലകളിൽ എല്ലാം ഈ പിതാവ് ആശ്രയവും അഭയകേന്ദ്രവുമായി നിലനിന്നിട്ടുണ്ട്. പരിശുദ്ധ സഭയോടുള്ള അഗാധമായ സ്നേഹവും, യുവതലമുറയോടുള്ള കരുതലും വിദ്യാഭ്യാസ മേഖലയിലെ വീക്ഷണവും ഈ പിതാവിന്റെ പ്രവർത്തന ശൈലിയുടെ പ്രത്യേകതയാണ്. പുത്തൻകാവിലെ ഓരോ കുടുംബത്തേയും, വ്യക്തിയേയും തിരുമേനിക്ക് അടുത്തറിയാം എന്ന പ്രത്യേകത ഉണ്ടായിരുന്നുവെന്ന് എന്റെ പൂർവ്വികർ പറഞ്ഞ് ഞാൻ കേട്ടിട്ടുണ്ട്. ആരാധനയിലെ ഗാനമാധുര്യം പുത്തൻകാവിലെ മക്കളുടെ ഹൃദയത്തിൽ ഇന്നും ഓർമ്മയിൽ നിലനിൽക്കുന്നു.

ചരിത്രം കാലഹരണപ്പെട്ട പോകാതിരിക്കുവാനും, ഈ പിതാവിന്റെ ഓർമ്മകൾ എന്നും നിലനിൽക്കുന്നതിനും ഈ സുവനീർ ഒരു കെടാവിളക്കായി മാറും എന്നതിൽ സംശയമില്ല. പുത്തൻകാവ് എന്ന ദേശം ലോകം അറിയുന്നെങ്കിൽ ഭാഗ്യസ്മരണർഹനായ പുത്തൻകാവിൽ കൊച്ചുതിരു മേനിയിൽക്കൂടിയാണ്, ആ വ്യക്തിത്വത്തിന്റെ ശ്രേഷ്ഠതയും പുണ്യവുമാണ് ഈ നാടിന്റെ അനുഗ്രഹം. ആ പുണ്യം എന്നും നിലനിൽക്കട്ടെ എന്ന പ്രാർത്ഥനയോടെ പിതാക്കന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച് അനുഗ്രഹങ്ങൾക്കായി യാചിക്കാം.

ആത്മീയ തേജസ്സ്, കൊച്ചുതിരുമേനി

ആദ്ധ്യാത്മിക മേഖലയിൽ ഒരു ഉജ്ജ്വലതാരമായി ശോഭിച്ച് ദൈവസന്നിധിയിൽ ലയിച്ച് സജിവനായിരിക്കുന്ന പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ മാതൃഇടവകയിൽ ഒരു അംഗമാകാൻ കഴി ഞ്ഞതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ആ പുണ്യപിതാവിന്റെ കബറിടം സ്ഥിതിചെയ്യുന്ന ഈ ദേവാലയത്തിന്റെ ഒരു എളിയ ചുമത ലക്കാരനായി ശുശ്രൂഷിപ്പാൻ ഭാഗ്യം ലഭിച്ചതിലും ഞാൻ ദൈവത്തെ മഹത്വപ്പെടുത്തുന്നു. മലങ്കരസഭയുടെ - കാവൽഭടനായി കാതോലി ക്കേറ്റ് രത്നദീപം പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ജീവിതം ഓർത്തഡോക്സ് വിശ്വാസികൾക്ക് ഒരിക്കലും മറക്കുവാൻ കഴിയില്ല - മലങ്കരസഭയ്ക്ക് ഉണർവ്വും വിശ്വാസതീഷ്ണതയും നൽകുവാൻ വിശ്രമമില്ലാതെ ഓടിയ വിശ്വാസധീരൻ. സഭാവിശ്വാസം എന്താണ് അതിന്റെ മഹത്വം എന്ത് എന്ന് തന്റെ ജീവിതത്തിലൂടെ അവസാന ശ്വാസം വരെ ശക്തമായി നൽകിയ - ആ പുണ്യപിതാവിന്റെ ജീവിതം മുഴുവനായി മലങ്കരമക്കൾക്ക് നൽകുകയായിരുന്നു. പ്രസംഗമദ്ധ്യേ വേദനയാൽ തന്റെ നെഞ്ച് പിടഞ്ഞപ്പോഴും സർവ്വശക്തൻ ഏൽപ്പിച്ച സഭയെക്കുറിച്ചുള്ള എരിവ് തന്നെ തളർത്തിയില്ല. അവസാനശ്വാസം വരെ ഈ സഭയെ തന്റെ നെഞ്ചിലേറ്റി.... തന്റെ ശരീരവേദനയേക്കാൾ പ്രാധാന്യം വിശ്വാസസമൂഹത്തോടുള്ള ഉത്തരവാദിത്വം ആണെന്ന് ആ പുണ്യപിതാവ് വിശ്വസിച്ച് - കർമ്മനിരതനായി - ദൈവസന്നി ധിയിൽ അവകാശിയായി തീർന്നു. പുത്തൻകാവ് കത്തീഡ്രലിൽ പരിശുദ്ധന്റെ കബറിങ്കലേക്ക് അനേക വിശ്വാസികൾ കടന്നുവന്ന് അനുഗ്രഹം പ്രാപിക്കുന്നു. വിശുദ്ധനായി വിശ്വാസമനസ്സുകൾ പുത്തൻകാവിൽ കൊച്ചുതിരുമേനിയെ കാണുന്നു. അനേകർ തങ്ങ ൾക്ക് ലഭിച്ച് അനുഗ്രഹങ്ങൾ സാക്ഷിക്കുന്നു. അനേക വിദ്യാർത്ഥി കൾ പുണ്യവാന്റെ കബറിങ്കൽ വന്ന് പ്രാർത്ഥിക്കുന്നു. ജീവിച്ചിരിക്കെ ഒരു നല്ല അദ്ധ്യാപകൻ കൂടിയായിരുന്നു കൊച്ചുതിരുമേനി ആ ഗുരു വിനെ മനസ്സിൽ ധ്യാനിച്ച് കുഞ്ഞുങ്ങൾ അനുഗ്രഹം പ്രാപിക്കുന്നു.

വിശ്വാസപരമായ കാര്യങ്ങളിൽ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറായിരുന്നില്ല ഈ പുണ്യപിതാവ് സഭയുടെ വിശ്വാസ സത്യ ങ്ങളിലും പാരമ്പര്യങ്ങളിലും മായം ചേർക്കുവാൻ അനുവദിച്ചിരു ന്നില്ല. അതിനായി വിശ്രമമില്ലാതെ ഓടി - സ്വർഗ്ഗീയ ആരാധനയുടെ ഉടമയായ പുണ്യപിതാവിന്റെ ജീവിതം പൂർണ്ണമായി സഭയ്ക്കായി സമർപ്പിച്ചതായിരുന്നു... പുത്തൻകാവിൽ കൊച്ചുതിരുമേനി എല്ലാവരു ടേയും ഹൃദയങ്ങളിൽ ജീവിക്കുന്നു പരിശുദ്ധ പിതാവിന്റെ പ്രാർത്ഥന നമുക്ക് അനുഗ്രഹമായി തീരട്ടെ.

വർഗീസ് തോമസ്,
കത്തീഡ്രൽ സെക്രട്ടറി,
മലയിൽ അയിരുക്കുഴിയിൽ, , പുത്തൻകാവ്

പുത്തൻകാവിൽ കൊച്ചുതിരുമേനി ഞങ്ങളുടെ നാടിന്റെ അനുഗ്രഹം

"കഴുകി മൺമയരെ നീൻ പുത്രൻ തൻ കരകളെ നീ കഴുകേണം കൃപയാൽ" എന്നു പാടികൊണ്ട് മുട്ടുകുത്തി കാൽകഴുകുന്ന രംഗം ആർക്കും വിസ്മരിക്കാൻ കഴിയാത്തതാണ്.

ജോസ്.കെ.ജോർജ്ജ്
പുത്തൻകാവ്



പുത്തൻകാവിൽ കൊച്ചുതിരുമേനി കാലം ചെയ്ത് 23 വർഷങ്ങൾക്കു ശേഷമാണ് ഞാൻ ജനിച്ചത്. എനിക്ക് ഓർമ്മ വെച്ച നാൾ മുതൽ ഭയഭക്തിയോടെ കൊച്ചുതിരുമേനിയെപ്പറ്റി എന്റെ മാതാപിതാക്കളും നാട്ടുകാരും പറയുന്നത് കേട്ടാണ് ഞാൻ വളർന്നത്. എന്റെ വീടിന്റെ സമീപമാണ് തിരുമേനിയുടെ കുടുംബവീട്. ചെറുപ്പം മുതൽ ഞാൻ തൊട്ടുവണങ്ങുന്ന കൊച്ചുതിരുമേനിയുടെ കബറിടം ഞങ്ങളുടെ നാടിന്റെ അനുഗ്രഹമാണ്.

പുത്തൻകാവിൽ കൊച്ചുതിരുമേനി എത്ര പ്രായമായി മരിച്ചവരുടെയും ശവസംസ്ക്കാരം നടത്തിയാലും അതിൽ പങ്കെടുക്കുന്നവർ തിരുമേനിയുടെ വായനയും പാട്ടും കേൾക്കുമ്പോൾ കരഞ്ഞുപോകുന്ന അനുഭവം ഉണ്ടാകാറുണ്ടെന്ന് ഞാൻ പറഞ്ഞ് കേട്ടിട്ടുണ്ട്.

പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ കാൽകഴുകൽ ശുശ്രൂഷ പുത്തൻപള്ളിയിൽ നടത്തിയത് ആർക്കും വിസ്മരിക്കാൻ കഴിയാത്ത ഭക്തിയുടെ അനുഭവമാണെന്ന് പങ്കെടുത്തവർ പറയാറുണ്ട്. മഹാകവി മാത്തൻ തരകനെ കൊണ്ട് എഴുതിപ്പിച്ച ഗീതങ്ങൾ തിരുമേനി കാൽകഴുകൽ ശുശ്രൂഷയ്ക്ക് ഉപയോഗിച്ചിട്ടുണ്ട്.

കഴുകി മൺമയരെ നീൻ പുത്രൻ
തൻ കരകളെ നീ കഴുകേണം കൃപയാൽ"

എന്നു പാടികൊണ്ട് മുട്ടുകുത്തി കാൽകഴുകുന്ന രംഗം ആർക്കും വിസ്മരിക്കാൻ കഴിയാത്തതാണ്. പുത്തൻകാവ് പള്ളിയിൽ ആരാധനയിൽ സംബന്ധിക്കുമ്പോൾ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ പ്രാർത്ഥനയും കണ്ണുനീരും വീണ സ്ഥലമാണെന്ന ചിന്ത എപ്പോഴും എന്റെ മനസ്സിൽ വരാറുണ്ട്.

കാണാൻ കഴിഞ്ഞില്ലെങ്കിലും ഞാൻ ഉൾപ്പെടെ അനേകർക്ക് പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അനുഗ്രഹം അനുഭവിച്ചറിയുവാൻ സാധിച്ചിട്ടുണ്ട്. പുത്തൻകാവിൽ കൊച്ചുതിരുമേനി നമ്മുടെ അനുഗ്രഹമാണ് പരിശുദ്ധ പിതാവേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

മലങ്കരയുടെ രത്നദീപം

പ്രിയാ ജേക്കബ്
പ്രിൻസിപ്പൽ, മെട്രോപ്പോലീറ്റൻ
എച്ച്.എസ്.എസ്

> *തിരുമേനിയുടെ കബറിടത്തിൽ നിന്നും ലഭിക്കുന്ന പോസിറ്റീവ് എനർജി എന്റെ സഹപ്രവർത്തകർക്കും കുട്ടികൾക്കും വാക്കുകൾക്കതീതമാണ്. കബറിങ്കലെത്തി ആ തിരുമുഖത്തേക്കു നോക്കി മൗനപ്രഭാഷണം നടത്തി നടകളിറങ്ങുമ്പോൾ തന്നെ മറുപടികളെല്ലാം കൂടെക്കാണും.*

പുത്തൻകാവ് മെട്രോപ്പോലീറ്റൻ സ്കൂളിൽ അദ്ധ്യാപനത്തിനും അദ്ധ്യയനത്തിനും എത്തുന്നത് ഒരു ദൈവനിയോഗമാണ്. അന്യദേശങ്ങളിൽ നിന്ന് സ്കൂളിലെ പ്രധാന പരിപാടികൾക്കെത്തുന്ന ഉന്നതവ്യക്തികൾ ഈ തിരുമുറ്റത്ത് എത്തുമ്പോൾ വേദികളിൽ എപ്പോഴും അനുസ്മരിക്കുന്നത് ഇവിടെ അനുഭവപ്പെടുന്ന ആത്മീയ ചൈതന്യത്തെപ്പറ്റിയാണ്. ഈ അനുഗ്രഹസ്പർശം ഈ വിദ്യാലയത്തിലെത്തുന്ന ഏവർക്കും അനുഭവവേദ്യമാണ്. പ്രധാനകവാടം കടന്നുവരുന്ന വിദ്യാർത്ഥികൾ സ്കൂളിന്റെ ഹൃദയഭാഗത്ത് പ്രശോഭിക്കുന്ന പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ചിത്രത്തിൽ നോക്കി വണങ്ങുന്നത് ഞാൻ ഹൃദയമിടിപ്പോടെ കാണാറുണ്ട്.

തിരുമേനിയുടെ കബറിടത്തിൽ നിന്നും തുടങ്ങുന്ന ഓരോ ദിനങ്ങളും അനുഗ്രഹപ്രദം തന്നെ. കൃസൃതി കുട്ടന്മാരെ മര്യാദരാമന്മാരാക്കാനുള്ള ചെപ്പടിവിദ്യ എനിക്കറിയില്ല. ഔദ്യോഗികമായ കനത്ത ഭാരങ്ങൾ ചുമക്കുവാൻ ഞാൻ അപ്രാപ്തയാണ്, ക്രിയാത്മകമായ തീരുമാനങ്ങൾ എങ്ങനെയെടുക്കണം ഈ പരിഭവങ്ങളുടെയെല്ലാം നീക്കുപോക്കുകൾ, പോംവഴികൾ ആ കബറിങ്കൽ നിന്നും വരും. തിരുമനസ്സിന്റെ രക്തം വിയർപ്പായി മാറിയ ഈ മണ്ണിൽ അധ്വാനിക്കാതെ അപ്പം ഭക്ഷിക്കുവാൻ ആർക്കും അവകാശമില്ല. ഇത് ഞാൻ മനസ്സിലാക്കിയ ജീവിത പാഠമാണ്. പുണ്യശ്ലോകനായ ആ പിതാവ് അതിനായി നമ്മെ പ്രേരിപ്പിക്കുകയും പ്രാപ്തരാക്കുകയും ചെയ്യുമെന്നതാണ് അത്ഭുതം.

തിരുമേനിയുടെ കബറിടത്തിൽ നിന്നും ലഭിക്കുന്ന പോസിറ്റീവ് എനർജി എന്റെ സഹപ്രവർത്തകർക്കും കുട്ടികൾക്കും വാക്കുകൾക്കതീതമാണ്. കബറിങ്കലെത്തി ആ തിരുമുഖത്തേക്കു നോക്കി മൗനപ്രഭാഷണം നടത്തി നടകളിറങ്ങുമ്പോൾ തന്നെ മറുപടികളെല്ലാം കൂടെക്കാണും. കബറിടം നിങ്ങൾക്ക് അഭയസ്ഥാനമെന്ന് കുട്ടികളോട് പറയുവാനുള്ള ആത്മധൈര്യം ഈ അനുഭവങ്ങളിൽ നിന്നാണ്. രണ്ടുവർഷത്തെ പഠനം കഴിഞ്ഞ് പോകുമ്പോൾ ഇത്തരം അനുഭവങ്ങൾ അവർക്ക് കൂട്ടായുണ്ടാകും. 2011 വർഷത്തെ പ്ലസ്ടു മാർക്ക് ലിസ്റ്റ് വാങ്ങാൻ ഒരു സംഘം പെൺകുട്ടികൾ ഓഫീസിൽ ആഹ്ലാദഭരിതരായി കടന്നുവന്നു. അവരിൽ അക്രൈസ്തവയായ 90%ത്തിലധികം മാർക്കുവാങ്ങിയ അങ്ങാടിക്കൽ സ്വദേശിയായ ദൃശ്യ യു.പി. എന്ന പെൺക്കുട്ടി മാർക്കിലിസ്റ്റ് എന്റെ മുമ്പിൽ വെച്ച് ഏങ്ങിക്കരഞ്ഞു. പരീക്ഷയുടെ ആദ്യദിനം അവൾക്ക് കടുത്ത പനിയായിരുന്നു. രണ്ടാം ദിവസം അത് മൂർച്ഛിച്ചു. കൈകാലുകൾ തളരുന്നതുപോലെ മറ്റുകുട്ടികൾക്കൊപ്പം പരീക്ഷാദിനങ്ങളിൽ കബറിങ്കൽ പോകുന്ന അവൾ കരഞ്ഞാണ് അന്ന് മടങ്ങിയത്. പരീക്ഷാഹാളിൽ പ്രവേശിച്ച ആ കുട്ടിക്ക് ഒരു പ്രത്യേക ഉന്മേഷം തോന്നി. ആ വിഷയത്തിനു മാർക്ക്ലിസ്റ്റിൽ നൂറിൽ നൂറ് മാർക്ക്. പരീക്ഷയുടെ എല്ലാ ദിവസവും അവൾ കബറിങ്കൽ പ്രാർത്ഥിച്ചു. രോഗത്തിന്റെ ആലസ്യമെല്ലാം ഹാളിൽ ചെല്ലുമ്പോൾ മാറികിട്ടും. റിസൽറ്റ് അറിഞ്ഞ് മാർക്കിലിസ്റ്റ് വാങ്ങിയപ്പോഴാണ് ഇക്കാര്യം തന്റെ സുഹൃത്തുക്കൾക്ക് മദ്ധ്യേ സാക്ഷിച്ചത്. നിറകണ്ണുകളോടെ ഞാനിത് ഓർമ്മിക്കുന്നു. ഈ വിദ്യാലയത്തിലെ എല്ലാ കുട്ടികളെയും ആ പിതാവിന്റെ മദ്ധ്യസ്ഥതയിൽ ഞങ്ങൾ സമർപ്പിക്കുന്നു. ഞങ്ങളുടെ നിയോഗത്തെക്കുറിച്ചുള്ള ഉൾവിളി അവിടെനിന്നും ഞങ്ങൾ ഏറ്റുവാങ്ങുന്നു. കണ്ണടച്ചാലും കാണാൻ കഴിയുന്ന പ്രതിച്ഛായയും കാതടച്ചലും കേൾക്കാൻ കഴിയുന്ന ഗാനവുമാണ് പുത്തൻകാവിൽ കൊച്ചുതിരുമേനി.

മലങ്കരസഭയുടെ മാണിക്യം

മലങ്കര ഓർത്തഡോക്സ് സഭയെ ഭൗതിക നേട്ടങ്ങൾ ലക്ഷ്യംവെച്ച് റോമാ സഭയുമായി ലയിപ്പിക്കുവാൻ ശ്രമിച്ച ഒരു എം. എ. അച്ചനു പകരമായി പരിശുദ്ധ വട്ടശ്ശേരി തിരുമേനി കണ്ടെത്തിയ മാണിക്യമാണ് രണ്ടാംക്ലാസ്സ് എം.എ. കാരനായ കെ.ടി. ഗീവർഗീസ് ശെമ്മാശൻ. 33-ാം വയസ്സിൽ മെത്രാപ്പോലീത്തയായ തിരുമേനി മലങ്കരസഭയുടെ കൊച്ചുതിരുമേനിയായിരുന്നു.

റീത്ത് പ്രസ്ഥാനത്തിന് പണത്തിന്റെ പിൻബലമുള്ളപ്പോൾ പ്രാർത്ഥനയുടെ പിൻബലവും സഭാവിശ്വാസവും കൈമുതലാക്കിയ പുത്തൻകാവിൽ കൊച്ചുതിരുമേനി തനിക്ക് കിട്ടിയ 20ഉം 25ഉം രൂപയുടെ കൈമുത്തുകൾ കൊണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ച മഹാപുരോഹിതനായിരുന്നു. പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്കൂൾ, കിഴവള്ളൂർ സെന്റ് ജോർജ് ഹൈസ്കൂൾ, പുത്തൻകാവ് മെത്രാപ്പോലീത്തൻ ഹൈസ്കൂൾ എന്നിവ തിരുമേനിയുടെ കണ്ണീരും വിയർപ്പും കൊണ്ട് പണിതുയർത്തിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആണ്. മലങ്കരസഭയുടെ ആദ്യത്തെ കോളേജായ കാതോലിക്കേറ്റ് കോളേജ് സ്ഥാപിക്കാൻ അപേക്ഷ നൽകി മുൻകൈ എടുത്തതും തിരുമേനിയാണ്.

പുത്തൻകാവിൽ കൊച്ചുതിരുമേനി സ്ഥാപിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ച സാധാരണക്കാരായ വിദ്യാർത്ഥികൾക്ക്പോലും വലിയ അനുഗ്രഹമാണ് ദൈവം കനിഞ്ഞ് നൽകിയിരിക്കുന്നത് എന്നത് ഒരു നഗ്നസത്യമാണ്. വിവിധ നിലകളിൽ പരിലസിക്കുന്ന വ്യക്തികൾ സഭയിലും മറ്റ് മേഖലകളിലും ഉയർന്നുവരാൻ തിരുമേനിയുടെ ദീർഘവീക്ഷണം സഹായിച്ചു.

പുത്തൻകാവിലെ സാധാരണക്കാരായ ജനങ്ങളുടെ ഹൃദയം കവർന്ന മഹാപുരോഹിതനായിരുന്നു പുത്തൻകാവിൽ കൊച്ചുതിരുമേനി. തന്റെ നാട്ടുകാരെ പേര് ചൊല്ലി വിളിക്കുവാനും സ്നേഹിക്കുവാനും അദ്ദേഹം വലിയ ഉൽസാഹം കാണിച്ചിരുന്നു. എന്റെ പിതാവ് എ.ഇ. അലക്സാണ്ടറിന് (കുഞ്ഞച്ചൻ) പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ സ്നേഹവും അനുഗ്രഹവും ധാരാളം കിട്ടിയ വ്യക്തിയാണ്. ഞങ്ങളുടെ കുടുംബത്തിന് അത് അനുഗ്രഹമായി ഭവിച്ചെന്ന് ഞാൻ വിശ്വസിക്കുന്നു. ഇത് എന്റെ ഒരു സാക്ഷ്യമാണ്.

ജാതിമതഭേദമില്ലാതെ ഏവരുടെയും പുരോഗതിയ്ക്കും നന്മയ്ക്കും വേണ്ടി പ്രവർത്തിക്കുകയും സ്നേഹബന്ധങ്ങൾ സ്ഥാപിക്കുകയും ചെയ്ത തിരുമേനിയുടെ മുദ്രവാക്യം "എന്റെ ദൈവം എന്റെ സഭ" എന്നതായിരുന്നു. കാതോലിക്കേറ്റിന്റെ വളർച്ചയ്ക്ക് ഇത് സഹായിച്ചു.

അതുകൊണ്ടാണ് സഭവിട്ടുപോയ കൽക്കട്ട സെറാപൂർ കോളേജിലെ തന്റെ ഗുരുനാഥനായ മാർ ഈവാനിയോസ് തിരുമേനിയുടെ നടപടികളെ വ്യക്തിബന്ധം നിലനിർത്തിക്കൊണ്ടുതന്നെ കൊച്ചുതിരുമേനി നഖശിഖാന്തം എതിർത്തുകൊണ്ട് കേരളം മുഴുവൻ സഞ്ചരിച്ച് ഓർത്തഡോക്സ് വിശ്വാസ സംരക്ഷണത്തിനായി പ്രസംഗിച്ചതും പ്രവർത്തിച്ചതും.

തന്റെ ഇംഗിതത്തിന് വഴങ്ങിയില്ലെങ്കിലും പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ വ്യക്തിത്വത്തെ മാർ ഈവാനിയോസ് ബഹുമാനിച്ചിരുന്നുവെന്ന് അദ്ദേഹത്തിന്റെ അനുശോചന പ്രസംഗത്തിൽ നിന്ന് വ്യക്തമാണ്.

പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ കബറിടത്തിലേക്ക് കടന്നുവരുന്ന നാനാജാതി മതസ്ഥർക്ക് ആശ്വാസവും അനുഗ്രഹവും ലഭിക്കുന്നു എന്ന നിരവധി അനുഭവ സാക്ഷ്യങ്ങൾ കേൾക്കുമ്പോൾ ആ പുണ്യ പിതാവ് ജനിച്ച മണ്ണിൽ ജനിക്കുവാൻ ഇടയാക്കിയ ദൈവത്തെ സ്തുതിക്കുന്നു. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ മദ്ധ്യസ്ഥത തലമുറകൾക്ക് കോട്ടയായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ബാബു അലക്സാണ്ടർ
മദ്യവർജ്ജന പ്രസ്ഥാനം
ചെങ്ങന്നൂർ ഭദ്രാസന
കോ-ഓർഡിനേറ്റർ

വെരി.റവ.സി.എം. ഫിലിപ്പോസ് റമ്പാൻ
കോർഎപ്പിസ്കോപ്പ
പുത്തൻകാവ്

പുത്തൻകാവിൽ കൊച്ചുതിരുമേനി

നിത്യഹരിത ഓർമ്മകൾ

പുത്തൻകാവിൽ കൊച്ചുതിരുമേനി മനസ്സിൽ എന്നു നിലനിൽക്കുന്ന ഓർമ്മകളാണ്. ബാലനായിരിക്കുമ്പോൾ ആ പരിശുദ്ധ പിതാവിന്റെ കാലുകൾ തിരുമ്മി കൊടുക്കാനുള്ള ഭാഗ്യം എനിക്ക് ലഭിച്ചിട്ടുണ്ട്. ആ പരിശുദ്ധ കൈ കൊണ്ടുള്ള കിഴുക്ക് കിട്ടിയ ഓർമ്മകളും എനിക്ക് ഉണ്ട്. കോയമ്പത്തൂർ തടാകം ആശ്രമത്തിൽ എന്നെ വിടണമെന്ന ആഗ്രഹം തിരുമേനി പറഞ്ഞിട്ടുണ്ട്. പുത്തൻകാവ് സ്കൂളിൽ മത്തായി സാർ ഇംഗ്ലീഷിന്റെ ക്ലാസ്സെടുക്കുന്ന അവസരത്തിൽ മത്തായി സാറിന്റെ അനുമതി വാങ്ങി തിരുമേനി പഠിപ്പിച്ച ഇംഗ്ലീഷ് ക്ലാസ്സ് ഇന്നും ഓർമ്മിക്കുന്നു. എന്റെ കുടുംബവുമായി തിരുമേനിയ്ക്ക് നല്ല സ്നേഹ ബന്ധം ഉണ്ടായിരുന്നു. അപ്രതീക്ഷമായി സഭയ്ക്ക് നഷ്ടപ്പെട്ട ഒരു ഉജ്ജ്വല പ്രതിഭയായിരുന്നു തിരുമേനി. അതിന് തെളിവായി എന്നോട് പരിശുദ്ധ ഗീവറുഗീസ് ദ്വിതീയ ബാവ പറഞ്ഞ ഒരു വാചകം ഞാൻ ഓർക്കുന്നു. 1953-ൽ സഭയിൽ അഞ്ചു മെത്രാപ്പോലീത്താമാരെ വാഴിച്ചതിനെ പറ്റി പറഞ്ഞത് പുത്തൻകാവിൽ കൊച്ചുതിരുമേനി ജീവിച്ച് ഇരിപ്പുണ്ടായിരിന്നെങ്കിൽ ഈ അഞ്ച് മെത്രാപ്പോലീത്താമാരെ വാഴിക്കേണ്ട ആവശ്യമില്ലായിരുന്നു എന്നാണ്. അതേ പുത്തൻകാവിൽ കൊച്ചുതിരുമേനി സഭ ആകമാനം ഓടി നടന്ന് അഞ്ച് മെത്രാപ്പോലീത്താമാർക്ക് തുല്യമായി കഠിന അദ്ധ്വാനം ചെയ്ത പുണ്യപിതാവായിരുന്നു. പുത്തൻകാവിനെ ഏറെ സ്നേഹിച്ച പിതാവായിരുന്നു. പുത്തൻകാവിൽ മെത്രാപ്പോലീത്തൻ സ്കൂൾ സ്ഥാപിക്കുവാനുള്ള ആദ്യ രണ്ട് ശ്രമങ്ങളും പരാജയപ്പെട്ടപ്പോൾ പുത്തൻകാവിൽ പള്ളിയുടെ മദ്ബഹായിൽ കാപ്പ ഇട്ട് കുർബ്ബാന മദ്ധ്യേ തിരുമേനി പ്രസംഗിച്ചു. നിങ്ങളിൽ ആരും പുത്തൻകാവിൽ സ്കൂൾ സ്ഥാപിക്കുന്നതിന് എതിര് നിൽക്കരുത് ഞാൻ ഈ സ്കൂൾ സ്ഥാപിക്കുന്നത് ഇവിടുത്തെ പാവപ്പെട്ട കുട്ടികൾക്ക് വേണ്ടിയാണ്. പുത്തൻകാവിൽ കോളേജിന് സ്ഥലം കണ്ടെത്തുന്നതിന് തിരുമേനി നടത്തിയ ശ്രമങ്ങൾ പരാജയപ്പെട്ടു. അതുകൊണ്ട് പുത്തൻകാവിന് കോളേജ് നഷ്ടപ്പെട്ടു. പുത്തൻകാവിന്റെ തലമുറകളോളം അനുഗ്രഹമായ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ഓർമ്മയ്ക്ക് മുമ്പിൽ തല കുനിക്കുകയാണ്.

പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അനശ്വരമായ സ്മരണകൾ

വെരി.റവ.ടി.എം സഖറിയ
കോർഎപ്പിസ്കോപ്പാ
തയ്യിൽ, ഇടനാട്

പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ആഗ്രഹപ്രകാരം 1950-ൽ പുത്തൻകാവ് മെത്രാപ്പോലീത്തൻ ഹൈസ്കൂളിൽ ഞാൻ ചേർന്നു. കടത്ത് വള്ളം മാത്രമാണ് സ്കൂളിൽ പോകാൻ ആശ്രയം. വെള്ളം പൊങ്ങുമ്പോൾ സ്കൂളിൽ പോകുന്നത് വലിയ പ്രയാസമാണ്. ഒരിക്കൽ വലിയ വെള്ളപൊക്കം ഉള്ള ദിവസം സ്കൂളിൽ പോയി. വൈകിട്ട് സ്കൂൾ വിട്ടതിന് ശേഷം പെൺകുട്ടികൾ അടക്കം പതിനഞ്ചോളം വിദ്യാർത്ഥികൾ സ്കൂളിന് താഴെയുള്ള കടവിൽ നിന്ന് കടത്ത് വള്ളത്തിൽ കയറി വള്ളം നീങ്ങി. വലിയ ഒരു ചൂഴി ഉണ്ടായി. ഞങ്ങളുടെ വള്ളം ചുഴിയിൽ പെട്ടു. കുട്ടികൾ നിലവിളിച്ചു. വള്ളം മറിഞ്ഞ് അപകടത്തിൽ പെടുമെന്ന് തീർച്ചയാക്കി. പുത്തൻകാവിൽ കൊച്ചുതിരുമേനി പ്രാർത്ഥിച്ചുകൊണ്ട് ഞങ്ങളെ നോക്കി നിൽക്കുന്നുണ്ടായിരുന്നു. ഒരു അപകടവും കൂടാതെ വള്ളം ഇടനാട്ടിലെ കരയ്ക്ക് ഇടിച്ചു കയറി. ആ ആത്മീയ പിതാവിന്റെ പ്രാർത്ഥനയാണ് ഞങ്ങളെ അപകടത്തിൽ നിന്ന് രക്ഷിച്ചതെന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

പുത്തൻകാവ് ഹൈസ്കൂളിൽ പഠിക്കുമ്പോൾ അധ്യാപകർ ഇല്ലാത്ത അവസരത്തിൽ തിരുമേനി വന്ന് ക്ലാസ്സ് എടുക്കുന്നത് ഞങ്ങൾക്ക് വലിയ പ്രചോദനമായിരുന്നു. ഒരുദിവസം ഇന്റർവെൽ സമയത്ത് സ്കൂളിന്റെ ഗ്രൗണ്ടിലേക്ക് ഞാൻ ഓടി ചെന്നപ്പോൾ കണ്ട കാഴ്ച തിരുമേനി പണിക്കാരോട് ചേർന്ന് അലവാങ്ക് ഉപയോഗിച്ച് ഗ്രൗണ്ടിലെ കല്ലുകൾ ഇളക്കുന്നതാണ്. അതിനുശേഷം തിരുമേനി ഒരു പാറയിൽ വിയർത്ത് ഇരിക്കുന്നു. മസ്നിപ്സയുടെ പുറകുവശം മുന്നോട്ട് ഇട്ടിരുന്നു. വെയിലത്ത് വിയർപ്പിൽ കുളിച്ച് ഇരിക്കുകയായിരുന്നു. ഞാൻ സ്കൂളിൽ പോയി കുട എടുത്തുകൊണ്ട് വന്ന് തിരുമേനിയ്ക്ക് പിടിച്ചു കൊടുത്തു. എന്റെ കൈയ്യിൽ തട്ടികൊണ്ട് തിരുമേനി പറഞ്ഞു "എടാ തൈയ്യിലാനെ നിനക്കും കൂട്ടുകാർക്കും കളിക്കാൻ വേണ്ടിയാണ് ഞാൻ ഈ കഷ്ടപ്പെടുന്നത്" കാതുകളിൽ ഈ വാചകം ഇപ്പോഴും മുഴങ്ങുന്നു. ഇടനാട് പള്ളിയിലും പുത്തൻകാവ് പള്ളിയിലും മദ്ബഹായിൽ തിരുമേനി അർപ്പിച്ച കുർബ്ബാനയ്ക്ക് പങ്കെടുത്തത് ജീവിതത്തിൽ ഒരിക്കലും മറക്കാനാവില്ല. ആ ശബ്ദമാധുര്യം പിന്നീട് ഒരിക്കലും കേട്ടിട്ടില്ല. വൈദീക രംഗത്തേക്ക് എന്നെ ആകർഷിച്ച വലിയ ഒരു ഘടകം പുത്തൻകാവിൽ കൊച്ചുതിരുമേനിയാണ്. തിരുമേനിയെ മനഃപൂർവ്വം വിവാഹത്തിന് ക്ഷണിക്കാത്ത ചില വീടുകളിൽ വിവാഹതലേന്ന് തിരുമേനി കടന്ന് ചെന്ന് പ്രാർത്ഥിച്ച് കലവറയിൽ കയറി ഒരു പഴം എടുത്ത് കഴിച്ചിട്ട് ദൈവം നിന്റെ കുടുംബത്തെ അനുഗ്രഹിക്കട്ടെ എന്ന് പറഞ്ഞ് തിരിഞ്ഞ് നടക്കുമ്പോൾ ആ കുടുംബനാഥൻ തിരുമേനിയുടെ പൊൻകരം പിടിച്ച് നിറകണ്ണുകളോടെ മുത്തുമായിരുന്നു.

തിരുമേനി കാലം ചെയ്ത വാർത്ത കേട്ടപ്പോൾ ഞാൻ നെഞ്ചത്ത് അടിച്ച് കരഞ്ഞു. ഇറപ്പുഴ പാലത്തിന് സമീപം ചെന്ന് ആ വിലാപയാത്രയിൽ പങ്കെടുത്തു. പുത്തൻകാവ് പള്ളിയിൽ കരഞ്ഞുകൊണ്ട് ആ കബറടക്കത്തിൽ പങ്കെടുത്തത് ഇന്നത്തെപോലെ ഓർക്കുന്നു. അന്നത്തെപോലൊരു ജനക്കൂട്ടം പിന്നീട് ഒരു അവസരത്തിലും ഞാൻ കണ്ടിട്ടില്ല. പരിശുദ്ധ പിതാവേ അങ്ങയുടെ പ്രാർത്ഥന ഞങ്ങൾക്ക് കോട്ടയായിരിക്കണമേ....

പുത്തൻകാവിൽ കൊച്ചുതിരുമേനി

മലങ്കരസഭയുടെ അപ്രഖ്യാപിത പരിശുദ്ധൻ

സുനിൽ പി. ഉമ്മൻ
അദ്ധ്യാപകൻ, മെത്രാപ്പോലീത്തൻ ഹയർ സെക്കന്ററി സ്കൂൾ പുത്തൻകാവ്

1930 മുതൽ 1951 ഏപ്രിൽ 17 വരെ തുമ്പമൺ ഭദ്രാസനാധിപനായിരുന്ന പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത മലങ്കരസഭയിലെ ജനഹൃദയങ്ങളിൽ ഇന്നും ജീവിക്കുന്ന അപ്രഖ്യാപിത പരിശുദ്ധനാണ്. കാലം ചെയ്തിട്ട് 63 വർഷങ്ങൾ പിന്നിടുമ്പോഴും തിരുമേനിയെ നേരിൽ കണ്ട തലമുറയ്ക്ക് തിരുമേനിയുടെ ഓർമ്മകൾ ആവേശഭരിതമാണ്. കേവലം 54 വർഷത്തെ ജീവിതം കൊണ്ട് മലങ്കരസഭയെ ഇത്രമാത്രം സ്വാധിനിച്ച പുത്തൻകാവിൽ കൊച്ചുതിരുമേനി ഇന്നും ഒരു അത്ഭുതമാണ്.

പാവങ്ങളോട് താദാത്മ്യം പ്രാപിച്ച ജീവിത ശൈലിയാണ് തിരുമേനി സ്വീകരിച്ചത്. തന്റെ സ്ഥാപനങ്ങൾക്കുവേണ്ടി കായികമായി അദ്ധ്വാനിച്ച് കല്ലും മണ്ണും ചുമക്കുന്ന മെത്രാപ്പോലീത്തായുടെ രൂപം പഴയ തലമുറയ്ക്ക് സുപരിചിതമാണ്. മലങ്കര സഭയിൽ ആർക്കും അവകാശപ്പെടാൻ കഴിയാത്ത നിരവധി പ്രത്യേകതകൾ തിരുമേനിക്ക് ഉണ്ടായിരുന്നു. സഭയിൽ കൺവെൻഷനുകൾക്ക് തുടക്കം കുറിച്ചത് പുത്തൻകാവിൽ കൊച്ചുതിരുമേനി ആണ്. മലങ്കര സഭ ജന്മം നൽകിയ അപൂർവ്വ വാഗ്മിയായിരുന്നു തിരുമേനി. ഓർത്തഡോക്സ് സഭയുടെ ആരാധന എത്രമാത്രം ആകർഷകമാണെന്ന് തെളിയിച്ചത് തിരുമേനിയുടെ ശബ്ദമായിരുന്നു. മഹാരാഷ്ട്രയുടെ മുൻ ഗവർണർ അന്തരിച്ച ഡോ. പി.സി. അലക്സാണ്ടർ പറഞ്ഞത് "പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ വിശുദ്ധ കുർബ്ബാന കാണുമ്പോൾ സ്വർഗ്ഗം ഭൂമിയിലേക്ക് ഇറങ്ങിവരുന്ന അനുഭവമാണ്" എന്നാണ്. സഭയുടെ ആദ്യത്തെ കോളേജായ കാതോലിക്കേറ്റ് കോളജ് സ്ഥാപിക്കുവാൻ അപേക്ഷ നൽകി മുൻകൈ എടുത്തത് തിരുമേനിയാണ്. തിരുമേനി കാലം ചെയ്തതിന് ശേഷമാണ് അനുമതി ലഭിച്ചത്. പുത്തൻകാവ് മെത്രാപ്പോലീത്തൻ ഹൈസ്കൂൾ ഉൾപ്പെടുന്ന നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ അദ്ദേഹം സ്ഥാപിച്ചു. "കപ്പയും വെള്ളവും കുടിച്ചാണെങ്കിലും നമ്മുടെ കുട്ടികൾ പത്താം ക്ലാസ്സ് വരെ പഠിക്കണമെന്നും വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഒരു തലമുറയ്ക്ക് വളരുവാൻ സാധിക്കുകയുള്ളുവെന്ന്" തിരുമേനി പറയുമായിരുന്നു. തിരുമേനിയുടെ ആ വിശ്വാസമാണ് പുത്തൻകാവിലും സമീപപ്രദേശങ്ങളിലും ഇന്ന് കാണുന്ന സാമ്പത്തിക പുരോഗതിയ്ക്ക് കാരണം. നാനാജാതി മതസ്ഥർക്കായി താൻ സ്ഥാപിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ അദ്ദേഹം ഹൃദയപൂർവ്വം തുറന്നുകൊടുത്തു. പിന്നോക്ക വിഭാഗങ്ങളോട് തിരുമേനിക്ക് പ്രത്യേക വാത്സല്യമുണ്ടായിരുന്നു.ഉച്ചയ്ക്ക് ഭക്ഷണം കഴിക്കാൻ കഴിയാതെ പച്ചവെള്ളം കുടിച്ച് മുഖം കഴുകി പുത്തൻകാവ് മെത്രാപ്പോലീത്തൻ ഹൈസ്കൂളിൽ പഠിച്ച പി.എം. നാരായണൻ എന്ന കുട്ടിയെ തിരുമേനി കണ്ടുപിടിച്ച് തന്റെയൊപ്പം ഇരുത്തി ഭക്ഷണം കൊടുക്കാറുണ്ടായിരുന്നു. കോട്ടയം എം.ജി.യൂണിവേഴ്സിറ്റിയിൽ നിന്ന് റിട്ടയർ ചെയ്ത് വിശ്രമജീവിതം നയിക്കുന്ന പിരളശ്ശേരി പള്ളിക്കൽ പടിഞ്ഞാറ്റേത്ത് ഗീതാഭവനത്തിൽ പി.എം. നാരായണൻ (78) നിറകണ്ണുകളോടെ ഇത് സാക്ഷിയ്ക്കുന്നു. പുത്തൻകാവിൽ കൊച്ചുതിരുമേനി ഒരു കുട്ടിയെ നോക്കി ഇവനെ സഭയ്ക്ക് വേണമെന്ന് പറഞ്ഞാൽ മലങ്കരയിലെ ഏത് മാതാപിതാക്കളും അവനെ സഭാപ്രവർത്തനത്തിന് നൽകുമായിരുന്നു. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ വാക്കിനെ മറികടന്ന് തന്റെ മകനെ ഡോക്ടറോ എൻജീനിയറോ ആക്കാൻ കഴിയുമെന്ന വ്യാമോഹം ഒരു മാതാപിതാക്കൾക്കും ഇല്ലായിരുന്നു. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ

ജീവിതകാലത്തും കാലം ചെയ്തതിന് ശേഷവും തിരുമേനിയുടെ നാമധേയത്തിൽ നിരവധി അത്ഭുത പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. താൻ സ്ഥാപിച്ച പുത്തൻകാവ് മെത്രാപ്പോലീത്തൻ ഹൈസ്കൂളിന്റെ മുകളി ലേക്ക് ചാഞ്ഞ് വളർന്ന പ്ലാവ് വിദ്യാർത്ഥികൾക്ക് ഭീഷണിയാണെന്ന് മനസ്സിലാക്കി പ്ലാവ് വെട്ടണമെന്ന് തിരുമേനി സ്ഥലം ഉടമയോട് പറഞ്ഞപ്പോൾ "വെട്ടുകയില്ലായെന്ന്" ധിക്കാരപരമായ മറുപടി ഉണ്ടായി. തിരുമേനി നെഞ്ചിൽ അടിച്ച് "എന്റെ ദൈവമേ" എന്ന് പ്രാർത്ഥിച്ച് ഒരു മിനിറ്റ് കഴിഞ്ഞപ്പോൾ കാറ്റും മഴയും ഒന്നുമില്ലായിരുന്ന ആ സമയത്ത് പ്ലാവിന്റെ കമ്പ് ഒടിഞ്ഞ് സ്കൂൾ ഷെഡിന് കേടുവരാതെ വലിയ ശബ്ദത്തോടെ നിലം പതിച്ചു. ഇതിന് ദൃക്സാക്ഷികൾ ഇന്നും ജീവിച്ചിരിപ്പുണ്ട്.

ചെങ്ങന്നൂർ പുലരിയേത്ത് മാത്തുണ്ണിയെ ഉഗ്രവിഷമുള്ള പാമ്പ് കടിച്ചു. ഓതറയിൽ നിന്ന് പ്രശസ്തനായ വിഷവൈദ്യനെ കൊണ്ടു വന്നു. വൈദ്യൻ അബോധാവസ്ഥയിലായിരുന്ന മാത്തുണ്ണിയെ പരി ശോധിച്ച് രക്ഷയില്ലായെന്ന് അറിയിച്ച് പിൻമാറി. ചില ആളുകൾ ബഥേ ലിൽ ചെന്ന് പുത്തൻകാവിൽ കൊച്ചുതിരുമേനിയോട് മാത്തുണ്ണിയുടെ വിവരം പറഞ്ഞു. തിരുമേനി മാത്തുണ്ണിയുടെ വീട്ടിലേക്ക് വരുകയാ ണെന്ന് അറിയിച്ചു. തിരുമേനി ചെങ്ങന്നൂർ ചന്തയിലൂടെ മാത്തുണ്ണിയുടെ വീട്ടിലേക്ക് ചെന്നു. ഭക്തജനങ്ങൾ തിരുമേനിയുടെ വഴികളിൽ പായ് വിരിച്ചു. തിരുമേനി വീട്ടിൽ ചെന്ന് അബോധാവസ്ഥയിലായിരുന്ന മാ ത്തുണ്ണിയുടെ നാഡി പിടിച്ച് നോക്കി കിഴക്കോട്ട് തിരിഞ്ഞ് നിന്ന് "കരുണക്കടലേ ഞാൻ നോക്കും ദേവാ തനയാ എൻ പാപം പെരുകി" എന്ന ഗാനം നിറകണ്ണുകളോടെ പാടി. കൂടിനിന്നവർ ഒന്നടങ്കം കണ്ണീർ വാർത്തു. തിരുമേനി ശക്തമായ ഒരു പ്രാർത്ഥന നടത്തി. മാത്തുണ്ണിയെ ദൈവം രക്ഷിക്കും എന്ന് പറഞ്ഞ് തിരിച്ചുപോയി. മണിക്കൂറുകൾക്കു ള്ളിൽ മാത്തുണ്ണിയ്ക്ക് ബോധം വന്നു. മാത്തുണ്ണിയുടെ വിഷം ഇറങ്ങി രക്ഷപ്പെട്ടു എന്ന് ജനങ്ങൾ ബഥേലിൽ ഓടി ചെന്ന് പറഞ്ഞു. മാത്തു ണ്ണിയുടെ മകൻ മാത്തുണ്ണി വർഗ്ഗീസ് (85) 2013 ഏപ്രിൽ 27-ാം തീയതി മരണം വരെ ഈ സംഭവം സാക്ഷിയ്ക്കുമായിരുന്നു. ചെങ്ങന്നൂരിൽ ആർട്ടിസ്റ്റ് ബേബി 1975-ൽ വരച്ച കാപ്പായിട്ട് സ്ലീബായുമായി നിൽക്കുന്ന പുത്തൻകാവിൽ കൊച്ചുതിരു മേനിയുടെ ഛായാചിത്രം പുത്തൻകാവിലെ കബറിടത്തി ൽ ഉണ്ട്. ഇത് വരയ്ക്കുവാൻ കൊച്ചുതിരുമേനി സ്വപ്നത്തിൽ കാപ്പാ യിട്ട് ദർശനം നൽകിയ തായി ആർട്ടിസ്റ്റ് ബേബി സാക്ഷ്യപ്പെടുത്തുന്നു. മലങ്കര യുടെ ആറാം കാതോലിക്കായി സ്ഥാനം ഏൽക്കുന്നതിന്റെ തലേദിവസം പരിശുദ്ധ ബസേ ലിയോസ് മാർത്തോമ്മ മാത്യൂസ് ദ്വിതിയൻ ബാവാ തിരുമേനിയുടെ കബറിടത്തിൽ വന്ന് അനുഗ്രഹം വാങ്ങിയി രുന്നു. ബാവാ തിരുമേനി അമേ രിക്കയിൽ ഹൃദയശസ്ത്രക്രി യയ്ക്ക് ശേഷം കേരളത്തിൽ തിരിച്ചെത്തി മണിക്കൂറുകൾക്കു ള്ളിൽ പുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ കബറിടത്തിൽ പ്രാർത്ഥിച്ചതും തെളിയിക്കുന്ന ത് ശിഷ്യർക്ക് ഒരിക്കലും മറ ക്കാനാവാത്ത ഗുരുനാഥനായി രുന്നു പുത്തൻകാവിൽ കൊച്ചു തിരുമേനി എന്നാണ്. കാലം ചെയ്ത് കഴിഞ്ഞ 63 വർഷങ്ങ ളായി പുത്ത ൻകാവിൽ കൊച്ചു തിരുമേനിയുടെ കബറിടം അനേകർക്ക് അനുഗ്രഹം ചൊരിയുന്നു.

അടൂർ പറന്തൽ ജംഗ്ഷനിലെ കുരിശുംതൊട്ടി

വർഷങ്ങളായി കുഞ്ഞുങ്ങൾ ഇല്ലാത്തവർക്ക് കുഞ്ഞുങ്ങളെ ലഭിച്ചിട്ടുണ്ട്. അനേക അനുഭവസ്ഥർ നമ്മുടെ ഇടയിൽ ജീവിക്കുന്നു.ഒരു മഹാപുരോഹിതൻ പരിശുദ്ധനാകുന്നത് ജനങ്ങൾക്കുള്ള വിശ്വാസം കൊണ്ടാണ്. സഭ പരിശുദ്ധനായി പ്രഖ്യാപിക്കുന്നവരുടെ നാമധേയത്തിൽ മാത്രമേ പള്ളികളും കുരിശടികളും സ്ഥാപിക്കുവാൻ നിയമപരമായി സാധിക്കുകയുള്ളൂ. പറന്തൽ ജംഗ്ഷനിൽ കൊച്ചുതിരുമേനിയുടെ മനോഹരമായ ചിത്രം വെച്ച കുരിശടി സ്ഥാപിച്ചിട്ടുണ്ട്. ഈ കുരിശടി മാതാവിന്റെ നാമത്തി ലുള്ളതാണ്. എം.സി. റോഡിനരുകിൽ ഉള്ള ആ കുരിശടിയിൽ അണ

> പുത്തൻകാവിൽ കൊച്ചുതിരുമേനിയ്ക്ക് ഓർത്തഡോക്സ് സഭ കാതോലിക്കേറ്റ് രത്നദീപം എന്ന ബഹുമാന നാമം നൽകിയതും പ്രഖ്യാപിച്ചതും കുന്നകുളത്ത് ജനിച്ച് വളർന്ന പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതിയൻ ബാവാ ആണെന്നത് ഏറെ സന്തോഷകരമാണ്. കാരണം പുത്തൻകാവിൽ കൊച്ചുതിരുമേനി ഏറെ സ്നേഹിച്ച വിശ്വാസസമൂഹമായിരുന്നു 'കുന്നകുളത്തുകാർ'

യാതെ മെഴുകുതിരികൾ കത്തി നിൽക്കുന്നത് നമ്മുക്ക് കാണാൻ സാധിക്കും. പുത്തൻകാവിൽ കൊച്ചുതിരുമേനിയ്ക്ക് ഓർത്ത ഡോക്സ് സഭ കാതോലിക്കേറ്റ് രത്നദീപം എന്ന ബഹുമാന നാമം നൽകിയതും പ്രഖ്യാപിച്ചതും കുന്നകുളത്ത് ജനിച്ച് വളർന്ന പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതിയൻ ബാവാ ആണെന്നത് ഏറെ സന്തോഷകരമാണ്. കാരണം പുത്തൻകാവിൽ കൊച്ചുതിരുമേനി ഏറെ സ്നേഹിച്ച വിശ്വാസ സമൂഹമായിരുന്നു 'കുന്നകുളത്തു കാർ'പുത്തൻകാവിൽ കൊച്ചുതിരുമേനിയ്ക്ക് ഒരു ബഹുമാന നാമധേയം നൽകണമെന്ന് ആദ്യമായി ആവശ്യപ്പെട്ടത് യു.എ.ഇ.യിലെ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ നാമധേയത്തിൽ സ്ഥാപിക്കപ്പെട്ട മാർ പീലക്സിനോസ് മെമ്മോറിയൽ ഫ്രണ്ട്സ് അസോസ്സിയേഷനാണെന്നത് നന്ദിപൂർവ്വം സ്മരിക്കുന്നു.

1951 ഏപ്രിൽ 17-ന് പൊലിഞ്ഞ മലങ്കരസഭയുടെ ദീപം പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ഭൗതിക ശരീരം കോട്ടയത്ത് പഴയ സെമിനാരിയിൽ വി.മൂറോൻ കൂദാശ നടത്തികൊണ്ടിരുന്ന പരിശുദ്ധ ഗീവറുഗീസ് ദ്വിതിയൻ കാതോലിക്ക ബാവായെ കാണിക്കാൻ കൊണ്ടുവന്ന രംഗം ഹൃദയഭേദകമായിരുന്നു. പിന്നീട് ഭൗതിക ശരീരം പുത്തൻകാവ് ദേശത്ത് പ്രവേശിച്ചപ്പോൾ അമ്മമാരും സഹോദരികളും അടങ്ങുന്ന സാധാരണക്കാരായ ജനക്കൂട്ടം മാറിലടിച്ച് കരഞ്ഞ നിലവിളി മലങ്കരസഭയിൽ ഒരു മെത്രാപ്പോലീത്തായ്ക്കും കിട്ടിട്ടില്ലാത്ത അന്ത്യോപചാരമായിരുന്നു. മലയാള മനോരമ 1951 ഏപ്രിൽ 18-ന് എഴുതിയ മുഖപ്രസംഗത്തിൽ പറഞ്ഞത് "പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ വിയോഗവാർത്ത മലങ്കര സഭയ്ക്ക് ഒരു വെള്ളിടിയാണ്" എന്നാണ്.

മലങ്കരയിലെ അപ്രഖ്യാപിത പരിശുദ്ധനായ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ പ്രാർത്ഥന നമുക്ക് എക്കാലവും കോട്ടയായിരിക്കട്ടെ.

കാലഘട്ടത്തെ ദീപ്തമാക്കിയ സഭയുടെ രത്നം

സജി പട്ടരുമഠം
(സഭാ മാനേജിംഗ് കമ്മിറ്റിയംഗം/
ബുധനൂർ സെന്റ് ഏലീയാസ് ഇടവകാംഗം)

> സഭയുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ നഷ്ടപ്പെട്ടു പോകുന്ന സാഹചര്യത്തിൽ അത് വീണ്ടെടുക്കുവാൻ തിരുമേനി കാട്ടിയ നിശ്ചയ ദാർഢ്യം ഏവരുടെയും മനസ്സിൽ ഒളിമങ്ങാതെ നിൽക്കും.

കാതോലിക്കേറ്റിന്റെ കരുത്തനായ വക്താവ്, പ്രഭാഷണ രംഗത്തെ പ്രകാശ ഗോപുരം, ആരാധനാ മാധുര്യത്തിന്റെ ഉറവ എന്നീ നിലകളിൽ സഭാമക്കളുടെ മനസ്സിൽ നക്ഷത്ര ശോഭയോടെ തിളങ്ങി നിൽക്കുന്ന പുത്തൻകാവിൽ കൊച്ചു തിരുമേനി, മലങ്കരസഭയുടെ അപ്രഖ്യാപിത പരിശുദ്ധനാണ്. മലങ്കര സഭയുടെ ചരിത്ര താളുകളെ തന്റെ ത്യാഗോജ്ജ്വലവും, സമർപ്പിതവുമായ ജീവതത്തിലൂടെ ദീപ്തമാക്കുവാൻ കൊച്ചുതിരുമേനിക്ക് കഴിഞ്ഞു. അതുകൊണ്ടാണ് പരിശുദ്ധ സഭ അദ്ദേഹത്തെ കാതോലിക്കേറ്റ് രത്നദീപം എന്ന ബഹുമാന നാമം നൽകി ആദരിച്ചത്.

1895-ൽ പരിശുദ്ധ പരുമല തിരുമേനി തന്റെ ഊർശ്ലേം യാത്രാനന്തരം സ്ഥാപിച്ച എന്റെ മാതൃദേവാലയമായ ബുധനൂർ സെന്റ് ഏലിയാസ് പള്ളി അന്ന് തുമ്പമൺ ഭദ്രാസനത്തിലായിരുന്നു. അതിനാൽ ഇടവക മെത്രാപ്പോലീത്താ എന്ന നിലയിൽ കൊച്ചു തിരുമേനി ബുധനൂർ ദേശത്ത് പല തവണ സന്ദർശനം നടത്തിയിട്ടുണ്ട്. 56 വർഷക്കാലം ഞങ്ങളുടെ ഇടവക വികാരിയായിരുന്ന കൊച്ചാലുംമൂട്ടിൽ കെ.ഇ. ശാമുവേൽ കോർ എപ്പിസ്ക്കോപ്പാ തന്റെ പ്രസംഗത്തിൽ പലപ്പോഴും പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ശബ്ദ മാധുര്യത്തെക്കുറിച്ച് പറയുന്നത് എന്റെ ചെറിയ പ്രായത്തിൽ ഞാൻ കേട്ടിട്ടുണ്ട്. അതിന്റെ എല്ലാം പരിണിത ഫലമായിട്ടായിരിക്കാം ഇടവകയിൽ കൊച്ചു തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ എല്ലാ വർഷവും സമുചിതമായി ആചരിക്കുന്നത്.

പൗലോ കൊയ്ലോയുടെ Fifth Mountain എന്ന പുസ്തകത്തിൽ ഏലിയാ പ്രവാചകൻ സാരേഫാത്തിലെ പുരോഹിതനോട് ഇപ്രകാരം പറയുന്നു. "പ്രതിസന്ധികൾ നിറഞ്ഞ നിമിഷങ്ങൾ എല്ലാവരുടെയും ജീവിതത്തിൽ ഉണ്ടാകും. അവയൊന്നും നമുക്ക് ഒഴിവാക്കാനാവില്ല. പക്ഷേ അവയുടെയെല്ലാം പിറകിൽ എന്തെങ്കിലും കാരണങ്ങൾ ഉണ്ടാകും". അതിസാഹസികതയുടെ ആത്മാവിനെ ആവാഹിക്കുന്നവർക്കു മാത്രമേ ആശാവഹമായ നേതൃത്വവും പ്രശംസനീയമായ സംഭാവനകളും പ്രകീർത്തിതമായ പ്രവർത്തനങ്ങളും സമൂഹത്തിന് നല്കുവാൻ കഴിയൂ. അങ്ങനെ നോക്കുമ്പോൾ പട്ടിണിയും പരിവട്ടവുമായി കഴിയുന്ന കാലഘട്ടത്തിലാണ് ചെങ്ങന്നൂരിലെ പൊതേൽക്കുളത്തെ ബഥേലാക്കി മാറ്റുവാനും, പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് മാക്കാംകുന്നിൽ ഭദ്രാസനാസ്ഥാനം പണിയുവാനും, കാതോലിക്കേറ്റ് ഹൈസ്ക്കൂൾ സ്ഥാപിക്കുവാനും കൊച്ചുതിരുമേനി മുന്നിട്ടിറങ്ങിയത് കൊച്ചു തിരുമേനി അസാധ്യതകളെ സാധ്യതകളാക്കി തീർക്കുവാൻ കഴിവുള്ള അതിസാഹസികൻ ആയിരുന്നു എന്നതിന്റെ തെളിവാണ്..

യാത്രാ സൗകര്യങ്ങൾ ഒന്നുമില്ലാതിരുന്ന ഒരു കാലഘട്ടത്തിൽ മലങ്കര സഭയിൽ ഉടനീളം സഞ്ചരിച്ചു കൊണ്ട് ലോകത്തിന്റെ വെളിച്ചമായ യേശുക്രിസ്തുവിനെ തന്റെ സുവിശേഷ പ്രസംഗങ്ങളിലൂടെ അനേകർക്ക് പകർന്നു കൊടുക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഇത് ദൈവസന്നിധിയിൽ തന്റെ ജീവിത സമർപ്പണത്തിന്റെ സാക്ഷ്യമാണ്. നവീകരണക്കാരുടെ അതിപ്രസരണവും മാർ ഈവാനിയോസിന്റെ റീത്ത് പ്രസ്ഥാനവും കക്ഷി വഴക്കിന്റെ കഷ്ടപ്പാടുകളും മൂലം സഭ പ്രതിസന്ധിയെ നേരിട്ടപ്പോൾ അതിനെ സധൈര്യം നേരിട്ടുകൊണ്ട് തന്റെ പ്രസംഗങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും സഭാമക്കളെ സഭാ ഗാത്രത്തോടു ചേർത്തു നിർത്തുവാൻ കൊച്ചുതിരുമേനിക്ക് കഴിഞ്ഞു. സഭയുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ നഷ്ടപ്പെട്ടു പോകുന്ന സാഹചര്യത്തിൽ അത് വീണ്ടെടുക്കുവാൻ തിരുമേനി കാട്ടിയ നിശ്ചയ ദാർഢ്യം ഏവരുടെയും മനസ്സിൽ ഒളിമങ്ങാതെ നിൽക്കും.

ഗുരുനിത്യ ചൈതന്യയതി പറയുന്നു "താൻ ജീവിച്ചിരിക്കുന്ന കാലഘട്ടത്തെ ദീപ്തമാക്കുന്നവനാണ് വിശുദ്ധൻ". ആ നിലയിൽ തന്റെ ചുരുങ്ങിയ ജീവിത പ്രയാണത്തിൽ തലമുറകൾ സ്മരിക്കുവാൻ തക്കവണ്ണം തന്റെ ജീവിതത്തിലൂടെ സഭയ്ക്കു വേണ്ടിയും സമൂഹത്തിനു വേണ്ടിയും സേവനം ചെയ്ത കൊച്ചുതിരുമേനിയെ നമുക്ക് വിശുദ്ധ ഗണത്തിൽ പെടുത്താം.

ദിവംഗതനായ തിരുമേനി

എൻ. മീരാണൻ മീരാറാവുത്തർ
പത്തനംതിട്ട

സാധാരണയായി മഹത്തുക്കളുടെ മാഹാത്മ്യം വെളിച്ചത്തു വരുന്നത് അവരുടെ കാലശേഷമാണ്. അതിൽനിന്നും വ്യത്യസ്തമായ സംഭവങ്ങൾക്ക് ചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ടോയെന്നുള്ളത് ഏറ്റവും സംശയാസ്പദമായ ഒരു വസ്തുതയാണ്. ജീവിച്ചിരിക്കുമ്പോൾ നിരുപണങ്ങളും, ആരോപണങ്ങളും അവർ അഭിമുഖീകരിക്കേണ്ടിവരുന്നു. പ്രതിബന്ധങ്ങൾ നിറഞ്ഞ ഒരു ജീവിതമായിരിക്കും അവർ തരണം ചെയ്യേണ്ടിവരുന്നത്. വിശ്വവിശ്രുതന്മാരായ ചരിത്രനായകന്മാർപോലും അതിൽനിന്ന് വിഭിന്നരായിരുന്നില്ല. സൂക്ഷ്മാവലോകനം ചെയ്യുകയാണെങ്കിൽ ഏതൊരു മഹാത്മാവിന്റെയും ജീവിതം പ്രതിബന്ധങ്ങളിൽ നിന്നും ഒഴിഞ്ഞിരുന്നതല്ലെന്ന് കാണുവാൻ കഴിയും. എന്തുകൊണ്ടോ അവരുടെ അമൂല്യപ്രവർത്തനങ്ങളുടെ മഹത്വത്തെ അതർഹിക്കുന്ന പ്രാധാന്യത്തോടുകൂടി കരുതപ്പെടുക സാധാരണയല്ല. എന്നാൽ അവരുടെ മരണശേഷമാകട്ടെ അവരുടെ സ്വഭാവത്തെയും, പ്രവർത്തനങ്ങളേയും പത്തിരട്ടി മഹിമയോട് കൊട്ടിഘോഷിക്കാറുണ്ട്; വാഴ്ത്തപ്പെടാറുണ്ട്. അത് ഇന്നും ഇന്നലേയും മാത്രമുള്ള പതിവല്ല; പ്രത്യുത മനുഷ്യചരിത്രത്തിന്റെ ആരംഭം മുതൽ കണ്ടുവരാറുള്ളതാണ്. എന്നാൽ അടുത്ത കാലത്ത് അകാലദേഹവിയോഗത്താൽ നമ്മെയെല്ലാം ദുഃഖസാഗരത്തിൽ ആറാടിച്ച മെത്രാപ്പോലീത്താതിരുമേനിയുടെ ചരിത്രം വിഭിന്നമായ ഒന്നാണ്. ജീവിച്ചിരിക്കുമ്പോൾ അതുല്യമായ പ്രശ്സ്തിയും പ്രാബല്യവും കരസ്ഥമാക്കാൻ തിരുമേനിക്ക് കഴിഞ്ഞു എന്നുള്ളത് ഏറ്റവും ഭാഗ്യകരമായ ഒരു പരാമർത്ഥം മാത്രമാണ്.

ലോകത്തിലെവിടേയും വിശ്വവിശ്രുതന്മാരായ മഹത്തുക്കളും, നാട്ടിന്റെ ചില പ്രദേശങ്ങളിൽ മാത്രം അറിയപ്പെടുന്നവരും ആയി പലതരത്തിലുള്ള മഹാത്മാക്കളുണ്ട്. പ്രാദേശികമായ ഉന്നമനത്തെ ലാക്കാക്കി പ്രവർത്തിക്കുന്നവരും, സ്വസമുദായത്തിന്റെ പുരോഗമനത്തിനുവേണ്ടി വേല ചെയ്യുന്നവരുമുണ്ട്. പ്രവർത്തന പരിധി വളരെ പരിമിതമാകയാൽ ലോകമെങ്ങും അറിയപ്പെടാൻ തുടങ്ങിയില്ലെങ്കിലും ഉത്തമന്മാരായ പല മഹാത്മാക്കളേയും സൃഷ്ടിച്ച നാടാണ് കേരളം. സമുദായത്തിന്റേയും, സമൂഹത്തിന്റേയും വളർച്ചക്കും, ഉയർച്ചക്കും നിലനിൽപ്പിനുംവേണ്ടി അവിശ്രാന്തം പടപൊരുതിയ ജേതാക്കൾ നമ്മുടെ ഇടയിൽ വളരെ ഉണ്ടായിട്ടുണ്ട്. അങ്ങിനെ സ്വന്തം ജീവിതം അന്യരുടെ സുഖത്തിനും, അഭിവൃദ്ധിക്കുവേണ്ടി ഒഴിഞ്ഞുവെച്ചിട്ടുള്ള നമ്മുടെയിടയിലുള്ള മഹാത്മാക്കളിൽ മുന്നണിയിൽ നിൽക്കുന്ന ഒരു ദേഹമാണ് കഴിഞ്ഞ ഏപ്രിൽ 17നു ദിവംഗതനായ നി.വ.ദി.ശ്രീ. മാർ പീലക്സീനോസ് മെത്രാപ്പോലീത്താ തിരുമേനി. എന്റെ ഒരു ചിരകാല സുഹൃത്തും അഭ്യുദയകാംക്ഷിയും, അന്യരുടെ ഉയർച്ചയും ഉന്നമനത്തിനുമായി കരുതി പ്രവർത്തിച്ച ദേഹവുമായ തിരുമേനിയുടെ അകാലവിയോഗത്തെക്കുറിച്ചു ഹൃദയവേദനയോടുകൂടിയല്ലാതെ ഓർക്കാൻ എനിക്ക് സാധ്യമല്ല. ആളുകൾ മഹത്തുക്കളാകുക പലതരത്തിലാണ്, ശാസ്ത്രീയ കണ്ടുപിടുത്തങ്ങളും, തത്വസംഹീതാകൃതികളും, ആത്മസംയമനവും, പുണ്യപ്രവർത്തനങ്ങളും, പരോപകാരതൽപരതയും മഹത്തുക്കളെ സൃഷ്ടിക്കുന്ന ഊടുവഴികളിൽ ചിലതാണ്. ഇവയിൽ പലതും ഒത്തിണങ്ങിയ ഒരു മഹാത്മാവായിരുന്നു മാർ പീലക് സീനോസ് തിരുമേനി. പ്രാദേശികമായ ആവശ്യങ്ങൾക്കും ചുമതലകൾക്കും പുറമേ അദ്ദേഹത്തിനു മനുഷ്യസമുദായത്തോടുതന്നെ ഒരു കടപ്പാടുണ്ടായിരുന്നു. ഏറെക്കുറെ അദ്ദേഹം അത് നിവൃത്തിക്കുകയും ചെയ്തു. ശ്രീ നാരായണഗുരുസ്വാമിയും,കബീറും, ഗാന്ധിയും പ്രവർത്തിച്ച അതേ പന്ഥാവിൽ കൂടി തന്നെയാണ് തിരുമേനിയും പ്രവർത്തിച്ചത്. തിരുമേനിക്ക് ജന

മദ്ധ്യത്തിലുണ്ടായിരുന്ന സ്വാധീനശക്തിക്ക് ഉത്തമോദാഹരണമാണ് തിരുമേനിയുടെ ദേഹവിയോഗത്തിൽ അനുശോചിച്ചുകൊണ്ട് നാട്ടിന്റെ നാനാഭാഗത്തും കൂടിയ പൊതുയോഗങ്ങൾ. കുറഞ്ഞൊരു കാലത്തേക്ക് പത്രപംക്തികളിൽ നല്ലൊരു സ്ഥാനം കരസ്ഥമാക്കിയിരുന്നത് പ്രസ്തുത വസ്തുതയാണ്. നാനാജാതിമതസ്ഥരും പ്രസ്തുത യോഗത്തിൽ പങ്കെടുത്തുവെന്നുള്ളത് തിരുമേനിയുടെ കീർത്തിക്ക് മാറ്റുകൂട്ടുകയാണ് ചെയ്തത്. നാട്ടിന്റെയും, നാട്ടാരുടേയും നന്മയെ കരുതിയുള്ള തിരുമേനിയുടെ ചെയ്തികളെ ഓരോന്നായി ഈ ചെറുലേഖനത്തിൽ എടുത്തുകാട്ടണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. ക്രിസ്തീയമതത്തിലെ ഒരു വിഭാഗമായ യാക്കോബായസഭയുടെ ഒരിടവകാദ്ധ്യക്ഷനും മേൽപ്പട്ടക്കാരനുമായ സ്മര്യപുരുഷൻ പ്രസ്തുത സഭയുടേയോ, ക്രിസ്ത്യാനികളുടേയോ മാത്രം നന്മയെ ലാക്കാക്കിയല്ല പ്രവർത്തിച്ചത്; പ്രത്യുത നാനാവിഭാഗക്കാരുടേയും, സമുദായക്കാരുടേയും ഉന്നമനം അദ്ദേഹത്തിന്റെ ലക്ഷ്യമായിരുന്നു. ഭൗതികമായ പൊതുകാര്യങ്ങളിൽ ശ്രദ്ധ പതിപ്പിച്ചിരുന്നുവെങ്കിലും, അദ്ദേഹം ആത്മീയകാര്യങ്ങളിൽ നിന്ന് ഒരിക്കലും വേർപ്പെട്ടിരുന്നില്ല. യുവത്വം അതിന്റെ ഉച്ചകോടിയിൽ എത്തിയിരുന്നപ്പോൾപോലും തിരുമേനി ആത്മസംയമനം പരിപൂർണ്ണമായും സാധിച്ചിരുന്നു. അക്കാലത്തുപോലും തിരുമേനി ഭൗതികമായ മറ്റു കാര്യങ്ങളിൽ ശ്രദ്ധപതിപ്പിച്ചിരുന്നു. അങ്ങനെ ആത്മീയവാദത്തിൽ വിശ്വസിച്ചുകൊണ്ട് ആത്മീയനിയന്ത്രണത്തിനടിമപ്പെട്ടു ജീവിച്ചുകൊണ്ട് ഭൗതികവാദം പ്രായോഗികമാക്കിക്കാണിച്ച ദേഹമാണ് തിരുമേനി. മനസ്സിനെയും പ്രവർത്തനത്തേയും സ്വയം നിയന്ത്രിച്ചുകൊണ്ട് ജീവിതപന്ഥാവിൽ മുന്നോട്ടു പൊയ്ക്കൊണ്ടിരുന്ന അദ്ദേഹത്തിനു നേരിടേണ്ടിവന്ന പ്രതികൂലപരിതസ്ഥിതികളും, തരണം ചെയ്യേണ്ടിവന്ന പ്രതിബന്ധങ്ങളും കുറച്ചൊന്നുമല്ലായിരുന്നു. അവയെല്ലാം ധൈര്യപൂർവ്വം നേരിട്ടുകൊണ്ട് കുറഞ്ഞ കാലയളവിൽ അദ്ദേഹം ജീവിതവിജയം വരിക്കയാണ് ചെയ്തത്.

ഉന്നതവിദ്യാഭ്യാസം നേടിയ തിരുമേനി നാട്ടുകാരുടെ വിദ്യാഭ്യാസ പുരോഗതിയിൽ തന്റെ ശ്രദ്ധയുടെ നല്ലൊരു ഭാഗം കേന്ദ്രീകരിച്ചിരുന്നെങ്കിൽ അതൊരത്ഭുതമല്ല. ഏറ്റവും മികച്ച ഒരു യൂണിവേഴ്സിറ്റി ഡിഗ്രി കുറഞ്ഞപ്രായത്തിൽ കൈവരിക്കാൻ ഭാഗ്യമുണ്ടായ തിരുമേനിയെ വിദ്യാഭ്യാസം മനുഷ്യന്റെ ദൈവീകവും, ശാസ്ത്രീയവും, സാമ്പത്തികവുമായ വളർച്ചയെ ഏതുതരത്തിൽ ബാധിക്കുമെന്ന് ആരും തന്നെ പറഞ്ഞുമനസ്സിലാക്കേണ്ടിയിരുന്നില്ല. പ്രായോഗിക ജീവിതത്തിൽ അതനുഭവിച്ച മഹാത്മാവായിരുന്നു തിരുമേനി. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം നന്നായി പഠിച്ച അദ്ദേഹം അതിന്റെ പുരോഗമനത്തിനുവേണ്ടി വളരെയൊക്കെ ചെയ്തു. ഒന്നിലധികം ഹൈസ്കൂളുകളുടെ സ്ഥാപനം പല പ്രൈമറി സ്കൂളികളുടെ സ്ഥാപനം, മിഡിൽ സ്കൂളുകൾക്ക് നൽകിയ പ്രോത്സാഹനം, ധനപരമായ കഴിവില്ലാത്ത വിദ്യാർത്ഥിനിവിദ്യാത്ഥിനികൾക്ക് നൽകിയ സ്കോളർഷിപ്പുകൾ , മറ്റാനുകൂല്യങ്ങൾ ഇവയെല്ലാം അവയിൽ ചിലതുമാത്രമാണ്.

പത്തനംതിട്ട നിവാസികൾ പൊതുവേയും, മുസ്ലീം ജനവിഭാഗം പ്രത്യേകിച്ചും മാർ പീലക്സീനോസ് തിരുമേനിയോട് വളരെ കടപ്പെട്ടവരാണ്. സ്ഥലത്തെ മുസ്ലീം വിദ്യാർത്ഥിനിവിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിയിൽ തിരുമേനി കാണിച്ചിട്ടുള്ള ശ്രദ്ധ അകംനിറഞ്ഞ കൃതജ്ഞതയോടുകൂടി മാത്രമെ എന്നെപോലെയുള്ള ഒരാൾക്ക് സ്മരിക്കുവാൻ സാദ്ധ്യമാകയുള്ളു. തിരു-കൊച്ചി സംസ്ഥാനത്ത് വിദ്യാഭ്യാസപരമായി മുസ്ലീമുകൾ ആണും പെണ്ണും ഏറ്റവും മുന്നോട്ടുവന്നിട്ടുള്ളത് പത്തനംതിട്ട താലൂക്കിലാണ്. അതിനുള്ള കാരണം തിരുമേനിയുടെ വിശാലമനസ്കതയല്ലാതെ മറ്റൊന്നു മല്ല. തിരുവിതാംകൂറിന്റെ പലഭാഗത്തും മിഡിൽസ്കൂളുകൾ പോലും ഇല്ലാതിരുന്ന ഒരവസരത്തിൽ പത്തനംതിട്ടയിൽ ഏറ്റവും സൗകര്യപ്രദമായ വിധത്തിൽ ആർക്കും വിദ്യാഭ്യാസം ചെയ്യത്തക്കവിധത്തിൽ തിരുമേനി സ്വന്തം കഴിവും, സ്വാധീനശക്തിയും ഉപയോഗിച്ച് ഒരു ഹൈസ്കൂൾ സ്ഥാപിച്ച്, ധനപരമായി ആവശ്യമായ ആനുകൂല്യങ്ങൾ ചെയ്തുകൊടുത്ത് മുസ്ലീങ്ങളുടെ വിദ്യാഭ്യാസത്തിനു ഉത്തേജനം നൽകി. സാമൂദായികമായി തിരുമേനിയുടെ ചെയ്തികളെ എടുത്തുകാട്ടണമെന്ന് ഞാൻ വിചാരിക്കുന്നില്ല. പള്ളികളുടെയും ചാപ്പലുകളുടെയും സ്ഥാപനത്തിനു പുറമേ. സമുദായക്കേസിന്റെ വിജയപ്രദമായ നടത്തിപ്പിനും ഒത്തുതീർപ്പ് ശ്രമത്തിനും തിരുമേനി കാണിച്ചിട്ടുള്ള ശ്രദ്ധ സ്തുത്യർഹമാണ്. തിരുമേനിയുടെ സർവ്വ സമുദായമൈത്രിയും, ശിഷ്യവാത്സല്യവും മറ്റെതോരാളിന്റെതിനെയും കവച്ചുവെയ്ക്കുന്നതായിരുന്നു. ക്രിസ്ത്യാനിയെന്നോ, മുസൽമാനെന്നോ, ഹിന്ദുവെന്നോയുള്ള വ്യത്യാസം തിരുമേനി പ്രവർത്തനങ്ങളിൽ കാണിച്ചിരുന്നില്ല. മനുഷ്യരെല്ലാം ഒന്നുപോലെയാണെന്നുള്ള അടിയുറച്ച വിശ്വാസത്തെ ആസ്പദമാക്കിയായിരുന്നു തിരുമേനിയുടെ പ്രവർത്തനങ്ങൾ. തിരുമേനിയുടെ ശിഷ്യഗണങ്ങളിൽ ഒരാളുമായ കുന്നംകുളത്തെ ഇപ്പോഴത്തെ സാനട്ടറി ഇൻസ്പെക്ടരുടെ വീട്ടിൽ തിരുമേനി എഴുന്നെള്ളി ശിഷ്യനെ അനുഗ്രഹിച്ചാശീർവ്വദിച്ചു എന്നുള്ളത് തിരുമേനിയുടെ ശിഷ്യവാത്സല്യത്തിനു ഉത്തമോദാഹരണമാണ്.

> ***പത്തനംതിട്ട നിവാസികൾ പൊതുവേയും, മുസ്ലീം ജനവിഭാഗം പ്രത്യേകിച്ചും മാർ പീലക്സീനോസ് തിരുമേനിയോട് വളരെ കടപ്പെട്ടവരാണ്. സ്ഥലത്തെ മുസ്ലീം വിദ്യാർത്ഥിനിവിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിയിൽ തിരുമേനി കാണിച്ചിട്ടുള്ള ശ്രദ്ധ അകംനിറഞ്ഞ കൃതജ്ഞതയോടുകൂടി മാത്രമെ എന്നെ പോലെയുള്ള ഒരാൾക്ക് സ്മരിക്കുവാൻ സാദ്ധ്യമാകയുള്ളു.***

ഇപ്രകാരം എല്ലാതരത്തിലും മഹാനായ തിരുമേനിയുടെ അകാലവിയോഗം മനുഷ്യസമുദായത്തിന് ഒരു തീരാനഷ്ടംതന്നെയാണ് പക്ഷെ എന്തുചെയ്യാം നാം ഉദ്ദേശിക്കുന്നതുപോലെയല്ലല്ലോ കാര്യങ്ങൾ നടക്കുന്നത്. നമുക്കെല്ലാം ഉപരിയായി ഒരു ശക്തിയുണ്ട് ആ ശക്തിയത്രെ ലോകത്തെ നിയന്ത്രിക്കുന്നത്. ദിവംഗതനായ തിരുമേനിക്ക് ആത്മശാന്തി നൽകണേയെന്ന് ആ പരാശക്തിയോട് അകമഴിഞ്ഞ് പ്രാർത്ഥിക്കാൻ മാത്രമെ നമുക്ക് കഴിവുള്ളു.

(1951-ൽ മാർ പീലക്സിനോസ് സുവനീറിൽ എഴുതിയ ലേഖനം)

ആ അന്ത്യരംഗം

പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ സ്നേഹിതൻ പത്തനംതിട്ടയിലെ ശ്രീ.എൻ. മീരാണൻ മീരാറാവുത്തറുടെ മകൻ കവിരാജൻ മീരാപിള്ള കൊച്ചുതിരുമേനിയുടെ ശിഷ്യനായിരുന്നു. കുന്നംകുളം മുൻസിപ്പൽ സാനിട്ടറി ഇൻസ്പെക്ടർ ആയിരുന്ന അദ്ദേഹം കുന്നംകുളത്തുവെച്ച് പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ സ്നേഹവാത്സല്യങ്ങൾ അന്ത്യമായി ലഭിച്ചത് തന്റെ പിതാവിന് കത്തു മുഖേന അറിയിക്കുന്നു.

കുന്നംകുളം

17-4-1951

ഇത് ഏറ്റവും ഹൃദയ വേദനയോടുകൂടി എഴുതുന്ന ഒരു കത്താണ്. നമ്മുടെ ഹൈസ്കൂൾ മാനേജർ തിരുമേനി അവർകൾ ഒരാഴ്ചയോള മായി ഇവിടെ താമസിക്കുകയായിരുന്നു. തിരുമേനി ഇവിടെ താമസ്സി ക്കുന്നതായി അറിഞ്ഞ് തിരുമേനിയെ കാണണമെന്ന് വിചാരിച്ചു കൊ ണ്ടിരിക്കുമ്പോൾ ഞാൻ ഇവിടെ ഉണ്ടെന്നുള്ള വിചാരം തിരുമേനി അറി ഞ്ഞ് അദ്ദേഹത്തെ ഉടൻ ചെന്ന് കാണണമെന്ന് ആളെ പറഞ്ഞയച്ചു. 15-ാം തീയതി ഞായറാഴ്ച വൈകുന്നേരം ഞാൻ പള്ളിയിൽ ചെന്ന് അദ്ദേഹത്തെ കാണുകയും, പുത്തൻ കാവിലേക്ക് എഴുന്നള്ളുമ്പോൾ , 16-ാം തീയതി തിങ്കളാഴ്ച കാലത്ത് എന്റെ താമസ സ്ഥലത്തുവന്ന് എന്റെ സൽക്കാരങ്ങൾ സ്വീകരിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നുവെ ന്നും പറഞ്ഞു. അതനുസരിച്ച് അദ്ദേഹത്തെ സ്വീകരിക്കുന്നതിനായി ഇവിടുത്തെ എല്ലാ വലിയ ഉദ്യോഗസ്ഥന്മാരും , ഞങ്ങളുടെ ചെയർമാൻ ഉൾപ്പെടെയുള്ള കൗൺസിലർമാരും കാത്തിരുന്നു. 16നു കാലത്ത് 8മണിക്ക് എന്റെ താമസസ്ഥലത്ത് വരികയും എന്റെ സൽക്കാരങ്ങൾ സ്വീകരിക്കുകയും ചെയ്തു, എന്റെ കൈ കൊണ്ട് അദ്ദേഹത്തിനു കൊടുത്ത മധുരനാരങ്ങയും, സ്ക്വാഷും വാങ്ങിച്ചു കഴിക്കുകയും എന്നെ ഏറ്റവും ഹൃദയപൂർവ്വം ആശീർവദിക്കുകയും, തിരുമേനിയും, അത്തായുമായുള്ള (പിതാവുമായുള്ള) സ്നേഹ ബഹുമാനങ്ങളെ അവിടെകൂടിയിരുന്ന എല്ലാ ആളുകളെയും മനസ്സിലാക്കുകയുമുണ്ടായി. ഇവിടെ നിന്ന് 8-57ന് മരത്തങ്കോട്ട് പള്ളിയിലേക്ക് തിരുമേനി എഴുന്നെ ള്ളി. എന്തിനധികം പറയുന്നു. അദ്ദേഹത്തിനു തീരെ സുഖമില്ലാതി രിക്കുന്നുവെന്ന് അന്നു വൈകിട്ട് ഞാൻ അറിഞ്ഞ ഉടനെ ഞങ്ങളുടെ ചെയർമാനെ വിവരമറിയിച്ചു. അദ്ദേഹവും ഞാനും മറ്റു സമുദായ പ്രതിനിധികളും കൂടി മരത്തങ്കോട്ടു പള്ളിയിൽ ചെന്നു ശുശ്രൂഷിച്ചു. ഞങ്ങളെ നോക്കി തിരുമേനി ഒന്നു ചിരിച്ചതേ ഉള്ളു. അദ്ദേഹം മരത്ത ങ്കോട്ടെ പള്ളിയിൽ തന്നെ താമസിച്ചു പൂർണ്ണവിശ്രമം എടുക്കുന്നതിന് ഡോക്ടർ ഉപദേശിച്ചു. അതു കഴിഞ്ഞ് ഞാൻ വീട്ടിൽ വന്നുവെങ്കിലും അപ്പോൾ മുതൽ ഏതോ ചില വിഷമതകൾ എന്നെ അലട്ടികൊണ്ടി രുന്നു. ഇന്നുകാലത്ത് 11 മണിക്കു അദ്ദേഹം കാലം ചെയ്തുവെന്ന് അറിവു കിട്ടി. വിശ്വസിക്കാൻ നിർവ്വാഹമില്ലാത്ത ഒരു വാർത്ത യാണെങ്കിലും ഞാനും, ചെയർമാനുംകൂടി പള്ളിയിൽ ചെന്നു. തിരുമേനി പുഞ്ചിരി തൂകി അന്ത്യവിശ്രമംകൊള്ളുന്നതായിട്ടാണ് കണ്ടത് ഞാനും. ചെയർമാനും പൊട്ടിക്കരഞ്ഞു പോയി എന്നുള്ളത് ഒരു വെറും പരമാർത്ഥം തന്നെയാണ്. സാധാരണ ഒരു ഭവനത്തിലും പോകാത്ത തിരുമേനി മുസ്ലീമായ എന്റെ വീട്ടിൽ എഴുന്നെള്ളി എന്നെ ആശിർ വ്വദിച്ചു.

ഇന്നുകാലത്ത് 11 മണിക്കു അദ്ദേഹം കാലം ചെയ്തുവെന്ന് അറിവു കിട്ടി. വിശ്വസിക്കാൻ നിർവ്വാഹമില്ലാത്ത ഒരു വാർത്തയാണെങ്കിലും ഞാനും, ചെയർമാനുംകൂടി പള്ളിയിൽ ചെന്നു. തിരുമേനി പുഞ്ചിരി തൂകി അന്ത്യ വിശ്രമം കൊള്ളുന്നതായിട്ടാണ് കണ്ടത് ഞാനും. ചെയർമാനും പൊട്ടിക്കരഞ്ഞു പോയി എന്നുള്ളത് ഒരു വെറും പരമാർത്ഥം തന്നെയാണ്. സാധാരണ ഒരു ഭവനത്തിലും പോകാത്ത തിരുമേനി മുസ്ലീമായ എന്റെ വീട്ടിൽ എഴുന്നെള്ളി എന്നെ ആശിർവ്വദിച്ചു.

എന്ന്, **എം. കവിരാജൻ.**

(കുന്നംകുളത്തെ പാത്രിയർക്കീസ് കക്ഷിയിലെ ഒരു പ്രധാനാംഗവും, സിംഹാസനപള്ളി കൈക്കാരനുമായ ശ്രീ. പനക്കൽ ഇയ്യാക്കു മാത്യുവായിരുന്നു മുൻസിപ്പൽ ചെയർമാൻ.)

കവിരാജൻ മീരാപിള്ള
പത്തനംതിട്ട

പുത്തൻകാവിൽ കൊച്ചുതിരുമേനി മതസൗഹാർദ്ദത്തിന്റെ പ്രതീകം

അബ്ദുൾ സലാം
(കവിരാജൻ മീരപിള്ളയുടെ മകൻ)
9847912123

എന്റെ പിതാവ് ശ്രീ. കവിരാജൻ മീരാപിള്ള എന്റെ പിതാമഹൻ ശ്രീ. മീരാണൻ മീരാറാവുത്തർക്ക് 1951-ൽ അയച്ച ഹൃദയസ്പർശിയായ കത്ത് വളരെ അപ്രതിക്ഷീതമായാണ് ശ്രീ. സുനിൽ പി. ഉമ്മൻ എന്നെ കാണിക്കുന്നത്. വായിച്ച് തീരുമ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞു ഒരു മകൻ പിതാവിനെപ്പറ്റി അഭിമാനിക്കാൻ ഇതിൽ പരം മറ്റെന്ത് വേണം. ആറ് പതിറ്റാണ്ടുകൾക്ക് മുമ്പ് മതസൗഹാർദ്ദത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും മായ്ച്ച് കളയാൻ കഴിയാത്ത സത്യസന്ധമായ ഈ തെളിവ് കാത്ത് സൂക്ഷിച്ച പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ഭക്തരായ വിശ്വാസികളെ ഞാൻ അഭിനന്ദിക്കുകയാണ്.

സാമൂഹികമായി പിന്നോക്കം നിന്നിരുന്ന ഒരു സമുദായത്തിന്റെ ഉന്നമനത്തിന് അഭിവന്ദ്യ മാർ പീലക്സിനോസ് മെത്രാപ്പോലീത്ത തിരുമേനി കാണിച്ച് തന്ന വിശാല മനസ്ഥിതിയും നിഷ്കളങ്കമായ മനുഷ്യസ്നേഹവും വരുംതലമുറ മാതൃകയാക്കേണ്ടതാണ്. പല അവസരങ്ങളിലും ഞങ്ങളുടെ കുടുംബത്തിന് അഭിവന്ദ്യ തിരുമേനിയുടെ അനുഗ്രഹം ഉണ്ടായിരുന്നുവെന്നും ഔദ്യോഗിക ജീവിതത്തിൽ അതിന്റെ നന്മകൾ ഉണ്ടായിരുന്നുവെന്നും എന്റെ പിതാവ് ഓർമ്മപ്പെടുത്തിട്ടുണ്ട്.

സാമൂഹികമായി പിന്നോക്കം നിന്നിരുന്ന ഒരു സമുദായത്തി ന്റെ ഉന്നമനത്തിന് അഭിവന്ദ്യ മാർ പീലക്സിനോസ് മെത്രാപ്പോലീത്ത തിരുമേനി കാണിച്ച് തന്ന വിശാല മനസ്ഥിതിയും നിഷ്കളങ്കമായ മനുഷ്യസ്നേഹവും വരുംതലമുറ മാതൃകയാക്കേണ്ടതാണ്.

എന്റെ പിതാവിന്റെ ജീവിതത്തിൽ കറകളഞ്ഞ മതമൈത്രിയും മനുഷ്യസ്നേഹവും ഉളവാക്കിയത് പുത്തൻകാവിൽ കൊച്ചുതിരുമേനിയായിരുന്നു. ജാതിയുടെയും മതത്തിന്റെയും അതിർവരമ്പുകൾ മുമ്പെങ്ങും ഇല്ലാത്തവിധം വളർന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മാനുഷിക മൂല്യങ്ങൾക്ക് പ്രാധാന്യം നൽകി എല്ലാ മനുഷ്യരെയും ദൈവസൃഷ്ടിയായി കണ്ട് അവരുടെ പുരോഗമനത്തിന് വേണ്ടി പ്രയത്നിച്ച മഹനായ പുത്തൻകാവിൽ കൊച്ചുതിരുമേനി എന്ന മഹാപുരോഹിതൻ ഈ പത്തനംതിട്ട പ്രദേശത്തിന്റെ കെടാവിളക്കായിരുന്നുവെന്ന സത്യം ഇന്നത്തെ തലമുറ മനസ്സിലാക്കണം.



രവീന്ദ്രനാഥ ടാഗോറും പുത്തൻകാവിൽ കൊച്ചുതിരുമേനിയും

ഒരിക്കൽ സെറാപൂർ കോളേജിലെ സെനറ്റ് മീറ്റിംഗിൽ പങ്കെടുക്കാനായി കൽക്കട്ടയ്ക്ക് പോയി മടങ്ങുന്ന വഴി വിശ്വഭാരതിയിൽ പോയി നോബൽ സമ്മാന ജേതാവായ മഹാകവി രവീന്ദ്രനാഥ ടാഗോറിനെ സന്ദർശിച്ച് പുത്തൻകാവിൽ കൊച്ചുതിരുമേനി സംഭാഷണം നടത്തി. ലോകപ്രസിദ്ധനായ മഹാകവി പുത്തൻകാവിലെ കൊച്ചുതിരുമേനിയിൽ കണ്ട ഈശ്വര ചൈതന്യത്തിൽ ആകൃഷ്ടനായി. മഹാകവി ടാഗോർ ഗീതാഞ്ജലിയുടെ ഇംഗ്ലീഷ് കോപ്പി തന്റെ കൈയൊപ്പിട്ട് മാർ പീലക്സിനോസിന് സമ്മാനിച്ചു. രവീന്ദ്രനാഥ ടാഗോറുമായി സംഭാഷണം നടത്തിയശേഷം വിടപറയാൻ എഴുന്നേറ്റപ്പോൾ ടാഗോർ അദ്ദേഹത്തെ അനുഗ്രഹിക്കണമെന്ന് തിരുമേനിയോട് ആവശ്യപ്പെട്ടു. പുത്തൻകാവിൽ കൊച്ചുതിരുമേനി കൈകൾ ഉയർത്തി പ്രാർത്ഥിച്ചനുഗ്രഹിച്ചു. വയോധികനായ വിശ്വമഹാകവി ടാഗോർ കൊച്ചുതിരുമേനിയിൽ രാജാധിരാജാനായ ക്രിസ്തുവിന്റെ ചൈതന്യം ദർശിച്ചുവെന്ന് ഈ സംഭവം തെളിയിക്കുന്നു.

കുന്നംകുളത്തെ അന്ത്യരംഗവും പുത്തൻകാവിലേക്കുള്ള വിലാപയാത്രയും

സി.എൽ.ഇട്ടിമണി
കുന്നംകുളം

നാളുകൾ ചിലത് കഴിഞ്ഞിരിക്കുന്നു; ആ അത്യാഹിതം കഴിഞ്ഞിട്ട് - ഹൃദയഭിത്തികളിൽ പോറലുകളെ ഉളവാക്കിയ ആ സംഭവം - മലങ്കര സഭയെ അനന്തമായ സന്താപസിന്ധുവിൽ ആമഗ്നമാക്കിയ ആ സംഭവം - കുത്തിക്കുറിക്കുന്നതിന് ഒരു തൂലികക്ക് എങ്ങിനെ കഴിയും !

ശനിയാഴ്ച നിശ്ചയിച്ചതനുസരിച്ച് മരത്തങ്കോട്ടു സ്കൂൾ കാണുന്നതിന് യാത്ര തിരിച്ചു. തത്സമയം പാറയിലെ നാലുംകൂടിയ വഴിയിൽ കൂടി നേരെ കിഴക്കോട്ടു പാഞ്ഞുപോയ കാറിന്റെ എരമ്പലും, കൂകലും മരണത്തിന്റെ വാൾകിലുക്കവുമായിരുന്നു. അപ്പോൾ ആ കാറിൽ കണ്ട തേജഃപുഞ്ജം രാഹുഗ്രസ്തമാണെന്ന് ആർ കരുതി! “തിരുമേനി പോ യി” എന്ന് അവിടെ കൂടിയിരുന്നവർ എല്ലാം പറഞ്ഞു.

മരത്തങ്കോട്ട് ചാപ്പലിനോട് ഏതാണ്ട് സമീപിക്കാറായതോടുകൂടി തിരുമനസ്സിലെ സുഖപ്പെട്ടിരുന്ന നെഞ്ചുവേദന വീണ്ടും പൂർവ്വാധികം കലശലായി തീർന്നു. ചാപ്പലിൽ വന്നയുടനെ ലുത്തിനിയാ ആരംഭിക്കുകയും തുടർന്ന് അച്ചനോട് ചൊല്ലി മുഴിമിപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു.ലുത്തിനിയാ അവസാനിച്ചതോടുകൂടി അവിടെ കൂടിയിരുന്ന ഭക്തജനങ്ങളെ കൈമുത്തിക്കുകയും, ചാപ്പലിൽ നിന്ന് പുറത്ത് വന്ന് വികാരിയച്ചൻ കിടന്നിരുന്ന കട്ടിലിൽ വിശ്രമിക്കുകയും ചെയ്തു. അതികഠിനമായ നെഞ്ചുവേദന തിരുമേനിയെ പീഡിപ്പിച്ചിരുന്നുവെങ്കിലും സരളമായ സംഭാഷണത്താലും, സഹജമായ മന്ദഹാസത്താലും അവിടെയുണ്ടായിരുന്നവരോട് തിരുമേനി മധുരസമ്പർക്കത്തിലേർപ്പെട്ടു. തിരുമേനിയെ ചികിത്സിച്ചിരുന്ന ശ്രീ. ദേവസി വൈദ്യനെ കൂട്ടിക്കൊണ്ടുവരാനുള്ള നിർദ്ദേശത്തോടുകൂടി ബ. പാറമേൽ കുരിയാക്കോസ് കത്തനാരുടെ വീട്ടിലേക്ക് കാർ അയച്ചു. പാറമേൽ അച്ചനേയുംകൊണ്ട് വൈദ്യന്റെ വീട്ടിലേക്ക് തിരുമേനിയുടെ കാർ ഓടുന്നതു കണ്ടപ്പോൾ ആളുകൾ അമ്പരന്നു. വൈദ്യനേയും കൂട്ടിക്കൊണ്ട് കാർമടങ്ങിയ തോടെ “തിരുമേനിക്ക് സുഖമില്ലെന്ന വാർത്ത കുന്നംകുളത്താകെ കാട്ടുതീ പോലെ പടർന്നു. വൈദ്യരുടെ നിർദ്ദേശമനുസരിച്ച് വൈദ്യവിധികൾ ശ്രദ്ധാപൂർവ്വം ശീലിച്ചു. ഉദ്ദേശിച്ച ദൂരയാത്ര തൽക്കാലം തുടരുന്നത് ക്ഷേമമല്ലെന്ന് വൈദ്യൻ തിരുമനസ്സുണർത്തിച്ചതനുസരിച്ച്, യാത്ര അനിശ്ചിതമായി നീട്ടിവെക്കുകയും കൂടുതൽ വിദഗ്ദ്ധമായ വൈദ്യസഹായം ലഭിക്കുന്നതിനും മറ്റുമായി കുന്നംകുളത്തുതന്നെ തിരിച്ചുപോയി താമസിക്കുന്നതിന് തീരുമാനിക്കുകയും ആ വിവരത്തിന് ബാവാതിരുമേനിക്ക് ഒരു കത്തെഴുതുകയുമുണ്ടായി.

അൽപം ആശ്വാസം തോന്നിയതോടുകൂടി അവിടുത്തെകണ്ടു വന്ദിക്കുവാൻ ആഗതരായ ഓരോരുത്തരോടും തിരുമേനി സംഭാഷണം ചെയ്തുകൊണ്ടിരുന്നു. അവിടുത്തെ രക്ഷാകർത്തൃത്വത്തിൽ ആരംഭിച്ചു നടന്നുവന്നിരുന്നതും, അവിടുന്നുതന്നെ മാനേജുമെന്റ് നേരിട്ടു ഏറ്റെടുക്കാമെന്ന് സമ്മതിച്ചതുമായ മരത്തങ്കോട്ട് ലോവർ സെക്കണ്ടറി സ്കൂൾ കാര്യത്തെക്കുറിച്ച് ടി സ്കൂൾ സ്റ്റാഫിലെ അംഗങ്ങളോട് തിരുമേനി ദീർഘനേരം സംഭാഷണം നടത്തി. അടുത്ത സ്കൂൾ വർഷാരംഭത്തോടുകൂടി അതിനെ ഒരു ഹൈസ്കൂളാക്കി ഉയർത്തുന്നതിനുവേണ്ട പരിപാടികളൊക്കെയും തയ്യാറാക്കി. ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പിന്നീട് തിരുമേനിയെ സന്ദർശിച്ചത് ഇവിടങ്ങളിലെ ഒരു പ്രമുഖ കോൺഗ്രസ്സ് പ്രവർത്തകനും കുന്നംകുളം മണ്ഡലം കോൺഗ്രസ്സ് സെക്രട്ടറിയുമായ ശ്രീ. പി.കെ. കൃഷ്ണനെഴുത്തച്ഛനായിരുന്നു. കോൺഗ്രസ്സിന്റെ പവിത്രമായ പാരമ്പര്യത്തെക്കുറിച്ചും, മഹനീയമായ ലക്ഷ്യങ്ങളെക്കുറിച്ചും, വിശാലമായ മതസ്വാതന്ത്ര്യത്തെക്കുറിച്ചും തിരുമേനി അഭിനന്ദനാപൂർവ്വം അനുസ്മരിപ്പിച്ചുകൊണ്ട്

ഇന്ത്യൻ ഭരണഘടന, ഉൽകൃഷ്ടമായ ഭാഷയിൽ പ്രതിപാദിച്ചിട്ടുള്ള സാർവ്വത്രികമായ മതസ്വാതന്ത്ര്യ നിയമശാസനങ്ങളെ പ്രത്യക്ഷം അവഗണിച്ചുകൊണ്ട് ന്യൂനപക്ഷങ്ങളുടെ പൗരാവകാശങ്ങളെപ്പോലും നിർദ്ദയം നിഷേധിച്ചുകൊണ്ടിരിക്കുന്ന ചില യഥാർത്ഥസംഭവങ്ങളെ ചൂണ്ടിക്കാണിച്ചും തിരുമേനി ശ്രീ. എഴുത്തച്ഛനോടു ആവേശപൂർവ്വം സംസാരിച്ചു. മരത്തങ്കോട്ടും, പരിസരങ്ങളിലുമുള്ള പാവപ്പെട്ടവരാണെങ്കിലും 550ൽ അധികം വീട്ടുകാരോളം വരുന്ന ക്രൈസ്തവ ജനങ്ങൾക്ക് അവരുടെ മതാചാരപ്രകാരമുള്ള "ശവസംസ്ക്കാരമെന്ന പ്രാഥമികാവശ്യം നിറവേറ്റുന്നതിനുതകുന്ന ഒരു ശ്മശാനസ്ഥലത്തിന് ഏറെ നാളായിട്ടും (അല്ല വർഷങ്ങൾ കുറെ ആയിട്ടും) അനുമതി നിഷേധിക്കപ്പെട്ടുവരുന്നതിന്റെ അനാശാസ്യതയെക്കുറിച്ച് തിരുമേനി അദ്ദേഹത്തോട് കോൺഗ്രസ്സ് സംഘടനയുടെ പേരിൽ ചോദ്യം ചെയ്തു. ആ അനുമതിനിഷേധത്തിന്റെ പിറകിലുള്ള മത സ്പർദ്ധയേയും യാഥാസ്ഥിക മനോഭാവത്തേയും തിരുമേനി അവജ്ഞാപൂർവ്വം പ്രതിഷേധിച്ചുകൊണ്ട്, സൗകര്യമായ ഒരു സ്ഥലം ഈയൊരാവശ്യത്തിനുവേണ്ടി അടുത്ത ഭാവിയിൽതന്നെ അനുവദിച്ചു കാണുന്നതിന് ശ്രീ. എഴുത്തച്ഛൻ സർവ്വാത്മന പ്രവർത്തിക്കണമെന്ന് തിരുമേനി പറഞ്ഞു. തിരുമേനിയുടെ അപ്രതിമമായ വ്യക്തിമാഹാത്മ്യത്തിലും, അന്യാദൃശ്യമായ ആത്മാർത്ഥതയിലും വിസ്മയംപൂണ്ട ശ്രീ. എഴുത്തച്ഛൻ ആവുംവിധത്തിൽ പ്രവർത്തിച്ചുകൊള്ളാമെന്ന് ഉറപ്പു നൽകിക്കൊണ്ട് വന്ദനംപറഞ്ഞു പിരിഞ്ഞുപോയി. ആചാരങ്ങളുടെ പരിധിയെ പരിലംഘിക്കുവാൻ മടിച്ച് സംശയാലുവായ്നിന്ന ശ്രീ.എഴുത്തച്ഛൻ തിരുമേനിയുടെ സുഹൃത്സഹജമായ സൗഹാർദ്ദവും, പിതൃനിർവ്വിശേഷമായ അനുഭൂതിയും കണ്ട് അത്ഭുതസ്മിതനായിച്ചമഞ്ഞു. യഥാർത്ഥമായ മതസഹിഷ്ണതയും, സാർവ്വത്രികമായ സാഹോദര്യവും ആരെയാണ് അകൃഷ്ടനാക്കാത്തത്. ശ്രീ. എഴുത്തച്ഛൻ പോയതിനുശേഷം തിരുമേനി ഉച്ചനമസ്ക്കാരത്തിന് ചാപ്പലിലേക്ക് എഴുന്നെള്ളി ഉച്ചമേശയും കഴിഞ്ഞ് വിശ്രമിക്കവേ ആയിരുന്നു. വീണ്ടും ശക്തിയായ ഒരു വേദന തിരുമനസ്സിലേക്കുണ്ടായത്. ഉടനെ ബഹുമാനപ്പെട്ട പാറമേൽ കുരിയാക്കോസ്സച്ചൻ പോയി ഡോക്ടർ പൈയെ (ആർ. ഡി. പൈ എം.ബി.ബി.എസ്) കൊണ്ടുവന്നു. അദ്ദേഹം തിരുമേനിയുടെ ദേഹപരിശോധന നടത്തി രക്തസമ്മർദ്ദം ക്രമാതീതമായുണ്ടെന്നും, 48 മണിക്കൂർ പൂർണ്ണവിശ്രമം അത്യാവശ്യമാണെന്നും ഉപദേശിച്ചു. ചില കുത്തിവെപ്പുകൾ നടത്തി. മരുന്നുകൾ നിശ്ചയിച്ച് മടങ്ങി പോകുകയും ചെയ്തു.

സന്ധ്യാസമയത്തോടടുത്ത് കുന്നകുളത്തുനിന്ന് കാറിൽ വന്ന ഒരു സംഘം ആളുകൾ വിഷാദവും, ഉൽക്കണ്ഠയും പൂണ്ട് നിൽക്കുന്നത് തിരുമേനി കാണുകയും അവരെ അരികെ വിളിച്ച് കൈമുത്തുവാൻ കൊടുക്കുകയും തന്റെ ആലസ്യവാർത്ത പത്രങ്ങളിൽ റിപ്പോർട്ടു ചെയ്യരുതെന്ന് കൽപ്പിക്കുകയുമുണ്ടായി. ആ കാളരാത്രിയിൽ അനർഗ്ഗളമായി സദാ പ്രവഹിച്ചുകൊണ്ടിരുന്ന ഫലിതമധുരമായ നർമ്മോക്തികൾ നിലച്ചു - ആവശ്യങ്ങൾ മിക്കവാറും ആംഗ്യങ്ങൾ കൊണ്ടായിരുന്നു അറിയിച്ചത്. ഇടക്കിടെ തിരിഞ്ഞും മറിഞ്ഞും കിടക്കുകയും ഇങ്ങനെ രാത്രിയാമങ്ങൾ അസ്വസ്ഥനായി കഴിച്ചുകൂട്ടി. തിരുമേനിയെ ശുശ്രൂഷിക്കുന്നതിനുള്ള അപൂർവ്വമായ ഭാഗ്യം അവരുടെ ജന്മസാഫല്യമായിക്കരുതിയിട്ടുള്ള ഇവിടുത്തെ പട്ടക്കാരും, യുവാക്കന്മാരും, വിശിഷ്യാ കാലം ചെയ്ത വലിയ തിരുമേനിയുടെ അംഗരക്ഷകനായിരുന്ന വാറുവും നിമിഷങ്ങൾ എണ്ണിക്കൊണ്ടിരുന്നു.

കാർമേഘങ്ങളെ തട്ടി നീക്കിക്കൊണ്ട് സൂര്യൻ ഉദിച്ചുയർന്നു. പ്രത്യാശകിരണങ്ങൾ പരത്തി. പക്ഷെ മലങ്കരയുടെ ഭാഗ്യസൂര്യൻ അണയാൻ പോകുന്നുവെന്ന് ആരറിഞ്ഞു! നിയതിയുടെ വൈകൃതങ്ങൾ നിർദാക്ഷണ്യംതന്നെ! കാലത്ത് വീണ്ടും ഡോക്ടർ വന്ന് ദേഹപരിശോധന നടത്തി. രക്തസമ്മർദ്ദം നിയന്ത്രണാധീതമല്ലാതായിരിക്കുന്നുവെന്നും, ക്ഷീണം വളരെ വർദ്ധിച്ചിരിക്കുന്നുവെന്നും, സ്ഥിതി ആശങ്കാജനകമാണെന്നും ബാവാതിരുമേനിയേയും ബന്ധുക്കളേയും വിവരം അറിയിക്കുകയാണ് നല്ലതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഉടനടി ആർത്താറ്റു കുന്നംകുളം പള്ളി ട്രസ്റ്റി ശ്രീ. ചീരൻ വർഗ്ഗീസും, ബഹുമാനപ്പെട്ട പാറമേലച്ചനും തൃശ്ശൂർ നിന്ന് ഒരു ഡോക്ടറെ കൊണ്ടു വരുന്നതിന് കാറിൽ പോയി. തിരുമനസ്സിലെ ആവശ്യാനുസരണം കുന്നംകുളം പള്ളിയിലെ പട്ടക്കാർ തിരുമനസ്സിലേക്കു തൈലാഭിഷേക കൂദാശ നടത്തി. ആലസ്യവിവരം കാതോലിക്കാബാവാ തിരുമേനിക്കും മറ്റും കമ്പിയടിച്ചു.

നേരംവെളുത്തു പത്തു മണിവരെയും രാത്രിയിലെപ്പോലെത്തന്നെ കിടക്കയിൽ ഇടക്കിടെ തിരിഞ്ഞും മറിഞ്ഞും കിടന്നുകൊണ്ടേയിരുന്നു. ഇടക്ക് രണ്ടു പ്രാവശ്യം പെട്ടെന്ന് എഴുന്നേറ്റിരിക്കുകയും അസ്വസ്ഥനായി കിടക്കയിലേക്ക് താണുപോകുകയുമുണ്ടായി ചുറ്റുംനിന്ന ബഹുമാനപ്പെട്ട പട്ടക്കാർ പ്രാർത്ഥന ചൊല്ലിക്കൊണ്ടിരുന്നു. മിനിട്ടുകൾ യുഗങ്ങളായി നീങ്ങി. 10 മണി കഴിഞ്ഞ് 10 മിനിട്ട് കർത്താവെ, കർത്താവെ കർത്താവെ എന്ന് മൂന്നുവട്ടം മൃദുസ്വരത്തിൽ തിരുമേനി ഉച്ചരിച്ചു. അവിടുത്തെ പ്രാണനെ ആത്മപ്രിയന്റെ തൃക്കരങ്ങളിൽ സമർപ്പിച്ചു. കണ്ണുകൾ അടഞ്ഞു. സ്വർഗ്ഗീയമായ ഒരു തേജസ്സ് ആ തിരുമുഖത്ത് വ്യാപിച്ചു. കുന്നംകുളത്തെ ദേവാലയങ്ങളിൽനിന്ന് പുറപ്പെട്ട ദുഃഖമണിനാദം ഹൃദയം ഭേദിക്കുന്ന ഈ വാർത്തയെദിക്കെങ്ങും വിളംബരം ചെയ്തു. മരത്തങ്കോട്ട് ചാപ്പലിനുചുറ്റും മനുഷ്യമഹാസമുദ്രം ഇരമ്പി. പിടീകകൾ അടക്കപ്പെട്ടു. കുന്നംകുളമാകെ ഒരു മരണംനടന്ന വീടായി. കാലചെയ്തവിവരം ഫോൺമുഖേന ബാവാ തിരുമേനിയേയും മറ്റുതിരുമേനിമാരെയും ബന്ധുക്കളെയും മറ്റും അറിയിക്കുന്നതിനും ബാവാതിരുമനസ്സിലെ മറുപടി പ്രതീക്ഷിച്ചുകൊണ്ടും ബഹുമാനപ്പെട്ട പാറമേൽ കുരിയാക്കോസ് കത്തനാർ, ശ്രീ.പി.സി. ഉട്ടൂപ്പ് തുടങ്ങിയവർ പോസറ്റാഫീസ്സിൽ തന്നെ ഇരുന്നു. ആകെ ഇരുനൂറു കമ്പിയോളം അടിക്കയുണ്ടായി.

> കാർമേഘങ്ങളെ തട്ടിനീക്കിക്കൊണ്ട് സൂര്യൻ ഉദിച്ചുയർന്നു. പ്രത്യാശകിരണങ്ങൾ പരത്തി. പക്ഷെ മലങ്കരയുടെ ഭാഗ്യസൂര്യൻ അണയാൻ പോകുന്നുവെന്ന് ആരറിഞ്ഞു! നിയതിയുടെ വൈകൃതങ്ങൾ നിർദാക്ഷണ്യംതന്നെ!

മരത്തങ്കോട്ട് ചാപ്പലിൽവെച്ച് അന്ത്യശുശ്രൂഷകൾ നടത്തിക്കൊണ്ടിരിക്കുമ്പോൾ തൊഴിയൂർ ഇടവകയുടെ മാർ കൂറിലോസ് മെത്രാപ്പോലീത്താതിരുമേനി അവിടെയെത്തുകയും ശുശ്രൂഷകളിൽ പങ്കെടുക്കുകയുമുണ്ടായി. മൂന്നുമണിയോടുകൂടി മാർ തീമോത്തിയോസ് തിരുമേനിയും, പഴയസെമിനാരി മാനേജർ ഫാദർ ടി.സി. ജേക്കബ്, ഫാദർ ജേക്കബ് മണലിൽ എന്നിവരും വന്നുചേർന്നു. അതിനുമുമ്പ് തിരുമനസ്സിലെ സഹോദരൻ ശ്രീ. കെ.ടി ജോസഫ് കോഴിക്കോട്ടുനിന്ന് ഇവിടെ വന്നെത്തി. ആർത്താറ്റുകുന്നംകുളം മഹായിടവക മാനേജിംഗ് കമ്മറ്റിക്കാർ തിരുമേനിയുടെ കബറടക്കം ഇവിടെ നടത്തുന്നതിനു വേണ്ട പരിപാടികൾ രൂപവൽക്കരിച്ചുകൊണ്ടിരുന്നു. നാലരമണിയോടുകൂടി തിരുമേനിയുടെ മൃതദേഹം അലങ്കരിച്ച ഒരു കാറിൽ ഇരുത്തി കുട, കൊടി, മുത്തുകുട, വെള്ളിക്കുരിശ് എന്നിവകളുടെയും കറുത്ത ബാഡ്ജുകൾ ധരിച്ച ഇരുപത്തയ്യായിരത്തിൽ പരം ആളുകളുടെയും അകമ്പടിയോടുംകൂടി കുന്നംകുളം പഴയപള്ളിയിലേക്ക് കൊണ്ടുവന്നു മൃതദേഹം ഇവിടെത്തന്നെ കബറടക്കുന്നതിന് വേണ്ട സജ്ജീകരണങ്ങളെല്ലാം ചെയ്യുകയും ബാവാ തിരുമനസ്സിനോടു നിർബ്ബന്ധപൂർവ്വം അപേക്ഷിക്കുകയും ചെയ്തുവെങ്കിലും, തുമ്പമൺഇടവക മെത്രാപ്പോലീത്തായുടെ മൃതശരീരം തിരുമനസ്സിലെ സ്വന്തം ഇടവക പള്ളിയായ പുത്തൻകാവിൽ തന്നെ സംസ്ക്കരിക്കണമെന്നുള്ള ആ ഇടവകാംഗങ്ങളുടെ അപേക്ഷയെ വി. കാതോലിക്കാബാവാ തിരുമേനി അനുവദിച്ച് കമ്പിയും,കൽപ്പനയും അയക്കുകയാൽ മൃതദേഹം പുത്തൻകാവിലേക്ക് കൊണ്ടുപോകുവാൻത്തന്നെ നിശ്ചയിച്ചു. കുന്നംകുളത്തുവെച്ചുതന്നെ മാർ തീമോത്തിയോസ് തിരുമേനിയുടെ പ്രധാനകാർമ്മികത്വത്തിൽ ശവസംസ്ക്കാരശുശ്രൂഷയുടെ പ്രഥമഭാഗം നടത്തുകയും, നഗരിക്കാണിക്കൽ എന്ന ഹൃദയസ്പർശിയായ കൃത്യം നിർവ്വഹിക്കുകയും ചെയ്തു. ആയതിന്നുശേഷം ശ്രീ. സി.വി. ഇയ്യു എം.എൽ.എ. ഒരു ചെറുപ്രസംഗം ചെയ്തു. പത്തുമണിയോടുകൂടി മൃതശരീരം പ്രത്യേകം സജ്ജമാക്കിയ ഒരു കാറിൽ കോട്ടയത്തേക്ക് യാത്രപുറപ്പെട്ടു. മാർ തീമോത്തിയോസ് തിരുമേനിയും, ദിവ്യശ്രീ ശമുവേൽ ശെമ്മാശ്ശനും, തിരുമേനിയുടെ സഹോദരൻ ജോസഫും കോട്ടയത്തുനിന്നും മറ്റും വന്നിരുന്ന അച്ചന്മാരും കയറിയ ഏതാനും കാറുകളും, ആർത്താറ്റു കുന്നംകുളം ഇടവകയിൽ നിന്ന് ബഹുമാനപ്പെട്ട പാറമേൽ കുറിയാക്കോസ് കത്തനാർ, കാക്കശ്ശേരി ജോസഫ് കത്തനാർ, രണ്ടു ശെമ്മാശ്ശന്മാർ എന്നിവരടക്കം 15 പേർ വേറെ കാറുകളിലുമായി തിരുമേനിയുടെ മൃതദേഹം വഹിച്ചിരുന്ന കാറിനെ അനുഗമിച്ചിരുന്നു.

വെളുപ്പാൻ കാലത്ത് മൂന്നുമണിക്ക് മൂവ്വാറ്റുപുഴയെത്തി, അവിടെനിന്ന് 4 മണിക്ക് യാത്ര തുടർന്നു എങ്കിലും മോട്ടോർ വാഹനത്തിന് അപ്രതീക്ഷിതമായി നേരിട്ട തകരാറുമൂലം രാവിലെ എട്ടുമണിക്കുമാത്രമെ കോട്ടയം പഴയസിമ്മനാരിയിൽ എത്താൻ സാധിച്ചുള്ളു. അപ്പോഴെക്കും കറുത്തകൊടികൾ വഹിച്ചു അനേകം കാറുകളും, കറുത്ത ബാഡ്ജുകൾ ധരിച്ച ഒരു വലിയ ജനാവലിയും സെമിനാരിവളപ്പിൽ നിറഞ്ഞിരുന്നു. സെമിനാരി ചാപ്പലിൽ അലങ്കരിച്ചൊരുക്കിയിരുന്ന ഒരു ഉയർന്ന പീഠത്തിൽ മൃതശരീരം പശ്ചിമാഭിമുഖമായി വെക്കുകയും, വി.കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട്, മാർ ഗ്രീഗോറിയോസ്, മാർ തീമോത്തിയോസ്., മാർ തേവോദോസ്യോസ്, മാർ ദീവന്നാസ്യോസ് എന്നീ തിരുമേനിമാരോടുകൂടി ശവസംസ്ക്കാര ശുശ്രൂഷ നിർവ്വഹിക്കുകയും, പഴയ സിമ്മനാരിയോടുള്ള യാത്രപറച്ചിൽ നടത്തുകയും ചെയ്തു. ഈ അവസരത്തിൽ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനിയും സന്നിഹിതനായിരുന്നു. മുത്തുകുടകൾ വെച്ചലങ്കരിച്ചൊരുക്കിയ ഒരു ജീപ്പിൽ കസേരയിട്ട് മൃതശരീരം വെച്ചു. ആ അന്ത്യയാത്രപറച്ചലിന്റെ അവസാനഘട്ടത്തിൽ വി. കാതോലിക്കാബാവ തിരുമേനി ജീപ്പിൽ കയറി തന്റെ കനിഷ്ഠസഹോദരന്റെ മൃതശരീരം ഒരിക്കൽകൂടി ആലിംഗനം ചെയ്ത രംഗം ഏറ്റവും വികാരനിർഭരമായിരുന്നു. അനന്തരം മൃതശരീരം മാർ ഏലിയാ ചാപ്പലിലേക്കു കൊണ്ടുപോകുകയും, അവിടെയും യാത്രപറച്ചിൽ ശുശ്രൂഷ നടത്തുകയും ചെയ്തു. മനോരമ ചാപ്പലിൽ പാത്രിയർക്കീസുകക്ഷിയിൽ പെട്ട മാർ ഗ്രീഗോറിയോസ് തിരുമേനിയും സന്നിഹിതനായിരുന്നു. പത്തുമണിയോടുകൂടി വിലാപയാത്ര ചെങ്ങന്നൂർക്കു തിരിച്ചു. ഒരു പൈലറ്റുകാർ മുമ്പിലും കാലം ചെയ്ത തിരുമേനിയുടെ മൃതദേഹം പ്രതിഷ്ഠിച്ചിരുന്ന രഥമുൾപ്പെടെ കറുത്ത കൊടി ധരിച്ച ഏകദേശം മുന്നൂറോളം കാറുകളുടെയും, ഏതാനും ബസ്സുകളുടേയും അകമ്പടികളോടും, ദുഃഖസൂചകമായ ബാൻഡുമേളത്തോടും കൂടിയായിരുന്നു ആ വിലാപയാത്ര. മൃതദേഹം മാർ ത്തോമ്മാ പള്ളിയുടെ മുൻവശത്തെത്തിയപ്പോൾ പള്ളിയിൽനിന്ന്

ദുഃഖമണിനാദം മുഴക്കുകയുണ്ടായി. കോട്ടയത്തെ യാക്കോബായ സഭാംഗങ്ങളുടെയും, മറ്റുപല ക്രൈസ്തവവിഭാഗക്കാരുടെയും കടകൾ അടച്ച് ദുഃഖമാചരിച്ചിരുന്നു. മെയിൻസെൻട്രൽ റോഡിന്റെ ഇരുപാർശ്വങ്ങളിലും ജനങ്ങൾ ജാതിമതഭേദമന്യെ തിരുമേനിയെ അവസാനമായി ഒരു നോക്കു കാണുവാൻ തിങ്ങിക്കൂടിയിരുന്നു. വഴിമദ്ധ്യേ പാച്ചിറപ്പള്ളി, കുഴിമറ്റംപള്ളി, തിരുവല്ലാപള്ളി, ഉമയാറ്റുകരപള്ളി, കല്ലിശ്ശേരിപള്ളി എന്നീ പള്ളികളിലെ പട്ടക്കാരും ജനങ്ങളും മൃതശരീരത്തിൽ പുഷ്പമാല്യങ്ങൾ സമർപ്പിച്ച് തങ്ങളുടെ അന്ത്യോപചാരങ്ങൾ നൽകുകയുണ്ടായി. അതുപോലെത്തന്നെ കോട്ടയത്തുവെച്ചു ശ്രീ. കെ.സി. മാമ്മൻ മാപ്പിളയും ഒരു പുഷ്പമാല മൃതുശരീരത്തിൽ അർപ്പിച്ചു. ഇറപ്പുഴ പാലത്തിനുസമീപം തയ്യാറാക്കിയിരുന്ന പന്തലിലും, പരിസരങ്ങളിലുമായി ചെങ്ങന്നൂരിലും പുത്തൻകാവിൽ നിന്നും വന്നുചേർന്ന വമ്പിച്ച ഒരു ജനാവലി കറുത്ത ബാഡ്ജുകൾ ധരിച്ച, കുരിശ്, കുട, കൊടി, ബാന്റ് എന്നിവയോടുകൂടി കാത്തു നിന്നിരുന്നു. തങ്ങളുടെ പ്രിയപ്പെട്ട തിരുമേനിയുടെ മൃതദേഹം അവിടെവെച്ച്, ജനാവലി കണ്ണുനീരോടു കൂടി ഏറ്റുവാങ്ങി. പിന്നിടുള്ള വിലാപയാത്ര അത്യന്തം ഹൃദയസ്പർശിയായിരുന്നു. തിരുമനസ്സിലെ സ്വപ്ന സ്ഥാപനവും ആസ്ഥാനവുമായ ബഥേൽ അരമനയോടും യാത്ര പറഞ്ഞു. അവിടെ വെച്ച് തിരുവനന്തപുരം ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, വന്ദ്യ ദിവ്യശ്രീ ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ എന്നിവരും കാലം ചെയ്ത തിരുമേനിയുടെ മൃതദേഹം സന്ദർശിച്ചു തങ്ങളുടെ അനുശോചനം പ്രകടിപ്പിക്കുകയുണ്ടായി. പന്ത്രണ്ടരമണിക്ക് ബഥേലിൽ നിന്ന് വിലാപയാത്ര വീണ്ടും തുടർന്നു. ചെങ്ങന്നൂരിലും പരിസരങ്ങളിലുമുള്ള പല ഹൈന്ദവമുസ്ലീം പ്രമാണികളും ഈ വിലാപയാത്രയിൽ പങ്കുകൊണ്ടു. ചെങ്ങന്നൂരിൽനിന്നും പുത്തൻകാവിലേക്കുള്ള രണ്ടരമൈൽ റോഡ് പൂഴിയിട്ടാൽ താഴാത്തവണ്ണം ജനനിബിഡമായിരുന്നു. എല്ലാവർക്കും അന്ത്യദർശനം നൽകിക്കൊണ്ട് ആ പുണ്യദേഹം വഹിച്ച വാഹനം അതിന്റെ വിലാപയാത്ര തുടർന്നു. ദുഃഖാർത്തരായ അനേകായിരങ്ങളിൽ നിന്നു പുറപ്പെട്ട കരച്ചിലിന്റെ ശബ്ദം ശിലയേയും അലിയിക്കുന്നതായിരുന്നു. യാത്രാമദ്ധ്യേ ഡോക്ടർ ടി.കെ. വർഗ്ഗീസ്, റിട്ട ഹോക്കോടതി ജഡ്ജി കെ.കെ. ചാക്കോ, ബാർ-അറ്റ്ലോ തുടങ്ങിയവർ മൃതദേഹത്തിൽ പുഷ്പഹാരങ്ങൾ അർപ്പിച്ചു.

രണ്ടുമണിയോടുകൂടി മൃതദേഹം പുത്തൻകാവു വലിയ പള്ളിയിലെത്തി. പള്ളിയും, പരിസരങ്ങളുമെല്ലാം ദുഃഖാർത്തരായ സ്ത്രീപുരുഷന്മാരാൽ നിറയപ്പെട്ടു. ജനക്കൂട്ടത്തെ നിയന്ത്രിക്കുകതന്നെ തികച്ചും അസാദ്ധ്യമായിത്തീർന്നു. പള്ളിയങ്കണത്തിൽ ഒരു വിശാലമായ പന്തൽ തയ്യാറാക്കി ഉച്ചഭാഷിണി ഘടിപ്പിച്ച് കബറടക്കവിവരങ്ങൾ അപ്പപ്പോൾ പ്രഖ്യാപിച്ചുകൊണ്ടിരുന്നു. തിരുമനസ്സിലെ ശരീരം പുത്തൻകാവു പള്ളിയുടെ മദ്ബഹായിൽ വെക്കുകയും സംസ്ക്കാരശുശ്രൂഷയുടെ അവസാനഭാഗം മാർ തീമോത്തിയോസ്, മാർ ദിവന്നാസ്യോസ്, മാർ തേവോദോസ്യോസ് എന്നീ തിരുമേനിമാരുടെ പ്രധാനകാർമ്മികത്വത്തിൽ നിർവ്വഹിക്കപ്പെടുകയും, താൻ അനേകനാൾ ബലിയർപ്പിച്ചുവന്ന വി. ബലിപീഠത്തോടും ദേവാലയത്തോടും വൈദീകരും ആത്മായരുമായ തന്റെ ആത്മീയമക്കളോടുമുള്ള അവസാനയാത്രപറച്ചിലും കഴിഞ്ഞ് ജനസംഘത്തിന്റെ വിലാപധ്വനിയുടെ മദ്ധ്യേ മദ്ബഹായുടെ വടക്കുവശം പള്ളിയോടുതൊട്ടു തയ്യാറാക്കപ്പെട്ട കല്ലറയിൽ മൃതശരീരം സംസ്ക്കരിക്കപ്പെടുകയും ചെയ്തു. അങ്ങനെ കർമ്മനിരതനായിരുന്നു ഒരു മഹത്ജീവിതം നിത്യവിശ്രാന്തിയിലെത്തി. മലങ്കര സുറിയാനിസഭയുടെ വടക്കെ അറ്റമായ കുന്നംകുളത്തുനിന്ന് മദ്ധ്യതിരുവിതാംകൂറിലെ പുത്തൻകാവുവരെ ഉദ്ദേശം 159 മൈൽ ദൂരംവരുന്ന വീഥികളിൽ കൂടി കാലംചെയ്ത മാർ പീലക്സീനോസ് തിരുമേനിയുടെ മൃതദേഹവും വഹിച്ചുകൊണ്ടു നടത്തപ്പെട്ടതുപോലെ അത്ര ദീർഘമായ ഒരു വിലാപയാത്ര ഇതിനുമുമ്പ് നമ്മുടെ നാട്ടിൽ നടന്നിട്ടില്ല. മലങ്കര ക്രൈസ്തവസഭകളുടെ ഐക്യത്തിനുവേണ്ടി ആത്മാർത്ഥമായി പരിശ്രമിച്ചുകൊണ്ടിരുന്ന തിരുമേനി കുന്നംകുളത്തുവെച്ചു കാലംചെയ്യുകയും, മൃതശരീരം തെക്കോട്ടു കൊണ്ടുപോകുന്ന വഴി ജാതിമതസമുദായഭേദമെന്യേ സകലർക്കും കാണുവാൻ ഒരവസരം ലഭിക്കുകയും ചെയ്തത് തിരുമേനിയുടെ സർവ്വജനസാഹോദര്യത്തിനും, സഭാ ഐക്യ ആഗ്രഹത്തിന്റെയും സമുചിതമായ അന്ത്യസൂചനയായിരുന്നുവെന്ന് പലരും അഭിപ്രായപ്പെടുകയുണ്ടായി.

(1951-ൽ പ്രസിദ്ധീകരിച്ച മാർ പീലക്സിനോസ് സുവനീറിൽ നിന്ന് എടുത്ത ലേഖനം)

ചെങ്ങന്നൂരിലും പരിസരങ്ങളിലുമുള്ള പല ഹൈന്ദവമുസ്ലീം പ്രമാണികളും ഈ വിലാപയാത്രയിൽ പങ്കുകൊണ്ടു. ചെങ്ങന്നൂരിൽനിന്നും പുത്തൻ കാവിലേക്കുള്ള രണ്ടരമൈൽ റോഡ് പൂഴിയിട്ടാൽ താഴാത്തവണ്ണം ജനനിബിഡമായിരുന്നു. എല്ലാവർക്കും അന്ത്യദർശനം നൽകികൊണ്ട് ആ പുണ്യദേഹം വഹിച്ച വാഹനം അതിന്റെ വിലാപയാത്ര തുടർന്നു. ദുഃഖാർത്തരായ അനേകായിരിങ്ങളിൽ നിന്നു പുറപ്പെട്ട കരച്ചിലിന്റെ ശബ്ദം ശിലയേയും അലിയിക്കുന്നതായിരുന്നു.

പുത്തൻകാവിൽ കൊച്ചുതിരുമേനിയും എന്റെ പിതാമഹനും

എൻ. അബ്ദുൾ ഖാദർ
പത്തനംതിട്ട, 9447806607

പത്തനംതിട്ട പ്രദേശത്തെ മുസ്ലീം സമുദായത്തിന് വലിയ സേവനങ്ങൾ നൽകിയ എന്റെ പിതാമഹൻ 1969 ജനുവരി 29-ന് 87-ാം വയസ്സിലാണ് നിര്യാതനായത്. അദ്ദേഹവും പുത്തൻകാവിൽ കൊച്ചുതിരുമേനിയുമായി വലിയ ആത്മബന്ധമുണ്ടായിരുന്നു. പത്തനംതിട്ട ടൗണിലെ മുസ്ലീം പള്ളിയിലെ ആദ്യകാലത്തെ ചന്ദനക്കുട മഹോത്സവത്തിന്റെ സ്ഥാപകനായിരുന്നു അദ്ദേഹം. എന്റെ പിതൃസഹോദരനും മീരാറാവുത്തരുടെ രണ്ടാമത്തെ മകനുമായിരുന്ന കവിരാജൻ മീരാപിള്ള 1951 കാലഘട്ടത്തിൽ കുന്നംകുളം മുൻസിപ്പാലിറ്റിയിൽ സാനിട്ടറി ഇൻസ്പെക്ടർ ആയി ജോലി ചെയ്യുമ്പോൾ അഭിവന്ദ്യ മാർ പീലക്സിനോസ് തിരുമേനിയെ നേരിട്ട് കണ്ട വിവരവും തന്റെ താമസസ്ഥലത്ത് അദ്ദേഹം എത്തി സൽക്കാരാദി കർമ്മങ്ങളിൽ പങ്കെടുക്കുകയും തൊട്ടടുത്ത ദിവസം തന്നെ കുന്നംകുളത്തിനടുത്ത് മരത്തംകോട്ട് പള്ളിയിൽ വെച്ച് കാലം ചെയ്ത വിവരവും എന്റെ പിതാമഹനെ അറിയിച്ചുകൊണ്ടുള്ള 63 വർഷങ്ങൾക്ക് മുമ്പ് എഴുതിയ കത്ത് വായിച്ചപ്പോൾ എനിക്ക് അതീവദുഃഖവും മാർ പീലക്സിനോസ് തിരുമേനിയുടെ പറഞ്ഞുകേട്ട നന്മകളും ഓർമ്മയിൽ വന്നു.

> പ്രത്യേകിച്ച് മുസ്ലീം സമുദായംഗങ്ങൾക്ക് വിദ്യാഭ്യാസം ചെയ്യാൻ സാധിച്ചത് ദിവംഗതനായ മാർ പീലക്സിനോസ് തിരുമേനിയുടെ സന്മനസ്സ് കൊണ്ട് മാത്രമാണെന്ന് ഞാൻ നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

1965-ൽ ഞാൻ എസ്.എസ്.എൽ.സി. സെക്കൻഡ് ക്ലാസ്സിൽ പാസ്സായപ്പോൾ കാതോലിക്കേറ്റ് കോളേജിൽ എനിക്ക് പ്രീഡിഗ്രിക്ക് പ്രവേശനം കിട്ടുവാൻ ഒരു സാധ്യതയും ഇല്ലായിരുന്നു. എന്റെ പ്രയാസം കണ്ട് എന്റെ പിതാമഹൻ പറഞ്ഞു "നീ വാടാ നമുക്ക് അരമനയിൽ പോയി തിരുമേനിയെ കാണാം". വയ്യാത്ത വല്യപ്പനും ഞാനും കൂടി അരമനയിൽ ചെന്ന് പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ പിൻഗാമി ദാനിയേൽ മാർ പീലക്സിനോസ് തിരുമേനിയെ കണ്ടു. തിരുമേനി കാണിച്ച സ്നേഹം ഇപ്പോഴും എന്റെ ഓർമ്മയിൽ തങ്ങി നിൽക്കുന്നു. തന്റെ മുൻഗാമി പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ആത്മമിത്രമാണ് മീരാണൻ മീരാ റാവുത്തറെന്ന് തിരുമേനിയുടെ സംസാരത്തിൽ നിന്ന് എനിക്ക് മനസ്സിലായി. അങ്ങനെ എനിക്ക് അഡ്മിഷൻ കിട്ടി. കോളേജ് ആരംഭിക്കുന്നതിന് മുമ്പ് കാതോലിക്കേറ്റ് സ്കൂളും അതിനുശേഷം അതേപേരിൽ കോളേജും സ്ഥാപിക്കുന്നതിന് സഹോദരസമുദായ അംഗങ്ങളെക്കൂടി പങ്കെടുപ്പിച്ച് അഭിവന്ദ്യ പീലക്സിനോസ് തിരുമേനി നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് ഇരുവരും സംസാരിക്കുന്നത് ഞാൻ കേൾക്കുകയുണ്ടായി. ഈ സ്ഥാപനങ്ങൾ ഒട്ടനവധി പേർക്ക് പ്രത്യേകിച്ച് മുസ്ലീം സമുദായംഗങ്ങൾക്ക് വിദ്യാഭ്യാസം ചെയ്യാൻ സാധിച്ചത് ദിവംഗതനായ മാർ പീലക്സിനോസ് തിരുമേനിയുടെ സന്മനസ്സ് കൊണ്ട് മാത്രമാണെന്ന് ഞാൻ നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

"The light he kindled in my young heart
was the Light of Heavenly love.
The song he sung to my blithe childhood
Was a song of divine faith
The Path he showed my wavering feet
was a path of supreme truth"

Archana (Dr. K.M. Tharakan)

കാതോലിക്കേറ്റ് ഹൈസ്ക്കൂൾ ആദ്യബാച്ചിലെ ഒരു വിദ്യാർത്ഥിയുടെ സ്മരണ

(പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്ക്കൂൾ 1931-ൽ ആരംഭിച്ചപ്പോൾ ആദ്യ ബാച്ചിൽ അവിടെ ചേർന്നു പഠിച്ച ഇലന്തൂർ സി. വി. ജോൺ കോർ എപ്പിസ്കോപ്പാ പുത്തൻ കാവിൽ കൊച്ചുതിരുമേനിയെ അനുസ്മരിക്കുന്നു)

വെരി.റവ.സി. വി ജോൺ കോർ എപ്പിസ്കോപ്പാ

പത്തനംതിട്ട മാക്കാംകുന്ന് ഇടവക വികാരി തെങ്ങും തറയിൽ ഗീവറുഗീസ് കോർഎപ്പിസ്കോപ്പായും, സ്ഥലത്തെ ചില പ്രമാണികളും മാനേജരായ പുത്തൻകാവു കൊച്ചുതിരുമേനിയും മറ്റും വളരെ കഷ്ടപ്പെട്ടും പ്രതിസന്ധികൾ നേരിട്ടും ശ്രമങ്ങൾ നടത്തിയുമാണു കാതോലിക്കേറ്റ് ഹൈസ്ക്കൂളിന് അനുവാദം ലഭിച്ചത്.

പ. ഗീവറുഗീസ് ദ്വിതിയൻ ബാവാ തെക്കൻ പ്രദേശങ്ങളിൽ പര്യടനം നടത്തുമ്പോഴും നേരത്തെ മെത്രാനായിരുന്നപ്പോഴും പത്തനംതിട്ടയിൽ വരുമ്പോൾ താമസിക്കാൻ പള്ളിക്കടുത്തുള്ള മാക്കാംകുന്നിൽ രണ്ടു മുറിയുള്ള ഒരു കെട്ടിടം (അരമന) നിർമ്മിച്ചിരുന്നു. അരമനക്ക് കിഴക്കും പടിഞ്ഞാറുമായി രണ്ടു വരാന്തകളും വടക്ക് ഒരു ഹാളും ഉണ്ടായിരുന്നു. ആ കെട്ടിടത്തിലാണ് 1931-ൽ നാലാം ഫോറം ആരംഭിക്കുന്നത്. പല ഇടവകക്കാർ കിണഞ്ഞു പരിശ്രമിച്ചതിന്റെ ഫലമായിട്ടാണ് എ, ബി, എന്നീ രണ്ടു ഡിവിഷനിൽ പഠിപ്പിക്കാനുള്ള കുട്ടികളെ കിട്ടിയത്. കെ. ജി. ചെറിയാൻ, എം. ജി. കുര്യൻ, പി. ഇ ചെറിയാൻ, സി.സി.മാമ്മൻ, ടി.എസ്. വറുഗീസ്, എം. ജെ. ജോർജ്ജ്, വി. ജി. സഖറിയാ, വി.ജി. തോമസ്, ഫാ. കെ. ഐ. വറുഗീസ്, ടി. എസ്. വറുഗീസ് എന്നീ പ്രഗൽഭരായ അദ്ധ്യാപകരുടെ നേതൃത്വത്തിലാണ് സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. കെ.ജി. ചെറിയാനായിരുന്നു ഹെഡ് മാസ്റ്റർ.

സ്കൂൾ അനുദിനം വളർന്നു. പുതിയ ക്ലാസുകളും ഡിവിഷനുകളും കെട്ടിടങ്ങളും വേണ്ടി വന്നു. കെട്ടിടം പണികൾക്കു മുൻഗണന കൊടുത്തു. തൊട്ടു മുൻവശത്തുള്ള സ്ഥലം നിരപ്പാക്കി കുറ്റി അടിച്ചു പണി തുടങ്ങി. വാനത്തിന്റെ വീതിയും ആഴവും വളരെ വലുതായിരുന്നു. അന്നത്തെ വിദ്യാർത്ഥികളായ ഞങ്ങളും ശ്രമദാനത്തിലേർപ്പെട്ടു. തിരുമേനിയും കൂടെ പണിയാനുണ്ട്. അങ്ങനെയിരിക്കെ ഒരു ദിവസം ഞങ്ങൾ തിരുമേനിയോട് ചോദിച്ചു ഈ സ്ഥലം വെട്ടുകല്ലുള്ളതാണ്, പാറ പോലെ ഉറച്ചതും പിന്നെ എന്തിനാണ് ഇത്ര വലിയ ആഴത്തിലും വീതിയിലും വാനമെടുക്കുന്നത് അതിനുതിരുമേനി നിനക്കൊക്കെ എന്ത് അറിയാമെടാ ഒരു സമയത്ത് ഇത് കോളേജാടാ അന്ന് ഇതിനുമുകളിൽ നിലകൾ വരുമെടാ അന്ന് ഈ വാനം പൊളിക്കാതിരിക്കാനാടാ ഇന്ന് ഇത്ര വീതിയിലും ആഴത്തിലും ഈ വാനമെടുക്കുന്നത് എന്ന് മറുപടി പറഞ്ഞു. ആ കെട്ടിട സമുച്ചയം 25 വർഷം കഴിഞ്ഞപ്പോൾ കേരളത്തിലെ ഒരു പ്രമുഖ കോളേജായി പുരോഗമിച്ചു. നോക്കണേ! ഒരു ഭാഗ്യവാന്റെ പ്രവചന പൂർത്തി.

പുതിയ സ്കൂൾ കെട്ടിടം ഉത്തരംവെച്ചു കഴുക്കോൽ ഇറക്കി പട്ടിക തറയ്ക്കാനുള്ള ശുഭ മുഹൂർത്തം വന്ന് ചേർന്നു. മേയാനുള്ള ഓട് കൊണ്ടു വന്ന് മെയിൻ റോഡിൽ ഒരു കടയ്ക്കു മുൻപിൽ നിരനിരയായി അടുക്കിയിരിക്കുന്നു. 8.30 ആകുമ്പോൾ തിരുമേനി അവിടെ വന്നിരിക്കും. അതിന് മുടക്കമില്ല. വിദ്യാർത്ഥികളായ ഞങ്ങൾ അവിടെ വരുമ്പോൾ തിരുമേനി ഞങ്ങളോട് നിന്റെ പുസ്തകം ഞാൻ സ്കൂളിൽ കൊണ്ടു വന്നു തരാം. ഒരു കാര്യം ചെയ്യ്. രണ്ട് ഓടു കൂടി കൊണ്ടു പോ. തിരുമേനി തന്നെ ഞങ്ങളുടെ തലയിൽ ഓടുവെച്ചു തരും. ഞങ്ങൾ അതും ചൂടി തിരുമേനിയിൽ നിന്ന് ഞങ്ങളുടെ പുസ്തകവും വാങ്ങികൊണ്ട് പോകും. പണിസ്ഥലത്തു ചെല്ലുമ്പോൾ തലയിൽ നിന്ന് ഓടിറക്കിവെക്കാൻ ആളുണ്ടാവും. പക്ഷേ ചീകി മിനുക്കി വന്ന ഞങ്ങളുടെ മുടി വല്ലാതാവും. അങ്ങനെ ഓടു മുഴുവൻ ഒരു കാശും ചെലവില്ലാതെ പണിസ്ഥലത്തു ചെന്നെത്തുന്നു. ഡ്രിൽ പീരിയഡിൽ തിരുമേനി പറയും വ്യായാമം വേണമെന്നല്ലാതുണ്ടോ അതിനു ഞാൻ പണി തരാം. വീഴല്ലേ, കേറ് ഈ കെട്ടിടത്തിന്റെ മുകളിൽ. ഞങ്ങൾ കയറി കഴുക്കോൽ ഇറക്കി പട്ടിക തറച്ച് ആ പണിയും പൂർത്തിയാക്കി. ഓടിടീലും ഞങ്ങൾ തന്നെ നിർവഹിച്ചു അങ്ങനെ രസമുള്ള തന്ത്രങ്ങളിൽ കൂടി ഞങ്ങളേയും തിരുമേനി പണി ചെയ്യിപ്പിച്ചു.. കാതോലിക്കേറ്റ് മെമ്മോറിയൽ ഇംഗ്ലീഷ് ഹൈസ്ക്കൂൾ എന്ന പേരിൽ തുടങ്ങിയ ആ വിദ്യാലയം കതോലിക്കേറ്റ് ഹൈസ്ക്കൂൾ എന്ന പേരിൽ അറിയപ്പെട്ടു തുടങ്ങി. പിന്നാലെ കാതോലിക്കേറ്റ് കോളജെന്നും.

ഈ മധുര സ്മരണകൾ എല്ലാം വളരെ സന്തോഷം പ്രദാനം ചെയ്യുന്നു എന്നത്രെ 100 വയസ്സു കഴിഞ്ഞ്, അടുത്ത കാലത്ത് അന്തരിച്ച അച്ചൻ പറഞ്ഞത്.

കൃത്യതയോടു വരവ് ചിലവ് കണക്കും ഡയറിയും എഴുതിയ കൊച്ചുതിരുമേനി

കൃത്യതയോടു വരവ് ചിലവ് എഴുതി സൂക്ഷിച്ചിരുന്ന വ്യക്തിയാണ് പുത്തൻകാവിൽ കൊച്ചുതിരുമേനി മരണത്തിനു കീഴ്പ്പെടുന്നതിന് തലേദിവസം കൂടെയുണ്ടായിരുന്ന ശമുവേൽ ശെമ്മാശനെ വിളിച്ച് തന്റെ പേഴ്സിൽ നിന്ന് 162 രൂപ 4 അണ എടുത്ത് ഒരു കവറിലിട്ട് ഒട്ടിച്ച് അതിന്റെപുറത്ത് സ്വന്തം കൈപ്പടയിൽ മേൽവിലാസം എഴുതി ശെമ്മാശനെ ഏൽപ്പിച്ചിട്ട് പറഞ്ഞു ഈ തുക തുമ്പമൺ മർത്തമറിയം സമാജം ഖജാൻജിക്കു കൊടുക്കണം എനിക്കിതല്ലാതെ യാതൊരു കടവുമില്ല. തിരുമേനി അവസാനവർഷം എഴുതിയ ഡയറികുറിപ്പുകൾ ഇവിടെ പ്രസിദ്ധീകരിക്കുകയാണ്.

◀			January 1951			▶
Sun	Mon	Tue	Wed	Thu	Fri	Sat
31	1	2	3	4	5	6
7	8	9	10	11	12	13
14	15	16	17	18	19	20
21	22	23	24	25	26	27
28	29	30	31	1	2	3

◀			February 1951			▶
Sun	Mon	Tue	Wed	Thu	Fri	Sat
28	29	30	31	1	2	3
4	5	6	7	8	9	10
11	12	13	14	15	16	17
18	19	20	21	22	23	24
25	26	27	28	1	2	3

അവസാനവർഷം (1951) എഴുതിയ ഡയറി

പുത്തൻകാവിൽ കൊച്ചുതിരുമേനി കാലം ചെയ്ത 1951-ൽ ഏപ്രിൽ ആറ് വരെ ഡയറി എഴുതിയിട്ടുണ്ട്. പഴഞ്ഞി കുന്നംകുളം കൺവൻഷനുകളിൽ പങ്കെടുക്കാനായിരുന്നു ആ അന്ത്യയാത്ര.

പഴഞ്ഞിയിൽ വച്ചായിരിക്കും ഏപ്രിൽ 6 ലെ ഡയറികുറിപ്പ് എഴുതിയതെന്നു കരുതുകയാണ്.

1951 ജനുവരി 1 : പൊങ്ങലടി പള്ളിയിലെത്തി.കണക്കുകൾ കണ്ടു.തൃപ്തിയായി.ചില്ലറചില്ലറ ജോലികൾ ചെയ്തു. അച്ചനുമായി ചില ആലോചനകൾ - സ്ഥാപന പുരോഗമനാർത്ഥം നടത്തി. ഒരു സഹായിയെ അച്ചനു കണ്ടു പിടിക്കാൻ നിർദ്ദേശിച്ചു. ബഥേലിലേക്കു തിരിച്ചു പോന്നു. ദീവാന്നാസ്യോസ് മെത്രാച്ചനെ വഴി മധ്യേ വച്ചു കണ്ടു. കാർ മാറിക്കയറി. തമ്മിൽ ചില കാര്യങ്ങളെപ്പറ്റി സംസാരിച്ചു.

ജനുവരി 2 : സുന്നഹദോസു സംബന്ധിച്ചു രാവിലെ 10നു സെമിനാരിയിൽ എത്തി. തീമോത്തിയോസ് മെത്രാച്ചൻ ഒഴിച്ച് എല്ലാവരുമുണ്ടായിരുന്നു. പീലിപ്പോച്ചൻ, പാറേട്ടച്ചൻ മുതലായവരും വന്നിരുന്നു. വിശേഷാലൊന്നും നടന്നില്ല. ഞാൻ മിക്കവാറും മൗനം അവലംബിച്ചതേയുള്ളു. യാതൊരുത്സാഹവും തോന്നുന്നില്ല.

ജനുവരി 3 : സുന്നഹദോസ് തുടർന്നു. പൂർവാധികം ഗൗരവമായ ആലോചനകൾ നടന്നു. ഗ്രീഗോറിയോസ് മെത്രാച്ചനും ബാവായുമായി അവസാനം തെറ്റി. എങ്കിലും ഞാൻ ഇടപെട്ട് ശാന്തമാക്കിയെന്ന് പറയാം ചില പൊതു പ്രമാണങ്ങൾ എഴുതി വച്ചു. രാത്രി പീലിപ്പോച്ചനുമായി ആലോചിച്ചു ഡ്രാഫ്റ്റ് കൊണ്ടുവരാൻ പറഞ്ഞു പിരിഞ്ഞു.

ജനുവരി 4 : 10-നു വീണ്ടും സുന്നഹദോസു കൂടി 12 വരെ. ഓതറ ആശാന്റെ മരണം സംബന്ധിച്ച് 2.30ന് ഞാൻ മംഗലം പള്ളിയിലെത്തി. ശവമടക്കം നടത്തി. തിരുവിതാംകോട്ടു റമ്പാച്ചനും ഓതറ അച്ചനും മംഗലത്തിലച്ചനും ഉണ്ടായിരുന്നു.

4നു ഇരവിപേരൂർ ആശുപത്രി കമ്മിറ്റി കൂടി. രാത്രി മാക്കാൻ കുന്നിലെത്തി.

ജനുവരി 5: മാക്കാൻകുന്നിൽ നിന്നു പോരുംവഴി ആറാട്ടുപുഴ നല്ലൂർ നിന്നും ഉച്ചമേശ കഴിച്ചു. ഇന്നു 11 മണിക്കു പുത്തൻകാവിൽ കപ്യാർ അബ്രഹാം പെട്ടന്നു മരിച്ചു. ഞാൻ വീട്ടിൽ കയറി കണ്ടശേഷം ബഥേലിലേക്കു പോയി.

ജനുവരി 6 : 10 മണിക്കു പുത്തൻകാവിലെത്തി കപ്യാർ അബ്രഹാമിന്റെ ശവമടക്കു കഴിച്ചു. ഉച്ചയോടുകൂടി കല്ലേലിൽ എത്തി. മാനേജർ ഉണ്ണൂണ്ണിയുടെ ബംഗ്ലാവിൽ താമസിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞു പള്ളിയിൽ പ്രസംഗിച്ചു. ഇവിടെ ഇപ്പോൾ 28 ഇടവകക്കാരുണ്ട്.

ജനുവരി 7 ഞായർ : യൽദാ. കല്ലേലി. വെളുപ്പിന് രണ്ടു മുതൽ ശുശ്രൂഷകളും മറ്റും 6.30നു കുർബാന തീർന്നു ഉച്ചയ്ക്കു ശേഷം 3നു

സണ്ടേസ്കൂൾ ഞാൻ തന്നെ നടത്തി അധ്യാപകരെ നിയമിച്ചു. എല്ലാം പുനരാരംഭിച്ചു. 4 മണിക്കു പള്ളി പൊതു യോഗം കൂടി.

ജനുവരി 8 : 9 മണിക്കു പുത്തൻകാവു പള്ളിയിലെത്തി. പീടികയിൽ കുഞ്ഞിന്റെ മകന്റെ കല്യാണം നടത്തി . ഉച്ചയ്ക്കു ശേഷം മാവേലിക്കര ആശുപത്രിയിലെത്തി രോഗിയായ കൊച്ചുകുഞ്ഞിനെ സന്ദർശിച്ച് പ്രാർത്ഥിച്ചു. സി. ചാക്കോയുടെ വീട്ടിൽ നിന്നു കാപ്പി കുടിച്ചു. സന്ധ്യക്കു ശേഷം കല്ലേലിൽ വല്യച്ചനെ ദീനക്കിടക്കയിൽ സന്ദർശിച്ചു. രാത്രി തിരിച്ചു പോന്ന് പറമ്പിൽ അച്ചന്റെ വീട്ടിൽ നിന്ന് അത്താഴം കഴിഞ്ഞ ശേഷം ബഥേലിലെത്തി.

ജനുവരി 9 : രാവിലെ 10 മണിക്കു കോട്ടയത്ത് എത്തി ചൂളപ്പറമ്പിൽ മെത്രാച്ചന്റെ ഫ്യൂണറൽ പ്രൊസെഷനെ ഫോർവേർഡ് ബാങ്കിന്റെ മുകളിലത്തെ നിലയിൽ നിന്നു കൊണ്ടു കണ്ടു. ഗ്രാൻഡ്. ഞായറാഴ്ച മൂന്നു മണിക്കാണ് അദ്ദേഹം മരിച്ചത്. ഇന്നു 12 നു അടക്കി.

ജനുവരി 10 : രാവിലെ പേഴമറ്റം കുറിയാക്കോസച്ചനുമൊരുമിച്ച് പാമ്പാടിയിലെത്തി മെത്രാച്ചനുമായി ദീർഘനേരം സംസാരിച്ചു കുറിയാക്കോസച്ചന്റെ ദയറാ മാനേജർ നിയമനം തൃപ്തികരമെന്നു കല്പിച്ചു. ഏർപ്പാടു ചെയ്തു വൈകിട്ടു ഞാൻ സെമിനാരിയിലേക്ക് പോന്നു. ഇടയ്ക്കു വടക്കൻമണ്ണൂർ പള്ളിയിൽ കയറി. കുറിയാക്കോസച്ചന്റെ യാത്രയയപ്പിനു ചെല്ലാമെന്നു സമ്മതിച്ചു. രാത്രിയിൽ സെമിനാരിയിൽ എത്തി. മുട്ടമ്പലത്തു കൈലാസത്തിൽ വച്ചു റ്റി. റ്റി താരു മാസ്റ്റർ, ഭാര്യ എന്നിവരെയും കണ്ടു.

ജനുവരി 11. സെമിനാരി ആപ്പീസിൽ 10-12 വരെ ചെലവാക്കി. വീണ്ടും 3-5 വരെയും വേല ചെയ്തു കൊല്ലാട്ടു ജോർജിനെ വരുത്തി ചില സജെക്ഷൻസ് കേട്ടു.

ജനുവരി 12 : വൈകിട്ട് തുമ്പമൺ പള്ളിയിലെത്തി താമസിച്ചു.

ജനുവരി 21 : കുടശ്ശനാടു പള്ളിയിൽ കുർബാന, പ്രസംഗം, പൊതുയോഗം ഇവ കഴിഞ്ഞ് 12 മണിക്കു ഉള്ളന്നൂർ പള്ളിയിലെത്തി രാജന്റെ കല്യാണം നടത്തിയ ശേഷം രാത്രി 7.30 ന് തിരുവനന്തപുരത്ത് പള്ളി ബംഗ്ലാവിൽ താമസിച്ചു. ഇ. റ്റി. തോമസിന്റെ വീട്ടിൽ നിന്നു ഭക്ഷണം. ജനുവരി 22 തിങ്കൾ : 2.30നു തോമസിന്റെ രണ്ടാമത്തെ മകന്റെ കല്യാണം നടത്തി. രാത്രി 7.30നു തിരുവിതാംകോട്ട് എത്തി. നെയ്യൂർ ആശുപത്രിയിൽ കിടന്നു ഒരു കുട്ടി മരിച്ചു. അതിന്റെ തൈലാഭിഷേകം നേരത്തെ റമ്പാച്ചൻ ചെന്നു നടത്തി എന്റെ കാറിലാണു പോയത്. ശവമടക്കം തിരുവിതാംകോട്ട്. ശവമടക്കം ഞാൻ കൂടി ചേർന്നു നടത്തി ഡോ. നൈനാൻ മാവേലിക്കര ഇക്കാര്യത്തിൽ വളരെ ക്ലേശം സഹിച്ചു. തിരുവിതാംകോട്ട് ഒരു പട്ടക്കാരനുണ്ടായിരിക്കേണ്ടയാവശ്യം വളരെയാണ് എന്തു ചെയ്യാം ആളില്ല.

ജനുവരി 23 : നെയ്യൂർ ആശുപത്രി സന്ദർശിച്ച ശേഷം നാഗർകോവിലിൽ ടൗൺ പ്ലാനിംഗ് ഓഫീസർ ഫീലിപ്പോസിന്റെ വീട്ടിൽ നിന്നു ഭക്ഷണം കഴിച്ചു. ടിയാൻ അവിടെയില്ല. റമ്പാച്ചനും ഞാനും ഒരുമിച്ചാണ് യാത്ര ചെയ്തത്. രാത്രി തിരുവിതാംകോട്ടു പള്ളിയിൽ.

ജനുവരി 24 : തിരുവിതാംകോട്ടു നിന്നു തിരിച്ചു തക്കലെ എത്തി. ചെങ്ങന്നൂർ മുൻസിഫ് തോമസ്സിന്റെ വീട്ടിലും കോട്ടയം ഉപ്പൂട്ടിൽ അച്ചൻ കുഞ്ഞിന്റെ വസതിയിലും കയറി ഇറങ്ങി.

ഇന്നു പെരുഞ്ചാണി അണയും കോതയാർ അണയും ചെന്നു കണ്ടു വലിയ പോസിബിലിറ്റീസ് ഉള്ളതായി അറിയുന്നു. കായംകുളത്തുകാരൻ എൻജിനീയർ - പുത്തൻകാവിൽ കിഴക്കേവീട്ടിലിൽ മത്തായിച്ചന്റെ മരുമകൻ- വള്ളംകുളത്തു നാലപ്പാട്ടു ചാക്കോച്ചന്റെ മകൻ എൻജിനീയർ ഇവർ ഇവിടെ ഉണ്ട്. അവർ എല്ലാ കാര്യങ്ങളും മനസ്സിലാക്കി തന്നു. രാത്രി തിരുവനന്തപുരത്തു തിരിച്ചെത്തി.

ജനുവരി 25 : രാവിലെ തിരുവനന്തപുരത്തു നിന്നു പുറപ്പെട്ടു. ഉച്ചമേശ അടൂർ പൊങ്ങലടിപ്പള്ളിയിൽ വൈകിട്ടു ബഥേലിൽ എത്തി.

ജനുവരി 26 : വൈകിട്ടു തലവടി ടി. എം ഹൈസ്കൂളിൽ എത്തി വാർഷികത്തിൽ അദ്ധ്യക്ഷം വഹിച്ചു. 6 നു തിരിച്ചു പോന്നു. ബാക്കി കാര്യങ്ങൾക്കു Divil. Inspector A.K Pillaയെ ചുമതലപ്പെടുത്തി പോന്നു Rev. M. V. George (SIC) ആദർശങ്ങൾ തെറ്റിയാലും വേണ്ടില്ല, അക്ഷരാഭ്യാസം ഉണ്ടായിരിക്കണം എന്നു പ്രസംഗിച്ചതിനെപ്പറ്റി ഞാൻ വിപരീതാഭിപ്രായം സൂചിപ്പിച്ചു.

ജനുവരി 31 : രാവിലെ പത്തനംതിട്ട നിന്നു വടക്കെക്കര പള്ളിയിലെത്തി കുരിശിനു കല്ലിട്ട ശേഷം കാരിച്ചാൽ മാത്തുകുട്ടി (അളിയൻ) യുടെ ശവ സംസ്ക്കാരം സംബന്ധിച്ചു അവിടെ എത്തി 12 മണിക്കു അതു നടത്തി 4 മണിക്കു ശേഷം വട്ടക്കാവു പള്ളിയിൽ എത്തി.

ഫെബ്രുവരി 7 - 8 കോട്ടയം സെമിനാരിയിൽ.

9,10,11 അയിരൂർ തോപ്പിൽ പള്ളിയിൽ. കുർബന, പ്രസംഗം, പൊതുയോഗം, തെരട്ടു പാസ്സാക്കി. ട്രസ്റ്റിയെ തെരഞ്ഞെടുക്കുന്നതിന് ഐക്യം കിട്ടാത്തതിനാൽ മാറ്റി വച്ചു.

മാവേലിക്കര കൊച്ചു കുഞ്ഞു ഇന്നു 2.30 മണിക്കു ആശുപത്രിയിൽ കിടന്നു മരിച്ചു 5 മണിക്കു ആശുപത്രിയിൽ എത്തി ശവം സി. എം. എസ് ശവവണ്ടിയിൽ വീട്ടിലേക്കു കൊണ്ടുപോയി. ഞാൻ കൂടി അവിടെ എത്തി ഒരു ശുശ്രൂഷ കൂടി കഴിച്ചു ക്രമീകരണങ്ങൾ ചെയ്തശേഷം തഴക്കര സെമിനാരിയിലേക്കു പോന്നു.

പുത്തൻകാവ് കൊച്ചുതിരുമേനി കാലം ചെയ്ത തൃശൂർ ജില്ലയിലെ മരത്തംകോട് ദേവാലയം

ഫെബ്രുവരി 12 രാവിലെ മാവേലിക്കര പള്ളിയിൽ കുർബ്ബാനയ്ക്കു സംബന്ധിച്ചു. കൊച്ചുകുഞ്ഞിന്റെ ശവമടക്കം നടത്തിയ ശേഷം വീട്ടിലെത്തി കൊച്ചമ്മയേയും മറ്റും ആശ്വസിപ്പിച്ച ശേഷം വീണ്ടും ആശുപത്രിയിൽ എത്തി പറമ്പിലെ കൊച്ചുമ്മന്റെ സുഖക്കേട് കണ്ടു പ്രാർത്ഥിച്ചു പോന്നു. ബാവാ ഇദ്ദേഹത്തിനു തൈലാഭിഷേകം നടത്തികഴിഞ്ഞു.

ഉച്ചയ്ക്കു പാത്താമുട്ടം സ്ലീബാ പള്ളി യിലെത്തി മേശ കഴിഞ്ഞു റമ്പാച്ചനുമൊരുമിച്ച് കോട്ടയത്തെത്തി . ആഫീസ് ജോലികൾ.

ഫെബ്രുവരി 17. അപ്പന്റെ ഓർമ്മ ദിവസം പ്രമാണിച്ചു പുത്തൻകാവിൽ ചൊല്ലി ധൂപം വച്ചശേഷം പ്ലാന്റർ പി. സി. ചാക്കോയ്ക്ക് തിരുവല്ലായിൽ വി. കുർബാന കൊണ്ടു ചെന്നു കൊടുത്തു. തിരിച്ചു പുത്തൻകാവിൽ എത്തി. ഉച്ചമേശ വീട്ടിൽ. പിന്നീടു പുത്തൻകാവു ഹൈസ്ക്കൂൾ വാർഷികം പ്രമാണിച്ചു ഞാൻ കൂടി അവിടെ എത്തി പ്രിൻസിപ്പൽ ജോർജ് തോമസ്, പന്തളം കോളേജ് മലയാള പണ്ഡിതൻ ബുധനൂർ ടി. എം. ചെറിയാൻ എന്നിവർ പ്രസംഗിച്ചു. 6 മണിക്കു ശേഷം പത്തനംതിട്ടയ്ക്കു പോന്നു. മാക്കാംകുന്നു പള്ളിയിൽ താമസിച്ചു.

ഫെബ്രുവരി 18 വട്ടശ്ശേരിൽ മെത്രാച്ചന്റെ ഓർമ്മ. ഇന്നു വൈകിട്ടും നാളെയും - രാത്രി വെടിക്കെട്ടും.

23. വട്ടശ്ശേരിൽ മെത്രാച്ചന്റെ ശ്രാദ്ധം. ഞാൻ പ്രസംഗിച്ചു. 15 മിനിറ്റ് 4 മണിക്കു ശേഷം കോട്ടയത്തു നിന്നും ഡപ്യൂട്ടി സെക്രട്ടറിയുമൊരുമിച്ചു വട്ടക്കാട്ടച്ചനുമായി 6.30 നു ശേഷം കൊറ്റമ്പള്ളിലെത്തി. ഇന്നു ഏഴു പേർക്ക് ബാവാ തിരുമേനി സബ് ഡീക്കൻ പട്ടം കൊടുത്തു. തേവോദോസിയോസും ഞാനും പങ്കെടുത്തു.

ഫെബ്രുവരി 25 പുത്തൻകാവു കൺവെൻഷൻ ഇന്നാരംഭിച്ചു ഞാൻ ചൊല്ലി ഉച്ചയ്ക്കുശേഷം ഉദ്ഘാടനപ്രസംഗം നടത്തി. വൈകിട്ട് ബിഷപ്പ് വാൽഷ് പ്രസംഗിച്ചു.

ഫെബ്രു 27 പുത്തൻകാവു കൺവൻഷനിൽ പ്രസംഗിക്കാൻ വന്ന ബിഷപ്പ് വാൽഷിനെ ചെങ്ങന്നൂർ എത്തി കണ്ടു ഡോ. ജോസഫിന്റെ വീട്ടിൽ ഉച്ചമേശയും കഴിച്ചു.

ഫെബ്രു 28 പുത്തൻകാവു കണിയാൻപറമ്പിൽ കുഞ്ഞു (സി. ഒ ഉമ്മൻ) ഇന്നു രാത്രി 10നു മരിച്ചു. ഞാൻ ഉടൻ ചെന്ന് ഒന്നാം തെശ്മെ സ്താ നടത്തി.

മാർച്ച് 4. ചെങ്ങന്നൂർ കാളികുന്നിലെത്തി പള്ളിയുടെ ചെറിയ കൂദാശ നടത്തി കുർബ്ബാന നടത്തി പ്രസംഗിച്ചു. ഉച്ചക്കു ശേഷം പുത്തൻകാവിലെത്തി മാർ അന്ത്രയോസ് ഡിസ്പെൻസറിക്കു കല്ലിട്ടു. കൺവൻഷന്റെ ഒടുവിലത്തെ സെഷനിൽ സി. ഐ നൈനാൻ പ്രസംഗിച്ചു. മാർച്ച് 9. കോഴഞ്ചേരി പള്ളിയിൽ കുർബാന, പ്രസംഗം മുതലായവ കഴിഞ്ഞു പുത്തൻകാവിലെത്തി. കുഞ്ഞൂഞ്ഞുമൊരുമിച്ചു ആലുവായ്ക്കു പോന്നു. കോട്ടയം സെമിനാരിയിൽ കയറി ബാവായെ കണ്ടു. രാത്രി 6.30നു ശേഷം ആലുവാ വൈ. എം. സി. എ. യിൽ എത്തി താമസിച്ചു.

മാർച്ച് 10.രാവിലെ 8.30നു ആലുവാ തൃക്കുന്നത്തു സെമിനാരിയിലെത്തി അത്താനാസ്യോസ് മെത്രാച്ചനുമായി 10 വരെ സമയം ചെലവഴിച്ചു. 10.30 മുതൽ 3.30 വരെ ആലുവാ കോളേജ് കൗൺസിലിൽ അദ്ധ്യക്ഷത വഹിച്ചു. 4 മണിക്കു അനുജൻ കുഞ്ഞൂഞ്ഞുമൊരുമിച്ചു കോഴിക്കോടിനു പോന്നു. രാത്രി 11 നു ശേഷം കോഴിക്കോടു പള്ളിയിൽ എത്തി. മണമേൽ പാപ്പച്ചന്റെ ബംഗ്ലാവിൽ താമസിച്ചു.

മാർച്ച് 11. കോഴിക്കോട് സെന്റ് ജോർജ്ജ് പള്ളിയിൽ പോയി. ഒന്നര മണിക്കൂർ പ്രസംഗിച്ചു. ഇവിടെ ഈ പള്ളി കിട്ടിയത് ഒരനുഗ്രഹമെന്നേ പറയാനുള്ളു. വളരെ വൃത്തിയായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു. വൈകിട്ട് പാപ്പച്ചന്റെ കാറിൽ കടൽ തീരം, ശവക്കോട്ട മുതലായവ സന്ദർശിച്ചു തിരിച്ചെത്തി, എ. കുര്യൻ (കുഞ്ഞൂഞ്ഞ്) ന്റെ വീട്ടിൽ നിന്ന് അത്താഴം കഴിച്ചു. രാത്രി പാപ്പച്ചന്റെ ബംഗ്ലാവിൽ വൈകിട്ട് നമസ്ക്കാരം കഴിഞ്ഞു 1 /2 മണിക്കൂർ പ്രസംഗിച്ചു.

മാർച്ച് 12. ഉച്ചക്കുശേഷം എം. സി. പോത്തനുമൊന്നിച്ചു പുതുപ്പാടി ചാപ്പൽ സന്ദർശിച്ചു. ഗേറ്റിനടുത്തു വരെ പോയി. തിരിച്ചു വരും വഴി അയിരൂർ കുരുടാമണ്ണിൽ അവറാച്ചന്റെ വസതിയിലും കയറി 7 മണിക്കു തിരിച്ചു കോഴിക്കോട്ടു പള്ളിയിലെത്തി നമസ്ക്കാരം കഴിഞ്ഞു ഒരു മണിക്കൂർ പ്രസംഗിച്ചു . അനുജൻ കുഞ്ഞൂഞ്ഞിന്റെ വീട്ടിൽ. വിമൻസ് ഹോസ്പിറ്റലിൽ നിന്ന് അത്താഴം. കുന്നം കുളത്തു ഇയ്യാക്കു കത്തനാരും കൂടി സംബന്ധിച്ചു രാത്രി പാപ്പച്ചന്റെ ബംഗ്ലാവിൽ.

മാർച്ച് 13. രാവിലെ 9 മണിക്കു കോഴിക്കോട്ടു നിന്നു തീവണ്ടിയിൽ തിരിച്ചു പോന്നു 5.30 ആലുവായിൽ എത്തി. കുഞ്ഞൂഞ്ഞിനെ അവിടെ വിട്ടേച്ചു ഞാൻ കോട്ടയത്തിനു പോന്നു. രാത്രി 9 മണിക്കു എം. ഡി. സെമിനാരിയിൽ എത്തി താമസിച്ചു.

മാർച്ച് 14. രാവിലെ പഴയസെമിനാരിയിലെത്തി. ബാവാ ചെറിയ പള്ളിയിലായിരുന്നതിനാൽ അവിടേയ്ക്കു പോയി. എരുത്തിക്കലച്ചന്റെ "തിരിച്ചിലിനെ" പറ്റി സംസാരിച്ചു. ഞാൻ മാർക്കോച്ചനേയും കണ്ടു തിരിച്ചു പോരും വഴി പാലമ്പടത്തു പുന്നച്ചന്റെ വീട്ടിൽ ഇദംപ്രഥമമായി കയറി. എരുത്തിക്കൽ അച്ചനുമായി 4 മണിക്കൂറോളം സംസാരിച്ചു. ഫലമുണ്ടായില്ല. ഉച്ചഭക്ഷണം പുന്നച്ചന്റേത്. പ്രാർത്ഥിച്ച ശേഷം തിരിച്ചു പോന്നു സന്ധ്യയ്ക്കു ബഥേലിൽ എത്തി.

മാർച്ച് 15,16,17 മൂന്നു ദിവസവും ധാരാളം വായിച്ചു. എഴുത്തുകൾ എഴുതി.

മാർച്ച് 21 പുത്തൻകാവ് പള്ളിയിൽ 4 മണിക്കു ആറാം ഫാറത്തിലെ കുട്ടികൾക്ക് യാത്ര അയപ്പ് .പ്രസംഗിച്ചു. The first batch since the school was opened on 1st July 1948.

മരത്തംകോട് ദേവാലയത്തിൽ പുത്തൻകാവിൽ കൊച്ചുതിരുമേനി കാലം ചെയ്ത സമയത്ത് കിടന്ന കിടക്ക സൂക്ഷിച്ചിരിക്കുന്ന പ്രാർത്ഥനാമുറി

മാർച്ച് 23,24. വാളകം .മാർച്ച് 25 കുമരകം.

മാർച്ച് 26 രാവിലെ വാളകത്തുനിന്നു പുറപ്പെട്ട് കോട്ടയത്ത് എത്തി.ഇടയ്ക്ക് മൂവാറ്റുപുഴ അരമനയിലും കയറി.രാജേന്ദ്രപ്രസാദ് ഇന്നു കോട്ടയത്തിനുവന്നു. ഞാൻ ബാവായെ കണ്ടതിനുശേഷം ബഥേലിലേക്കുപോന്നു.കോട്ടയം ആശുപത്രിയിലും തിരുവല്ലാ ആശുപത്രിയിലും അക്കരെ കൊച്ചുപാപ്പന്റെ വീട്ടിലും മറ്റും എത്തി .എം.ജി. ജോൺ ജഡ്ജിയുടെ വീട്ടിലും കയറി.ബഥേലിൽ രാത്രി 9നു ശേഷമാണ് എത്തിയത്. വളരെ ക്ഷീണിച്ചു.

മാർച്ച് 28. രാവിലെ മനോരമയുടെ ജൂബിലി പ്രമാണിച്ചു 9-1വരെയുള്ള മീറ്റിംഗിൽ സംബന്ധിച്ചു.രാജേന്ദ്രപ്രസാദ് 12നു മീറ്റിംഗിൽ സന്നിഹിതനായിരുന്നു.പ്രസംഗം കഴിഞ്ഞു തിരിച്ചുപോയി. ഞാൻ 2മണിക്ക് ബഥേലിലേക്കു തിരിച്ചുപോയി.

കൺവൻഷൻ യാത്ര 1951 ഏപ്രിൽ 4 ബുധൻ .പത്തു മണിക്കു പി.എസ് .ശെമ്മാശനുമൊരുമിച്ച് പഴഞ്ഞി കൺവൻഷനു പോന്നു.രാത്രി ആലുവാ ഫെലോഷിപ്പ് ഹൗസിൽ താമസിച്ചു. എം.പി. ജോൺ മാത്രമുണ്ടായിരുന്നു. ഹൗസിന്റെ ആദർശങ്ങൾ ഇനിയും നടപ്പായിട്ടില്ല. ഒരു Unmarried Priest Resident ഉണ്ടായിരിക്കാതെ യാതൊന്നും നടക്കുകയില്ല.

ഏപ്രിൽ 5 : രാവിലെ ഫെലോഷിപ്പ് ഹൗസിൽ നിന്നും പോന്നു.എം. തൊമ്മനും വന്നു സംസാരിച്ചു. One House കോളേജിലെത്തി റ്റി.സി. ജോസഫിനേയും ജോഷ്വാ ശെമ്മാശനേയും മറ്റും കണ്ടു.ഉച്ചക്കു ഡോ.ചീരന്റെ വസതിയിൽ ഭക്ഷണം. 4 മണിക്കു ശേഷം പഴഞ്ഞിയിലെത്തി. രാത്രി ശെമ്മാശനും ഞാനും പ്രസംഗിച്ചു.കൺവൻഷൻ ഉത്ഘാടനം.

ഏപ്രിൽ 6 വെള്ളി. പഴഞ്ഞി കാക്കു അച്ചന്റെ വസതിയിൽ എത്തി .ദീനത്തിലായിരുന്ന അച്ചനുവേണ്ടി പ്രാർത്ഥിച്ചു .കുന്നംകുളം ചാക്കുണ്ണി അച്ചനുമുണ്ടായിരുന്നു. തിരിച്ചുവരും വഴി ഏചക്കാൻ വറീതിന്റെയും വീട്ടിലെത്തി ദീനക്കിടക്കയിലായിരുന്ന ടിയാനു വേണ്ടി പ്രാർത്ഥിച്ചു.

March 1951

Sun	Mon	Tue	Wed	Thu	Fri	Sat
25	26	27	28	1	2	3
4	5	6	7	8	9	10
11	12	13	14	15	16	17
18	19	20	21	22	23	24
25	26	27	28	29	30	31

April 1951

Sun	Mon	Tue	Wed	Thu	Fri	Sat
1	2	3	4	5	6	7
8	9	10	11	12	13	14
15	16	17	18	19	20	21
22	23	24	25	26	27	28
29	30	1	2	3	4	5

കാതോലിക്കേറ്റ് രത്നദീപം

CATHOLICATE RATHNADEEPAM

രണ്ടാം ഭാഗം

ചരിത്രപ്രസിദ്ധമായ പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ

പുത്തൻകാവു പള്ളി

പുത്തൻകാവു പള്ളി

പമ്പയുടെ തീരത്തുള്ള മനോഹരമായ ഒരു ക്രൈസ്തവ ദേവാലയം

കേരളത്തിലെ സുറിയാനി പള്ളികളുടെ കൂട്ടത്തിൽ പുത്തൻകാവു പഴയ പള്ളിയുടെ സ്ഥാനം അദ്വിതീയമായ ഒന്നാണു്. അനേക നൂററാണ്ടുകളുടെ പഴക്കവും, അതുപോലെ തന്നെ പ്രാധാന്യവുമുള്ള ചെങ്ങന്നൂർ പഴയ പള്ളിയിൽ സംബന്ധിച്ചു കൊണ്ടിരുന്ന പുത്തൻകാവിലെ കച്ചവടക്കാരായ നസ്രാണികൾ പമ്പാനദിയുടെ മണൽത്തിട്ടയിൽ നിന്നുയർന്ന കരയിലുള്ള കവലയിൽ ഒരു കുരിശു സ്ഥാപിക്കാനുള്ള അടിസ്ഥാനമിട്ടപ്പോൾ, ഒരു പക്ഷേ പുത്തൻകാവു പള്ളിക്കു് ഇന്നുണ്ടായിരിക്കുന്ന ഔന്നത്യം ഉണ്ടായിത്തീരുമെന്നു സ്വപ്നേപി വിചാരിച്ചിരുന്നില്ല. നിറഞ്ഞൊഴുകുന്ന പമ്പയിൽ തെളിയുന്ന പ്രതിബിംബംനോക്കി നിശ്ചലമായി നിൽക്കുന്ന ആ നെട്ടങ്കൻ കൽക്കുരിശിനു പറയാനുള്ള കഥ സംഭവബഹുലമാണു്. കൊല്ലവർഷം ആറാം നൂററാണ്ടിലാണു കുരിശിൻെറ പ്രതിഷ്ഠ നടന്നതു്. അന്നു ക്രിസ്ത്യാനികൾ അവിടെ ഒരു ന്യൂനപക്ഷമായിരുന്നു. കച്ചവടക്കാരായി വന്ന ക്രിസ്ത്യാനികളുടെ പെട്ടെന്നുള്ള വളർച്ചയെ വിളിച്ചറിയിക്കത്തക്കവണ്ണം ഇന്നും, അവിടെ ചെല്ലുന്ന സന്ദർശകരെ ആകർഷിക്കുന്ന ഒന്നാണു പുത്തൻകാവിലെ തെരുവു്. പഴയ സിറിയൻ ക്രിസ്ത്യൻ സങ്കേതങ്ങളിലെല്ലാം കാണാവുന്ന അത്തരം തെരുവുകൾ ക്രിസ്ത്യാനികളുടെ കൂട്ടായുള്ള ജീവിതത്തിനും ഐക്യമത്യത്തിനും ഒരുന്നതമായ ഉദാഹരണമാണു്.

പുത്തൻകാവിലെ കുരിശിൻെറ പ്രതിഷ്ഠയ്ക്കു ശേഷം ക്രിസ്ത്യാനികളുടെ എണ്ണം വർദ്ധിച്ചു കഴിഞ്ഞപ്പോൾ അവിടെ നിന്നു രണ്ടുമൂന്നു മൈൽ അകലെയുള്ള ചെങ്ങന്നൂർ പഴയ പള്ളിയിൽ പോയി ആരാധനയിൽ പങ്കുകൊള്ളുന്നതു അസൗകര്യമായി തോന്നിയപ്പോഴാണു പുത്തൻകാവിൽ ഒരു പള്ളി സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചതു്. കൊല്ലവർഷം 969 വൃശ്ചിക മാസത്തിൽ പുന്നരിട്ട പണ്ടാരത്തിൽനിന്നു വാങ്ങിയ പുത്തൻകാലാ പുരയിടത്തിൽ പള്ളിക്കുള്ള അടിസ്ഥാനമിട്ടു. കാലതാമസം കൂടാതെ തന്നെ പള്ളിയുടെ പണിയും തീർന്നു. മാർത്തോമ്മാ ആറാമൻ എന്നറിയപ്പെട്ടിരുന്ന വലിയ മാർ ദീവന്നാസ്യോസ് തിരുമേനിക്കു പുത്തൻകാവിൽ പള്ളിയോടു് അഭേദ്യമായ ബന്ധമുണ്ടായിരുന്നു. തിരുമേനിയുടെ കബറടക്കം പുത്തൻകാവു പള്ളിയിൽത്തന്നെ വേണമെന്നു നേരത്തെ തന്നെ തിരുമേനി അനുയായികളെ അറിയിച്ചിരുന്നു. അതുകൊണ്ടാണു നിരണത്തു വച്ചു കാലം ചെയ്ത തിരുമേനിയെ പുത്തൻകാവിൽ കൊണ്ടുവന്നു കബറടക്കിയതു്. വലിയമാർ ദീവന്നാസ്യോസ് തിരുമേനി പുത്തൻകാവിൽ താമസിക്കുന്നതിനുമുമ്പു അന്ത്രയോസ് എന്ന പേരോടു കൂടിയ ഒരു വിദേശമെത്രാനും പുത്തൻകാവു പള്ളിയിൽ താമസിച്ചിരുന്നതായി ചരിത്രരേഖകളുണ്ടു്.

കരമാർഗവും, ജലമാർഗവും, ആളുകൾക്കു് എത്രയും വേഗത്തിൽ എത്തിച്ചേരാവുന്ന സ്ഥാനത്തു പണിതുയർത്തിയിരിക്കുന്ന പള്ളിയുടെ നിർമ്മാണത്തിൽ പ്രദർശിപ്പിച്ചിരിക്കുന്ന വാസ്തുവിദ്യാപാടവം പ്രശംസനീയമാണു്. പള്ളിയോടനുബന്ധിച്ചു ഒരു വശത്തായി കെട്ടിയുയർത്തിയിട്ടുള്ള മാളികകളിൽ വൈദികർക്കു താമസത്തിനുള്ള സൗകര്യങ്ങളുണ്ടു്. മദ്ബഹായുടെ ചുവരുകളിലും, പള്ളിയുടെ പുറത്തുള്ള ചുവരുകളിലും, ചിത്രപ്പണികളും കൊത്തുപണികളും കാണാനുണ്ടു്. ഒന്നോ രണ്ടോ നൂററാണ്ടുകൾക്കു മുമ്പുള്ള കലാപാടവത്തിൻെറ മാതൃകയെന്നവണ്ണം ഇന്നും യാതൊരുകുറവും കൂടാതെ അവ കാഴ്ചക്കാരനെ ആകർഷിക്കുന്നു.

പുത്തൻകാവു് എന്ന സ്ഥലപ്പേരു കേൾക്കുമ്പോൾത്തന്നെ മലങ്കരസഭയിലെ സുറിയാനിക്രിസ്ത്യാനികൾ രോമാഞ്ചത്തോടുകൂടെ സ്മരിക്കുന്ന ഒരു നാമമുണ്ടു്. കാലം ചെയ്ത മാർ പീലക്സീനോസ് തിരുമേനി, കൊച്ചുതിരുമേനിയെന്നും, പുത്തൻകാവിൽ തിരുമേനിയെന്നും അറിയപ്പെട്ടിരുന്ന മാർ പീലക്സീനോസ് തിരുമേനിയുടെ കബറിടവും പുത്തൻകാവു പള്ളിയിലാണു്. മറക്കാനാവാത്ത ആ ശബ്ദം സഭാസ്നേഹികളുടെ കാതുകളിൽ ഇപ്പോഴും മുഴങ്ങുന്നുണ്ടു്. സഭാസമാധാനത്തിനു വേണ്ടി ജീവിതം ഉഴിഞ്ഞുവച്ചിരുന്ന തിരുമേനിയുടെ ആത്മാവു പുത്തൻകാവിൽ വച്ചുതന്നെ ഈ സംഭവം നടക്കുന്നതിൽ പുളകം കൊള്ളുന്നുണ്ടാവും. അദ്ദേഹത്തിൻെറ ആത്മാവിൻെറ സംതൃപ്തിയിൽ ഇതിൽ കൂടുതലായി മറെറന്താണു വേണ്ടതു്.

1958 ഡിസംബർ 25 ന് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചത്.

മലങ്കര സിറിയൻ ക്രിസ്ത്യൻ അസോസ്യേഷൻ സമ്മേളനം

പുത്തൻകാവു വലിയപള്ളിയങ്കണത്തിലെ സമ്മേളനനഗറിൽ വെള്ളിയാഴ്ച നടക്കുന്നു

മുളന്തുരുത്തി മുതൽ പുത്തൻകാവുവരെ

മലങ്കര സിറിയൻക്രിസ്ത്യൻ അസോസ്യേഷന്റെ ചരിത്രത്തിലേക്കൊരെത്തിനോട്ടം

രണ്ടായിരം വർഷത്തെ പാരമ്പര്യമുള്ള മലങ്കര സുറിയാനിസഭയുടെ ചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്തേണ്ട ഒരു സംഭവത്തിന് രംഗമാക്കിക്കൊണ്ട് പുളച്ചൊഴുകുന്ന പമ്പാനദിയുടെ തീരത്ത്, പച്ചവിരിച്ച പ്രകൃതിരംഗിയുടെ പശ്ചാത്തലത്തിൽ തലയുയർത്തിനിൽക്കുന്ന പുത്തൻകാവ് പഴയപള്ളിയുടെ അങ്കണത്തിൽ, അതിമനോഹരമായ ഒരു മുന്നിലപ്പന്തൽ സജ്ജീകൃതമായിക്കഴിഞ്ഞിരിക്കുകയാണ്. ഒന്നിലധികം കാരണങ്ങൾകൊണ്ട് അതിപ്രധാനമായിത്തീരേണ്ട മലങ്കര അസോസ്യേഷൻ സമ്മേളനം നാളെ രാവിലെ എട്ടുമണിമുതൽ ഇവിടെ വച്ചാരംഭിക്കുകയാണ്. അരശതാബ്ദക്കാലത്തെ ഭിന്നതകൾക്കുശേഷം മലങ്കര സിറിയൻ ഓർത്തഡോക്സ് (യാക്കോബായ) സഭയുടെ മുഴുവൻ പ്രാതിനിധ്യം [illegible] നടക്കപ്പെടുന്ന ആദ്യത്തെ പ[illegible]യോഗം നാളെ ഇവിടെ വച്ചാണ് [illegible] അയ്മേനി [illegible] തെരഞ്ഞെടുക്കുന്നത്.

അസോസ്യേഷന്റെ ചരിത്രം

ഏകദേശം ഒരു ശതാബ്ദക്കാലത്തെ ചരിത്രം മാത്രമേ മലങ്കര അസോസ്യേഷന് നിയമപരമായി അവകാശപ്പെടാൻ കഴിയുകയുള്ളൂ. 1876-ൽ മലങ്കരയിലെത്തിയ പ. പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് തിരുമേനിയാണ്, അസോസ്യേഷന്റെ രൂപവൽക്കരണത്തിന് കളമൊരുക്കിയ സുപ്രസിദ്ധമായ മുളന്തുരുത്തി സുന്നഹദോസ് വിളിച്ചുകൂട്ടിയത്. അസോസ്യേഷന്റെ എക്സ് ഒഫീഷ്യോ പ്രസിഡണ്ട് എന്നുള്ള നിലയിൽ മലങ്കര മെത്രാപ്പോലീത്തായും മലങ്കര സുറിയാനിസഭയിൽപ്പെട്ട ഓരോ പള്ളികളുടെയും മുമ്മൂന്ന് പ്രതിനിധികളും ഈ അസോസ്യേഷനിൽ ഉൾപ്പെടുന്നുണ്ട്. ഇപ്രകാരമുള്ള അസോസ്യേഷന്റെ പ്രഥമയോഗമായി കണക്കാക്കാവുന്ന മുളന്തുരുത്തി സുന്നഹദോസിൽ വച്ച് ട്രസ്റ്റികളെ തെരഞ്ഞെടുത്തിരുന്നില്ല. 1060-നുശേഷമാണ് അങ്ങനെയൊരു തെരഞ്ഞെടുപ്പ് നടത്തി കോര മാത്തൻ മല്പാനെയും, ഉലഹന്നാൻകുര്യൻ (ശ്രീ.സി. ജെ.കുര്യന്റെ പിതൃസഹോദരൻ) നെയും സഹട്രസ്റ്റികളായി തെരഞ്ഞെടുത്തത്. ശ്രീ. ഉലഹന്നാൻകോരയുടെ മരണശേഷം, ആ സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പു നടത്തുവാനായി 1083-ൽ (എ. ഡി. 1908) വിളിച്ചുകൂട്ടപ്പെട്ട മലങ്കര അസോസ്യേഷൻ യോഗം ശ്രീ. സി.ജെ. കുര്യനെ അയ്മേനി ട്രസ്റ്റിയായി തെരഞ്ഞെടുക്കുകയുണ്ടായി. മലങ്കരസഭയിൽ ദീർഘകാലമായി നിലനിന്നു വന്നിരുന്ന ഭിന്നിപ്പിനും, വ്യവഹാരങ്ങൾക്കും അടിസ്ഥാന കാരണമായിരുന്നതും, വട്ടിപ്പണക്കേസ് എന്നാദ്യം അറിയപ്പെട്ടിരുന്നതുമായ കേസ്സിന് ആധാരമായ പിളർപ്പ് 1086-ലാണുണ്ടായത്. അതിനുശേഷം രണ്ടായി പിരിഞ്ഞ സഭാഘടകങ്ങൾ അസോസ്യേഷൻ സമ്മേളനങ്ങൾ പലപ്പോഴും വിളിച്ചുകൂട്ടിയിട്ടുണ്ട്. മലങ്കരസഭാ അസോസ്യേഷന്റെ തെരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ട് ഒരു ഭാഗത്തും, തെരഞ്ഞെടുക്കപ്പെട്ട ട്രസ്റ്റിമാർ മറുഭാഗത്തുമായിത്തീർന്നു. അസോസ്യേഷൻ പ്രസിഡണ്ടായ മെത്രാപ്പോലീത്താ വിളിച്ചുകൂട്ടിയ 1087-ലെ എം. ഡി. സെമിനാരി യോഗത്തിൽ കോര മാത്തൻ മല്പാനും, സി. ജെ. കുര്യനും പകരമായി മാണിപൗലോസ് കത്തനാരെയും, കോരകൊച്ചുകോരയെയും ട്രസ്റ്റികളായി തെരഞ്ഞെടുത്തപ്പോൾ ആലുവായിൽവച്ച് ട്രസ്റ്റികൾ വിളിച്ചുകൂട്ടിയ സമ്മേളനം കൂറിലോസ് മെത്രാച്ചനെ മലങ്കര മെത്രാപ്പോലീത്തായായും തെരഞ്ഞെടുത്തു. പിന്നീട് 1106-ൽ പഴയസെമിനാരിയിൽവച്ച് അസോസ്യേഷൻ വട്ടശ്ശേരിൽ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ സമ്മേളിക്കുകയും, സഭയ്ക്ക് ഒരു ഭരണഘടന ഡ്രാഫ്റ്റ് ചെയ്യുവാനായി ഒരു കമ്മിറ്റിയെ നിയമിക്കുകയും ചെയ്തു. അയ്മേനി ട്രസ്റ്റിയായിരുന്ന കോര കൊച്ചുകോരയുടെ മരണത്തെത്തുടർന്ന് അതേവർഷം മിഥുനമാസത്തിൽത്തന്നെ അസോസ്യേഷൻ വീണ്ടും കൂടുകയും ശ്രീ. ഇ. ഐ. ജോസഫിനെ തൽസ്ഥാനത്തേക്ക് തെരഞ്ഞെടുക്കുകയും ചെയ്തു. 1109-ൽ (1934) വട്ടശ്ശേരി തിരുമേനി കാലം ചെയ്തു. അതിനെത്തുടർന്ന് 1110-ൽത്തന്നെ വീണ്ടും അസോസ്യേഷൻ എം. ഡി. സെമിനാരിയിൽവച്ച് സമ്മേളിക്കുകയും പരിശുദ്ധ ബസ്സേലിയോസ് കാതോലിക്കാബാവാ തിരുമേനിയെ മലങ്കര മെത്രാനായി തെരഞ്ഞെടുക്കുകയും ചെയ്തു. സഭയുടെ ഭരണഘടന അംഗീകരിച്ചതും ഈ യോഗത്തിൽ വച്ചുതന്നെയാണ്. 1935-ൽ കരിങ്ങാശ്ശപ്പള്ളിയിൽവച്ച് മറുപക്ഷത്തെ അസോസ്യേഷൻ യോഗം നടന്നു. ഈ യോഗത്തിൽ മാർ അത്താനാസ്യോസ് തിരുമേനിയെ മലങ്കര മെത്രാപ്പോലീത്തായായി തെരഞ്ഞെടുത്തു.

1938-ൽ സഭയിലെ അസമാധാനം അതിന്റെ മൂർദ്ധന്യദശയിലെത്തുകയും വ്യവഹാരത്തിന്റെ ശക്തി വർദ്ധിക്കുകയും ചെയ്തു. പിന്നീട് 1951-ൽ എം. ഡി. സെമിനാരിയിൽ വച്ചു ചേർന്ന അസോസ്യേഷൻ 1934-ൽ അംഗീകരിച്ച ഭരണഘടനയ്ക്ക് ചില ഭേദഗതികൾ അവതരിപ്പിച്ച് പാസാക്കി. പ്രസ്തുത യോഗം മെത്രാൻസ്ഥാനത്തേക്ക് ഏതാനും പേരെ തെരഞ്ഞെടുക്കുകയും ചെയ്തു. 1957-ൽ മണർകാട്ടു വച്ച് മറുപക്ഷത്തെ അസോസ്യേഷൻ ചേർന്നു. ഈ സമ്മേളനത്തിൽ മാർ ക്ലീമീസ് തിരുമേനിയെ മലങ്കര മെത്രാപ്പോലീത്തായായി തെരഞ്ഞെടുത്തു.

അസമാധാനത്തിന്റെയും പരസ്പരവിദ്വേഷത്തിന്റെയും ഇരുണ്ട ഒരു കാലഘട്ടത്തെ ഇരച്ചു നീക്കിക്കൊണ്ട് സമാധാനത്തിന്റെയും സൗഹാർദ്ദത്തിന്റെയും രജതരേഖകൾ പ്രകാശം വിതറിക്കഴിഞ്ഞു. പുത്തൻകാവിലെ മലങ്കര അസോസ്യേഷൻ സമ്മേളനം ഈ പുതിയ വെളിച്ചത്തിലുയർന്നുനിൽക്കുന്ന ഒരു തിളങ്ങുന്ന നാഴികക്കല്ലാണ്......സമ്മേളനത്തിന്റെ വിജയപൂർവമായ നടത്തിപ്പ് മലങ്കര സുറിയാനിസഭയുടെ പുരോഗതിയുടെ ചരിത്രത്തിൽ ഒരു നാഴികക്കല്ലായിത്തീരട്ടെ!

1958 ഡിസംബർ 25 ന് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചത്.

മലങ്കര സിറിയൻ ക്രിസ്ത്യൻ അസോസിയേഷൻസമ്മേളനം

പുത്തൻകാവു വലിയപള്ളിയങ്കണത്തിലെ സമ്മേളനനഗറിൽ വെള്ളിയാഴ്ച നടക്കുന്നു

ചരിത്രപ്രസിദ്ധമായ പുത്തൻകാവ് അസോസ്സിയേഷൻ വിളിച്ചു കൂട്ടിയ
പരിശുദ്ധ. യാക്കൂബ് ത്രിതീയൻ പാത്രിയർക്കീസ് ബാവായും
പരിശുദ്ധ.ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായും.

അർശതാബ്ദക്കാലത്തിനു മുമ്പ് മലങ്കര സുറിയാനിസഭയിലെ എല്ലാ പള്ളിപ്രതിപുരുഷന്മാരും ചേർന്നു നടത്തിയിട്ടുള്ള അസോസിയേഷൻ യോഗത്തിനുശേഷം വീണ്ടും കേരളത്തിനാകെയുള്ള ഏകദേശം തൊള്ളായിരം പള്ളികളുടെയും പത്തു ലക്ഷത്തോടടുത്തുവരുന്ന ജനങ്ങളുടെയും പ്രാതിനിധ്യം വഹിച്ചു പുത്തൻകാവിൽ നാളെ നടക്കുന്ന പ്രഥമ അസോസിയേഷൻ സമ്മേളനം ചരിത്രപ്രസിദ്ധമായ ഒന്നുതന്നെയാണ്. ഈ സമ്മേളനത്തിനു് ഇങ്ങനെ മംഗളകരമായ ഒരു പ്രാധാന്യം നൽകുന്നതിനു കാരണഭൂതരായ പ. അന്ത്യോഖ്യാ പാത്രിയർക്കീസുബാവാ തിരുമേനിയും, പ. കാതോലിക്കാബാവാ തിരുമേനിയും ഈ തലമുറയിലെ ചരിത്രപുരുഷന്മാരായി എക്കാലവും അനുസ്മരിക്കപ്പെടുന്നതാണ്.

(സമ്മേളന രംഗവിവരങ്ങൾ—മൂന്നാംവശത്തു്)

1958 ഡിസംബർ 25 ന് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചത്.

ട്രസ്റ്റികളെ തെരഞ്ഞെടുക്കാൻവേണ്ടിയുള്ള പള്ളിപ്രതിപുരുഷ യോഗം—സമ്മേളന നഗറിലെ വിവിധ പരിപാടികൾ

(സ്റ്റാഫ് പ്രതിനിധി) പുത്തൻകാവ്, ഡിസംബർ 25

ചരിത്രപ്രസിദ്ധമായ പുത്തൻകാവു പള്ളിയങ്കണത്തിൽ പണിതുയർത്തിയിരിക്കുന്ന മനോഹരമായ മൂന്നുനിലപ്പന്തലിൽവച്ചു (വെള്ളിയാഴ്ച)നാളെ നടക്കുന്ന മലങ്കര സിറിയൻ ക്രിസ്റ്റ്യൻ അസോസ്യേഷൻ സമ്മേളനം രണ്ടായിരം വർഷത്തെ ചരിത്രപാരമ്പര്യമുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സഭാ ചരിത്രത്തിലെ സുപ്രധാനമായ ഒരു നാഴികക്കല്ലാണ്.

നീണ്ട അരശതാബ്ദക്കാലത്തിനു ശേഷം ശാന്തിയുടെയും സൗഹൃദത്തിന്റെയും അന്തരീക്ഷത്തിൽ സമ്മേളിക്കുന്ന മലങ്കരയിലെ വിവിധ ഇടവക പ്രതിനിധികളുടെ സമ്മേളനത്തെ അങ്ങേ അററം വിജയിപ്പിക്കത്തക്കവണ്ണമുള്ള സജ്ജീകരണങ്ങൾ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്.

മലങ്കരയുടെ വിവിധ ഭാഗങ്ങളിൽ നിന്നു വരുന്നെത്തുന്ന പള്ളി പ്രതിപുരുഷന്മാരെല്ലാവരും വെള്ളിയാഴ്ച രാവിലെ 8 മണിയോടുകൂടിത്തന്നെ സമ്മേളനപ്പന്തലിൽ പ്രവേശിച്ചിരിക്കേണ്ടതാണ്. പന്തലിൽ പ്രവേശിക്കുന്നതിനു മുമ്പായിത്തന്നെ പള്ളിയുടെ വടക്കുവശത്തുള്ള മെത്രാപ്പോലീത്തൻ ഹൈസ്കൂളിലെ ഭദ്രാസന ആഫീസുകളിൽ കയറി പന്തലിലേക്കുള്ള പ്രവേശനത്തിനായി

പള്ളിവികാരി (സമ്മേളനക്കമ്മിററി പ്രസിഡണ്ട്) ഫാ. സി. വി. ജോൺ

സമ്മേളനക്കമ്മിററി കൺവീനർ-ശ്രീ. കെ. എൻ. ചാക്കോ.

വാളണ്ടിയർ ക്യാപ്ററൻ ശ്രീ. ചെല്ലപ്പൻ

ടിക്കററു വാങ്ങേണ്ടതാണ്. മെത്രാപ്പോലീത്തൻ ഹൈസ്കൂളിൽ മലങ്കരയിലെ 9 ഭദ്രാസനങ്ങൾക്കു വേണ്ടി 9 ഭദ്രാസന ആഫീസുകൾ സ്ഥാപിച്ചിട്ടുണ്ട്. അതതു ഭദ്രാസനങ്ങളിൽ നിന്നു തെരഞ്ഞെടുക്കപ്പെട്ട മൂന്നു പ്രതിനിധികളടങ്ങിയ ഒരു കമ്മിററിയുടെയും കേന്ദ്രത്തിൽ നിന്നു നിയമിച്ച മൂന്നു പേരടങ്ങിയ സൂപ്പർവൈസിംഗ് കമ്മിററിയുടെയും മേൽനോട്ടത്തിലാണു പള്ളി പ്രതിപുരുഷന്മാർ കൊണ്ടുവരുന്ന അധികാരപത്രങ്ങൾ പരിശോധിക്കുന്നതു. ടിക്കററുകളുമായി സമ്മേളനപ്പന്തലിലേക്കു പ്രവേശിക്കുന്ന പ്രതിപുരുഷന്മാരെ സ്വീകരിച്ചിരുത്തുവാൻ സന്നദ്ധഭടന്മാർ പന്തലിന്റെ എല്ലാ ഭാഗങ്ങളിലും തയ്യാറായി നിൽക്കുന്നുണ്ടാവും. ഓരോ ഭദ്രാസനങ്ങൾക്കും പന്തലിൽ പ്രത്യേകം പ്രത്യേകം ബ്ലോക്കുകൾ വേർതിരിച്ചിട്ടുണ്ട്. പന്തലിനുള്ളിൽ പ്രവേശിച്ചു കഴിഞ്ഞാൽ പിന്നെ പ്രതിപുരുഷന്മാർ പുറത്തേക്കിറങ്ങാൻ പാടില്ലെന്നാണു വയ്പ്. പ്രതിനിധികൾക്കു ഉച്ചയ്ക്കുള്ള ആഹാരത്തിനും മററുമുള്ള സജ്ജീകരണങ്ങൾ പന്തലിനോടനുബന്ധിച്ചു തന്നെ നിർമ്മിച്ചിട്ടുണ്ട്.

ഒന്നര മണിക്കാണു തെരഞ്ഞെടുപ്പു നടക്കുന്നതു. തെരഞ്ഞെടുപ്പിനു ഒന്നിലധികം സ്ഥാനാർത്ഥികളുടെ പേരു നിർദ്ദേശിക്കപ്പെടുകയാണെങ്കിൽ രഹസ്യ വോട്ടിംഗ് നടത്തത്തക്കവണ്ണം വേണ്ട സജ്ജീകരണങ്ങൾ ചെയ്തിട്ടുണ്ട്. ഐകകണ്ഠ്യേനയുള്ള തെരഞ്ഞെടുപ്പാണുണ്ടാവുന്നതെങ്കിൽ ബാക്കിയുള്ള സമയത്തു സഭാനേതാക്കന്മാരിലാരുടെയെങ്കിലും ഒന്നോ രണ്ടോ പ്രസംഗങ്ങൾ ഉണ്ടായിരുന്നേക്കാനിടയുണ്ട്. സഭാ സമാധാനത്തെത്തുടർന്നുണ്ടായിട്ടുള്ള നവചൈതന്യത്തിന്റെ പ്രഭാവം കാത്തു സൂക്ഷിക്കുവാനും ഭാവി പരിപാടികൾ എങ്ങനെ ആസൂത്രണം ചെയ്യണമെന്നുള്ളതിനെപ്പററിയുള്ള നിർദ്ദേശങ്ങൾ നൽകുവാനും പ്രസംഗകർ ഈ അവസരം വിനിയോഗിച്ചേക്കും.

സമ്മേളനപ്പന്തലിന്റെ കിഴക്കുഭാഗത്തു ഉയർത്തികെട്ടിയിരിക്കുന്ന പീഠത്തിൽ അഭിവന്ദ്യതിരുമേനിമാർ ഉപവിഷ്ടരാകുന്നതാണ്. രോഗശയ്യയിലായിരിക്കുന്ന മാർ തേവോദോസ്യോസ് തിരുമേനിയും, ആസ്ത്മായുടെ ഉപദ്രവംമൂലം ചികിത്സയ്ക്കായി കോയമ്പത്തൂരേക്കുപോയിരിക്കുന്ന മാർ ക്ലീമ്മീസ് തിരുമേനിയുമൊഴികെയുള്ള മറെറല്ലാ തിരുമേനിമാരും അസോസ്യേഷനു സംബന്ധിക്കുന്നതായിരിക്കും.

വ്യാഴാഴ്ചതന്നെ പുത്തങ്കാവിൽ വന്നെത്തുന്ന അഭിവന്ദ്യതിരുമേനിമാർ അന്നു മൂന്നുമണിക്കു കൂടുന്ന അസോസ്യേഷൻ മാനേജിംഗ് കമ്മിററിയിൽ സംബന്ധിക്കുന്നതാണ്. ട്രസ്റ്റിസ്ഥാനങ്ങളിലേക്കു നാമനിർദ്ദേശം ചെയ്യുവാനായി രണ്ടുപേരെ മാനേജിംഗ് കമ്മിററി തീരുമാനിക്കുന്നതായിരിക്കും. 4 മണിവരെ ഒരു തീരുമാനത്തിലെത്താൻ സാധിക്കാതെവരുന്നപക്ഷം യോഗം മാററിവച്ചിട്ട് അഭിവന്ദ്യതിരുമേനിമാർ ചെങ്ങന്നൂരിൽനിന്നുള്ള സ്വീകരണത്തിൽപങ്കുകൊള്ളുവാനായി പോകുന്നതാണ്. കാലം ചെയ്ത മാർ പീലക്സീനോസ് തിരുമേനിയുടെ അരമനയായിരുന്ന ബഥേലിൽനിന്നു ആരംഭിക്കുന്ന ഘോഷയാത്രയിൽ, പ്രത്യേകം തയ്യാറാക്കപ്പെട്ട ഹംസരഥത്തിൽ ഉപവിഷ്ടരായി അഭിവന്ദ്യതിരുമേനിമാർ സംബന്ധിക്കുന്നതാണ്. ഏഴുമണിക്കു ഘോഷയാത്ര പുത്തങ്കാവിലെത്തുന്നതും അതിനെത്തുടർന്നു തിരുമേനിമാർ പള്ളിമേടയിൽ വിശ്രമിക്കുന്നതുമാണ്.

1958 ഡിസംബർ 25 ന് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചത്.

അഭിവന്ദ്യ തിരുമേനിമാർക്കു സഭാസ്നേഹികളുടെ ഹൃദയസ്പൃക്കായ സ്വീകരണം

ഒന്നര ലക്ഷം ജനങ്ങൾ പങ്കെടുത്ത ഘോഷയാത്രയും ചടങ്ങുകളും— തിരുമേനിമാരുടെ ഹംസരഥത്തിലെ സമാധാന യാത്ര

(സ്റ്റാഫ് പ്രതിനിധി) ചെങ്ങന്നൂർ, ഡിസംബർ 26

ഘോഷയാത്രയിലെ ഒരു രംഗം

ചെങ്ങന്നൂർ മുതൽ പുത്തൻകാവുവരെ രണ്ടു മൈൽ നീളത്തിലുള്ള പാതയുടെ ഇരുവശങ്ങളിലും കമനീയമായി അലങ്കരിച്ചിരുന്നു. ചരിത്രപ്രസിദ്ധമാകേണ്ട മലങ്കര അസോസ്യേഷൻ സമ്മേളനത്തിനു മുമ്പുതന്നെ അഭിവന്ദ്യ തിരുമേനിമാർക്ക് അത്യുജ്ജ്വലമായ ഒരു സ്വീകരണം നൽകുന്നു എന്നുള്ള വാർത്ത അറിഞ്ഞിരുന്നതുകൊണ്ട് ഇന്നലെ പകൽ പന്ത്രണ്ടു മണിക്കുതന്നെ ചെങ്ങന്നൂരിലെ ബഥേൽ പള്ളിയും പരിസരങ്ങളും ജനനിബിഡമായിക്കഴിഞ്ഞിരുന്നു. ജനക്കൂട്ടത്തെ ആവുന്നത്ര നിയന്ത്രിക്കുവാനും, സ്വീകരണപരിപാടികൾ വിജയിപ്പിക്കുവാനും, നൂറുകണക്കിനു സന്നദ്ധഭടന്മാർ നേരത്തെതന്നെ അതതു സ്ഥാനങ്ങളിൽ നിലയുറപ്പിച്ചിരുന്നുവെങ്കിലും തങ്ങളുടെ തിരുമേനിമാരെ ഒരു നോക്കു കാണുവാനുള്ള ജനങ്ങളുടെ ആവേശത്തെ തടഞ്ഞുനിർത്താൻ അവർക്കും കഴിഞ്ഞില്ല. മൂന്നു മണിയോടുകൂടി നി. വ. ദി. ശ്രീ. ഏലിയാസ് മാർ യൂലിയോസ് തിരുമേനി ബഥേലിൽ എത്തിച്ചേർന്നു. ദേഹാസ്വാസ്ഥ്യം മൂലം നടക്കുവാനോ നിൽക്കുവാൻതന്നെയോ വിഷമമുണ്ടായിരുന്നിട്ടും തിരുമേനി ആദ്യവസാനം പരിപാടികളിൽ പങ്കെടുത്തു. നാലരമണിക്കു മുമ്പായിത്തന്നെ മാർ സേവേറിയോസ്, പൗലോസ് മാർ പീലക്സീനോസ്, ദാനിയേൽ മാർ പീലക്സീനോസ്, പത്രോസ് മാർ ഒസ്താത്തിയോസ്, മാർ ഗ്രീഗോറിയോസ് (ആലുവാ), മാർ ഈവാനിയോസ്, മാർ ദീവന്നാസ്യോസ്, മാർ ഗ്രീഗോറിയോസ് (പാമ്പാടി), മാർ കൂറിലോസ് എന്നീ തിരുമേനിമാരും ബഥേൽ പള്ളിയിലെ സ്വീകരണപ്പന്തലിൽ വന്നുചേർന്നു.

ഘോഷയാത്രആരംഭിക്കാറായപ്പോഴേക്കും ബഥേലിൽനിന്നു പുത്തൻകാവിലേക്കുള്ള പാതയുടെ ഇരുവശത്തും തിങ്ങിക്കൂടി നിന്ന ജനങ്ങളുടെ ബാഹുല്യംമൂലം ഗതാഗതം പരിപൂർണ്ണമായും നിലച്ചു.

അഞ്ചുമണിയോടുകൂടി തിരുമേനിമാരെ കൊണ്ടുപോകുവാനായി, പ്രത്യേകം നിർമ്മിച്ച ഹംസരഥത്തിൽ തിരുമേനിമാരെല്ലാവരും ഉപവിഷ്ടരായി. അനേകം അണികളുള്ള ഒരു ഗംഭീരമായ ഘോഷയാത്ര ആരംഭിക്കുകയാണ്. ഏററവും മുന്നിലായി ചെണ്ടമേളം അതിന്റെ പിന്നാലെ മുത്തുക്കുട, വെള്ളിക്കുരിശുകൾ, വൈദികർ, ഹംസരഥം, ജനങ്ങൾ, വാഹനങ്ങൾ എന്നീ ക്രമത്തിലാണു ഘോഷയാത്ര സംവിധാനം ചെയ്തിരുന്നത്. പടിഞ്ഞാറു ചാഞ്ഞുതുടങ്ങിയിരുന്ന കതിരവന്റെ കിരണങ്ങളേററു മിന്നിത്തിളങ്ങിക്കൊണ്ടിരുന്ന വെള്ളിക്കുരിശുകളുടെ നെടുനീളത്തിലുള്ള ഘോഷയാത്ര അവിസ്മരണീയമായ ഒരു കാഴ്ചയായിരുന്നു. ഇരുവശത്തുമുള്ള ഇരുനിലമാളികകളുടെ മുകളിലും, കാലുകുത്താനിടമുള്ള സ്ഥലങ്ങളിലെല്ലാംതന്നെയും ഞെങ്ങിഞെരുങ്ങി നിന്ന ജനതതി കൂപ്പുകൈകളോടെ അഭിവന്ദ്യ തിരുമേനിമാർക്ക് അഭിവാദനമർപ്പിച്ചു. ഹംസരഥത്തിന്റെ ഇരുവശങ്ങളിലും അണിനിരന്നിരുന്ന തിരുമേനിമാർ സ്ളീബായുയർത്തി ജനക്കൂട്ടത്തെ അനുഗ്രഹിച്ചപ്പോൾ, നീണ്ട അര ശതാബ്ദക്കാലമായി നിലനിന്നിരുന്ന ഭിന്നതയുടെ അവസാനം കണ്ടെത്തിയ സമാധാനത്തോടെയാവാം ചിലരുടെ നയനങ്ങളിൽ സന്തോഷാശ്രുക്കൾ നിറയുന്നതു കാണാമായിരുന്നു. വെള്ളത്തലക്കെട്ടുകളോടുകൂടിയ സന്നദ്ധഭടന്മാരുടെ മുന്നണിയിൽ പീസ്ലീഗ് പ്രവർത്തകനായിരുന്ന ശ്രീ. കെ. ഈ. മാമ്മൻ ഊർജ്ജസ്വലതയോടെ നിന്നു നിർദ്ദേശങ്ങൾ നൽകുന്നുണ്ടായിരുന്നു. സമീപപ്രദേശങ്ങളിലെ ഇടവകകളിൽനിന്നും, അലങ്കരിച്ചലോറികളിലും, കാറുകളിലുമായിഒരു വലിയജനക്കൂട്ടം ഘോഷയാത്രയുടെ പിന്നണിയിൽ സമാധാനത്തിന്റെ മുദ്രാവാക്യങ്ങളുമായി സാവധാനത്തിൽ, നീങ്ങുന്നുണ്ടായിരുന്നു. "പാറട്ടങ്ങനെ പാറട്ടെ ഐക്യത്തിൻകൊടി പാറട്ടെ" "ഉയരട്ടങ്ങനെ ഉയരട്ടെ മലങ്കരസഭ ഉയരട്ടെ" "പാറട്ടങ്ങനെ പാറട്ടെ സ്നേഹത്തിൻ കൊടി പാറട്ടെ" എന്നിങ്ങനെയുള്ള ആവേശകരങ്ങളായ മുദ്രാവാക്യങ്ങൾ എല്ലാ ശബ്ദങ്ങളെയും ഭേദിച്ചുകൊണ്ട് അന്തരീക്ഷത്തിലേക്കുയരുന്നുണ്ടായിരുന്നു.

പതിനായിരക്കണക്കിന് ആളുകൾ ഘോഷയാത്രയിൽ സംബന്ധിച്ചിരുന്നു. പാതയുടെ ഇരുവശങ്ങളിലുമുള്ള വീടുകളിൽ വെള്ളയും പട്ടുംകൊണ്ടലങ്കരിച്ചിരുന്നു. നിലവിളക്കിന്റെയും മെഴുകുതിരിയുടെയും പ്രകാശത്തിൽ പ. പാത്രിയർക്കീസ്ബാവാ തിരുമേനിയുടെയും, പ. കാതോലിക്കാബാവാ തിരുമേനിയുടെയും കാലം ചെയ്ത മാർ പീലക്സീനോസ് തിരുമേനിയുടെയും ഛായാപടങ്ങൾ അലങ്കരിച്ചു വച്ചിരുന്നു.

ഓരോ കവലകളിലെത്തുമ്പോഴും കരിമരുന്നുപ്രയോഗങ്ങൾക്കും ആർപ്പുവിളികൾക്കുമുള്ള ശക്തിവർദ്ധിച്ചുവന്നു. ഒരു മനുഷ്യമഹാസമുദ്രം ഇരമ്പി നീങ്ങുന്നതുപോലെ തോന്നി. ഏകദേശം എട്ടുമണിയോടുകൂടിയാണു ഘോഷയാത്ര രണ്ടുമൈൽ അകലെയുള്ള പുത്തൻകാവിലെ കുരിശുകവലയിൽ എത്തിച്ചേർന്നത്. ഒരു വലിയ ജനക്കൂട്ടം അവിടെയും തടിച്ചുകൂടിയിട്ടുണ്ടായിരുന്നു. അഭിവന്ദ്യ തിരുമേനിമാരെ, ആർപ്പുവിളികളോടെയാണു ജനതതി സ്വീകരിച്ചത്. പള്ളിയങ്കണത്തിൽ കെട്ടിയുയർത്തിയിരുന്ന സമ്മേളനപ്പന്തലിലേക്കുള്ള കൽപ്പടവുകളിൽ സന്നദ്ധഭടന്മാർ നിരന്നുനിന്നിരുന്നു.

കത്തിച്ചുപിടിച്ച മെഴുകുതിരിയുമായി പള്ളിവികാരി റവ. ഫാ. സി. വി. ജോൺ ബ. തിരുമേനിമാരെ സ്വീകരിച്ചു പള്ളിമേടയിലേക്കാനയിച്ചപ്പോൾ ഇരുപത്തിയൊന്നു ആചാരവെടികൾ മുഴങ്ങി. ശബ്ദായമാനമായ ആ അന്തരീക്ഷത്തിൽ ഏകദേശം ഒരുമണിക്കൂർ നേരം നീണ്ടുനിന്ന കരിമരുന്നുപ്രയോഗം ആരംഭിച്ചു.

1958 ഡിസംബർ 26 ന് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചത്.

മലങ്കര സിറിയൻക്രിസ്ത്യൻ അസോസ്യേഷൻ സമ്മേളനം സമംഗളം പര്യവസാനിച്ചു-സമ്മേളന നഗറിലെ ഹൃദയസ്പൃക്കായ രംഗങ്ങൾ- പ: കാതോലിക്കാബാവാതിരുമേനിയുടെ ഉജ്ജ്വലമായ പ്രസംഗം

(സ്റ്റാഫ് പ്രതിനിധി) പുത്തൻകാവ്, ഡിസംബർ 26

പുത്തൻകാവു വലിയപള്ളി അങ്കണത്തിൽ ഒരു പുത്തൻ യുഗത്തിന്റെ മണിവേദിയെന്നവണ്ണം പുതുമോടിയണിഞ്ഞു നിന്ന മൂന്നുനിലപ്പന്തൽ സൗഹാർദ്ദത്തിന്റെയും സമാധാനത്തിന്റെയും നർത്തനരംഗമായിരുന്നു. അരശതാബ്ദത്തിൽപരം കാലം നിലനിന്നിരുന്ന നിരന്തരമായ ഉഗ്രസമരത്തിന്റെ അന്ധകാരമയമായ അന്തരീക്ഷത്തിൽ ദിവ്യമായ അരുണപ്രഭ വീശി. എവിടെയും ആഹ്ലാദം, മന്ദസ്മിതം, എവിടെയും സൗഹാർദ്ദം നിറഞ്ഞ കുശലാന്വേഷണങ്ങൾ. പുത്തൻകാവു പ്രദേശം തന്നെ ഒരു സമാധാന നഗരമായി മാറി. ആയിരമായിരം മുഖങ്ങളിൽ ആഹ്ലാദം കളിയാടുന്നു. കൃത്യം ഒന്നേകാൽമണിയായപ്പോഴേയ്ക്കു മലങ്കരയുടെ വിവിധഭാഗങ്ങളിലുള്ള പത്തുലക്ഷം സുറിയാനിക്രിസ്ത്യാനികളുടെ രണ്ടായിരത്തഞ്ഞൂറോളം പ്രതിനിധികൾ പന്തലിൽ ഓരോ ഭദ്രാസനങ്ങൾക്കായി വേർതിരിച്ചിരുന്ന പ്രത്യേകം സീറ്റുകളിൽ ഇരുപ്പുറപ്പിച്ചു കഴിഞ്ഞു. പ്രശാന്തമായ പതിനഞ്ചു മിനിറ്റു പിന്നെയും കഴിഞ്ഞുപോയി. അതിനിടയ്ക്കു ഭാരവാഹികളുടെ അഭ്യർത്ഥനയെ മാനിച്ചുകൊണ്ടു പ്രതിനിധികളല്ലാത്ത ആളുകൾ പന്തൽപരിസരങ്ങളിൽ നിന്നു പിന്മാറി. പള്ളിപ്രതിപുരുഷന്മാർ സമുദായത്തിന്റെ കത്തനാർട്രസ്റ്റിയേയും അയ്മേനിട്രസ്റ്റിയേയും തെരഞ്ഞെടുക്കുവാൻ സന്നദ്ധരായി തികഞ്ഞ ഉത്തരവാദഭാരത്തോടെ നിശ്ശബ്ദരായിരുന്നു. ഒന്നരമണിയായപ്പോൾ പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി വലിയപള്ളിയിൽനിന്നു സാവധാനം പന്തലിലേക്കു പ്രവേശിച്ചു. നവോത്ഥാനം ചെയ്ത സഭയുടെ ദിവ്യപ്രഭാപൂരം ചൊരിയുന്ന ആ അഭിവന്ദ്യ രാജർഷിയുടെ ദർശനമാത്രയിൽ എല്ലാവരും ഭക്തിപൂർവം എഴുന്നേറ്റുനിന്നു. അദ്ദേഹം മണിവേദികയിലേക്കു എഴുന്നെള്ളി അതിനെത്തുടർന്നു മറ്റു തിരുമേനിമാരും വേദികയിൽ പ്രവേശിച്ചു. പ. കാതോലിക്കാബാവാ തിരുമേനി ഭക്തിനിർഭരമായ ശബ്ദത്തിൽ പ്രാർത്ഥന നടത്തിയപ്പോൾ സദസ്സ് ആദ്ധ്യാത്മിക ഹർഷപാരവശ്യത്താൽ പുളകമണിഞ്ഞു.

തെരഞ്ഞെടുപ്പ്

പ്രശാന്തഗംഭീരമായ സദസ്സിനെ അഭിസംബോധനചെയ്തുകൊണ്ടു ബാവാതിരുമേനി ഏതാനും നിമിഷങ്ങൾ ആശിർവാദരൂപത്തിൽ പ്രസംഗിച്ചു. പ്രഗൽഭമതികളായ പലരും ശ്രമിച്ചിട്ടും സാധിക്കാതിരുന്ന സമാധാനം ഒരനുഗൃഹീത സന്ദർഭത്തിൽ ദൈവം സഭയ്ക്കു നൽകിയതാണെന്നും ദൈവം നൽകിയ ഈ സമാധാനം എല്ലാക്കാലവും ഭദ്രമായി സൂക്ഷിക്കണമെന്നും തിരുമേനി പ്രസ്താവിച്ചു.

വലിയമാർ ദീവന്നാസ്യോസ് എന്ന പേരിൽ പ്രസിദ്ധനായ ആറാംമാർത്തോമ്മാ മെത്രാപ്പോലീത്തായാണു ധർമ്മകാര്യങ്ങൾക്കായി മൂവായിരം പൂവരാഹൻ സമുദായത്തിന്റെ പേരിൽ വട്ടിപ്പണമായി നിക്ഷേപിച്ചതെന്നും ദീർഘകാലം വ്യവഹാരകാരണമായിത്തീർന്നിരുന്ന ഈ വട്ടിപ്പണത്തിന്റെ നിക്ഷേപകനായ ആ മെത്രാപ്പോലീത്താ കബറടങ്ങിയ പള്ളിയങ്കണത്തിൽവച്ചു നവ്യമായ സമാധാനത്തിന്റെ അന്തരീക്ഷത്തിൽ മലങ്കര അസോസ്യേഷൻ ചേരുന്നുവെന്നുള്ളതു പ്രത്യേകം പ്രാധാന്യം അർഹിക്കുന്ന ഒന്നാണെന്നും ഏതൊരുദ്ദേശത്തിനുവേണ്ടി ആ സംഖ്യ നിക്ഷേപിച്ചുവോ ആ ഉദ്ദേശം സാധിക്കുവാനുള്ള സാഹചര്യം പുത്തൻകാവിൽവച്ചുതന്നെ സംജാതമാകുന്നുവെന്നുള്ളതു ചാരിതാർത്ഥ്യജനകമാണെന്നും തിരുമേനി പ്രസ്താവിച്ചു. പുത്തൻകാവിൽ കബറടങ്ങിയ മാർ പീലക്സീനോസ് മെത്രാപ്പോലീത്തായെപ്പറ്റി അനുസ്മരിച്ചപ്പോൾ തിരുമേനി ഗൽഗദകണ്ഠനായി. പിന്നീടു ട്രസ്റ്റിമാരായി തെരഞ്ഞെടുക്കപ്പെടേണ്ടവരെ സംബന്ധിച്ചു മാനേജിംഗ് കമ്മിറ്റിയുടെ നിർദ്ദേശം സദസ്സിനെ അറിയിക്കയും തെരഞ്ഞെടുപ്പു നടത്തുവാൻ കല്പിക്കയും ചെയ്തു. മാത്യൂസ് മാർ അത്താനോസ്യോസ് തിരുമേനി സ്ഥാനാർത്ഥികളുടെ പേരുകൾ നിർദ്ദേശിക്കുവാൻ സദസ്സിനെ ക്ഷണിച്ചു. ദിവ്യശ്രീ മണലിൽ യാക്കോബു കത്തനാരുടെ പേരു ദിവ്യശ്രീ മുറിമറ്റത്തിൽ കത്തനാർ നിർദ്ദേശിച്ചു അദ്ദേഹം ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ടു. അതിനുശേഷം ശ്രീ. ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാമിന്റെ പേർ ശ്രീ. എം. പി. ജോസഫ് നിർദ്ദേശിച്ചു. അദ്ദേഹവും ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ടു. ഇപ്രകാരം ജനപ്രതിനിധികൾ അഭിപ്രായവ്യത്യാസം കൂടാതെ നടത്തിയ ഒരു തെരഞ്ഞെടുപ്പു ഭാസുരമായ ഭാവിയുടെ സുവ്യക്തമായ സൂചനയാണെന്നും, തെരഞ്ഞെടുക്കപ്പെട്ട കത്തനാർ ട്രസ്റ്റിയേയും അയ്മേനിട്രസ്റ്റിയേയും താൻ അംഗീകരിക്കുന്നുവെന്നും പ്രഖ്യാപിച്ചു. കാതോലിക്കാസ്ഥാപനത്തിന്റെ കീഴിൽ ജനങ്ങൾ ഏകയോഗക്ഷേമമായി ചേർന്നിരിക്കുന്ന പുതിയ പരിതഃസ്ഥിതിയിൽ കാതോലിക്കാസിംഹാസനവും അന്ത്യോക്യയിലെ പാത്രിയർക്കാസിംഹാസനവും തമ്മിലുള്ള സ്നേഹബന്ധം അഭംഗം പുലർത്തിക്കൊണ്ടുപോകാൻ സാധിക്കുമെന്നു തിരുമേനി പൂർണ്ണമായി വിശ്വസിക്കുന്നു.

തിരുമേനി ഇങ്ങനെ തുടർന്നു;—സമാധാനത്തിനു വേണ്ടി ആലുവായിലും ചിങ്ങവനത്തും മറ്റു പലയിടങ്ങളിലും കൂടിയാലോചനകൾ നടത്തുകയും പല സന്ധിവ്യവസ്ഥകളിൽ സമുദായത്തിലെ രണ്ടു വിഭാഗക്കാരും പല ഘട്ടങ്ങളിൽ ഒപ്പു വയ്ക്കുകയും ചെയ്തു. ഇൻഡ്യയിലെ മഹാ ധിഷണാശാലികളിൽ ഒരാളായിരുന്ന വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസു തിരുമേനിയും, ഈ.ജെ. ജോൺ, എം.എ. ചാക്കോ, കെ.സി. മാമ്മൻമാപ്പിള മുതലായ നിരവധി നേതാക്കന്മാരും സമാധാനത്തിനു വേണ്ടി പരിശ്രമങ്ങൾ നടത്തിയിട്ടുള്ളവരാണു്.

വീണ്ടും വീണ്ടും സമാധാനം കൈവരാതെ സമുദായം തളർന്നു വീഴുകയാണുണ്ടായതു്. അതിന്റെ കാരണങ്ങളെപ്പറ്റി നിങ്ങൾ ആലോചിക്കണം. അതെല്ലാം മനുഷ്യന്റെ പ്രയത്നങ്ങളായിരുന്നു. ഇപ്പോൾ മനുഷ്യന്റെ ബുദ്ധിസാമർത്ഥ്യം പരാജയപ്പെട്ടിടത്തു ദൈവത്തിന്റെ കാരുണ്യമുണ്ടായി· ഒരു നിമിഷത്തിനുള്ളിൽ അപ്രതീക്ഷിതമായ ഒരു സന്ദർഭത്തിൽ ദൈവം നമുക്കു സമാധാനം ദാനംചെയ്തു. നമ്മൾ ഇനിയും തമ്മിൽതല്ലി സമാധാനത്തെ ശിഥിലമാക്കരുതു്. പുതുതായി തെരഞ്ഞെടുക്കപ്പെട്ട ട്രസ്റ്റികൾ, മുമ്പുള്ള അനുഭവത്തിൽനിന്നു്, ഒരു പാഠം മനസ്സിലാക്കണം. അധികാരഭ്രമം വിട്ടു്, എല്ലാക്കാര്യത്തിലും ദൈവാശ്രയത്തോടും, ത്യാഗസന്നദ്ധതയോടും, വിനയത്തോടും പെരുമാറണം. സമാധാനഭഞ്ജകമായ ഒരു പ്രവൃത്തിയിലും അവർ കുടുങ്ങരുതു്. ഇപ്പോഴത്തെ സമാധാനം നേടുന്നതിൽ ശ്ലാഘനീയമായി പ്രവർത്തിച്ച മാർ യൂലിയോസു മെത്രാപ്പോലീത്താ നമ്മുടെ എല്ലാവരുടെയും, കൃതജ്ഞത അർഹിക്കുന്നു. സമാധാനത്തിനു് അനുകൂലമായി നിർബന്ധപൂർവം അന്ത്യോക്യാ സിംഹാസനത്തിലേക്കു് അദ്ദേഹം എഴുതിയെന്നുള്ളതു പ്രത്യേകം സ്മർത്തവ്യമാണു്. ഈ നാട്ടിലുള്ള മെത്രാപ്പോലീത്താമാരെല്ലാം ഒറ്റക്കെട്ടായി നിൽക്കുകയാണെന്നും, കാതോലിക്കാ സ്ഥാപനത്തെ അംഗീകരിച്ചു സമാധാനം സ്ഥാപിക്കേണ്ടതു് അനിവാര്യമായ ഒരു കർത്തവ്യമാണെന്നും അന്ത്യോക്യാസിംഹാസനത്തിലേക്കു് എഴുതി അയച്ച മെത്രാപ്പോലീത്താമാരോടു സമുദായം കൃതജ്ഞതയുള്ളവരും, എന്നെന്നും കടപ്പെട്ടവരുമാണു്. സമുദായത്തിൽ അഭംഗമായ സമാധാനം നിലനിൽക്കട്ടെ എന്നു് ആശംസിച്ചുകൊണ്ടു ബാവാതിരുമേനി പ്രസംഗം ഉപസംഹരിച്ചു.

1958 ഡിസംബർ 26 ന് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചത്.

മാർ യൂലിയോസ് മെത്രാപ്പോലീത്താ തിരുമേനി

പ. കാതോലിക്കാ ബാവാ തിരുമേനിയുടെ പ്രസംഗം കഴിഞ്ഞപ്പോൾ, മാർ യൂലിയോസ് തിരുമേനിയുടെ പ്രസംഗം കേൾക്കണമെന്നു ജനങ്ങൾ ആവശ്യപ്പെട്ടു. അനേകം വർഷങ്ങളായി സമുദായത്തെ അലട്ടിക്കൊണ്ടിരുന്ന കലഹങ്ങൾ അവസാനിക്കയും, സഭയിൽ സമാധാനം സ്ഥാപിതമാകയും ചെയ്തതു ദൈവത്തിന്റെ കാരുണ്യം കൊണ്ടാണെന്നു മാർ യൂലിയോസ് തിരുമേനി പ്രസ്താവിച്ചു. കലഹിച്ച രണ്ടു വിഭാഗങ്ങൾക്കും തെറ്റുകൾ പറ്റിയിട്ടുണ്ട്. അവയൊന്നും ഞാൻ എടുത്തു പറയണമെന്നില്ലല്ലോ. ഓരോരുത്തരും അവരവരുടെ കുറ്റം കണ്ടുപിടിച്ചു തെറ്റു തിരുത്തുവാൻ ശ്രമിക്കണം. സമാധാനത്തെ തകർക്കുവാൻ സാത്താൻ ചെയ്യുന്ന ശ്രമങ്ങളെ നിങ്ങൾ എപ്പോഴും എതിർത്തു സഭയെ രക്ഷിക്കണം. നാം ഒന്നായിച്ചേർന്നിരിക്കയാണ്. നാം ഒന്നായിത്തന്നെ തുടരണം. അധികനേരം പ്രസംഗിക്കുവാൻ എന്റെ വാർദ്ധക്യം എന്നെ അനുവദിക്കുന്നില്ല. പിതാവിന്റെ നിർദ്ദേശമനുസരിച്ച് അൽപ്പം എന്തെങ്കിലും പറയുന്നുവെന്നേയുള്ളു. കാതോലിക്കാ സിംഹാസനവും അന്ത്യോക്യയിലെ പാത്രിയർക്കാ സിംഹാസനവും തമ്മിലുള്ള സ്നേഹം നിലനിർത്തുവാൻ പര്യാപ്തമായ വിധത്തിൽ സമുദായ വിഭാഗങ്ങൾ ഒന്നിച്ചു ചേർന്നതിൽ തിരുമേനി തികഞ്ഞ സംതൃപ്തി പ്രകടിപ്പിച്ചു. സമാധാനത്തെയും ഐക്യത്തെയും നിലനിർത്തണമെന്നു തിരുമേനി വികാരനിർഭരനായി പ്രസ്താവിച്ച സന്ദർഭങ്ങളിൽ ജനങ്ങൾ കരഘോഷങ്ങളാൽ തങ്ങളുടെ സന്തോഷം പ്രകടിപ്പിച്ചു.

പൗലോസ് മാർ പീലക്സീനോസ് തിരുമേനി

പിന്നീടു പൗലോസ് മാർ പീലക്സീനോസ് തിരുമേനി ചെയ്ത പ്രസംഗത്തിൽ "കാതോലിക്കാ സിംഹാസനത്തിന്റെ കീഴിൽ മലങ്കരയിലെ ഐക്യം ആചന്ദ്രതാരം നിലനിൽക്കട്ടെ"യെന്ന് ആവേശഭരിതനായി പറഞ്ഞപ്പോൾ സമ്മേളനാന്തരീക്ഷം കരഘോഷങ്ങളാൽ മുഖരിതമായി. കാതോലിക്കാസിംഹാസനത്തിന്റെ കീഴിൽ മെത്രപ്പോലീത്തന്മാരെല്ലാം ഒന്നിച്ചു നിൽക്കയാണെന്നും, ഒരു കാരണവശാലും സമുദായത്തിൽ ഭിന്നിപ്പുണ്ടാകയില്ലെന്നും അദ്ദേഹം പ്രസ്താവിച്ചു. നമ്മുടെ സഭയിലെ ഐക്യം നിലനിർത്തുന്നതിൽ നാം ബദ്ധശ്രദ്ധരായിരിക്കുമ്പോൾ തന്നെ, ഐക്യത്തെപ്പറ്റി കുറെക്കൂടെ വിശാലമായ അർത്ഥത്തിൽ ചിന്തിക്കേണ്ടതാണെന്നും, ഇൻഡ്യയിലെ ക്രൈസ്തവവിഭാഗങ്ങളെല്ലാം ഒരു സിംഹാസനത്തിന്റെ കീഴിൽ യോജിക്കുവാനുള്ള മാർഗ്ഗങ്ങളിൽ കൂടി നമ്മൾ പ്രവർത്തിക്കണമെന്നും അദ്ദേഹം ഉത്ബോധിപ്പിച്ചു.

ദർശനം

ഈ സമയമായപ്പോഴേയ്ക്കു പന്തലിനു പുറത്തു തടിച്ചുകൂടിയിരുന്ന അനേകായിരം ജനങ്ങൾ തിരുമേനിമാരുടെ ദർശനത്തിനുവേണ്ടി ആർത്തുവിളിക്കുവാൻ തുടങ്ങി. വേദിയിൽ നിന്നു പ്രഥമമായി പ. കാതോലിക്കാബാവാ തിരുമേനിയും പിന്നീടു മറ്റു തിരുമേനിമാരും ഓരോരുത്തരായി പള്ളിയങ്കണത്തിന്റെ കല്പടയിൽ വന്നു നിന്നു ദർശനം നൽകിയപ്പോൾ, ഭക്തപരവശരായ ജനങ്ങളിൽ നിന്നു നിരന്തരമായി ജയഘോഷങ്ങൾ ഉയർന്നുകൊണ്ടിരുന്നു. രോഗശയ്യാവലംബിയായിരുന്ന മാർ ക്ലീമീസ് തിരുമേനിയും ദർശനത്തിന്റെ അവസാനഘട്ടമായപ്പോഴേക്കു സമ്മേളനസ്ഥലത്തു വന്നുചേരുകയുണ്ടായി.

അതിനുശേഷം സ്വാഗതസംഘത്തിനു കൃതജ്ഞത പറഞ്ഞുകൊണ്ടു ശ്രീ. സി.എം. സ്റ്റീഫൻ ചെയ്ത പ്രസംഗത്തിൽ കാറ്റും കോളും സംഘട്ടനങ്ങളും നിറഞ്ഞ അരശതാബ്ദകാലത്തെ ചരിത്രസംഭവങ്ങൾ പ്രത്യവലോകനം ചെയ്യുകയുണ്ടായി. ചരിത്രപ്രധാനമായ ഇന്നത്തെ രംഗം കാണുവാൻ കൊതിച്ചു നിരാശരായി മൺമറഞ്ഞ തലമുറകളെയും സഭാനേതാക്കളേയും അനുസ്മരിച്ചുകൊണ്ടു ശ്രീ. സ്റ്റീഫൻ ഇങ്ങനെതുടർന്നു:– ഈ അസാധാരണരംഗം ഇന്നത്തെ തലമുറയുടെ മുൻപിലുള്ള ഒരു വെല്ലുവിളിയാണ്. സാങ്കേതികഭിന്നതകൾ മാറിക്കഴിഞ്ഞെങ്കിലും വൈകാരികസംയോജനം കൈവരുത്തുവാൻ നമുക്കു കഴിയുമോ എന്നതാണ് ആ വെല്ലുവിളി. ആ വെല്ലുവിളിയെ നേരിടാൻ നമുക്കു കഴിഞ്ഞാൽ, ബുദ്ധിശക്തിയിലും ധനശക്തിയിലും മുൻപന്തിയിൽ നിൽക്കുന്ന പത്തുലക്ഷം ജനങ്ങളുടെ സംയോജിപ്പോടുകൂടി കേരളത്തിൽ അജയ്യമായ ഒരു മഹാശക്തി പിടഞ്ഞെഴുന്നേൽക്കുകയായിരിക്കും."

സ്വാഗതസംഘാദ്ധ്യക്ഷൻ ശ്രീ. കെ. എൻ. ചാക്കോയുടെ കൃതജ്ഞതാപ്രകടനത്തിനു ശേഷം പ്രാർത്ഥനയോടുകൂടി സമ്മേളനം സമംഗളം പര്യവസാനിച്ചു.

പള്ളിപ്രതിപുരുഷന്മാർക്കു പാസ്സുകൾ വിതരണം ചെയ്യുന്നതിലും ഭക്ഷണസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലും, സീറ്റുകൾ ക്രമീകരിക്കുന്നതിലും മനോഹരമായ ഒരു പന്തൽ നിർമ്മിക്കുന്നതിലും പൂർണ്ണമായി വിജയിച്ച ഭാരവാഹികൾ തികച്ചും അഭിനന്ദനാർഹരാണ്.

അന്ത്യോക്യ പ്രതിനിധി
മാർ യൂലിയോസ് മെത്രാപ്പോലീത്താ

പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ
(വർഷങ്ങൾക്കുശേഷം സഭ വീണ്ടും വിഭജിക്കപ്പെട്ടപ്പോൾ
യാക്കോബായ വിഭാഗത്തിന്റെ
ശ്രേഷ്ഠ പൗലോസ് ദ്വിതീയൻ കാതോലിക്കാ
എന്ന പേരിൽ പ്രവർത്തിച്ചു)

1958 ഡിസംബർ 26 ന് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചത്.

വിവിധ വർഷങ്ങളിലെ ആറാം മാർത്തോമ്മാ അവാർഡ്ദാനചടങ്ങുകൾ

ആറാം മാർത്തോമ്മാ അവാർഡ് ഡോ.ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായ്ക്ക്
മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ സമ്മാനിക്കുന്നു.

ആറാം മാർത്തോമ്മാ അവാർഡ് ഡോ.ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്ക്
പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായും
അഭിവന്ദ്യ കുര്യാക്കോസ് മാർ ക്ലീമ്മിസ് മെത്രാപ്പോലീത്തായും ചേർന്ന് സമ്മാനിക്കുന്നു.

പുത്തൻകാവ് സെന്റ് തോമസ് യൂത്ത് ലീഗ് പുത്തൻകാവ് കൊച്ചുതിരുമേനിയുടെ സ്മരണയ്ക്കായി
പുത്തൻകാവ് കത്തീഡ്രലിനു മുന്നിൽ നിർമ്മിച്ച പൂന്തോട്ടം

ചരിത്രത്തിൽ കൂടിയൊരു തീർത്ഥയാത്ര

റവ. ഫാ. രാജൻ വർഗീസ്,

വികാരി, സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ പുത്തൻകാവ്

പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകയുടെ ചരിത്രസത്യത്തിൽക്കൂടിയുള്ള തീർത്ഥയാത്ര. സംഭവബഹുലങ്ങളാൽ 220 സംവത്സരങ്ങൾ പിന്നിട്ടുകൊണ്ട് കാലത്തിന്റെ വെല്ലുവിളികളെ കണക്കിലെടുക്കാതെ ആത്മീകമായും, ലൗകീകമായും പുരോഗതി പ്രാപിച്ച് ഈ നാടിന്റേയും, സഭയുടേയും അഭിമാനസ്തംഭമായി ഉയർന്നു പരിലസിക്കുന്ന ഈ ദേവാലയത്തിന്റെ പൂർവ്വചരിത്രത്തിലേക്ക് ഒരവലോകനം നടത്തുന്നത് ഈ സന്ദർഭത്തിൽ സമുചിതമായിരിക്കും എന്നു കരുതുന്നു. ഭൂതകാലത്തിന്റെ മൂടൽമഞ്ഞിലൂടെ ഓർമ്മകളുടെ പ്രകാശനാളം ചരിത്രസത്യങ്ങളിലേക്ക് ഊളിയിട്ടു കടന്നു ചെല്ലുമ്പോൾ ആദികാല റിക്കാർഡുകൾ പലതും ഇല്ലാതിരിക്കകൊണ്ട് ഇതിൽ പറയുന്ന കാര്യങ്ങൾ ഓർമ്മകളേയും, കേട്ടുകേൾവികളെയും അവലംബമായി അംഗീകരിക്കേണ്ടിയിരിക്കുന്നു. ആയതിനാൽ വിശ്വസനീയവും സത്യസന്ധവും എന്ന് തോന്നിയിട്ടുള്ള കാര്യങ്ങൾ മാത്രമെ ഇതിൽ ചേർക്കുവാൻ ശ്രമിച്ചിട്ടുള്ളു. പുരാതന ക്രിസ്ത്യൻ കേന്ദ്രങ്ങളായ നിരണം, കുറവിലങ്ങാട്, നിലയ്ക്കൽ എന്നീ ഭാഗങ്ങളിൽ നിന്നും ക്രിസ്ത്യാനികൾ ടിപ്പുവിന്റേയും പാണ്ടിപ്പടയുടേയും ഉപദ്രവം നിമിത്തം കടമ്പനാട്, കാഞ്ഞിരപ്പള്ളി, ചെങ്ങന്നൂർ എന്നീ സ്ഥലങ്ങളിലേക്ക് മാറിതാമസിക്കുകയുണ്ടാ

യി. ആ കാലയളവിൽ അങ്ങനെ വന്നവർ ചെങ്ങന്നൂർ പഴയ സുറിയാനി പള്ളിയിൽ ചേർന്ന്, കൂദാശ കർമ്മങ്ങൾ അനുഷ്ഠിച്ചു വന്നു. പുത്തൻകാവ്, ആറാട്ടുപുഴ, മംഗലം, പാണ്ടനാട്, കുറിച്ചിമുട്ടം, മുളക്കുഴ, വെൺമണി, പുലിയൂർ, പേരിശ്ശേരി, നെല്ലിയ്ക്കൽ, കൂർത്തമല, ഇടനാട് എന്നിവിടങ്ങളിലായി നമ്മുടെ പൂർവ്വികർ ചിതറിപാർത്തുവസിച്ചിരുന്നു. എങ്കിലും വെള്ളപ്പൊക്ക കാലയളവിൽ ആരാധനയ്ക്കായി ചെങ്ങന്നൂരിൽ പോകുവാൻ വളരെയധികം ബുദ്ധിമുട്ട് അനുഭവിച്ചിരുന്നു എന്നതിനാൽ ചെങ്ങന്നൂരിന് കിഴക്കുള്ള ക്രിസ്ത്യൻ കുടുംബാംഗങ്ങൾ പുത്തൻകാവ് കേന്ദ്രമാക്കി ഒരു ആരാധനാലയം പണികഴിപ്പിക്കുന്നതിലേക്കായി സ്ഥലം കിട്ടണമെന്ന് ആഗ്രഹിച്ച് പ്രാർത്ഥിച്ചിരുന്നു.

പുത്തൻകാവ് കേന്ദ്രമാക്കി ആരാധനാലയം പണിയുന്നതിന് ആഗ്രഹം പ്രകടിപ്പിക്കുവാനുള്ള മുഖ്യകാരണം പുത്തൻകാവ് ഒരു വലിയ വിപണനകേന്ദ്രമായിരുന്നു എന്നതാണ്. ക്രിസ്ത്യാനികൾ താമസമാക്കുന്നതിന് മുമ്പുതന്നെ വ്യാപാരകേന്ദ്രം എന്നനിലയിൽ പമ്പാതീരത്തെ ഈ പ്രദേശത്തിന്റെ പ്രശസ്തി തിരുവിതാംകൂറിലെങ്ങും വ്യാപിച്ചിരുന്നു. കച്ചവടാഭിവൃദ്ധിക്കുവേണ്ടിയാണ് ക്രിസ്ത്യാനികൾ ഇവിടെ വന്ന് പാർക്കുവാൻ തുടങ്ങിയത്. ഇവിടത്തെ പൂർവ്വനിവാസികൾ ചെട്ടിപിള്ളമാർ ആയിരുന്നു. ക്രിസ്ത്യാനികളുടെ ആഗമനത്തോടുകൂടി ഇവർ ചെങ്ങന്നൂർ മഹാദേവ ക്ഷേത്ര പരിസരങ്ങളിലേക്കും മറ്റു പ്രദേശങ്ങളിലേക്കും മാറി താമസിക്കുകയുണ്ടായി. യാതൊരുവിധമായ കലഹങ്ങളോ, പീഢനങ്ങളോ ഇതിന്റെ പിന്നിൽ ഇല്ലായിരുന്നുവെന്നതിൽ നമുക്ക് അഭിമാനിക്കാം. അങ്ങനെ ക്രിസ്ത്യാനികൾ മാത്രം വസിക്കുന്ന ഒരു ഗ്രാമമായി പുത്തൻകാവ് പരിണമിക്കുകയാണ് ഉണ്ടായത്. ഇപ്പോൾ ഇവിടെ നിവസിച്ചുവരുന്ന എല്ലാ ആത്മീയ ജനങ്ങളുടെയും പൂർവ്വികന്മാർ ക്രൈസ്തവ കേന്ദ്രത്തിൽ നിന്നും വന്നവരാണെന്നുള്ളതിന് രണ്ടു പക്ഷമില്ല. ഇവർ ശാന്തശീലരും, നിശിതബുദ്ധികളും, നർമ്മരസികരും, കച്ചവടത്തോട് ആഭിമുഖ്യമുള്ളവരും ദൈവാശ്രയം ഉള്ളവരും ആയിരുന്നു.

പുത്തൻകാവിലും സമീപപ്രദേശങ്ങളിലും ഉള്ള ക്രിസ്ത്യാനികൾക്ക് കച്ചവടാഭിവൃദ്ധി ഉണ്ടായപ്പോൾ തങ്ങളുടെ ഗ്രാമത്തിൽ ഒരു ആരാധനാലയം നിർമ്മിക്കണമെന്നുള്ള ആഗ്രഹം അവർ അന്നത്തെ മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന ആറാം മാർത്തോമ്മ (വലിയ മാർ ദിവന്നാസിയോസ്) തിരുമനസ്സിനെ അറിയിച്ചു. ആറാം മാർത്തോമ്മാ തിരുമേനിക്ക് മലങ്കരസഭയുടെ ഒരു ആസ്ഥാനം നസ്രാണികൾ മാത്രം തിങ്ങിപാർക്കുന്ന ഒരു കേന്ദ്രത്തിൽ ഉണ്ടാവുന്നതു നല്ലതാണെന്നു ബോദ്ധ്യം വന്നു. അങ്ങനെയാണു പുത്തൻകാവ് പമ്പാനദിയ്ക്ക് സമീപമുള്ള മനോഹരമായ പുത്തൻകാലാകുന്ന് ദേവാലയപണിയ്ക്കായി തെരഞ്ഞെടുക്കുന്നതിനിടയായത്. ആദ്യത്തെ പുത്തൻകാവിലെ ആരാധനാ സ്ഥലം ഇപ്പോൾ നിൽക്കുന്ന വലിയ പള്ളിയുടെ തെക്കുഭാഗത്തായി ഉണ്ടായിരുന്ന പഴയ കെട്ടിടമായിരുന്നു. അതാണ് ആറാം മാർത്തോമ്മ ഇപ്പോഴുള്ള വലിയ പള്ളി പണിയുന്നതിനു മുൻപ് ആരാധനയ്ക്കായി ഉപയോഗിച്ചിരുന്നത്. പിൽക്കാലത്ത് അരമന എന്നറിയപ്പെട്ടിരുന്നത് ഈ കെട്ടിടത്തിന്റെ മുകളിലത്തെ തട്ട് ആയിരുന്നു. ഈ പുരയിടം അന്ന് ചെങ്ങന്നൂർ പുന്നരിട്ടമഠം വകയായിരുന്നു. പള്ളി പണിയ്ക്കായി ഈ സ്ഥലം പിതാക്കന്മാർ ആവശ്യപ്പെട്ടു എങ്കിലും അന്നത്തെ സാമൂഹികവ്യവസ്ഥിതി അനുസരിച്ച് ക്രിസ്ത്യാനികൾക്ക് സ്ഥലമോ, താമസ സൗകര്യമോ ലഭിക്കാൻ പ്രയാസമായിരുന്നു എന്നുള്ളതിനാൽ മഠം നമ്പൂതിരി ക്രൈസ്തവരുടെ ആഗ്രഹത്തെ നിഷേധിച്ചു. ഈ വിവരം അറിഞ്ഞ ആറാം മാർത്തോമ്മാ തിരുമനസ്സും മാത്തുതരകനും കൂടി തിരുവനന്തപുരത്തു പോയി മഹാരാജാവ് കാർത്തിക തിരുനാൾ രാമവർമ്മയെ മുഖം കാണിക്കുകയും ആരാധനാലയത്തിനായി പുത്തൻകാവ് പുത്തൻകാലാകുന്ന് ആവശ്യമാണെന്ന് ഉണർത്തിക്കുകയും ചെയ്തു. അതിന്റെ ഫലമായി തിരുമനസ്സ് കൽപ്പിച്ച് ഭൂമി ആധാരം നടത്തിത്തരികയാണ് ചെയ്തത്. അക്കാലത്ത് നമ്മുടെ പൂർവ്വികർ ഞായറാഴ്ച ദിവസങ്ങളിൽ ആരാധനയിൽ പങ്കെടുക്കുന്നതിനായി പുത്തൻകാവ് അരമനപള്ളിയുടെ മുറ്റത്തായി കൂടിവന്ന് ഭയഭക്തിപുരസ്സരം ആരാധനയിൽ പങ്കെടുക്കയും ആരാധനയ്ക്കുശേഷം പുരോഹിതൻ തട്ടിന്റെ മുകളിലുള്ള കിളിവാതിലിലൂടെ ജനങ്ങളെ ആശീർവദിക്കുകയും ഭക്തജനങ്ങൾ നേർച്ചകാഴ്ചകൾ സമർപ്പിച്ച് പിരിഞ്ഞുപോകുകയുമായിരുന്നു പതിവ്.

ഇങ്ങനെ ഒരു ആരാധനാലയം സ്വന്തമാക്കുന്നതിന്റെ മുൻപുള്ള കാലയളവിലാണ് രണ്ടാം മാർത്തോമ്മായുടെ ഭരണഘട്ടത്തിൽ "പുത്തൻകാവിന്റെ കാവൽപിതാവ്" എന്നറിയപ്പെടുന്ന അന്ത്രയോസ് ബാവാ 1678-ൽ പുത്തൻകാവ് അങ്ങാടിയിൽ വന്നതും ഒരു ക്രിസ്ത്യൻ ഭവനത്തിൽ പാർത്ത് പ്രേഷിതവേല നടത്തിയതും (1693 വരെ) അക്കാലത്ത് അധികവും നദികളിൽ കൂടിയുള്ള യാത്ര ആയിരുന്നതിനാൽ മതപീഡന സമയത്ത് ഇദ്ദേഹവും, സഹോദരൻ റമ്പാനും കൂടി വേഷപ്രച്ഛന്നരായി വള്ളത്തിൽ യാത്ര ചെയ്ത്

കച്ചവടകേന്ദ്രമായ പുത്തൻ കാവ് അങ്ങാടിയിൽ വന്നിറങ്ങി. അന്നത്തെ മുഖ്യ ഗതാഗതം ജലമാർഗ്ഗത്തിൽ കൂടി ആയിരുന്നു. പമ്പാനദി തിരുവിതാംകൂറിലെ ജലഗതാഗതത്തിനു പ്രധാന പങ്കു വഹിച്ചിരുന്നു. എന്നാൽ പുത്തൻകാവിനു അടുത്തുള്ള അത്തിമൂട്കയം ജലഗതാഗതം നടത്തിയിരുന്നവർക്ക് പേടിസ്വപ്നമായിരുന്നു. അതിനാൽ ജലഗതാഗതക്കാരും, വ്യാപാരികളും പമ്പാനദിയിലുള്ള അത്തിമൂടുകയത്തിന് പടിഞ്ഞാറുള്ള പുത്തൻകാവ് അങ്ങാടിയിൽ പണ്ടകശാല സ്ഥാപിക്കുകയും അവിടം അങ്ങനെ ഒരു ഇടത്താവളമായി മാറുകയും ചെയ്തു. കിഴക്കൻ പ്രദേശങ്ങളിൽ നിന്നും ആലപ്പുഴയിൽ നിന്നുമുള്ള വ്യാപാര സാധനങ്ങൾ ഇവിടെ ഇറക്കി, ആളുകൾ വിശ്രമിച്ച് വീണ്ടും സാധനങ്ങൾ കയറ്റി കൊണ്ടുപോകുമായിരുന്നു. വ്യാപാര രംഗങ്ങളിൽ ഒരു കുതിച്ചുചാട്ടം തന്നെ ഉണ്ടാക്കിയെടുത്തതിലൂടെയാണ് പുത്തൻകാവിന് പ്രശസ്തി വർദ്ധിക്കാനിടയായതും അന്ത്രയോസ് ബാവ ഇവിടെ ഇറങ്ങാൻ ഇടയായതും. അദ്ദേഹത്തെ കണ്ട മാത്രയിൽ ഒരു ദിവ്യനായി നമ്മുടെ ആളുകൾക്ക് തോന്നുകയും, അദ്ദേഹത്തിന്റെ പ്രാർത്ഥനാ ജീവിതം മാതൃകയാക്കി അദ്ദേഹത്തെ കാവൽ പിതാവായി അംഗീകരിച്ച് ശുശ്രൂഷിക്കുകയുമാണുണ്ടായത്.

ഇവിടെ നിന്നും തന്റെ യാത്ര പുറപ്പെട്ടു കൊല്ലത്തിനടത്തുള്ള കല്ലടയിൽ ചെന്നു താമസിച്ച് അദ്ദേഹം പ്രേഷിതവേല തുടർന്നു. അങ്ങനെയിരിക്കെ കല്ലടയാറ്റിൽ കുളിയ്ക്കാനിറങ്ങിയ സമയം കാൽവഴുതി വീണ് അദ്ദേഹം കാലം ചെയ്യുകയും, അദ്ദേഹത്തെ കല്ലടപള്ളിയിൽ വി. മദ്ബഹായിൽ കബറടക്കുകയും ചെയ്തു

ഇവിടെ നിന്നും തന്റെ യാത്ര പുറപ്പെട്ടു കൊല്ലത്തിനടത്തുള്ള കല്ലടയിൽ ചെന്നു താമസിച്ച് അദ്ദേഹം പ്രേഷിതവേല തുടർന്നു. അങ്ങനെയിരിക്കെ കല്ലടയാറ്റിൽ കുളിയ്ക്കാനിറങ്ങിയ സമയം കാൽവഴുതി വീണ് അദ്ദേഹം കാലം ചെയ്യുകയും, അദ്ദേഹത്തെ കല്ലടപള്ളിയിൽ വി. മദ്ബഹായിൽ കബറടക്കുകയും ചെയ്തു. ഇത് പുത്തൻകാവിലെ നിവാസികൾ അറിഞ്ഞ് കല്ലടയ്ക്കു പോകുകയും, വർഷംതോറും അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാൾ സംയുക്തമായി നടത്തുകയും ചെയ്തിരുന്നു. ഏതോ ഒരു വർഷം നമ്മുടെ ആളുകൾ കല്ലടയിൽ ചെല്ലുന്നതിന് മുൻപായി അവിടെ പെരുന്നാൾ ചടങ്ങുകൾ ആരംഭിച്ചതിനെചൊല്ലി ഇരുകൂട്ടരും തമ്മിൽ തർക്കം ഉണ്ടായി. അതെ തുടർന്ന് അവിടെ നിന്ന് വിശ്വാസികൾ ഭയഭക്തി പുരസ്സരം പ്രാർത്ഥിച്ച് അവിടെ നിന്നും അൽപ്പം മണ്ണ് എടുത്തുകൊണ്ടുവന്ന് സഹോദരൻ റമ്പാച്ചനെ അടക്കിയിരുന്ന സ്ഥലത്ത് അടക്കുകയാണ് ഉണ്ടായത്. ആ സ്ഥലത്താണ് പടിഞ്ഞാറെ കൽക്കുരിശ് സ്ഥാപിച്ചത്. പുത്തൻകാവിൽ അന്ത്രയോസ്ബാവാ വന്നപ്പോൾ ആരാധനാലയം ഉണ്ടായിരുന്നില്ല. എന്നാൽ ആറാം മാർത്തോമ്മ തിരുമനസ്സിന്റെ നേതൃത്വത്തിൽ പുത്തൻകാവുകാർ പള്ളിക്കുള്ള സ്ഥലം വാങ്ങി പഴയ പള്ളിയിൽ ആരാധന നടത്തിവരവേയാണ് കല്ലടയിൽ നിന്നും നമ്മുടെ ആളുകൾ മണ്ണ് ഇവിടെ കൊണ്ടുവന്നതും പടിഞ്ഞാറ് അങ്ങാടിയിൽ കുരിശ് സ്ഥാപിച്ചതും. പുഴയുടെ തീരത്ത് കുരിശ് സ്ഥാപിക്കാൻ കാരണം ഈ പ്രദേശത്തെ വിശാലമായ മണൽപ്പുറം കച്ചവടകേന്ദ്രമായിരുന്നു എന്നതാണ്. നിരവധി ഓടി വള്ളങ്ങളും, കെട്ടുവള്ളങ്ങളും, ചെറുവള്ളങ്ങളും ചരക്കുമായി ഇവിടെ വരികയും, പോവുകയും ചെയ്തതിന്റെ ഫലമായി ഈ കൽക്കുരിശു പ്രശസ്തി നേടുകയും, ധാരാളം ആളുകൾ ഇവിടെ വന്ന് നേർച്ചകൾ അർപ്പിച്ച് അനുഗ്രഹം പ്രാപിക്കുകയും ചെയ്തതുമൂലം വളരെയധികം വരുമാനമുള്ള ഒരു പുണ്യകേന്ദ്രമായി പുത്തൻകാവ് മാറി. ഈ കുരിശിങ്കൽ നിന്നും കിട്ടിയിരുന്ന ധനം ക്രമേണ വർദ്ധിച്ചുകൊണ്ടിരുന്നതിനാൽ പുത്തൻകാവിലെ പള്ളിയ്ക്ക് വേണ്ടി നിരവധി നിലങ്ങളും പുരയിടങ്ങളും സമ്പാദിക്കുവാൻ നമ്മുടെ പൂർവ്വികർക്ക് സാധിച്ചു. ഇങ്ങനെ പണം കുമിഞ്ഞ് കൂടിയപ്പോൾ തങ്ങളുടെ ആരാധനാലയം ഒന്നുകൂടി വിപുലപ്പെടുത്തേണ്ടത് ആവശ്യമാണെന്നു തോന്നുകയും, അതിനായി പണം സ്വരൂപിക്കുകയും ചെയ്തിരുന്നു എന്നതിന് സംശയമില്ല.

ആറാം മാർത്തോമ്മായ്ക്ക് അക്കാലത്ത് അഞ്ചാം മാർത്തോമ്മ വരുത്തിവച്ച ഋണബാദ്ധ്യതയിൽ നിന്നും മോചനം നേടുന്നതിന് നിവൃത്തിയില്ലാതെ വന്നു. കടം വീട്ടുന്നതിന് അദ്ദേഹം അന്ന് പുത്തൻകാവ് പള്ളിക്കാരെ സമീപിക്കുകയും പള്ളി പണിക്കുവേണ്ടി സൂക്ഷിച്ചിരുന്ന പണം വാങ്ങി കടത്തിൽ നിന്നും മോചനം നേടുകയും ചെയ്തു. ഇതിന്റെ പ്രത്യുപകാരമായിട്ടാണ് പിൽക്കാലത്ത് തന്റെ മേൽനോട്ടത്തിലും ചുമതലയിലും ആറാം മാർത്തോമ്മ ഇന്നു നാം ഉപയോഗിക്കുന്ന ദേവാലയം പണി കഴിപ്പിച്ചത്. കൊല്ലവർഷം 969-ാം മാണ്ട് വൃശ്ചികമാസം 17-ാം തീയതി തിരുമനസ്സുകൊണ്ട് പള്ളിയ്ക്ക് കല്ലിട്ട് പണി ആരംഭിച്ചു. പള്ളിയുടെ അടിത്തറയും, ഭിത്തിയും പണിയുന്നതിനാവശ്യമായ കല്ലുകൾ പുത്തൻകാവിന്റെ തെക്കുകിഴക്ക് രണ്ടുമൈൽ അകലെയുള്ള പിരളശ്ശേരി മലകളിൽ നിന്നും വെട്ടിയെടുത്ത് വെട്ടുകുഴിയിൽ വെച്ചുതന്നെ പണിക്കുറവ് തീർത്ത് നമ്മുടെ പിതാക്കന്മാർ കൈയടുക്കെ നിന്ന് കൈകളിലൂടെ പകർന്ന് പള്ളിമുറ്റത്ത് എത്തിച്ചു. വരാൽ പശ ചേർത്തു കുമ്മായക്കൂട്ട് ഉണ്ടാക്കുന്നതിനായി കോഴിമുക്ക് എന്ന സ്ഥലത്തുനിന്ന് (ആലപ്പുഴയ്ക്കടുത്ത്) വേലനായ ഗോവിന്ദനേയും കുടുംബത്തെയും, പുത്തൻകാവിൽ താമസസൗകര്യം നൽകി പണിയ്ക്കുവേണ്ടി വരുത്തുകയും അയാൾ പണിപൂർത്തിയാക്കുന്നതിന് സഹായിക്കുകയും ചെയ്തു. ആ കുടുംബത്തിന്റെ പിൻതലമുറ ഇപ്പോഴും പുത്തൻകാവിൽ താമസിച്ചുവരുന്നു. ഇപ്പോഴും ആ കുടുംബത്തെ പള്ളി ഭരണാധികാരികൾ സഹായിക്കുന്നുണ്ട്. നമ്മുടെ പൂർവ്വികരുടെ ആവേശവും സഹകരണവും ഇന്നത്തെ തലമുറ മാതൃകയാക്കേണ്ടതാണ്.

പള്ളിപണിയുടെ ആരംഭകാലത്തുണ്ടായ എല്ലാ പ്രതിബന്ധങ്ങളും ദൈവാശ്രയത്തിൽ അതിജീവിക്കുവാൻ ആറാം മാർത്തോമ്മയ്ക്കു കഴിഞ്ഞു. അദ്ദേഹം പണി പൂർത്തിയാക്കി ചെങ്ങന്നൂർ പഴയ പള്ളിയിൽ നിന്നും വി. മാതാവിന്റെ രൂപവും നിരണം വലിയ പള്ളിയിൽ നിന്നും പൊലിയാവിളക്കും വരുത്തി തിരുമനസ്സുകൊണ്ട് ഈ ദേവാലയത്തെ വി.മാതാവിന്റെ നാമത്തിൽ പ്രഖ്യാപിച്ച് കൂദാശ നിർവ്വഹിച്ച് വി. മദ്ബഹായിൽ കൽക്കുരിശ് സ്ഥാപിച്ച് ആദ്യ കുർബ്ബാന അർപ്പിച്ച് നമ്മെ അനുഗ്രഹിക്കുകയും ചെയ്തു. എ.ഡി. 1806-ൽ ഡോക്ടർ ബുക്കാനൻ ഈ പള്ളിയിൽ വന്നു വന്ദ്യവയോധികനായ ആറാം മാർത്തോമ്മാ തിരുമേനിയുമായി സംഭാഷണം നടത്തി. 1807-ൽ

1074 വൃശ്ചികം 24-ാം തീയതി
പുത്തൻകാവ് പള്ളിയിൽ വെച്ച്
മാർത്തോമ്മാ മെത്രാപ്പോലീത്താ
സ്ഥാനത്തേക്ക് അഭിഷേകം ചെയ്യപ്പെട്ട
തീത്തൂസ് രണ്ടാമൻ മാർത്തോമ്മാ
മെത്രാപ്പോലീത്താ

പുത്തൻകാവ് പള്ളിയുടെ വിശുദ്ധ മദ്ബഹാ,
ആറാം മർത്തോമ്മാ, എട്ടാം മർത്തോമ്മാ
എന്നിവരുടെ കബറിടങ്ങൾ ഇവിടെ സ്ഥിതി ചെയ്യുന്നു

വീണ്ടും ബുക്കാനൻ സായ്പ് വന്നപ്പോൾ മെനേസീസ് മെത്രാന്റെ അറിവോടുകൂടി നസ്രാണികളുടെ ഗ്രന്ഥങ്ങൾ കണ്ടെടുത്ത് നശിപ്പിച്ചപ്പോൾ അതിൽപ്പെടാതെ സൂക്ഷിച്ചുവച്ചിരുന്ന വളരെയധികം പഴക്കമുള്ള ഒരു സുറിയാനി വേദപുസ്തകം കട്ടിയുള്ള മെഴുക് കടലാസിലോ തോൽ കടലാസിലോ ഭംഗി യായി എഴുതിയിരുന്നത് തിരുമേനി ബുക്കാനൻ സായ്പിന് ഇവിടെ വച്ച് സമ്മാനിച്ചു. ഈ പുസ്തകം നിങ്ങളുടെ കൈയിൽ ആയാൽ ഞങ്ങളുടെ പക്കൽ ഇരിക്കുന്നതിനേക്കാൾ സുരക്ഷിതമായിരിക്കും എന്നും, ഇത് ഞങ്ങൾ ആയിരം വർഷം സൂക്ഷിച്ചതാണ് എന്നും പറഞ്ഞുകൊണ്ടാണ് തിരുമേനി ആ ഗ്രന്ഥം സമ്മാനിച്ചത്. ഈ ഗ്രന്ഥം ഇപ്പോൾ ലണ്ടൻ മ്യൂസിയത്തിൽ ഉണ്ടെന്നറിയാൻ കഴിയുന്നതിൽ സന്തോഷിക്കുന്നു.

നമ്മുടെ പള്ളിയുടെ സ്ഥാപകനായ വലിയ മാർ ദിവന്നാസിയോസ് (6-ാം മാർത്തോമ്മ) നിരണത്തുവച്ച് 1808-ൽ കാലം ചെയ്യുകയും അദ്ദേഹത്തിന്റെ അന്ത്യാഭിലാഷം അനുസരിച്ച് പുത്തൻകാവിൽ അദ്ദേഹത്തെ കബറടക്കുകയും ചെയ്തു. ഈ കബറിടം വി.മദ്ബഹായിൽ വലതുവശത്തായി സ്ഥിതിചെയ്യുന്നു. നിരണത്തുള്ള വിശ്വാസികൾക്ക് പിതാവിന്റെ മൃതദേഹം പുത്തൻകാവിലേക്ക് കൊണ്ടുവന്നത് ഒട്ടും സന്തോഷമായി തോന്നിയില്ല.. ആറാം മാർത്തോമ്മയുടെ വജ്രക്കല്ലു പതിച്ച മുദ്രമോതിരം പുത്തൻകാവിൽ സൂക്ഷിച്ചിരുന്നത് 1977-ൽ മാർത്തോമ്മ സിംഹാസനത്തിന്റെ അധിപനും, മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനും, തന്റെ പിൻഗാമിയുമായ മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനിയ്ക്ക് നൽകുകയുണ്ടായി. 6-ാം മാർത്തോമ്മയെ തുടർന്നു 7-ാം മാർത്തോമ്മ മലങ്കരസഭാ ഭരണം ഏറ്റെടുത്തു എങ്കിലും 1809-ൽ പുത്തൻകാവിൽ വച്ച് 6-ാം മാർത്തോമ്മയുടെ ഒരടിയന്തിരത്തിന് വന്ന ചേപ്പാട് ഫിലിപ്പോസ് റമ്പാനുമായി വട്ടിപ്പണ പലിശ സംബന്ധിച്ച് തർക്കമുണ്ടാക്കുകയും 7-ാം മാർത്തോമ്മ കണ്ടനാട്ടേക്ക് താമസം മാറ്റുകയും അധികനാൾ കഴിയുന്നതിനു മുൻപുതന്നെ കണ്ടനാടു വച്ചു കാലം ചെയ്യുകയും ചെയ്തു. കോലഞ്ചേരിയിൽ നിന്നും മൃതദേഹം മലങ്കര സഭാ ആസ്ഥാനമായ പുത്തൻകാവിലേക്ക് കൊണ്ടുവരുന്നത് വളരെയധികം ക്ലേശകരമായതിനാൽ കോലഞ്ചേരി പള്ളിയിൽ അദ്ദേഹത്തെ സംസ്കരിക്കുകയാണ് ഉണ്ടായത്. 7-ാം മാർത്തോമ്മയുടെ അനാരോഗ്യവേളയി ൽ തന്നെ 8-ാം മാർത്തോമ്മയെ വാഴിക്കുകയും 7-ാം മാർത്തോമ്മയുടെ കാലശേഷം 8-ാം മാർത്തോമ്മ ഭരണം ഏറ്റെടുക്കുകയും പുത്തൻകാവിൽ എഴുന്നള്ളി വന്ന അദ്ദേഹം സഭാഭരണം ചിട്ടപ്പെടുത്തുകയും ചെയ്തു. എന്നാൽ 1916-ൽ ഇദ്ദേഹം രോഗബാധിതനായി തീരുകയും കൂടുതൽ ചികിത്സക്കായി നിരണത്ത് പോകുകയും അവിടെ വച്ച് കാലം ചെയ്യുകയുമുണ്ടായി. ഇദ്ദേഹത്തിന്റെ പൗരോഹിത്യകർമ്മം ആലോചിച്ച് ചെയ്യാഞ്ഞതിനാലും 6-ാം മാർത്തോമ്മായുടെ മൃതദേഹം അന്ത്യാഭിലാഷമനുസരിച്ച് പുത്തൻകാവിലേക്ക് കൊണ്ടുവന്നതിന്റെ അമർഷം ഉള്ളിലുണ്ടായിരുന്നതു കൊണ്ടും അന്നത്തെ മലങ്കര സഭാ ആസ്ഥാനം പുത്തൻകാവ് ആയിരുന്നതിനാലും ആ പിതാവിന്റെയും മൃതദേഹം സംസ്കരിയ്ക്കുന്നതിനുള്ള സൗഭാഗ്യം നമുക്ക് ലഭിയ്ക്കുകയുണ്ടായി. ഈ കല്ലറ വി. മദ്ബഹായിൽ ഇടതുവശത്തായി സ്ഥിതി ചെയ്യുന്നു.

8-ാം മാർത്തോമ്മ തന്റെ പിതൃസഹോദരനായ ഐപ്പ് കത്തനാരെ തന്റെ പിൻഗാമിയായി വാഴിച്ചിരുന്നു. അങ്ങനെ 9-ാം മാർത്തോമ്മയുടെ മേൽനോട്ടത്തിലായിരുന്നു. 8-ാം മാർത്തോമ്മയുടെ സംസ്കാര ചടങ്ങുകൾ പുത്തൻകാവിൽ ക്രമീകരിച്ചത് 9-ാം മാർത്തോമ്മയുടെ കാലത്ത് പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ പ്രവർത്തനം മലങ്കരയിൽ ആരംഭിച്ചതിനാൽ സഭയിൽ ചേരിതിരിവും, തർക്കങ്ങളും ഉണ്ടായി പൊതുവേ ശാന്തസ്വഭാവക്കാരനായിരുന്ന 9-ാം മാർത്തോമ്മ പുതിയ ഈ സാഹചര്യത്തെ അതിജീവിക്കുന്നതിനുള്ള ബുദ്ധിമുട്ട് നേരിട്ടപ്പോൾ മലങ്കര ആസ്ഥാനമായ പുത്തൻകാവിൽ നിന്നും വിട്ടു നിൽക്കാൻ ആഗ്രഹിക്കുകയും ഇവിടെ നിന്നും കടമറ്റത്തുപോയി താമസിക്കുകയും ആ കാലയളവിൽ കാലം ചെയ്യുകയും അവിടെ കബറടക്കുകയും ചെയ്തു.

1843-ൽ മാത്യൂസ് മാർ അത്താനാസിയോസ് കേരളത്തിൽ വരികയും, മഹാരാജാവിന്റെ തിരുവെഴുത്ത് വിളംബരപ്രകാരം മലങ്കരസഭയുടെ അധിപനായി സഭാകേന്ദ്രമായിരുന്ന പുത്തൻകാവിൽ എഴുന്നള്ളി സഭാഭരണം ഏറ്റെടുക്കുകയും ചെയ്തു. ഇദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ഈ പള്ളിയുടെ പുറംഭിത്തികൾ കുമ്മായകൂട്ട് ഉണ്ടാക്കി തേച്ചു വൃത്തിയാക്കിയത്. ഇദ്ദേഹം നവീകരണ പ്രസ്ഥാനം വളർത്തിക്കൊണ്ടു വരുവാൻ പ്രത്യേകം ശ്രദ്ധിച്ചു വന്നു. മലങ്കര സഭയിലുണ്ടായ ചേരിതിരിവ് ഈ കാലയളവിൽ ഈ പള്ളിയിലും പ്രത്യക്ഷപ്പെട്ടു. 1852-ലെ തിരുവിതാംകൂർ കൊച്ചി തിരുവെഴുത്തു വിളംബര പ്രകാരം മാത്യൂസ് മാർ അത്താനാസിയോസിനെ അനുസരിക്കാൻ കഴിയാത്തവർ വേറെ പള്ളി കെട്ടിപോകണമെന്ന് സർക്കാർ ഉത്തരവ് ഇറക്കിയതിന്റെ വെളിച്ചത്തിൽ മാത്യൂസ് മാർ അത്താനാസിയോസിനെ എതിർക്കുന്നവരിൽ കുറച്ചാളുകൾ കോയിപ്പുറത്ത് ഒരു പള്ളി പണിയുകയും, അവിടെ ആരാധന നടത്തിവരികയും ചെയ്തു. ഇവിടെ നിന്ന് കോയിപ്പുറത്തിനു പോകുന്നവരുടെ എണ്ണം നാൾക്കുനാൾ കുറഞ്ഞു വന്നു.

1843-ൽ മാത്യൂസ് മാർ അത്താനാസിയോസ് കേരളത്തിൽ വരികയും, മഹാരാജാവിന്റെ തിരുവെഴുത്ത് വിളംബരപ്രകാരം മലങ്കരസഭയുടെ അധിപനായി സഭാകേന്ദ്രമായിരുന്ന പുത്തൻകാവിൽ എഴുന്നള്ളി സഭാഭരണം ഏറ്റെടുക്കുകയും ചെയ്തു. ഇദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ഈ പള്ളിയുടെ പുറംഭിത്തികൾ കുമ്മായകൂട്ട് ഉണ്ടാക്കി തേച്ചു വൃത്തിയാക്കി. ഇദ്ദേഹം നവീകരണ പ്രസ്ഥാനം വളർത്തിക്കൊണ്ടു വരുവാൻ പ്രത്യേകം ശ്രദ്ധിച്ചുവന്നു.

ഇത്രദൂരം യാത്ര ചെയ്ത് അവിടെ പോയി വി. കുർബ്ബാനയിൽ പങ്കെടുക്കുന്നതിന് വിഷമകരമായി തോന്നിയതിനാൽ കുറെ ആളുകൾ വീണ്ടും സംഘടിച്ച് പുത്തൻകാവിൽ കുറ്റിപ്പള്ളി (സെന്റ് ജോൺസ് ചാപ്പൽ) സ്ഥാപിച്ചു.

1875-ൽ മലങ്കര സഭയിലേക്ക് എഴുന്നെള്ളിയ പത്രോസ് പാത്രിയർക്കീസ് തിരുമനസ്സുകൊണ്ട് പാലക്കുന്നത്ത് മെത്രാച്ചന്റെ നവീകരണ സിദ്ധാന്തത്തെ എതിർക്കുന്നതിനുവേണ്ടി മാരാമണ്ണിലേക്കുള്ള യാത്രാമദ്ധ്യേ മലങ്കരസഭാ ആസ്ഥാനമായ പുത്തൻകാവ് പള്ളിയിൽ പ്രാർത്ഥന നടത്തി വിശ്രമിച്ചു. പാത്രീയർക്കിസിന്റെ വരവോടുകൂടി കുറ്റിപള്ളിയിൽ കൂടിയിരുന്നവരിൽ ഭൂരിഭാഗവും പാത്രിയർക്കിസിനെ സ്വീകരിക്കുകയും ഈ പള്ളിയിലേക്ക് തിരിച്ചുവരുകയും മാത്യൂസ് മാർ അത്താനാസിയോസിനെ എതിർക്കുകയും ചെയ്തു. അതോടുകൂടി പുത്തൻകാവ് പള്ളിയിൽ സിവിൽ കേസ് ആരംഭിച്ചു.

1877-ൽ മാത്യൂസ് മാർ അത്തനാസിയോസ് കാലം ചെയ്യുകയും തോമസ് മാർ അത്തനാസിയോസ് പിന്തുടർച്ചാവകാശിയായി തീരുകയും ചെയ്തു. ഈ സമയം പഴയസെമിനാരിയും സഭാവക ഇതര സ്വത്തുക്കളും വിടർത്തികിട്ടുന്നതിനായി ആലപ്പുഴ ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്തു ഈ കേസ് റോയൽ കോടതി വിധി ശരി വച്ചു. തുടർന്ന് തോമസ് മാർ അത്തനാസിയോസിന്റെ കൈവശം ഇരുന്ന എല്ലാ പള്ളികൾക്കും വേണ്ടി കേസ് ഫയൽ ചെയ്തു. പുത്തൻകാവ് പള്ളിയുടെ കേസ് ആലപ്പുഴ ജില്ലാ കോടതിയിൽ 391-ാം നമ്പരായി ആരംഭിച്ചു. അന്നുമുതൽ നവീകരണക്കാർക്കും, മലങ്കര മെത്രാപ്പോലീത്തായ്ക്കും പള്ളിയിൽ ഒന്നിടവിട്ട ആഴ്ചകളിൽ കർമ്മാനുഷ്ഠാനങ്ങൾ നടത്തിവരുന്നതിന് താൽക്കാലിക ഉത്തരവ് ഉണ്ടായി. ഈ അവസരത്തിൽ തോഴിയൂർ മെത്രാപ്പോലീത്തയും തോമസ് മാർ അത്തനാസിയോസും ചേർന്നു 1074 വൃശ്ചികം 24-ൽ തീത്തൂസ് രണ്ടാമനെ ഈ പള്ളിയിൽ വച്ച് മാർത്തോമ്മാ മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്തു. പത്രോസ് പാത്രിയാർക്കീസ് മുളന്തുരുത്തിപള്ളിയിൽ വച്ച് വിളിച്ചുകൂട്ടിയ സുന്നഹദോസിൽ വച്ച് സഭാക്രമീകരണങ്ങൾക്കായി ഏഴ് ഭദ്രാസനങ്ങൾ രൂപികരിക്കുകയും തുമ്പമൺ ഭദ്രാസനത്തിൽ പുത്തൻകാവിനെ ഉൾപ്പെടുത്തിയും ഭദ്രാസനാധിപനായി പരുമല കൊച്ചുതിരുമേനിയെ അവരോധിക്കുകയും ചെയ്തു. എന്നാൽ കോടതിയിൽ കേസ് നിലനിന്നിരുന്നതിനാൽ പരിശുദ്ധ തിരുമേനിക്ക് ഈ പള്ളിയിൽ പ്രവേശിക്കാൻ കഴിഞ്ഞില്ല. പുത്തൻകാവുപള്ളിയുമായുള്ള വ്യവഹാരത്തിനു തങ്ങൾ പരാജയപ്പെടുമെന്ന് നവീകരണ കക്ഷികളുടെ ട്രസ്റ്റിമാർക്ക് ബോദ്ധ്യമായി. അവരിൽ ചിലർ മേലദ്ധ്യക്ഷന്മാരോടുപോലും ചോദിയ്ക്കാതെ 1890-ൽ 1000 രൂപാ പ്രതിഫലമായി പറ്റിക്കൊണ്ട് കോടതിയ്ക്കു പുറമെയുള്ള ഒത്തുതീർപ്പ് വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ഒത്തു ചേർന്ന് പുത്തൻകാവ് തെരുവിൽ മറ്റൊരു പള്ളി പണി തീർത്തു. അതാണ് ഇപ്പോഴത്തെ മതിലകം മാർത്തോമ്മ പള്ളി. പിന്നീട് മലങ്കര സഭയ്ക്ക് അനുകൂലമായ വിധി ഉണ്ടാകുകയും നവീകരണക്കാർ മുഴുവൻ ആളുകളും പുത്തൻകാവ് വലിയ പള്ളിയിൽ നിന്നു പിരിഞ്ഞുപോവുകയും ചെയ്തു.

കക്ഷി വഴക്കുകൾ ഉണ്ടായിരുന്നുവെങ്കിലും ഒരു കുടുംബത്തിലെ അംഗങ്ങൾ എന്ന നിലയിൽ ജീവിക്കുവാൻ ഇരുകക്ഷികളിലേയും ആളുകൾ ശ്രദ്ധിച്ചിരുന്നു. ഇങ്ങനെ ഇവിടെ ഐക്യവും സ്നേഹവും

നഷ്ടപ്പെടാതെ പുത്തൻകാവിന്റെ സാമൂഹിക പരിഷ്കരണത്തിൽ ഇരുകൂട്ടരും ശ്രദ്ധചെലുത്തി. കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യത്തിനായി 1899-ൽ പുത്തൻകാവ് മാർത്തോമ്മ പള്ളിക്കാർ പച്ചത്തീകണ്ടത്തിനോട് ചേർന്ന് ഒരു ആൺപള്ളിക്കുടവും വലിയ പള്ളിക്കാർ റോഡ്സൈഡിൽ ഒരു പെൺപള്ളിക്കുടവും സ്ഥാപിച്ചു. പിന്നീട് ഇരുകൂട്ടരും ഈ സ്ഥാപനങ്ങൾ സൗജന്യമായി സർക്കാരിന് വിട്ടു കൊടുത്തു. അതാണ് ഇപ്പോഴത്തെ മഹാകവി പുത്തൻകാവ് മാത്തൻ തരകൻ സ്മാരക ഗവൺമെന്റ് യു.പി. സ്കൂളും, എൽ.പി. സ്കൂളും. ഈ സമയം നവീകരണ കക്ഷിക്കാരെ പിന്തുണച്ചത് അയിരുക്കുഴിയിലച്ചന്മാരും, ബാവാ കക്ഷിയ്ക്ക് നേതൃത്വം നൽകിയിരുന്നത് ആലുംമൂട്ടിൽ പത്രോസ് കത്തനാരും ആയിരുന്നു. ഈ സമയത്ത് ആറാം മാർത്തോമ്മയുടെ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്ന തൊമ്മൻ കത്തനാരുടെ സഹോദര പൗത്രനും, പരുമല തിരുമേനിയുടെ ശിഷ്യനുമായ മാവേലിക്കര വടക്കേത്തലയ്ക്കൽ തോമ്മാകത്തനാരെ 1890-ാം മാണ്ട് സഹവികാരിയായി നിയമിക്കുകയും അദ്ദേഹവും കുടുംബവും പുത്തൻകാവിൽ താമസം ഉറപ്പിച്ച് പള്ളിയുടെ ശുശ്രൂഷകൾ നടത്തുകയും ചെയ്തു. ഇങ്ങനെ ഭരണം നടത്തിവരവേ മലങ്കര സഭാഭാസുരൻ വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർദിവന്നാസിയോസ് തിരുമനസ്സുകൊണ്ട് പുത്തൻകാവുപള്ളിയിൽ എഴുന്നള്ളുകയും പള്ളിയുടെ ഭരണ ക്രമീകരണങ്ങൾക്കായി വിളിച്ചുകൂട്ടിയ പൊതുയോഗത്തിൽ വച്ച് പന്ത്രണ്ടു ട്രസ്റ്റിമാരെ തിരഞ്ഞെടുക്കുകയും ഇവരുടെ കാലവധി ഓരോരുത്തർക്കും രണ്ടുവർഷമായി നിശ്ചയിക്കുകയും അങ്ങനെ 24 വർഷത്തേക്ക് പ്രശ്നങ്ങൾ കൂടാതെ ഭരണം ക്രമീകരിക്കുകയും ചെയ്തു. അങ്ങനെ തോമാകത്തനാരുടെ രണ്ടാമത്തെ മകനെ തനിക്കു വേണം എന്നു പറഞ്ഞുകൊണ്ട് വൈദീക പഠനത്തിനായി കൂട്ടിക്കൊണ്ടു പോവുകയും, അദ്ദേഹത്തെ പിൽക്കാലത്ത് മെത്രാപ്പോലീത്തയായി ഉയർത്തുകയും ചെയ്തു. ആ തിരുമേനിയാണ് പുണ്യശ്ലോകനായ പുത്തൻകാവിൽ കൊച്ചുതിരുമേനി എന്നറിയപ്പെടുന്ന ഗീവറുഗീസ് മാർ പീലക്സിനോസ് തിരുമേനി. ഇദ്ദേഹം തുമ്പമൺ ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുത്തു മലങ്കരസഭാ ആസ്ഥാനമായി പരിലസിച്ചിരുന്ന പുത്തൻകാവ് ദേവാലയം അന്നു മുതൽക്കാണ് പൂർണ്ണമായും ഒരു ഭദ്രാസനത്തിന്റെ ഇടവകപള്ളിയായി മാറിയത്. മലങ്കരയിലെങ്ങും ഓടിനടന്ന് സഭയെ വളർത്തുന്നതിൽ പുത്തൻകാവിൽ കൊച്ചുതിരുമേനി പ്രത്യേകം ശ്രദ്ധിച്ചുവന്നു. അദ്ദേഹം കുട്ടികളുടെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി പുത്തൻകാവിൽ ആരംഭിച്ച വായനശാല പള്ളിക്കൂടം ഹൈസ്കുളായി രൂപാന്തരപ്പെടുത്തി. കോളജ് വിദ്യാഭ്യാസത്തിനായി പത്തനംതിട്ടയിൽ ഒരു കോളേജ് സ്ഥാപിക്കുവാൻ മുൻകൈയെടുത്തു. ഇതൊക്കെയും സഭയ്ക്കു മുതൽകൂട്ടായി തീരണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. പിൽക്കാലത്ത് ഹൈസ്കൂളായി വായനശാല പള്ളിക്കൂടം ഉയർത്തിയപ്പോൾ പള്ളിവക സ്ഥലങ്ങൾ, പള്ളിക്കാർ മാനേജ്മെന്റിന് നൽകുകയുണ്ടായി. തുടർന്ന് കോർപറേറ്റ് മാനേജ്മെന്റ് ഇത് ഏറ്റെടുത്തപ്പോൾ അവിടെ നടത്തുന്നതായ ഉദ്യോഗ നിയമനത്തിൽ നാലിൽ ഒന്നിന്റെ അവകാശം പുത്തൻകാവ് പള്ളിയുടെ ഭരണസമിതിയ്ക്കായി വ്യവസ്ഥ ചെയ്തിരുന്നു ഇപ്പോൾ ഈ വ്യവസ്ഥ നിലനിൽക്കുന്നില്ല ഇതേതുടർന്ന് (വിവിധ ഷെയറുകൾ ശേഖരിച്ച്) പുത്തൻകാവ് യു.പി സ്കൂൾ, എം.ഡി.എൽ.പി. പിരളശ്ശേരി, എം.ഡി.എൽ.പി. നീർവിളാകം എന്നീ സ്കൂളുകളും ആരംഭിച്ചു. ഇതൊക്കെയും മലങ്കര സഭയ്ക്ക് പുത്തൻകാവിന്റെ സംഭാവനയാണ് എന്ന് ഊന്നി പറയട്ടെ. സഭയിലെ ആളുകളെ ഒന്നിപ്പിക്കുന്നതിനും സഭയുടേതായി സ്വത്തുക്കൾ വർദ്ധിപ്പിക്കുന്നതിനും സഭാമക്കളെ ഒറ്റക്കെട്ടായി അണി നിരത്തുന്നതിനും അശ്രാന്തം പണിയെടുത്തുവന്ന ആ പുണ്യശ്ലോകൻ 1951 ഏപ്രിൽ മാസം 17-ാം തീയതി കുന്നംകുളം ആർത്താറ്റ് കുരിശ് പള്ളിയിൽ വച്ച് (മരത്തംകോട് ചാപ്പൽ) കാലം ചെയ്തു. അങ്ങനെ തുമ്പമൺ ഭദ്രാസനാധിപനായ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ മൃതദേഹവും സംസ്കരിക്കുന്നതിനുള്ള ഭാഗ്യം പുത്തൻകാവ് പള്ളിക്കു സിദ്ധിച്ചു. തിരുമേനിയെ മദ്ബഹായോട് ചേർന്ന് വടക്കുഭാഗത്തായി കബറടക്കിയിരിക്കുന്നു. ഇങ്ങനെ മൂന്നു മേലദ്ധ്യക്ഷന്മാരുടെ കബറിടം സ്ഥിതിചെയ്യുന്ന മലങ്കര സഭയിലെ ഏക ഇടവകയായി ഉയരുവാനുള്ള ഭാഗ്യം നമ്മുടെ ദേവാലയത്തിനു സിദ്ധിച്ചു. മുൻകാലയളവിൽ മലങ്കര മർത്തോമ്മ മെത്രാപ്പോലീത്തമാരുടെ ആസ്ഥാനമായിരുന്നു പുത്തൻകാവ് ദേവാലയം എന്നത് ഒരു ചരിത്രസത്യമായിരുന്നു. പുത്തൻകാവ് കൊച്ചുതിരുമേനിയ്ക്കുശേഷം ഔഗേൻമാർ തീമോത്തിയോസ്, ദാനീയേൽ മാർ പീലക്സിനോസ് എന്നീ മെത്രാപ്പോലീത്തമാർ ഈ ഇടവകയുടെ മേലദ്ധ്യക്ഷന്മാരായി നമ്മെ നയിച്ചിരുന്നു.

ഇപ്പോൾ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ സഹോദരപുത്രനായ നി.വ.ദി.ശ്രീ തോമസ് മാർ അത്തനാസിയോസ് ആണ് ഇടവകയുടെ മേലദ്ധ്യക്ഷ സ്ഥാനത്തെ അലങ്കരിക്കുന്നത്. ഈ ദേവാലയം ചെങ്ങന്നൂർ ഭദ്രാസനത്തിലെ ഒരു കത്തീഡ്രൽ ദേവാലയമായി ഇന്ന് പരിലസിക്കുന്നു.

1958 ഡിസംബർ 26-ന്, മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായി കോടതി വിധി ഉണ്ടായപ്പോൾ നസ്രാണികൾ ഒറ്റക്കെട്ടായി പ്രവർത്തിച്ചുകൊണ്ടിരുന്ന ഈ ദേവാലയാങ്കണത്തിൽ വച്ച് ഇരു കക്ഷികളും ഉൾപ്പെടുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ കൂടി എന്നുള്ളത് ഒരു ചരിത്രസത്യമാണ്. മുൻകാലങ്ങളിൽ പുത്തൻകാവ് മലങ്കര സഭ ആസ്ഥാനമായിരുന്നു എന്നു തെളിയിക്കുന്നതിന് ഇതു മുഖാന്തിരമായി തീർന്നു. പള്ളിയ്ക്കുവേണ്ടി കേസ് ഉണ്ടായിരുന്നു എങ്കിലും ഇവിടുത്തെ നസ്രാണികളുടെ ഐക്യമാണ് 1958-ൽ ഇവിടെ ഒത്തുകൂടാൻ സഭാ മേലദ്ധ്യക്ഷന്മാരെ പ്രേരിപ്പിച്ചത്. 1975-ൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ മേൽപ്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുത്ത അഞ്ച് വൈദികർക്ക് റമ്പാൻ സ്ഥാനം നൽകിയതും, ഈ പുരാതന ദേവാലയത്തിന്റെ മദ്ബഹായിൽ വെച്ചായിരുന്നു.

15 നോയമ്പിനു മാത്രം
ഭക്തജനങ്ങൾക്കായി പ്രദർശിപ്പിക്കുന്ന
വിശുദ്ധ ദൈവമാതാവിന്റെ
തങ്കത്തിലുള്ള നൂറ്റാണ്ടുകൾ പഴക്കമുള്ള രൂപം

ഈ ഇടവകയെ നയിച്ചിട്ടുള്ള വൈദീക ഗണത്തിന്റെ പേരുകൾ അറിവായത് ചുവടെ ചേർക്കുന്നു. ലിസ്ററ് പൂർണ്ണമല്ല

1. തൊമ്മൻ കത്തനാർ, വടക്കേത്തലയ്ക്കൽ, മാവേലിക്കര
2. പീടികയിൽ കോശി കത്തനാർ
3. ചിറ്റക്കാട് കുഞ്ഞുനൈനാൻ അച്ചൻ
4. പുത്തൻപുരയ്ക്കൽ അച്ചൻ
5. അയിരുക്കുഴിയിൽ അച്ചന്മാർ
   1. ഇടിക്കുള കത്തനാർ
   2. ഏബ്രഹാം കത്തനാർ
   3. ചാണ്ടി കത്തനാർ
6. പൂവത്തൂർ അച്ചൻ & കല്ലിശ്ശേരിൽ അച്ചൻ
7. പേരൂർ കാവിലച്ചൻ
8. നിരണം നടുവിലേത്ത് കുര്യാക്കോസ് അച്ചൻ
9. ആലുംമൂട്ടിൽ പത്രോസ് കത്തനാർ
10. കിഴക്കേത്തലയ്ക്കൽ പെരുമാൾ തരകൻ തോമാകത്തനാർ
11. മോടിശ്ശേരിൽ മാത്യൂസ് അച്ചൻ
12. കുറ്റിയിൽ യോഹന്നാൻ കത്തനാർ
13. പയ്യംപള്ളിയിൽ ദാവീദച്ചൻ
14. കുലത്തായ്ക്കൽ അച്ചൻ
15. സി.വി. ജോൺ അച്ചൻ
16. പി.ഇ. ജോസഫ് അച്ചൻ
17. എം.റ്റി. തോമസ് അച്ചൻ
18. തയ്യിൽ സഖറിയ അച്ചൻ
19. റ്റി.എസ്. തോമസ് അച്ചൻ
20. ഗബ്രീയേൽ അച്ചൻ
21. റ്റി.ജെ. സ്റ്റീഫൻ അച്ചൻ
22. പോൾമാടത്ത് അച്ചൻ
23. പി.എം. ജോർജ്ജ് പുല്ലാംപ്ലാവിൽ (ബർശൈനോ റമ്പാൻ)
24. പി.വി. ജോൺ അച്ചൻ
25. മാത്യു തോമസ് അച്ചൻ (സഹവികാരി)
26. സി.ജെ. ജോർജ്ജ് അച്ചൻ
27. മീഖായേൽ ഗബ്രിയേൽ ഏബ്രഹാം കോർ എപ്പിസ്കോപ്പാ
28. ഫാ. ജോൺ ദാനിയേൽ
29. ഫാ. ജോൺ പോൾ
30. ഫാ. മാത്യു വർഗീസ്
31. ഫാ. സഖറിയ പനയ്ക്കാമറ്റം
32. ഫാ. ജോസ് തോമസ്
33. ഫാ. മത്തായി കുന്നിൽ
34. ഫാ. രാജൻ വർഗീസ് (ലേഖകൻ)
35. ഫാ. ജാൾസൺ പി. ജോർജ്ജ് (സഹവികാരി)

ബഹുമാനപ്പെട്ട ഈ വൈദീകർ സമയോചിതമായ പ്രവർത്തനവും പ്രാർത്ഥനയും ഈ ഇടവകയുടെ വളർച്ചയ്ക്ക് വലിയ പങ്കു വഹിച്ചു. പ്രഗൽഭരായ നിരവധി ആൽമായ നേതാക്കളും കാലകാലങ്ങളിൽ നമ്മുടെ ദേവാലയത്തിന്റെയും സഭയുടെ വളർച്ചയ്ക്കും വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്.

പുത്തൻകാവ് പള്ളിയിൽ നിന്ന് സ്വതന്ത്ര ഇടവകകളായി മാറിയ ഇടവകകൾ ധാരളമുണ്ട്. ആറാട്ടുപുഴ സെന്റ് മേരീസ് പള്ളി, പിരളശ്ശേരി കാതോലിക്കേറ്റ് സിംഹാസന പള്ളി, മുളക്കുഴ, സെന്റ് മേരീസ് പള്ളി, മംഗലം സെന്റ് ജോർജ്ജ് പള്ളി, ഇടനാട് സെന്റ് മേരീസ് പള്ളി, കുറിച്ചിമുട്ടം സെന്റ് സ്റ്റീഫൻസ് പള്ളി, ഓതറ സെന്റ് മേരീസ് പള്ളി, നെല്ലിക്കൽ സെന്റ് മേരീസ് പള്ളി തുടങ്ങി കഴിഞ്ഞവർഷം സ്വതന്ത്ര ഇടവകയായി മാറിയ നീർവിളാകം സെന്റ് ഗ്രീഗോറിയോസ് പള്ളി വരെ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുന്നു. തങ്ങളുടെ പൂർവ്വീകർ മാമോദീസ മുങ്ങിയ, അവർ മണ്ണായി തീർന്ന പുത്തൻകാവ് പള്ളിയോട് എന്നും വൈകാരിക ബന്ധം പുലർത്തുകയും പെരുന്നാളുകളിൽ നേർച്ചകാഴ്ചകളുമായി വരുകയും ചെയ്യുന്ന ഈ ഇടവകകളിലെ ഭക്തജനങ്ങളെ പ്രത്യേകം സ്മരിക്കുന്നു.

2013 ഏപ്രിൽ 17-ാം തീയതി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതിയൻ ബാവാ പുത്തൻകാവ് കത്തീഡ്രലിൽ എഴുന്നള്ളി വിശുദ്ധ കുർബ്ബാന മദ്ധ്യേ പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായ്ക്ക് "കാതോലിക്കേറ്റ് രത്നദീപം" എന്ന ബഹുമാനനാമം നൽകിയ കൽപ്പന നൽകുകയും വിശ്വാസികളായ ആയിരങ്ങളെ സാക്ഷി നിർത്തി ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ്മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത കൽപ്പന വായിച്ചതും ചരിത്രസംഭവമാണ്. തുടർന്ന് നടന്ന സമ്മേളനത്തിൽ പുത്തൻകാവ് കത്തീഡ്രലിൽ ഒരു കാലഘട്ടത്തിൽ ദേവലോകത്തിന് തുല്യമായ സ്ഥാനം വഹിച്ചിരുന്നുവെന്ന പരിശുദ്ധ കാതോലിക്ക ബാവാ പ്രഖ്യാപിച്ചതും പുത്തൻകാവ് കത്തീഡ്രലിന്റെ ചരിത്രത്തിലെ ഒരു സുവർണ്ണ നിമിഷമായിരുന്നു.

ചരിത്രം പള്ളി ഉറങ്ങുന്ന പുത്തൻകാവ് പള്ളിയെ 1985-ൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമൻ കാതോലിക്ക ബാവ കത്തീഡ്രലായി ഉയർത്തിയതും 2009-ൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ ദിദിമോസ് പ്രഥമൻ മലങ്കര സഭയുടെ തീർത്ഥാടക കേന്ദ്രമായി പ്രഖ്യാപിച്ചതും ചരിത്ര സംഭവമാണ്. നിരവധി ചരിത്രപ്രധനങ്ങളായ സമ്മേളനങ്ങൾ പുത്തൻകാവ് പള്ളിയിൽ നടന്നിരുന്നു. 1997 ജൂൺ 10-ാം തീയതി പുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ ജന്മശതാബ്ദി സമ്മേളനം മഹാരാഷ്ട്ര ഗവർണർ ഡോ. പി.സി. അലക്സണ്ടാർ ഉദ്ഘാടനം ചെയ്തു. 2001 ഏപ്രിൽ 17-ാം തീയതി പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ചരമ സുവർണ്ണ ജൂബിലി ആചരണം മലയാളമനോരമ ചീഫ് എഡിറ്റർ ശ്രീ.കെ.എം. മാത്യു ഉദ്ഘാടനം ചെയ്തു. 2008-2009 വർഷങ്ങളിൽ ആറാം മാർത്തോമ്മയുടെ ചരമദ്വിശതാബ്ദി വിപൂലമായി ആചരിച്ചു. ചരമദ്വിശതാബ്ദിയുടെ വിവിധ പരിപാടികളിൽ ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത കണ്ടനാട് ഈസ്റ്റ് ഭദ്രാസനാധിപൻ ഡോ. തോമസ് അത്താനാസിയോസ് മെത്രാപ്പോലീത്ത, മലബാർ ഭദ്രാസനാധിപൻ സഖറിയാസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത, മന്ത്രി ശ്രീ. മോൻസ് ജോസഫ്, സഭാ വൈദീക ട്രസ്റ്റി ഫാ. ഡോ. ജോൺസ് കോനാട്ട്, ശ്രീ. പി.സി.വിഷ്ണുനാഥ് എം.എൽ.എ. എന്നിവർ പങ്കെടുത്തു.

ആറാം മാർത്തോമ്മായുടെ സ്മരണ സമൂഹത്തിൽ ശക്തമായി നിലനിർത്തുവാൻ ആറാം മാർത്തോമ്മ അവാർഡ് (25000 രൂപയും പ്രശസ്തി പത്രവും) നൽകുവാൻ തീരുമാനിച്ചു. വിവിധ വർഷങ്ങളിലായി നിരണം ഭദ്രാസനാധിപനായിരുന്ന കാലം ചെയ്ത ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത, ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്ത, ഫാ. ഡോ. റ്റി.ജെ. ജോഷ്വാ, പ്രശസ്ത സാമൂഹിക പ്രവർത്തക സിസ്റ്റർ ദയാഭായി എന്നീവർക്ക് ആറാം മാർത്തോമ്മാ അവാർഡ് നൽകിയെന്നത് ശ്രദ്ധേയമാണ്. കാതോലിക്കേറ്റ് ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് 2012 ഡിസംബർ 4-ാം തീയതി പുത്തൻ കാവ് കത്തീഡ്രലിൽ വൈദീക സംഗമം നടന്നു. പരിശുദ്ധ ബസേലി യോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ ബാവാ സംഗമം ഉദ്ഘാടനം ചെയ്തു. തോമസ് മാർ അത്താനാസിയോസ്, ഡോ. മാത്യൂസ് മാർ സേവറിയോസ്, കുര്യാക്കോസ് മാർ ക്ലീമ്മിസ്, ഡോ. സഖറിയാസ് മാർ തെയോഫിലോസ്, ഡോ. മാത്യൂസ് മാർ തിമോത്തിയോസ്, ഡോ. യൂഹാനോൻ മാർ തേവോദോറോസ്, ഡോ. ജോഷ്വാ മാർ നിക്കോ ദിമോസ്, അലക്സിയോസ് മാർ യൗസേബിയോസ് എന്നീവർ പങ്കെടു ത്തു. 1958-ലെ മലങ്കര അസോസിയേഷനു ശേഷം നടന്ന മറ്റൊരു ചരിത്ര സമ്മേളനമായിരുന്നു വൈദീക സംഗമം. സൺഡേസ്കൂൾ പ്രസ്ഥാനം സംഘടനയായി രൂപീകരിച്ചതിന്റെ സുവർണ്ണ ജൂബിലി പ്രമാ ണിച്ച് പ്രതിഭാസംഗമം 2014 ഫെബ്രുവരി 8-ാം തീയതി പുത്തൻകാവ് പള്ളിയിൽ പരിശുദ്ധ കാതോലിക്ക ബാവ ഉദ്ഘാടനം ചെയ്തതും ശ്രദ്ധേയമായ ഒരു സമ്മേളനമായിരുന്നു.

ചരിത്രപരമായ കാരണങ്ങളാൽ മാർത്തോമ്മ സഭയുടെ തീത്തു സ് ദ്വിതീയൻ തിരുമേനി അഭി ഷിക്തനായത് 1074 വൃശ്ചികം 24-ന് പുത്തൻകാവ് പള്ളിയിൽ ആയിരുന്നു. ഓർത്തഡോക്സ് സഭ വിട്ട് റീത്ത് പ്രസ്ഥാനം രൂപികരിച്ച മാർ ഈവാനി യോസ് തിരുമേനിയ്ക്ക് 17-ാം വയസ്സിൽ പുത്തൻകാവ് പള്ളി യിൽ വച്ചാണ് പുലിക്കോട്ട് മാർ ദിവന്നാസ്യോസ് തിരുമേനി ശെമ്മാശപട്ടം നൽകിയത്. ചുരു ക്കത്തിൽ മലങ്കര ഓർത്തഡോ ക്സ് സഭയ്ക്ക് മാത്രമല്ല മറ്റ് പല സഭകൾക്കും ചരിത്രപരമാ യി പുത്തൻകാവ് പള്ളിയുമാ യി ബന്ധപ്പെട്ടിരിക്കുന്നു.

ഈ മഹാ ഇടവകാംഗങ്ങളായി ജനിക്കുവാനും വളരുവാനും ഭാഗ്യം സിദ്ധിച്ച വിശ്വാസ സമൂഹത്തെ അനുഗ്രഹിക്കട്ടെ യെന്ന് പ്രാർത്ഥിച്ചു കൊണ്ട്. ചരിത്രത്തിലൂടെയുള്ള ഈ തീർത്ഥയാത്ര ചുരുക്കുന്നു.

പുത്തൻകാവ് കത്തീഡ്രലിന്റെ ഉടമസ്ഥതയിലുള്ള സെന്റ് ജോൺസ് ചാപ്പൽ

1958 ജനുവരി 26-ാം തീയതിയിൽ പുത്തൻകാവ് അസോസ്സിയേഷനിൽ ഉയർന്ന ഐക്യത്തിന്റെ പ്രസംഗങ്ങൾ

"ഇന്ത്യയിലെ മഹാധീഷണശാലികളിൽ ഒരാളായിരുന്ന വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനിയും, ഇ.ജെ.ജോൺ, എം.എ ചാക്കോ, കെ.സി.മാമ്മൻമാപ്പിള മുതലായ നിരവധി നേതാക്കന്മാരും സമാധാനത്തിനുവേി പരിശ്രമങ്ങൾ നടത്തിയിട്ടുള്ളവരാണ്. വീണ്ടും വീണ്ടും സമാധാനം കൈവരാതെ സമുദായം തളർന്നുവീഴുകയാണുായത്. അതിന്റെ കാരണങ്ങളെപ്പറ്റി നിങ്ങൾ ആലോചിക്കണം. അതെല്ലാം മനുഷ്യന്റെ പ്രയ്ത്നങ്ങളായിരുന്നു. ഇപ്പോൾ മനുഷ്യന്റെ ബുദ്ധിസാമർത്ഥ്യം പരാജയപ്പെട്ടിടത്ത് ദൈവത്തിന്റെ കാരുണ്യമുണ്ടായി. ഒരു നിമിഷത്തിനുള്ളിൽ അപ്രതീക്ഷിതമായ ഒരു സന്ദർഭത്തിൽ ദൈവം നമുക്ക് സമാധാനം ദാനം ചെയ്തു."

-പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവ

"സമാധാനത്തെ തകർക്കുവാൻ സാത്താൻ ചെയ്യുന്ന ശ്രമങ്ങളെ നിങ്ങളെപ്പോഴും എതിർത്ത് സഭയെ രക്ഷിക്കണം. കാതോലിക്കാ സിംഹാസനവും, അന്ത്യോക്യയിലെ പാത്രിയാർക്കാ സിംഹാസനവും തമ്മിലുള്ള സ്നേഹം നിലനിർത്തുവാൻ പര്യാപ്തമായ വിധത്തിൽ സമുദായ വിഭാഗങ്ങൾ ഒന്നിച്ചത് വലിയ സന്തോഷം നൽകുന്നു."

-അന്ത്യോക്യാ പ്രതിനിധി മാർ യൂലിയോസ് മെത്രാപ്പോലീത്താ

"കാതോലിക്കാ സിംഹാസനത്തിന്റെ കീഴിൽ മലങ്കരയിലെ ഐക്യം ആചന്ദ്രതാരം നിലനിൽക്കും കാതോലിക്കാ സിംഹാസനത്തിന്റെ കീഴിൽ മെത്രാപ്പോലിത്തമാരെല്ലാം ഒന്നിച്ചു നിൽക്കയാണ്. ഇനി ഒരു കാരണവശാലും സമുദായത്തിൽ ഭിന്നിപ്പുണ്ടാവുകയില്ല."

-പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ
(പിന്നീട് യാക്കോബാ വിഭാഗത്തിന്റെ ശ്രേഷ്ഠ
പൗലോസ് ദ്വിതീയൻ കാതോലിക്ക എന്നറിയപ്പെട്ടു.)

"ഈ അസാധാരണ രംഗം ഇന്നത്തെ തലമുറയുടെ മുൻപിലുള്ള ഒരു വെല്ലുവിളിയാണ്. സാങ്കേതിക ഭിന്നതകൾ മാറിക്കഴിഞ്ഞ ഇന്നെങ്കിലും വൈകാരികസംയോജനം കൈവരുത്തുവാൻ നമുക്ക് കഴിയുമോ എന്നതാണ് ആ വെല്ലുവിളി. ആ വെല്ലുവിളി നേരിടാൻ നമുക്ക് കഴിഞ്ഞാൽ ബുദ്ധി ശക്തിയിലും ധനശക്തിയിലും മുൻപന്തിയിൽ നിൽക്കുന്ന 10 ലക്ഷം ജനങ്ങളുടെ സംയോജിപ്പോടുകൂടി കേരളത്തിൽ അജയമായ ഒരു മഹാശക്തി ഉണർന്നെഴുന്നേൽക്കുകയായിരിക്കും."

-മുൻ കേന്ദ്രമന്ത്രി. സി.എം.സ്റ്റീഫൻ

2013–14 ലെ കത്തിഡ്രൽ മാനേജിംഗ് കമ്മിറ്റി

(ഇരിക്കുന്നവർ ഇടത്തു നിന്നും : കെ.റ്റി.അലക്സാണ്ടർ, മാത്യു ചെറിയാൻ, കെ.സി.ജോസഫ് (ട്രസ്റ്റി), വികാരി.ഫാ:രാജൻ വർഗ്ഗീസ് സഹവികാരി.ഫാ:ജാൾസൺ പി ജോർജ്ജ്, ബിജു അലക്സാണ്ടർ (സെക്രട്ടറി), മത്തായി വർഗ്ഗീസ്, എ.സി വർഗ്ഗീസ്)

(നിൽക്കുന്നവർ ഇടത്തു നിന്നും : എ.ജി വർഗ്ഗീസ്, എം.സി.ചെറിയാൻ, അലക്സ് ജോർജ്ജ്, പി.കെ.തോമസ്, ഉമ്മൻ ജോർജ്ജ് പി.വർഗ്ഗീസ്, എ.ജി.ജോർജ്ജ്, ഉമ്മൻ ജോസഫ്, അൻസിൽ ജോർജ്ജ് ഏബ്രഹാം)

2014–15 ലെ കത്തിഡ്രൽ മാനേജിംഗ് കമ്മിറ്റി

(ഇരിക്കുന്നവർ ഇടത്തു നിന്നും :എൻ.വി ഏബ്രഹാം, കെ.എം.ജോയി, കെ.സി.ജോസഫ്, വർഗീസ് തോമസ് (സെക്രട്ടറി), ഫാ.ജാൾസൺ.പി.ജോർജ്ജ് (സഹവികാരി) ഫാ.രാജൻ വർഗീസ് (വികാരി), കോശി ജോർജ്ജ് (ട്രസ്റ്റി), വി.എം.ചാക്കോ,എം.ഇ അലക്സാണ്ടർ)

(നിൽക്കുന്നവർ ഇടത്തു നിന്നും :ജോജി കുര്യൻ, ഈപ്പൻ വർഗീസ്, സജൻ ജോൺ, ബി.റ്റി വർഗീസ്, എബി അലക്സാണ്ടർ, സാം.പി.മാത്യു മനോജ്.പി.ചെറിയാൻ, റ്റി.സി വർഗീസ്, മാത്യു വർഗീസ്)

മലങ്കര അസോസ്യേഷൻ പ്രതിനിധികൾ

സഭാ മാനേജിംഗ് കമ്മറ്റി അംഗം

ഡോ. ജിബി ജോർജ്ജ്

സ്റ്റീഫൻ ഐപ്പ്

ഏബ്രഹാം തോമസ്

കോശി ജോർജ്ജ്

പി.കെ.ചെറിയാൻ
(ഭദ്രാസന പ്രതിനിധിയുമാണ്)

ജോർജ്ജ് വർഗ്ഗീസ്

ബാബു അലക്സാണ്ടർ

എബി അലക്സാണ്ടർ

ഭദ്രാസന പ്രതിനിധികൾ

കെ.സി.ജോസഫ്

മാത്യുവർഗ്ഗീസ്

മാത്യു ചെറിയാൻ

ജിനു ജോർജ്ജ്

ജോസഫ് മാത്യു

ഓഫീസ് സ്റ്റാഫ്

റെനി ഫിലിപ്പ് (ക്ലർക്ക്)

ജിജു സജി
(പ്രധാന ശുശ്രൂഷകൻ)

എം.വി വർഗ്ഗീസ്

ജോസഫ് ജോൺ

തോമസ് ഏബ്രഹാം

ബാബു വർഗ്ഗീസ്

40 വർഷം പ്രധാന ശുശ്രൂഷകനായി
സേവനമനുഷ്ഠിച്ച് റിട്ടയർ ചെയ്ത
ബാബു വർഗ്ഗീസ്

ഇടവക പട്ടക്കാർ

വെരി.റവ. സി.എം.ഫീലിപ്പോസ് റമ്പാൻ
കോർ എപ്പിസ്കോപ്പാ, ചക്കാലയിൽ



ഫാ.ഡോ.എം.കെ.തോമസ്
മലയിൽ, മേലത്തേതിൽ

ഫാ.എൻ.എസ്.ഫിലിപ്പ്
നെടുപറമ്പിൽ

ഫാ.കെ.ജി.ചെറിയാൻ
കിഴക്കേത്തലയ്ക്കൽ പീടികയിൽ

ഫാ.മാത്യു തോമസ്
പുത്തൻപുരയ്ക്കൽ

ഫാ.കെ.എം.ചെറിയാൻ
കുന്നേൽ വലിയവീട്

ഫാ.ഡോ.മാത്യു കോശി
കിഴക്കേതലയ്ക്കൽ

ഫാ.തോമസ് ജോസഫ്
പൈനുംമൂട്ടിൽ

ഫാ.ബിജു റ്റി.മാത്യു
തണ്ടപ്രപീടികയിൽ

ഫാ.ജോൺപോൾ
പുൽപ്രക്കുഴിയിൽ

ഫാ.ജോഷ്വാ എബ്രഹാം
കുന്നുപുറത്ത്

ഫാ.എബ്രഹാം അലക്സാണ്ടർ
തറേക്കാട്ട്

ഫാ.എബ്രഹാം തോമസ്
കുറ്റിയിൽ

ഫാ.തോമസ് വർഗ്ഗീസ്
കടവിൽ

പത്തനാപുരം മൗണ്ട് താബോർ
മഠം അംഗം

സിസ്റ്റർ. ഷൈനോ
അരക്കനാട്ടിൽ, പിരളശ്ശേരി

വാങ്ങിപ്പോയ ഇടവകപട്ടക്കാർ


തോമാ കത്തനാർ
കിഴക്കേതലയ്ക്കൽ

പത്രോസ് കത്തനാർ
ആലുംമൂട്ടിൽ

വെരി.റവ.ജോർജ്ജ് വർഗ്ഗീസ് കോർഎപ്പിസ്കോപ്പ, പറമ്പിൽ

യോഹന്നാൻ കത്തനാർ
കുറ്റിയിൽ

ഫാ.കെ.കെ ജോസഫ്
കിഴക്കേതലയ്ക്കൽ പീടികയിൽ

ഫാ.ഇടിക്കുള ജോസഫ് കത്തനാർ
അയിരുക്കുഴിയിൽ

ഡീക്കൻ.എ.ഒ ഉമ്മൻ
ആലുംമൂട്ടിൽ

തുമ്പമൺ മന്ദിരം മുൻ സുപ്പീരിയർ

സിസ്റ്റർ മറിയം
കിഴക്കേതലയ്ക്കൽ

2013 ഒക്ടോബർ 20 ന് നിര്യാതനായ മുൻവികാരി
വന്ദ്യ.മിഖായേൽ ഗബ്രിയേൽ എബ്രഹാം കോർ എപ്പിസ്കോപ്പ

Left to Right: Mar Koorilose, Daniel Mar Philoxenose, Mar Athanasius, Mar Ivaniose, Mar Gregoriose(Pampady), Mar Theemothiose, Paulose Mar Philoxenose, H.H. the Catholicose, Mar Juliose(Delegate), Mar Greegoriose, Mar Dionysius, Mar Cleemis, Mar Severiose, Mar Theodosius, Mar Osthatheose.

1958 ൽ ഓർത്തഡോക്സ് - യാക്കോബായ സഭകൾ ഒന്നായപ്പോൾ
പുത്തൻകാവ് അസോസ്സിയേഷൻ എടുത്ത ഫോട്ടോ

മലങ്കരസഭാ സ്വാതന്ത്ര്യം ഉയർത്തിപ്പിടിച്ച മാർത്തോമ്മാ ആറാമനും മാർത്തോമ്മാ എട്ടാമനും

ആമുഖം

പുത്തൻകാവിൽ കൊച്ചുതിരുമേനിയെ കൂടാതെ പുത്തൻകാവിൽ കബറടങ്ങിയിരിക്കുന്ന രണ്ട് മെത്രാപ്പോലീത്തന്മാരാണ് മാർത്തോമ്മാ ആറാമനും മാർത്തോമ്മാ എട്ടാമനും. ഇതിൽ മാർത്തോമ്മാ ആറാമൻ 1808-ലും മാർത്തോമ്മാ എട്ടാമൻ 1816-ലും കാലംചെയ്തു.

മാർത്തോമ്മാ ആറാമൻ മാർ ദീവന്നാസിയോസ് എന്ന പേരിൽ അന്ത്യോഖ്യൻ പിതാക്കന്മാരാൽ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട ആളാണ്. അദ്ദേഹം മഹാനും പ്രഗത്ഭനും മലങ്കരസഭയെ നയിച്ചിട്ടുള്ള ശ്രേഷ്ഠ പിതാക്കന്മാരുടെ മുൻനിരയിൽ ഏറ്റവും ശ്രേഷ്ഠനായി നിലകൊള്ളുന്ന ആളുമാണ്. മാർത്തോമ്മാ ആറാമന്റെ പിൻഗാമിയുടെ (മാർത്തോമ്മാ ഏഴാമന്റെ) പിൻഗാമിയായി പട്ടമേറ്റ് 1812 മുതൽ 1816 വരെ മലങ്കരസഭയെ നയിച്ച പിതാവാണ് മാർത്തോമ്മാ എട്ടാമൻ. ഒരു പ്രത്യേക സാഹചര്യത്തിൽ മലങ്കര സഭാ ചരിത്രത്തിൽ പ്രത്യേക സ്വാധീനം ഉറപ്പിക്കുകയും തന്റേതായ സംഭാവന നൽകുകയും ചെയ്തിട്ടുള്ള ആളാണ് മാർത്തോമ്മാ എട്ടാമൻ. ഈ രണ്ടു പിതാക്കന്മാരെക്കുറിച്ചും ചുരുക്കം കാര്യങ്ങൾ പരാമർശിക്കാൻ മാത്രമേ ഈ ലേഖനത്തിലൂടെ ഉദ്ദേശിക്കുന്നുള്ളൂ.

ഫാ. ഡോ. എം. ഒ. ജോൺ

പ്രതിസന്ധികളെ അഭിമുഖീകരിച്ച വലിയ മാർ ദീവന്നാസിയോസ്

മലങ്കരസഭാചരിത്രത്തിൽ The Great എന്ന ഒരു വിശേഷണം അഥവാ തലക്കെട്ട് ദീവന്നാസിയോസ് ഒന്നാമനല്ലാതെ വേറെ ആർക്കും നൽകപ്പെട്ടിട്ടില്ല. അദ്ദേഹത്തെപ്പോലെയോ അദ്ദേഹത്തോടൊപ്പമോ കഴിവുള്ള പിതാക്കന്മാർ മലങ്കരസഭാചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ അവരിൽനിന്നൊക്കെ വ്യത്യസ്തനായി മഹാൻ അഥവാ വലിയവൻ അഥവാ The Great എന്നുള്ള പേരിന് അവകാശിയായി തീർന്ന ആളാണ് ക്രിസ്താബ്ദം 1808-ൽ കാലം ചെയ്ത് പുത്തൻകാവിൽ കബറടങ്ങിയിരിക്കുന്ന വലിയ മാർ ദീവന്നാസിയോസ്. നാലു ഭാഗങ്ങളിൽനിന്നും ഒരുപോലെ ഒരുതലത്തിൽ അല്ലെങ്കിൽ വേറൊരു തലത്തിലുള്ള പ്രതിസന്ധികളെ അഭിമുഖീകരിച്ച് അതിലൊക്കെ പതറാതെ നിന്ന മഹാനാണ് ദീവന്നാസിയോസ് ഒന്നാമൻ. അതുകൊണ്ടാണ് അദ്ദേഹം വലിയവൻ അല്ലെങ്കിൽ മഹാൻ എന്ന പേരിന് അർഹനായിത്തീർന്നത്. അദ്ദേഹത്തെക്കുറിച്ച് പ്രധാനമായും നാലു കാര്യങ്ങൾ അനുസ്മരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

1. വലിയ മാർ ദീവന്നാസിയോസ് ജീവിച്ചിരുന്ന ചരിത്രപശ്ചാത്തലം, 2. വലിയ മാർ ദീവന്നാസിയോസിന്റെ കാലത്തെ മലങ്കര അന്ത്യോഖ്യൻ ബന്ധവും അതിന്റെ പ്രത്യാഘാതങ്ങളും, 3. വലിയ മാർ ദീവന്നാസിയോസിന്റെ റോമൻ കത്തോലിക്കാ സഭാബന്ധം, 4. സ്വന്തം സമുദായത്തിൽനിന്ന് വലിയ മാർ ദീവന്നാസിയോസിന് അഭിമുഖീകരിക്കേണ്ടിവന്ന ചില പ്രശ്നങ്ങൾ.

വലിയ മാർ ദീവന്നാസിയോസ് ജീവിച്ചിരുന്ന ചരിത്ര പശ്ചാത്തലം

വലിയ മാർ ദീവന്നാസിയോസിനെക്കുറിച്ച് ശരിയായി പഠിക്കണമെങ്കിൽ അദ്ദേഹം ജീവിച്ചിരുന്ന ചരിത്ര പശ്ചാത്തലം അറിഞ്ഞിരിക്കേണ്ടതാവശ്യമാണ്. നാലാം നൂറ്റാണ്ടുമുതലെങ്കിലും മലങ്കരസഭയ്ക്ക് പേർഷ്യൻ സഭയുമായി ബന്ധമുണ്ടായിരുന്നു പേർഷ്യൻസഭ പുരാതന പേർഷ്യൻ സാമ്രാജ്യത്തിലെ സഭയാണ്. മാർത്തോമ്മാശ്ലീഹായാണ് അവിടെയും സഭ സ്ഥാപിച്ചതെന്ന് പേർഷ്യൻ സഭാ പാരമ്പര്യം അവകാശപ്പെടുന്നു. പേർഷ്യ എന്നു പറയുന്നത് ഇന്നത്തെ ഇറാൻ ഇറാഖ് തുടങ്ങിയ രാജ്യങ്ങളാണ്. 7,8,10 നൂറ്റാണ്ടുകളിലൊക്കെ പേർഷ്യൻസഭയും മലങ്കരസഭയും തമ്മിലുള്ള ബന്ധം വളരെ ശക്തമായിരുന്നുവെന്ന് ചരിത്രരേഖകൾ

ആറാം മാർത്തോമ്മാ

എട്ടാം മാർത്തോമ്മാ

തെളിയിക്കുന്നു. പേർഷ്യൻസഭ അന്ത്യോഖ്യൻ സുറിയാനി സഭയല്ല. പേർഷ്യയിലെ സഭയും അന്ത്യോഖ്യൻ സുറിയാനിസഭയും രണ്ടു വ്യത്യസ്ത സഭകളാണ്. രണ്ട് പാരമ്പര്യങ്ങളും വ്യത്യസ്തമായ ആരാധനാരീതികളും വിശ്വാസവും പുലർത്തുന്ന സഭകളാണവ. അഞ്ചാം നൂറ്റാണ്ടു മുതൽ പേർഷ്യൻസഭ നെസ്തോറിയൻ വിശ്വാസം സ്വീകരിച്ചു.

1498-ൽ വാസ്കോഡിഗാമാ കേരളത്തിലെത്തി. അതിനെ തുടർന്ന് പോർട്ടുഗീസ്, റോമൻ കത്തോലിക്കാ മിഷണറിമാരും കേരളത്തിലെത്തി. അവർ കണ്ടത് പേർഷ്യൻ സഭയുമായി ബന്ധത്തിലുള്ള, പേർഷ്യൻ പാത്രിയർക്കീസിന്റെ പേര് വി.കുർബ്ബാനയിൽ ഓർക്കുന്ന, പേർഷ്യൻ ആരാധനാപാരമ്പര്യങ്ങൾ അനുഷ്ഠിക്കുന്ന, കിഴക്കൻ സുറിയാനി ഭാഷയിൽ ആരാധിക്കുന്ന, പേർഷ്യൻസഭയുടെ വിശ്വാസം വെച്ചുപുലർത്തുന്ന മലങ്കരസഭയെയാണ്. ഈ സഭയെ റോമൻ കത്തോലിക്കാ സഭയുമായി ബന്ധപ്പെടുത്തി പേർഷ്യൻ പാത്രിയർക്കീസിന്റെ അധികാരത്തിൽനിന്ന് വിടർത്തി റോമാപാപ്പായുടെ ആധിപത്യത്തിൻകീഴിൽ കൊണ്ടുവരുവാനുള്ള നീക്കമാണ് പോർട്ടുഗീസുകാരും ഇവിടെ വന്ന റോമൻ കത്തോലിക്കാ മിഷണറിമാരും നടത്തിയത്. അവരുടെ ശ്രമത്തിന്റെ പാരമ്യമാണ് ഉദയംപേരൂർ സുന്നഹദോസിൽ കാണുന്നത്. 1599ൽ കൂടിയ ഉദയം പേരൂർ സുന്നഹദോസ് മലങ്കരസഭയുടെ പേർഷ്യൻസഭാബന്ധം വിഛേദിക്കുകയും റോമൻ കത്തോലിക്കാ സഭാബന്ധവും റോമാ പാപ്പായുടെ ആധിപത്യവും ഔദ്യോഗികമായി അംഗീകരിക്കുകയും ചെയ്തു. 1599 മുതൽ 1653 വരെയുള്ള 54 വർഷങ്ങൾ മലങ്കരസഭ പൂർണ്ണമായും റോമൻ സഭാ ആധിപത്യത്തിൻകീഴെ നിലനിന്നു. ഇക്കാലഘട്ടത്തിൽ റോമൻ സഭയുടെ സ്വാധീനത്താൽ പേർഷ്യൻസഭയുടെ വിശ്വാസാചാരങ്ങൾക്കെതിരെ ശക്തമായ പ്രചരണങ്ങൾ സഭയിലുണ്ടായി. ഇതുമൂലം പേർഷ്യൻസ്വാവിശ്വാസം കഠിനമായ വേദവിപരീതമാണെന്ന ബോധം സഭാംഗങ്ങളിലുണ്ടായി. അതേസമയംതന്നെ റോമൻ ആധിപത്യത്തോടുള്ള ശക്തമായ എതിർപ്പും രൂപംകൊണ്ടു. ആ എതിർപ്പിന്റെ പാരമ്യമാണ് 1653-ലെ കൂനൻകുരിശ് സത്യത്തിൽ കാണുന്നത്. കൂനൻ കുരിശ് സത്യത്തോടെ സഭ രണ്ടായി പിളർന്നു. ഒരുവിഭാഗം റോമാ ആധിപത്യത്തിൽതന്നെ നിലനിന്നു. മറ്റേവിഭാഗം തോമാ അർക്കദിയാക്കോന്റെ നേതൃത്വത്തിൽ റോമുമായി എതിർത്തുനിന്നു. റോമുമായി എതിർത്തു നിന്നവർക്ക് മെത്രാന്മാർ ഉണ്ടായിരുന്നില്ല. ആ കുറവ് പരിഹരിക്കാൻ ആ വിഭാഗത്തിന്റെ നേതാവായിരുന്ന തോമാ അർക്കദിയാക്കോനെ മാർത്തോമ്മാ ഒന്നാമൻ എന്ന പേരിൽ മെത്രാൻസ്ഥാനത്തേക്കുയർത്തി. മാർത്തോമ്മാ ഒന്നാമന്റെ നേതൃത്വത്തിലുള്ള സഭാവിഭാഗം അന്ത്യോഖ്യൻ സുറിയാനിസഭയിൽപ്പെട്ട യറുശലേമിലെ ഗ്രീഗോറിയോസ് എന്ന മെത്രാൻ മലങ്കരയിൽ വന്നതോടെ 1665 മുതൽ അന്ത്യോഖ്യൻ യാക്കോബായ സുറിയാനിസഭയുമായുള്ള ബന്ധത്തിൽ പ്രവേശിച്ചു. അന്ത്യോഖ്യൻ സഭയുമായുള്ള ബന്ധത്തിൽ പ്രവേശിച്ചെങ്കിലും ഭരണപരമായ സ്വാതന്ത്ര്യം നിലനിർത്താൻ ഈ വിഭാഗം ശ്രദ്ധിച്ചിരുന്നു. മാർത്തോമ്മാ ഒന്നാമനു (1653-1685) ശേഷം പിൻഗാമികളായി മാർത്തോമ്മാ രണ്ടാമൻ (1685-1686) മൂന്നാമൻ (1686-1688) നാലാമൻ (1688-1728) എന്നിവരുണ്ടായി. റോമൻ കത്തോലിക്കാ സഭയിൽനിന്ന വിഭാഗത്തെ വിദേശത്തുനിന്നെത്തിയ മെത്രാന്മാരും സഭാനേതാക്കന്മാരും നയിച്ചുകൊണ്ടിരുന്നു. ഈ അവസരത്തിൽ പ്രത്യേക ശ്രദ്ധ ആകർഷിക്കുന്ന രണ്ട് കാര്യങ്ങളുണ്ട്.

~ഒന്ന് മലങ്കരസഭയുടെ പുരാതന സഭാബന്ധം - അതായത് നാലാം നൂറ്റാണ്ടുമുതൽ 16-ാം നൂറ്റാണ്ടുവരെയുള്ള ദീർഘമായ പന്ത്രണ്ട് നൂറ്റാണ്ട് കാലത്തെ ബന്ധം - പേർഷ്യൻ സഭയുമായിട്ടായിരുന്നു. എന്നാൽ റോമൻ സഭാ ബന്ധത്തിൽ പ്രവേശിച്ചതുമുതൽ പേർഷ്യൻ സഭാബന്ധം ഉപേക്ഷിച്ചു എന്നുമാത്രമല്ല പേർഷ്യൻ സഭയുമായുള്ള ബന്ധംതന്നെ ഒരു മഹാ അപരാധമായി മലങ്കര സഭയിൽ എല്ലാവരും കണക്കാക്കി. കൂനൻകുരിശ് സത്യത്തിനുശേഷം സഭ രണ്ടായി പിളർന്നു. രണ്ട് വിഭാഗവും ഒരുപോലെ പേർഷ്യൻ സഭാബന്ധം നിഷിദ്ധമായി കരുതി. അന്ത്യോഖ്യൻ സഭയുമായി ബന്ധത്തിൽ പ്രവേശിച്ചപ്പോഴും പേർഷ്യൻസഭയുമായുള്ള ബന്ധം ശരിയായിട്ടുള്ളതല്ല എന്ന ചിന്ത കൂടുതൽ ശക്തമായതേ ഉള്ളു.

രണ്ടാമത്തെ കാര്യം സമുദായം രണ്ടായി പിളർന്നെങ്കിലും ഇരുവിഭാഗത്തിലും പെട്ട ആളുകൾ എല്ലാ കാര്യങ്ങളിലും അങ്ങോട്ടു മിങ്ങോട്ടുമുള്ള സഹകരണം നിലനിർത്തി പോരുന്നു. പരസ്പരം കുർബ്ബാന സംസർഗ്ഗവും വിവാഹം തുടങ്ങിയ കൂദാശകളിലുള്ള ബന്ധവും യാതൊരു പ്രശ്നവുമില്ലാതെ തുടർന്നും നിലനിന്നു പോന്നു. ഒരുസഭയിൽ തന്നെയുള്ള രണ്ട് വിഭാഗങ്ങൾ എന്ന ചിന്തയായിരുന്നു ഇന്നാട്ടുകാർക്ക് ഉണ്ടായിരുന്നത്. എന്നാൽ വിദേശികളായ റോമാക്കാരും യാക്കോബായക്കാരുമായ നേതൃത്വം പരസ്പര സഹകരണത്തെ എതിർത്തു. ഇതാണ് ദീവന്നാസിയോസ് ഒന്നാമൻ സ്ഥാനം ഏൽക്കുന്നതിനു മുമ്പുള്ള ചരിത്ര പശ്ചാത്തലം. അന്ത്യോഖ്യൻ സഭാബന്ധം പരാമർശിക്കുമ്പോൾ ഇത് കുറേക്കൂടി വ്യക്തമാകും.

വലിയ മാർ ദീവന്നാസിയോസിന്റെ കാലത്തെ മലങ്കര അന്ത്യോഖ്യൻ ബന്ധവും അതിന്റെ പ്രത്യാഘാതങ്ങളും

അന്ത്യോഖ്യൻ സുറിയാനി സഭയിൽനിന്ന് 1665-ൽ വന്ന യറുശലേമിലെ ഗ്രീഗോറിയോസ് 1671-ൽ നിര്യാതനായി. അതിനുശേഷം 1685-ൽ പ.യൽദോ മാർ ബസേലിയോസ്, മാർ ഈവാനിയോസ് എന്നിവർ വന്നു. ബസേലിയോസ് രണ്ടാഴ്ചക്കുള്ളിൽ കാലം ചെയ്തു. കോതമംഗലത്ത് കബറടക്കി ഈവാനിയോസ് 1694-ൽ മാർത്തോമ്മാ നാലാമന്റെ ഭരണ കാലത്ത് കാലം ചെയ്തു. അതിനുശേഷം ഇവിടെ അന്ത്യോഖ്യൻ സഭാപിതാക്കന്മാരാരും ഉണ്ടായിരുന്നില്ല. മാർ ഈവാനിയോസ് ആണ് നാലാം മാർത്തോമ്മായെ വാഴിക്കുന്നത്. അന്ത്യോഖ്യൻ സുറിയാനിസഭയുടെ ആരാധനയും പാരമ്പര്യങ്ങളും ചിട്ടയായും ക്രമമായും മലങ്കരസഭയിൽ നടപ്പാക്കാൻ ഏറ്റവും കൂടുതൽ യത്നിച്ച ഒരാളാണ് മാർ ഈവാനിയോസ്.

ഈവാനിയോസ് നിര്യാതനായി പതിനഞ്ചു വർഷത്തിനുശേഷം 1708-ൽ പേർഷ്യൻസഭയിൽനിന്നുള്ള മാർ ഗബ്രിയേൽ മലങ്കരയിലെത്തി. നാലാം മാർത്തോമ്മായുടെ ഭരണകാലമായിരുന്നു അത്. ഗബ്രിയേലിന്റെ ആഗമനം സുറിയാനിസഭയിലെ സമാധാനവും ശാന്തതയും താറുമാറാക്കി. ജനങ്ങൾ രണ്ടുകക്ഷികളായി തിരിഞ്ഞു. ഒട്ടനവധി പള്ളികളിൽ ഗബ്രിയേലിന് അനുയായികളുണ്ടായി. 22 പള്ളിക്കാർ പൂർണ്ണമായും ഗബ്രിയേലിന്റെ കൂടെകൂടി. നാലാം മാർത്തോമ്മായുടെ ഭരണത്തിന് സമാന്തരമായി ഗബ്രിയേലിന്റെ നേതൃത്വത്തിൽ ഒരു ഭരണം രൂപമെടുത്തു. കോട്ടയം ചെറിയപള്ളിയിൽ താമസിച്ച് ഗബ്രിയേൽ സമീപപ്രദേശങ്ങളിലേക്ക് സ്വാധീനം വ്യാപിപ്പിച്ചു. പരദേശത്തുനിന്നു വരുന്നവർ ആരായാലും അയാൾ തനിക്കുണ്ടെന്നു പറയുന്ന പദവിയും അതിലധികവും വകവെച്ചുകൊടുക്കുന്നതിനു നസ്രാണികളിൽ ചിലർക്കുണ്ടായിരുന്ന താൽപര്യം ഗബ്രിയേൽ മുതലാക്കി. ഗബ്രിയേലിന്റെ ശല്യം തീർക്കുന്നതിനും വൈദികർ ഉൾപ്പെടെ പല പ്രധാനികളും ഒട്ടധികം ആളുകളും അയാളുടെ പിന്നാലെ പോയതുമൂലം വന്നുകൂടിയ കുഴപ്പങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിനും വേണ്ട സഹായങ്ങൾ അഭ്യർത്ഥിച്ചുകൊണ്ട് മാർത്തോമ്മാ നാലാമൻ 1709-ലും 1720-ലും ഓരോ കത്തുകൾ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ പേർക്കയച്ചു. പ്രയോജനം ഒന്നുമുണ്ടായില്ല. നാലാം മാർത്തോമ്മാ, മാർത്തോമ്മാ അഞ്ചാമനെ പിൻഗാമിയായി വാഴിച്ചശേഷം 1728-ൽ നിര്യാതനായി. കണ്ടനാട്ട് പള്ളിയിൽ അദ്ദേഹത്തെ അടക്കി. മാർത്തോമ്മാ നാലാമനും, അതിനുശേഷം അഞ്ചാമനും നിത്യശല്യക്കാരനായിരുന്ന ഗബ്രിയേൽ 1731-ൽ മരിച്ചു. കോട്ടയം ചെറിയപള്ളിയിൽ അദ്ദേഹത്തെ അടക്കി.

ഗബ്രിയേലിന്റെ ശല്യം തീർന്നെങ്കിലും മാർത്തോമ്മാ അഞ്ചാമന്റെ സ്ഥാനവും അധികാരവും അംഗീകരിക്കാൻ സഭയിൽ ഒരു വലിയ വിഭാഗം തയ്യാറായില്ല. ഗബ്രിയേലിന്റെ കൂടെ കൂടിയവർ മാർത്തോമ്മാ അഞ്ചാമന് പണ്ടേ എതിരായിരുന്നു. അദ്ദേഹത്തിന് അന്ത്യോഖ്യയിൽനിന്ന് ആരും വന്ന് പട്ടംകൊടുത്തിട്ടില്ല അതുകൊണ്ട് പട്ടത്വത്തിന് ന്യൂനതയുണ്ട് എന്ന് പറഞ്ഞ് വേറൊരു കൂട്ടരും മാർത്തോമ്മാ അഞ്ചാമനെ എതിർത്തു. സാധുവല്ലാത്ത പട്ടം പേറിനടക്കുന്ന ആളാണ് മാർത്തോമ്മാ മെത്രാനെന്ന് റോമൻ കത്തോലിക്കരും പരിഹസിച്ചു. സുറിയാനി ക്രിസ്ത്യാനികളിൽതന്നെ ഒരു കൂട്ടർ മാർത്തോമ്മാ മെത്രാന്റെ സ്ഥാനം സാധുവല്ല അദ്ദേഹത്തെ അനുസരിക്കില്ല എന്ന് ഡച്ചുകമ്പനിക്കാരുടെ അടുക്കൽ പരാതി ബോധിപ്പിച്ചു. കൊച്ചി രാജാവും ഇത്തരുണത്തിൽ വഴക്കിൽ ഇടപെട്ട് ഒരു അപേക്ഷ അന്ത്യോഖ്യാപാത്രിയർക്കീസിന്റെ പേർക്കയച്ചു.

അക്കാലത്ത് അന്തോണിയോസ് എന്ന ഒരു അന്ത്യോഖ്യൻ സുറിയാനി ശെമ്മാശ്ശൻ കച്ചവടത്തിനായി കൊച്ചിയിലെത്തി. അഞ്ചാം മാർത്തോമ്മാ അദ്ദേഹത്തെ പള്ളിക്കര പള്ളിയിൽ വരുത്തി സംസാരിച്ചു. അന്തോണിയോസിന്റെ നിർദ്ദേശമനുസരിച്ച് മാർത്തോമ്മാ അഞ്ചാമൻ, പണ്ഡിതനായ ഒരു മേൽപട്ടക്കാരനെ അയച്ചുതരണമെന്നാവശ്യപ്പെട്ട് പാത്രിയർക്കീസിന്റെ പേർക്ക് ഒരു കത്തെഴുതി. അദ്ദേഹത്തെ ഏൽപിച്ചു. കത്ത് കിട്ടിയ ഗീവർഗീസ് പാത്രിയർക്കീസ് (1745-1768) ഉടനെതന്നെ അനുകൂലമായി പ്രതികരിച്ചു. പാത്രിയർക്കീസ് സക്രുള്ള എന്ന ആൾക്ക് ബസ്സേലിയോസ് എന്ന പേരിൽ മഫ്രിയാനാസ്ഥാനം നൽകി യരുശലേമിന്റെ മാർ ഗ്രിഗോറിയോസ്, മൂസൻകാരൻ മാർ ഈവാനിയോസ് തുടങ്ങിയവരുമൊന്നിച്ച് മലങ്കരയിലേക്കയച്ചു. അഞ്ചാം മാർത്തോമ്മായെ ദീവന്നാസിയോസ് എന്ന പേരിൽ മലങ്കരയുടെ മെത്രാനായി വാഴിക്കുവാനുള്ള സ്താതിക്കോൻ നൽകി അധികാരപ്പെടുത്തിയും മൂറോനും സൈത്തും കൊടുത്തുമാണ് മെത്രാന്മാരുടെ സംഘത്തെ പാത്രിയർക്കീസ് മലങ്കരയിലേക്ക് വിട്ടത്. അവർ 1751-ൽ ഒരു ഡച്ചു കപ്പലിൽ കൊച്ചി തുറമുഖത്തെത്തി. അവരെ സ്വീകരിച്ച് കണ്ടനാട്ടേക്ക് കൊണ്ടുവരുവാൻ മാർത്തോമ്മാ അഞ്ചാമന്റെ കത്തുമായി വൈദികരും വലിയസംഘം ജനങ്ങളും തുറമുഖത്തെത്തി. കപ്പൽക്കൂലി 12,000 രൂപാ കൊടുക്കണമെന്ന് കമ്പനിക്കാർ ആവശ്യപ്പെട്ടു. അതുകൊടുക്കാഞ്ഞ മെത്രാൻസംഘത്തെ തടഞ്ഞുവെച്ചു. മാർത്തോമ്മാ അഞ്ചാമനിൽനിന്നും തുക ഈടാക്കുവാൻ ക്രിമിനൽ കേസുതന്നെ എടുത്തു. അറസ്റ്റ് പേടിച്ച് മാർത്തോമ്മാ മെത്രാൻ കൊച്ചി രാജ്യത്ത് പ്രവേശിക്കാതെയിരുന്നു. തിരുവിതാംകൂർ രാജാവ് ഇടപെട്ട് അവരുമായി സംസാരിച്ചു. പള്ളിക്കാർ കൂടി പണം പിരിച്ചു നൽകി. മെത്രാന്മാർ സ്വതന്ത്രരായി കണ്ടനാട്ടെത്തി.

മാർത്തോമ്മാ അഞ്ചാമന് വീണ്ടും പട്ടം കൊടുക്കുവാനാണ് ശക്രുള്ളാ ബാവായുടെ നേതൃത്വത്തിലുള്ള സംഘം ശ്രമിച്ചത്. പാത്രിയർക്കീസിന്റെ അനുമതിയില്ലാതെ വ്യാജമായാണ് മാർത്തോമ്മാ അഞ്ചാമൻ സ്ഥാനമേറ്റിരിക്കുന്നത്. ശരിയായ കൈവെപ്പില്ലാ എന്നൊക്കെ എതിരാളികളോടൊപ്പം മെത്രാൻസംഘവും ആക്ഷേപിച്ചു. എന്നാൽ മാർത്തോമ്മാ അഞ്ചാമൻ അതിനെ ഒക്കെ പുച്ഛിച്ചു തള്ളി. രണ്ടാമത് സ്ഥാനം ഏൽക്കേണ്ടതില്ല എന്ന നിലപാടിൽ ഉറച്ചുനിന്നു. മാർത്തോമ്മാ വഴങ്ങുന്നില്ല എന്നു കണ്ടപ്പോൾ മെത്രാൻസംഘവും പാത്രിയർക്കീസും ചുവടുമാറ്റി. 1754-ൽ പരസ്പരം ഉടമ്പടിയുണ്ടാക്കി. ഉടമ്പടിക്കുശേഷം 1761-ൽ മാർത്തോമ്മാ അഞ്ചാമൻ സ്വന്തം അനന്തരവനെ മാർത്തോമ്മാ ആറാമൻ എന്ന പേരിൽ ഇവിടെയുണ്ടായിരുന്ന അന്ത്യോഖ്യാക്കാരെ ആരെയും സംബന്ധിപ്പിക്കാതെയും അവരോടാലോചിക്കാതെയും സ്വന്തം നിലയിൽ പിൻഗാമിയായി വാഴിച്ചു ബസ്സേലിയോസ് ശക്രുള്ള 1764-ൽ കണ്ടനാട്ടുവെച്ചും അഞ്ചാം മാർത്തോമ്മാ

1765-ൽ നിരണത്തുവെച്ചും കാലംചെയ്തു.

മാർത്തോമ്മാ ആറാമന്റെ ശക്തമായ നിലപാടും സ്ഥാനാരോഹണവും

1765 മുതൽ മലങ്കരസഭയുടെ പൂർണ്ണ അധികാരമുള്ള മെത്രാനായി മാർത്തോമ്മാ ആറാമൻ ഭരിച്ചുവരുമ്പോൾ അദ്ദേഹം വീണ്ടും സ്ഥാനമേൽക്കണമെന്നുള്ള നിബന്ധന ഇവിടെയുണ്ടായിരുന്ന സുറിയാനിക്കാരായ ഗ്രീഗോറിയോസും ഈവാനിയോസും മുമ്പോട്ടുവെച്ചു. എന്നാൽ മാർത്തോമ്മാ ആറാമൻ വഴങ്ങിയില്ല. മാർത്തോമ്മാ ആറാമൻ സർക്കാരിൽ "അടിയറ" തീർന്നു പ്രീതിനേടിയ ആളായിരുന്നതുകൊണ്ട് അദ്ദേഹം മഹാശക്തനായിരുന്നു. രാജാധികാരിയെ മുഖംകാണിച്ചു പ്രത്യേക അധികാര അവകാശങ്ങൾ വാങ്ങുമ്പോൾ വെയ്ക്കുന്ന കാഴ്ചയാണ് അടിയറ. അടിയറ തീർത്തു പ്രീതി വാങ്ങിയത് മാർത്തോമ്മാ ആറാമന്റെ ദീർഘദൃഷ്ടിയും തന്ത്രജ്ഞതയും പ്രകടമാക്കുന്ന ഒരു നടപടിയായിരുന്നു. അങ്ങനെ അടിയറ തീർത്തു പ്രത്യേക അധികാരാവകാശങ്ങൾ നേടിയ ആളായിരുന്നതുകൊണ്ട് മാർത്തോമ്മാ ആറാമനുമായി സഖ്യത്തിൽ വരാൻ വിദേശമെത്രാന്മാർ തയ്യാറായി.

"മാർത്തോമ്മാ മെത്രാൻ സർക്കാരിൽ അടിയറ തീർന്നു പ്രീതിവരുത്തിയുംകൊണ്ടു ബാവാന്മാരോട് ചേർന്നു സഭാകാര്യങ്ങൾ അന്വേഷിപ്പാൻ തുടങ്ങിയതു തന്നെയല്ല തമ്മിൽ ഏകോൽഭവിച്ചു പോകുന്നതിനുവേണ്ടി മല്പാൻമാരു മുതലായവരോട് ആലോചിച്ചും കല്ലുചേരിൽ പള്ളിയിൽവെച്ചു മാർ ഈവാനിയോസ് എപ്പിസ് കോപ്പയുമായും കണ്ട് തമ്മിലുള്ള മുഷിച്ചിലിനെ പറഞ്ഞുതീർന്നു, എന്നാറെ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായും മാർ ഈവാനിയോസ് എപ്പിസ്കോപ്പായുംകൂടെ 945 (1770) മിഥുനമാസം 29-ാം തീയതി ഈ ആറാമത്തെ മാർത്തോമ്മാ മെത്രാനെ മാർ ദീവന്നാസിയോസ് എന്ന സ്ഥാനപ്പേരുംകൊടുത്ത് മലങ്കരയ്ക്ക് പൂർണ്ണ അധികാരമുള്ള മെത്രാപ്പോലീത്താ ആയിട്ട് നിരണത്തുവെച്ചു വാഴിച്ചു. അന്ത്യോഖ്യയിൽനിന്നു കൊണ്ടുവന്നിട്ടുള്ള വടിയും മുടിയും സ്ലീബായും സ്താത്തിക്കോനും മൂറോൻ മുതലായതും മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായ്ക്ക് കൊടുക്കുകയും ചെയ്തു. തമ്പുരാന്റെ മനോഗുണത്താൽ ഇതുവരെയുണ്ടായിരുന്ന വഴക്കുകൾ ഒക്കെ തീർന്നു ഏകോൽഭവിച്ചും......." എന്ന് ഇട്ടൂപ്പ് രേഖപ്പെടുത്തിയിരിക്കുന്നു.

ഇവിടെ മാർത്തോമ്മാ ആറാമനെ ദീവന്നാസിയോസ് എന്ന പേരിൽ മലങ്കരയ്ക്ക് പൂർണ്ണ അധികാരമുള്ള മെത്രാപ്പോലീത്തായായി വാഴിച്ചുവെന്നാണ് പറഞ്ഞിരിക്കുന്നത്. അദ്ദേഹത്തിന് രണ്ടാമത് മെത്രാൻസ്ഥാനം കൊടുത്തു എന്നുപറയാൻ സാധിക്കില്ല. ദീവന്നാസിയോസ് എന്ന പേരിൽ അദ്ദേഹത്തെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തി എന്നു പറയുന്നതായിരിക്കും ഏറെ ശരി. മെത്രാനായിരുന്ന അദ്ദേഹത്തെ മലങ്കരയിലാകമാനം അധികാരമുള്ള മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്കുയർത്തി എന്നു പറയുന്നതാണ് മാർത്തോമ്മാ എട്ടാമന്റെ വിവരണമനുസരിച്ച് മാർത്തോമ്മാ ആറാമന് രണ്ടാമത് പട്ടംകൊടുത്തു എന്നു പറയുന്നതിനേക്കാൾ ശരിയായിട്ടുള്ളത്. അദ്ദേഹത്തെ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തിയതുകൊണ്ടാണ് മാർത്തോമ്മാ ഒന്നാമൻ മുതലുള്ള ആളുകളെ മെത്രാന്മാരെന്ന് വിളിച്ചിരുന്നപ്പോൾ മാർത്തോമ്മാ ആറാമനെ (ദീവന്നാസിയോസ്) മെത്രാപ്പോലീത്താ എന്ന് ചരിത്രകാരന്മാർ വിളിച്ചിരിക്കുന്നത്.

1875-ൽ പത്രോസ് പാത്രിയർക്കീസ് ഇവിടെ വന്നപ്പോൾ നവീകരണക്കാരിൽനിന്ന് പട്ടമേറ്റ ചില വൈദികർക്ക് രണ്ടാമത് പട്ടം കൊടുത്തു എന്നു പറയുന്നവരുണ്ട്. നവീകരണ മെത്രാന്മാരിൽനിന്ന് പട്ടമേറ്റിട്ടുള്ള ചിലർക്ക് പത്രോസ് പാത്രിയർക്കീസ് ബാവാ കോറി സ്ഥാനം കൊടുത്തതായി കേട്ടിട്ടുണ്ട്.......... "സാധുവായ കത്തനാരുപട്ടം ഉള്ളവർക്കുതന്നെയും കൊടുക്കാറുപതിവുള്ള കോറി സ്ഥാനം കൊടുത്തതായിട്ടാണ് അറിവ്..........." എന്ന് പ.വട്ടശ്ശേരിൽ തിരുമേനി വട്ടിപ്പണക്കേസിൽ മൊഴികൊടുത്തിട്ടുണ്ട്. നവീകരണ മെത്രാന്മാർ കൊടുത്ത പട്ടം അസാധുവായിരുന്നുവെന്ന് ലോകരെ ധരിപ്പിക്കുന്നതിന് വീണ്ടും പട്ടംകൊടുക്കുന്നു എന്ന ഭാവത്തിൽ കോറി സ്ഥാനം കൊടുത്ത് കാര്യം കാണുകയായിരുന്നു പത്രോസ് തൃതീയൻ ചെയ്തത്. ഇതു തന്നെയായിരിക്കണം ആറാം മാർത്തോമ്മായെ ദീവന്നാസിയോസ് ഒന്നാമൻ എന്ന സ്ഥാനനാമത്താൽ ഉയർത്തിയപ്പോഴും സംഭവിച്ചത്. എന്തായാലും ദീവന്നാസിയോസ് എന്ന നാമം സ്വീകരിച്ച് മലങ്കരസഭ മുഴുവൻ മേലും അധികാരം പ്രാപിച്ച മാർത്തോമ്മാ ആറാമൻ കൂടുതൽ ശക്തനായി. സർക്കാരിൽ അടിയറ തീർന്ന് അധികാരാവകാശങ്ങൾ നേടിയതുമൂലം അദ്ദേഹത്തിന് പൊതു അംഗീകാരവും ലഭിച്ചു. റോമൻ കത്തോലിക്കാ സഭയിൽ ചേർന്ന് ഭിന്നിച്ചുനിന്ന മലങ്കരസഭാ വിഭാഗത്തെ യോജിപ്പിച്ച് ഒരു സഭയാക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ അടുത്ത ശ്രമം

> പാത്രിയർക്കീസ് സക്രള്ള എന്ന ആൾക്ക് ബസ്സേലിയോസ് എന്ന പേരിൽ മഫ്രിയാനാസ്ഥാനം നൽകി യരുശലേമിന്റെ മാർ ഗ്രിഗോറിയോസ്, മൂസൻകാരൻ മാർ ഈവാനിയോസ് തുടങ്ങിയവരുമൊന്നിച്ച് മലങ്കരയിലേക്കയച്ചു. അഞ്ചാം മാർത്തോമ്മായെ ദീവന്നാസിയോസ് എന്ന പേരിൽ മലങ്കരയുടെ മെത്രാനായി വാഴിക്കുവാനുള്ള സ്താതിക്കോൻ നൽകി അധികാരപ്പെടുത്തിയും മൂറോനും സൈത്തും കൊടുത്തുമാണ് മെത്രാന്മാരുടെ സംഘത്തെ പാത്രിയർക്കീസ് മലങ്കരയിലേക്ക് വിട്ടത്.

വലിയ മാർ ദീവന്നാസിയോസിന്റെ റോമൻ കത്തോലിക്കാ സഭാബന്ധം

കൂനൻകുരിശിങ്കൽവെച്ച് പിരിഞ്ഞ് റോമാനുകത്തിൽപ്പെട്ട സഹോദരങ്ങളെ കൂടെയോജിപ്പിച്ച് നസ്രാണി ജാതിയെ ഒന്നാക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ പരമപ്രധാനമായ ലക്ഷ്യം." അതിനുവേണ്ടി മാർ ദീവന്നാസിയോസ് പ്രയത്നിച്ചു. കേരളത്തിൽ അന്നുണ്ടായിരുന്ന റോമൻ കത്തോലിക്കാ ബിഷപ്പുമാരുമായി അദ്ദേഹം രഹസ്യമായും പരസ്യമായും ബന്ധപ്പെട്ടു അവർ തിരിച്ചും ബന്ധപ്പെട്ടു. ഇരുപതാം നൂറ്റാണ്ടിൽ മലങ്കരയിലെ സീറോ മലബാറുകാരും (റോമൻ കത്തോലിക്കർ) മലങ്കര ഓർത്തഡോക്സ് സഭക്കാരും തമ്മിൽ വിവാഹബന്ധമോ കൂദാശാബന്ധമോ ഒന്നുമില്ല.എന്നാൽ വലിയ മാർ ദീവന്നാസിയോസിന്റെ കാലത്ത് (പതിനെട്ടാം നൂറ്റാണ്ടിലെ) സ്ഥിതി അങ്ങനെയായിരുന്നില്ല.

ഒരു കുടുംബത്തിൽപ്പെട്ടവർ തന്നെ ഇരുസഭാവിഭാഗങ്ങളിലും ഉണ്ടായിരുന്നു. പരസ്പരം വിവാഹ ബന്ധത്തിൽ ഏർപ്പെടുന്നതിന് തടസ്സമൊന്നുമുണ്ടായിരുന്നില്ല. രണ്ടുഭാഗത്തെയും വൈദികർ തവണ മുറയ്ക്ക് കർമ്മങ്ങൾ നടത്തുന്ന പള്ളികളും ധാരാളമുണ്ടായിരുന്നു. കേണൽ മൺറോയുടെ ഭരണ കാലത്ത് കോട്ടയം വലിയപള്ളിയും പിറവം പള്ളിയും റോമാസഭയുടെയും യാക്കോബായ സഭയുടെയും കൂട്ടുകൈവശത്തിലിരിക്കുകയായിരുന്നു. ആലപ്പുഴയും ചങ്ങനാശ്ശേരിലിയിലുമുള്ള പള്ളികൾ നിരണം ഇടവകപള്ളിയുടെ കുരിശു പള്ളികളായിരുന്നു. ഏതെങ്കിലും ഒരുകൂട്ടർ അന്യരാണെന്ന ധാരണ ഇരുഭാഗത്തിലും ആർക്കും ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഇരുവിഭാഗവും ഐക്യപ്പെടുന്നതിൽ അസ്വാഭാവികത ഒന്നുമുണ്ടായിരുന്നില്ല. ആ പശ്ചാത്തലത്തിൽ ഇരുവിഭാഗവും പരസ്പരം ചർച്ചകൾ നടത്തി. പാത്രിയർക്കീസോ പാപ്പായോ ആര് പരമാദ്ധ്യക്ഷനായാലും സമുദായത്തിന്റെ ഐക്യവും ആഭ്യന്തര ഭരണകാര്യങ്ങളിലെ സ്വാതന്ത്ര്യവും ആയിരുന്നു പ്രധാനം.

പുത്തൻകാവ് പള്ളിയുടെ
വിശുദ്ധ മദ്ബഹായുടെ
വടക്കു വശത്ത് സ്ഥിതി ചെയ്യുന്ന
6-ാം മർത്തോമ്മായുടെ കബറിടം

സമുദായം ഒന്നാകുന്നതിനേക്കുറിച്ചുള്ള ആലോചനകൾ പല തലത്തിലും നടന്നു. 1778-ൽ യൂറോപ്പിലേക്ക് പോയ കരിയാറ്റിൽ മല്പാനും പാറേമ്മാക്കലച്ചനും ഇക്കാര്യം സംബന്ധിച്ചു വേണ്ടതു ചെയ്യുവാൻ ദീവന്നാസിയോസ് അവരെ ചുമതലപ്പെടുത്തി. അവർ റോമിലും പോർട്ടുഗലിലുമെത്തി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി. അവർ തിരിച്ചെത്തിയശേഷം പ്രാദേശികതലത്തിൽ പല ചർച്ചകളും സംവാദങ്ങളും നടന്നു. ഒത്തുതീർപ്പ് വ്യവസ്ഥകൾ പലതും ദീവന്നാസിയോസിന് അംഗീകരിക്കാവുന്ന തരത്തിലുള്ളവയായിരുന്നില്ല. അദ്ദേഹം യോജിപ്പിന് എതിർപ്പ് പ്രകടിപ്പിച്ചു. എങ്കിലും റോമൻ സമ്മർദ്ദവും തിരുവിതാംകൂർ ഭരണാധികാരികളുടെ സമ്മർദ്ദവും ഏറിവന്നു. അന്നത്തെ റോമൻ കത്തോലിക്കാ നേതാവായിരുന്നു തയ്യിൽ മാത്തുതരകൻ. ദീവന്നാസിയോസിനെ എങ്ങനെയെങ്കിലും റോമാസഭയിൽ ചേർക്കണമെന്ന് ദൃഢനിശ്ചയം ചെയ്ത ആളായിരുന്നു അദ്ദേഹം. ഇതിനിടെ തിരുവിതാംകൂർ ഭരണാധികാരികൾ മാറി. അവർ തരകന്റെ പ്രേരണയാൽ നിരണം, ചെങ്ങന്നൂർ, പുത്തൻകാവ് ഈ മൂന്നു പള്ളികൾ കണ്ടുകെട്ടുകയും 12500 രൂപാ കെട്ടിവെയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്തു. അവിടങ്ങളിലെ സഭാംഗങ്ങളെ പലവിധത്തിൽ പീഢിപ്പിച്ചു. ചെങ്ങന്നൂർ പള്ളിയുടെ പൂജാപാത്രങ്ങൾ പിടിച്ചെടുത്തു. സാമ്പത്തിക സമ്മർദ്ദവും മാനസിക പീഢയും മെത്രാപ്പോലീത്തായ്ക്ക് സഹിക്കാവുന്നതിലേറെയായിരുന്നു. ചർച്ചകൾകൊണ്ടും സമ്മർദ്ദങ്ങൾകൊണ്ടും പ്രയോജനമില്ലാ എന്നു കണ്ടപ്പോൾ തരകൻ ആയുധപാണികളായ പടയാളികളോടുകൂടെ വന്ന് മെത്രാപ്പോലീത്തായെയും സുറിയാനി സമുദായ പ്രധാനന്മാരിൽ പലരെയും ബന്ധനസ്ഥരാക്കി ആലപ്പുഴയ്ക്ക് കൊണ്ടുപോയി. അവിടെ തുടർച്ചയായി പല ദിവസം പട്ടിണികിടന്ന് വലഞ്ഞപ്പോൾ മെത്രാൻ ഒരു ഉടമ്പടിക്ക് ഒപ്പുവെയ്ക്കുവാൻ നിർബന്ധിനായി തീർന്നു. തന്മൂലം "എട്ടാം അർബൻ പാപ്പാ പൗരസ്ത്യർക്കായി നിശ്ചയിച്ചിരുന്ന വിശ്വാസ തത്വങ്ങളെയും" പാപ്പായുടെ മേലധികാരത്തെയും "ഉദയംപേരൂർ സുന്നഹദോസ് നിശ്ചയങ്ങൾ അനുസരിച്ചുള്ള കുർബ്ബാന, നമസ്ക്കാരം, നോമ്പ്, മുതലായ കർമ്മാചാരങ്ങളെയും" മെത്രാപ്പോലീത്താ സ്വീകരിക്കേണ്ടതായി വന്നു. തതനുസാരം അദ്ദേഹം 1799 ഇടവം മുപ്പതാം തീയതി തത്തം പള്ളി റോമാപള്ളിയിൽ വി.കുർബ്ബാന അനുഷ്ഠിച്ചു.

ഈ സംഭവം നടന്ന് രണ്ടാഴ്ചയ്ക്കകം ദക്ഷിണ തിരുവിതാംകൂറിലെ ഹിന്ദുക്കളുടെ ഒരു ലഹളയെ അമർച്ച ചെയ്യുന്നതിനായി മാത്തു തരകൻ തിരുവനന്തപുരത്തേക്ക് പോകേണ്ടിവന്നു. പ്രസ്തുത ലഹളയ്ക്ക് കാരണം തരകന് കുത്തകയായിരുന്ന ഉപ്പിന്റെ വില നിസീമമായി വർദ്ധിപ്പിച്ചതായിരുന്നു. വഴിമദ്ധ്യേ അദ്ദേഹം രോക്ഷാകുലരായ ജനാവലിയുടെ കയ്യിൽ അകപ്പെടുകയും അവർ അദ്ദേഹത്തെ കഠിനമായി മർദ്ദിക്കുകയും ഒരു ചെവി മുറിച്ചെടുത്ത് ചില ചെടികളുടെ ഇലകൾ കൂടിയിട്ട് ഉപ്പുകൂടാതെ വേവിച്ച് അയാളെ തീറ്റിക്കുകയും ചെയ്തു. രാജാവ് ഇതിനു പകരമായി അദ്ദേഹത്തിന് ഒരു സ്വർണ്ണചെവി സമ്മാനിച്ചുവെങ്കിലും ഇതോടുകൂടി അദ്ദേഹത്തിന്റെ അധഃപതനം ആരംഭിച്ചു. തരകന്റെ അപ്രതീക്ഷിതമായ അധഃപതനം മൂലം മാർ ദീവന്നാസിയോസിന് ആലപ്പുഴ നിന്ന് രക്ഷ പ്രാപിച്ച് നിരണത്തെത്തുന്നതിന് സാധിച്ചു. അദ്ദേഹം റോമാവിശ്വാസാനുസരണം കുർബ്ബാന അനുഷ്ഠിച്ചതിന് പരസ്യമായി ക്ഷമായാചന ചെയ്യുകയും സ്വന്തംചെലവിൽ സഭയിലുള്ള സകല പള്ളികളിലും പാപമോചനത്തെ ഉദ്ദേശിച്ച് കുർബ്ബാന ചൊല്ലിക്കുകയും ചെയ്തു (ഇ.എം.ഫിലിപ്പ്, മാർത്തോമ്മാശ്ലീഹായുടെ ഇന്ത്യൻ സഭ, പേജ് 180). മലങ്കരസഭയുടെ ഐക്യമായിരുന്നു മാർ ദീവന്നാസിയോസിന്റെ ലക്ഷ്യം. എന്നാൽ ദീവന്നാസിയോസിനെ പൂർണ്ണമായി കീഴ്പ്പെടുത്തി റോമാവഴക്കത്തിൽ കൊണ്ടുവരാനാണ് റോമൻ കത്തോലിക്കാസഭാവിഭാഗം ശ്രമിച്ചത്. അവരിൽനിന്ന് പലവിധ പീഢക്കളുണ്ടായെങ്കിലും ദീവന്നാസിയോസ് തന്ത്രപൂർവ്വം രക്ഷപ്രാപിച്ചു.

സ്വന്തം സമുദായത്തിൽനിന്ന് വലിയ മാർ ദീവന്നാസിയോസ് അഭിമുഖീകരിക്കേണ്ടിവന്ന പ്രശ്നങ്ങൾ

അന്ത്യോഖ്യൻസഭാബന്ധം നിലനിർത്തണമെന്ന് അന്ധമായി ആഗ്രഹിച്ചിരുന്ന ഒരുവിഭാഗം ആളുകൾ മലങ്കരസഭയിലുണ്ടായി. അതുപോലെ തന്നെ പകലോമറ്റം കുടുംബവാഴ്ചയെ എതിർക്കുന്ന ഒരു വിഭാഗവും ഇക്കാലമായപ്പോഴേയ്ക്കും സഭയിൽ പ്രബലമായി വന്നു. തോഴിയൂർ മെത്രാന് പട്ടംകൊടുക്കുക വഴി മലങ്കരസഭയെ ഭിന്നിപ്പിച്ച്

ഒരുവിഭാഗത്തെ ദീവന്നാസിയോസുമായി തെറ്റിച്ച് അവരെ കയ്യിലെടുക്കാം എന്ന് ഇവിടെയുണ്ടായിരുന്ന അന്ത്യോഖ്യൻ മെത്രാന്മാരും കരുതി. ഈ പ്രതിസന്ധികളെയെല്ലാം ഒരുപോലെ തരണംചെയ്യാൻ ദീവന്നാസിയോസിന് സാധിച്ചു.

ഇതിനിടെ ഇവിടെ ഉണ്ടായിരുന്ന അന്ത്യോഖ്യൻ മെത്രാന്മാരിൽ മാർ ഗ്രിഗോറിയോസ് 1772-ലും മാർ ഈവാനിയോസ് 1794-ലും നിര്യാതരായി. മാർ ഗ്രിഗോറിയോസിനെ മുളന്തുരുത്തി പള്ളിയിലും മാർ ഈവാനിയോസിനെ ചെങ്ങന്നൂർ പള്ളിയിലും സംസ്ക്കരിച്ചു. ഇവർ രണ്ടുപേരും നിര്യാതരായശേഷം മാർ ദീവന്നാസിയോസ് തന്റെ അനന്തരവനെ പിൻഗാമിയായി മാർത്തോമ്മാ ഏഴാമൻ എന്ന പേരിൽ 1796-ൽ വാഴിച്ചു. ഇവിടെ ശ്രദ്ധിക്കേണ്ട രണ്ടു കാര്യങ്ങൾ ഉണ്ട്. ഒന്ന് പിൻഗാമിയെ വാഴിക്കുവാൻ അന്ത്യോഖ്യൻ മെത്രാന്മാർ നിര്യാതരാകുന്നതുവരെ കാത്തിരുന്നു. മാർത്തോമ്മാ അഞ്ചാമനും താൻ തന്നെയും ആദ്യം വാഴിക്കപ്പെട്ടതിനെ അന്ത്യോഖ്യൻ പാത്രിയർക്കീസുമാർ ചോദ്യം ചെയ്തുവെന്നും അതുമൂലം ബുദ്ധിമുട്ടുകൾ ഉണ്ടായി എന്നും താൻ ദീവന്നാസിയോസ് എന്ന പേരിൽ രണ്ടാമത് വാഴിക്കപ്പെട്ടു എന്നും ഒക്കെ ദീവന്നാസിയോസിന് അറിയാമായിരുന്നു. എങ്കിലും അതിനെ ഒക്കെ അവഗണിച്ചുകൊണ്ടാണ് ദീവന്നാസിയോസ് അന്ത്യോഖ്യൻ മെത്രാന്മാരുടെ സാന്നിധ്യമോ സഹകരണമോ ഇല്ലാതെയും പാത്രിയർക്കീസിന്റെ അനുവാദത്തിന് കാത്തിരിക്കാതെയും സ്വന്തമായി അനന്തിരവനെ മെത്രാനായി വാഴിച്ചത്. പിൻഗാമിക്ക് മാർത്തോമ്മാ എന്ന പേരു നൽകി എന്നതാണ് രണ്ടാമത്തെ പ്രധാന സംഗതി. തലമുറകളായി മലങ്കര മെത്രാന്മാരും അർക്കദിയാക്കോന്മാരും ഉപയോഗിച്ചുവന്നിരുന്ന മാർത്തോമ്മാ നാമം ഇല്ലാതെ ആക്കുവാനാണ് പാത്രിയർക്കീസന്മാരും അന്ത്യോക്യൻ മെത്രാന്മാരും ശ്രമിച്ചത്. ദീവന്നാസിയോസ് അതിനെ ശക്തിയുക്തം എതിർത്തു. അവസരം കിട്ടിയപ്പോൾ ശക്തമായി പ്രതികരിച്ചു. പിന്നീട് പകലോമറ്റം കുടുംബത്തോടുള്ള എതിർപ്പ് സമുദായത്തിനുള്ളിൽ ശക്തമാകുകയും പുലിക്കോട്ടിൽ ദീവന്നാസിയോസ് അന്നുണ്ടായിരുന്ന സഭാനേതൃത്വത്തെ ധിക്കരിച്ച് സി.എം.എസുകാരെ കൂട്ടു പിടിച്ച് പട്ടമേൽക്കുകയും ചെയ്തപ്പോഴാണ് ദീവന്നാസിയോസ് എന്ന പേര് മലങ്കരയിൽ വീണ്ടും സ്ഥാപിക്കപ്പെട്ടത്.

ദീവന്നാസിയോസിന് സ്ഥാനം നൽകിയ ഗ്രിഗോറിയോസ് കൊച്ചിയിലേക്ക് താമസം മാറ്റി. അവിടെയിരുന്നുകൊണ്ട് മലങ്കരസഭയെ വിഭജിക്കുവാനുള്ള തന്ത്രം അദ്ദേഹം മെനഞ്ഞു. 1772-ൽ കാട്ടുമങ്ങാട്ട് കുര്യൻ റമ്പാനെ മാർ ദീവന്നാസിയോസിന്റെ അറിവോ സമ്മതമോ ഇല്ലാതെ കൂറിലോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. മാർ ദീവന്നാസിയോസ് തിരുവിതാംകൂർ സർക്കാരിൽനിന്ന് അടിയറ തീർത്ത് അധികാരം പ്രാപിച്ചിരുന്ന ആളായിരുന്നതിനാൽ അദ്ദേഹത്തിന്റെ ശക്തിക്ക് എതിരായി നിൽക്കാൻ കാട്ടുമങ്ങാട്ട് കൂറിലോസിന് സാധിച്ചില്ല. ദീവന്നാസിയോസിന്റെ സ്വാധീനം മൂലം കാട്ടുമങ്ങാട്ട് കൂറിലോസിനെ ബ്രിട്ടീഷ് മലബാറിലേക്ക് സർക്കാർ നാടുക്കടത്തി. തോഴിയൂർ ദേശത്ത് ചെന്ന മാർ കൂറിലോസ് 1774 ഇടവം 15-ാം തീയതി അവിടെ ഒരു പള്ളി സ്ഥാപിക്കുകയും മെത്രാൻ എന്ന നിലയിൽ ജീവിതം നയിക്കുകയും ചെയ്തു. മാർ ദീവന്നാസിയോസ് ശക്തമായി പ്രതികരിച്ച് മാർ കൂറിലോസിനെ നാടുകടത്തിയില്ലായിരുന്നുവെങ്കിൽ മലങ്കരസഭ അന്ന് വിഭജിതമാകുമായായിരുന്നു. ഒരുഭാഗം അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ പൂർണ്ണഅധികാരത്തിൽ വരികയും ചെയ്യുമായിരുന്നു. മാർ ദീവന്നാസിയോസിന്റെ ജീവിതത്തിൽ ആറ് പ്രധാന സംഭവങ്ങൾ ഉണ്ടായിരുന്നു. ***ഒന്നാമത്*** മലങ്കരസഭയുടെ സ്വകീയസ്വാതന്ത്ര്യവും പാരമ്പര്യവും നിലനിർത്തി ഇവിടെയുണ്ടായിരുന്ന അന്ത്യോഖ്യൻ മെത്രാന്മാരെ അവഗണിച്ച് മുൻഗാമിയായിരുന്ന മാർത്തോമ്മാ അഞ്ചാമനിൽനിന്നും മാർത്തോമ്മാ ആറാമൻ എന്ന പേരിൽ സ്ഥാനമേറ്റു. ***രണ്ടാമത്*** അദ്ദേഹത്തിന് റോമാക്കാരിൽനിന്നും അന്ത്യോഖ്യക്കാരിൽനിന്നും ഉണ്ടായ സമ്മർദ്ദത്തിന്റെയും മലങ്കരസഭയ്ക്കുള്ളിൽതന്നെ ഉരുത്തിരിഞ്ഞുവന്ന സഭാഭിന്നതയുടേയും പശ്ചാത്തലത്തിൽ അന്ത്യോഖ്യാക്കാരുമായി ഒത്തുതീർപ്പ് ഉണ്ടാക്കുകയും അവരിൽനിന്ന് രണ്ടാമത് പട്ടമേൽക്കുകയോ സ്ഥാനസ്ഥിരീകരണം പ്രാപിക്കുകയോ ചെയ്യേണ്ടിവന്നു. ***മൂന്നാമത്*** റോമൻ - അന്ത്യോഖ്യൻ സമ്മർദ്ദത്തിന്റെ പശ്ചാത്തലത്തിലും രണ്ടായി വിഘടിച്ചുനിന്ന മലങ്കരസഭയിലെ ഇരുവിഭാഗങ്ങളെയും ഒന്നാക്കണമെന്നുള്ള അടങ്ങാത്ത ആഗ്രഹത്തിന്റെ ഫലമായും അന്ത്യോഖ്യൻ പിതാക്കന്മാരുടെ ശല്യം സഹിക്കാൻ വയ്യാതെ അതിൽനിന്ന് രക്ഷപെടുവാൻ വേണ്ടിയും അദ്ദേഹം റോമൻ കത്തോലിക്കാ സഭയിൽ ചേർന്നു. ***നാലാമത്*** മലങ്കര സഭയുടെ സ്വതസിദ്ധമായ സ്വാതന്ത്ര്യം റോമാക്കാർക്ക് അടിയറ വെച്ചതിലുള്ള വലിയ മാനസിക സംഘർഷം മൂലം അദ്ദേഹം റോമൻ കത്തോലിക്കാ സഭാബന്ധം ഉപേക്ഷിച്ച് മലങ്കര സഭയിലേക്ക് തിരിച്ചു പോന്നു.

അഞ്ചാമത് ആദ്യം അന്ത്യോഖ്യക്കാരുമായും പിന്നീട് റോമാക്കാരുമായും ഒത്തുതീർപ്പുണ്ടാക്കി. എങ്കിലും സഭാസ്വാതന്ത്ര്യം ആരുടേയും മുന്നിൽ അടിയറ വെയ്ക്കുവാൻ അദ്ദേഹം തയ്യാറായില്ല. ആരുടേയും സമ്മതം ചോദിക്കാതെയും ആരുടേയും അനുവാദത്തിന് കാത്തിരിക്കാതെയും 1796-ൽ പിൻഗാമിയെ സ്വന്തം നിലയിൽ വാഴിച്ചു. മാർത്തോമ്മാ ഏഴാമൻ എന്ന പേരും നൽകി. ***ആറാമത്*** മലങ്കരസഭയെ കീഴ്പ്പെടുത്തുവാനുള്ള അന്ത്യോഖ്യൻ മെത്രാന്മാരുടെ ശ്രമത്തെ മാർ ദീവന്നാസിയോസ് എതിർത്ത് പരാജയപ്പെടുത്തി. അതോടൊപ്പം കാട്ടുമങ്ങാട്ടെ മെത്രാനെ വാഴിച്ച് മലങ്കരസഭയെ വിഭജിച്ച് ഭരിക്കുക എന്ന അന്ത്യോഖ്യൻ മെത്രാന്മാരുടെ തന്ത്രത്തേയും ദീവന്നാസിയോസ് പരാജയപ്പെടുത്തി. കാട്ടുമങ്ങാട്ട് മെത്രാനെ തോഴിയൂരേക്ക് നാടുകടത്തി. മാർ ദീവന്നാസിയോസ് എല്ലാ അർത്ഥത്തിലും മഹാനായിരുന്നു; വലിയവനായിരുന്നുവെന്ന് ചരിത്രകാരന്മാർ എല്ലാവരും സമ്മതിക്കുന്നു. റോയൽകോർട്ട് ജഡ്ജുമെന്റിൽ മഹാൻ അല്ലെങ്കിൽ വലിയ എന്ന സ്ഥാനം അദ്ദേഹത്തിന് നൽകിയിട്ടുണ്ട്. ചെറിയപള്ളികേസിൽ ഹൈക്കോടതിയിൽ നിന്നുണ്ടായ മൈനോരിറ്റി ജഡ്ജുമെന്റ് എഴുതിയ ജസ്റ്റിസ് ഹും ദീവന്നാസിയോസിന്റെ മഹാൻ എന്ന സ്ഥാനം അംഗീകരിച്ചിട്ടുണ്ട്. "സുദീർഘവും മഹിമയേറിയതുമായ അദ്ദേഹത്തിന്റെ ഭരണകാലം 1808 മീനം 25-ാം തീയതി എൺപതാമത്തെ വയസ്സിൽ അവസാനിച്ചു. അദ്ദേഹം പണിയിച്ച പുത്തൻകാവ് പള്ളിയിൽതന്നെ അദ്ദേഹത്തിന്റെ ആഗ്രഹമനുസരിച്ച് കബറടക്കുകയും ചെയ്തു".

മാർത്തോമ്മാ എട്ടാമൻ

എട്ടാം മാർത്തോമ്മായുടെ സ്ഥാനാരോഹണം മുതൽ കബറടക്കം വരെ പല വിവാദങ്ങളുമുണ്ടായിട്ടുണ്ട്. എങ്കിലും മലങ്കരസഭാചരിത്രത്തിലെ നിർണ്ണായകമായ ഒരു രേഖ എട്ടാം മാർത്തോമ്മാ ചമച്ചതായുണ്ട്. പകലോമറ്റം കുടുംബത്തിൽപ്പെട്ടവരായിരുന്നു മാർത്തോമ്മാ മെത്രാൻ എന്നാൽ എട്ടാം മാർത്തോമ്മാ ദത്തു വഴി പകലോമറ്റം കുടുംബാംഗമായ ആളാണ്.

ഏഴാം മാർത്തോമ്മാ യുടെ നിര്യാണത്തെതുടർന്ന് എട്ടാം മാർത്തോമ്മാ സ്ഥാനമേറ്റു അദ്ദേഹത്തിന്റെ കുടുംബ -സ്ഥാന സാധുതകളെക്കുറിച്ചു തർക്കമുണ്ടായി. അദ്ദേഹത്തെ എതിർത്തുനിന്ന "നേതാക്കന്മാരുടെ കൂട്ടത്തിൽ വലിയ മാർ ദീവന്നാസിയോസ് റമ്പാൻ സ്ഥാനം കൊടുത്ത് കൂടെതാമസിപ്പിച്ചിരുന്ന കായംകുളം ഫിലിപ്പോസ് റമ്പാനും, കുന്നംകുളങ്ങര പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനും പ്രധാനന്മാരായിരുന്നു"

ഏഴാം മാർത്തോമ്മാ യുടെ നാല്പതാംദിവസം അടിയന്തിരത്തിന് കണ്ടനാട് എത്തിച്ചേരാൻ ആവശ്യപ്പെട്ട് എട്ടാം മാർത്തോമ്മാ പള്ളികൾക്ക് കല്പന അയച്ചു. അടിയന്തിരത്തിനു സംബന്ധിക്കുവാൻ വന്ന ആളുകൾ 985 ചിങ്ങം ഒന്നാം തീയതി മാർത്തോമ്മാ എട്ടാമന്റെ അദ്ധ്യക്ഷതയിൽ കൂടി തുടർനടപടികൾ സംബന്ധിച്ച് കണ്ടനാട് പടിയോല എന്നറിയപ്പെടുന്ന ഒരു പടിയോല എഴുതി. ആ യോഗം മെത്രാന്റെ സ്ഥാനാരോഹണം സംബന്ധിച്ചുണ്ടായ അഭിപ്രായവ്യത്യാസങ്ങൾ പറഞ്ഞൊതുക്കി യോജിച്ചു മുന്നോട്ടുപോകുന്നതിനായി കായംകുളം ഫിലിപ്പോസ് റമ്പാനെയും കുന്നംകുളം ഇട്ടൂപ്പ് കത്തനാരെ റമ്പാനാക്കി അദ്ദേഹത്തെയും മെത്രാന്റെ കാര്യവിചാരക്കാരായി നിയമിക്കുകയും മെത്രാനെ മോതിരം ഇടുവിച്ച് ഔപചാരികമായി സ്വീകരിക്കുകയും ചെയ്തു. വൈദികസ്ഥാനാർത്ഥികളെ സുറിയാനിയും മറ്റും പഠിപ്പിക്കുന്നതിനും അഭ്യസനം നൽകുന്നതിനും തെക്കും വടക്കും ഓരോ പഠിത്ത വീടുകൾ ഉണ്ടാക്കണമെന്നും, വിവരമുള്ള വൈദികരെ അവിടെ മല്പാന്മാരായി നിയമിക്കണമെന്നും മല്പാന്മാരെയും വിദ്യാർത്ഥികളുടെയും ചിലവ് പള്ളികളിൽനിന്നും വരിപ്പണം പിരിച്ചു നടത്തണമെന്നും ഉള്ള അതിപ്രധാനമായ ഒരു നിശ്ചയവും കണ്ടനാട്ട് ചേർന്ന യോഗം ചെയ്തു. മലങ്കര സഭയുടെ സർവ്വതോന്മുഖമായ പുരോഗതി ലക്ഷ്യമാക്കിയുള്ള ഈ തീരുമാനങ്ങൾക്ക് ചുക്കാൻപിടിച്ച ആളാണ് മാർത്തോമ്മാ എട്ടാമൻ. എട്ടാം മാർത്തോമ്മാ ഉപദേഷ്ടാക്കളുമായി യോജിച്ച് ഒന്നരവർഷം കാര്യങ്ങൾ നടത്തി. അതിനിടെ അവർതമ്മിൽ തെറ്റിപ്പിരിഞ്ഞു. ആ ഭിന്നത സഭ മുഴുവനും ബാധിച്ചു. ഇരുപക്ഷവും പരസ്പരം പോരാടി; വാദപ്രതിവാദങ്ങൾ നടത്തി. മാർത്തോമ്മാ എട്ടാമനും പുലിക്കോട്ടിൽ ഇട്ടൂപ്പു റമ്പാനുമായിരുന്നു ഇരുവിഭാഗത്തിന്റെയും പ്രധാന നേതൃത്വം. പരാതിയുമായി ഇരുകൂട്ടരും ബ്രിട്ടീഷ് റസിഡന്റായിരുന്ന കേണൽ മക്കാളെയെ സമീപിച്ചു.

മെത്രാനുമായി എതിർത്തുനിന്ന റമ്പാന്മാർക്കു പിൻബലം നൽകിയ കുന്നംകുളം, കണ്ടനാട്, മുളന്തുരുത്തി, കരിങ്ങാശ്ര തുടങ്ങിയ പ്രദേശങ്ങളിലെ നസ്രാണികൾ റസിഡന്റിനെ സമീപിച്ചു മെത്രാന്റെ ഭരണത്തിലും നടപടികളിലും ഉള്ള വൈകല്യങ്ങൾ എടുത്തുകാട്ടി

വൈദേശിക ആധിപത്യത്തിനെതിരെ ശക്തമായ നിലപാടുകൾ എടുത്ത് മലങ്കരസഭയുടെ സ്വാതന്ത്ര്യം സംരക്ഷിക്കാൻ വേണ്ടി ജീവിതാവസാനം വരെ പോരാടിയ രണ്ട് പിതാക്കന്മാരാണ് മാർത്തോമ്മാ ആറാമനും മാർത്തോമ്മാ എട്ടാമനും.

പുത്തൻകാവ് പള്ളിയുടെ
വിശുദ്ധ മദ്ബഹായുടെ
തെക്കു വശത്ത് സ്ഥിതി ചെയ്യുന്ന
8-ാം മർത്തോമ്മായുടെ കബറിടം

പരാതി സമർപ്പിച്ചു. ഭരണാധിപനായ മെത്രാന്റെ ആജ്ഞ അവഗണിച്ചു പ്രവർത്തിക്കുന്നു എന്ന് റമ്പാന്മാരുടെ പേരിൽ മറുപക്ഷവും പരാതിപ്പെട്ടു. നേതൃസ്ഥാനം ഇട്ടൂപ്പു റമ്പാനായിരുന്നതുകൊണ്ട് അദ്ദേഹത്തെപ്പറ്റിയാണ് പരാതിയിൽ പ്രത്യേകം എടുത്തു പറഞ്ഞിരുന്നത്. കേണൽ മക്കാളെ മാറിപ്പോകുന്നതുവരെ അദ്ദേഹം ഇക്കാര്യത്തിൽ നടപടി നടത്തിയില്ല. പകരം വന്ന കേണൽ മൺട്രൊ നസ്രാണികളുടെ ജാതിമര്യാദ അനുസരിച്ച് കാര്യങ്ങൾ നടത്തുന്നതിനു വേണ്ടത് ചെയ്യണമെന്ന് ഇരു ഭാഗക്കാരോടും ആവശ്യപ്പെട്ടു. പലയിടങ്ങളിലും വാദപ്രതിവാദങ്ങളും ഹർജിവിചാരണകളും ഉണ്ടായെങ്കിലും തീരുമാനമായില്ല. പ്രശ്നം മദ്രാസ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അവർ മലങ്കരസഭയുടെ ചരിത്രം, ഭരണം, നടപടികൾ, ത്രാണനം (രക്ഷിക്കൽ) മുതലായവയെ സംബന്ധിച്ച് പതിനേഴ് ചോദ്യങ്ങൾ മെത്രാന്റെ പേർക്കെഴുതി ഉത്തരം ആവശ്യപ്പെട്ടു. ഈ ചോദ്യങ്ങൾക്ക് മാർത്തോമ്മാ എട്ടാമൻ നൽകിയ മറുപടിയാണ് മലങ്കരസഭയെ സംബന്ധിച്ചുള്ള ഒരു പ്രധാന രേഖ. ഇ.എം. ഫീലിപ്പോസ് എഴുതിയ മാർത്തോമ്മാശ്ലീഹായുടെ ഇന്ത്യൻസഭ എന്ന പുസ്തകത്തിൽ ഇത് സംബന്ധിച്ച് വിശദമായി രേഖപ്പെടുത്തിയിട്ടുള്ളത് അല്പം ഉദ്ധരിക്കാം. ഒടുവിലത്തെ ചോദ്യം പകലോമറ്റം തറവാടിന്റെ പുരാതനത്വത്തെപ്പറ്റിയായിരുന്നു. അതിനു മറുപടിയായി "ക്രിസ്താബ്ദം 345 മുതൽ 1308 സംവത്സരങ്ങളോളം സുറിയാനിസഭയെ ഭരിച്ചിട്ടുള്ള അർക്കദിയാക്കോന്മാരെല്ലാം ആ കുടുംബത്തിലെ അംഗങ്ങളായിരുന്നു വെന്നും പോർട്ടുഗീസുകാരുടെ കാലത്തിനുശേഷം പ്രസ്തുത കുടുംബത്തിൽ എഴുത്തുകാരനെക്കൂടാതെ ആറു മെത്രാന്മാരും ഒരു മെത്രാപ്പോലീത്തായും (മാർ ദീവന്നാസിയോസ്) ഉണ്ടായിരുന്നുവെന്നും എഴുതിയിരിക്കുന്നു".

ഈ മറുപടിക്കത്ത് മലങ്കരസഭയെ സംബന്ധിച്ചും, കേരളത്തിൽ മലങ്കരസഭയുടെ അന്നത്തെ നിലയെ സംബന്ധിച്ചും അറിവുകൾ പ്രദാനം ചെയ്യുന്നതാണത്. 345 മുതൽ കേന്ദ്രീകൃതമായ ഒരു ഭരണസംവിധാനത്തിലായിരുന്നു മലങ്കരസഭയെന്ന മാർത്തോമ്മാ എട്ടാമന്റെ പ്രസ്താവന മലങ്കരസഭയിലെ പൗരോഹിത്യ അധികാരസ്ഥാപനത്തിന്റെ ചരിത്രപരമായ വളർച്ച വെളിവാക്കുന്നതാണ്. അതേപോലെ റോമ്മാസാമ്രാജ്യത്തിലെ സഭകളിൽ കേന്ദ്രീകൃതമായ ഒരു ഭരണക്രമം ഉരുത്തിരിഞ്ഞുവന്ന നാലാം നൂറ്റാണ്ടിൽതന്നെ മലങ്കരയിലും അർക്കദിയാക്കോൻ കേന്ദ്രീകൃതമായ ഒരു ഭരണം ഉണ്ടായിവന്നുവെന്ന മാർത്തോമ്മാ എട്ടാമന്റെ പ്രസ്താവന മലങ്കരസഭയുടെ സ്വാതന്ത്ര്യം വെളിപ്പെടുത്തുന്നതാണ്. ജോസഫ് റമ്പാന്റെ അനുകൂലി ആയിരുന്ന തോഴിയൂരെ മാർ പീലക്സിനോസ് 1813-ൽ തൃശൂർ വെച്ച് കേണൽ മൺട്രോയെ സന്ദർശിച്ചതോടുകൂടി എട്ടാം മാർത്തോമ്മായും റമ്പാനും തമ്മിലുള്ള അഭിപ്രായഭിന്നത അതിന്റെ മൂർദ്ധന്യാവസ്ഥയെ പ്രാപിച്ചു. എല്ലാ പള്ളികളുടെയും പ്രതി പുരുഷന്മാർ കൊല്ലത്തുവന്ന് തന്നെ കാണണമെന്ന് റസിഡന്റ് ഒരു നോട്ടീസ് അയക്കുകയും മെത്രാന്റെ അധികാരപത്രങ്ങളും സ്വത്തുക്കളും കൈവശപ്പെടുത്തുന്നതിന് ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കുകയും ചെയ്തു. ഒരു നാമമാത്ര അന്വേഷണാനന്തരം മാർത്തോമ്മാ എട്ടാമന്റെ സ്ഥാനം വ്യർത്ഥമാണെന്ന് റസിഡന്റ് വിധിക്കുകയും അന്ത്യോഖ്യയിൽനിന്ന് ശരിയായ കൈവെപ്പ് ലഭിക്കുന്നതുവരെ മെത്രാൻ സ്ഥാനോചിത ഭരണം നടത്താൻ പാടില്ലെന്ന് വിരോധിക്കുകയും ഖജനാവിൽനിന്ന് വരേണ്ടിയിരുന്ന പലിശ കൊടുക്കുകയില്ലായെന്ന് അറിയിക്കുകയും ചെയ്തു. എട്ടാം മാർത്തോമ്മാ തന്റെ പിൻഗാമിയായി ഒൻപതാം മാർത്തോമ്മായെ വാഴിച്ചശേഷം 1816 മീനം 12-ാം തീയതി തന്റെ ക്ലേശഭൂയിഷ്ഠമായിരുന്ന ഐഹികവാസം തൃജിച്ചു. നിരണ ത്തുവെച്ചു കാലംചെയ്ത അദ്ദേഹത്തെ പുത്തൻകാവിൽ അടക്കി.

ഉപസംഹാരം

വൈദേശിക ആധിപത്യത്തിനെതിരെ ശക്തമായ നിലപാടുകൾ എടുത്ത് മലങ്കരസഭയുടെ സ്വാതന്ത്ര്യം സംരക്ഷിക്കാൻ വേണ്ടി ജീവിതാവസാനം വരെ പോരാടിയ രണ്ട് പിതാക്കന്മാരാണ് മാർത്തോമ്മാ ആറാമനും മാർത്തോമ്മാ എട്ടാമനും. മലങ്കര സഭയിൽതന്നെ ഉണ്ടായിരുന്ന കുടുംബവഴക്കുകളും അന്തഃഛിദ്രങ്ങളും ഇവരുടെ ജീവിതങ്ങൾ കൂടുതൽ ക്ലേശഭൂയിഷ്ഠമാക്കി. എങ്കിലും സഭയുടെ മൊത്തത്തിലുള്ള സ്വാതന്ത്ര്യവും പുരോഗതിയും മാത്രമായിരുന്നു ഈ പിതാക്കന്മാരുടെ ലക്ഷ്യം. അവരെ അറിഞ്ഞ് ആദരിക്കുവാൻ മലങ്കരസഭയ്ക്ക് സാധിക്കണം.

മലങ്കരസഭയുടെ
പരിശുദ്ധ കാതോലിക്കായ്ക്ക് മാത്രം
ഇരിക്കാൻ അധികാരമുള്ള
പതിറ്റാണ്ടുകൾ പഴക്കമുള്ള
പുത്തൻകാവ് കത്തീഡ്രലിലെ
സിംഹാസന കസേര

മാർ അന്ത്രയോസ് ബാവ
പുത്തൻകാവിന്റെ കാവൽ പിതാവ്

കെ.കെ. ഏബ്രഹാം
പാങ്കാവിൽ

323 വർഷങ്ങളായി പുത്തൻകാവ് ദേശം ആചരിക്കുന്ന പെരുന്നാളാണ് വിശുദ്ധ അന്ത്രയോസ് ബാവായുടെ ശ്രാദ്ധപ്പെരുന്നാൾ ആയിരങ്ങൾ പങ്കെടുക്കുന്ന വെച്ചൂട്ടും രണ്ടു ദിവസങ്ങളായി നടക്കുന്ന "റാസ"യും ഈ നാടിനെ വിശുദ്ധ അന്ത്രയോസ് ബാവായുടെ സ്മരണകളാൽ നിറയ്ക്കുന്നു. റാസയ്ക്ക് മുത്തുക്കുട, കൊടി, കുരിശ് എന്നിവ എടുക്കുന്നത് ഭക്തജനങ്ങളുടെ നേർച്ചയാണ്. ജാതിമതഭേദമില്ലാതെ വെച്ചൂട്ടിന് പങ്കെടുക്കുയും നേർച്ചകാഴ്ചകൾ അർപ്പിക്കുകയും ചെയ്യുന്ന ആയിരങ്ങൾ വിശുദ്ധ അന്ത്രയോസ് ബാവായുടെ അനുഗ്രഹങ്ങൾ സാക്ഷിക്കുന്നവരാണ്. മശിഹാകാലം 1678-ൽ മാർ അന്ത്രയോസ് പാത്രിയർക്കീസ് കേരളത്തിൽ വന്നു എന്ന് "നിരണം ഗ്രന്ഥവരിയിലും, മലങ്കര നസ്രാണികൾ വാല്യം-3ൽ അന്ത്രയോസ് പാത്രിയർക്കീസ് എന്ന ഒരാൾ 1678-ൽ കേരളത്തിൽ വന്നു എന്നും രേഖപ്പെടുത്തിയിരിക്കുന്നു. മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽ അദ്ദേഹം താമസിച്ചിരുന്ന കാലത്ത് അവിടെ വി. കുർബ്ബാനയ്ക്ക് അദ്ദേഹം ഉപയോഗിച്ചിരുന്ന കാസായും, പീലാസായും ഇന്നും അവിടെ സൂക്ഷിക്കുന്നുണ്ട്. വലുപ്പത്തിൽ ചെറുതായതിനാൽ ഇതിനെ ശീമക്കാസാ എന്നാണ് അറിയപ്പെടുന്നത്. അത് പരിശുദ്ധ അന്ത്രയോസ് ബാവായുടെ ഓർമ്മപ്പെരുന്നാളായ കുംഭം 19-ന് വി. കുർബ്ബാനയ്ക്ക് ഇന്നും ഉപയോഗിക്കുന്നു.

ഇദ്ദേഹം മാർത്തോമ്മാ ശ്ലീഹായുടെ ഒരു ഉത്തമ ഭക്തനായിരുന്നു. വാർദ്ധക്യകാലത്ത് സിറിയായിൽ നിന്നും തോമ്മാശ്ലീഹായുടെ പ്രേഷിതസ്ഥലമായ കേരളത്തിൽ വളരെ ക്ലേശങ്ങൾ സഹിച്ച് പ്രേഷിതവേലയ്ക്ക് എത്തിച്ചേർന്നതിനാൽ അദ്ദേഹം ഒരു മാർത്തോമ്മാ ഭക്തനാണെന്ന് അനുമാനിക്കാം. കൂടാതെ മുളന്തുരുത്തി പള്ളിയിൽ അദ്ദേഹത്തിന് പള്ളിയിൽ പ്രവേശിക്കുവാൻ സാധിക്കാതെ വന്നപ്പോൾ വാതിൽക്കൽ നിന്നുകൊണ്ട് "എന്റെ മാർത്തോമ്മാ വാതിൽ തുറ" എന്ന് ഉച്ചത്തിൽ മുട്ടി മൂന്നു തവണ വിളിച്ചപ്പോൾ വാതിൽ താനെ തുറന്നതിൽ നിന്നും അദ്ദേഹം ഒരു മാർത്തോമ്മ ഭക്തനാണെന്നു നിസ്സംശയം പറയാവുന്നതാണ്. സിറിയായിൽ നിന്നും വരുന്നവരെ ഏതുവിധേനയും കൊല്ലണമെന്നായിരുന്നു പോർട്ടുഗീസുകാരുടെ ലക്ഷ്യം. 1678-ൽ മാർ അന്ത്രയോസ് ബാവാ കേരളത്തിൽ വന്നത്. അതിനാൽ അദ്ദേഹവും വേഷംമാറിയാണ് ഇവിടെ സഞ്ചരിച്ചിരുന്നത്. മാർ അന്ത്രയോസ് ബാവാ സിറിയാക്കാരനാണെന്ന് ചരിത്രക്കുറുപ്പുകളിൽ കാണുന്നു. അദ്ദേഹം കൊച്ചി, മുളന്തുരുത്തി, കുറവിലങ്ങാട്, മണർകാട് എന്നീ പള്ളികൾ സന്ദർശച്ചതിനു ശേഷം പുത്തൻകാവിലെത്തി. അന്ന് പുത്തൻകാവിൽ പള്ളി ഇല്ലായിരുന്നു. പുത്തൻകാവ് പള്ളി 1793-ൽ ആറാം മാർത്തോമ്മയാണ് പണിയിച്ചത്. പുത്തൻകാവിലുള്ള സുറിയാനിക്കാർ അന്ന് ചെങ്ങന്നൂർ പള്ളിയിൽ ചേർന്നു നടന്നിരുന്നു. എന്നിരുന്നാലും ധാരാളം

സുറിയാനിക്കാർ ഇവിടെ തിങ്ങിപ്പാർത്തിരുന്നു. പഴയകാലത്ത് പുത്തൻ കാവ് ഒരു വാണിജ്യകേന്ദ്രമായിരുന്നു. വിദേശത്തുനിന്നും കപ്പൽമാർഗ്ഗം കേരളത്തിലേക്ക് വന്നുചേർന്ന സാധനങ്ങൾ ആലപ്പുഴ തുറമുഖത്താ യിരുന്നു ഇറക്കിയിരുന്നത്. അത് വള്ളംവഴി പമ്പാനദിയിൽക്കൂടി പുത്ത ൻകാവിൽ കൊണ്ടുവന്നാണ് മദ്ധ്യതിരുവിതാംകൂറിന്റെ പല ഭാഗത്തേ ക്കും കൊണ്ടുപോയിരുന്നത്. അതുപോലെ തന്നെ ഇവിടെനിന്നും ശേഖ രിക്കുന്ന സാധനങ്ങളായ കുരുമുളക്, ഏലം, തേയില, കറുവാപ്പട്ട, കൊപ്രാ മുതലായവ പുത്തൻകാവിൽ കൊണ്ടുവന്ന് വള്ളംവഴി ആല പ്പുഴയിൽ കൊണ്ടുപോയി കപ്പൽമാർഗ്ഗം വിദേശരാജ്യങ്ങളിലേക്ക് അയ ച്ചിരുന്നതും ഇവിടെ നിന്നായിരുന്നു. അതിനാൽ പുത്തൻകാവ് ഒരു പ്രധാന വാണിജ്യകേന്ദ്രമായിത്തീർന്നു.

പുത്തൻകാവ് മദ്ധ്യതിരുവിതാംകൂറിലെ പ്രശസ് തി ആർജ്ജിച്ച പ്രദേശമായിരുന്നതിനാലും സുറിയാനിക്കാ രുടെ വലിയ കേന്ദ്രമായിരുന്നതിനാലും അന്ത്രയോസ് ബാവാ പുത്തൻകാവിൽ വന്നു ചേർന്നു. അന്ന് ഇവിടെ പള്ളിയില്ലായിരുന്നതിനാൽ ചില വീടുകളിൽ അദ്ദേഹം താമസിച്ചിരുന്നു. ഇവിടെ പല അത്ഭുത പ്രവർത്തികളും അദ്ദേഹം ചെയ്തിരുന്നു. ഒരു ആത്മീയ പുരുഷൻ എന്ന നിലയിൽ അദ്ദേഹം കഴിഞ്ഞുകൂടി. നിങ്ങൾക്ക് അൽപ്പമെ ങ്കിലും വിശ്വാസമുണ്ടെങ്കിൽ ഈ മലയോട് നീങ്ങുവാൻ പറഞ്ഞാൽ അത് സംഭവിക്കുമെന്ന് മശിഹാതമ്പുരാന്റെ തിരുവചനം അന്ത്രയോസ് ബാവായെ സംബന്ധിച്ച് ഫലവ ത്തായിരുന്നു. അത്രമാത്രം അതിശയ പ്രവർത്തനങ്ങളാണ് അന്ത്രയോസ് ബാവാ ഇവിടെ താമസിക്കുമ്പോഴും അദ്ദേഹം കാലം ചെയ്തതിനുശേഷവും ഇവിടെ സംഭ വിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാൾ എല്ലാ വർഷവും കുംഭമാസം 19-ന് ഈ പള്ളിയിൽ ആചരി ച്ചുവരുന്നു. പുത്തൻകാവിൽ നിന്നും അദ്ദേഹം കല്ലടയ്ക്കു പോകുകയും അവിടെവച്ച് കൊല്ലവർഷം 867 കുംഭം 19 ന് (1692 മാർച്ച് 2 ന്) കാലം ചെയ്യുകയും ചെയ്തു. എല്ലാ വർഷവും കല്ലടപ്പള്ളിയിൽ അദ്ദേഹത്തിന്റെ ശ്രാദ്ധം നട ത്തിപ്പോന്നു. അതിൽ പുത്തൻകാവിൽ നിന്നും ആളുകൾ പങ്കെടുത്തിരുന്നു. പുത്തൻകാവിൽ നിന്നും ആളുകൾ എത്തിയതിനുശേഷം മാത്രമേ പെരുന്നാളിന്റെ പ്രാരംഭ പ്രവർത്തനമായ തളികവെപ്പ് നടത്തിയിരുന്നുള്ളു. (തളിക വെപ്പ് എന്നത് വെറ്റിലയും പാക്കും ഒരു തളികയിൽ വച്ച് സ്വീകരിക്കുക എന്നതാണ്). ഒരുവർഷം പുത്തൻകാവിൽ നിന്നും ആളുകൾ ചെന്നപ്പോഴേക്ക് തളികവെപ്പ് നടന്നി രുന്നു. അതിൽ കുപിതരായ പുത്തൻകാവിൽക്കാർ അദ്ദേ ഹത്തിന്റെ കബറിങ്കൽ നിന്നും ഒരുപിടി മണ്ണ് വാരി തോർത്തിൽക്കെട്ടി കൊണ്ടുപോന്നു. അത് പുത്തൻകാവ് തെരുവിൽ പമ്പാനദിയുടെ തീരത്ത് നിക്ഷേപിച്ച് ഒരു കുരിശും സ്ഥാപിച്ചു. ആ കരിങ്കൽ കുരിശിങ്കൽ വന്ന നേർച്ചകാഴ്ചകളാണ് പുത്തൻകാവ് പള്ളിയുടെ പണിക്കും പള്ളിയുടെ പേരിൽ ധാരാളം വസ്തുക്കൾ വാങ്ങുന്ന തിനും സഹായകമായിട്ടുള്ളത്. അന്നു സ്ഥാപിച്ച കൽക്കു രിശാണ് ഇന്നത്തെ കുരിശുപള്ളിയുടെ ത്രോണോസിന് നടുക്ക് സ്ഥിതിചെയ്യുന്നത്.



വിശുദ്ധ അന്ത്രയോസ് ബാവായുടെ നാമധേയത്തിലുള്ള പുത്തൻകാവിലെ സെന്റ് ആൻഡ്രൂസ് കുരിശുപള്ളി

വിളിച്ചാൽ ഉടൻ വിളികേൾക്കുന്ന ഒരു പരിശുദ്ധനാണ് അന്ത്ര യോസ് ബാവ. പള്ളിയിൽ എല്ലാ കൊല്ലവും പെരുന്നാളിനോടനുബ ന്ധിച്ച് വെച്ചൂട്ട് നടത്താറുണ്ട്. ആ മാസങ്ങളിൽ വെള്ളത്തിന് വളരെ ക്ഷാമമായിരിക്കും. 2004 മാർച്ചിലെ വെച്ചൂട്ടിന് അടുത്തുനിന്നെങ്ങും വെള്ളം കിട്ടാൻ പ്രയാസമായി. എന്നാൽ മരുഭൂമിയിൽ യിസ്രായേൽ ജനത്തിന് മോശ മുഖാന്തിരം പാറയിൽ നിന്നും വെള്ളം ലഭിച്ചതു പോലെ പള്ളിയുടെ പരിസരത്തുള്ള പാറ നിറഞ്ഞ കിണറ്റിൽ നിന്നും 2004 മാർച്ച് മാസം 1-ാം തീയതി ഒരു മണിയോടുകൂടി (വെച്ചൂട്ടിന്റെ തലേദിവസം) ദൈവം അന്ത്രയോസ് ബാവാ മുഖാന്തരം പത്തടിയോളം വെള്ളം ഉയർത്തിത്തന്നു. അതിൽപ്പിന്നെ എല്ലാവർഷവും വറ്റിയിരുന്ന കിണറ്റിൽ വെള്ളം വറ്റിയിട്ടില്ല. മോശ യിസ്രായേൽ ജനത്തെ കരുതി യിരുന്നതുപോലെ പരിശുദ്ധ അന്ത്രയോസ് ബാവാ പുത്തൻ കാവിലെ ജനത്തെയും കരുതുന്നുണ്ട്. അദ്ദേഹം നമ്മുടെ കാവൽ പിതാവാകു ന്നു. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ നമുക്ക് അഭയം പ്രാപിക്കാം.

പുത്തൻകാവ് പള്ളി നാടിന്റെ ഐശ്വര്യം

മലയാള മനോരമ വീക്കിലിയുടെ എഡിറ്ററും കേരള സാഹിത്യ അക്കാഡമി പ്രസിഡന്റുമായിരുന്ന സാഹിത്യ-സാംസ്കാരിക രംഗത്ത് തലയെടുപ്പോടെ നിന്ന ഇടവകാംഗമായ ഡോ. കെ. എം. തരകൻ പുത്തൻകാവ് പള്ളി ദ്വി ശതാബ്ദി ആഘോഷിച്ചപ്പോൾ എഴുതിയ ലേഖനം

ഡോ. കെ. എം. തരകൻ

ആറാം മാർത്തോമ്മയും എട്ടാം മാർത്തോമ്മായും പുത്തൻകാവിൽ മാർ പീലക്സിനോസ് തിരുമേനിയും കബറടങ്ങിയിരിക്കുന്ന പുത്തൻകാവ് പള്ളി നാടിന്റെ എല്ലാ ഐശ്വര്യങ്ങൾക്കും ജനത കടപ്പെട്ടിരിക്കുന്ന ആത്മീയ പ്രകാശമാണ്. പള്ളി സ്ഥാപിക്കുന്നതിന് മുമ്പ് ശീമയിൽ നിന്നും കേരളത്തിലെത്തി ഏതാനും നാളുകൾ പുത്തൻകാവിൽ താമസിച്ച വിശുദ്ധ അന്ത്രയോസ് ബാവ പുത്തൻകാവിലെ ജനങ്ങൾക്ക് എന്നും ആദരണീയനാണ് വിശുദ്ധന്റെ ഓർമ്മപെരുന്നാൾ നൂറ്റാണ്ടുകളായി പുത്തൻകാവിലെ വിശ്വാസികൾ ഭക്തിപൂർവ്വം ആഘോഷിച്ചു വരുന്നു.

ആറാം മാർത്തോമ്മായുടെ ജീവിതകാലം സംഭവബഹുലമായിരുന്നു. ടിപ്പു സുൽത്താൻ മലബാറും കൊച്ചിയും ആക്രമിച്ചത് മലങ്കര സഭയെ അർക്കദിയോക്കന്മാർ ഭരിച്ചിരുന്നകാലത്താണ്. സുൽത്താന്റെ പീഡനം ഭയന്നു മലങ്കര നസ്രാണികൾ വടക്കു നിന്നും ഈ ഘട്ടത്തിൽ തെക്കോട്ടൊഴുകാൻ തുടങ്ങി. അങ്ങനെ തെക്കോട്ടു വന്ന ഒരു പറ്റം പുത്തൻകാവ് തെരുവിൽ വന്നു താമസമുറപ്പിച്ചു. അതിനുശേഷം പുത്തൻകാവ് സുശക്തമായ ഒരു ക്രൈസ്തവ കേന്ദ്രമായിത്തീർന്നു. പമ്പയുടെ തീരത്തുള്ള ഈ കൊച്ചുഗ്രാമം അന്നത്തെ ഒരു കച്ചവട കേന്ദ്രമായി വികസിച്ചു. ആദ്യകാലത്തു പുത്തൻകാവിലെ ക്രിസ്ത്യാനികൾ ചെങ്ങന്നൂർ സുറിയാനിപ്പള്ളിയിൽ ചെന്നാണു ദിവ്യ ശുശ്രൂഷയിൽ സംബന്ധിച്ചിരുന്നത്. ഈ ഘട്ടത്തിൽ കൂനൻ കുരിശു സത്യത്തെ തുടർന്നു പോർട്ടുഗീസ് ബന്ധം വിടർത്തിയ ക്രൈസ്തവ സമൂഹം ഭാവി പരിപാടികളെ പറ്റി ചിന്തിക്കുകയായി . ഒരു കൂട്ടർ പോർട്ടുഗീസ് ബന്ധം ഒഴിവാക്കി സുറിയാനി നിലനിർത്തി റോമൻ കത്തോലിക്കാ സഭയിലേക്കു പോയി. അതേ സമയം മർത്തോമ്മാ ഒന്നാമനും അനുയായികൾക്കും മർത്തോമ്മാ ക്രിസ്ത്യാനികളുടെ സ്വാതന്ത്ര്യം നിലനിർത്തിയേ മതിയാവൂ എന്നു തോന്നി. കത്തോലിക്കാ സഭയിൽ ചേർക്കുന്നതിനു മാത്യുത്തരകൻ ആറാം മാർത്തോമ്മയുടെമേൽ അതികഠിനമായ സമ്മർദ്ദം ചെലുത്തി. ഈ ഘട്ടത്തിലാണ് ശീമയിൽ നിന്നും മാർഗ്രീഗോറിയോസ് ഇവിടെ എത്തിയതും ആറാം മാർത്തോമ്മയെ നിർബന്ധപൂർവ്വം മാർ ദീവന്നാസ്യോസായി അഭിഷേകം ചെയ്തതും. മാർ ദിവാന്നാസ്യോസ് ഒന്നാമൻ നിരണം ആസ്ഥാനമാക്കി സഭാഭരണം സമർത്ഥമായി നടത്തുകയും ചെയ്തു. പുരാതന ക്രൈസ്തവ കേന്ദ്രമായ നിരണത്തെക്കാൾ കൂടുതൽ ഭദ്രവും സുരക്ഷിതവുമാണ് ക്രിസ്ത്യാനികൾ മാത്രം താമസ്സിക്കുന്ന പുത്തൻകാവെന്ന് മാർ ദിവാന്നാസ്യോസ് ഒന്നാമതു അധികം കാലതാമസം കൂടാതെ ബോദ്ധ്യം വന്നു. സ്വന്തമായി ഒരു പള്ളി വേണമെന്ന പുത്തൻകാവുകാരുടെ ആഗ്രഹത്തെ അദ്ദേഹം മാനിക്കുകയും അതിനു വേണ്ട സർവ്വനടപടികളും സ്വീകരിക്കുകയും ചെയ്തു.

മുളന്തുരുത്തി സുന്നഹദോസ് നടക്കുന്നതു വരെ മലങ്കര സഭ മുഴുവൻ മലങ്കര മെത്രാന്റെ നേരിട്ടുള്ള ഭരണത്തിൽ കീഴിലായിരുന്നു. മുളന്തുരുത്തി സുന്നഹദോസ് ഭരണ സൗകര്യത്തിനായി സഭയെ പല ഭദ്രാസനങ്ങളായി തിരിച്ചു. തുമ്പമൺ ഭദ്രാസനാധിപനായി പരിശുദ്ധ പരുമല കൊച്ചുതിരുമേനിയുടെ വാത്സല്യാമൃതം പാനം ചെയ്യാൻ ഭാഗ്യം ലഭിച്ചുവെന്നത് പുത്തൻകാവ് പള്ളിക്കു സിദ്ധിച്ച വലിയ അനുഗ്രഹങ്ങളിലൊന്നാണ് പരുമല കൊച്ചുതിരുമേനിക്കുശേഷം തുമ്പമൺ ഭദ്രാസനത്തിനു ലഭിച്ച ഏറ്റവും പ്രഗത്ഭനായ മെത്രാ പ്പോലീത്ത പുത്തൻകാവിൽ ഗീവർഗ്ഗീസ് മാർ പീലക്സിനോസായിരുന്നു അദ്ദേഹവും കൊച്ചുതിരുമേനിയാണ് അറിയപ്പെട്ടിരുന്നത്. പുത്തൻകാവ് കൊച്ചുതിരുമേനിയുടെ ഭരണകാലത്ത് തുമ്പമൺ ഭദ്രാസനം നാനാരംഗങ്ങളിൽ പുരോഗതി കൈവരിച്ചു. ഈ ഘട്ടത്തിൽ പ്രഗത്ഭ

രായ അനേകം വൈദികരും ട്രസ്റ്റിമാരും പുത്തൻകാവ് വലിയ പള്ളിക്കു ശക്തമായി നേതൃത്വം നൽകിയിട്ടുണ്ട്. പരിശുദ്ധ ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഈ ഇടവക ജനങ്ങളുടെ മേൽ പ്രത്യേക വാത്സല്യം ചൊരിഞ്ഞിട്ടുണ്ട് .

പുത്തൻകാവ് കൊച്ചുതിരുമേനിയുടെ അകാലദേഹവിയോഗത്തിനു ശേഷം കുറേക്കാലം ഔഗേൻ മാർ തിമോത്തിയോസ് തുമ്പമൺ ഭദ്രാസനത്തെ നയിച്ചു. ദാനിയേൽ മാർ പീലക്സിനോസ് തുമ്പമൺ ഭദ്രാസനാധിപനായി ഇരിക്കുമ്പോഴാണ് മലങ്കരയിൽ ഒരു ഭദ്രാസന പുനർവിഭജനം നടന്നത് പുതിയ സംവിധാന പ്രകാരം ചെങ്ങന്നൂർ ഭദ്രാസനം നിലവിൽ വന്നു. ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ ഇന്നത്തെ അധിപനായ തോമസ്സ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ ചെങ്ങന്നൂർ ഭദ്രാസനം ചുരുങ്ങിയ കാലത്തിനുള്ളിൽ അഭിമാനാർഹമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. കോർപറേറ്റു മാനേജ്മെന്റിന്റെ അധിപൻ എന്ന നിലയിലും മറ്റു പല നിലകളിലും തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ അർപ്പിച്ചുകൊണ്ടിരിക്കുന്ന അമൂല്യസേവനങ്ങൾ മലങ്കര സഭയുടെ ഭാവിയെപ്പറ്റിയും ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ ഉയർച്ചയെ സംബന്ധിച്ചും ജനങ്ങളിൽ ശുഭാപ്തി വിശ്വാസവും വളർത്തുന്നു.

> ***പുത്തൻകാവ് ഒരു ചെറിയ ഗ്രാമമാണ് എങ്കിലും നമ്മുടെ കേരളത്തിനു ഒരു ഹൈക്കോടതി ജഡ്ജിയെയും ഒരു മന്ത്രിയെയും, ഒരു എം. എൽ. എ യേയും ഒരു അനുഗ്രഹീതകവിയെയും സാമൂഹിക സാംസ്കാരിക വ്യക്തികളെയും സംഭാവന ചെയ്യുവാൻ ഇതിനു കഴിഞ്ഞിട്ടുണ്ട്. മലങ്കര സഭയിലെ രണ്ടു മഹാപുരോഹിതന്മാരുടെ ജന്മഭൂമിയാണ് പുത്തൻകാവെന്നതും എടുത്തുപറയട്ടെ.***

പുത്തൻകാവ് ഒരു ചെറിയ ഗ്രാമമാണ് എങ്കിലും നമ്മുടെ കേരളത്തിനു ഒരു ഹൈക്കോടതി ജഡ്ജിയെയും ഒരു മന്ത്രിയെയും, ഒരു എം. എൽ. എയേയും ഒരു അനുഗ്രഹീതകവിയെയും സാമൂഹിക സാംസ്കാരിക വ്യക്തികളെയും സംഭാവന ചെയ്യുവാൻ ഇതിനു കഴിഞ്ഞിട്ടുണ്ട്. മലങ്കര സഭയിലെ രണ്ടു മഹാപുരോഹിതന്മാരുടെ ജന്മഭൂമിയാണ് പുത്തൻകാവെന്നതും എടുത്തുപറയട്ടെ.

1958 ഡിസംബർ 26-ാം തീയതി ഓർത്ത ഡോക്സ്-യാക്കോബായ വിഭാഗങ്ങൾ ഒരുമിച്ച് പ്രവർത്തിക്കുവാൻ തീരുമാനിച്ച് പരിശുദ്ധ കാതോലിക്കാ ബാവായും പരിശുദ്ധ പാത്രിയർക്കീസ് ബാവായും സംയുക്തമായി വിളിച്ച മലങ്കര ക്രിസ്ത്യാനി അസോസിയേഷൻ കൂടാനുള്ള വേദിയായി പുത്തൻകാവ് പള്ളിയെ തെരഞ്ഞെടുത്തത്. മലങ്കര സഭയ്ക്ക് പുത്തൻകാവിനോടുള്ള അചഞ്ചലമായ വിശ്വാസമാണ്.

പുരാതനകാലത്ത് ശബരിമല തീർത്ഥാടന കാലഘട്ടം പുത്തൻകാവിന്റെ മതസൗഹാർദ്ദം തെളിയിക്കുന്ന കാലഘട്ടമാണ്. കാൽനടയായി വരുന്ന അയ്യപ്പൻമാർ പുത്തൻകാവിലെ നസ്രാണി വീടുകളുടെ മുറ്റത്താണ് ഭക്ഷണം പാകം ചെയ്ത് രാത്രിയിൽ താമസിക്കുന്നത്. പുത്തൻകാവിലെ വായനശാല കെട്ടിടത്തിലും അയ്യപ്പൻമാർ താമസ്സിക്കും.

പള്ളിയിൽ ചെന്ന് ആരാധന നടത്തുന്നതു വിശ്വാസികളാൽ അവരുടെ പ്രാർത്ഥന വിശ്വാസികൾക്കെന്നപോലെ അത്ര വിശ്വാസമില്ലാത്തവർക്കും വേണ്ടിയുള്ളതാണ്. ഒരു ആരാധനാലയം ഒരു സമൂഹത്തിന്റേതാണ്, പക്ഷേ അതിന്റെ അനുഗ്രഹങ്ങൾ സർവ്വലോകത്തിനും ലഭിക്കുന്ന ദൈവത്തിന്റെ പ്രകാശഗോപുരമാണ്.
അത് പകരുന്ന ദീപ്തി സർവ്വജനത്തിനു വേണ്ടിയുള്ളതാണ്. ദൈവസ്നേഹം ജാതി മത ഭേദമെന്യേ സർവ്വലോകത്തെയും സമാശ്ലേഷിക്കുന്നു. നമ്മുടെ പൂർവ്വീകർ സാമ്പത്തിക പ്രയാസങ്ങളിലൂടെ കടന്നുപോയപ്പോൾ ദേവാലയത്തിൽ കണ്ണുനീരോടെ പ്രാർത്ഥനകൾ അർപ്പിച്ചപ്പോൾ പിൻ തലമുറയിൽ ഉണ്ടായ അനുഗ്രഹ ഐശ്വര്യങ്ങൾ ഇന്ന് നാം കാണുന്നു. അന്തരിച്ച നമ്മുടെ സർവ്വ പൂർവ്വീകരും നമ്മുടെ ആഘോഷങ്ങളിൽ പങ്കാളികളാണ് അവർ ക്രിസ്തുവിൽ പരിശുദ്ധാത്മാവിൽ വിശുദ്ധന്മാരോടുമൊപ്പം മാലാഖമാരോട് ചേർന്ന് ദൈവത്തെ മഹത്വപ്പെടുത്തുന്നു പരിശുദ്ധൻ നീ പരിശുദ്ധൻ നീ എന്ന് നമ്മുടെ ജീവിതം സാർത്ഥമാകുന്നത് ആ സങ്കീർത്തനത്തിൽ നാം സ്വയം ലയിക്കുമ്പോഴാണ്.

മുൻ ഹൈക്കോടതി ജഡ്ജി
കെ.കെ.ചാക്കോ (കിഴക്കേ പുത്തൻവീട്ടിൽ)

1879 ൽ പുത്തൻകാവിൽ ജനിച്ച കെ.കെ.ചാക്കോ ഹൈസ്ക്കൂൾ വിദ്യാഭ്യാസം കോട്ടയത്ത് എം.ഡി.സെമിനാരിയിലും ഇന്റെർമീഡിയറ്റ് സി.എം.എസ് കോളേജിലും പൂർത്തിയാക്കി. മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്നും ബി.എ ബിരുദം നേടി. ഇംഗ്ലണ്ട് മിഡിൽ ടേബിളിൽ നിന്ന് ബാരിസ്റ്റർ പരീക്ഷ പാസ്സായി. തിരുവിതാംകൂർ ഹൈക്കോടതി ജഡ്ജിയായി ദീർഘകാലം സേവനമനുഷ്ഠിച്ചു. പുത്തൻകാവ് മതിലകം മർത്തോമ്മ പള്ളി ഇടവകാംഗമായ കെ.കെ.ചാക്കോ 1962 ജനുവരി 17-ാം നിര്യാതനായി.

മുൻമന്ത്രി. കെ.സി.ജോർജ്ജ്



ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുള്ള കെ.സി. ജോർജ്ജ് 1903 ജനുവരി 15 ന് പുത്തൻകാവിൽ ജനിച്ചു. ലക്നോയിൽ നിന്ന് എം.എ യും നിയമബിരുദവും നേടി. 1957 ലെ ഇ.എം.എസ് മന്ത്രിസഭയിലെ ഭക്ഷ്യവകുപ്പു മന്ത്രിയായി പ്രവർത്തിച്ചു. രാജ്യസഭാംഗമായും പ്രവർത്തിച്ചിട്ട്. "എന്റെ ജീവിതയാത്ര" ആണ് ആത്മകഥ. 1986 ആഗസ്റ്റ് 11-ാം തീയതി അന്തരിച്ചു.

മുൻ എം.എൽ.എ മാമ്മൻ ഐപ്പ്

പുത്തൻകാവ് നാലുഴത്തിൽ മാമ്മൻ ഐപ്പ് 1986 ൽ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ നിന്നും നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

പുത്തൻകാവിന്റെ പരിമളം

ഫാ.ഡോ.മാത്യു കോശി
കിഴക്കേതലയ്ക്കൽ

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം എല്ലാ മത ചിന്തകളുടെയും തത്വശാസ്ത്രങ്ങളുടെയും ചർച്ചാ വിഷയമാണ്. ഒരു സമൂഹത്തെ രൂപപ്പെടുത്തുന്നതിൽ അവർ ജീവിക്കുന്ന സ്ഥലത്തിന്റെ പ്രകൃതിക്കും ആ പ്രകൃതിയെ രൂപപ്പെടുത്തുന്നതിൽ അവിടെ ജീവിക്കുന്ന സമൂഹത്തിനും സ്വാധീനമുണ്ടെന്ന് പറയാം. മനുഷ്യനെ വ്യക്തിഗതമായി കാണുന്നതിലുപരി സമൂഹമായി കാണുവാനാണ് അധികം ചിന്തകൻമാരും ഇഷ്ടപ്പെടുന്നത്. വ്യക്തിപരമായി മനുഷ്യനിലുള്ള പലതും അവന്റേതു മാത്രമാണെന്ന് അവകാശപ്പെടാമെങ്കിലും അവനിലെ ആത്മാംശങ്ങളിൽ ഭൂരിപക്ഷവും ജീവിത സാഹചര്യങ്ങളിൽ നിന്നും പ്രകൃതിയിൽ നിന്നും നേടുന്നതാണ്. അങ്ങനെ നോക്കുമ്പോൾ ഒരു സ്ഥലത്ത് ജീവിക്കുന്ന ഒരു ജനതയുടെ സംസ്ക്കാരത്തിലും സ്വഭാവ ശൈലികളിലും പൊതുവായ ഒരു ഐക്യരൂപം പ്രകടമാണ്. ഓരോ സമൂഹത്തിനും സഹജമായ ചില സ്വഭാവ രീതികൾ തന്നെയുണ്ട് അവ ആ സമൂഹത്തെ വെളിപ്പെടുത്തുന്നു. അതേ സമയം കാലഘട്ടങ്ങൾക്കനുസരിച്ച് അവ വ്യത്യാസപ്പെട്ടിരിക്കുന്നു. ചില സ്ഥലത്തു നിവസിക്കുന്ന ആളുകൾ ആ സ്ഥലത്തിന്റെ ഭൂമി ശാസ്ത്രപരമായ സാഹചര്യങ്ങൾ മൂലം ധീരന്മാരും നിർഭയത്വമുള്ളവരുമായിത്തീരുന്നു.

പുരാതനവും ചരിത്ര പ്രധാനവുമായ പുത്തൻകാവ് എന്ന ഗ്രാമത്തെക്കുറിച്ചും മേൽ സൂചിപ്പിച്ച തത്ത്വം തികച്ചും പ്രസക്തമാണ്. ഭാരതത്തിന്റെ സാംസ്കാരികവും, മതപരവും,രാഷ്ട്രീയവുമായ വേദികളിൽ നിർണ്ണായകമായ മുഖ മുദ്ര നല്കിയ നാട്, കേരളത്തിലെ നസ്രാണിത്തെരുവുകളുടെ കൂട്ടത്തിൽ പ്രസിദ്ധമായ ഒരു തെരുവ്, ഭാരത ക്രൈസ്തവ സഭയ്ക്കു തന്നെ അഭിമാനിക്കത്തക്ക ചരിത്ര പ്രധാനമായ ദേവാലയം സ്ഥിതി ചെയ്യുന്ന നാട് ഇങ്ങനെ പോകുന്നു പുത്തൻകാവിന്റെ മഹിമകൾ. പുരാതന കാലത്ത് ഇതൊരു പ്രസിദ്ധ വ്യാപാര കേന്ദ്രമായിരുന്നു എന്ന് ചരിത്ര രേഖകൾ വ്യക്തമാക്കുന്നു. ഈ നാട് കേരളത്തിലെവിടെയും അറിയപ്പെടുന്നു. ഈ നാട്ടുകാരുടെ പൊതുവായ സവിശേഷതകളെപ്പറ്റിയും ഏവർക്കും അറിയാം. ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ മൂലമാവാം പുത്തൻകാവിലെ ജനങ്ങൾ ഈശ്വര വിശ്വാസികളും കലാസ്നേഹികളും വിദ്യാപ്രേമികളുമായിത്തീർന്നത്. എങ്ങും ഉത്സാഹം വിതറികൊണ്ട് അനർഗ്ഗളമായി ഒഴുകുന്ന പമ്പയാവണം പുത്തൻകാവിലെ ജനങ്ങളിൽ കലാഭിരുചി വളർത്തിയത്. പലപ്പോഴും ഒരു മുന്നറിയിപ്പുമില്ലാതെ പെരുകുന്ന പുഴ ജനങ്ങളിൽ ഈശ്വര വിശ്വാസവും വളർത്തി. വിശ്വാസികളായ നസ്രാണികൾ പുത്തൻകാവിൽ വന്ന അന്ത്രയോസ് ബാവായെ ഭക്തിപൂർവ്വം സ്വീകരിച്ചു. അചിരേണ പുത്തൻകാവിൽ ഒരു പള്ളിയുമുണ്ടാക്കി.

ഏതൊരു സ്ഥലത്തേയും ദേവാലയങ്ങളിലേയും ക്ഷേത്രങ്ങളിലേയും ആരാധനകളും പെരുന്നാളുകളും ഉത്സവങ്ങളും അവിടുത്തെ ആത്മീയാചാര്യന്മാരുടെ ഉപദേശങ്ങളും അവിടെയുള്ള സമൂഹത്തെ ഗണ്യമായി സ്വാധീനിക്കുന്നുണ്ട്. പുത്തൻകാവിനെ സംബന്ധിച്ചിടത്തോളം യഹൂദന്മാർക്ക് യെരുശേലം ദേവാലയം പോലെ പവിത്രമാണ് പുത്തൻകാവ് വലിയ പള്ളി. സ്വാഭാവികമായും ദേവാലയത്തെ കേന്ദ്രമാക്കി ഒരു നൂതന സംസ്കാരം ഇവിടെ വളർന്നു വന്നു. പുരാതന കാലത്തുതന്നെ കേരളത്തിലെ പ്രമുഖ ക്രൈസ്തവ കേന്ദ്രമായിരുന്നു പുത്തൻകാവ്. കുന്നംകുളം, കുറവിലങ്ങാട്, നിലയ്ക്കൽ, കടമ്പനാട് തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും നസ്രാണികൾ ഇവിടെ കുടിയേറി പാർത്തു എന്നാണ് വിശ്വാസം. അങ്ങനെ ഒരേ മത വിശ്വാസവും ജീവിത ശൈലിയും അനുവർത്തിക്കുന്ന ഒരു സമൂഹം ഇവിടെ വളർന്നു വന്നു. ഇതുകൊണ്ടാവാം ശീമയിൽനിന്നും വന്ന അന്ത്രയോസ് ബാവ കേരളത്തിലെത്തിയപ്പോൾ പുത്തൻകാവിൽ വന്നു താമസിക്കുവാനിടയായത്.

പിൽക്കാലത്ത് കേരള ക്രൈസ്തവരുടെ അനിഷേധ്യ നേതാവും മഹാപ്രഭാവശാലിയുമായ ആറാം മാർത്തോമ്മ (വലിയ മാർ ദിവാന്നാസ്യോസ്) പുത്തൻകാവിലെത്തി ഇവിടെ താമസിച്ച് ഇന്നു കാണുന്ന അതിമനോഹരമായ ദേവാലയം പണികഴിപ്പിച്ചു. അതിനുശേഷവും സഭയുടെ സാരഥികളായ പല ആത്മീയ പിതാക്കൻമാരും സുരക്ഷിതമായി ജീവിക്കുന്നതിനും സഭയ്ക്ക് അജപാലനം ചെയ്യുന്നതിനും ഇവിടം തിരഞ്ഞെടുത്തതായി കാണാം. ഇതിന്റെ ഫലമായി അതിനുശേഷവും വിശിഷ്ടമായ ഒരു ആദ്ധ്യാത്മിക പാരമ്പര്യം ഈ നാട്ടിലുയർന്നു വന്നു.

അതിന്റെ സ്വാധീന ശക്തിയിൽപ്പെട്ട് ഈ മണ്ണിൽ നിന്നു തന്നെ അതിപ്രഗൽഭരായ ആത്മീയാചാര്യന്മാർ ഉദയം ചെയ്തു. കാലം ചെയ്ത ഗീവർഗീസ് മാർ പീലക്സിനോസ് ഈ രംഗത്ത് ഭാഗ്യസ്മരണാർഹനാണ്. കൂടാതെ നിരവധി പ്രഗൽഭ വൈദീകരും ആത്മീയ നേതാക്കളും ഈ നാട്ടിൽ നിന്നുമുണ്ടായി. പ്രശസ്ത സംഘാടകനും വിദ്യാഭ്യാസ പ്രവർത്തകനുമായ തോമസ് മാർ അത്താനിയോസ് മെത്രാപ്പോലീത്ത ഈ കാലഘട്ടത്തിലെ നാടിന്റെ അഭിമാന സ്തംഭമാണ്.

സാംസ്കാരിക സാഹിത്യ മണ്ഡലങ്ങളിലേക്കു കടന്നു ചെന്നാൽ ഈ

നാട്ടിൽ ജനിച്ച അനേകം മഹാനേതാക്കളെ നമുക്കു കണ്ടെത്താം പുത്തൻകാവിന്റെ സവിശേഷതകൾ തങ്ങളുടെ വളർച്ചയ്ക്ക് മുഖ്യകാരണമായിത്തീർന്നിട്ടുണ്ടെന്ന് അവർ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇവരെ ഏറ്റവും കൂടുതൽ സ്വാധീനിച്ചത് പമ്പാ നദി തന്നെയാണ് കേരളത്തിലെ പൗരാണികവും സുപ്രധാനങ്ങളുമായ ആദ്ധ്യാത്മിക കേന്ദ്രങ്ങൾ പലതും പമ്പാതീരത്താണ് സ്ഥിതിചെയ്യുന്നത്. ശബരിമലയും പരുമലയും ചെറുകോൽപ്പുഴയും മാരാമണ്ണും എല്ലാം പമ്പാതീരത്താണ്. ആദ്ധ്യാത്മീക കേന്ദ്രങ്ങളെപ്പോലെ പമ്പയുടെ തീരപ്രദേശങ്ങളിലാണ് കേരളത്തിലെ പല കവികളും സാഹിത്യകാരന്മാരും ജന്മം കൊണ്ടത്.

ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ സമൂഹത്തിന്റെ ജീവിതധാരയിൽ ഏറെ സ്വാധീനം ചെലുത്തുന്നുണ്ടെന്നുള്ളതിനാണ് നിരവധി ഉദാഹരണങ്ങൾ കാണാം. പഞ്ചാബികൾ പൊതുവേ ധീരന്മാരും നിർഭയത്വമുള്ളവരുമായി അറിയപ്പെടുന്നു. ഇതിനു കാരണം അവരുടെ ജീവിത സാഹചര്യങ്ങളാണെന്നുള്ളത് സുവ്യക്തമാണ്. പമ്പാ നദിയിൽ കേൾവികേട്ട അപകടസ്ഥാനമാണ് പുത്തൻകാവിലെ അത്തിമൂട് ഇവിടെയുള്ള നീന്തലും മുങ്ങലും ഒക്കെ ഈ നാട്ടുകാരെ ശക്തരും ആത്മവീര്യമുള്ളവരുമാക്കി മാറ്റിയിട്ടുണ്ട്. ഒരു പക്ഷേ ഇതാവാം കേരളത്തിന്റെ രാഷ്ട്രീയവും കായികവുമായ വേദികളിലേയ്ക്ക് ധീര നേതാക്കളെ ഇവിടെ നിന്നും സൃഷ്ടിക്കുവാൻ കാരണം. സ്വാതന്ത്ര്യസമര പ്രക്ഷോഭണങ്ങളിൽ പുത്തൻകാവിൽ നിന്നും നിരവധി വ്യക്തികൾ മുന്നിട്ടിറങ്ങുകയും ജയിൽ വാസം അനുഭവിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ കേരളത്തിന്റെ കായിക ലോകത്തിനും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പുത്തൻകാവിനു കഴിഞ്ഞിട്ടുണ്ട്. ഈ നാട്ടുകാരിൽ പലരും അറിയപ്പെടുന്ന കായിക താരങ്ങളായിരുന്നു. ചുരുക്കത്തിൽ ജീവിതത്തിന്റെ നാനാ മുഖങ്ങളിലും പ്രശോഭിക്കുവാൻ ഈ നാട്ടുകാർക്കു കഴിഞ്ഞു. വലിയ കലാകാരന്മാരും സംഗീതവിദഗ്ദ്ധരും ഉണ്ടായിരുന്നു. ദേവാലയത്തിലെ പ്രാർത്ഥനാ മന്ത്രങ്ങളും പമ്പാ നദിയുടെ ശാന്തമാർന്ന മധുര സംഗീതവും , വള്ളപ്പാട്ടുകളുടെ താളലയങ്ങളും കേട്ടുണരുന്ന കൊച്ചു ഗ്രാമം. ശ്രേഷ്ഠരായ അനേകം മഹാത്മാക്കൾ ഈ മണ്ണിൽ ജനിച്ച് ഈ സമൂഹത്തിൽ കൂടി വളർന്നിട്ടുണ്ട്. തലമുറകളിൽകൂടി കൈമാറിവന്ന സാംസ്കാരിക മഹിമയും ആത്മീയ ബോധവും കലാവൈഭവും നമുക്കു സ്വന്തമായുണ്ട് . പ്രകൃതി കനിഞ്ഞരുളിയ ധീരതയും മനഃശക്തിയും സൗന്ദര്യബോധവും നമുക്കു പൈതൃകമാണ്. പക്ഷേ ഭൂതകാലത്തിന്റെ സമ്പന്നതകളെക്കുറിച്ച് വീമ്പടിച്ചിരിക്കുവാനല്ല, ഇന്നലകൾ നമുക്ക് സമ്മാനിച്ചവയെ പ്രദീപ്തമാക്കി ഭാവിയുടെ നൂതന സ്വപ്നങ്ങൾ നാം നെയ്ത് എടുക്കണം. നാടിന്റെ യശസ്സും ശ്രേഷ്ഠതയും നില നിർത്തുവാൻ നാം പ്രതിജ്ഞാബന്ധരാണ്. ഭാരതത്തിന്റെ വൈവിധ്യമാർന്ന മണ്ഡലങ്ങളിലേക്ക് ഇനിയും കൂടുതൽ ശ്രേഷ്ഠ വ്യക്തികൾ ഈ നാട്ടിൽ നിന്നുണ്ടാകണം. പ്രകൃതിദത്തമായും ഈശ്വരകടാക്ഷത്താലും നമുക്കു ലഭ്യമായ വിഭവശേഷി നാം സമ്പുഷ്ടമാക്കണം. നമ്മുടെ സ്വപ്നം നാളകളുടെ സുന്ദര പ്രഭാതമായിരിക്കട്ടെ.

പിൽക്കാലത്ത് കേരള ക്രൈസ്തവരുടെ അനിഷേധ്യ നേതാവും മഹാപ്രഭാവശാലിയുമായ ആറാം മാർത്തോമ്മ (വലിയ മാർ ദിവാന്നാസ്യോസ്) പുത്തൻകാവിലെത്തി ഇവിടെ താമസിച്ച് ഇന്നു കാണുന്ന അതിമനോഹരമായ ദേവാലയം പണികഴിപ്പിച്ചു. അതിനുശേഷവും സഭയുടെ സാരഥികളായ പല ആത്മീയ പിതാക്കൻമാരും സുരക്ഷിതമായി ജീവിക്കുന്നതിനും സഭയ്ക്ക് അജപാലനം ചെയ്യുന്നതിനും ഇവിടം തിരഞ്ഞെടുത്തതായി കാണാം.

പുത്തൻകാവ് ഇടവകയിൽ നിന്നുള്ള വൈദീക വിദ്യാർത്ഥികൾ

നിഖിൽ അലക്സ് തരകൻ
(കോട്ടയം പഴയസെമിനാരിയിൽ
4-ാം വർഷ വൈദികവിദ്യാർത്ഥി)
അവിരാതരകൻ പീടികയിൽ പുത്തൻകാവ്

അലിൻ ജോസഫ് അലക്സ്
(നാഗപ്പൂർ തിയോളജിക്കൽ സെമിനാരിയിൽ
3-ാം വർഷ വൈദികവിദ്യാർത്ഥി)
തോട്ടുംകര ഹൗസ്, പുത്തൻകാവ്

ജിബു ജോർജ്ജ്
(നാഗപ്പൂർ തിയോളജിക്കൽ സെമിനാരിയിൽ
1-ാം വർഷ വൈദികവിദ്യാർത്ഥി)
അയന്തികരോട്ട്, പിരളശ്ശേരി)

പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അനുഗ്രഹത്തിനും മദ്ധ്യസ്ഥതയ്ക്കും വേണ്ടി പ്രാർത്ഥിക്കുന്ന ഭക്തജനങ്ങളുടെ ഉദാരമായ സംഭാവനകളാണ് ഒരു പരസ്യം പോലും സ്വീകരിക്കാതെ *"കാതോലിക്കേറ്റ് രത്നദീപം"* സുവനീർ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞത്. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അനുഗ്രഹം ഇവർക്ക് ഉണ്ടാകുമെന്ന് ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു. പുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ നാമത്തിൽ സുവനീർ കമ്മറ്റി നന്ദി രേഖപ്പെടുത്തുന്നു.

വെരി. റവ. ഡോ. പി.എസ്. ശാമുവേൽ കോർ - എപ്പിസ്കോപ്പാ മെഴുവേലി (ന്യൂയോർക്ക്)	-	25000.00
ശ്രീ. എം.ജി. ജോർജ് മുത്തൂറ്റ് അൽമായ ട്രസ്റ്റി, മലങ്കര ഓർത്തഡോക്സ് സഭ	-	25000.00
ശ്രീ. കോശി ശമുവേൽ, ചെയർമാൻ വെൺസെക്ക്, വെൺമണി	-	25000.00
ശ്രീ. ജേക്കബ് മാത്യു (ജോജോ) സഭാ മാനേജിംഗ് കമ്മറ്റി മെമ്പർ	-	20000.00
ശ്രീ. ഷാജി വർഗീസ്, തട്ടയിൽ ബംഗ്ലാവ്, പുത്തൻകാവ്	-	20000.00
ഡോ. ഇടിക്കുള ജോർജ്, ആലുംമൂട്ടിൽ പുത്തൻകാവ് (യു.എസ്.എ)	-	12056.00
ശ്രീ. സുനിൽ ഏബ്രഹാം അലക്സ്, (സൗദി അറേബ്യ) തടയുഴത്തിൽ, അങ്ങാടിക്കൽ	-	12000.00
ശ്രീ. ജേക്കബ് മാത്യു, എക്സിക്യൂട്ടീവ് എഡിറ്റർ, മലയാളമനോരമ	-	10000.00
ശ്രീ. സോമൻ ബേബി, ചീഫ് എഡിറ്റർ "The Daily Tribune" ബഹ്റൈൻ	-	10000.00
ജസ്റ്റീസ് ജെ.ബി കോശി, ചെയർമാൻ മനുഷ്യവകാശ കമ്മീഷൻ, കേരളം	-	10000.00
ശ്രീ. പി.സി. വിഷ്ണുനാഥ് എം.എൽ.എ.	-	10000.00
ശ്രീമതി വത്സമ്മ ഏബ്രഹാം മാംകുന്നേൽ, ചെയർപേഴ്സൺ ചെങ്ങന്നൂർ മുൻസിപ്പാലിറ്റി	-	10000.00
ശ്രീ.ഉമ്മൻ ഐപ്പ് (സജി, ഷാർജ, തെക്കേടത്ത് അജിവില്ല, പിരളശ്ശേരി)	-	10000.00
ശ്രീ. തോമസ് ജോൺ (ജോണി), ചെയർമാൻ മുത്തൂറ്റ് ഫിൻകോർപ്പ് (പാപ്പച്ചൻ ഗ്രൂപ്പ്)	-	10000.00
ശ്രീ. ബേബി തങ്കച്ചൻ, തനിമഗ്രൂപ്പ, റാസൽഖൈമ	-	10000.00
ശ്രീ. കെ.ജി. തോമസ് (ബാബു), കരിക്കിനേത്ത് കൈപ്പട്ടൂർ സെന്റ് ഇഗ്നേഷ്യസ് മഹായിടവകാംഗം കരിക്കിനേത്ത് സിൽക്ക് വില്ലേജിയോ, കോട്ടയം	-	10000.00

ശ്രീ. ജേക്കബ് മാത്യു (Boobilie) ചാക്കോ & സൺസ് മാവേലിക്കര	-	10000.00
ശ്രീ. അനിവർഗീസ്, മിത്രം, മാവേലിക്കര	-	10000.00
ശ്രീ. ജിജു കോരുത്, കിഴക്കേ അരയാലുംമൂട്ടിൽ പുത്തൻകാവ്	-	10000.00
ശ്രീ. സണ്ണി പുഞ്ചമണ്ണിൽ സഭാ മുൻമാനേജിംഗ് കമ്മറ്റി മെമ്പർ	-	10000.00
ശ്രീ. ഏബ്രഹാം തോമസ് (അനി) അയിരുക്കുഴിയിൽ, പുത്തൻകാവ്	-	10000.00
ശ്രീ. ഉമ്മൻ വർഗീസ് (ജയിംസ്) പന്തളത്തുപീടികയിൽ, പുത്തൻകാവ്	-	10000.00
ശ്രീ. ജോസ് ഉമ്മൻ (റ്റിറ്റി) പന്തളത്തുപീടികയിൽ, പിരളശ്ശേരി	-	10000.00
ശ്രീ. ഹാർഡി കോശി, തട്ടയിൽ ബംഗ്ലാവ് പിരളശ്ശേരി	-	10000.00
ഫാ. മാത്യു കോശി കിഴക്കേതലയ്ക്കൽ പിരളശ്ശേരി (യു.എസ്.എ)	-	10000.00
ശ്രീ. എ.വി. വർഗീസ് (ജോയി) അരയാലുംമൂട്ടിൽ ജോയിവില്ല, അങ്ങാടിക്കൽ	-	10000.00
ഫാ. വിനോദ് ജോർജ് (ആസ്ട്രേലിയ) മാലേത്ത് ആറാട്ടുപുഴ	-	10000.00
ശ്രീ. ജേക്കബ് സ്കറിയ (സണ്ണി) പീടികപറമ്പിൽ, പുത്തൻകാവ്	-	10000.00
ശ്രീ. ലെനി നൈനാൻ ഏബ്രഹാം പൈനുംമൂട്ടിൽ, അങ്ങാടിക്കൽ, പുത്തൻകാവ്	-	10000.00
അഡ്വ. എ.വി. മാത്യു, പ്രസിഡന്റ് മാർപീലക്സിനോസ് ഫ്രണ്ട്സ് അസ്സോസിയേഷൻ (UAE)	-	10000.00
ശ്രീ. കെ. തോമസ് ജോസഫ് (സുമിത്ത്) കിഴക്കേതലയ്ക്കൽ, പിരളശ്ശേരി	-	10000.00
ശ്രീ. തോമസ് ഫിലിപ്പ് (ടോംസി) കിഴക്കേതലയ്ക്കൽ പുത്തൻകാവ്	-	10000.00
ശ്രീമതി സിബി അലക്സാണ്ടർ മണ്ണിൽ പീടികയിൽ, പുത്തൻകാവ്	-	10000.00
ശ്രീ.എബി.കെ.തോമസ് (യു.എസ്.എ) കല്ലോടിക്കുഴിയിൽ, ഇടനാട്	-	10000.00

ശ്രീ. വർഗീസ് വർഗീസ് (പൊന്നച്ചൻ) മണ്ണിൽപീടികയിൽ, പുത്തൻകാവ്	-	10000.00
ശ്രീ. തോമസ് വർഗീസ് (ജോയി) കുന്നേൽ വലിയവീട്, പുത്തൻകാവ്	-	10000.00
ശ്രീ. ബിനു തോമസ്, ചക്കാലയിൽ പുത്തൻകാവ്	-	10000.00
ശ്രീ. ബിജു മാത്യു, ചക്കാലയിൽ, പുത്തൻകാവ്	-	10000.00
ശ്രീ. ജോജി കെ. വർഗീസ് കാർത്തികപള്ളി പീടികയിൽ, പുത്തൻകാവ്	-	10000.00
ശ്രീ. ഉമ്മൻ ജോർജ് (മോനി) മണ്ണിൽ ഹൗസ്, പുത്തൻകാവ്	-	10000.00
ശ്രീ. പി.സി. ഉമ്മൻ (സണ്ണി) മണ്ണിൽ, പിരളശ്ശേരി	-	10000.00
ശ്രീ. മാത്യു ചെറിയാൻ (മോനി) മണ്ണിൽമാലേത്ത്, തിരുവനന്തപുരം	-	10000.00
ശ്രീ. പി.റ്റി. തോമസ് (അച്ചൻകുഞ്ഞ്) അഭിലാഷ്, റ്റി. സി. 11/1413(1) ക്ലിഫ് ഹൗസ് റോഡ്, നന്തൻകോട്, കവടിയാർ	-	10000.00
ശ്രീ. എം.എം. വർഗീസ് (തമ്പാൻ) മലയിൽ റോസ് മേരി, പിരളശ്ശേരി	-	10000.00
ശ്രീ. ജോൺ തോമസ് (അനിയൻ) ചാരുനിൽക്കുന്നതിൽ, പിരളശ്ശേരി	-	10000.00
ശ്രീ. ജോസ് മാത്യു (മോനച്ചൻ) മാംകുന്നേൽ മലയിൽ, പുത്തൻകാവ് (യു.എസ്.എ.)	-	10000.00
ശ്രീ. സുധിഷ് വലിയവീടൻസ് അർച്ചന സിൽക്ക്, ചെങ്ങന്നൂർ	-	10000.00
ശ്രീ. തോമസ് ജോസഫ് (തമ്പി) ചാരുനിൽക്കുന്നതിൽ, പിരളശ്ശേരി	-	10000.00
ശ്രീ. ജേക്കബ് മാത്യു (ജോജി), പുത്തൻപുരയ്ക്കൽ പുത്തൻകാവ്	-	10000.00
ശ്രീമതി ബേബി സണ്ണി (യു.എസ്.എ) അവിരാതരകൻ പീടികയിൽ, പുത്തൻകാവ്	-	10000.00
ശ്രീ. ഈപ്പൻ തരകൻ (മോനച്ചൻ) അവിരാതരകൻ പീടികയിൽ ആറാട്ടുപുഴ	-	10000.00

ശ്രീ. ടൈറ്റസ് മാത്യു, ചക്കാലയിൽ, പുത്തൻകാവ്	–	7500.00
ശ്രീ. വർഗീസ് തോമസ്, തട്ടയിൽ, പുത്തൻകാവ് (യു.എസ്.എ.)	–	6043.00
ശ്രീ. കെ.കെ.ജോർജ്ജ് (കിം) കണ്ടത്തിൽ കിഴക്കേപുത്തൻവീട്,പുത്തൻകാവ്	–	5000.00
ശ്രീ. ജേക്കബ് തോമസ്, അരികുപുറം സഭാ മുൻ മാനേജിംഗ് കമ്മറ്റി അംഗം	–	5000.00
ശ്രീ.റെജി ജോർജ്ജ്, മൊട്ടയ്ക്കൽ, പുത്തൻകാവ്	–	5000.00
ഗ്രീൻ പ്ലാനറ്റ് പ്രോപ്പർട്ടിസ് ചെങ്ങന്നൂർ, ഫോൺ : 8606477555	–	5000.00
ശ്രീ. ഷാജി നോറിയ, നോറിയ ഡെക്കറേഷൻസ് പുത്തൻകാവ്, ചെങ്ങന്നൂർ, ഫോൺ : 9847355934	–	5000.00
ശ്രീ. തോമസ് ചെറിയാൻ (ജോർജി) നല്ലൂർമലയിൽ, ബോബി ഭവൻ, പുത്തൻകാവ്	–	5000.00
ശ്രീ. ബിബിൻ ജോർജ് ജോസഫ്, സ്പീഡ് ഫർണിച്ചർ, മലയിൽ അയിരുക്കുഴിയിൽ, ഫോൺ : 9747900999	–	5000.00
ശ്രീ. ബാബു അലക്സാണ്ടർ അവിരാതരകൻ പീടികയിൽ, പുത്തൻകാവ്	–	5000.00
ശ്രീ. റ്റി. എസ്. സ്ക്കറിയ, തുമ്പമൺപീടികയിൽ ബിനുവില്ല പിരളശ്ശേരി (പുത്തൻകാവിൽ കൊച്ചുതിരുമേനി മെത്രാപ്പോലീത്തൻ ഹൈസ്കൂൾ രജിസ്റ്ററിൽ എഴുതിയ ആദ്യ പേരുകാരൻ)	–	5000.00
ശ്രീ. കോശി സി. ശമുവേൽ (ബാബു) ചെൻതിട്ടയിൽ പിരളശ്ശേരി	–	5000.00
ശ്രീ. ഏബ്രഹാം മാത്യു വീരപള്ളി സഭാ മുൻ മാനേജിംഗ് കമ്മറ്റി മെമ്പർ	–	5000.00
ശ്രീ. സി.സി. ചെറിയാൻ സഭാ മുൻ മാനേജിംഗ് കമ്മറ്റി മെമ്പർ	–	5000.00
ശ്രീ. സജി പട്ടരുമഠം സഭാമാനേജിംഗ് കമ്മറ്റി മെമ്പർ	–	5000.00
ശ്രീ. ബിജി ബേബി ഉഴത്തിൽ ചെങ്ങന്നൂർ	–	5000.00
ശ്രീ. വർഗീസ് തോമസ് (രാജൻ) മലയിൽ അയിരുക്കുഴിയിൽ, പുത്തൻകാവ്	–	5000.00
ശ്രീ. സജി തോടിയാട്ട്, മുളക്കുഴ	–	5000.00
ഫാ. മത്തായി കുന്നിൽ മുൻ വികാരി, സെന്റ് മേരീസ് കത്തീഡ്രൽ, പുത്തൻകാവ്	–	5000.00

ശ്രീ. ബിജു മാത്യു (സഭാ മാനേജിംങ് കമ്മറ്റിയംഗം)	-	5000.00
ശ്രീ. അലൻ ജോർജ് കോശി കുന്നുംപുറത്ത്, പുത്തൻകാവ്	-	5000.00
വെരി. റവ. റ്റി.എം. സക്കറിയ കോർ എപ്പിസ്കോപ്പാ തയ്യിൽ, ഇടനാട്	-	5000.00
വെരി. റവ. സി.എം. ഫിലിപ്പോസ് റമ്പാൻ കോർ എപ്പിസ്കോപ്പാ ചക്കാലയിൽ, പുത്തൻകാവ്	-	5000.00
ശ്രീ. സ്റ്റീഫൻ ഐപ്പ്, പീടികപറമ്പിൽ സിനോജ് ഭവൻ, പുത്തൻകാവ്	-	5000.00
ശ്രീ. ജേക്കബ് (ജിജി) കടവിൽ പിരളശ്ശേരി	-	5000.00
ശ്രീ. കെ.സി. പോത്തൻ,കൊച്ചുകിഴക്കേതിൽ, മുളക്കുഴ	-	5000.00
ഡോ. പി.വി. കോശി (പാപ്പച്ചൻ) പൂപള്ളിയിൽ, ആറാട്ടുപുഴ	-	5000.00
ശ്രീ. ബസ്സൻ കെ. ചെറിയാൻ കടവിൽ പുത്തൻപുരയ്ക്കൽ, പുത്തൻകാവ്	-	5000.00
ശ്രീ. മോൻസി കെ. മാത്യു കൊച്ചേഴിയ്ക്കകത്ത്, അങ്ങാടിക്കൽ, പുത്തൻകാവ്	-	5000.00
ശ്രീ. സുമേഷ് മാമ്മൻ കോശി ഇടനാട്ടുപീടികയിൽ, പുത്തൻകാവ്	-	5000.00
ശ്രീ. ജോർജി മാത്യു പുത്തൻപുരയ്ക്കൽ, പുത്തൻകാവ്	-	5000.00
ശ്രീ. വർഗീസ് ഏബ്രഹാം (സാജു) വഴിയമ്പലത്തിൽ, പുത്തൻകാവ്	-	5000.00
ഒരു അഭ്യുദയകാംക്ഷി, അങ്ങാടിക്കൽ (യു.എസ്.എ)	-	5000.00
ശ്രീ. റോയി തരകൻ മാളിയേക്കൽ, പിരളശ്ശേരി	-	5000.00
ഫ്രണ്ട്സ് ഓഫ് പുത്തൻകാവ്, കുവൈറ്റ്	-	5000.00
ശ്രീ. ജിബു.കെ.സി കല്ലോടിക്കുഴിയിൽ, ഇടനാട്	-	5000.00
ശ്രീ.സാജു മാത്യു, മലയിൽ മേലത്തേതിൽ, നീർവിളാകം	-	5000.00
ശ്രീ.ഏബ്രഹാം ജോർജ്ജ് (അച്ചൻകുഞ്ഞ്), അരയ്ക്കനാട്ടിൽ, പിരളശ്ശേരി	-	5000.00
ആകെ തുക	-	7,72,599.00